# പട്രോളജി

## വാല്യം – 3

'സഭാപിതാക്കന്മാർ ഉജ്ജ്വലപ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോടു അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവ ജീവിതത്തിന് അവ ഉപയുക്തമാക്കാനും പരിശ്രമിച്ച അജപാലകരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്ന നിലയിൽ സുവിശേഷസന്ദേശം ചുറ്റുപാടുമുള്ള മനുഷ്യർക്കു മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിറ്റർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണ വ്യക്തിയെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു.'

**ജോൺ പോൾ രണ്ടാമൻ മാർപാപ്പാ**

OIRSI Publication
P.B.No.10, Vadavathoor,
Kottayam-686 010, Kerala, India

ജി.ചേടിയത്ത് പട്രോളജി വാല്യം – 3

OIRSI-300

ജി.ചേടിയത്ത്

# പട്രോളജി

## വാല്യം – 3



കോട്ടയം
2008

# I

# സുറിയാനിസഭാസാഹിത്യം

**ആമുഖം**

രക്ഷാകരസന്ദേശം യഹൂദരിൽകൂടി സുറിയാനി (അറമായ) മാധ്യമത്തിലൂടെയാണ് മനുഷ്യകുലത്തിനു കൈവന്നത്. ക്രിസ്തുവും ആദ്യശിഷ്യന്മാരും സംസാരിച്ചത് ഹീബ്രുവിനോട് അടുത്ത ബന്ധമുള്ള പലസ്തീനിയൻ അറമായ ഭാഷയാണ്. ഈ മാധ്യമത്തിലൂടെയാണ് ക്രിസ്തുവിന്റെ കാലത്തും ശ്ലീഹന്മാരുടെ കാലത്തും രക്ഷാകരസന്ദേശം വ്യാപിച്ചത്. അങ്ങനെ ഒന്നാംസഭ എന്നറിയപ്പെടുന്ന സുറിയാനിസഭ ഉടലെടുത്തു.

അറമായഭാഷയുടെ ഒരു വകഭേദമായ എഡേസ്സൻ സുറിയാനിയിലാണ് ആദ്യകാലസുറിയാനി സഭാപിതാക്കന്മാരെല്ലാം കൃതികളെഴുതിയത്. സുറിയാനിസഭാസാഹിത്യം ഏതാണ്ട് മുഴുവനും ഈ സുറിയാനിയിലാണ്. സുറിയാനിഭാഷ പൗരസ്ത്യമെന്നും പാശ്ചാത്യമെന്നും തിരിയുന്നതിനു മുൻപ് ഉപയോഗത്തിലിരുന്നത് എസ്ത്രാംഗല എന്നറിയപ്പെടുന്ന എഴുത്തുരീതിയാണ്. പലസ്തീന, സിറിയ, മെസപ്പൊട്ടേമിയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാമുള്ള സാധാരണക്കാരുടെ ഭാഷയായിരുന്നു സുറിയാനി. ദേശവ്യത്യാസമനുസരിച്ച് അൽപസ്വൽപം സ്വരഭേദങ്ങൾ ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ, സുറിയാനിഭാഷ ഈ പ്രദേശങ്ങളിലെല്ലാം പൊതുവേ ഒരുപോലെ ആയിരുന്നു.

വളരെ ആരംഭകാലത്തുതന്നെ സെമിറ്റിക് വിഭാഗത്തിൽപെട്ട സുറിയാനി ജനങ്ങൾ കൂട്ടത്തോടെ ക്രിസ്ത്യാനികളായി. അവരിൽ മിക്കവരും യഹൂദരായിരുന്നു എന്നു കരുതാം. അവരുടേതായ ഭാഷ്യരീതികളും ശൈലീപ്രയോഗങ്ങളും ഈ യഹൂദക്രൈസ്തവർക്കുണ്ടായിരുന്നു. വേദപുസ്തകശൈലിയോട് വളരെ അടുത്തുവരുന്നതായിരുന്നു അവരുടെ ദൈവശാസ്ത്രശൈലി. അങ്ങനെ നോക്കിയാൽ യഹൂദപശ്ചാത്തലത്തിൽ അവതരിച്ച രക്ഷാകര

സന്ദേശം ഏതാണ്ട് അതേ പശ്ചാത്തലത്തിൽ തുടർന്നവരാണ് സുറിയാനി ക്രിസ്ത്യാനികൾ. പിൽക്കാല സുറിയാനി എഴുത്തുകാരിൽ ചിലരിൽ ഗ്രേക്കോ-റോമൻ സ്വാധീനം ദൃശ്യമാണെങ്കിലും ആദ്യകാല എഴുത്തുകാർ സെമിറ്റിക്-വേദപുസ്തകശൈലിയിൽ ചിന്തിച്ചിരുന്നവരാണ്. റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നെങ്കിലും, പലസ്തീനാ, സിറിയാ, മെസപ്പൊട്ടേമിയാ എന്നിവിടങ്ങളിൽ ഹെല്ലനിസം മേലേക്കിടയിലുള്ളവരിലേ സ്വാധീനം ചെലുത്തിയുള്ളു. സാധാരണക്കാർ ഓറിയന്റലിസത്തിൽ അടിയുറച്ചുനിന്നു. ഇക്കാരണത്താൽ സുറിയാനി സാഹിത്യത്തിന് തനതായ വ്യക്തിത്വം ഉണ്ടായിരുന്നു. പണ്ഡിതലോകം താൽപര്യപൂർവം ഈ സുറിയാനി പാരമ്പര്യത്തിലേക്ക് ഉറ്റുനോക്കുന്നതിന്റെ കാരണമിതാണ്.

എഡേസ്സൻ-നിസിബിസ് കലാലയങ്ങൾ ഈ പശ്ചാത്തലം സ്വന്തമാക്കി. കാലക്രമത്തിൽ ഗ്രീക്ക് താത്വിക ഗ്രന്ഥങ്ങളും അവരെ സ്വാധീനിക്കാൻ തുടങ്ങിയതിന്റെ ലക്ഷണങ്ങൾ പിൽക്കാല എഴുത്തുകാരിൽ ദൃശ്യമാണ്. അറബി ആക്രമണത്തിനുശേഷം ഗ്രീക്കുഗ്രന്ഥങ്ങൾ അറബിയിലേക്കു വിവർത്തനം ചെയ്യാനുള്ള ഒരു ശ്രമം നടന്നു. ഗ്രീക്കിൽ നിന്ന് ആദ്യം സുറിയാനിയിലേക്കും പിന്നീട് അറബിയിലേക്കുമാണ് വിവർത്തനം നടന്നത്. മധ്യകാലഘട്ടത്തിൽ ഈ അറബിവിവർത്തനം സ്പെയിനിൽവച്ച് ലത്തീനിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടു. അങ്ങനെ സുറിയാനി-അറബി മാധ്യമംവഴി ഒരിക്കൽ കൂടി ഗ്രീക്ക് താത്വിക-വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ പാശ്ചാത്യലോകത്ത് എത്തിച്ചേർന്നു.

സുറിയാനിയിൽ എഴുതപ്പെട്ട കൃതികളെ പറ്റിയുള്ള ഒരവലോകനമാണ് ഈ ഭാഗത്തു നടത്തുക. പലസ്തീനാ-സിറിയാ പ്രദേശങ്ങളിലെ പല സഭാനേതാക്കന്മാരും ഗ്രീക്കിൽ തന്നെയാണ് ഗ്രന്ഥരചന നടത്തിയത്. അവരെപ്പറ്റി ഇവിടെ ചർച്ച ചെയ്യുന്നില്ല. സുറിയാനിയിൽ എഴുതിയവരെപ്പറ്റി മാത്രമാണ് ചർച്ച. റോമൻ സാമ്രാജ്യത്തിന്റെ പൗരസ്ത്യപ്രവിശ്യയിൽ ഗ്രീക്കും ലത്തീനും സുറിയാനിയും ഉപയോഗത്തിലിരുന്നു. ലത്തീൻ ഭാഷ സൈന്യവും കോടതിയും ഉപയോഗിച്ചു; പണ്ഡിതലോകം ഗ്രീക്കും സാധാരണക്കാർ സുറിയാനിയും. എന്നാൽ മിക്കവർക്കും ഗ്രീക്കും സുറിയാനിയും വശമായിരുന്നു.

സുറിയാനി സഭയിലെ വളരെ പ്രശസ്തരായ ആദ്യകാല പിതാക്കന്മാരാണ് മാർ അഫ്രാത്തും മാർ അപ്രേമും. പിൽക്കാല എഴുത്തുകാരിൽ പ്രമുഖരാണ് മാർ ഫീലൊക്സീനൂസ് (+523), സ്രോഗിലെ മാർ യാക്കോബ് (+521), മാർ നർസൈ (+502), മാർ ബാബായ് റമ്പാ (+628), എഡേസ്സിലെ മാർ യാക്കോബ് (+708) എന്നിവർ. കലാലയാധ്യാപകരിലും ചിലർ പ്രാമാണ്യത്തിൽ എത്തിയിട്ടുണ്ട്. സന്യാസത്തിന് വളരെയധികം പ്രചാരം സുറിയാനിക്കാരുടെ ഇടയിൽ ഉണ്ടായി. തൂണിന്മേൽ തപസ്സനുഷ്ഠിച്ച ഏകാന്തവാസികൾ 'സ്തംഭതാപസ്സർ' എന്നറിയപ്പെട്ടു. ഏകാന്തവാസവും കൂട്ടജീവി



തവും ഒന്നിച്ചുപോകുന്ന ലൗറാസിസ്റ്റവും ഇവിടെ കാണാവുന്നതാണ്. ലൗറാസിസ്റ്റം പലസ്തീനയിലും തുർ അബ്ദീനിലും (മെസൊപ്പൊട്ടേമിയാ) ഉണ്ടായിരുന്നു. സ്തംഭതാപസ്സർ സിറിയായിൽ ഒതുങ്ങിനിന്നു. ശെമയോൻ, ദാനിയേൽ, എന്നിവർ സ്തംഭതാപസ്സരിൽ പ്രമുഖരാണ്. നിരവധി സന്യാസചരിത്രഗ്രന്ഥങ്ങളും സുറിയാനിയിൽ ഉടലെടുത്തു. ഈശോദ്നാഹ് രചിച്ച ചരിത്രം പ്രസിദ്ധമാണ്. അതുപോലെ രക്തസാക്ഷിവിവരണങ്ങൾ, ക്രോണിക്കിളുകൾ, ബൈബിൾ വിവർത്തനങ്ങൾ എന്നിവയും സുറിയാനി സാഹിത്യഭാഗമാണ്.

സുറിയാനിയിലുള്ള ഗ്രന്ഥങ്ങളുടെ ഒരു ലഘുവിവരണം അബ്ദീശോതന്റെ “കാറ്റലോഗിൽ” കൊടുത്തിട്ടുണ്ട്. അത് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, കോട്ടയം,2006, പേജ് 65-86). സുറിയാനി സാഹിത്യത്തെപ്പറ്റി പ്രതിപാദിക്കുന്നതും സുറിയാനിയിൽ ഉള്ളതുമായ നിരവധി ഗ്രന്ഥങ്ങൾ ഈയടുത്ത കാലത്ത് ലഭ്യമാണ്:

Patrologia Syriaca (PS), Patrologia Orientalis (PO), Corpus Scriptorum Christianorum Orientalium-Series Syriaca and Subsidia (CSCO), Studia Sinaitica(12 vols.), Woodbrooke Studies (7 vols.), Bibliotheca Orientalis vols.1-3 (BO), R.Duval, La Litterature Syriaque; A.Baumstark, Geschichte der syrischen Literatur; I.O.de Urbina, Patrologia Syriaca; S.Brock, A Brief Outline of Syriac Literature, Kottayam 1997; S.Brock, Syriac Studies-A Classified Bibliography (1960-1990),Kaslik, 1996; Le Museon, Oriens Christianus (OC), Orientalia Christiana Periodica (OCP), Orientalia Lovanensis Periodica(OLP), Melto/Parole de l'Orient Chretien, The Harp, Revue de l'Orient Chretien, L'Orient Syrien.

കോട്ടയത്തുള്ള സീരിയുടെ പ്രസിദ്ധീകരണങ്ങളെല്ലാം സുറിയാനി സാഹിത്യ സംബന്ധമായവയാണ്. സുറിയാനി സാഹിത്യപഠനം പ്രോത്സാഹിപ്പിക്കാനും വളർത്താനും പല പഠനകേന്ദ്രങ്ങളും പരിശ്രമിക്കുന്നുണ്ട്. അവയിൽ മുൻപന്തിയിൽ നിൽക്കുന്ന സ്ഥാപനമാണ് സീരി. അതുപോലെ ലെബനോനിൽ കസ്ലിക്കിലെ മാറോനീത്താ പഠനകേന്ദ്രം, ജർമനിയിൽ ഗേട്ടിംഗനിലെ ലൂഥറൻ യൂണിവേർസിറ്റി, ഹോളണ്ടിലെ ലൈഡൻ, അമേരിക്കയിലെ കാതലിക് യൂണിവേഴ്സിറ്റി ഓഫ് വാഷിങ്ടൺ എന്നിവിടങ്ങളിലും പഠനകേന്ദ്രങ്ങളുണ്ട്. അതുപോലെ സുറിയാനി പണ്ഡിതന്മാർ പങ്കെടുക്കുന്ന “സിംപോസിയും സിറിയാകും”, “പ്രോ ഓറിയെന്തേ സിറിയക് സ്റ്റഡീസ്”, “പ്രോ ഓറിയെന്തേ ഫോറും സിറിയകും”, സീരിയുടെ “വേൾഡ് സിറിയക്

കോൺഫറൻസ്" എന്നിവയും സുറിയാനി പഠനത്തെ പ്രോത്സാഹിപ്പിക്കുന്നു. അഞ്ചു വർഷത്തിലൊരിക്കലാണ് ഈ മീറ്റിംഗുകൾ കൂടുക. ഇവയുടെ പേപ്പറുകളും റിപ്പോർട്ടുകളും ക്രമമായി പ്രസിദ്ധീകരിക്കാറുണ്ട്.

# 1. മാർ അഫ്രാത്

സുറിയാനി സഭയിലെ ആദ്യത്തെ വലിയ കൃതി രചിച്ച ആളാണ് അഫ്രാത് (4-ാം നൂ.). ഗ്രീക്കുസ്വാധീനം ഇല്ലാതെ, സെമിറ്റിക് പശ്ചാത്തലത്തിലുള്ള സുറിയാനി സാഹിത്യസൃഷ്ടിയാണ് അദ്ദേഹത്തിന്റേത്. *പ്രദ്യോദനം (തഹ്‌വീതോ - തഹ്‌വിയോതോ)* എന്ന പേരിൽ 23 ദൈവശാസ്ത്രവിശകലനങ്ങൾ അറിയപ്പെടുന്നു. പേർഷ്യൻമുനി, മാർ യാക്കോബ് എന്നൊക്കെ 5/6 നൂറ്റാണ്ടുകളിലെ കൈയെഴുത്തുപ്രതികൾ അദ്ദേഹത്തെ വിളിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി നമുക്ക് വളരെയധികം വിവരം ലഭിച്ചിട്ടില്ല. പിൽക്കാലത്ത് അദ്ദേഹത്തെപ്പറ്റി എഴുതിച്ചേർത്ത പലതും ചരിത്രസത്യമായി അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. അദ്ദേഹം ജന്മനാ അക്രൈസ്തവനായിരുന്നു. ക്രിസ്തുമതത്തെപ്പറ്റി പഠിച്ച് ക്രിസ്ത്യാനിയായി എന്നു ചിലർ കരുതുന്നു. അദ്ദേഹം പേർഷ്യാക്കാരൻ ആയിരുന്നെന്ന് പണ്ഡിതർ ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു. നിനവെ-മോസൂൾ പ്രദേശമായിരിക്കാം ജന്മസ്ഥലം. പിൽക്കാലപാരമ്പര്യം അദ്ദേഹത്തെ മാർ മത്തായി ആശ്രമത്തിലെ മെത്രാനായി, മാർ യാക്കോബ് അഫ്രാത് എന്ന പേരിൽ അവതരിപ്പിക്കുന്നു. "ബ്നൈ ക്യാമാ" എന്ന സമൂഹത്തിൽ പെട്ട ആളായിരുന്നു അദ്ദേഹം. ദൈവസമർപ്പിതരായ പുരുഷന്മാർ അങ്ങനെയാണ് അറിയപ്പെട്ടിരുന്നത് (ഏകവചനം:'ബർ ക്യാമാ'). അങ്ങനെയുള്ള സ്ത്രീ "ബസ് ക്യാമാ- ബ്നാത് ക്യാമാ" എന്നും വിളിക്കപ്പെട്ടിരുന്നു. 'ഉടമ്പടിയുടെ മകൻ, മകൾ' എന്നർഥം. അത്തരക്കാർ ഭവനങ്ങളിൽ പാർത്തിരുന്നു. ചിലർ ഒന്നിച്ചു താമസിച്ചിരുന്നു. ഏകാന്തവാസികളായും അവിവാഹിതരായും ബ്രഹ്മചര്യം പാലിക്കുന്നവരായും വിരക്തജീവിതം നയിക്കുന്നവരായും ഇക്കൂട്ടർ പാർത്തു. അഫ്രാത് അത്തരത്തിൽ പെട്ട ആളായിരുന്നു.

അദ്ദേഹം തന്റെ കൃതി പേർഷ്യയിൽ വച്ച് 337-നും 345-നും ഇടയ്ക്കാണ് രചിച്ചത്. ഒന്നു മുതൽ പത്തു വരെയുള്ള അധ്യായങ്ങൾ ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാന മാനങ്ങൾ ചർച്ച ചെയ്യുന്നു. പതിനൊന്നു മുതൽ പതിമൂന്നു വരെയുള്ളവയിൽ യൂദപാരമ്പര്യങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും എതിരെയുള്ള നിലപാട് ഭാഗികമായി ദൃശ്യമാണ്. ശേഷിച്ചവ അന്നത്തെ പേർഷ്യൻസഭ അഭിമുഖീകരിച്ച പ്രശ്നങ്ങളെപ്പറ്റിയാണ്. 22 പ്രദ്യോദനങ്ങൾ സുറിയാനിയിലെ 22 അക്ഷരങ്ങൾകൊണ്ട് തുടങ്ങുന്നു. 23



-ാം അധ്യായം വീണ്ടും സുറിയാനിയിലെ ഒന്നാം അക്ഷരം കൊണ്ട് ആരംഭിക്കുന്നു: (1) വിശ്വാസം. (2) സ്നേഹം. (3) ഉപവാസം. (4) പ്രാർഥന. (5) യുദ്ധങ്ങൾ. (6) ബ്നൈ ക്യാമാ. (7) അനുതാപികൾ. (8) മരിച്ചവരുടെ ഉത്ഥാനം. (9) എളിമ. (10) ഇടയന്മാർ. (11) പരിച്ഛേദനം. (12) പെസഹാപ്പെരുന്നാൾ. (13) സാബത്.(14) ഉപദേശം. (15) ആഹാരവ്യത്യാസങ്ങൾ. (16) ജനത്തിന്റെ സ്ഥാനത്തുള്ള വിജാതിയർ. (17) ദൈവപുത്രനായ മിശിഹാ. (18) കന്യത്വത്തെയും വിശുദ്ധിയെയും കുറിച്ച് യൂദർക്കെതിരെ. (19) ഒന്നിച്ചു ചേർക്കപ്പെടാൻ നിശ്ചയിക്കപ്പെട്ടവരാണ് തങ്ങളെന്ന യൂദവീമ്പടിക്കലിനെതിരെ. (20) ദരിദ്രസംരക്ഷണം. (21) മതപീഡനം. (22) മരണവും അന്ത്യനാളുകളും. (23) മുന്തിരിക്കുലയെപ്പറ്റി. ഓരോ ഭാഗവും എഴുതിയ കാലത്തെപ്പറ്റിയും കൃതിയിൽ അവിടവിടെ അദ്ദേഹം സൂചന നൽകുന്നു. ഒന്നു മുതൽ പത്തു വരെ 337-ലും 11 മുതൽ 22 വരെ 344-ലും 23-ാം അധ്യായം 345-ലുമാണ് അദ്ദേഹം എഴുതിയത്. ഈ കൃതി ഇംഗ്ലീഷിൽ *സീരിയിൽ* നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാർഥനയെപ്പറ്റി അദ്ദേഹം എഴുതിയത് മലയാളത്തിൽ ലഭ്യമാണ്: ജി.ചേടിയത്ത്, *പ്രാർഥന സുറിയാനിസഭയിൽ*, കോട്ടയം,1991, പേ. 17-38.

യഹൂദ-ക്രൈസ്തവ പശ്ചാത്തലമാണ് അഫ്രാത്തിന്റേത്. ജറുസലേം മാതൃസഭയുമായി അദ്ദേഹത്തിന്റെ സഭാസമൂഹം ഗാഢബന്ധം പുലർത്തി. യഹൂദചിന്താലോകവുമായും അവരുടെ ഗ്രന്ഥങ്ങളുമായും അദ്ദേഹം അടുത്തിടപെട്ടു. "തിരുലിഖിതശിഷ്യൻ" എന്ന് അദ്ദേഹം സ്വയം വിളിക്കുന്നു (പ്രദ്യോ. 22,26). തിരുലിഖിതങ്ങളിലാണ് അദ്ദേഹത്തിന്റെ ചിന്ത പാദമൂന്നിയിരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രധാന സ്രോതസ്സും അവയാണ്.

ക്രിസ്തീയ തത്വങ്ങൾ പഠിപ്പിക്കാനും യൂദമതത്തിന്റെ പ്രലോഭനങ്ങളാൽ ആടിയുലയുന്നവരെ ഉറപ്പിക്കാനുമാണ് അദ്ദേഹം തിരുലിഖിതവ്യാഖ്യാനം നടത്തിയത്. വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവിതസാഹചര്യങ്ങളിൽ സുവിശേഷം അർഥസംപുഷ്ടമാക്കാനുള്ള പരിശ്രമം നടത്തി. സുവിശേഷങ്ങളുടെ കർത്താവ് യേശുവാണ്. ആത്യന്തികമായി തിരുലിഖിതകർത്താവ് ദൈവമാണ്. തിരുലിഖിതം ദൈവികവിജ്ഞാനത്തികവാണ്. ആർക്കും അതിന്റെ ആഴവും പരപ്പും അളക്കാനാവില്ല. അത് ബഹുവിധവ്യാഖ്യാനങ്ങൾക്ക് വിധേയവുമാണ്. ഓരോരുത്തരും സ്വീകാര്യമായവ തെരഞ്ഞെടുക്കുക. ഒരാൾക്കു പറ്റിയ വ്യാഖ്യാനം മറ്റൊരാൾക്ക് പറ്റിയതാകണമെന്നില്ല. ഒരവസരം നൽകുന്ന വ്യാഖ്യാനം മറ്റൊരു പശ്ചാത്തലത്തിനു പറ്റിയതും ആകണമെന്നില്ല. തിരുലിഖിതപഠനം പ്രവൃത്തിയിലേക്കു നയിക്കണം. അതായത്, കൽപ്പനകൾ പാലിക്കുന്നതിലേക്കും സ്വയംനിഗ്രഹത്തിലേക്കും സ്നേഹത്തിലേക്കും നയിക്കണം. ബൈബിളിലെ ഗ്രന്ഥങ്ങളെല്ലാം അദ്ദേഹം ഉദ്ധരിക്കുന്നു.

ക്രിസ്തു കൊണ്ടുവന്ന രക്ഷയെ സൗഖ്യമാക്കലായി അദ്ദേഹം മിക്കപ്പോഴും ചിത്രീകരിക്കുന്നു. അങ്ങനെ ക്രിസ്തുവിനെ 'സൗഖ്യദായകനായി' അവതരിപ്പിക്കുന്നു. പാപത്തെ മുറിവായി കാണുന്നു. ഈ മുറിവുണക്കാൻ അനുതാപത്തിനു മാത്രമേ കഴിയൂ. "പോരാട്ടത്തിൽ മുറിവേറ്റവൻ വിദഗ്ദ്ധനായ വൈദ്യന്റെ കൈകളിൽ തന്നെത്തന്നെ സമർപ്പിക്കുന്നതിന് ലജ്ജിക്കുന്നില്ല...അതുപോലെ, സാത്താനാൽ മുറിവേറ്റവൻ തന്റെ തെറ്റ് തിരിച്ചറിഞ്ഞ് അതിൽ നിന്നകലാനും പാപമോചനമെന്ന മരുന്നിന് അപേക്ഷിക്കാനും ലജ്ജിക്കേണ്ടതില്ല" (പ്രദ്യോ.7,3).

പ്രാർഥനയെപ്പറ്റി നാലാം പ്രദ്യോദനം ചർച്ച ചെയ്യുന്നു. ക്രിസ്തുവിന്റെ പ്രബോധനവും മാതൃകയും അനുകരിച്ചാണ് ക്രിസ്ത്യാനി പ്രാർഥിക്കുന്നത്. പ്രാർഥനയെപ്പറ്റി പൊതുവായി ചർച്ച ചെയ്യുന്ന ഒരാദ്യരേഖയാണിത്. ദൈവതിരുമുമ്പാകെ പ്രാർഥന സ്വീകാര്യമാകുന്നതിന് ഹൃദയവിശുദ്ധി അവശ്യാവശ്യമാണെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള നിരവധി ഉദാഹരണങ്ങളാൽ ഗ്രന്ഥകാരൻ ഇക്കാര്യം വ്യക്തമാക്കുകയും ചെയ്യുന്നു. പ്രാർഥന ആന്തരികബലിയാണെന്ന ആശയവും ഉടനീളം കാണാം. 'ബലിക്കുപകരം പ്രാർഥന' എന്ന ആശയം യഹൂദരുടെ ഇടയിൽ 70-ാമാണ്ടിനുശേഷം പ്രബലപ്പെട്ടിരുന്നു. ജറുസലേം ദൈവാലയത്തിന്റെ തകർച്ചയാണ് ഈ ചിന്തയ്ക്കു വഴിതെളിച്ചത്. അത് അഫ്രാതിനെയും സ്വാധീനിച്ചു. 'മുറിക്കുള്ളിൽ കടന്ന് കതകടച്ച് പ്രാർഥിക്കുക' എന്ന കർതൃനിർദേശം (മത്താ.6,6) ഹൃദയത്തിലെ പ്രാർഥനയെ കുറിക്കുന്നതായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. ആന്തരികാവസ്ഥ, പ്രത്യേകിച്ച്, മറ്റുള്ളവരോട് ക്ഷമിക്കൽ, പ്രാർഥനയ്ക്ക് ഒരു മുൻഉപാധിയായി അദ്ദേഹം കണക്കാക്കുന്നു. പ്രാർഥനയിൽ 'ദൈവത്തിന്റെ വിശ്രമം' കൂടിയുണ്ട്. അത് സത്പ്രവൃത്തികളിൽ അടങ്ങിയിരിക്കുന്നു. അതായത്, ഉത്തമപ്രാർഥനകളെ സത്പ്രവൃത്തികൾ അനുധാവനം ചെയ്യണമെന്നു സാരം.

"മറഞ്ഞിരിക്കുകയും എന്നാൽ എല്ലാം കാണുകയും ചെയ്യുന്ന ദൈവത്തോട് രഹസ്യമായി പ്രാർഥിക്കണം" എന്നു പറഞ്ഞുകൊണ്ട്, ഇപ്രകാരം പ്രാർഥിക്കാൻ നമ്മുടെ രക്ഷകൻ ജനത്തെ പഠിപ്പിച്ചു. വീണ്ടും, "മുറിയിൽ കടന്ന് വാതിലടച്ച് നിഗൂഢനായ പിതാവിനോട് പ്രാർഥിക്കുക"(മത്താ.6,6).. ഹൃദയവിചാരങ്ങളും ആഗ്രഹങ്ങളും ദൈവം അറിയുന്നു എന്നു കാണിക്കാൻ നമ്മുടെ രക്ഷകൻ ആഗ്രഹിക്കുന്നു" (പ്രദ്യോ.4,10). "ക്ഷീണിതനു വിശ്രമം നൽകുക, രോഗിയെ സന്ദർശിക്കുക, പാവപ്പെട്ടവരെ സഹായിക്കുക.. പ്രാർഥന നല്ലതും അതിന്റെ പ്രവൃത്തികൾ നല്ലതുമാണ്. അയൽക്കാരനു സഹായം ചെയ്യുമ്പോൾ പ്രാർഥന സ്വീകൃതമാകും. തെറ്റുകാരോട് ക്ഷമിക്കുമ്പോൾ പ്രാർഥന കേൾക്കപ്പെടും. ദൈവികശക്തി നിറയുമ്പോൾ പ്രാർഥന ശക്തിമത്താകും" (4,14-16).



ക്രിസ്തീയജീവിതം എന്നത് അഫ്രാതിനെ സംബന്ധിച്ച് സുവിശേഷപാതയിലൂടെ നുകം വഹിച്ചുകൊണ്ട് ക്രിസ്തുവിനെ അനുകരിക്കലാണ്. എളിമയാണ് ക്രിസ്തുശിഷ്യന് ഏറ്റവും ഉപകാരപ്രദമായ സുകൃതം. മനുഷ്യപ്രകൃതി ബലഹീനമാണ്. അതിനെ തന്റെ സ്വന്തം മഹത്വത്തിലേക്ക് ഉയർത്തുന്നത് ദൈവമാണ്. എളിമ നിഷേധാത്മകസംഗതിയല്ല."മനുഷ്യന്റെ വേരുകൾ ഭൂമിയിലാണ് നട്ടിരിക്കുന്നതെങ്കിൽ, കർതൃമഹത്വത്തിന്റെ തിരുമുമ്പാകെ അവന്റെ ഫലങ്ങൾ ഉയർന്നുകയറും"(9,14). വിനീതന് കർത്താവുമായി സമ്പർക്കത്തിൽ ഏർപ്പെടാനാകും: "വിനീതൻ എളിമയുള്ളവനാണ്. എന്നാൽ അവന്റെ ഹൃദയം ഉന്നതങ്ങളിലേക്ക് ഉയരുന്നു. അവന്റെ ഭൗമിക നയനങ്ങൾ ഭൗമികമായവ കാണുന്നു. എന്നാൽ ഹൃദയകണ്ണുകൾ മഹോന്നതങ്ങളിലുള്ളവ ദർശിക്കുന്നു"(9,2).

അഫ്രാതിന്റെ മനുഷ്യദർശനം മനോഹരമാണ്. മനുഷ്യശരീരം സൗന്ദര്യത്തിനും സന്തുഷ്ടിക്കും പ്രകാശത്തിനും വിളിക്കപ്പെട്ടിരിക്കുന്നു: "സ്നേഹിക്കുന്നവന്റെ പക്കലേക്ക് ദൈവം വരുന്നു. അതുകൊണ്ട്, എളിമയെ സ്നേഹിച്ച് വിനീതാവസ്ഥയിൽ കഴിയുക ന്യായയുക്തമാണ്. വിനീതൻ ഋജുമാനസ്സനും ക്ഷമാശീലനും കരുണയുള്ളവനും തികവുള്ളവനും സത്യസന്ധനും നല്ലവനും വിവേകിയും ശാന്തനും ബുദ്ധിമാനും പ്രശാന്തനും സമാധാനപ്രിയനും ദയയുള്ളവനും മാനസ്സാന്തരത്തിന് ഒരുക്കമുള്ളവനും സത്പ്രവൃത്തികൾക്ക് സന്നദ്ധനും ആഴമുള്ളവനും ചിന്താശീലനും സൗന്ദര്യവാനും ആകർഷിക്കുന്നവനുമാണ്"(9,14).

പേർഷ്യൻ ക്രിസ്തുമതം ആദ്യകാലത്ത് മൊത്തത്തിൽ താപസ്സചൈതന്യം നിറഞ്ഞതായിരുന്നു. അഫ്രാതും ക്രിസ്തീയജീവിതത്തെ അത്തരത്തിൽ അവതരിപ്പിക്കുന്നു. അതിന്റെ അടിസ്ഥാനം വിശ്വാസമാണ്. അതു മനുഷ്യനെ ദൈവാലയമാക്കുന്നു. അവിടെ ക്രിസ്തു തന്നെ വസിക്കുന്നു. വിശ്വാസം ആത്മാർഥമായ സ്നേഹം സാധ്യമാക്കുന്നു. അത് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും പ്രസ്പഷ്ടമാകുന്നു.

ഉപവാസം അഫ്രാതിന്റെ മറ്റൊരു സുപ്രധാന ചിന്താവിഷയമാണ്. ശാരീരികമായ ഉപവാസം മാനസ്സികവും ആത്മീയവുമായ ഉപവാസത്തിന് സഹായകമാണ്. വ്യർഥവും നിന്ദ്യവുമായ വാക്കുകളിൽ നിന്നുള്ള നിവർത്തനം, രോഷത്തിൽ നിന്നുള്ള ഉപവാസം, വാരിക്കൂട്ടാനുള്ള അത്യാർത്തിയിൽ നിന്നുള്ള വിടുതൽ, പ്രാർഥനയിൽ ശ്രദ്ധാലുവാകാൻ നിദ്രയിൽ നിന്നും അലസതയിൽ നിന്നുമുള്ള ഉപവാസം എന്നിവ ഈ മാനസ്സികോപവാസത്തിൽ അടങ്ങിയിരിക്കുന്നു. അതായത്, ശാരീരികോപവാസം ആത്മവിശുദ്ധീകരണത്തിനും ശുദ്ധീകരണത്തിനും മനഃസംസ്കരണത്തിനും വഴിതെളിക്കണം എന്നുസാരം.[1]

1. Pope Benedict XVI, On "Aphrahat" **in** L'Osservatore Romano, N.48 (2021) 28 November, 2007, p.13

# 2. മാർ അപ്രേം (306-373)

മഹാനായ മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ അതിനടുത്തോ ആണ് ജനിച്ചത്. ഇന്ന് നുസൈബിൻ എന്ന് നിസിബിസ് അറിയപ്പെടുന്നു. അത് തെക്കുപടിഞ്ഞാറൻ ടർക്കിയിലാണ് അപ്രേമിന്റെ പിതാവ് നിസിബിസിൽ നിന്നും അമ്മ അമീദ് (ദിയാർബക്കീർ) പട്ടണത്തിൽ നിന്നുമുള്ള ഭക്തരായ ക്രിസ്ത്യാനികളായിരുന്നു. അപ്രേമിന് ഒരു സഹോദരി ഉണ്ടായിരുന്നു. ബാല്യപ്രായം മുതൽ അപ്രേമിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മെത്രാനായ മാർ യാക്കോബിന്റെ (303-338) കീഴിലായിരുന്നു. അപ്രേം തന്റെ യൗവനാരംഭത്തിനു മുമ്പേ മാമോദീസാ സ്വീകരിച്ച് "ഉടമ്പടിയുടെ മക്കൾ (ബ്നൈ ക്യാമാ)" എന്നറിയപ്പെട്ട താപസ്സസമൂഹത്തിൽ അംഗമായി. മാർ യാക്കോബാണ് അപ്രേമിന് മാമോദീസായും ഡീക്കൻ പട്ടവും നൽകിയത്.

മാർ യാക്കോബ് 326-നോടടുത്ത് അപ്രേമിനെ നിസിബിസ് മതപഠനശാലയുടെ പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാതാവ് എന്നർഥം വരുന്ന 'മ്പശ്കാനാ' എന്നായിരുന്നു പ്രസ്തുത തസ്തികയുടെ പേര്. ഈ കലാലയം പിൽക്കാലത്ത് വളരെ പ്രശസ്തിയിലേക്ക് ഉയരുകയും സാരവത്തായ സംഭാവന സഭയ്ക്ക് നൽകുകയും ചെയ്തു. മാർ യാക്കോബ് (303-338), മാർ ബാബോവായ് (338-350), മാർ വൊളോഗേസ് (350-361), മാർ അബ്രഹാം (361-?) എന്നീ മെത്രാന്മാരുടെ കീഴിലാണ് അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309-379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് പട്ടണം ആക്രമിച്ചു. മൂന്നു തവണയും പട്ടണം ധീരമായി ചെറുത്തുനിന്നു. പേർഷ്യൻ സൈന്യം മൂന്നുപ്രാവശ്യവും പരാജയപ്പെട്ട് പിന്മാറി. പ്രതിരോധ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കാൻ ഡീക്കൻ എന്ന നിലയിൽ അപ്രേം അത്യധ്വാനം ചെയ്തു.

വിശ്വാസത്യാഗിയായ ജൂലിയൻ ചക്രവർത്തി 363-ലെ പേർഷ്യൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. യുദ്ധത്തടവുകാരായ റോമൻ സൈന്യത്തെ വീണ്ടെടുക്കാൻ വേണ്ടി ജോവിയൻ ചക്രവർത്തി ഉണ്ടാക്കിയ ഒത്തുതീർപ്പനുസരിച്ച് നിസിബിസ് പട്ടണം പേർഷ്യാക്കാർക്ക് വിട്ടുകൊടുക്കേണ്ടിവന്നു. തുടർന്ന് ക്രൈസ്തവരെല്ലാം നിസിബിസ് വിട്ടുപോയി. അപ്രേം കുറേനാൾ അമീദിൽ താമസിച്ചശേഷം എഡേസ്സയിലേക്ക് കുടിയേറി. അവിടെവച്ചാണ് അദ്ദേഹം തന്റെ ഗ്രന്ഥങ്ങൾ രചിച്ചത്. ക്രി.വ.371/2-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. മരിച്ചവരെ അടക്കാനും രോഗികളെ ശുശ്രൂഷിക്കാനും ദരിദ്രരെ സഹായിക്കാനുമായി അപ്രേം ഒരു സന്നദ്ധസംഘം രൂപീകരിച്ച് സേവനനിരതനായി. ധനികരിൽ നിന്ന് പണം പിരിച്ച്



പാവപ്പെട്ടവരെ സഹായിച്ചു. രോഗബാധിതരെ ചികിത്സിക്കാൻ ആതുരാലയവും അനാഥരെ പാർപ്പിക്കാൻ പാർപ്പിടങ്ങളും ഉണ്ടാക്കി. അവരെ തീറ്റിപ്പോറ്റാൻ ഭക്ഷണം സംഭരിച്ചു. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹ്യസേവനം അപ്രേമിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9-ന് അപ്രേം അന്തരിച്ചു.

മാർ അപ്രേം ജീവിതകാലം മുഴുവൻ ഡീക്കൻ ശുശ്രൂഷ നിർവഹിച്ചു. കാലാന്തരത്തിൽ അദ്ദേഹത്തിന്റെ ജീവചരിത്രസംബന്ധിയായ കെട്ടുകഥകൾ ഗ്രീക്ക്-ലത്തീൻ സഭകളിൽ ഉടലെടുത്തു. അങ്ങനെ ചരിത്രം കെട്ടുകഥയ്ക്ക് വഴുതിവീണു. എന്നാൽ സുറിയാനി ഭാഷയിൽ അപ്രേമിന്റെ ജീവചരിത്രസംബന്ധിയായ കൃതികൾ ഒന്നും തന്നെ ഏറെക്കാലം എഴുതപ്പെട്ടില്ല. ആറാം നൂറ്റാണ്ടിനുശേഷം സുറിയാനിയിലും ജീവചരിത്രസംബന്ധിയായ നിരവധി കെട്ടുകഥകൾ ഉടലെടുത്തു. അവയിൽ ചരിത്രാംശം ഒട്ടുംതന്നെ ഇല്ലെന്നാണ് പണ്ഡിതമതം.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920-ൽ മാർ അപ്രേമിനെ സാർവത്രിക സഭാമൽപ്പാൻ എന്നു വിളിച്ചു. ഒരേ സമയം ദൈവശാസ്ത്രജ്ഞനും കവിയുമായിരുന്നു അദ്ദേഹം. ദൈവശാസ്ത്രം കാവ്യാത്മകമായി എങ്ങനെ അവതരിപ്പിക്കാനാവും എന്ന് സുവ്യക്തമായി അദ്ദേഹം കാട്ടിത്തന്നു. വിശ്വാസം, ശരണം, സ്നേഹം എന്നീ സുകൃതങ്ങൾ അപ്രേമിൽ നിറഞ്ഞു തുളുമ്പിനിന്നു. ദരിദ്രനായും സംശുദ്ധനായും അദ്ദേഹം ഈ ലോകത്തിൽ ജീവിച്ച് പരലോകത്തെപ്പറ്റിയുള്ള പ്രത്യാശ പകർന്നു. ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ചതിനാൽ, പരസ്നേഹ പ്രവൃത്തികളിൽ മുഴുകി. പകർച്ചവ്യാധി ബാധിച്ചവരെ തന്റെ മരണം വരെ ശുശ്രൂഷിച്ചു.

## കൃതികൾ

'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. കര കാണാത്ത കടലിന്റെ വ്യാപ്തിയോട് കൃതികളെ ഉപമിക്കാം. അദ്ദേഹം തന്റെ കൃതികൾക്ക് വിവിധ ഭാഷാരൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ട്:

(1) തനിഗദ്യം (തുർഗാമാ). വേദപുസ്തക വ്യാഖ്യാനങ്ങളും ചില പാഷണ്ഡതാവിരുദ്ധ കൃതികളും ഈ ഗണത്തിൽ ഉൾപ്പെടുന്നു.

(2) ഗദ്യപദ്യമിശ്രിതം (വൃത്തഗന്ധിയായ ഗദ്യം/മെമ്രാ) പ്രസംഗം, പ്രഭാഷണം, പ്രസ്താവന, പ്രബന്ധം എന്നൊക്കെ മെമ്രാ (മെമ്രേ) വിവർത്തനം ചെയ്യാം.

(3) പദ്യം (മദ്റാശാ). തനി പദ്യരൂപത്തിലാണ് അപ്രേമിന്റെ മിക്ക കൃതികളും. പല്ലവിപാട്ട് (ഓനീസാ), താരാട്ടുപാട്ട് (സൂഗീസാ), സ്തോത്ര ഗാനം (തെശ്ബുഹ്താ), പ്രാർഥനാഗാനം (ബോവൂസാ), മാധ്യസ്ഥ്യഗാനം (സേബെൽതാ/പടിപ്പാട്ട്) എന്നിങ്ങനെ പലതരം ഗാനങ്ങളുണ്ട്. പദ്യരൂപത്തിലുള്ള നീണ്ട ഉപദേശങ്ങൾക്ക് മദ്റാശാ എന്നു പറയാം. പാടി ധ്യാനിക്കാനായി എഴുതപ്പെട്ടവയാണവ.

മഹാനും ലോകഗുരുവുമായ അപ്രേമിന്റെ പേരിൽ പിൽക്കാലത്ത് പലരും ഗ്രന്ഥങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. സുറിയാനി പണ്ഡിതന്മാരുടെ ഗവേഷണങ്ങളുടെ ഫലമായി യഥാർഥകൃതികളെ മറ്റുള്ളവയിൽ നിന്ന് വേർതിരിച്ചിട്ടുണ്ട്. ഈയടുത്ത കാലത്ത് എഡ്മണ്ഡ് ബെക്ക് എന്ന ബനഡിക്ടൈൻ സന്യാസി (ജർമനി) മാർ അപ്രേമിന്റെ മിക്ക കൃതികളുടെയും വിമർശനപ്പതിപ്പുണ്ടാക്കി ജർമൻ വിവർത്തനത്തോടൊപ്പം പ്രസിദ്ധീകരിച്ചു. ഈ വിമർശനപ്പതിപ്പിനു മുമ്പ് മൂന്ന് സമാഹാരങ്ങൾ ഉണ്ടായിട്ടുണ്ട്. മൂന്നിനെയും ഉല്ലംഘിക്കുന്നതാണ് ബെക്കിന്റെ പതിപ്പ്. താഴെപ്പറയുന്നവയാണ് അപ്രേം കൃതികളുടെ സമുച്ചയങ്ങൾ:

(1) റോമൻ സമുച്ചയം (1732-1746). വത്തിക്കാൻ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്നവയും മാർ അപ്രേമിന്റെ പേരിൽ അറിയപ്പെട്ടിരുന്നവയുമായ കൈയെഴുത്തുപ്രതികൾ ശേഖരിച്ച് ആറ് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചു. ജോസഫ് അസ്സെമാനുസ്, പീറ്റർ മൊബേറാക്, സ്റ്റീഫൻ അസ്സെമാനുസ് എന്നിവരുടെ നിസ്തന്ദ്ര പരിശ്രമഫലമായിട്ടാണ് ഈ പതിപ്പുണ്ടായത്. സൂക്ഷ്മപരിശോധനയോ, ശാസ്ത്രീയ പഠനങ്ങളോ കൂടാതെയാണ് ഈ സമുച്ചയം പ്രസിദ്ധീകരിച്ചത്. ആദ്യത്തെ മൂന്നു വാല്യങ്ങളിൽ അപ്രേമിന്റെ കൃതികളുടെ ഗ്രീക്കുപതിപ്പും ലത്തീൻ വിവർത്തനവും കൊടുത്തിരിക്കുന്നു. പിന്നത്തെ മൂന്നു വാല്യങ്ങളിൽ കൃതികളുടെ സുറിയാനി മൂലവും അതിന്റെ ലത്തീൻ പരിഭാഷയും കൊടുത്തിട്ടുണ്ട്.

(2) ഓവർബെക്കിന്റെ സമുച്ചയം (1865): ഓക്സ്ഫോർഡിൽ നിന്നു പ്രസിദ്ധീകരിച്ച ഈ സമുച്ചയത്തിൽ അപ്രേമിന്റേതായി അറിയപ്പെട്ടിരുന്ന പതിനൊന്ന് കൃതികൾ ചേർത്തിട്ടുണ്ട്. പരിഭാഷ കൂടാതെ മൂലകൃതി മാത്രം കൊടുത്തിരിക്കുന്നു.

(3) ലാമിയുടെ സമുച്ചയം (1882-1902): ഈ സമുച്ചയത്തിന് നാലു വാല്യങ്ങളുണ്ട്. സുറിയാനി മൂലവും ലത്തീൻ പരിഭാഷയും നൽകിയിരിക്കുന്നു. ലണ്ടൻ, പാരീസ്, ഓക്സ്ഫോർഡ് എന്നിവിടങ്ങളിലെ കൈയെഴുത്തുപ്രതികൾ ലാമി ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ കൊടുത്തിരിക്കുന്ന ചില കൃതികൾ അപ്രേമിന്റേതല്ല.



(4) ബെക്കിന്റെ സമുച്ചയം: ജർമൻകാരനായ ബെക്കിന്റെ പതിപ്പാണ് ഇപ്പോഴുള്ള പതിപ്പുകളിൽ ആധികാരികമായിട്ടുള്ളത്. അദ്ദേഹം 1936 മുതൽ റോമിൽ താമസിച്ചുകൊണ്ട് സെന്റ് ആൻസലം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിപ്പിക്കുകയും അപ്രേമിന്റെ കൃതികളുടെ പഠനത്തിൽ ദത്തശ്രദ്ധനാകുകയും ചെയ്തു. 1962-നുശേഷം ജർമനിയിൽ തിരിച്ചെത്തി മരണം വരെ (1991) അപ്രേം കൃതികളുടെ പഠനത്തിൽ മുഴുകി. സുറിയാനി മൂലം തനിച്ചും അതിന്റെ ജർമൻ പരിഭാഷ തനിച്ചും ആണ് അദ്ദേഹം പ്രസിദ്ധീകരിച്ചിരിക്കുന്നത്. CSCO എന്ന ഗ്രന്ഥപരമ്പരയിലൂടെയാണ് അവ വെളിച്ചം കണ്ടത്.

## 1. വേദപുസ്തവ്യാഖ്യാനങ്ങൾ

**ഉത്പത്തിയുടെയും പുറപ്പാടിന്റെയും വ്യാഖ്യാനങ്ങൾ (CSCO 152-153):** ഉത്പത്തിഭാഷ്യം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *മാർ അപ്രേം, ഉത്പത്തിഭാഷ്യം*, കോട്ടയം 2001). സുറിയാനി സഭയിൽ സുറിയാനി ഭാഷയിൽതന്നെ ഉത്പത്തിക്ക് ഭാഷ്യമെഴുതിയ ആദ്യത്തെയാൾ മാർ അപ്രേമാണ്. വാച്യാർഥ പ്രധാനമാണ് ഈ ഭാഷ്യം. യൂദന്മാരുടെ ഉൽപത്തി ഭാഷ്യസാഹിത്യത്തോട് അപ്രേം അടുത്തു പരിചയിച്ചിരുന്നു. ഈ കൃതി ആദ്യനൂറ്റാണ്ടുകളിൽതന്നെ അർമേനിയൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരുന്നു.[2] *പൂശാക്കാ* (*ഉത്പത്തിഭാഷ്യം*), *തുർഗാമാ* (*പുറപ്പാട് വിവരണം*) എന്നാണ് സുറിയാനി. ഉത്പത്തിയുടെ ആദ്യത്തെ ആറ് അധ്യായങ്ങളുടെ ഭാഷ്യം കഴിഞ്ഞാൽ ബാക്കി ഭാഗങ്ങൾ അവിടെയും ഇവിടെയും സ്പർശിക്കുക മാത്രം ചെയ്യുന്നു. ഉത്പത്തി 49 വിശദമായി ചർച്ചചെയ്യുന്നു. പുറപ്പാട് വിവരണം താരതമ്യേന ചെറുതാണ്; അപൂർണവുമാണ്. അധ്യായം 32 കൊണ്ട് അവസാനിപ്പിക്കുന്നു. രണ്ടു ഭാഷ്യങ്ങളും നിരവധി യൂദപാരമ്പര്യങ്ങൾ പരാമർശിക്കുന്നു. എന്നു മാത്രമല്ല, യൂദതർഗൂമിക് ടെക്സ്റ്റുകളിൽ നിന്നും ചിലപ്പോഴൊക്കെ ഉദ്ധരിക്കുന്നു. മറ്റ് പഴയനിയമഗ്രന്ഥങ്ങളും അപ്രേം വ്യാഖ്യാനിച്ചെന്ന് കരുതപ്പെടുന്നെങ്കിലും, ഇപ്പോൾ ലഭിച്ചിരിക്കുന്നവയിൽ നിന്ന് ഇതു മാത്രമാണ് അദ്ദേഹത്തിൽ നിന്നുള്ളത് എന്നാണ് പൊതുവേയുള്ള അഭിപ്രായം. ജോഷ്വാ, ന്യായാധിപന്മാർ, സാമുവേൽ, രാജാക്കന്മാർ, ദിനവൃത്താന്തം എന്നിവയുടെ ഭാഷ്യങ്ങൾ അർമേനിയൻ ഭാഷയിൽ ലഭ്യമാണ്. എന്നാൽ പ്രസ്തുത ഭാഷ്യങ്ങൾ അപ്രേമിന്റേതല്ല എന്നാണ് ഇപ്പോഴത്തെ നിഗമനം.

**ദിയാതെസ്സറോൺ ഭാഷ്യം :** ഇത് സുറിയാനി മൂലത്തിലും അർമേനിയൻ വിവർത്തനത്തിലും ലഭിച്ചിട്ടുണ്ട്. രണ്ടും തമ്മിൽ അൽപസ്വൽപവ്യത്യാസമേയുള്ളു. താസ്യന്റെ സംയുക്തസുവിശേഷത്തിന് അപ്രേം രചിച്ച ഈ

2. K.McVey, *St.Ephrem the Syrian-Selected Prose Works*, Washington D.C. 1994 (FC. 91).

ഭാഷ്യം വളരെ പ്രസിദ്ധമാണ്. അപ്രേമിന്റെ ഭാഷ്യകൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഇതാണ്. ഇതൊരു സമഗ്രഭാഷ്യമല്ല; പ്രത്യുത, തെരഞ്ഞെടുത്ത ചില ഭാഗങ്ങളുടെ വിവരണം നൽകുക മാത്രമാണ്. ഈ ഭാഷ്യഗ്രന്ഥം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *മാർ അപ്രേം, സുവിശേഷഭാഷ്യം,* കോട്ടയം, 2002).

മനുഷ്യാവതാരരഹസ്യം വിശദീകരിച്ചുകൊണ്ടാണ് ദിയാതെസ്സറോൺഭാഷ്യം ആരംഭിക്കുന്നത്. നദികൾ കടലിൽ ഒഴുകിച്ചേർന്ന് ലക്ഷ്യം പ്രാപിക്കുന്നതുപോലെ, മിശിഹായിലേക്ക് പ്രതീകങ്ങളും പ്രവചനവാക്യങ്ങളും ബിംബങ്ങളും ഉപമകളും നിഴലുകളും നീങ്ങുകയാണ്. അവ മിശിഹായിൽ ചെന്നു നിൽക്കുമ്പോൾ അവയ്ക്ക് അർഥപൂർണിമ കൈവരുന്നു. എല്ലാം മിശിഹായിൽ നിറവേറാൻ പഴയനിയമം കാത്തിരുന്നു. അതിലൂടെ മാർ അപ്രേം രക്ഷാകര രഹസ്യങ്ങളുടെ കലവറ തുറക്കുന്നു.

മനോഹരവ്യാഖ്യാനമാണ് ദിയാതെസ്സറോൺഭാഷ്യം. ചില ഉദാഹരണങ്ങൾ: കടലിനെ ശാന്തമാക്കിയതിനെപ്പറ്റി (ലൂ.8,24) അപ്രേം പറയുന്നു: "ഉറങ്ങിയവനെ അവർ ഉണർത്തി; അവൻ കടലിനെ ഉറക്കി. ഒരിക്കലും ഉറങ്ങാത്ത അവന്റെ ദൈവത്വത്തിന്റെ ഉണർവിനെ, ഇപ്പോൾ ശാന്തമായ കടലിന്റെ ഇളക്കത്തിലൂടെ കാണിക്കാനായിരുന്നു അത്" (6,25). രക്തസ്രാവക്കാരി കർത്താവിനെ സ്പർശിച്ചതിനെപ്പറ്റി (മർക്കോ.5,25-34): "ആത്മീയമായി അവിടുത്തെ സ്പർശിച്ചവർക്ക് സ്പർശനവിധേയമായ മനുഷ്യത്വം വഴി സ്പർശനാതീതമായ ദൈവത്വവുമായി ബന്ധപ്പെടാൻ സാധിച്ചു" (7,5). ഹാബേലിനെപ്പറ്റി പറയുന്നിടത്ത്: "ഹാബേൽ കൊല്ലപ്പെട്ടിടത്ത് ഭൂമിയുടെ വായ് ഉണ്ടായിരുന്നില്ലേ? 'ഭൂമി വായ് തുറന്ന് നിന്റെ സഹോദരന്റെ രക്തം സ്വീകരിച്ചു' (ഉൽപ.4,11). നമ്മുടെ കർത്താവ് സംസ്കരിക്കപ്പെട്ടിടത്ത് ഭൂമിയുടെ ഹൃദയം ഉണ്ടായിരുന്നില്ലേ?" (11,3). തെക്കിന്റെ രാജ്ഞിയെപ്പറ്റി പറയുന്നിടത്ത്: "തെക്കിന്റെ രാജ്ഞി അതിനെ ന്യായം വിധിക്കും (മത്താ.12,42). കാരണം അവൾ സഭയുടെ പ്രതീകമാകുന്നു. അവൾ സോളമന്റെ അടുത്തേക്കു വന്നതുപോലെ, സഭ നമ്മുടെ കർത്താവിന്റെ പക്കലേക്കു വന്നു" (11,4). മംഗലവാർത്തയെപ്പറ്റി പറയുന്നിടത്ത്: "ഹവ്വായുടെ കാതിലൂടെ മരണം കടന്നുകയറി; അതുപോലെ മറിയത്തിന്റെ കാതിലൂടെ ജീവൻ പ്രവേശിച്ചു" (20,32).

വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്ന മൊഴികളും കുറവല്ല:"ജീവിച്ചിരിക്കുന്നവരെല്ലാം ജീവനുള്ളവരല്ല; സംസ്ക്കരിക്കപ്പെട്ടവരെല്ലാം മരിച്ചവരുമല്ല"(15,12). "മാധുര്യമുള്ള നാവിന്റെ കൈക്കൂലിയോടുകൂടി, മുഖസ്തുതിയുടെ രീതിയിൽ, ധനവാൻ ന്യായാധിപന്റെ പക്കലേക്ക് കടന്നുവന്നു"(15,1). "മക്കൾ (യഹൂദർ) പിതാക്കന്മാരുടെ സമ്പത്തു മാത്രം കണ്ടു; അവരുടെ



നീതി അവരുടെ കണ്ണിൽ പെട്ടില്ല. വിജാതിയരാകട്ടെ അവരുടെ സമ്പത്തു കണ്ടില്ല, എന്നാൽ അവരുടെ നീതി ദർശിച്ചു" (15,15). "ജോലിയും ജോലിക്കു വിളിക്കാൻ ആളും ഇല്ലാത്തതിനാൽ അലസരായിരുന്ന പരിശ്രമശാലികളെ ഒരു സ്വരം കൂലിക്കെടുക്കുകയും ഒരു വാക്ക് ഉണർത്തുകയും ചെയ്തു" (15,15). മുന്തിരിത്തോട്ടത്തിന്റെ ഉപമ വിശദീകരിക്കവേ അപ്രേം എഴുതുന്നു:"അവൻ അതിനു വേലികെട്ടി: നിയമം. മുന്തിരിച്ചക്കിനുള്ള കുഴി കുഴിച്ചു: ബലിപീഠം. അവിടൊരു ഗോപുരം പണിതു: ആലയം..." (16,19). "സ്നേഹത്തിന്റെ കർഷകൻ മനസ്സിൽ വിതച്ച കൽപന"(16,23). ലാസറിനെ ഉയർപ്പിക്കുന്ന രംഗം കരുണാർദ്രമാണ്: "അവന്റെ കണ്ണുനീർ മഴപോലെയും ലാസർ ഗോതമ്പുമണിപോലെയും കല്ലറ ഭൂമിപോലെയും ആയിരുന്നു" (17,7). മിശിഹായുടെ കണ്ണുനീരിൽ കുതിർന്ന ഗോതമ്പുമണിയായ ലാസർ കല്ലറയാകുന്ന ഭൂമിയിൽ നിന്ന് മുളപൊട്ടി പുതുജീവൻ പ്രാപിച്ചു പുറത്തുവന്നു. കാവ്യാത്മകത കവിഞ്ഞൊഴുകുന്ന ദൈവശാസ്ത്ര കൽപന ഇവിടെ ദൃശ്യമാണ്. കഥാപാത്രസൃഷ്ടിയിലും അപ്രേം അദ്വിതീയ പ്രാഗത്ഭ്യം പ്രദർശിപ്പിക്കുന്നു: "അവിടുന്ന് പുൽത്തൊഴുത്തുകൊണ്ട് ആരംഭിച്ചു; ഒരു കഴുതയെക്കൊണ്ട് അവസാനിപ്പിച്ചു. ബേത്‌ലഹേമിൽ പുൽത്തൊഴുത്തുകൊണ്ട്; ജറുസലേമിൽ കഴുതയെക്കൊണ്ട്" (18,1). യേശുവിന്റെ ഈ ലോകപ്രവേശനം പുൽത്തൊട്ടിയിൽ ആണെങ്കിൽ, പട്ടണപ്രവേശനം കഴുതപ്പുറത്താണ്. ഒരു കഴുതയുടെ ജീവിതം പോലെ എല്ലാം അവസാനിച്ചു എന്നു കരുതിയവർക്കെതിരെ താക്കീതുമാണിത്.

**നടപടി പുസ്തകത്തിന്റെ വ്യാഖ്യാനം:** അർമേനിയൻ വിവർത്തനത്തിൽ മാത്രമേ ഇത് ലഭിച്ചിട്ടുള്ളു.

**വി.പൗലോസിന്റെ ലേഖനങ്ങളുടെ വ്യാഖ്യാനം:** ഇതും അർമേനിയൻ വിവർത്തനത്തിലേ ലഭിച്ചിട്ടുള്ളു.

**2. പാഷണ്ഡതകൾക്കെതിരെ (ഗദ്യരൂപത്തിൽ)**

ഹിപ്പാസ്യൂസിനെഴുതിയ അഞ്ചു പ്രതിപാദനങ്ങൾ.

ബർദൈസാനെതിരെ(പ്ലറ്റോണിസ്റ്റുകൾക്കെതിരെ).

മാർസ്യനെതിരെ മൂന്നു പ്രതിപാദനങ്ങൾ (അബദ്ധോപദേശത്തിനെതിരെ)

മാനിക്കെതിരെ.

കന്യാത്വത്തെക്കുറിച്ച്.

**3. ഗദ്യപദ്യമിശ്രിതം (മെമ്രേ)**

**നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രതിപാദനം (CSCO 270-271):** ക്രിസ്തുവിന്റെ രക്ഷാകരകർമം സമ്യക്കായി വിവരിക്കുന്ന ഒരു മനോഹര

കൃതിയാണിത്; "ഉന്നതത്തിൽ നിന്ന് താഴേക്ക് ഇറങ്ങിവന്ന് പാതാളം വരെ അവിടുന്ന് യാത്രചെയ്തു. അവിടെനിന്ന് അസംഖ്യം തടവുകാരോടുകൂടെ ഉന്നതത്തിലേക്കു കരേറി". ഈ കൃതി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്: (ജി.ചേടിയത്ത്, *മാർ അപ്രേം, ഉത്പത്തിഭാഷ്യം*, കോട്ടയം, 2007,പേ.178-242). ഇതിനെ 59 ഭാഗങ്ങൾ അഥവാ ഖണ്ഡികകളായി തിരിച്ചിരിക്കുന്നു. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, രക്ഷാകരരഹസ്യം എന്നിവ ആദ്യഭാഗത്ത് (1-13) ചർച്ചചെയ്യുന്നു. ഫരിസേയനായ ശെമയോന്റെ ഭവനത്തിൽ വച്ച് കർത്താവ് പാപിനിയെ പാപവിമുക്തയാക്കുന്ന സംഭവം തുടർന്നു വിവരിക്കുന്നു (14-24). തെറ്റുകാരോട് കർത്താവ് എത്ര ശാന്തമായി പെരുമാറുന്നെന്ന് ചിത്രീകരിക്കുന്നു. പൗലോസിനു സംഭവിച്ചതുപോലെ ചിലപ്പോൾ കണ്ണുകളിൽ അന്ധത വ്യാപിക്കാം (25-33). എന്നാലും അത് അവിടുത്തെ സ്നേഹത്തിന്റെ പ്രതിഫലനമാണ്. തുടർന്ന് ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ചർച്ചചെയ്യുന്നു (34-35). വീണ്ടും, ഫരിസേയന്റെ ഭവനത്തിൽ നടന്ന സംഭവങ്ങളിലേക്കു തിരിയുന്നു (41-49). അവസാനഭാഗം, പുരോഹിതനായ ശെമയോനെയും ശെമയോൻ പത്രോസിനെയും ബന്ധിപ്പിക്കുന്നു (50-58). പഴയനിയമ പ്രവാചകത്വവും പൗരോഹിത്യവും എങ്ങനെ ക്രിസ്തുവിൽ എത്തിച്ചേർന്നെന്നും പൗരോഹിത്യം എങ്ങനെ ശെമയോൻ പത്രോസിന് കൈമാറിയെന്നും അപ്രേം കാണിക്കുന്നു. നമുക്കു മാതൃക നൽകാനാണ് കർത്താവ് ശാന്തനും വിനീതനുമായി കാണപ്പെട്ടതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

ക്രിസ്തുവിന്റെ ജനനങ്ങളെപ്പറ്റി അപ്രേം പറയുന്നു:"പിതാവ് അവനെ ജനിപ്പിച്ചു; അവനിലൂടെ എല്ലാ സൃഷ്ടികളെയും നിർമിച്ചു. ശരീരം അവിടുത്തെ പ്രസവിച്ചു; അവിടുന്ന് തന്റെ ശരീരത്തിൽ വികാരങ്ങളെ നിഗ്രഹിച്ചു. സ്നാനം അവിടുത്തെ ജനിപ്പിച്ചു; തന്നിലൂടെ അത് നമ്മുടെ കറകൾ വെണ്മയാക്കുന്നു. പാതാളം അവിടുത്തെ ജനിപ്പിച്ചു; അവൻ അതിന്റെ നിക്ഷേപങ്ങൾ കൊള്ളയടിച്ചു" (2,5).

**യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തെപ്പറ്റി:** ഇത് ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളു.

**പുബ്ലിയുസിനുള്ള കത്ത്:** ഇത് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *മാർ അപ്രേം, ഉത്പത്തിഭാഷ്യം*,പേ.162-177). അന്ത്യവിധിയെപ്പറ്റിയുള്ള ഒരു ധ്യാനദർശനമാണിത്. സുവിശേഷത്തെ ഒരു കണ്ണാടിയായി ചിത്രീകരിച്ചു കൊണ്ടാണ് തുടക്കം. ഈ കണ്ണാടിയിൽ നല്ലവർ തങ്ങളെത്തന്നെ പറുദീസായിൽ കാണാനിടയാകും. ദുഷ്ടർ ഗേഹെന്നായിൽ തങ്ങളുടെ അനന്തമായ ദുരിതവും ദർശിക്കും. തുടർന്ന് ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ചിത്രീകരണം, ധനവാന്റെയും ലാസറിന്റെയും ഉപമ



എന്നിവയിലേക്കു കടക്കുന്നു. ക്രിസ്തുവിന്റെ വിവിധ പേരുകൾ ഈ കൃതിയിൽ കാണാം (*അതേകൃതി*, പേ.166-168). നല്ലവരുടെ വാസസ്ഥലത്തെ ദർശിച്ചുകൊണ്ട് അപ്രേം പറയുന്നു: "ഞാൻ അവിടെ സുകൃതമുള്ള ആളുകളെ കണ്ടു. ഞാൻ അവരുടെ സൗന്ദര്യത്തിനായി അതിയായി ആഗ്രഹിച്ചു. നല്ലവർ നിൽക്കുന്നിടം ഞാൻ കണ്ടു. അവരുടെ വാസസ്ഥലം താൽപര്യപൂർവം കാമിച്ചു. വിളക്കില്ലാത്ത യാതൊരാൾക്കും കയറാൻ അനുവാദമില്ലാത്ത മണവറ എതിർവശത്തു ഞാൻ കണ്ടു. ഞാൻ അവരുടെ ആനന്ദം കണ്ടു. ആ മണവറയ്ക്ക് അർഹമായ ഒരു പ്രവൃത്തിയും എനിക്കില്ല എന്നുകണ്ട് ഞാൻ ദുഃഖിതനായി കുത്തിയിരുന്നു. അവർ പ്രകാശവസ്ത്രം ധരിച്ചിരിക്കുന്നതായി ഞാൻ കണ്ടു. എനിക്കായി യാതൊരു ശ്രേഷ്ഠവസ്ത്രവും തയാറാക്കിയിട്ടില്ല എന്നതിൽ ഞാൻ ദുഃഖിച്ചു. വിജയത്താൽ അലംകൃതമായ അവരുടെ കിരീടങ്ങൾ ഞാൻ കണ്ടു. എന്നെ കിരീടം ധരിപ്പിക്കാൻ ഉതകുന്ന യാതൊരു വിജയശ്രീലാളിതകർമവും എനിക്കില്ല എന്നതിൽ ഞാൻ ദുഃഖിച്ചു. കന്യകകൾ അവിടെ വാതിൽക്കൽ മുട്ടുന്നത് ഞാൻ കണ്ടു. അത് അവർക്കു വേണ്ടി തുറക്കാൻ ആരുമില്ലായിരുന്നു. ആ സൗഭാഗ്യതലത്തിന്റെ കർമങ്ങളൊന്നും എനിക്കില്ലാത്തതിനാൽ ഞാൻ നിലവിളിച്ചു... അവരെപ്പോലെ ഞാനും എപ്പോഴും അവിടുത്തെ നാമത്തിൽ അഭയം തേടിയിരുന്നു. അവന്റെ ബഹുമാനങ്ങളാൽ ഞാൻ ബഹുമാനിതനായിരുന്നു. എന്റെ നിഗൂഢ തെറ്റുകൾക്കുമീതേ ഒരു പുതപ്പുപോലെ അവന്റെ നാമം എപ്പോഴും എന്നെ ചുറ്റിയിരുന്നു... നമ്മുടെ കർത്താവിന്റെ വിശുദ്ധ സുവിശേഷത്തിന്റെ ശോഭയുള്ള കണ്ണാടിയിൽ ഈ കാര്യങ്ങളൊക്കെ ഞാൻ കണ്ടപ്പോൾ എന്റെ ആത്മാവ് ബലഹീനമായിത്തീരുകയും എന്റെ അരൂപി ക്ഷീണിച്ച് അവശമാകുകയും എന്റെ ശരീരം പൊടിയിലേക്കു വളയുകയും ചെയ്തു" (*അതേകൃതി*, പേ.170-177).

**മോശ ചെയ്ത അടയാളങ്ങളെക്കുറിച്ച്**

### 4. ധാർമിക പ്രഭാഷണങ്ങൾ (ഹോമിലികൾ/മെമ്രേ)

**വിശ്വാസത്തെക്കുറിച്ചുള്ള ഹോമിലികൾ (6):** ഇതിന്റെ മലയാള പരിഭാഷ തയാറായിട്ടുണ്ട്.

**നിക്കൊമേദിയായെ കുറിച്ചുള്ള ഹോമിലികൾ:** സുറിയാനിയിലും അർമേനിയനിലുമായി ഇതിന്റെ നിരവധി ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്.

**ബർദൈസാനെതിരെയുള്ള ഹോമിലികൾ:** അപ്രേമിന്റെ പേരിൽ നിരവധി ഹോമിലികൾ കൈവന്നിട്ടുണ്ടെങ്കിലും, കുറച്ചു മാത്രമേ അദ്ദേഹത്തിന്റേതായിട്ടുള്ളു എന്നാണ് പണ്ഡിതമതം. ബെക്ക് പ്രസിദ്ധീകരിച്ച നാല് വാല്യങ്ങളിലുള്ള ഹോമിലികളിൽ (*മെമ്രേ/സെർമോണെസ്*) താഴെപ്പറയുന്നവ അപ്രേമിന്റേതായി കരുതപ്പെടുന്നു: മെമ്രാ 1,13 (കുറ്റപ്പെടുത്തലിനെപ്പറ്റി). മെമ്രാ 2,1 (യോനായെപ്പറ്റിയും നിനവേക്കാരുടെ അനുതാപത്തെപ്പറ്റിയും.

ഗ്രീക്ക്, അർമേനിയൻ, ജോർജിയൻ. എത്യോപ്യൻ ഭാഷകളിലേക്ക് ഇത് വിവർത്തനം ചെയ്തിട്ടുണ്ട്. സുറിയാനിസഭകൾ ഇതിൽ നിന്ന് ആരാധന ക്രമത്തിൽ പലതും എടുത്തിട്ടുണ്ട്. മെമ്രാ 2,4 (പാപിനിയെപ്പറ്റി: ലൂ.7) മെമ്രാ 4,2 (ഏകാന്തവാസികളെപ്പറ്റി).

**നാക്ട്രേഗേ** എന്നപേരിൽ ബെക് പ്രസിദ്ധീകരിച്ച മെമ്രാകൾ ഒന്നുംതന്നെ (CSCO 363-364) അപ്രേമിന്റേതല്ല. ഇതിൽ കന്യകമറിയത്തെപ്പറ്റിയുള്ള രണ്ട് മെമ്രാകളും ഉൾപ്പെടുന്നു. ഇത് *കോട്ടയത്തെ സീരി* പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏഴ് സിലബിൾ മീറ്ററിലുള്ള മറ്റ് നിരവധി മെമ്രാകൾ അപ്രേമിൽ ആരോപിച്ചിട്ടുണ്ട്. അത്തരത്തിൽ പെട്ടവയാണ് വിശുദ്ധവാര ഹോമിലികൾ (CSCO 412-413), അബ്രഹാം, ഇസഹാക്ക്, ഏലിയാ എന്നിവരെ പറ്റിയുള്ള ഹോമിലികൾ.

### 5. കീർത്തനങ്ങൾ (മദ്റാശേ/പദ്യകൃതികൾ)

മാർ അപ്രേമിന്റെ കൂടുതൽ കൃതികളും പദ്യരൂപത്തിലാണ്. ഓരോ വരിയിലും ഏഴ് സിലബിളുകളുള്ള 'സെപ്താസിലബിക്' ഗീതങ്ങളും 12 സിലബിളുകളുള്ള 'ദോദെക്കാ സിലബിക്' ഗീതങ്ങളുമാണ് അദ്ദേഹം കൂടുതലായി രചിച്ചിട്ടുള്ളത്.

**വിശ്വാസഗീതങ്ങൾ (87):** ഗീതങ്ങളിൽ ഏറ്റവും വലുത് ഇതാണ്. മുത്തിനെപ്പറ്റിയുള്ള അഞ്ച് ഗീതങ്ങൾ ഈ സമാഹാരത്തിലാണ്. ഇതിന്റെ മലയാള പരിഭാഷ തയാറായിട്ടുണ്ട് (CSCO 154-155).

**നിസിബിയൻ ഗാനങ്ങൾ (77):** ഇതിന്റെ ലത്തീൻ തലക്കെട്ടിലൂടെയാണ് ഇത് അറിയപ്പെടുന്നത് (*കാർമിനാ നിസിബേനാ*). ഇതിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം (1-34) നിസിബിസിനെയും അവിടുത്തെ മെത്രാനെയും കുറിച്ചാണ്. രണ്ടാംഭാഗത്തിന്റെ മുഖ്യപങ്കും (35-77) ക്രിസ്തുവിന്റെ പാതാളപ്രവേശനത്തെപ്പറ്റിയാണ്. സാത്താനും മരണവും തമ്മിലുള്ള തർക്കം 52 -54 ൽ അവതരിപ്പിക്കുന്നു. മനുഷ്യന്റെ മേൽ ആർക്കാണധികാരം എന്നതിനെ പറ്റിയാണ് തർക്കം. ഈ സാഹിത്യശൈലി പുരാതന മെസൊപ്പൊട്ടേമിയായിൽ പ്രയോഗത്തിലിരുന്നതാണ്. പിൽക്കാല എഴുത്തുകാർ ഈ സാഹിത്യശൈലി ഡയലോഗ് ഗീതങ്ങൾക്ക് ഉപയോഗിച്ചു (CSCO 218-219;240-241).

**പാഷണ്ഡതകൾക്കെതിരെയുള്ള ഗാനങ്ങൾ (56):** മാർസ്യൻ, മാനി, ബർദൈസാൻ എന്നിവരുടെ പ്രബോധനങ്ങൾക്കെതിരെ എഴുതിയ ഗാനങ്ങളാണ് ഇതിലുള്ളത്. *കോൺത്രാ ഹെരെസെസ്* എന്ന് അറിയപ്പെടുന്നു (CSCO 169-170).

**കന്യാത്വഗീതങ്ങൾ (52):** ഈ കൃതി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *മാർ അപ്രേം, കന്യാത്വഗീതങ്ങൾ*, കോട്ടയം 2001). വിവിധ വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഗീതങ്ങളുടെ സമാഹാരമാണിത്. കുറച്ചു ഗീതങ്ങൾ മാത്രമേ കന്യാത്വത്തെപ്പറ്റി ചർച്ചചെയ്യുന്നുള്ളു (1-3.24). പഴയ നിയമത്തിൽ നിന്ന് കന്യാത്വത്തിന്റെ ചില ദൃഷ്ടാന്തങ്ങൾ എടുത്തു കാണിക്കുന്നു. 'ജീവവൃക്ഷവുമായി ഒട്ടിക്കപ്പെട്ടവരാണ് കന്യകകൾ. അവർ നിത്യമണവാളന്റെ വധുവും ആലയവും രാജകൊട്ടാരവുമാണ്. അവർ നിത്യസൗന്ദര്യത്തെ നിരന്തരം ധ്യാനിക്കുന്നു. ഉന്നതത്തിൽ കൂടുകെട്ടുകയും ഉയരത്തിൽ പറക്കുകയും ചെയ്യുന്ന വാനമ്പാടിയാണ് കന്യാത്വം'. ഗീതം 4-7 തൈലം, കർതൃപ്രതീകങ്ങൾ എന്ന സമാഹാരമാണ്. അപ്രേമിന്റെ പ്രതീകാത്മക ദൈവശാസ്ത്രം ഇതിൽ വ്യക്തമാണ്. 8-10 കർതൃപ്രതീകങ്ങളും 11-14 കർതൃരഹസ്യങ്ങളും കർതൃപരീക്ഷണങ്ങളും ചർച്ചചെയ്യുന്നു. സമരിയാക്കാരിയെ സഭയുടെ പ്രതീകമായി കാണുന്നു (17-19). അവളെ വ്യത്യസ്ത വീക്ഷണത്തിലാണ് അപ്രേം കാണുന്നത്. അവളെ വ്യഭിചാരിണിയായിട്ടല്ല, നല്ലവളായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. സാറാ, താമാർ എന്നിവരെപ്പോലെയാണവൾ. യേശു അവളുടെ രഹസ്യം വെളിപ്പെടുത്തി. പടിപടിയായി അവിടുന്ന് രക്ഷിച്ചുയർത്തുന്ന മനുഷ്യകുലത്തെ ഈ സ്ത്രീ സൂചിപ്പിക്കുന്നു. പ്രകൃതി, പഴയനിയമം, പുതിയനിയമം എന്നീ മൂന്നു കർതൃകിന്നരങ്ങളെപ്പറ്റി 28-31 പ്രതിപാദിക്കുന്നു. കർതൃപ്രതീകങ്ങൾ ഇവ മൂന്നിലും എങ്ങനെ മറഞ്ഞിരിക്കുന്നെന്ന് വരച്ചുകാട്ടുന്നു. കവിയുടെയും ദൈവശാസ്ത്രജ്ഞന്റെയും ആധ്യാത്മികാചാര്യന്റെയും സിദ്ധികൾ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഈ ഗീതങ്ങൾ ആധ്യാത്മിക ദൈവശാസ്ത്രത്തിന് വലിയ മുതൽക്കൂട്ടാണ് (CSCO 223-224).



**തിരുസഭയെക്കുറിച്ച് (52):** വിവിധ വിഷയങ്ങളെക്കുറിച്ച് ഈ സമാഹാരം ചർച്ചചെയ്യുന്നു (CSCO 198-199).

**മനുഷ്യാവതാരഗീതങ്ങൾ (28):** ഈ കൃതി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ*,കോട്ടയം 2001). ഈ സമാഹാരത്തിന്റെ കേന്ദ്രഭാഗം 16 ഗീതങ്ങളാണ് (5-20). *താരാട്ടുപാട്ടുകൾ* എന്നപേരിൽ അപ്രേം തന്നെ അവ സമാഹരിച്ചിരിക്കാൻ ഇടയുണ്ട്. അവയിൽ മിക്കതും മാതാവ് യേശുവിനോട് പാടിപ്പറയുന്നവയാണ്. തന്റെ സഭയുടെ ആരാധനക്രമാവശ്യത്തിന്, അതായത് ജനനപ്പെരുന്നാളിന്, അപ്രേം എഴുതിയവയാകാം ഇവ. ഗീതങ്ങൾ ഒന്നു മുതൽ നാലുവരെയുള്ളവ അപ്രേം തന്നെ രചിച്ചവയാണ്. എന്നാൽ പിൽക്കാലത്ത് ആരോ അവ മറ്റവയുമായി കൂട്ടിച്ചേർത്തു. അവസാനത്തെ എട്ടെണ്ണം (21-28) പിന്നീട് കൂട്ടിച്ചേർത്തവയാണ്. ദൈവപുത്രന്റെ മനുഷ്യാവതാരം ഒരു മഹാത്ഭുതമാണ്. ദൈവത്തിന്റെ ശൂന്യവൽക്കരണമാണ് അവിടെ നടന്നത്. പ്രതീകാത്മകദൈവശാസ്ത്രം ഗീതങ്ങളിൽ നിഴലിച്ചു നിൽക്കുന്നു. അതുപോലെ, ദൈവശാസ്ത്രം എപ്രകാരം ഗാനാത്മകമായും ഭാവാത്മകമായും അവതരിപ്പിക്കാനാവുമെന്ന് അപ്രേം കാണിച്ചുതരുന്നു.

**പെസഹാഗീതങ്ങൾ :** പുളിപ്പില്ലാത്ത അപ്പത്തെ കുറിച്ച് (21): ക്രൂശിക്കലിനെക്കുറിച്ച് (9); ഉത്ഥാനത്തെക്കുറിച്ച്(5): ഇവയിൽ നിന്ന് സുറിയാനി ആരാധനക്രമത്തിൽ പലതും എടുത്തിട്ടുണ്ട് (CSCO 248-249).

**പറുദീസാഗീതങ്ങൾ (15)** (CSCO 174-175)**:** ഈ ഗ്രന്ഥം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001). ഉത്പത്തിയിൽ കാണുന്ന പറുദീസാ വിവരണത്തിന്റെ ആന്തരികാർഥത്തിലേക്ക് കടന്നുചെല്ലുന്ന ചിന്താധാര യഹൂദരുടെ ഇടയിൽ ക്രിസ്തുമതാരംഭത്തിനു മുമ്പുതന്നെ ഉടലെടുത്തിരുന്നു. ഭാവനാസമ്പന്നനായ അപ്രേം പറുദീസായെ പ്രതീകാത്മകമായിട്ടത്രേ വർണിക്കുന്നത്. പറുദീസായെ ഒരു മലയായി ചിത്രീകരിക്കുന്നു. 'അത് വൃത്താകൃതിയിലാണ്. അത് വലിയ കടലിനെ ചുറ്റിക്കിടക്കുന്നു (2,6). അത് കരയെയും കടലിനെയും ചുറ്റിക്കിടക്കുന്നു (1,8-9). പ്രളയജലം അതിന്റെ അടിവാരംവരെ മാത്രമേ എത്തിയുള്ളു (1,4). ചുറ്റിത്തിരിയുന്ന വാളുമായി നിൽക്കുന്ന ക്രോബേ മാലാഖ അതിന്റെ അടിവാരത്തിലെ വേലി സംരക്ഷിക്കുന്നു (2,7;4,1). പറുദീസായുടെ ഏറ്റവും താഴത്തെ ഭാഗമാണ് ഈ മതിൽ. അവിടെ നിന്ന് പറുദീസായുടെ പകുതിദൂരത്തിലാണ് അറിവിന്റെ വൃക്ഷം. അത് ഒരാന്തരിക അതിർത്തിയായി വർത്തിക്കുന്നു. അവിടം കുറേക്കൂടി ഉയർന്നതാണ്. അവിടെ കയറാൻ ആദത്തിനും ഹവ്വായ്ക്കും അനുവാദം ഇല്ലായിരുന്നു (3,3). കുറേക്കൂടി ഉയരമുള്ള അതിവിശുദ്ധസ്ഥലത്ത് സ്ഥിതിചെയ്യുന്ന ജീവവൃക്ഷത്തെ മറച്ചുകൊണ്ട് ഒരു കർട്ടൺ കണക്കെ അറിവിന്റെ വൃക്ഷം  നിലനിന്നു (3,2). മലയുടെ കൊടുമുടിയിലത്രേ ദൈവസാന്നിധ്യം'. പറുദീസാ യഹൂദരുടെ ദൈവാലയത്തിന്റെയും ക്രിസ്തീയ പള്ളിയുടെയും പ്രതീകമാണ്. ഈ പറഞ്ഞവയൊന്നും വാച്യാർഥത്തിൽ എടുക്കേണ്ടവയല്ലെന്ന് അപ്രേമിന് തന്നെ അറിയാമായിരുന്നു (2,4-5). പറുദീസാ നമ്മുടെ ലോകത്തിൽ നിന്ന് വ്യത്യസ്തമാണ്. അത് വ്യത്യസ്ത തലത്തിലാണ്. അത് നമ്മുടെ സമയത്തിന് അതീതമാണ്. ഉപരിസ്ഥവുമാണ്. ഉത്ഥാനാനന്തരം നീതിമാന്മാരുടെ വാസസ്ഥലമാണ് പറുദീസാ. ഉത്ഥാനത്തോടുകൂടി മാത്രമേ നമുക്കതിൽ കയറാനാകൂ. ആത്മാവും ശരീരവും ഒന്നിച്ചാണ് അവിടെ കയറുക (8,9).

വളരെ ഭാവനാസമ്പന്നമായി പറുദീസായിലെ മരങ്ങളെപ്പറ്റി വിവരിക്കുന്നു (3,13). മിശിഹായുടെ പാർശ്വം കുന്തത്താൽ തുളയ്ക്കപ്പെട്ടപ്പോഴാണ് പറുദീസായ്ക്കു ചുറ്റുമുള്ള വേലിയും ചുറ്റിത്തിരിയുന്ന വാളും നീക്കപ്പെട്ടത് (4,1). എഫേ.2,14-നെ ഉത്പത്തി 3,24-ുമായി അപ്രേം ബന്ധിപ്പിക്കുന്നു. ആദം നഷ്ടപ്പെടുത്തിയ മഹത്വവസ്ത്രം മിശിഹായുടെ മരണത്താൽ ആദത്തിനു തിരികെ നൽകി. സ്നാനത്തിൽ ക്രിസ്തുവിനെ ധരിക്കുന്നതുവഴി (റോമാ 13,14;ഗലാ.3,27) വിശ്വാസികൾ മഹത്വവസ്ത്രം ധരിക്കുന്നു. മനുഷ്യരെ മഹത്വവസ്ത്രം ധരിപ്പിക്കാൻ ദൈവം മനുഷ്യവേഷം ധരിച്ചു. ജലത്തിൽ വച്ച്



മനുഷ്യർ മഹത്വവസ്ത്രം ധരിക്കാൻ വേണ്ടി ക്രിസ്തു ജലത്തിൽ തന്റെ മഹത്വം ഉരിഞ്ഞുവച്ചു. ഉത്ഥാനത്തിൽ എല്ലാ നീതിമാന്മാരും മഹത്വവസ്ത്രം ധരിച്ച് മണവറയിലേക്ക് കയറും. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാര ലക്ഷ്യം ആദത്തിന് ദൈവം നിശ്ചയിച്ചിരുന്ന മഹനീയസ്ഥാനം നേടിക്കൊടുക്കുക എന്നുള്ളതായിരുന്നു. തെറ്റിപ്പോകാത്ത വിജ്ഞാനവും അമർത്യജീവനുമാണവ. മനുഷ്യത്വത്തിൽ തന്നെ അവൻ ദൈവത്വം പ്രാപിക്കാനായിരുന്നു അത്: "ദൈവമാകാൻ ആദാം ആഗ്രഹിച്ചു എന്ന് അത്യുന്നതൻ ഗ്രഹിച്ചു. അവന്റെ ആഗ്രഹം സാധിച്ചുകൊടുക്കാനായി അവിടുന്ന് തന്റെ പുത്രനെ അയച്ച് അവനെ ധരിച്ചു. അവിടുന്ന് നമുക്ക് ദൈവത്വം തന്നു, നാം അവിടുത്തേക്ക് മനുഷ്യത്വം നൽകി" എന്ന് അപ്രേം മറ്റൊരിടത്ത് പറയുന്നു (*വിശ്വാസഗീതം,* 5,17).

**ഉപവാസത്തെ കുറിച്ച് (10)** (CSCO 246-247)

**ജൂലിയനെതിരെ (4):** വിശ്വാസത്യാഗിയായ ജൂലിയന്റെ മരണത്തെപ്പറ്റിയാണിത്. പേഗനിസം പുനഃസ്ഥാപിക്കാൻ ജൂലിയൻ ശ്രമിച്ചു. അതിനുള്ള ശിക്ഷയായിട്ടാണ് അപ്രേം ഈ മരണം കാണുന്നത് (CSCO 174-175). ഈ ഗീതം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *മാർ അപ്രേം, ഉത്പത്തിഭാഷ്യം,* പേ.250-278). *"ജൂലിയനെതിരെ സഭയെപ്പറ്റി"* എന്ന പേരിൽ ഒരു കൃതി ലഭിച്ചിട്ടുണ്ട്. പേർഷ്യാക്കാർക്കെതിരെ യുദ്ധത്തിനു പോകുന്നതിനുമുമ്പ് അയാൾ സഭയ്ക്കെതിരെ വീമ്പിളക്കി. അപ്പോൾ എഴുതിയതാണിത് (*അതേകൃതി, 242-249*). 'ദൈവം തന്റെ സഭയെ ഒരിക്കലും കൈവിടുകയില്ല. അതുകൊണ്ട് ഭയത്തിന് സ്ഥാനമില്ല. ദുഷ്ടഭരണം ഒരിക്കലും നീണ്ടു നിൽക്കില്ല. വിശ്വാസഹീനർ മാത്രമേ ജൂലിയന്റെ പക്ഷത്തു ചേർന്ന് വിശ്വാസത്തെ ഒറ്റിക്കൊടുക്കുകയുള്ളു. ദൈവവും തന്റെ മാലാഖമാരും സഭയുടെ കൂടെയാണ്. സാത്താനും അവന്റെ സൈന്യങ്ങളും ശത്രുപക്ഷത്തും. ജൂലിയൻ പാഷണ്ഡികളെയും മന്ത്രവാദികളെയും യഹൂദരെയും സഭയുടെ എല്ലാ ശത്രുക്കളെയും തന്റെ കൂടെ കൂട്ടി. ക്രൂരമൃഗങ്ങളെപ്പോലെ അവർ സഭയുടെ മേൽ ചാടിവീണു. നാമമാത്ര ക്രൈസ്തവർ ജൂലിയന്റെ പതനത്തോടുകൂടി ലജ്ജിതരായി. ദൈവനീതിയാണ് ജൂലിയനെ തറപറ്റിച്ചത്'. ക്രിസ്തുമതത്തിന്റെ സത്യസന്ധതയും പേഗനിസത്തിന്റെ പൊള്ളത്തരവും അവസാനഭാഗത്ത് വരച്ചുകാട്ടുന്നു. ജൂലിയന്റെ പതനത്തോടുകൂടെ പേഗനിസത്തിന്റെ അവകാശവാദങ്ങളൊക്കെ പൊളിഞ്ഞു എന്ന് അപ്രേം സമർഥിക്കുന്നു.

**ദനഹായെക്കുറിച്ച് (28):** ഈ സമാഹാരം അപ്രേമിന്റേതല്ല എന്നു കരുതുന്നവരുണ്ട് (CSCO 186-187).

**സോഗിയാസാ** (കീർത്തനം/താരാട്ടുപാട്ട്) എന്ന പേരിൽ ബെക്ക് ആറ് കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് (CSCO 186-187). എന്നാൽ അവ അപ്രേമിന്റേതല്ല

എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. അതുപോലെ അബ്രഹാം കീദൂനായാ(15), ജൂലിയൻ സാബാ (24), വിശ്വാസസാക്ഷികൾ(6) എന്നീ ഗാനങ്ങളും അപ്രേമിൽ ആരോപിച്ചിരിക്കുന്നു എന്നു മാത്രം. അവയിൽ ഒരു പക്ഷേ ചില ഗാനങ്ങൾ അപ്രേമിന്റേതായിരിക്കാം. അർമേനിയൻ ഭാഷയിലുള്ള 51 ഗാനങ്ങളും ഈ ഗണത്തിൽ പെടുന്നതാണ് (*Patrologia Orientalis,* 30).

## ദൈവശാസ്ത്രം

സഭാപിതാക്കന്മാരുടെ കാലത്തെ അതിപ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മൗലികതയുള്ളവരിൽ മുൻപന്തിയിൽ നിൽക്കുന്നവനാണ് മാർ അപ്രേം. ഗ്രേക്കോ-റോമൻ ലോകത്തു വ്യാപരിച്ച പിതാക്കന്മാരെ ഗ്രീക്കുതത്വശാസ്ത്രം ഗണ്യമായി സ്വാധീനിച്ചു. എന്നാൽ അപ്രേമിന്റെ ദൈവശാസ്ത്രത്തിന്റെ അടിത്തറ വിശുദ്ധ ഗ്രന്ഥമാണ്. ദൈവിക വെളിപാടിന്റെയും ശ്ലൈഹിക വിശ്വാസ പൈതൃകത്തിന്റെയും ക്രിസ്തുകേന്ദ്രീകൃത രംഗത്താണ് അപ്രേം കാലുറപ്പിച്ചിരിക്കുന്നത്. ഉറവിടങ്ങളിലേക്കു മടങ്ങുമ്പോൾ നാം ചെന്നെത്തി നിൽക്കേണ്ടത് എവിടെയാണെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. അദ്ദേഹം 'ഉറവിട ദൈവശാസ്ത്രത്തിന്റെ ഉറവ' അത്രേ.

മാർ അപ്രേം യൂദയോ-ക്രിസ്ത്യൻ പശ്ചാത്തലത്തിൽ ബൈബിൾ വ്യാഖ്യാനം നടത്തി; തിരുലിഖിതങ്ങൾ ഹൃദിസ്ഥമാക്കി സ്വാംശീകരിച്ചിരുന്നു. വിശുദ്ധ ഗ്രന്ഥലോകത്ത് വിഹരിക്കുന്ന വാനമ്പാടി ആയിരുന്നു ആ ഭാഷ്യകാരൻ. സെമിറ്റിക് ശൈലിയിൽ വേദഗ്രന്ഥം വ്യാഖ്യാനിക്കുമ്പോൾ, ബൈബിൾ ലോകം എവിടെ അവസാനിക്കുന്നു, അപ്രേമിന്റെ ആശയലോകം എവിടെ ആരംഭിക്കുന്നു എന്ന് തിരിച്ചറിയാനാവാത്ത വിധമാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനശൈലി. ഗ്രേക്കോ-റോമൻ ദൈവശാസ്ത്രത്തേക്കാൾ പുരാതനവും മൗലികവും ശ്ലൈഹികവുമായ ക്രൈസ്തവസഭയുടെ ദൈവശാസ്ത്രത്തിന്റെ ഏറ്റവും പ്രബലനും വിഖ്യാതനും സർവസ്വീകാര്യനുമായ വക്താവ് അപ്രേം തന്നെയാണ്. സെമിറ്റിക് പശ്ചാത്തല ദൈവശാസ്ത്രത്തിന് സ്വന്തം കാലിൽ നിൽക്കാനാകുമെന്ന് അപ്രേം തെളിയിച്ചു. ആ കണ്ടെത്തൽ സർവകാലികവും സാർവത്രികവുമായ സന്ദേശം നൽകുന്നു.

ദൈവികവെളിപാട് മനുഷ്യന്റെ ഭാഷയിലും മനുഷ്യർക്കുവേണ്ടിയും ദൈവമെന്ന ഉറവിടത്തിൽ നിന്ന് ഒഴുകിവരുന്നതാണ്. അതുകൊണ്ട് അത് മനുഷ്യന്റെ കൈപ്പിടിയിൽ ഒതുങ്ങി നിൽക്കുന്നതല്ല, അളന്നു തീർക്കാവുന്നതല്ല, എത്തിപ്പിടിച്ച് ബന്ധിച്ചിടാവുന്നതുമല്ല എന്ന് അപ്രേം വാദിക്കുന്നു. മനുഷ്യബുദ്ധിയുടെ കയറിൽ കെട്ടിയിടാവുന്ന ദൈവസങ്കൽപങ്ങളിൽ നിന്ന കന്നും ഉയർന്നും അദ്ദേഹത്തിന്റെ ദൈവചിത്രീകരണം നിൽക്കുന്നു. അത് ബുദ്ധികൊണ്ട് അളന്നു തിട്ടപ്പെടുത്താനാവില്ലെങ്കിലും അറിയാനും ആസ്വദിക്കാനും സാധിക്കും. പ്രതിരൂപാത്മക ഭാഷയിൽ, സമഗ്രസംയോജനാത്മക



രീതിയിൽ, ബിംബപ്രതിബിംബങ്ങളുടെ വേലിയേറ്റം വഴി അദ്ദേഹത്തിന്റെ ആശയലോകം താത്വികമാനം കൈവരിക്കുന്നു. സാർവത്രിക ക്രൈസ്തവ ദൈവശാസ്ത്ര ചിന്താധാരകൾക്ക് സമകാലീനത സംസിദ്ധമാക്കാൻ സഹായിക്കുന്ന സമ്പുഷ്ടദാർശനികത ആഴത്തിൽ പരതുന്നവർക്ക് ഇതിൽ സംലഭ്യമാണ്.

എപ്പോഴും പ്രസന്നവദനനും സന്തോഷപ്രകൃതിയുമായ താപസ്സന്റെ മുഖമാണ് കൃതികളിൽ ദൃശ്യമാകുന്നത്. വാക്കുകളിലും ചിത്രീകരണങ്ങളിലും തുളുമ്പിയൊഴുകുന്ന നർമബോധം അപ്രേമിന് സ്വതസിദ്ധമായിരുന്നു. നർമരസം ദൈവശാസ്ത്രജ്ഞന്മാർക്കിടയിലും താപസ്സന്മാർക്കിടയിലും പൊതുവേ കാണാനില്ലാത്ത സ്ഥിതിക്ക് ആ രംഗത്തും അദ്ദേഹം വേറിട്ടു നിൽക്കുന്നു. സ്വയം കളിയാക്കാനും സാത്താന്റെ പരാക്രമങ്ങളും പരാജയങ്ങളും ചിരിക്കു വകതരുന്നവിധം വിവരിക്കാനും ഗഹനമായ ദൈവശാസ്ത്ര ചിന്തകൾക്കിടയിൽ പുഞ്ചിരി തൂകാനുതകുന്ന വർണനകൾ നടത്താനും അദ്ദേഹത്തിന് അനായാസം സാധിച്ചിരുന്നു. പാഷണ്ഡതകളെ അടിച്ചുതകർക്കാൻ ആയിരം നാവുള്ള പോരാളിയായി വാദമുഖങ്ങൾ ഉയർത്തുമ്പോഴും തന്റെ ഇരകളെ നർമരസ നിഷ്യന്ദിയായ വാക്പയറ്റുകൊണ്ട് വീഴിക്കാനും അപ്രേം ശ്രമിക്കാറുണ്ട്. യജമാനന്റെ മേശയ്ക്കിടയിൽ നിന്നുകൊണ്ട് ദൈവശാസ്ത്രത്തിന്റെ വിഭവസമൃദ്ധമായ വിരുന്നിൽ നിന്ന് വല്ലപ്പോഴും നിലത്തു വീണുകിടക്കുന്ന അപ്പക്കഷണങ്ങൾ പെറുക്കിത്തിന്ന് തൃപ്തിയടയുന്ന പട്ടിയോട് അപ്രേം സ്വയം ഉപമിച്ചിട്ടുണ്ട്. അതേ സമയം അജഗണത്തെ ആക്രമിക്കുന്ന ചെന്നായ്ക്കൂട്ടത്തെ എതിരിട്ട് ഓടിച്ച് പാഷണ്ഡതകളെ തുരത്തുന്ന വേട്ടപ്പട്ടിയായും സ്വയം വിശേഷിപ്പിക്കാറുണ്ട്. 'ആട്ടിടയന്റെ സഹായി' എന്ന സ്ഥാനം അവകാശപ്പെടാനും അപ്രേമിനു മടിയില്ല. പാഷണ്ഡതാവിരുദ്ധ കൃതികളെഴുതിയ മറ്റുപല പിതാക്കന്മാർക്കും ഉള്ളതിലേറെ ദൈവശാസ്ത്ര പോരാട്ടവീര്യം, മാർസ്യൻ, ബർദൈസാൻ, മാനി എന്നിവരുടെ അബദ്ധസിദ്ധാന്തങ്ങളുടെ നെടുംകോട്ടകൾ അടിച്ചു തകർക്കുമ്പോൾ അപ്രേം കാണിക്കുന്നു. പരിഹാസ ശരങ്ങളുടെ ഘോരമാരികൊണ്ട് ആരിയനിസമെന്ന അബദ്ധ വിശ്വാസത്തിന്റെ പിൽക്കാല വികാസപരിണാമങ്ങളെ അദ്ദേഹം നിഷ്പ്രഭമാക്കി. നെയോ-ആരിയനിസത്തിന്റെ വാദമുഖങ്ങളെ തകർക്കാൻ സമർത്ഥമായ വാദഗതികൾ അവതരിപ്പിച്ചു.

പണ്ഡിതരെ ചിന്തയുടെ പന്തയക്കളത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ച് ഉത്തരം മുട്ടിക്കുന്ന മഹാപണ്ഡിതനായ അപ്രേം 'ഔദ്യോഗിക സ്കൂൾവിദ്യാഭ്യാസം ഇല്ലാത്ത വിഡ്ഢി'എന്ന് സ്വയം ചിത്രീകരിക്കാറുണ്ട്. ഗ്രീക്കു തത്വശാസ്ത്രങ്ങൾ പഠിക്കാതെ പോയ പാമരനാണ് താനെന്ന് പറഞ്ഞുകൊണ്ട് ഗ്രീക്കുതത്വശാസ്ത്രത്തോട് തനിക്ക് കടപ്പാടില്ലെന്ന് അദ്ദേഹം കാണിക്കുന്നു. വിദ്യാഭ്യാസമില്ലാത്തവരെ പുച്ഛിക്കുന്ന പണ്ഡിതലോകത്തിന്

'വിദ്യാവിഹീനനായ' അപ്രേം വെല്ലുവിളി ഉയർത്തുന്നതുവഴി വിദ്യാർഥിലോകത്തിന്റെയും സത്യാന്വേഷികളുടെയും പണ്ഡിതന്മാരുടെയും മധ്യസ്ഥനായി നിലകൊള്ളുന്നു. പലവട്ടം തലപുകഞ്ഞ് ആലോചിച്ചാലും പിടികിട്ടാൻ പ്രയാസമുള്ള ചിന്താലോകം അപ്രേമിന്റെ കൃതികളിൽ അവിടവിടെ കണ്ടെത്താനാകും. കടഞ്ഞെടുത്ത വാക്കുകളിൽ ഗംഭീരാശയങ്ങൾ വിവരിക്കുമ്പോൾ അപ്രേമിന്റെ 'വിവരമില്ലായ്മയിലൂടെ' ഒരു വിനീത വിവേകശാലിയുടെ മുഖംകൂടി കാണാനാകുന്നു. ആയിരം മുഖങ്ങളുള്ള ദൈവശാസ്ത്ര കണ്ണാടിയും പിടിച്ചാണ് ആ അപ്രേമിന്റെ നിൽപ്.

ആവർത്തനവിരസമായ ശൈലികൊണ്ട് ബോറടിപ്പിക്കുന്നവൻ എന്ന് അപ്രേമിനെ ആക്ഷേപിച്ചിട്ടുള്ള ചിലരുണ്ടാകാം. വിദ്യാഭ്യാസമില്ലാത്ത സാമാന്യജനങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം ആവർത്തനശൈലി പ്രയോഗിച്ചത്. അതൊരു സെമിറ്റിക് രീതിയാണ്. പണ്ഡിതമ്മന്യന്മാരെന്ന് സ്വയം ഞെളിഞ്ഞിരുന്ന പാഷണ്ഡികൾക്കെതിരെ സാധാരണക്കാരന്റെ ഭാഷയിൽ സംസാരിക്കുന്ന അപ്രേമിന്റെ അജപാലനവ്യഗ്രതയുടെ ഉദാഹരണമായി ഇത്തരം ആവർത്തനങ്ങൾ കണ്ടാൽ മതി. ആശയലോകം അവസാനിക്കാതെയും ആവർത്തനം നിലയ്ക്കാതെയും നീണ്ടുനിൽക്കുന്ന രീതിയിൽ ഒഴുകിപ്പരന്ന് മനസ്സാകെ നിറഞ്ഞുകവിയുന്ന ഉപമകളും ചമൽക്കാരങ്ങളും അർഥകൽപനകളും സൂചനകളും വിരോധോക്തികളും കൊണ്ട് വേലിയേറ്റം സൃഷ്ടിക്കാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ട്. ആലോചിക്കുന്തോറും അർഥവ്യാപ്തി ഏറിവരുന്ന രീതിയിൽ ഇരമ്പിയാർക്കുന്ന തിരമാലകൾ പോലെയാണ് അദ്ദേഹത്തിന്റെ കാവ്യഭാവന ഉയർന്നുപൊങ്ങുക. തിരകൾ അടങ്ങുമ്പോഴാകും മനസ്സും ഹൃദയവും ദൈവചിന്തയുടെ മഹാസമുദ്രത്തിൽ വിശ്വാസത്തിന്റെ കപ്പലിറക്കുകയെന്ന് അദ്ദേഹം വിവരിച്ചിട്ടുണ്ട്. ആ കപ്പലിലാണ് അപ്രേമിന്റെ യാത്ര. ദൈവസ്തുതികൾ പാടുന്ന വീണ എപ്പോഴും കൈവശമുള്ള അപ്രേമിനെ ദൈവസ്തുതിയുടെ ദൈവശാസ്ത്രജ്ഞനെന്നു വിളിക്കാം.

പൂവിലും പുല്ലിലും പക്ഷിമൃഗാദികളിലും ചരാചരങ്ങളിലും മനുഷ്യനിലും മൺതരിയിലും എന്നുവേണ്ട സൃഷ്ടപ്രപഞ്ചത്തിലുടനീളം ദൈവത്തിന്റെ അടയാളങ്ങൾ ദർശിച്ച ചിത്രകാരനാണ് അപ്രേം മൽപ്പാൻ. മനുഷ്യനു മനസ്സിലാകുന്ന നൂറുനൂറ് ചിത്രങ്ങളിലൂടെ വാക്കുകളാകുന്ന ചായം കൊണ്ട് കഥ പറയുന്ന കലാകാരൻ എന്ന നിലയിൽ അദ്ദേഹം ചിത്രീകരണവിദഗ്ദ്ധനാണ്. വിദൂരസ്ഥനും സമീപസ്ഥനുമായ ദൈവത്തെ വാക്കുകളുടെ വസ്ത്രാലങ്കാരങ്ങളിലൂടെ ദൃശ്യനും അദൃശ്യനുമാക്കുന്ന ഭാഷാപ്രയോഗത്തിന്റെ ഉടമസ്ഥനാണദ്ദേഹം. വാക്കുകളിൽ മറഞ്ഞിരിക്കുന്ന ദൈവചിത്രങ്ങൾ ചലച്ചിത്രത്തിലൂടെ എന്നവണ്ണം ദൃശ്യമാകുമ്പോൾ വായനക്കാരൻ വിനീതനാകുന്നു. ശിശുതുല്യമായ ഹൃദയത്തിൽ നിറഞ്ഞുകവിയുന്ന അത്ഭുതാദരങ്ങളോടെ പ്രകൃതിനിരീക്ഷണ പടുവായ ആ കവിഹൃദയം ദൈവമേഖലയിലേക്ക് ചിറകടിച്ചുയരുമ്പോൾ വായനക്കാരനും കേൾവിക്കാരനും പറക്കാൻ ചിറകുകൾ വേണ്ടിവരും. അപ്രേമിന്റെ ചിന്തകൾക്ക് ചിറക് മുളയ്ക്കുമ്പോൾ നിലത്തു നിൽക്കുന്നവൻ ഒന്നും കണ്ടില്ലെന്നുവരാം. കാരണം, അപ്രേം പറന്നുയർന്ന് അനന്തവിഹായസ്സിൽ എത്തിക്കഴിഞ്ഞിരിക്കും.



കൃതികളിൽ അവിടവിടെ കാണുന്ന ശാസ്ത്രീയ നിരീക്ഷണങ്ങൾ നിമിത്തം 'സഭാപിതാക്കന്മാർക്കിടയിലെ ദൈവശാസ്ത്രജ്ഞൻ' എന്ന് അദ്ദേഹം അറിയപ്പെടുന്നു. കന്യകമറിയത്തെപ്പറ്റി ദൈവശാസ്ത്ര ഉൾക്കാഴ്ചയോടെ വിവരിക്കുന്നതിനാൽ 'മരിയൻ വേദപാരംഗതൻ' എന്നും അദ്ദേഹം വിളിക്കപ്പെടുന്നു. സുറിയാനിക്കാരുടെ പ്രവാചകൻ, അറിവിന്റെ നിറകുടം, സിറിയായിലെ സിംഹം, സഭയുടെ നെടുംതൂൺ, രണ്ടാംമോശ, മഹാനായ അപ്രേം, കർതൃകരത്തിലെ വീശുമുറം, ക്രൈസ്തവ ലോകത്തെ ഏറ്റവും വലിയ ദൈവശാസ്ത്രകവി, സഭാപിതാക്കന്മാരുടെ കാലത്തെ ഏറ്റവും വലിയ കവി, കവികളുടെ കവി, ദൈവശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞന്മാരുടെ കവിയും, പ്രാവുകൾക്കിടയിലെ കഴുകൻ, സഭയിലെ യൂഫ്രട്ടീസ് നദി എന്നിങ്ങനെയുള്ള അപരനാമങ്ങളാൽ 'പരിശുദ്ധാത്മാവിന്റെ ഈ വീണ' അറിയപ്പെടുന്നു. പ്രാർഥനയും വിശ്വാസപ്രഖ്യാപനവും കോർത്തിണക്കി അദ്ദേഹം മിസ്റ്റിസിസവും ദൈവശാസ്ത്രവും ഒന്നിച്ചുനിർത്തുന്നു.

## തിരുലിഖിതവ്യാഖ്യാനശൈലി

വി. ഗ്രന്ഥത്തെപ്പറ്റിയുള്ള സൃഷ്ടിപരവും പ്രാർഥനാപൂരിതവുമായ മനനത്തിന്റെ ഫലമാണ് മാർ അപ്രേമിന്റെ ദൈവശാസ്ത്രം. അതായത്, ക്രിസ്തുകേന്ദ്രീകൃതമായ വിശുദ്ധ ഗ്രന്ഥധ്യാനത്തിൽ നിന്ന് ഉയർന്നു വന്നതാണത്. പ്രാർഥനയുടെയും ദൈവസ്തുതിയുടെയും മേഖലയിലേക്ക് മനുഷ്യമനസ്സിനെ എത്തിക്കുന്നതായിരുന്നു ആ ദൈവശാസ്ത്രം. വേദഗ്രന്ഥത്തിൽ ദൈവാലയകൂടാരം സ്ഥാപിച്ച് വാസമുറപ്പിച്ച ചിന്തകൾ ശ്ലൈഹിക കാലത്തോട് സമകാലീനത പുലർത്തി. തിരുലിഖിതത്തിലേക്ക് അനുനിമിഷം ഓടിക്കയറുന്ന ദൈവശാസ്ത്രമാണ് അപ്രേമിൽ നാം കാണുക.

പഴയനിയമ പുതിയനിയമ വ്യത്യാസമെന്യേ വചനം കൊണ്ട് വചനം വ്യാഖ്യാനിക്കുന്ന ശൈലിയാണ് അപ്രേമിനുണ്ടായിരുന്നത്. ദിയാതെസ്സറോൺ ഭാഷ്യത്തിൽ ഇത് ഉടനീളം കാണാവുന്നതാണ്. തുടക്കം വേദഗ്രന്ഥത്തിലെ ഏതെങ്കിലും വാക്കോ, വാക്യമോ, ചിത്രീകരണമോ, പ്രതീകമോ ആയിരിക്കാം. വ്യാഖ്യാനപാത ഏതെന്ന് മുൻനിശ്ചയം കൂടാതെ തികഞ്ഞ സ്വാതന്ത്ര്യത്തോടെ മുന്നോട്ടൊഴുകുന്നു. മുന്നോട്ട് സ്വച്ഛസുന്ദരമായി ആ പ്രവാഹം നീങ്ങുമ്പോൾ നൂറായിരം കൈവഴികളിലൂടെ പൊട്ടിയൊഴുകാൻ കഴിവുള്ള യൂഫ്രട്ടീസായി അത് പരിണമിക്കുന്നു. വചനകേന്ദ്രീകൃതമായ ചിന്തകളുമായാണ് ചിലപ്പോൾ ആ കുത്തൊഴുക്ക്. തിരുലിഖിതവാക്യങ്ങൾ

ഉദ്ധരിച്ച് വിവരണം കൂടാതെ കടന്നുപോയെന്നുമിരിക്കും. വേറിട്ടൊരു വ്യാഖ്യാനം കൂടാതെ, വചനം വ്യക്തമാണെന്ന ധാരണയിൽ മുന്നോട്ടു നീങ്ങുന്ന ഭാഷ്യകാരൻ നിശ്ശബ്ദത പാലിച്ചു നിലകൊള്ളുകയായിരിക്കും ചിലപ്പോൾ. ചില വേളകളിൽ വേദവാക്യങ്ങളിൽ നിന്ന് വഴുതിമാറി സ്വതന്ത്രചിന്തകൾ അവതരിപ്പിക്കാനും വഴിയുണ്ട്. വേദശാസ്ത്രചിന്തകളും തിരുലിഖിതവാക്യങ്ങളും വേർതിരിക്കാൻ ആവാത്തവിധം പിരിച്ചുകെട്ടി ഒന്നാക്കുന്ന ശൈലിയായും അതു മാറാം. തിരുലിഖിതമെന്ന മഹാസമുദ്രത്തിൽ യഥേഷ്ടം നീന്തിത്തുടിച്ചു നീങ്ങാൻ അപ്രേമിന് വിശ്വാസമാകുന്ന കപ്പൽ തുണയായുണ്ടാകും. ദൈവശാസ്ത്രവിഹായസ്സിൽ പറന്നുയരാൻ ചിറകുകളുള്ള കഴുകനെപ്പോലെ അദ്ദേഹത്തിന്റെ ബുദ്ധിയും യുക്തിയും ഭാവനയും ചിന്തയും ഉൾക്കാഴ്ചയും ആ നൗകയുടെ പായ്മരത്തിൽ സദാ തയാറായി നിലകൊള്ളുന്നു. നേരിട്ടുള്ള ഉദ്ധരണികൾ ഒഴിവാക്കിക്കൊണ്ട് പരോക്ഷമായ സൂചനകൾമാത്രം നൽകാനായിരിക്കും ചിലപ്പോൾ ശ്രമിക്കുക. ദൃഷ്ടാന്തങ്ങളും സാദൃശ്യങ്ങളും രൂപകങ്ങളും വിരോധാഭാസങ്ങളും വാക്പ്രയോഗങ്ങളും ശ്ലേഷാർഥങ്ങളും നർമരസവും ചാലിച്ചെടുത്ത ചായക്കൂട്ടുകൾ ഭാഷയിലാകെ ഉണ്ടാകും. കാവ്യഭാവനയുടെ ചിറകടി ഗദ്യകൃതികളിൽ ഏതുഭാഗത്തും കേൾക്കാം. ഒരു പാഠത്തിനോ, വാക്യത്തിനോ, വിവിധ വ്യാഖ്യാനങ്ങൾ കണ്ടെത്താനും അപ്രേം ശ്രമിക്കാറുണ്ട്. അനേകരുടെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകാനാകും മറ്റൊരു ശ്രദ്ധ. വായനക്കാർക്കും കേൾവിക്കാർക്കും ഉപകരിക്കുന്ന ആധ്യാത്മിക ചിന്തകൾ വികസിപ്പിക്കുക അപ്രേമിന് ഇഷ്ടമുള്ള കാര്യമാണ്. ദിയാതെസ്സറോൺ ഭാഷ്യത്തിൽ നിന്ന് ചില ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം: മണ്ടനും പേടിത്തൊണ്ടനും ദരിദ്രനുമായ ശെമയോൻ കേപ്പാ (4,20); കിണറ്റിൻ കരയിൽവച്ചു നടക്കുന്ന വിവാഹവാഗ്ദാനങ്ങളുടെ പരമ്പര (5,17); രക്തസ്രാവക്കാരിയുടെ കഥ (7,3–12); പാപിനിയുടെ കാര്യം (10,8); ധനികയുവാവിനു പറ്റിയ അമളി (6,24); സമറിയായിൽ കിണറ്റിൻ കരയിൽ കാത്തിരിക്കുന്ന യേശു (12,16); യേശുവിന്റെ പീഡാനുഭവരംഗം (20,21) തുടങ്ങിയ ചിത്രങ്ങൾ വരയ്ക്കുമ്പോൾ നർമരസവും ഭക്തിരസവും കരുണരസവും ഒന്നിച്ചുചേർന്ന് ആധ്യാത്മികതയുടെ തിരയിളക്കം അദ്ദേഹം ഉണർത്തുന്നു.

ദൈവവചനം വ്യാഖ്യാനിച്ചു തീർക്കാനുള്ളതല്ല. എന്നാൽ ഒട്ടും വ്യാഖ്യാനിക്കേണ്ട എന്ന വാദിക്കുന്നതും ശരിയല്ല. എളിമയോടെ, നന്ദിയോടെ, പ്രാർഥനയോടെ വ്യാഖ്യാനിച്ചു ഗ്രഹിക്കണം. നമ്മുടെ വ്യഖ്യാനങ്ങളെല്ലാം അപൂർണമാണെന്ന ഉൾക്കാഴ്ച കൂടുതൽ പൂർണമായ വ്യാഖ്യാനസാധ്യത അവശേഷിപ്പിക്കുന്നു. അറിവിന്റെ അതിരുകൾ അനന്തതയോളം എന്നു മാറ്റിവരയ്ക്കാമെന്നു ചുരുക്കം. ഇനിയൊരിക്കലും ഒരൽപംപോലും വളരാനാവാത്തവിധം അറിവിന്റെ ചക്രവാളങ്ങൾ അവസാനിച്ചുപോയി എന്നു കരുതാനാവില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഓരോ തവണയും ധ്യാനപഠനംവഴി ദൈവവചനത്തെപ്പറ്റിയുള്ള അറിവിന്റെ ആഴവും പരപ്പും വളർന്നുവരുന്നു. വർധിച്ചുവരുന്ന അർഥവ്യാപ്തിയുടെ അനന്തസാധ്യതയുടെ വാതിലുകൾ തുറന്നാണ് കിടക്കുക. 'ആ വാതിൽ അടച്ചുകളയരുതേ' എന്നാണ് അപ്രേമിന്റെ അഭ്യർഥന. വെളിപ്പെട്ടതും മറഞ്ഞിരിക്കുന്നതും തമ്മിലുള്ള ബന്ധവും ബന്ധമില്ലായ്മയും അദ്ദേഹത്തിന്റെ എല്ലാ കൃതികളിലും കണ്ടെത്തുന്ന അതിപ്രധാനമായ ആശയങ്ങളിലൊന്നാണ്. അറിഞ്ഞതിനേക്കാൾ ഉപരി ഇനിയും അറിയാനിരിക്കുന്നു എന്ന് അദ്ദേഹം വാദിക്കാറുണ്ട്: "വി.ഗ്രന്ഥത്തിലെ വാക്കുകൾക്ക് ഒരർഥമേയുള്ളു എന്നു കരുതുക. അപ്പോൾ ആദ്യത്തെ വ്യാഖ്യാതാവുതന്നെ അതു കണ്ടെത്തും. പിന്നെ ബാക്കിയെല്ലാ വായനക്കാർക്കും കേൾവിക്കാർക്കും അന്വേഷണത്തിന്റെ അധ്വാനമോ, കണ്ടെത്തലിന്റെ ആഹ്ലാദമോ ഇല്ലാതെ പോകുമായിരുന്നു. എന്നാൽ നമ്മുടെ കർത്താവിന്റെ ഓരോ വാക്കിനും അതാതിന്റെ ഛായയുണ്ട്. ഓരോ ഛായയ്ക്കും അനേകം അംഗങ്ങളും ഓരോ അംഗത്തിനും അതാതിന്റെ തരവും രൂപവുമുണ്ട്. ഓരോരുത്തരും താന്താങ്ങളുടെ കഴിവിന് അനുസൃതമായി കേൾക്കുന്നു. തനിക്ക് കിട്ടിയതനുസരിച്ച് വ്യാഖ്യാനിക്കുന്നു" (7,22).



വിശുദ്ധ ഗ്രന്ഥത്തിൽ നിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ മാത്രം അടിസ്ഥാനമാക്കി മറ്റു ഭാഗങ്ങളെ ആക്രമിക്കുന്നവരുടെ മനോഭാവത്തെ അപ്രേം എതിർക്കുന്നു: 'തനിക്കു പറ്റിയ ഭാഗങ്ങൾ മാത്രം സാത്താൻ തിരുലിഖിതങ്ങളിൽ നിന്ന് തപ്പിപ്പെറുക്കി എടുക്കുന്നു. തനിക്ക് പറ്റാത്തവ അവൻ വിട്ടുകളയും. പാഷണ്ഡികളും ഇതുപോലെ തന്നെ. തങ്ങളുടെ തെറ്റായ പഠനങ്ങൾക്ക് ചേരുന്ന ഭാഗങ്ങൾ അവർ തിരുലിഖിതത്തിൽ നിന്ന് എടുക്കുന്നു. തങ്ങളുടെ തെറ്റുകൾക്ക് എതിരായവയൊക്കെ വിട്ടുകളയും. അങ്ങനെ ഈ യജമാനന്റെ (അതായത് സാത്താന്റെ) ശിഷ്യരാണ് തങ്ങളെന്ന് അവർ വ്യക്തമാക്കുന്നു" (4,8c).

## മനുഷ്യാവതാര ദൈവശാസ്ത്രം

മനുഷ്യാവതാരത്തിന്റെ ദൈവശാസ്ത്രം വിവരിക്കാൻ അപ്രേമിന് സൈദ്ധാന്തിക ദർശനങ്ങളുടെ പിൻബലം ആവശ്യമില്ല. "ജഡമെടുക്കുകയും ബലഹീനത ധരിക്കുകയും വിശന്നപ്പോൾ ഭക്ഷിക്കുകയും ജോലി കഴിയുമ്പോൾ ക്ഷണിക്കുകയും ക്ഷീണിക്കുമ്പോൾ ഉറങ്ങുകയും ചെയ്തതിനാൽ, തന്റെ മരണസമയം അടുത്തപ്പോൾ ജഡവുമായി ബന്ധപ്പെട്ട ഈ കാര്യങ്ങളെല്ലാം പൂർത്തീകരിക്കപ്പെടേണ്ടിയിരുന്നു" (20,4). മനുഷ്യാവതാര രഹസ്യത്തിന്റെ അടിസ്ഥാനഭാഗമാണ് യേശുവിന്റെ പീഡാസഹനങ്ങൾ. യേശു തന്റെ ശരീരത്തിൽ പീഡകൾ സഹിച്ചത് വെറും അഭിനയമായിരുന്നില്ല: "തന്റെ ശാരീരിക മരണത്തിന്റെ ഈ നാഴികയിൽ ശരീരത്തിനുള്ളത് അവൻ

ശരീരത്തിനു നൽകി...അവൻ വിശപ്പുള്ളവനും ദാഹാർത്തനും ക്ഷീണിതനും ഉറക്കം ആവശ്യമുള്ളവനും ആയിരുന്നതുപോലെ, അവൻ ഭയപ്പെട്ടുപോയി...വേദനയും കഠിനാധ്വാനവും കൂടാതെയാണ് അവൻ നമ്മുടെ കടം വീട്ടിയതെന്ന് ലോകത്തിലെ മനുഷ്യർക്ക് പറയാൻ ഇടയാകാതിരിക്കാനാണിത്..." (20,6). രക്ഷാകര പ്രവർത്തനത്തിന്റെ ഓരോഘട്ടവും യേശു മനുഷ്യകുലത്തിനു വെളിപ്പെടുത്തുന്നതായി അപ്രേം വിശദീകരിക്കുന്നു: "പീഡിപ്പിക്കപ്പെട്ട സത്യത്തെപ്രതി കർത്താവ് സത്യത്തിന്റെ സംരക്ഷകനായിത്തീർന്നു. പീലാത്തോസിന്റെ മുമ്പാകെ നിശ്ശബ്ദനുമായിരുന്നു. മറ്റുള്ളവർ ന്യായവാദങ്ങളിലൂടെ വിജയം വരിച്ചപ്പോൾ, നമ്മുടെ കർത്താവ് തന്റെ നിശ്ശബ്ദതയിലൂടെ വിജയശ്രീലാളിതനായി. കാരണം, സത്യപ്രബോധനത്തിന്റെ വിജയമായിരുന്നു ദിവ്യനിശ്ശബ്ദതയുടെ പ്രതിഫലം. അവിടുന്ന് പഠിപ്പിക്കാനായി സംസാരിച്ചു. എന്നാൽ വിസ്താരസ്ഥലത്ത് നിശ്ശബ്ദനായിരുന്നു" (20,16). മിശിഹായുടെ നിശ്ശബ്ദത ജനക്കൂട്ടത്തിന്റെ വാക്കുകളേക്കാൾ വാചാലമായി നിലകൊള്ളുകയും വിജയം വരിച്ച് ഫലമുളവാക്കുകയും ചെയ്തെന്നാണ് അപ്രേമിന്റെ വാദം.

തുളച്ചുകയറുന്ന ബിംബകൽപനകൾ വാരിവിതറിക്കൊണ്ടാണ് അപ്രേമിന്റെ ഭാഷ ഗദ്യത്തിലായാലും പദ്യത്തിലായാലും മുന്നേറുക: "അവരുടെ ഉള്ളിലേക്ക് പരിശുദ്ധാത്മാവിനെ ഊതിക്കയറ്റിയവന്റെ മുഖത്ത് അവർ തുപ്പി. അവർ അവന്റെ കൈയിൽ ഒരു ഞാങ്ങണ കൊടുത്തു. കാരണം, വാർധക്യത്തിലെത്തിയ ലോകം ചാരി നിന്ന വടിപോലെ ആയിരുന്നു അവൻ. ന്യായാധിപന്മാരുടെ വിധിവാചകങ്ങൾ ഉറപ്പിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും അതുകൊണ്ടായിരുന്നു. അതുപോലെ അവിടുന്ന് എഴുതിയതും, തന്റെ ഭവനത്തിൽ നിന്ന് ദുഷ്ടരെ ആട്ടിയോടിച്ചതും അതുപയോഗിച്ചായിരുന്നു" (20,17). മണ്ണിൽ നിന്ന് മെനഞ്ഞ് ആദത്തിന് ജീവൻ നൽകിയതും ശ്ലീഹന്മാരിൽ പരിശുദ്ധാത്മാവിനെ കുടിയിരുത്തിയതും ദൈവം മനുഷ്യന്റെ മുഖത്ത് ഊതിക്കൊണ്ടായിരുന്നു. മനുഷ്യന് ദൈവത്തിന്റെ മുഖത്ത് തുപ്പാൻ പര്യാപ്തമാംവിധം ദൈവം മുഖം താഴ്ത്തി നിന്നുകൊടുത്തു. പാപപങ്കിലമായ ലോകം യുവത്വവും പ്രസരിപ്പും നഷ്ടപ്പെട്ട് ജരാനരകൾ പിടിപെട്ട് വീഴാൻ പോകവേ അവൻ അതിനെ താങ്ങിനിർത്തി. അവിടുന്ന് പാപിനിയോട് കാരുണ്യവും ദൈവാലയത്തെ അശുദ്ധമാക്കുന്ന ഹൃദയം കടുത്തവരോട് കാർക്കശ്യവും കാണിച്ചു. താൻ രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നവനായി കാണിച്ചുകൊടുത്തു. 'പടയാളികളിൽ ഒരുവൻ അവനെ കുന്തംകൊണ്ട് കുത്തി' എന്ന വാക്യത്തെപ്പറ്റി സഭാപിതാക്കന്മാരുടെ ലോകത്തുനിന്ന് ലഭിച്ചിട്ടുള്ള ഏറ്റവും ഹൃദയാവർജകവും ദൈവശാസ്ത്രസമ്പന്നവുമായ വ്യാഖ്യാനം അപ്രേമിന്റേതാണ്. സുദീർഘമായ ആ ഭാഗം മനസ്സിരുത്തി വായിക്കുന്നവർക്കാർക്കും ബൈബിൾ പണ്ഡിതനും ദൈവശാസ്ത്രജ്ഞനും കവിയും



മിസ്റ്റിക്കുമായ അപ്രേം അന്യനായിരിക്കുകയില്ല (21,10-13). "തിരുലിഖിതങ്ങളുടെ നിഗൂഢപ്രകാശം കാണാൻ നിങ്ങൾക്ക് കഴിവില്ലെങ്കിൽ അവ വായിക്കുന്ന അധ്വാനം ഉപേക്ഷിക്കുക" (20,29) എന്ന് അദ്ദേഹം പറയുന്നു. തിരുലിഖിതങ്ങളുടെ ആന്തരികതയിലേക്കു പോയാൽ, പ്രകാശിതമായ ലോകത്തിലായിരിക്കും വായനക്കാരൻ. അല്ലെങ്കിൽ വാക്കുകളുടെ വേലിക്കെട്ടുകൾക്കപ്പുറം കടക്കാൻ കഴിയാതെ, അർഥമറിയാതെ അവൻ അതുമിതും പുലമ്പുകയേയുള്ളു. വായനകൊണ്ടും കേൾവികൊണ്ടും അവസാനിക്കാതെ വാക്കുകളുടെ പുറംതോടുകൾ വിട്ട് അർഥത്തിലേക്ക് എത്തിനിൽക്കണം. വാഗ്വിലാസത്തിന്റെ വാതായനങ്ങൾ വലിച്ചുതുറന്ന് അകത്തുകടന്നാലേ ബൈബിൾവ്യാഖ്യാനം കൊണ്ട് കാര്യമുള്ളു. പ്രപഞ്ചമാകുന്ന പുസ്തകം, തിരുലിഖിതം, മിശിഹായെന്ന താക്കോൽ എന്നിവ മൂന്നും ദൈവമേഖലയിലേക്ക് എത്തിച്ചേരാൻ മനുഷ്യനെ സഹായിക്കുന്നതിനാൽ, വാക്കുകൾക്കിടയിലൂടെ ആ തലത്തിലേക്ക് തീർഥാടനം സാധ്യമാകുന്നു. അതത്രേ അപ്രേം ആവർത്തിച്ചുപറയുക.[3]

## സത്യപെസഹാക്കുഞ്ഞാട്

മാർ അപ്രേമിനെ കൂടുതലായി സ്വാധീനിച്ചിട്ടുള്ളത് യോഹന്നാൻ ശ്ലീഹായും പൗലോസ് ശ്ലീഹായുമാണ്. എന്നാൽ സെമിറ്റിക്,യൂദയോ-ക്രിസ്റ്റ്യൻ പശ്ചാത്തലത്തിലാണ് അദ്ദേഹം തന്റെ ആശയങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. സത്യകുഞ്ഞാടായ ക്രിസ്തു ഉദ്ഘാടനം ചെയ്ത പുതിയ ഉടമ്പടിയുടെ അനന്യതയെപ്പറ്റി അദ്ദേഹത്തിന് തികഞ്ഞ അവബോധം ഉണ്ടായിരുന്നു. ക്രിസ്തുരഹസ്യത്തിന്റെ മുൻകുറികൾ (*തുപ്സേ*) പഴയനിയമത്തിലും പ്രതീകങ്ങൾ പ്രകൃതിയിലും ദർശിച്ച അപ്രേം പദ്യരൂപത്തിൽ തന്റെ ക്രിസ്തുദർശനം അവതരിപ്പിച്ചു. പഴയനിയമത്തിന്റെ പൂർത്തീകരണമാണ് (*ശുൽമാനാ*) ക്രിസ്തു. ക്രിസ്തുകേന്ദ്രീകൃതമാണെങ്കിലേ പഴയ നിയമത്തിന് അർഥമുള്ളു, അത് ക്രിസ്ത്യാനികളുടെ ഗ്രന്ഥമാകൂ. ക്രിസ്തുവിൽ പൂർത്തീകൃതമായ മുൻകുറികൾക്ക് ഇനി പ്രസക്തിയില്ല (പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്, 6,1-2). എന്നാൽ പുതിയനിയമം മനസ്സിലാക്കാൻ പഴയത് അത്യാവശ്യമാണ്. അവയുടെ യഥാർഥ അർഥം കണ്ടെത്തുക എന്നതാണ് സുപ്രധാന സംഗതി. പഴയനിയമ മുൻകുറികൾ പുതിയനിയമ യാഥാർഥ്യങ്ങളുമായി(*ശ്രാറേ*)എങ്ങനെ ഒത്തുപോകുന്നെന്ന് സൂക്ഷ്മാവലോകനദൃഷ്ട്യാ അപ്രേം കാട്ടിത്തരുന്നു. ആഴമായ വിശ്വാസവും തികഞ്ഞ സഭാസ്നേഹവുമാണ് അദ്ദേഹത്തിന്റെ വഴികാട്ടികൾ. ബുദ്ധിയെയും ഹൃദയത്തെയും ഒരുപോലെ സ്പർശിക്കത്തക്കവിധം ആരാധനാവസരങ്ങൾക്കായി എഴുതപ്പെട്ട

3. തോമസ് കൂനമ്മാക്കൽ, *അവതാരിക*: **in** ജി. ചേടിയത്ത്, മാർ അപ്രേം-സുവിശേഷ ഭാഷ്യം, കോട്ടയം,2002,പേ. xi-xxxvii.

വയാണ് അദ്ദേഹത്തിന്റെ ഗീതങ്ങൾ. പെസഹാക്കുഞ്ഞാട് (*എമർ പെസ്ഹാ*) പഴയനിയമത്തിലെ ഒരു സുപ്രധാന മുൻകുറിയാണ്. അതിനെ ആധാരമാക്കി അപ്രേം ആഴമേറിയ രക്ഷാകരശാസ്ത്രം പടുത്തുയർത്തുന്നു. ഈജിപ്തിൽ സന്ധ്യാസമയത്ത് അറുക്കപ്പെട്ട പെസഹാക്കുഞ്ഞാട് പുതിയ നിയമത്തിലെ സത്യകുഞ്ഞാ ടിന്റെ (*എമർ ഖുശ്താ*) മുൻകുറിയാണ്. കുഞ്ഞാടിന്റെ കൊലയും രക്തം തളിക്കലും പുറപ്പാടും യാഹ്‌വേയുടെ ജനമായ ഇസ്രായേലിന്റെ ജനനത്തെ കുറിക്കുന്നു. ഭാവിയിൽ യാഹ്‌വേ അവർക്കു നൽകാനിരിക്കുന്ന വിടുതലിന്റെയും വിജയത്തിന്റെയും, വാഗ്ദത്തനാട് സ്വന്തമാക്കുന്നതിന്റെയും അടയാളമാണത്. അന്നുമുതൽ പെസഹാ അനുഷ്ഠാനം വിടുതലിന്റെ അനുസ്മരണയാണ്, ഭാവിയിൽ മിശിഹായിലൂടെയുള്ള രക്ഷയുടെ വാഗ്ദാനവുമാണ്.

ക്രിസ്തുവിന്റെ രക്തവും ബലിയും പുതിയ ഇസ്രായേലിനെ പിശാചിൽ നിന്നും മരണത്തിൽ നിന്നും പാപത്തിന്റെ ശക്തിയിൽ നിന്നും വിടുവിക്കുന്നു. അത് ജീവനും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്നു. കുർബാനയിൽ ഈ ക്രിസ്തുസംഭവം അനുസ്മരിക്കുന്നു. അത് ഭാവിയിലെ വിടുതലിന്റെ അച്ചാരമാണ്. അന്ത്യത്താഴം, കുരിശിലെ ബലി, സഭയുടെ കുർബാന എന്ന ബലി എന്നീ ത്രിവിധരീതികളിൽ പെസഹാക്കുഞ്ഞാട് ക്രിസ്തുവിൽ യാഥാർഥ്യവൽക്കരിക്കപ്പെടുന്നു. അന്ത്യത്താഴത്തിൽ സത്യകുഞ്ഞാട് തന്റെ ശരീരം മുറിച്ച് ശിഷ്യർക്ക് നൽകുന്നു (*അതേകൃതി,*19,1-2). അത് കുരിശിലെ ജീവാർപ്പണത്തിന്റെ രക്തരഹിതബലിയാണ്. മാളികമുറി ആദ്യപള്ളിയും അവിടുത്തെ മേശ ആദ്യബലിപീഠവുമാണ് (*ക്രൂശിക്കലിനെക്കുറിച്ച്,* 2,12). പ്രതീകാത്മക കുഞ്ഞാടും സത്യകുഞ്ഞാടും അവിടെ സന്ധിക്കുന്നു. മുൻകുറി യാഥാർഥ്യമാകുന്നതും പ്രതീകം അവസാനിച്ച് യാഥാർഥ്യം ആരംഭിക്കുന്നതും അവിടെയാണ് (*അതേകൃതി,* 2,11). അന്ത്യത്താഴത്തിൽ ക്രിസ്തു യഥാർഥത്തിലുള്ള പുളിപ്പില്ലാത്ത അപ്പവും പുതിയ പെസഹാഭക്ഷണവും ആയിത്തീർന്നു. അവിടുന്ന് കുഞ്ഞാടും അപ്പവും പുതിയ പെസഹായുടെ കാസായുമാണ്.

സത്യപെസഹാകുഞ്ഞാടായി ക്രിസ്തു കുരിശിൽ ബലിയർപ്പിക്കപ്പെട്ടു. പുരോഹിതനും ബലിവസ്തുവും അവനിൽ സന്ധിച്ച് അവൻ പരിപൂർണ ബലിയായിത്തീർന്നു (പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച് 2,2-5). അവിടുന്ന് സത്യകുഞ്ഞാടും അതേസമയം അജഗണത്തിനുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുന്ന ഇടയനുമാണ് (മനുഷ്യാവതാരം,3.15). അവന്റെ രക്തം പുതിയ ഇസ്രായേലിനെ മരണത്തിൽ നിന്ന് രക്ഷിച്ച് ജീവൻ പ്രദാനം ചെയ്തു. ഈ ബലിമൂലം യഹൂദരുടെയും വിജാതിയരുടെയും സമസ്ത മൃഗബലികളും കഥയില്ലാത്തതായി മാറി. കാരണം, സത്യകുഞ്ഞാടായ ക്രിസ്തുവിന്റെ രക്തം കൂടാതെ രക്ഷയില്ല. ഇന്ന് ആ രക്ഷ സഭയിൽ കുർബാനയിലെ ബലി



യിലൂടെയാണ് ലോകം മുഴുവൻ നൽകപ്പെടുന്നത്. സത്യപെസഹായുടെ പൂർത്തീകരണമാണ് കുർബാന. ഈ പുതിയ പെസഹാബലിയിൽ ക്രിസ്തുവാണ് കുഞ്ഞാട്. അവന്റെ പൗരോഹിത്യം മറ്റെല്ലാ പ്രതീകാത്മക പൗരോഹിത്യങ്ങളെയും നീക്കിക്കളഞ്ഞു. യാഥാർഥ്യം കടന്നുവന്നപ്പോൾ നിഴലുകൾ നീങ്ങിപ്പോയി. സത്യപ്രകാശം ഉദയം ചെയ്തപ്പോൾ ഇരുൾ പമ്പകടന്നു. കുർബാനയിൽ അവിടുന്ന് നമ്മുടെ അപ്പമായി തീരുന്നു. ഇതിനെ യൂദരുടെ അപ്പവുമായി കൂട്ടിക്കുഴയ്ക്കരുത് (*അതേകൃതി,* 19,22-24). പറുദീസാ എന്ന വാഗ്ദത്തനാട്ടിലേക്കുള്ള തീർഥാടനത്തിൽ ക്രിസ്തുശിഷ്യരെ താങ്ങിനിർത്തുന്നത് ഈ സജീവാപ്പമാണ്. അത് അവരെ ആന്തരികമായി രൂപാന്തരപ്പെടുത്തുകയും മരണത്തെ കൊന്ന് അവർക്ക് ജീവൻ നൽകുകയും ചെയ്യുന്നു. ഈ അപ്പത്തിന്റെ അവാച്യശക്തി പരിശുദ്ധാത്മാവിൽനിന്ന് വരുന്നതിനാൽ അതിലൂടെ ദൈവജനത്തിന് ഈ ധരയിൽ വച്ചുതന്നെ ക്രിസ്തുവുമായി ഗാഢബന്ധമുണ്ടാകുന്നു. ഭാവിമഹത്വത്തിന്റെ അച്ചാരമായി തീരുകയും ചെയ്യുന്നു: "മുൻകുറി ഈജിപ്തിലായിരുന്നു, യാഥാർഥ്യം സഭയിലും അതിന്റെ പൂർത്തീകരണം രാജ്യത്തിലും" എന്ന് അപ്രേം പറയുന്നത് അർഥവത്താണ് (*അതേകൃതി,*5,23).[4]

## ക്രിസ്തുവിലുള്ള നവീകരണം

ആദ്യമനുഷ്യൻ സ്വതന്ത്രേച്ഛയാൽ ഉരിഞ്ഞുകളഞ്ഞ മഹത്വവസ്ത്രം അവനെ ധരിപ്പിക്കാനാണ് കാലപൂർത്തിയിൽ ദൈവപുത്രൻ മനുഷ്യനായി തീർന്നത്. മനുഷ്യന് നിത്യജീവനും ദൈവികമഹത്വവും സത്യജ്ഞാനവും നൽകുക എന്നതായിരുന്നു ദൈവികപദ്ധതി. തന്റെ ജീവൗഷധത്താൽ അവിടുന്ന് മനുഷ്യകുലത്തെ ജീവിപ്പിച്ചു. അവനെ പറുദീസായിൽ വീണ്ടും പ്രവേശിപ്പിച്ചു. ഭൗമികജീവിതം പറുദീസാ ലക്ഷ്യമാക്കിയുള്ള യാത്രയായി അപ്രേം അവതരിപ്പിക്കുന്നു. ക്രിസ്തുവിലൂടെ മാത്രമേ മനുഷ്യന് പറുദീസായിൽ കയറാനാകൂ. അതുകൊണ്ട്, ക്രിസ്തു 'വഴിയും വാതിലും' എന്നു വിളിക്കപ്പെടുന്നു. ക്രിസ്തുവാണ് നമ്മുടെ മഹത്വവസ്ത്രം. അവിടുന്നാണ് നമ്മുടെ വെളിച്ചവും ശോഭയും. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്ന് തന്റെ കുരിശിലെ മരണത്താൽ ക്രിസ്തു നമ്മെ വിടുവിച്ചു. അങ്ങനെ മനുഷ്യരക്ഷാചരിത്രം പറുദീസായിലെ മരത്തിൽ നിന്ന് കുരിശുമരത്തിലേക്കുള്ള യാത്രയാണ്. ആ യാത്ര അവിടംകൊണ്ട് അവസാനിക്കാതെ സീയോനിൽ നിന്ന് സഭയിലെക്കും സ്വർഗരാജ്യത്തിലേക്കും നീണ്ടുകിടക്കുന്നു. സഭയിലെ ദിവ്യകൂദാശകളിലൂടെ ക്രിസ്തുസംഭവം യാഥാർഥ്യവൽക്കരിക്കപ്പെടുന്നു, മനുഷ്യർ പറുദീസായിലേക്ക് പ്രവേശിക്കുന്നു. സഭയാണ് നവ

4. J.Naduvilezham, *The Theology of the Paschal Lamb in Ephrem of Nisibis*, Kottayam, 2000.

പറുദീസാ. അവിടെ ക്രിസ്തുവാണ് ജീവവൃക്ഷം. രക്തവും വെള്ളവും (യോഹ.19,34) സ്നാനത്തെയും കുർബാനയെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പാർശ്വത്തിലൂടെയാണ് മനുഷ്യർ പറുദീസായിലേക്ക് കടക്കുന്നത്.

തന്റെ സ്നാനത്താൽ ക്രിസ്തു എല്ലാ ജലാശയങ്ങളെയും വിശുദ്ധീകരിക്കുകയും അവയിൽ തന്റെ ആത്മാവിനെ നിക്ഷേപിക്കുകയും ചെയ്തു. പരിശുദ്ധാത്മാവിനാൽ മനുഷ്യരുടെ നീതീകരണത്തിനുള്ളതാണ് ക്രിസ്തീയസ്നാനം. മനുഷ്യർ ശുദ്ധീകരിക്കപ്പെട്ട് മഹത്വീകരിക്കപ്പെടുന്നതും ജീവനിലേക്ക് പ്രവേശിക്കുന്നതും സ്നാനത്തിലൂടെയാണ്. യോർദാനിൽ പഴയനിയമവും പുതിയനിയമവും സന്ധിക്കുന്നു. പഴയതിന്റെയെല്ലാം പൂർത്തീകരണം അവിടെ നടക്കുന്നു. ക്രിസ്തുവിലും പരിശുദ്ധാത്മാവിലുമുള്ള നവജീവൻ സ്നാനം പ്രദാനം ചെയ്യുന്നു. സ്നാനം വീണ്ടും ജനിപ്പിക്കുന്നു, അത് രണ്ടാം ജനനമാണ്. അത് മഹത്വവസ്ത്രം ധരിപ്പിക്കുന്നു. നഷ്ടപ്പെട്ട ഛായയും സാദൃശ്യവും തിരികെ നല്കുന്നു. അതായത്, പറുദീസായിലേക്ക് കടത്തുന്നു. ഒരദൃശ്യമുദ്ര പ്രദാനം ചെയ്യുന്നു. ജീവവൃക്ഷത്തിൽ നിന്ന് ഭക്ഷിക്കാൻ അനുവാദം ലഭിക്കുന്നു. സ്വർഗീയവിരുന്നിന്റെ മുന്നാസ്വാദനം അനുഭവിക്കുന്നു. അന്ധകാരം നീക്കി പ്രകാശിതരാക്കുന്നു. 'മഹത്വവസ്ത്രം ധരിക്കുക' എന്നാൽ ക്രിസ്തുവിനെ ധരിക്കുക എന്നാണർഥം. കാലാന്ത്യത്തിലെ മണവറയിലേക്കുള്ള മഹത്വവസ്ത്രവും അവൻ തന്നെയാണ്. ക്രിസ്തുവിന്റെ ഛായയാണ് മനുഷ്യനു ലഭിക്കുന്ന ഛായ. മനുഷ്യനു ലഭിക്കുന്ന രാജകീയമുദ്ര ക്രിസ്തുവിന്റെ മുദ്രയാണ്. അങ്ങനെ നാം നവസൃഷ്ടികളാകുന്നു. ഈ നവസൃഷ്ടി പരിശുദ്ധാത്മാവിലുള്ള നവീകരണം തന്നെയാണ്. ആന്തരിക നവീകരണത്തോടൊപ്പം അമർത്യതയുടെ അച്ചാരം നമ്മുടെ ശരീരങ്ങൾക്കും ലഭിക്കുന്നു. മർത്യശരീരം ദൈവത്തിന്റെ വാസഗേഹമായി തീരുന്നു. നാം ദൈവീകരിക്കപ്പെടുന്നു, ദൈവഭവനാംഗങ്ങളാകുന്നു, ഉയർത്തപ്പെടുന്നു, ദൈവവുമായി ഐക്യപ്പെട്ട് ദൈവമക്കളായി തീരുന്നു.

മാർ അപ്രേം വി.കുർബാനയെ അപ്പം, ആത്മീയഭക്ഷണം, ക്രിസ്തുവിന്റെ രക്തം, ക്രിസ്തുവിന്റെ ശരീരം, ജീവൗഷധം, പുതിയ രഹസ്യം, സജീവബലിവസ്തു, രക്ഷയുടെ കാസാ എന്നൊക്കെ വിളിക്കുന്നു. വി.കുർബാന ജീവദായക ദിവ്യരഹസ്യമാണ്. ക്രിസ്തുവിന്റെ സൗഖ്യദായകകർമം ഫലദായകമാകുന്നത് കുർബാനയിലാണ്. അപ്പം വർദ്ധിപ്പിച്ചതിലും അത്ഭുതകരമായ മീൻപിടിത്തത്തിലും സൗഖ്യദായക കർമത്തിലും (ലൂ.7,36-50) പുളിമാവിന്റെ ഉപമയിലും (മത്താ. 13,30) കാനായിലെ അടയാളത്തിലും ഒക്കെ അപ്രേം കുർബാനയുടെ സൂചനകൾ കാണുന്നു. പെസഹാ കുഞ്ഞാടിലും പെസഹാ ഭക്ഷണത്തിലും പുളിപ്പില്ലാത്ത അപ്പത്തിലും ഏദനിലും ഒക്കെ കുർബാനയുടെ മുൻകുറി ദൃശ്യമാണ്. ജീവൗഷധമായ കുർബാന ശുദ്ധീകരിക്കുകയും പവിത്രീകരിക്കുകയും കടങ്ങൾ പരിഹരിക്കുകയും പാപബന്ധനങ്ങളിൽ നിന്ന് സ്വതന്ത്രരാക്കുകയും നവജീവൻ നൽകുകയും ചെയ്യുന്നു. ഇത് സജീവമായ അപ്പമാണ്. ഉദയസൂര്യനെപ്പോലെ ക്രിസ്തു തന്റെ പ്രകാശവും ശോഭയും വി. കുർബാനയിൽ വെളിപ്പെടുത്തുന്നു. അത് ഭക്ഷിക്കുന്നവർക്ക് നിത്യജീവനും ജീവന്റെ ഭണ്ഡാരവും കരഗതമാകുന്നു. ഈ ശരീരം മർത്യശരീരങ്ങളെയും ആത്മാക്കളെയും ജീവിപ്പിക്കുന്നു. ജീവവൃക്ഷത്തിന്റെ ഫലമാണ് ക്രിസ്തുവിന്റെ ശരീരം. പറുദീസായിലെ മരം മരണത്തിൽ എത്തിച്ചെങ്കിൽ, ഗോഗുൽതായിലെ മരം മരണനുകത്തിൽ നിന്നു മോചിപ്പിച്ചു. സഭയാകുന്ന പറുദീസായിലെ നവഫലമാണ് കുർബാന. ഈ ഫലം പറുദീസായിലേക്ക് നമ്മെ കടത്തുന്നു. അതുകൊണ്ട് സ്വർഗരാജ്യത്തിനായി ഒരുങ്ങിവേണം ഇത് സ്വീകരിക്കാൻ. വിശ്വാസത്തോടും കളങ്കമില്ലാതെയും ശുദ്ധമനസ്സാക്ഷിയോടും ഭയഭക്തിബഹുമാനങ്ങളോടും സാഹോദര്യസ്നേഹത്തോടും കൂടെ ഇതിനെ സമീപിക്കണം. അപ്പോൾ ഈ കാസാ ജീവന്റെ മഹാഉറവയായിത്തീരും. ക്രിസ്തുവിൽ നിന്ന് സഭ സ്വീകരിച്ച ഏറ്റവും വലിയ ദാനമാണ് വി.കുർബാന. അത് തന്റെ സ്വന്തം ജീവദായകശരീരമാണ്. തന്റെ ഭൗമികശരീരം സൗഖ്യത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഉറവയായിരുന്നതുപോലെ വി.കുർബാനയിലെ ശരീരവും സൗഖ്യദായകവും ജീവദായകവുമാണ്.



ക്രിസ്തു നേടിത്തന്ന രക്ഷ ഓരോ വ്യക്തിയും തന്റെ സ്വതന്ത്രേച്ഛ ഉപയോഗിച്ച് സ്വന്തമാക്കണം. പാപത്തിൽ നിന്നുള്ള മോചനത്തിന് ഇച്ഛാശക്തിയുടെ നിയന്ത്രണവും പരിഹാരകർമങ്ങളും അപരിത്യാജ്യമാണ്. പറുദീസായിലേക്ക് മടങ്ങാൻ അനുതാപകർമങ്ങൾ അവശ്യാവശ്യമാണ്. ഈ കർമങ്ങളെല്ലാം ദൈവസ്നേഹത്തിലേക്കു നയിക്കണം. പാപിനി കർതൃപാദം കഴുകിയതുവഴി പാപമോചനത്തിന് അർഹയായി. മാനസ്സാന്തരത്തിന്റെ ബാഹ്യാടയാളങ്ങളാണ് അനുതാപകർമങ്ങൾ. ഉപവാസം, അനുതാപക്കണ്ണീർ തുടങ്ങിയവ ദൈവസമക്ഷം നമ്മെ സ്വീകൃതരാക്കും. അനുതാപി ദൈവസമക്ഷം അണയാൻ തൽപരനായിരിക്കും. അവന് ദൈവകാരുണ്യം ലഭിക്കുകയും ചെയ്യും. പ്രാർഥനയും നിശാജാഗരണവും കരുണ ലഭിക്കാൻ സഹായകമാണ്. നമ്മുടെ വിശ്വാസപ്രഖ്യാപനമാണ് പ്രാർഥന. നാമത് പരസ്യമായി നടത്തുകയും വേണം. ഹൃദയത്തിൽ നിന്നുയരുന്ന പ്രാർഥന സ്വർഗകവാടം തുറക്കും. പ്രാർഥനയ്ക്കും ദൈവസംസർഗത്തിനുമാണ് നിശാജാഗരണം. താപസ്സകർമങ്ങൾ അനുഷ്ഠിക്കുന്നതു മാത്രമല്ല ക്രിസ്തീയജീവിതം. താപസ്സമനോഭാവവും വീക്ഷണവും അതിനോടു ചേർന്നുപോകണം. ഭൗമികവസ്തുക്കളോടും നേട്ടങ്ങളോടും സമ്പാദ്യങ്ങളോടുമുള്ള മനോഭാവത്തിൽ അത് അടങ്ങിയിരിക്കുന്നു. ദൈവത്തിൽ എല്ലാ പ്രത്യാശയും സമർപ്പിക്കാൻ അത് പ്രേരിപ്പിക്കുന്നു. അത് സ്വർഗരാജ്യത്തെ ലക്ഷ്യമാക്കുന്നു. ഇപ്രകാരം ജീവിക്കാൻ സഹായകമായ ജീവിതമാണ് കന്യാത്വജീവി

തമെന്ന് മാർ അപ്രേം കരുതുന്നു. വിശ്വാസികൾ ഏവരും തങ്ങളുടെ ജീവിതാവസ്ഥയിൽ നിന്നുകൊണ്ട് ഈ ലക്ഷ്യത്തിൽ എത്തിച്ചേരേണ്ടതുണ്ട്.[5]

## 3. സുറിയാനി ക്രോണിക്കിൾചരിത്രം

സുറിയാനി ഭാഷയിൽ കുറേ ചരിത്രവിവരണങ്ങൾ (ക്രോണിക്കിളുകൾ) ലഭിച്ചിട്ടുണ്ട്. അവയെപ്പറ്റിയുള്ള ചുരുങ്ങിയ വിവരണമാണ് താഴെ കൊടുക്കുന്നത്. ഇവ ചരിത്രരചനയ്ക്ക് കുറേയൊക്കെ സഹായകമാണ്.

**ജോഷ്വായുടെ ക്രോണിക്കിൾ:** സ്തംഭതാപസ്സനായ ജോഷ്വായുടെ പേരിൽ അറിയപ്പെടുന്ന ക്രോണിക്കിൾ ആറാം നൂറ്റാണ്ടിലേതാണ്. സുഖ്നിൻ ക്രോണിക്കിളിന്റെ നാലാം ഭാഗത്ത് ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. എഡേസ്സയിൽ വച്ച് ഒരു യാക്കോബായക്കാരനാണ് ഇതെഴുതിയത്. എഡേസ്സ, അമീദ്, മറ്റ് മെസൊപ്പൊട്ടേമിയൻ നഗരങ്ങൾ എന്നിവിടങ്ങളിൽ 495-നും 506/7നും ഇടയ്ക്ക് നടന്ന സംഭവങ്ങൾ വിവരിക്കുന്നു.

**എഡേസ്സൻ ക്രോണിക്കിൾ**: ഏതോ കാൽസിഡോണിയൻ എഴുത്തുകാരൻ 540-നുശേഷം എഴുതിയതാണിത്. ക്രി.മു. 132/1 മുതൽ ക്രി.വ. 540 വരെയുള്ള കാര്യങ്ങൾ കുറിച്ചിരിക്കുന്നു.

**അർബേൽ ക്രോണിക്കിൾ:** അദിയബേനേയിലെ സഭകളിൽ ക്രി.വ. 104-നും 511-നും ഇടയ്ക്ക് നടന്ന സംഭവങ്ങൾ കുറിച്ചിരിക്കുന്ന ഒരു ക്രോണിക്കിളാണിത്. അൽഫോൻസ് മിംഗാനായാണ് ഇത് വെളിച്ചത്തു കൊണ്ടുവന്നത്. എന്നാലിത് മിംഗാനയുടെ സൃഷ്ടിയാണെന്ന് കരുതുന്നവരുമുണ്ട്. ചരിത്രരചനയ്ക്ക് ഉപയുക്തമായ പലതും ഇതിലുണ്ട്.

**അമീദ് ക്രോണിക്കിൾ:** അമീദിൽ ജീവിച്ച ഒരു യാക്കോബായാ സന്യാസി, അനസ്താസ്യൂസ്, ജസ്റ്റിൻ, ജസ്റ്റീനിയൻ, ജസ്റ്റിൻ രണ്ടാമൻ എന്നീ ചക്രവർത്തിമാരുടെ കാലത്തെ ചരിത്രം ആറാം നൂറ്റാണ്ടിൽ കുറിച്ചു. അത് സെവുഡോ-സക്കറിയാസ് റെതോർ തന്റെ സഭാചരിത്രത്തിന്റെ ഏഴ് മുതൽ പന്ത്രണ്ട് വരെയുള്ള അധ്യായങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്.

**അമീദിലെ യോഹന്നാന്റെ ക്രോണിക്കിൾ**: എഫേസോസ് മെത്രാൻ യോഹന്നാൻ (+586) ജൂലിയസ് സീസറിന്റെ കാലം മുതൽ ക്രി.വ. 585 വരെയുള്ള ചരിത്രം മൂന്നു ഭാഗങ്ങളിലായി കുറിച്ചുവച്ചു. (സെവുഡോ) ഡയനീഷ്യസ് ദ്തെൽ മാറെ തന്റെ ക്രോണിക്കിളിൽ ആദ്യത്തെ രണ്ടു ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മൂന്നാം ഭാഗം 571 മുതൽ 585 വരെയുള്ള കാലഘട്ടത്തിലേതാണ്. ഈ യോഹന്നാൻ 566-നും 586-നും ഇടയ്ക്ക് 'പൗരസ്ത്യ വിശുദ്ധരുടെ ജീവചരിത്രം' എന്നപേരിൽ എഴുതിയ കൃതി ഏകസ്വഭാവവാദികളുടെ ചരിത്രം ഗ്രഹിക്കാൻ സഹായകമാണ്.

5. Mathew Paikatt, *Life, Glory and Salvation in the Writings of Mar Aprem of Nisibis*, Kottayam, 2001.



**ബർ ഹാദ് ബ്ശാബാ അർബായായുടെ സഭാചരിത്രം:** നിസിബിസ് കലാലയത്തിലെ അധ്യാപകനും ഒരുപക്ഷേ പിന്നീട് ഹൾവാനിലെ മെത്രാനുമായിരുന്നു അദ്ദേഹം. മൂന്നാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനും ഇടയ്ക്ക് ജീവിച്ച കുറേ 'വിശുദ്ധ പിതാക്കന്മാരുടെ ചരിത്രം' അദ്ദേഹം ആറാം നൂറ്റാണ്ടിൽ എഴുതി. കലാലയങ്ങളുടെ ചരിത്രമെഴുതിയ ഇതേ പേരുകാരനായ എഴുത്തുകാരനിൽ നിന്ന് അദ്ദേഹം വ്യത്യസ്തനാണ്.

**മെൽക്കൈറ്റ് ക്രോണിക്കിൾ:** ആദം മുതൽ ഹെരാക്ലിയസ് ചക്രവർത്തി വരെയുള്ള ചരിത്രം (641) കുറിക്കുന്നു. എങ്കിലും പ്രധാനമായി ആറാം നൂറ്റാണ്ടിലെ സംഭവവികാസങ്ങൾ രേഖപ്പെടുത്തുന്ന ക്രോണിക്കിളാണിത്. ഏഴാം നൂറ്റാണ്ടിലായിരിക്കാം ഇതെഴുതിയത്. ആരാണ് ഇതെഴുതിയതെന്ന് അറിവില്ല.

**ഗ്വീദി ക്രോണിക്കിൾ:** ഗ്വീദി എന്ന പണ്ഡിതൻ പ്രസിദ്ധീകരിച്ചതിനാൽ അദ്ദേഹത്തിന്റെ പേരിൽ ഇതറിയപ്പെടുന്നു. ഗ്രന്ഥകാരനെപ്പറ്റി അറിവൊന്നുമില്ല. ഇത് 670-നും 680-നും ഇടയ്ക്ക് ഖുസിസ്ഥാനിലാണ് എഴുതപ്പെട്ടത്. സസ്സാനിഡ് സാമ്രാജ്യത്തിന്റെ അവസാനത്തെ അൻപത് വർഷത്തെ ചരിത്രം ഗ്രഹിക്കാൻ ഇത് സഹായകമാണ്.

**യോഹന്നാൻ ബർ ഫിൻകായെയുടെ 'ലോകചരിത്രസംഗ്രഹം':** യോഹന്നാൻ 693/4-നു മുമ്പ് *റീശ് മെല്ലേ* എന്ന പേരിൽ ഒരു ക്രോണിക്കിൾ രചിച്ചു. കമൂലിലെ യോഹന്നാന്റെ ആശ്രമത്തിൽ പരിശീലനം ലഭിച്ച ഒരു സന്യാസിയായിരുന്നു ഈ യോഹന്നാൻ.

**എഡേസ്സയിലെ യാക്കോബിന്റെ ക്രോണിക്കിൾ:** എവുസേബിയസിന്റെ ക്രോണിക്കിളിന്റെ തുടർച്ചയായി ക്രി.വ. 692 വരെയുള്ള കാര്യങ്ങൾ മാർ യാക്കോബ് (+708) കുറിച്ചിരിക്കുന്നു.

**സുഖ്നിൻ (സെവുഡോ – ഡയനിഷ്യസ് ദ്തെൽ മാറെ) ക്രോണിക്കിൾ:** അമീദിനടുത്തുള്ള സുഖ്നിനിൽ വച്ച് ഒരു യാക്കോബായാ ചരിത്രകാരൻ തയാറാക്കിയതാണിത്. ഇതിന് നാലു ഭാഗങ്ങളുണ്ട്. ലോകാരംഭം മുതൽ ക്രി.വ. 775 വരെയുള്ള കാര്യങ്ങൾ ഇതിൽ പ്രതിപാദിക്കുന്നു. ഇത് ഡയനീഷ്യസ് രചിച്ചെന്ന് കരുതപ്പെട്ടിരുന്നു. എന്നാലിന്ന് പലരും അങ്ങനെ കരുതുന്നില്ല. എഫേസോസിലെ യോഹന്നാന്റെ ക്രോണിക്കിൾ ഇതിന്റെ രചനയ്ക്ക് ഗ്രന്ഥകാരൻ ഉപയോഗിച്ചിട്ടുണ്ട്.

**ക്രി.വ. 813-ലെ ക്രോണിക്കിൾ:** ക്രി.വ. 775 മുതൽ 813 വരെയുള്ള കാലഘട്ടത്തിലെ ഒരു ക്രോണിക്കിൾ ആരോ എഴുതിയിട്ടുണ്ട്.

**ക്രി.വ. 819-ലെ ക്രോണിക്കിൾ:** ഹാറാനിലെ യാക്കോബായാ മെത്രാൻ ദാവീദിനുവേണ്ടി അദ്ദേഹത്തിന്റെ അനന്തിരവൻ സെവേരൂസ്, യാക്കോബായക്കാരുടെ കർതാമിൻ ദയറായിൽ വച്ച് 818/9-ൽ എഴുതിയതാണിത്. ഏതാണ്ട് പകുതി കാര്യങ്ങൾ 7/8 നൂറ്റാണ്ടിലെ സംഭവങ്ങളാണ്.

**ക്രി.വ. 846-ലെ ക്രോണിക്കിൾ:** ലോകസൃഷ്ടി മുതൽ ക്രി.വ. 846/7 വരെയുള്ള സംഭവങ്ങൾ ചുരുക്കി രേഖപ്പെടുത്തിയിരിക്കുന്നു. കർതാമിൻ ദയറായിലെ നോണ്ണൂസ് സന്യാസിയായിരിക്കാം ഇത് ഇപ്പോഴത്തെ രൂപത്തിലാക്കിയത്. നോണ്ണൂസ് പിന്നീട് തുർ അബ്ദീനിലെ മെത്രാനായി. ഈ രേഖ 819-ലെ ക്രോണിക്കിളിനെ ഭാഗികമായി ആശ്രയിച്ചിട്ടുണ്ട്.

**നിസിബിസിലെ ഏലിയാസിന്റെ ക്രോണോഗ്രഫി:** പൗരസ്ത്യ സുറിയാനി സഭക്കാരനായ ഏലിയാസ് (1008-1046) തന്നെ 1018-ൽ എഴുതിയ ഒരു കൈയെഴുത്തുപ്രതി ഭാഗികമായി ലഭിച്ചിട്ടുണ്ട്. ഈ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**മിഖായേൽ റാബോയുടെ ക്രോണിക്കിൾ:** യാക്കോബായാ പാത്രിയർക്കീസ് മിഖായേൽ (1166-1199) ലോകസൃഷ്ടി മുതൽ 1194/5 വരെയുള്ള കാലഘട്ടത്തിന്റെ ഒരു വലിയ ക്രോണിക്കിൾ രചിച്ചു. ജെ.ബി.ഷാബോ അത് നാല് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ക്രി.വ.1234-ലെ ക്രോണിക്കിൾ:** ഏതോ യാക്കോബായാ സന്യാസി 13-ാം നൂറ്റാണ്ടിൽ ഒരു ക്രോണിക്കിൾ എഴുതി. സൃഷ്ടി മുതൽ 1234 വരെയുള്ള സംഭവങ്ങൾ വിവരിക്കുന്ന രണ്ടു ഭാഗങ്ങളുള്ള ഒരു ക്രോണിക്കിളാണിത്. എഡേസ്സാ ആയിരിക്കാം ഇതിന്റെ ഉത്ഭവസ്ഥാനം. ഒരു ഭാഗം ലോകചരിത്രവും മറ്റത് സഭാചരിത്രവുമാണ്. ഇടയ്ക്കിടെ പല ഭാഗങ്ങൾ വിട്ടുപോയിട്ടുണ്ട്. ബൈബിൾ കാലഘട്ടരചനയ്ക്ക് *ജൂബിലിഗ്രന്ഥം* ഉപയോഗിക്കുന്നു. ഏഴ്/എട്ട് നൂറ്റാണ്ടിനുവേണ്ടി ഡയനീഷ്യസ് ദ്തെൽമാറെയുടെ ക്രോണിക്കിൾ ഉപയോഗിച്ചിട്ടുണ്ട്.

**ബർ എബ്രായയുടെ ക്രോണിക്കിൾ:** മിഖായേൽ റാബോയെ ആധാരമാക്കി യാക്കോബായാ മഫ്രിയാൻ ബർ എബ്രായാ (1225/6-1286) ഒരു ക്രോണിക്കിൾ തയാറാക്കി. മിഖായേലിന്റെ തുടർച്ചയായി തന്റെ കാലം വരെയുള്ള സംഭവങ്ങളും അദ്ദേഹം ചേർത്തിട്ടുണ്ട്. ഒന്നാം ഭാഗം ലോകചരിത്ര സംബന്ധിയും രണ്ടാംഭാഗം സഭാചരിത്ര സംബന്ധിയുമാണ്.



# 4. ബൈബിൾ വിവർത്തനങ്ങൾ

ആദ്യത്തെ ആറു നൂറ്റാണ്ടിനിടയ്ക്ക് സുറിയാനി സംസാരിക്കുന്നവരുടെ ഇടയിൽ പുതിയനിയമത്തിന്റെ അഞ്ചോ ആറോ സുറിയാനി വിവർത്തനങ്ങളുണ്ടായി. സുറിയാനിസഭ അത്രമാത്രം സജീവമായിരുന്നു. പണ്ഡിതന്മാരാൽ അലംകൃതവുമായിരുന്നു. മറ്റൊരു പുരാതനസഭയും തങ്ങളുടെ മാതൃഭാഷയിലേക്ക് ആദ്യനൂറ്റാണ്ടുകളിൽ ഇത്രയധികം വിവർത്തനങ്ങൾ ഉണ്ടാക്കിയിട്ടില്ല. പലസ്തീന, സിറിയാ, മെസൊപ്പൊട്ടേമിയൻ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ ഗ്രാമവാസികളുടെ സംസാരഭാഷ സുറിയാനി ആയിരുന്നതിനാൽ, സുറിയാനി വിവർത്തനം ഉണ്ടാകേണ്ടതിന്റെ ആവശ്യം ഉടലെടുത്തു. ക്രിസ്തുമതം പിറന്നുവീണ സെമിറ്റിക് ലോകത്ത് വ്യാപരിച്ചിരുന്ന ഇവർ ആ പശ്ചാത്തലത്തിൽ തന്നെയാണ് സാഹിത്യസൃഷ്ടി നടത്തിയത്.

**പഴയനിയമപ്ശീത്താ:** സുറിയാനി സഭയിൽ ആദ്യമുണ്ടായ സാഹിത്യം ഹീബ്രു പഴയനിയമത്തിന്റെ സുറിയാനി വിവർത്തനമാണ്. 'പ്ശീത്താ' എന്ന് ഇത് അറിയപ്പെടുന്നു. സാധാരണ വിവർത്തനം, ലളിതമായ വിവർത്തനം, വ്യക്തമായ വിവർത്തനം എന്നൊക്കെ പ്ശീത്തായ്ക്ക് അർഥം പറയാം. ആദ്യമായി ഈ പദം ഉപയോഗിച്ചത് മോശ ബർ കേഫായാണ് (+903). സുറിയാനി സാഹിത്യത്തിൽ ഉടലെടുത്ത പിൽക്കാല കൃതികളിലെല്ലാം ഇതിന്റെ സ്വാധീനം കാണാം. ഹീബ്രുബൈബിളിൽ നിന്നായിരുന്നു ഈ സുറിയാനി വിവർത്തനം. എങ്കിലും മിദ്രാഷ്, തർഗും സാഹിത്യത്തിലെ പാരമ്പര്യങ്ങളും വിവർത്തകർ പരിഗണിച്ചിട്ടുണ്ട്. പഞ്ചഗ്രന്ഥി പോലുള്ള ആദ്യഭാഗങ്ങൾ ക്രിസ്തുമതാരംഭത്തിനു മുമ്പുതന്നെ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തിരുന്നു. സുഭാഷിതങ്ങൾ, സങ്കീർത്തനങ്ങൾ തുടങ്ങിയവയുടെ പിൽക്കാല വിവർത്തനങ്ങളിൽ ഗ്രീക്ക് സെപ്ത്വജിന്തും ഉപയോഗിച്ചു. ക്രിസ്തീയ കാലഘട്ടത്തിലാണ് അവയുടെ വിവർത്തനം നടന്നത്. അങ്ങനെ ക്രി.മു.150-ൽ ആരംഭിച്ച സുറിയാനി പഴയനിയമ വിവർത്തനം ക്രി.വ.മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പൂർത്തിയായത്. സിറിയായിലെ ക്രിസ്തീയസമൂഹങ്ങൾ ഈ വിവർത്തനം ഉപയോഗിച്ചിരുന്നു. തെല്ലായിലെ മെത്രാനായ പൗലോസ് 615-നും 617-നും ഇടയ്ക്ക് മറ്റൊരു വിവർത്തനം ഉണ്ടാക്കിയെങ്കിലും പ്ശീത്താ തുടർന്നും ഉപയോഗത്തിലിരുന്നു.

**പഴയനിയമ അപ്പോക്രീഫാ:** ബാറൂക്കിന്റെ വെളിപാട് (2 ബാറൂക്ക്), എസ്രാ IV എന്നീ പഴയനിയമ അപ്പോക്രീഫാകളുടെ സുറിയാനി വിവർത്തനം രണ്ടാം നൂറ്റാണ്ടിൽ തന്നെ ഉണ്ടായി. ഏഴാം നൂറ്റാണ്ടിലെ ഒരു കൈയെഴുത്തുപ്രതിയിൽ ഇവ ലഭിച്ചിട്ടുണ്ട്.

**ദിയാതെസ്സറോൺ:** താസ്യൻ ക്രി.വ. 150-നും 170-നും ഇടയ്ക്ക് നാല്

സുവിശേഷങ്ങളിൽ നിന്നും തെരഞ്ഞെടുത്ത വാചകങ്ങൾ കൊണ്ട് തുടർച്ച യായി രചിച്ച ഒറ്റ സുവിശേഷമാണ് ദിയാതെസ്സറോൺ. 'നാലിൽനിന്ന്' എന്നാണ് അർഥം. എബ്രായരുടെ സുവിശേഷം, തോമസിന്റെ സുവിശേഷം എന്നീ രേഖകളും താസ്യൻ തന്റെ ഗ്രന്ഥരചനയ്ക്ക് ഉപയോഗിച്ചു. പലസ്തീനായിൽ ഉടലെടുത്ത അറമായ പാരമ്പര്യമായിരിക്കാം ഈ സ്രോതസ്സ്. അവിടുത്തെ യഹൂദക്രൈസ്തവരുടെ സജീവപാരമ്പര്യം താസ്യൻ കണക്കിലെടുത്തു എന്നു കരുതുന്നവരുണ്ട്. സുറിയാനി സഭകളിൽ അഞ്ചാം നൂറ്റാണ്ടു വരെ ദിയാതെസ്സറോന്റെ സുറിയാനിപ്പതിപ്പ് ഉപയോഗത്തിലിരുന്നു. താസ്യൻ തന്നെയാകാം ആദ്യം ഗ്രീക്ക് പതിപ്പുണ്ടാക്കിയിട്ട്, പിന്നെ സുറിയാനി പതിപ്പുണ്ടാക്കിയത്. മാർ അപ്രേം ഈ സംയുക്തസുവിശേഷത്തിന് ഒരു ഭാഷ്യം എഴുതിയിട്ടുണ്ട്(ജി.ചേടിയത്ത്, *മാർ അപ്രേം, സുവിശേഷഭാഷ്യം*, കോട്ടയം, 2002).

**പുരാതന സുറിയാനി സുവിശേഷങ്ങൾ (*വേതൂസ് സീറാ*):** സുവിശേഷങ്ങളുടെ സുറിയാനിയിൽ ഇന്നു ലഭിച്ചിട്ടുള്ള ഏറ്റവും പ്രാചീന വിവർത്തനം ഇതാണ്. ഗ്രീക്കിൽ നിന്നുള്ള വിവർത്തനമായിരുന്നെങ്കിലും അതിൽ നിന്ന് വിമുക്തമായ സാഹിത്യശൈലിയാണ് വിവർത്തകൻ സ്വീകരിച്ചത്. കുരെറ്റോണിയൻ (1842), സിനൈറ്റിക്കസ് (19-ാം നൂ.) എന്നിങ്ങനെ ഇതിന്റെ രണ്ട് കൈയെഴുത്തു പ്രതികൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ആണ് ഈ വിവർത്തനം നടന്നത്. ആരാണ് ഈ വിവർത്തനം നടത്തിയത്, ഇതും ദിയാതെസ്സറോണും തമ്മിലുള്ള ബന്ധമെന്ത് എന്നു തുടങ്ങിയ സംഗതികളെകുറിച്ചുള്ള ചർച്ച ഇപ്പോഴും നടക്കുന്നു. നാലു സുവിശേഷങ്ങളും വെവ്വേറെയാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

**പുതിയനിയമ പ്ശീത്താ:** അഞ്ചാം നൂറ്റാണ്ടു മുതൽ സുറിയാനിസഭകൾ പ്ശീത്താ എന്നറിയപ്പെടുന്ന വിവർത്തനമാണ് ഒരോ സുവിശേഷത്തിനും ഉപയോഗിച്ചത്. ഗ്രീക്കുബൈബിളുമായി ഒത്തുപോകുന്നതിനുള്ള സംരംഭമാണ് ഈ വിവർത്തനത്തിൽ കാണുക. ഗ്രീക്കിനോടുള്ള ആഭിമുഖ്യം ഇതിൽ വ്യക്തമാണ്. 'വേത്തുസ് സീറായിൽ' പരിഷ്കാരങ്ങൾ വരുത്തിയാണ് ഇത് തയാറാക്കിയത്. പുരാതന ടെക്സ്റ്റിന്റെ കുറവുകൾ ഗ്രീക്ക് ടെക്സ്റ്റ് വച്ച് തിരുത്തി. അത് പിൽക്കാല ഗ്രീക്കുടെക്സ്റ്റിൽ നിന്ന് കുറെയൊക്കെ വ്യത്യസ്തവുമായിരുന്നു. ഇതിന് സുറിയാനി സഭകളിൽ പ്രചുര പ്രചാരം ലഭിച്ചു. ഔദ്യോഗികപതിപ്പിൽ 22 പുസ്തകങ്ങളേയുള്ളു. നാല് കാതോലികലേഖനങ്ങളും (2പത്രോ, 2.3 യോഹ. യൂദാ) വെളിപാടുപുസ്തകവും ഇതിലില്ല. നാലാം നൂറ്റാണ്ടിൽ അന്ത്യോക്യൻ സഭയിൽ നിലനിന്ന കാനനാണ് പ്ശീത്താ ബൈബിളിനുള്ളത്. ലൂ.22,17-18,യോഹ.7,53-8,11 എന്നീ ഭാഗങ്ങളും ഇതിലിലല്ല. ഇതിന്റെ ഏറ്റവും പുരാതന കൈയെഴുത്തുരേഖ



463/4-ലേതാണ് (ലൂ.6,49-21,37). തുടർന്നുള്ള കാലഘട്ടത്തിലെ നിരവധി കൈയെഴുത്തുരേഖകൾ കിട്ടിയിട്ടുണ്ട്. എഡേസ്സായിലെ റാബുളയും മറ്റുപലരും പ്ശീത്താ വിവർത്തനത്തിൽ പങ്കുചേർന്നിട്ടുണ്ട്. ഇൻഡ്യാക്കാരനായ ഒരു ദാനിയേൽ സഹായിച്ചതായി മേർവിലെ ഈശോദാദ് (9-ാം നൂ.) റോമാക്കാർക്കുള്ള ലേഖനത്തിന്റെ ഭാഷ്യത്തിൽ സാക്ഷിക്കുന്നു: "ഇൻഡ്യാക്കാരൻ ദാനിയേൽ എന്ന പ്രെസ്ബിറ്റർ റോമാലേഖനം ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യാൻ മാർ കൂമിയെ സഹായിച്ചു". പ്ശീത്താ പുതിയനിയമത്തിന്റെ ആദ്യത്തെ അച്ചടിച്ച പതിപ്പ് തയാറാക്കിയത് യോഹാൻ ആൽബ്രെക്റ്റ് വിഡ്മാൻസ്റ്റഡ്റ്റ് (1506-59) ആണ്. 1555-ൽ വെനീസിലാണ് അതിന്റെ മുദ്രണം നടന്നത്.

**6. ഫീലൊക്സീനിയൻപതിപ്പ്:** മാബുഗിലെ മാർ ഫീലൊക്സീനൂസ് തന്റെ കോറെപ്പിസ്കോപ്പാ പോളിക്കാർപ്പിന്റെ സഹായത്തോടുകൂടെ 507/8-ൽ ഗ്രീക്കിൽ നിന്ന് ഒരു സുറിയാനി വിവർത്തനം ഉണ്ടാക്കി. 'വേത്തുസ് സീറായിൽ' പരിഷ്കാരങ്ങൾ വരുത്തിയതാണ് ഈ പതിപ്പും. ചില സുപ്രധാന വേദപുസ്തകഭാഗങ്ങളുടെ കൃത്യമായ പദാനുപദവിവർത്തനം ഗ്രീക്കിൽ നിന്ന് പുതുതായി സുറിയാനിയിൽ ഉണ്ടാക്കി. ക്രിസ്തുശാസ്ത്ര തർക്കങ്ങളിൽ പ്രയോജനപ്പെടുത്താനാണ് കാൽസിഡൺ വിരുദ്ധചേരിയിൽ നിന്ന ഫീലൊക്സീനൂസ് ഇപ്രകാരം ചെയ്തത്. പ്ശീത്താ ടെക്സ്റ്റിനേക്കാൾ ദൈവശാസ്ത്രപരമായി കുറേക്കൂടി കൃത്യമായ പദപ്രയോഗങ്ങളാണ് ഇതിലുണ്ടായിരുന്നത്. 2 പത്രോ.2. 3യോഹ. യൂദാ, വെളിപാട് എന്നിവയും ഈ പതിപ്പിലുണ്ടായിരുന്നു.

**7. ഹാർക്ലെയൻ വിവർത്തനം:** മാബുഗ് മെത്രാൻ മാർ തോമസിന്റെ പേരിൽ ഇതറിയപ്പെടുന്നു. ഏഴാം നൂറ്റാണ്ടിന്റെ രണ്ടാംഭാഗത്താണ് ഈ വിവർത്തനമുണ്ടായത്. വിശദാംശങ്ങളിൽകൂടി ഗ്രീക്കു പതിപ്പുമായി ഒത്തുപോകുന്ന സുറിയാനി പതിപ്പിനുള്ള ഉദ്യമമാണ് ഇതിൽ കാണുക. ഫീലൊക്സീനൂസിന്റെ പതിപ്പുപയോഗിച്ച് തിരുത്തൽ വരുത്തിയാണ് ഇത് തയാറാക്കിയത്. വ്യത്യസ്ത പാഠഭേദങ്ങൾ മാർജിനിൽ കൊടുത്തുകൊണ്ട് വളരെ കൃത്യമായ ഒരു ടെസ്റ്റുണ്ടാക്കി.

**8. പലസ്തീനിയൻ സുറിയാനി പതിപ്പ്**: പലസ്തീനയിലെ അറമായ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായ വിവർത്തനമാണിത്. ആദ്യകാലത്ത് പലസ്തീനയിൽ ഉപയോഗിച്ച അറമായ ഭാഷയും, എസ്ത്രാങ്ഗല അക്ഷരവുമായി സാമ്യമുള്ള അക്ഷരവുമാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. എഡേസ്സയിലെ ക്ലാസ്സിക്കൽ സുറിയാനിയോട് ഉള്ളതിനേക്കാൾ ഇതിനു സാമ്യം യൂദരുടെ അറമായ ഭാഷയോടാണ്. ആറും ഏഴും നൂറ്റാണ്ടുകളിൽ പലസ്തീനയിൽ നിന്നുള്ള ക്രിസ്ത്യാനികൾ ഈജിപ്തിൽ താമസിക്കുകയും അവിടെ

കുറേക്കാലം കൂടി ഈ വിവർത്തനം ഉപയോഗിക്കുകയും ചെയ്തു. 'ജറുസലേം സുറിയാനിവിർത്തനം' എന്നും ഇതറിയപ്പെടുന്നു.[6]

## 5. ആദ്യകാല കൃതികൾ

**സോളമന്റെ ഗീതകങ്ങൾ:** നാൽപത്തിരണ്ട് ഗീതങ്ങളുടെ ഒരു സമാഹാരമാണിത്. ഏതോ യൂദകൃതിയുടെ ക്രിസ്തീയ പതിപ്പാണിത്. അല്ലെങ്കിൽ പൂർണമായും ഒരു ക്രിസ്തീയ കൃതിയാണ്. ചില ഗ്നോസ്റ്റിക് ചിന്താഗതികളും പദപ്രയോഗങ്ങളും ഉണ്ടെങ്കിലും ഇത് പാഷണ്ഡരുടെ സംഭാവനയല്ല. സിറിയായിലോ, പലസ്തീനായിലോ രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ എഴുതപ്പെട്ടതാണിത്. എഴുതിയ ആളെപ്പറ്റി സൂചനയൊന്നുമില്ല. ഇത് സോളമന്റെ പേരിൽ ആരോപിച്ചിരിക്കുന്നു. യോഹന്നാന്റെ ശൈലിയും കുംറാൻ സാഹിത്യശൈലിയും ഇതിൽ ദൃശ്യമാണ്. ജറുസലേം ദൈവാലയവുമായി ബന്ധപ്പെട്ട യൂദയോ-ക്രൈസ്തവ പശ്ചാത്തലമാണിതിന്. ഇതിന്റെ ഗ്രീക്ക് പതിപ്പും ലഭ്യമാണ്. (ജി.ചേടിയത്ത്, *പട്രോളജി-1*, കോട്ടയം,2006,പേ.102-103; മലയാള വിവർത്തനത്തിന്, ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ-3*, കോട്ടയം 2000,പേ.59-107).

**യൂദാതോമസിന്റെ നടപടികൾ:** സുറിയാനിയിൽ മൂന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ രചിക്കപ്പെട്ടതാണിത്. ഇതിന്റെ രചയിതാവ് ആരാണെന്നറിയില്ല. ഗ്രീക്ക്, അർമേനിയൻ, എത്യോപ്യൻ, ലത്തീൻ ഭാഷകളിൽ ഇത് പണ്ടുതന്നെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ തോമാശ്ലീഹായെ ഇൻഡ്യയുടെ അപ്പസ്തോലനും മിഷണറിയുമായി വരച്ചുകാട്ടുന്നു. മനിക്കേയൻ മതചായ്‌വും ഗ്നോസ്റ്റിക് ആശയങ്ങളും അവിടവിടെ കാണാം. 'ആത്മാവിന്റെ രക്ഷയുടെ കീർത്തനം' ഉൾപ്പെടെ മനോഹരമായ കീർത്തനങ്ങൾ അടങ്ങിയ ഗ്രന്ഥമാണിത്. ഈ കീർത്തനം ഈ ഗ്രന്ഥത്തേക്കാൾ പുരാതനമാണ്. ഈ ഗീതം ക്രിസ്തുവിനെ രാജപുത്രനായി ചിത്രീകരിക്കുന്നു. (ജി.ചേടിയത്ത്, *പട്രോളജി-1*, കോട്ടയം, 2006, പേ.92-93; മലയാള വിവർത്തനത്തിന്, ജി. ചേടിയത്ത്, *മാർ തോമായുടെ നടപടികൾ*, കോട്ടയം, 1998).

**ആദായിയുടെ പ്രബോധനം:** 'ക്രിസ്തുവും എഡേസ്സയിലെ അബ്ഗാർ രാജാവും തമ്മിൽ നടത്തിയ എഴുത്തുകൾ' എന്ന ഐതിഹ്യത്തിൽ നിന്ന് രൂപം കൊണ്ടതാണ് ആദായിയുടെ പ്രബോധനം. ഒന്നിലേറെ പതിപ്പുകളിൽ ഇത് ലഭിച്ചിട്ടുണ്ട്. എവുസേബിയസ് ഈ എഴുത്തുകളെപ്പറ്റി സഭാചരിത്രത്തിൽ പരാമർശിക്കുന്നു.കർത്താവ് തന്റെ ഒരു പ്രതിചരായ അബ്ഗാറിന്

7. B.M.Metzger, *The Early Versions of the New Testament,* Oxford, 1977, p. 3-98.



സമ്മാനിച്ചു. കർത്താവ് തന്റെ മരണാനന്തരം ആദായിയെ എഡേസ്സായിൽ അബ്ഗാറിന്റെ പക്കലേക്ക് അയയ്ക്കുകയും ചെയ്തു. അബ്ഗാർ രാജാവിനെ ആദായ് സൗഖ്യമാക്കുകയും രാജാവുൾപ്പെടെ നഗരം മുഴുവൻ ക്രിസ്തീയമാകുകയും ചെയ്തു എന്നാണ് ഐതിഹ്യം. നാലാം നൂറ്റാണ്ടിൽ ഈ ഐതിഹ്യം കുറേക്കൂടി വിപുലപ്പെട്ടു. ഹെലേനാരാജ്ഞി കുരിശു കണ്ടെത്തിയ സംഭവവും അപ്രകാരം പിന്നീട് ചേർത്തതാകാം. ഈ ആദായ് തന്നെയാണ് അദ്ദായ്, അദ്ദേവുസ്, തദ്ദേവുസ്, തദ്ദായി എന്നീ പേരുകളിൽ അറിയപ്പെടുന്നയാൾ. ഇയാൾ 72 അറിയിപ്പുകാരിൽ ഒരാളായിരുന്നു. ഇയാളുടെ ശിഷ്യനാണ് മാറി. ഇവർ രണ്ടുപേരും പേർഷ്യൻ ക്രിസ്ത്യാനികൾക്ക് ശ്ലീഹന്മാരാണ്. ഇവരുടെ പേരിൽ 'ശ്ലീഹന്മാരുടെ അനാഫറ' എന്ന പേരിൽ ഒരനാഫറയുണ്ട്. ഇതായിരുന്നു മാർതോമാ നസ്രാണികളുടെ പുരാതനമായ അനാഫറ. (ആദായിയുടെ പ്രബോധനത്തിന്റെ മലയാളവിവർത്തനത്തിന്, ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ-3*, കോട്ടയം,2000, പേ.180-192). ആദായിയുടെ പ്രബോധനം എന്ന പേരിൽ വൂബുസ് പ്രസിദ്ധീകരിച്ച രേഖയുടെ മലയാളപതിപ്പാണിത്.[7]

**സോപാനഗ്രന്ഥം (ലീബർ ഗ്രാഡൂം/ക്സോബോ ദ് മസ്ക്കോസോ):** മുപ്പത് പ്രസംഗങ്ങളുടെ ഒരു സമാഹാരമാണ് ഈ ഗ്രന്ഥം. ആധ്യാത്മിക ജീവിതത്തെപ്പറ്റി ചർച്ച ചെയ്യുന്ന ഒരു സുപ്രധാന സുറിയാനി ഗ്രന്ഥമാണിത്. സിറിയായിൽ വച്ച് 4/5 നൂറ്റാണ്ടുകളിൽ ഇതെഴുതപ്പെട്ടു. ഗ്രന്ഥകാരനെപ്പറ്റി യാതൊരു അറിവുമില്ല. 12-ാം നൂറ്റാണ്ടിലെ ഒരു കൈയെഴുത്തു പ്രതിയിലൂടെ ഇത് കൈവന്നിട്ടുണ്ട്. 1926-ൽ ഇത് പ്രസിദ്ധീകൃതമായെങ്കിലും ഈയടുത്ത കാലത്താണ് ഇംഗ്ലീഷ പരിഭാഷ ഉണ്ടായത്. ഇതിൽ ഭാഷ്യപരവും ദൈവശാസ്ത്രപരവുമായ ചർച്ചകളുണ്ട്. ലോകത്തിൽ വ്യാപരിക്കുന്ന നീതിമാന്മാരെന്നും ലോകത്തിൽ നിന്ന് അകന്നു കഴിയുന്ന പരിപൂർണരെന്നും ഇത് മനുഷ്യരെ വേർതിരിക്കുന്നു. രണ്ടാമത്തെ കൂട്ടർ താപസ്സകർമങ്ങളനുഷ്ഠിച്ച്, വിനീതരും ദരിദ്രരും പാവനരുമായി ഇടുങ്ങിയ പാതയിലൂടെ ചരിക്കുന്നു. ഒന്നാമത്തെ കൂട്ടർ കുറേക്കൂടി എളുപ്പമുള്ള പാത തെരഞ്ഞെടുത്ത് ലൗകിക വ്യവഹാരങ്ങളിൽ ഏർപ്പെടുന്നു. ആദ്യത്തെ അഞ്ച് പ്രസംഗങ്ങൾ 'ആധ്യാത്മസോപാനങ്ങൾ' എന്ന പേരിൽ 'ദനഹാ സർവീസസ്-18' മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസംഗം 12-ും 18-ും മലയാളത്തിൽ ലഭ്യമാണ്(ജി.ചേടിയത്ത്, *പ്രാർഥന സുറിയാനി സഭയിൽ*,കോട്ടയം, 1991,പേ.46-61).

**നിക്ഷേപങ്ങളുടെ ഗുഹ:** ഐതിഹ്യരൂപത്തിലുള്ള ബൈബിൾ പാരമ്പര്യങ്ങളുടെ സമാഹാരമാണിത്. ആറാം നൂറ്റാണ്ടിലാണ് ഈ രേഖ ഇന്ന

7. A.Voobus, *Synodicon of the West Syrian Church-I* (CSCO 367/Syr. 161), Louvain, p. 187-197.

ത്തെ രൂപത്തിലായത്. എന്നാൽ മൂന്നോ നാലോ നൂറ്റാണ്ടിൽ ഉണ്ടായിരുന്ന വയോട് പിന്നീട് പല കൂട്ടിച്ചേർക്കലുകൾ വരുത്തിയാകാം ഇന്നത്തെ രൂപത്തിൽ ആയിത്തീർന്നത്. ഈ ഗ്രന്ഥത്തിൽ ലോകസൃഷ്ടി മുതൽ പെന്തിക്കൊസ്തി വരെയുള്ള സംഗതികൾ അവതരിപ്പിക്കുന്നു. യഹൂദരുടെ ഇടയിൽ പ്രചരിച്ചിരുന്ന പല കഥകളും ഇതിൽ കാണാം. പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും ഇതിന് രണ്ടു പതിപ്പുകളുണ്ട്. 'ആദിയിൽ എന്നതിനെപ്പറ്റിയുള്ള പ്രതിപാദനം', 'ആദം മുതൽ ക്രിസ്തുവരെയുള്ള വംശാവലിഗ്രന്ഥം' എന്നീ തലക്കെട്ടുകൾ ചില പൗരസ്ത്യപതിപ്പുകളിൽ കാണുന്നു. ഹഗാദിക് ശൈലിയിലാണ് ഇതെഴുതിയിരിക്കുന്നത്. ഉത്പത്തിഭാഗങ്ങളുടെ വിവരണത്തിന് മാർ അപ്രേമിന്റെ ഭാഷ്യവുമായും അപ്പോക്രിഫൽ സാഹിത്യവുമായും യൂദഭാഷ്യപാരമ്പര്യവുമായും സാമ്യമുണ്ട്.

**രാജ്യനിയമങ്ങളുടെ ഗ്രന്ഥം:** ബർദൈസാൻ എഴുതി എന്നു കരുതപ്പെടുന്നു. എഡേസ്സായിൽ ഉന്നതകുലജാതരായ മാതാപിതാക്കളിൽ നിന്ന് ജനിച്ച ബർദൈസാൻ (154-222/3) മാബുഗിൽ വിദ്യ അഭ്യസിച്ചു. ഒഷ്റേനിലെ അബ്ഗാർ VIII രാജാവിന്റെ ഉറ്റസ്നേഹിതനായി. ഇരുപത്തിയഞ്ചാം വയസ്സിൽ ക്രിസ്ത്യാനിയായി. എവുസേബിയസിൽ നിന്ന് അയാളെപ്പറ്റി ചില വിവരങ്ങൾ നമുക്ക് ലഭിക്കുന്നു. അയാൾക്ക് സുറിയാനിയിൽ നല്ല പാണ്ഡിത്യം ഉണ്ടായിരുന്നു. മാർസ്യണീത്തർക്കും മറ്റ് പല വിഭാഗക്കാർക്കുമെതിരെ പല ഗ്രന്ഥങ്ങൾ രചിച്ചു. 'വിധിയെക്കുറിച്ച്' (രാജ്യനിയമങ്ങളുടെ ഗ്രന്ഥം) എന്ന കൃതി രചിച്ചു. ബർദൈസാന്റെ ശിഷ്യനായ ഫിലിപ്പാണ് ഇത് രചിച്ചെന്ന് ഒരഭിപ്രായമുണ്ട്. ബർദൈസാൻ സുറിയാനിയിൽ നിരവധി ഗീതങ്ങൾ രചിച്ചു. മനോഹരമായ ഗാനങ്ങളിലൂടെ ആശങ്ങൾ പ്രചരിപ്പിച്ചതിനാൽ അവയ്ക്ക് ജനമധ്യത്തിൽ വലിയ സ്വാധീനമുണ്ടായി. ഗാനങ്ങൾ രചിക്കാൻ അപ്രേമിന് പ്രേരണ ലഭിച്ചത് ബർദൈസാനിൽ നിന്നാണ്. അയാൾ തെറ്റായ ആശയങ്ങൾ പദ്യരൂപത്തിൽ പ്രചരിപ്പിച്ചപ്പോൾ അതിനെ തടയുന്നതിന് അതേരീതി അപ്രേം ഉപയോഗിച്ചു. ബർദൈസാന്റെ കൃതികളുടെ ചില ഭാഗങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളൂ. വിധിയെക്കുറിച്ചുള്ള കൃതിയുടെ കൈയെഴുത്തു പ്രതിയിൽ, സെറാപ്പിയോന്റെ മകനായ മാറാ തന്റെ മകനായ സെറാപ്പിയോന് അയച്ച കത്തും താത്വികനായ മെലിറ്റോയുടെ ഒരു പ്രതിപാദനവും കാണാം. മെലിറ്റോ അന്തൊണീനുസ് പീയൂസ് ചക്രവർത്തിയെ അഭിസംബോധന ചെയ്താണ് എഴുതിയിരിക്കുന്നത്. ഈ രേഖ ഒരു പിൽക്കാലകൂട്ടിച്ചേർക്കലാകാം (ജി.ചേടിയത്ത്, *പട്രോളജി-1,* കോട്ടയം, 2006,പേ.148-149).

**മെലിറ്റോയുടെ അപ്പോളജി (2/3 നൂ.)**: മാർക്കുസ് ഔറേലിയുസ് അന്തൊണീനുസ് (161-180) എന്ന റോമൻ ചക്രവർത്തിക്ക് സുറിയാനിയിൽ എഴുതിയ ഒരു വിശ്വാസസമർഥനമാണിത്. നഷ്ടപ്പെട്ട ഗ്രീക്ക്ടെക്സ്റ്റിന്റെ



സുറിയാനി വിവർത്തനമായിരിക്കാമിത്. മിക്കവാറും ഇത് മൂന്നാം നൂറ്റാണ്ടിലേതാകാം. മെലിറ്റോയുടെ പേരിൽ ആരോപിച്ചിരിക്കുന്നു. പത്രോസിന്റെ രണ്ടാം ലേഖനത്തിൽ നിന്ന് ഇത് ഉദ്ധരിക്കുന്നു.

**മെനാൻഡറുടെ മൊഴികൾ:** ഈ പ്രാചീന സുറിയാനിരേഖയിൽ ക്രിസ്തീയാംശമില്ല. യൂദമതത്തെപ്പറ്റിയുള്ള അറിവും ദൃശ്യമല്ല. ഇതിന് ഗ്രീക്കിലുള്ള മെനാൻഡർ മൊഴികളുമായും ബന്ധമില്ല. എന്നാൽ ഈജിപ്തിൽവച്ച് എഴുതപ്പെട്ട ഒരു രേഖയുടെ സുറിയാനി വിവർത്തനമാകാമിത്.

**മാറായുടെ കത്ത് :** ലോകത്തിന്റെ വ്യർഥത സംബന്ധിച്ച് മാറാ തന്റെ മകനായ സെറാപിയോന് എഴുതുന്ന കത്തിന്റെ രൂപത്തിലാണിത്. വിജ്ഞാനിയായ രാജാവിന്റെ (യേശുവിന്റെ) മരണം മൂലമാണ് ജറുസലേം തകർക്കപ്പെട്ടതെന്ന് പരാമർശിക്കുന്നു. യൂദരുടെ തെറ്റിന്റെ ശിക്ഷയാണ് തകർക്കൽ എന്ന ചിന്ത നാലാം നൂറ്റാണ്ടിലെ യൂദവിരുദ്ധ ക്രൈസ്തവ പ്രതിപാദന രീതിയായതിനാൽ നാലാം നൂറ്റാണ്ടിലായിരിക്കാം ഇത് എഴുതപ്പെട്ടത്.

**അഹീക്കാറിന്റെ ചരിത്രം:** അറമായ ഭാഷയിൽ ക്രി.മു.അഞ്ചാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു രേഖയാണിത്. അസ്സീറിയാ രാജാവ് *സെന്നാ*ഖെറീബിന്റെ കാലത്തു നടന്ന (ബി.സി. 704-681) കാര്യങ്ങൾ ചർച്ച ചെയ്യുന്നു. അതോടൊപ്പം അബീക്കാറിന്റെ അനന്തരവൻ നാദാനു നല്കുന്ന ഉപദേശങ്ങളും ചേർത്തിരിക്കുന്നു. ഇത് ഗ്രീക്കിലേക്കും മറ്റ് ഭാഷകളിലേക്കും പുരാതനകാലത്തുതന്നെ വിവർത്തനം ചെയ്തിട്ടുണ്ട്.

## 6. സുറിയാനി രക്തസാക്ഷിവിവരണങ്ങൾ

റോമൻസാമ്രാജ്യത്തിൽ കോൺസ്റ്റൻടൈനോടുകുടി നാലാം നൂറ്റാണ്ടിൽ മതമർദനം അവസാനിച്ചു. എന്നാൽ പേർഷ്യൻ സാമ്രാജ്യത്തിലെ ക്രൈസ്തവസഭ നിരവധി മതമർദനങ്ങൾ തുടർന്നുള്ള നൂറ്റാണ്ടുകളിലും അനുഭവിക്കേണ്ടിവന്നു. ശർബേലിന്റെ നടപടികൾ, ബർസമ്യാ മെത്രാന്റെ നടപടികൾ എന്നിവ ട്രാജൻ ചക്രവർത്തിയുടെ കാലത്തേതായി (104) അവതരിപ്പിക്കുന്നെങ്കിലും, അഞ്ചാം നൂറ്റാണ്ടിലേതാണ്. ശ്മോനായുടെയും ഗുറിയായുടെയും (297) ഹബീബ് ഡീക്കന്റെയും (309) നടപടികൾ കൂടുതൽ വിശ്വസനീയങ്ങളാണ്. റോമൻ സിറിയായിലേതാണിവ.

പേർഷ്യൻ രാജാക്കന്മാർ റോമാക്കാരുമായി യുദ്ധത്തിലേർപ്പെട്ട് പരാജയപ്പെട്ടാൽ, അതിനു പകരംവീട്ടിയിരുന്നത് പേർഷ്യയിലെ ക്രിസ്ത്യാനികളോടായിരുന്നു. കോൺസ്റ്റൻടൈൻ ക്രിസ്തുമതത്തെ അംഗീകരിച്ച് സ്വാതന്ത്ര്യം നൽകിക്കഴിഞ്ഞപ്പോൾ, ശത്രുവിന്റെ മതമായിട്ടത്രേ പേർഷ്യൻ രാജാക്കന്മാർ അതിനെ കണ്ടത്. വഹ്രം രണ്ടാമന്റെ കാലത്താണ് (276-293)

പേർഷ്യയിലെ ആദ്യത്തെ മതപീഡനം നടന്നത്. 'ഭാഗ്യവതിയായ കാൻഡിഡായുടെ സാക്ഷ്യം' ഇക്കാലത്തു നിന്നുള്ളതാണ്. എന്നാൽ അത് ലിഖിതരൂപത്തിൽ ആയത് 4/5 നൂറ്റാണ്ടുകളിലാണ്. എന്നാൽ ഏറ്റവും കഠിനതരമായ മതപീഡനം നടന്നത് ഷപ്പൂറിന്റെ കാലത്താണ് (339/40–379/80). അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മീഫർക്കീനിലെ മാരൂഥാ ഈ മതപീഡനത്തിലെ രക്തസാക്ഷികളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചു. 'ശെമയോൻ ബർ സാബായുടെ രക്തസാക്ഷിത്വം' ഇതിൽ ഉൾപ്പെടുന്നു. സെലൂഷ്യാ സ്റ്റെസിഫണിൽ പാപ്പായുടെ പിൻഗാമി ആയിരുന്നു അദ്ദേഹം. അതുപോലെ മാർ മീലെസിന്റെയും പൂസായിയുടെയും മാർത്തായുടെയും മറ്റനേകം രക്തസാക്ഷികളുടെയും ചരിത്രം ഈ കാലത്തു നിന്നുള്ളതാണ്. യസ്ദ്ഗേർദ് ഒന്നാമന്റെ അവസാന കാലത്തും (399–420) വഹ്റം അഞ്ചാമന്റെ ആദ്യവർഷങ്ങളിലും (420–438) നടന്ന മതമർദനം സംബന്ധിച്ച് 'നാല് ദൃക്സാക്ഷിവിവരണങ്ങൾ' (*പാസ്സിയോണെസ്/മർതീരിയാ*) ലഭിച്ചിട്ടുണ്ട്. സെലൂഷ്യയ്ക്കടുത്തുള്ള ഒരാശ്രമത്തിന്റെ അധ്യക്ഷനായിരുന്ന ഒരു അബ്ഗാറാണ് അവ രചിച്ചത്. തത്താക്, യാക്കോബ്, ഒരു നർസൈ, ബേത് ഗർമൈയിലെ പത്ത് രക്തസാക്ഷികൾ, അബ്ദാ, പേറോസ്, മിഹ്റ്ഷബൂർ എന്നിവരുടെ രക്തസാക്ഷിവിവരണവും ഇതിൽ ഉൾപ്പെടുന്നു. അബ്ദായുടെ രക്തസാക്ഷിവിവരണം അപൂർണമാണ്. എന്നാൽ തിയഡൊറെറ്റിന്റെ സഭാചരിത്രത്തിൽ ഇത് ഗ്രീക്കിൽ കാണാവുന്നതാണ്.

ക്രിസ്ത്യാനികൾ മനസ്സാക്ഷിയിൽ ദൈവത്തോട് കടപ്പെട്ടിരിക്കുന്നെങ്കിലും രാജാവിനോട് വിധേയത്വമുള്ളവരാണെന്ന് കാണിക്കാനുള്ള വ്യഗ്രത ഈ വിവരണങ്ങളിലുണ്ട്. രക്തസാക്ഷിയായി മരിച്ച 'മാർ ഗീവർഗീസിന്റെ ചരിത്രം' മാർ ബാബായ് റമ്പാ (+628) എഴുതി. ഷപ്പൂർ രണ്ടാമന്റെ കാലത്തും യസ്ദ്ഗേർദ് രണ്ടാമന്റെ കാലത്തും (440) കർക്കാ ദ് ബേത് സ്ലോക്കിൽ (ബേത് ഗർമായ്) മരിച്ച രക്തസാക്ഷികളുടെ ചിരിത്രം ആരോ രേഖപ്പെടുത്തിയിട്ടുണ്ട്. പെതിയോനെ സംബന്ധിച്ചുള്ളത് ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. ഇത് ആറാം നൂറ്റാണ്ടിലേതാണ്. ഒരു ബർസഹ്ദേയാണ് ഇതെഴുതിയതെന്ന് ചിലർ കരുതുന്നു. ബർസഹ്ദേ എഴുതിയ സഭാചരിത്രം നഷ്ടപ്പെട്ടു. അതിന്റെ ചില ഭാഗങ്ങൾ സേർത് ക്രോണിക്കിളിലും നിസിബിസിലെ ഏലിയാസിന്റെ ക്രോണോഗ്രാഫിയിലും ചേർത്തിട്ടുണ്ട്. കർക്കാ ദ് ബേത് സ്ലോക്കിലെ മെത്രാനായിരുന്നു ബർസഹ്ദേ. ഇവിടെ നിന്നുള്ള വി. ശീറിന്റെ (+559) രക്തസാക്ഷിവിവരണവും അദ്ദേഹം എഴുതി എന്നു കരുതുന്നവരുണ്ട്. മാർ ഗ്രിഗറി (പിറാഗുഷ്നാസ്പ്), മാർ യസീദ്പാനേഹ് എന്നിവരുടെ രക്തസാക്ഷിവിവരണം ആരാണെഴുതിയതെന്ന് അറിവില്ല. ഖുസ്രാ ഒന്നാമന്റെ കാലത്തെ (531–579) രക്തസാക്ഷികളാണിവർ. ആറാം നൂറ്റാണ്ടിലെ പേർഷ്യൻ സഭയെപ്പറ്റിയുള്ള കുറേ വിവരങ്ങൾ ഇതിൽ നിന്ന് ലഭിക്കുന്നു. എഡേസ്സൻ വിശുദ്ധ



രായ ശ്മോനാ, ഗുറിയാ, ഹബീബ് എന്നിവരുടെ രക്തസാക്ഷിവിവരണം സുറിയാനിസഭകളിൽ ഉടനീളം പ്രചരിച്ചിരുന്നു. ഇവ പിന്നീട് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

ബേത് – അർശാമിലെ ശെമയോനിൽ നിന്ന് യമനിലെ ക്രിസ്ത്യാനികളുടെ രക്തസാക്ഷിത്വത്തെപ്പറ്റി (518) ഗാബാലായിലെ ശെമയോൻ എന്ന ആശ്രമാധ്യക്ഷന് 519–ൽ എഴുതിയ രണ്ടു കത്തുകൾ ഉണ്ട്. ദു-നുവാസ് എന്ന ഹിംയറൈറ്റ് രാജാവ് യമനിലെ നജ്റനിൽ ക്രിസ്ത്യാനികളെ യഹൂദീകരണത്തിന് പ്രേരിപ്പിക്കുകയും എതിർത്തവരെ കൊല്ലുകയും ചെയ്ത സംഗതിയാണ് ശെമയോൻ എഴുതിയിരിക്കുന്നത്. ഹീറായിൽ നിന്നും (ലാക്മിഡ് രാജ്യം) ഗ്ബിതായിൽ (ഗോലാൻ) നിന്നും കിട്ടിയ വിശ്വസനീയ വിവരം അനുസരിച്ചാണ് കത്തെന്നും സൂചിപ്പിക്കുന്നു.

## 7. കലാലയാധ്യാപകർ

പേർഷ്യൻ സഭയുടെ ബൗദ്ധിക കേന്ദ്രമായിരുന്നു നിസിബിസ് കലാലയം. മാർ അപ്രേമാണ് ആദ്യത്തെ വിശ്വാസ പരിശീലനകേന്ദ്രം തുടങ്ങിയത്. അദ്ദേഹം 363–ൽ നിസിബിസിൽ നിന്ന് മറ്റ് ക്രിസ്ത്യാനികളോടൊപ്പം എഡേസ്സയിലേക്ക് കുടിയേറിയപ്പോൾ നിസിബിസിലെ കലാലയം നിന്നുപോയി. തുടർന്ന് അദ്ദേഹം എഡേസ്സയിൽ വളരെ പ്രശസ്തമായ രീതിയിൽ കലാലയം തുടങ്ങി. മരിക്കുന്നതുവരെ (373) അതിന് നേതൃത്വം കൊടുത്തു. എഫേസോസ് (431), കാൽസിഡൺ (451) കൗൺസിലുകളോടുകൂടെ കലാലയത്തിൽ വിഭാഗീയത വളരുകയും അനേകം ഗുരുക്കന്മാരും വിദ്യാർഥികളും അവിടംവിട്ട് പോകുകയും ചെയ്തു. കാൽസിഡൺ അനുകൂലികളും എതിരാളികളും തമ്മിലായിരുന്നു ആശയസംഘട്ടനം. അവസാനം സേനോ ചക്രവർത്തിയുടെ കൽപനയാൽ എഡേസ്സാ മെത്രാൻ സൈറസ് (ഖൂറാ) 489–ൽ കലാലയം അടച്ചുപൂട്ടി. അപ്പോൾ നർസൈ ഉൾപ്പെടെയുള്ള അധ്യാപകർ പേർഷ്യൻ സാമ്രാജ്യത്തിലെ നിസിബിസിലെത്തി അവിടെ കലാലയം തുടർന്നു. അടിസ്ഥാനപരമായി മാർ അപ്രേമിന്റെയും മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെയും ഭാഷ്യപാരമ്പര്യങ്ങളും ദൈവശാസ്ത്രപാരമ്പര്യങ്ങളുമാണ് എഡേസ്സാ-നിസിബിസ് കലാലയങ്ങൾ തുടർന്നത്.

പേർഷ്യൻ സഭയിലുടനീളം, പ്രത്യേകിച്ച് നിസിബിസ് കലാലയത്തിൽ തിയഡോറായിരുന്നു ദൈവശാസ്ത്രജ്ഞനും വ്യാഖ്യാതാവും സത്യവിശ്വാസസ്തംഭവും മൽപ്പാന്മാരുടെ മൽപ്പാനും. തിയഡോറിന്റെ കാലത്തുതന്നെ അദ്ദേഹത്തിന്റെ കൃതികൾ പേർഷ്യയിൽ പ്രചരിച്ചിരുന്നു. കാലക്രമത്തിൽ സുറിയാനി വിവർത്തനങ്ങളുണ്ടായി. കീയോറെ ആണ് വിവർത്തനത്തിന് ആരംഭം കുറിച്ചത്. ഈബാസ് സുറിയാനി പാരമ്പര്യത്തിൽ 'വിവർത്തകൻ' എന്ന്

അറിയപ്പെടുന്നു. കൂമി വിവർത്തനത്തിൽ ഈബാസിനെ സഹായിച്ചു. ദിയദോറിന്റെ കൃതികൾ വിവർത്തനം ചെയ്തത് മാനായാണ്; തിയഡോറിയൻ കൃതികളുടെ വിവർത്തനം പൂർത്തിയാക്കിയത് ഏലീശായും. തിയഡോറിന്റെ കൃതികൾക്കു പുറമേ മറ്റ് അന്ത്യോക്യൻ ചിന്തകരുടെ കൃതികളും പൂർണ്ണമായോ ഭാഗികമായോ സുറിയാനി വിവർത്തനത്തിൽ നിസിബിസിൽ ലഭ്യമായിരുന്നു. അന്ത്യോക്യൻ ദൈവശാസ്ത്രചിന്തയുടെ കേന്ദ്രം നിസിബിസായിത്തീർന്നു. അവിടെ നിന്ന് അത് പേർഷ്യൻ സാമ്രാജ്യത്തിലെ സഭയിൽ ഉടനീളം പ്രചരിച്ചു.

കലാലയാധ്യാപകനായിരുന്ന മാർ ആബായുടെ കാലത്ത് (540–552) നെസ്തോറിയസിന്റെ ചില കൃതികളും തിയഡോറിന്റെയും നെസ്തോറിയസിന്റെയും പേരിൽ അറിയപ്പെടുന്ന അനാഫറകളും സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. മാർ ആബായാണ് അതിന് നേതൃത്വം കൊടുത്തത്. അദ്ദേഹം പിന്നീട് കാതോലിക്കോസായി. കലാലയാധ്യക്ഷനായിരുന്ന അബ്രഹാം ദ്ബേത് റബ്ബാൻ (510–569/70) ഈ പാരമ്പര്യം തുടർന്നു. ഈ കാലത്ത് ഒരു സുപ്രധാന സംഭവം നടന്നു. ജസ്റ്റീനിയൻ ചക്രവർത്തിയും പേർഷ്യൻ രാജാവായ ഖുസ്രാ ഒന്നാമനും കൂടി 562/3–ൽ ‘ശാശ്വതോടമ്പടി’ എന്ന പേരിൽ അൻപതുവർഷത്തേക്ക് ഒരു യുദ്ധരഹിത കരാറിൽ ഒപ്പുവച്ചു. തദ്ഫലമായി കൈവന്ന സമാധാനാന്തരീക്ഷം പ്രയോജനപ്പെടുത്തി വിവിധ ക്രൈസ്തവസമൂഹങ്ങളെ ജസ്റ്റീനിയൻ ഐക്യചർച്ചയ്ക്ക് കോൺസ്റ്റാന്റിനോപ്പിളിലേക്ക് വിളിച്ചു. പേർഷ്യൻ സഭയിൽ നിന്ന് നിസിബിസ് മെത്രാൻ പൗലോസ്, ബാലാദ് മെത്രാൻ മാറി, കർദു മെത്രാൻ ബർസൗമ, സെലൂഷ്യൻ സ്കൂളിലെ വ്യാഖ്യാതാവായ ഈശായ്, ഈശോയാബ് ദ്അർസൂൻ, സിംഗാർ മെത്രാൻ ബാബായ് എന്നിവർ പങ്കെടുത്തു. എന്നാൽ ആ ചർച്ചകൾ വിജയിച്ചില്ല.

പ്രസ്തുത യോഗത്തിനുശേഷം പേർഷ്യൻ ക്രിസ്ത്യാനികൾ അന്ത്യോക്യൻ-തിയഡോറിയൻ പാരമ്പര്യങ്ങൾ കുറേക്കൂടി ഉറപ്പിച്ചു. അബ്രഹാം ദ്ബേത്റബ്ബാൻ അതിനു നേതൃത്വം നൽകി. തുടർന്നു കലാലയത്തിനു നേതൃത്വം നൽകിയ ഹെനാനാ തിയഡോറിയൻ ചിന്തയിൽ നിന്നകന്ന് അലക്സാണ്ഡ്രിയൻ-സിറില്ലിയൻ ചിന്താഗതിയുടെ വക്താവായി. അതായത്, ബിസന്റൈൻ ലോകത്ത് പ്രചരിച്ചിരുന്ന നെയോ-കാൽസിഡോണിയൻ ക്രിസ്തുശാസ്ത്രത്തിന്റെ പ്രചാരകനായി. പേർഷ്യൻ നിസിബിസ് കലാലയത്തിൽ ഇതൊരു വ്യതിചലനമായിരുന്നതിനാൽ ഒന്നിലേറെ സിനഡുകൾ ഹെനാനായെ താക്കീതുചെയ്തു. എന്നാൽ 610–ൽ മരിക്കുന്നതുവരെ അയാൾ ആ സ്ഥാനത്ത് തുടർന്നു.

ഈ പശ്ചാത്തലത്തിൽ തിയഡോറിയൻ പാരമ്പര്യം നിലനിർത്താൻ 571–ൽ കശ്കാറിലെ മഹാനായ മാർ അബ്രഹാമിന്റെ നേതൃത്വത്തിൽ



ഈസ്ലാമലയിൽ ഒരാശ്രമപ്രസ്ഥാനം തുടങ്ങി. മാർ അബ്രഹാമിനുശേഷം മാർ ദാദീശോയും (588–604) പിന്നെ മാർ ബാബായ് റമ്പായും (+628) ഈസ്ലായിലെ ഈ വലിയ ആശ്രമത്തെ നയിച്ചു. ഈ ആശ്രമം തിയഡോറിയൻ ചിന്താധാര പ്രചരിപ്പിച്ചു. നിസിബിസ് കലാലയത്തിലെ പ്രധാനാധ്യാപകനായിരുന്ന നർസൈ ആണ്ടുവട്ടത്തെ തിരുനാളുകളുടെ വിശദീകരണങ്ങൾ എഴുതി. ഈ ശൈലി ഏതാണ്ട് 700–ാമാണ്ടുവരെ പേർഷ്യൻ സ്കൂളുകൾ സജീവമായി നിലനിർത്തി. എഡേസ്സയിൽ തന്നെ ഈ രീതി ആരംഭിച്ചിരുന്നു. നിസിബിസിലും മറ്റ് കലാലയങ്ങളിലും പ്രവർത്തിച്ച ചില വ്യക്തികളെപ്പറ്റി ചുരുക്കമായി ചർച്ചചെയ്യാം.

## സിറില്ലോണാ

എഡേസ്സാക്കാരനായ സിറില്ലോണാ സുറിയാനിയിലെ നല്ലൊരു കവിയായിരുന്നു. അയാൾ അപ്രേമിന്റെ കുടുംബത്തിൽ പെട്ട ആളായിരുന്നെന്നും ആദ്യനാമം അബ്സമിയാ എന്നായിരുന്നെന്നും ഐതിഹ്യമുണ്ട്. ഗീതങ്ങളും പ്രസംഗങ്ങളുമായി അദ്ദേഹത്തിന്റെ ആറ് കൃതികൾ അറിയപ്പെടുന്നു:

1. ക്രൂശാരോഹണത്തെ പറ്റിയുള്ള ഗീതം: ഇതിൽ അന്ത്യത്താഴവും കുർബാനസ്ഥാപനവും ചർച്ച ചെയ്യുന്നു.

2. പാദക്ഷാളനത്തെ പറ്റിയുള്ള ഗീതം.

3. ഉയർപ്പിനെ പറ്റിയുള്ള പ്രസംഗം.

4. വെട്ടുക്കിളികളെ പറ്റിയും ഹൂണന്മാരുടെ കടന്നാക്രമണത്തെ പറ്റിയുമുള്ള ഗീതം: ഹൂണന്മാർ 395/6–ൽ സിറിയായിൽ കടന്ന് കൊലയും കൊള്ളിവയ്പും നടത്തി. അതോടൊപ്പം ആ പ്രദേശത്ത് ഭൂകമ്പവും വരൾച്ചയും ദാരിദ്ര്യവും നടമാടി. അതേപ്പറ്റിയാണ് ഈ ഗീതം.

5. സക്കായിയെ പറ്റിയുള്ള ഗീതം.

6. ഗോതമ്പിനെ പറ്റിയുള്ള പ്രഭാഷണം: ഗോതമ്പിന്റെ വിവിധാർഥങ്ങളും അതിന്റെ വളർച്ചയും വിശദമാക്കുന്നു. ഈ രേഖകളിലൂടെ സിറില്ലോണായുടെ തിരുലിഖിത പരിജ്ഞാനം വ്യക്തമാകുന്നു.

## മാർ നർസൈ (399–502)

“പരിശുദ്ധാത്മാവിന്റെ വീണ” എന്നറിയപ്പെടുന്ന ഒരു സുറിയാനി സഭാപണ്ഡിതനാണ് മാർ നർസൈ. പേർഷ്യയിൽ മായൽതാ പ്രദേശത്ത് അയിൻ ദുൽബാ എന്ന സ്ഥലത്ത് ജനിച്ചു. ഉത്തര ഇറാക്കിൽ കുർദിഷ് മലകളുടെ അടിവാരത്തിലാണ് അയിൻ ദുൽബാ. വളരെ ചെറുപ്പത്തിൽതന്നെ മാതാപിതാക്കൾ നഷ്ടപ്പെട്ടതിനാൽ, ബേത് സബ്ദായ് ആശ്രമത്തിൽ അദ്ദേഹത്തിന്റെ മാതൃസഹോദരന്റെ ശിക്ഷണത്തിൽ കുറേനാൾ വളർന്നു. പിന്നീട് എഡേ

സ്സായിലെ വിദ്യാപീഠത്തിൽ പഠിച്ച്, അവിടെത്തന്നെ അധ്യാപകനും പ്രധാനാധ്യാപകനുമായി. അക്കാലത്ത് ആ വിദ്യാപാഠശാല അന്ത്യോക്യൻ ദൈവശാസ്ത്രത്തിന്റെ, പ്രത്യേകിച്ച്, തിയഡോറിയൻ ചിന്തയുടെ കേന്ദ്രമായിരുന്നു. കീയോറേ (+436/7) കലാലയാധ്യക്ഷനായിരുന്നപ്പോൾ, സിറില്ലിയൻ ചിന്താഗതിക്കാരനായ റാബുള (+435) ആയിരുന്നു എഡേസ്സയിലെ മെത്രാൻ. തുടർന്നു ഭരിച്ച ഈബാസ് മെത്രാൻ (+457) കലാലയവുമായി യോജിച്ചു പോയി. ഏതാണ്ട് 451-ഓടുകൂടി നർസൈ പ്രധാനാധ്യാപകനായി. അന്ത്യോക്യൻ ദൈവശാസ്ത്രചിന്തകൾ വികസിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും അദ്ദേഹം നേതൃത്വം കൊടുത്തു. എന്നാൽ ഈബാസിന്റെ പിൻഗാമിയായ സൈറസ് (ഖൂറാ) കലാലയത്തിന്റെ ചിന്താഗതിയോട് അനുഭാവം കാണിച്ചില്ല. അദ്ദേഹം നർസൈയെ 471-ൽ കലാലയത്തിൽ നിന്ന് പുറത്താക്കുകയും സേനോ ചക്രവർത്തിയുടെ കൽപനയാൽ 489-ൽ കലാലയം തന്നെ നിർത്തലാക്കുകയും ചെയ്തു.

നർസൈ നിസിബിസിൽ ചെന്ന് സ്ഥലത്തെ മെത്രാനായ ബർ സൗമായുടെ പ്രേരണയാൽ അവിടെ ഒരു മതപഠനകേന്ദ്രം തുടങ്ങി. ചില കാരണങ്ങളാൽ ഇടയ്ക്കൊക്കെ ബർ സൗമായുമായി പിണങ്ങേണ്ടി വന്നെങ്കിലും മരിക്കുന്നതുവരെ നർസൈ അവിടെ പഠിപ്പിച്ചു. നിസിബിസ് കലാലയത്തിന്റെ നിയമാവലി (സ്റ്റാറ്റ്യൂട്ട്സ്) എഴുതിയുണ്ടാക്കിയത് 496-ലാണ്. മാർ നർസൈയുടെ കൃതികളെല്ലാം പദ്യരൂപത്തിൽ 7:7;12:12 മീറ്ററുകളിലാണ്. ഏതാണ്ട് 80/84 മെമ്രാകൾ (പദ്യഹോമിലികൾ) അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. കൂടുതലും ബൈബിൾ വിഷയങ്ങളാണ് അദ്ദേഹം ചർച്ച ചെയ്തത്. പൗരസ്ത്യ സുറിയാനി സഭയിലെ ഒരുവലിയ അനുഗൃഹീതകവിയാണ് അദ്ദേഹം.

1. സൃഷ്ടിയെപ്പറ്റി ആറ് മെമ്രാകൾ.
2. സ്നാനം, കുർബാന എന്നിവയെക്കുറിച്ച് നാല് മെമ്രാകൾ.
3. ക്രിസ്മസ്, ദനഹാ, പീഡാനുഭവം, ഉത്ഥാനം, സ്വർഗാരോഹണം എന്നീ കർതൃപെരുന്നാളുകളെ കുറിച്ച് അഞ്ച് മെമ്രാകൾ,.
4. പഴയനിയമവിഷയങ്ങളെ കുറിച്ച് ആറ് മെമ്രാകൾ.
5. സുവിശേഷത്തിലെ ഉപമകളെ കുറിച്ച് അഞ്ച് മെമ്രാകൾ.
6. ദിയദോർ, തിയഡോർ, നെസ്തോറിയസ് എന്നിവരെപ്പറ്റി ഒരു മെമ്രാ എന്നിവയാണ് പ്രസിദ്ധീകൃതമായ കൃതികൾ. അദ്ദേഹത്തിന്റെ വളരെയധികം കൃതികൾ ഇനിയും അച്ചടിക്കാതെ അവശേഷിക്കുന്നു.

ബൈബിളിലെ വിവിധ പുസ്തകങ്ങൾക്ക് അദ്ദേഹം വ്യാഖ്യാനങ്ങൾ എഴുതി. എന്നാൽ അവയെല്ലാം അദ്ദേഹത്തിന്റേതാണോ എന്ന് ഖണ്ഡിതമായി പറയാനാവില്ല. പതിമൂന്നാം നൂറ്റാണ്ടു മുതലുള്ള കൈയെഴുത്തുപ്രതികൾ മാത്രമേ തത്സംബന്ധമായി നമുക്കു ലഭിച്ചിട്ടുള്ളു. അന്ത്യോക്യൻ ദൈവശാസ്ത്രം തിയഡോറിന്റെ വീക്ഷണത്തിലൂടെയാണ് കലാലയങ്ങളിൽ പ്രചരിച്ചിരുന്നത്. അതിന്റെ വക്താവും പ്രചാരകനുമായിരുന്നു നർസൈ. അദ്ദേഹത്തിന്റെ ദൈവശാസ്ത്രവീക്ഷണങ്ങൾ കൃത്യമായി അവതരിപ്പിക്കാൻ കൂടുതൽ പഠനങ്ങൾ ഇനിയും ആവശ്യമാണ്; അതുപോലെ അദ്ദേഹത്തിന്റെ കൃതികളുടെ വിമർശനപ്പതിപ്പുകളും.



### ഏലീശാ ബർ ഖുസ്ബായേ (+510)

നർസൈയുടെ സഹപ്രവർത്തകനും പിൻഗാമിയുമായിരുന്നു(503-510) ഏലീശാ. മാർഗായിലെ (ബേത് ഹൂസായേ) ഖുസ്ബായാണ് ജന്മസ്ഥലം. സഭാശാസ്ത്രങ്ങളിലും ലൗകികശാസ്ത്രങ്ങളിലും അദ്ദേഹത്തിന് നല്ല പ്രവീണ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി നമുക്ക് അധികം വിവരങ്ങൾ ലഭിച്ചിട്ടില്ല. അദ്ദേഹം നിരവധി ഗ്രന്ഥങ്ങൾ എഴുതിയെങ്കിലും അവ കൈവന്നിട്ടില്ല. പ്ശീത്തായെ ആധാരമാക്കി പല പഴയനിയമഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യങ്ങളെഴുതി. തിയഡോർ രചിച്ച സാമുവേലിന്റെ ഭാഷ്യത്തിന്റെ സുറിയാനി പരിഭാഷ പൂർത്തിയാക്കി. മേർവിലെ ഈശോദാദിന്റെ ചില പരാമർശങ്ങൾ ഒഴിച്ചാൽ ബാക്കിയെല്ലാം നഷ്ടപ്പെട്ടു. ചില പുതിയനിയമ ഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യം ചമച്ചു. ക്രിസ്തുമതവിശ്വാസ സംഗതികൾ വിവരിച്ചുകൊണ്ട് അകാചിയസ് കാതോലിക്കോസിന്റെ നിർദേശാനുസൃതം ഏലീശാ ഒരു ഗ്രന്ഥമെഴുതി. അകാചിയസ് അത് പേർഷ്യൻ ഭാഷയിലാക്കി കവാദ് രാജാവിന് നൽകി. വിജാതിയർ, ഏകസ്വഭാവവാദികൾ എന്നിവർക്കെതിരെ താർക്കിക കൃതികളെഴുതി. കലാലയങ്ങളുടെ ആരംഭത്തെ കുറിച്ചും രക്തസാക്ഷികളെ കുറിച്ചും കൃതികളെഴുതി. അബ്ദീശോ ഇപ്രകാരം എഴുതുന്നു: "ഏലീശാ ബർ ഖുസ്ബായേ ജോബിന്റെ പുസ്തകത്തിനും കൊറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനത്തിനും പിന്നീടുള്ള മൂന്നു ലേഖനങ്ങൾക്കും വ്യാഖ്യാനങ്ങളെഴുതി. മൗത്വേ, സഹദേ, നന്ദിപ്രകടനം എന്നിവയെക്കുറിച്ച് മെമ്രാകൾ എഴുതി" (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*,പേ.75).

### അബ്രഹാം ദ്ബേത് റബ്ബാൻ

ഏലീശായുടെ പിൻഗാമിയായി നിസിബിസ് കലാലയാധ്യക്ഷനായത് അബ്രഹാമാണ്. നർസൈയുടെ സഹോദരീപുത്രനായിരുന്നു അദ്ദേഹം. മായൽതായിലെ അയിൻ-ദുൽബയിൽ ജനിച്ചു. നർസൈ എന്നായിരുന്നു ആദ്യനാമം. ബർ സഹ്ദേ എന്നായിരുന്നു പിതാവിന്റെ നാമം. പതിനഞ്ചാം വയസ്സിൽ മാർ നർസൈയുടെ ശിക്ഷണത്തിനായി നിസിബിസിൽ എത്തി. അബ്രഹാം എന്നു പേരു മാറ്റി. വിവിധ ശാസ്ത്രങ്ങൾ അഭ്യസിച്ചശേഷം അവിടെത്തന്നെ

പഠിപ്പിക്കാൻ തുടങ്ങി. അദ്ദേഹം പല പഴയനിയമഗ്രന്ഥങ്ങൾക്കും ഭാഷ്യങ്ങളെഴുതി. അവയിൽ ചിലതിന്റെ പരാമർശം മേർവിലെ ഈശോദാദിൽ ഉള്ളവയൊഴിച്ചാൽ ബാക്കിയെല്ലാം നഷ്ടപ്പെട്ടു. അക്കാലത്ത് പേർഷ്യൻ സഭയിലെ വളരെ പ്രഗത്ഭനായ ഒരധ്യാപകനായിരുന്നു അദ്ദേഹം. നർസൈയുടെ കുടുംബത്തിൽ പെട്ട ആളായിരുന്നതിനാലാണ് 'ദ്ബേത് റബ്ബാൻ' എന്ന് അറിയപ്പെട്ടത്. അദ്ദേഹം വളരെ ഭക്തനും വിനീതനും കാര്യപ്രാപ്തിയുള്ളവനും ആയിരുന്നു. അക്കാലത്ത് കലാലയത്തിൽ ധാരാളം വിദ്യാർഥികളുണ്ടായിരുന്നു. പഠനനിലവാരം ഉയർത്തുന്നതിനും പാർപ്പിടസൗകര്യങ്ങൾ ഒരുക്കുന്നതിലും അബ്രഹാം ശ്രദ്ധിച്ചു. അക്കാലത്ത് സെലൂഷ്യയിലെ കലാലയം പുഷ്ടിപ്പെട്ടു. വർദഷീർ, കർകാ ദ്ലേദാൻ, കശ്കാർ, സൂസൻ എന്നിവിടങ്ങളിൽ കലാലയങ്ങൾ തുടങ്ങിയതും അക്കാലത്താണ്. നിസിബിസിലെ പല വിദ്യാർഥികളും ഈ പുതിയ കലാലയങ്ങളെ സമ്പുഷ്ടമാക്കാൻ സഹകരിച്ചു. 540/1-ഓടുകൂടി പേർഷ്യയിൽ ക്രിസ്ത്യാനികൾക്കെതിരെ മതമർദനം തുടങ്ങി. യൗസേപ്പ് ദ്ബേത് ഹൂസായേ, മാർ ആബാ, പൗലോസ്, എഡേസ്സയിലെ തോമസ്, കീയോറേ, ഈശായ്, റാമീശോ, മറ്റൊരു നർസൈ എന്നിവർ അവിടെ പഠിപ്പിച്ചിരുന്നവരാണ്. നെസ്തോറിയസിന്റെ "ലീബർ ഹെരാക്ലിദെസ്", നെസ്തോറിയസിന്റെയും തിയഡോറിന്റെയും അനാഫറകൾ എന്നിവ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യാൻ മാർ ആബാ നേതൃത്വം നൽകി. മാർ അബ്രഹാമിന്റെ അടുത്ത സഹായി ആയിരുന്നു യോഹന്നാൻ ദ്ബേത് റബ്ബാൻ. അദ്ദേഹവും നർസൈയുടെ ബന്ധുവായിരുന്നു. അദ്ദേഹവും അവിടെ പഠിപ്പിക്കുകയും കൃതികൾ രചിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ കൃതികളെല്ലാം നഷ്ടപ്പെട്ടുപോയി. മാർ അബ്രഹാമിന്റെ പിൻഗാമിയായി കലാലയാധ്യക്ഷനായത് ഈശോയാബ് ദ്ബേത് അർബായേ (665/8) ആണ്.

### എഡേസ്സയിലെ തോമസ്

സെലൂഷ്യൻ സ്കൂളിലെ വ്യാഖ്യാതാവായിരുന്ന തോമസ്, മാർ ആബായുടെ ശിഷ്യനായിരുന്നു. യൽദാപ്പെരുന്നാൾ, ദനഹാപ്പെരുന്നാൾ എന്നിവയെക്കുറിച്ച് വിവരണങ്ങൾ എഴുതി. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 543-ൽ മരിച്ചു.

### ഈശായ് (6-ാം നൂ.)

നിസിബിസിലോ, സെലൂഷ്യയിലോ വ്യാഖ്യാതാവായിരുന്ന അദ്ദേഹം 'രക്തസാക്ഷികളുടെ അനുസ്മരണയുടെ വിശദീകരണം' എഴുതി. കോൺസ്റ്റാന്റിനോപ്പിളിൽ ചർച്ചയ്ക്കു പോയ ഡലഗേഷനിൽ ഈശായിയും ഉണ്ടായിരുന്നു.

### എഡേസ്സയിലെ കീയോറേ (സൈറസ്) (6-ാം നൂ.)

മാർ ആബായുടെ (540-552) ശിഷ്യനും എഡേസ്സയിലെ തോമസിന്റെ സഹപാഠിയുമായിരുന്ന സൈറസ് സെലൂഷ്യയിൽ പഠിപ്പിച്ചു. മാർ ആബായുടെ നേതൃത്വത്തിൽ നെസ്തോറിയുസിന്റെ 'ലീബർ ഹെരാക്ലിദെസ്' സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. തോമസിന്റെ മരണശേഷം (543) കർതൃപെരുന്നാളുകളുടെ ആറ് വിശദീകരണങ്ങളെഴുതി. നോമ്പ്, പെസഹാ, പീഡാനുഭവം, ഉയർപ്പ്, സ്വർഗാരോഹണം, പെന്തിക്കൊസ്തി എന്നിവയെക്കുറിച്ചാണ് എഴുതിയത്. പിന്നീട് അൽ-ഹീറായിൽ (ഹിർതാ) ഒരു മതപഠന വിദ്യാലയം ആരംഭിച്ചു.



### മർതീരിയൂസ് (സഹ്ദോണാ)

ബേത്-നൂഹദ്രായിലെ ഹാൽമോണിൽ ജനിച്ച സഹ്ദോണാ ബേത്-ആബേയിൽ 615/620-ൽ സന്യാസിയായി. ആശ്രമാധ്യക്ഷനായ മാർ യാക്കോബുമായി അടുത്ത ബന്ധം പുലർത്തി. അദ്ദേഹം 628-ൽ മരിച്ചപ്പോൾ ചരമപ്രസംഗം പറഞ്ഞത് സഹ്ദോണായാണ്. അദ്ദേഹം ബേത്-ഗർമായിലെ മഹോസേ ദ്അരേവാനിൽ 635-നും 640-നും ഇടയ്ക്ക് മെത്രാനായി. സ്നേഹിതനും അദിയബേനേ മെത്രാപ്പോലീത്തായുമായ ഈശോയാബിന്റെ ശുപാർശപ്രകാരമാണ് മെത്രാനായത്. സഹ്ദോണാ തന്റെ ചെറുപ്പകാലത്ത് രചിച്ച 'പരിപൂർണതയുടെ ഗ്രന്ഥ'ത്തിൽ *ഏക ക്നോമാ* അംഗീകരിച്ചതായി കണ്ടുപിടിച്ച ഈശോയാബ് രോഷാകുലനായി, അയാളെ തരംതാഴ്ത്തി നാടുകടത്തിച്ചു. സഹ്ദോണായുടെ ആധ്യാത്മികകൃതികൾ പലതും അച്ചടിച്ചിട്ടുണ്ട്: 'ഏകാന്തവാസികളായ സ്നേഹിതർക്കുള്ള കത്തുകളും ആധ്യാത്മിക മൊഴികളും' 'പരിപൂർണതയുടെ ഗ്രന്ഥവും' അത്തരത്തിൽ പെടുന്നു.

### ഹെനാനാ (+610)

അദിയബേനെക്കാരനായ ഹെനാനാ നിസിബിസ് കലാലയാധ്യക്ഷനായിരുന്നു (571-610). പേർഷ്യൻ സഭയിലെയും നിസിബിസ് കലാലയത്തിലെയും ചിന്താരീതികളിൽ നിന്ന് വ്യത്യസ്തമായ പാത ബൈബിൾ വ്യാഖ്യാനത്തിലും ക്രിസ്തുശാസ്ത്രത്തിലും ഹെനാനാ സ്വീകരിച്ചു എന്നു പറയപ്പെടുന്നു. തദ്ഫലമായി കലാലയത്തിൽ എതിർപ്പുണ്ടായി. അതിന്റെ അലയടികൾ സഭയിലും ഉയർന്നു. മെത്രാന്മാരുടെ സിനഡുകൾ ഒന്നിലേറെ പ്രാവശ്യം ഇതിനെതിരെ ശബ്ദമുയർത്തി. ഹെനാനായുടെ പേരെടുത്തു പറയാതെ, താക്കീത് നൽകുകയും തിയഡോറിയൻ പാരമ്പര്യത്തെ ന്യായീകരിച്ചുറപ്പിക്കുകയും ചെയ്തു. പല വിദ്യാർഥികളും ഹെനാനായോട് വിയോജിച്ച് കലാലയത്തിൽ നിന്ന് പുറത്തുപോയി. അബ്രഹാം ദ്ബേത് റബ്ബാൻ ഈസ്ലാമലയിലെ വലിയ ആശ്രമം 571-ൽ തുടങ്ങിയത് ഹെനാനായോടുള്ള വിയോജിപ്പിന്റെ വെളിച്ചത്തിലാണ്. തിയഡോറിയൻ ചിന്താരീതികളിൽ നിന്ന് കലാലയം അകന്നപ്പോൾ, സഭയെ പ്രസ്തുത ചിന്താധാരയിൽ ഉറപ്പിച്ചു നിർത്താൻ അബ്രഹാമിന്റെ സന്യാസപ്രസ്ഥാനം നേതൃത്വം നൽകി. ഹെനാനാ കർതൃപെരുന്നാളുകൾക്ക് നൽകിയ രണ്ട് വിശദീകരണങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളൂ. തഹാലിലെ ഏശായാ, മിഖായേൽ മൽപ്പാനാ,

ബഹ്-കവാദിലെ അബ്രഹാം, ബർ ഹാദ്ബ്ശാബാ അർബായാ, കാശാ, ഹനാനീശോ എന്നിവർ ഹെനാനായുടെ കാലത്ത് കലാലയത്തിൽ പഠിപ്പിച്ചിരുന്നവരാണ്. മർതീരിയുസ്, യൗസേപ്പ് ഹസ്സായാ എന്നിവരെയും ഹെനാനാ സ്വാധീനിച്ചിട്ടുണ്ട്.

**ബർ ഹാദ്ബ്ശാബാ അർബായാ (7–ാം നൂ.)**

പൗരസ്ത്യസുറിയാനിസഭയിൽപെട്ട അദ്ദേഹം 585–596 കാലഘട്ടത്തിൽ "കലാലയ സ്ഥാപനകാരണം" എന്ന പേരിൽ ഒരു കൃതി രചിച്ചു. പുരാതന കാലത്തെ സ്കൂളുകളെപ്പറ്റി പറഞ്ഞിട്ട് എഡേസ്സാ-നിസ്സിബിസ് കലാലയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. എഡേസ്സാ, നിസിബിസ് കലാലയങ്ങളിലെ പാഠ്യപദ്ധതി ഗ്രഹിക്കാൻ ഈ കൃതി സഹായകമാണ്. ഹെനാനയുടെ കാലം വരെയുള്ള സംഭവവികാസങ്ങൾ വിശദീകരിക്കുന്നു. ഹെനാനായുടെ ഒരു ശിഷ്യനായിരുന്നു അദ്ദേഹം. സഭാചരിത്രം എഴുതിയ ഇതേപേരുകാരൻ വ്യത്യസ്തനാണ്.

**ഈശോയാബ് II കാതോലിക്കാ (+646)**

ഗ്ദാലായിൽ ജനിച്ച ഈശോയാബ് ബാലാദിൽ പഠിപ്പിച്ചു. പിന്നീട് പേർഷ്യയിൽ കാതോലിക്കാ ആയി (628–646). ക്രിസ്തുവിന്റെ ഏകപർസോപ്പാ എങ്ങനെ ഏറ്റുപറയണമെന്ന് റമ്പാൻ അബ്രഹാമിനെഴുതിയ കത്ത് ലഭിച്ചിട്ടുണ്ട്.

**തിയഡോർ ബർ കോണി (8–ാം നൂ.)**

ബേത്-അറമായേയിലെ കശ്കാറിൽ ഒരു സന്യാസിയായിരുന്നു തിയഡോർ. അവിടെ അദ്ദേഹം ബൈബിൾ വ്യാഖ്യാതാവായിരുന്നു. 'സ്കോളിയാ ഗ്രന്ഥം' എന്ന ഏക കൃതിയേ തിയഡോറിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുള്ളു. അദ്ദേഹം 792–ൽ അത് പൂർത്തിയാക്കി. അതിൽ 11 മെമ്രാകളുണ്ട്. ബൈബിളിനെ അടിസ്ഥാനമാക്കി ദൈവശാസ്ത്രത്തിനും തത്വശാസ്ത്രത്തിനുമുള്ള ഒരാമുഖഗ്രന്ഥമായി ഇതിനെ കണക്കാക്കാം. ഒന്നു മുതൽ ഒൻപതു വരെയുള്ള ഭാഗങ്ങൾ ഒന്നിച്ചുപോകുന്നു. പഴയനിയമത്തിലും (മെമ്രാ 1–5) പുതിയ നിയമത്തിലും (മെമ്രാ 6–9) ഉള്ള തെരഞ്ഞെടുത്ത ഭാഗങ്ങളുടെ വിവരണം ഉൾക്കൊള്ളുന്നു. പത്താം മെമ്രാ ഇസ്ലാമിനെതിരെ ക്രിസ്തുമതത്തിനു വേണ്ടിയുള്ള അപ്പോളജിയാണ്. പതിനൊന്നാം മെമ്രാ വിവിധ പാഷണ്ഡതകളെപ്പറ്റി പ്രതിപാദിക്കുന്നു. അവസാനത്തെ രണ്ടെണ്ണം പിന്നീട് കൂട്ടിച്ചേർത്തതാകാം. രണ്ടു പതിപ്പുകളിൽ ഈ കൃതി കൈവന്നിട്ടുണ്ട്. പേർഷ്യയിൽ നിലനിന്ന അന്ത്യോക്യൻ-തിയഡോറിയൻ ഭാഷ്യരീതികൾ വിദ്യാർഥികൾക്ക് പരിചയപ്പെടുത്താനുള്ള ഒരാമുഖഗ്രന്ഥമാണിത്. ചോദ്യോത്തരരീതിയിലാണ് ഒൻപതുവരെയുള്ള മെമ്രാകൾ. അദ്ദേഹം സ്കോളിയോൻ, സഭാചരിത്രം, പ്രബന്ധങ്ങൾ, കത്തുകൾ എന്നിവ എഴുതിയെന്ന് അബ്ദീശോ പറയുന്നു (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ,* പേ. 78).



**എമ്മാനുവേൽ ഷഹാറെ (10–ാം നൂ.)**

ആറുദിവസത്തെ സൃഷ്ടിവിവരണത്തിന്റെ പദ്യരൂപത്തിലുള്ള ഭാഷ്യമെഴുതി.

**കാമീശ് ബർ കർദാഹേ(12/13 നൂ.)**

അർബേലിലെ ഒരു പുരോഹിതനും കവിയുമായിരുന്നു അദ്ദേഹം. ബർ എബ്രായയുടെ വിജ്ഞാനത്തെപ്പറ്റിയുള്ള കൃതിക്ക് അനുബന്ധമെഴുതി. *കാമീസ്* എന്ന പേരിൽ അയാളുടെ *ഓനിയാസാകൾ* അറിയപ്പെടുന്നു.

# 8. സന്യാസ പിതാക്കന്മാർ

ആരംഭം മുതലേ പേർഷ്യൻ സഭയിൽ സന്യാസപ്രസ്ഥാനം വളരെ ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു. മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി, താപസ്സകർമങ്ങളിൽ പാദമൂന്നിയ ഒരു ക്രിസ്തീയത്വം അവിടെ വികസിച്ചു. ആറാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കശ്കാറിലെ അബ്രഹാം ഈസ്ലാമലയിൽ 571–ൽ തുടങ്ങിയ സന്യാസപ്രസ്ഥാനം പേർഷ്യൻ സഭയിൽ ഒരു വഴിത്തിരിവായിരുന്നു. തിയഡോറിയൻ ദൈവശാസ്ത്ര ബോധ്യങ്ങളുടെ കേന്ദ്രമായിത്തീർന്ന ഈ വലിയ ആശ്രമത്തിൽ നിന്ന് ധാരാളം സന്യാസപിതാക്കന്മാരുണ്ടായി. അവർ പേർഷ്യയിൽ പലയിടങ്ങളിൽ ആശ്രമങ്ങളും സ്കൂളുകളും സ്ഥാപിച്ചു. പേർഷ്യയിലെ സന്യാസപ്രസ്ഥാനത്തെ നവീകരിക്കാൻ ഈ ആശ്രമത്തിനു കഴിഞ്ഞു. ആബാ ആന്റണി, ആബാ മർക്കോസ്, ആബാ ഏശായാ, എവാഗ്രിയസ് തുടങ്ങിയവർ പേർഷ്യൻ സന്യാസത്തെ സ്വാധീനിച്ചിട്ടുണ്ട്.

സുറിയാനിക്കാരുടെയും ഗ്രീക്കുകാരുടെയും ഇടയിൽ അക്കാലത്തുണ്ടായിരുന്ന എവാഗ്രിയൻ മിസ്റ്റിക്കൽ നവീകരണ സ്വാധീനത്തിലായിരുന്നു ഈസ്ലായിലെ സന്യാസികളും. ഗ്രീക്കുകാരുടെ ഇടയിൽ ഒരിജനിസ്റ്റ് ചിന്തകളുമായി കൂടിക്കലർന്നാണ് എവാഗ്രിയൻ കൃതികൾ പ്രചരിച്ചത്. എന്നാൽ സുറിയാനിക്കാരുടെ ഇടയിൽ ഫീലൊക്സീനുസിന്റെ വിവർത്തനത്തിലൂടെ ഒരിജനിസ്റ്റ് ആശയങ്ങൾ നീക്കംചെയ്ത രീതിയിലാണ് അവ പ്രചരിച്ചത്. എവാഗ്രിയസിന്റെ 'കെഫാലയാ ഗ്നോസ്റ്റിക്കാ' എന്ന ഗ്രന്ഥത്തിന് മാർ ബാബായ് റമ്പാ ഒരു വ്യാഖ്യാനമെഴുതി. അതിന് ഫീലൊക്സീനുസിന്റെ വിവർത്തനമാണ് അദ്ദേഹം ഉപയോഗിച്ചത്. ബാബായ് തന്റെ കൃതിയിൽ എവാഗ്രിയസിനെ ആന്റി ഒരിജനിസ്റ്റായി കൂടി അവതരിപ്പിക്കുന്നു.

ഒരിജനിസ്ത്യരും ഏകസ്വഭാവ വാദികളും ഒത്തുചേർന്ന് അന്ത്യോക്യൻ ദൈവശാസ്ത്ര ചിന്താരീതിയെ എതിർത്തു. അതുകൊണ്ട്, ഒരിജനിസ്റ്റ് ചിന്തയെ ബാബായിയും മറ്റ് പേർഷ്യാക്കാരും എതിർത്തു. ഹെനാനാ ആയിരുന്നു അവരുടെ ഇടയിലെ ഒരിജനിസ്റ്റ്. ഹെനാനായുടെ അനുയായികളു

മായി ഈസ്ലാമലയിലെ സന്യാസികൾ തർക്കത്തിലേർപ്പെട്ടു. ഈസ്ലായിൽ നിന്നുള്ള സന്യാസികളാണ് പേർഷ്യയിൽ പല പുതിയ സ്കൂളുകളും തുടങ്ങിയത്. ഈ ആശ്രമത്തിൽ നിന്നുള്ള ഡീക്കൻ ഏലീശാ നിസിബിസിൽ ഒരു പാരലൽ സ്കൂൾ തുടങ്ങി. കർദുവിലെ അബീമെലേക്കിന് ഇവിടെയാണ് സന്യാസപരിശീലനം ലഭിച്ചത്. പേർഷ്യൻ സന്യാസചരിത്രം തോമസ് എന്നയാൾ ഒമ്പതാം നൂറ്റാണ്ടിൽ എഴുതി. ബേത്-ആബേയിൽ (മാർഗ) മാർ യാക്കോബിന്റെ (628) ആശ്രമത്തിൽ പെട്ട ആളായിരുന്നു മാർ തോമസ്. പിന്നീട് മാർ തോമസ് ബേത്-ഗർമായ് മെത്രാപ്പോലീത്താ ആയി. കശ്കാറിലെ മാർ ആബ്രഹാമിന്റെ വലിയ ആശ്രമത്തിൽ നിന്ന് മാർ യാക്കോബ് പുറപ്പെട്ടു പോയി പുതിയ ആശ്രമം ബേത് ആബേയിൽ തുടങ്ങാനുള്ള സാഹചര്യം മാർ തോമസ് വിവരിക്കുന്നു. പേർഷ്യയിലെ ചില സന്യാസപിതാക്കന്മാരെപ്പറ്റി ചുരുക്കി രേഖപ്പെടുത്താം.

### അന്ത്യോക്യയിലെ ഇസഹാക്ക്

ഈ പേരുള്ള പല എഴുത്തുകാർ നാലാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനും ഇടയ്ക്ക് ജീവിച്ചിരുന്നു. "ഇസഹാക്കിന്റെ" പേരിൽ പ്രചരിച്ച കൃതികൾ ഇവയിൽ ആരുടേതെന്ന് വളരെ കൃത്യമായി പറയാൻ പ്രയാസമാണ്. അതിന് കൂടുതൽ പഠനങ്ങളും വിമർശനപ്പതിപ്പുകളും ആവശ്യമാണ്. എഡേസ്സയിലെ യാക്കോബ് (7-ാം നൂ.) ഇതേപ്പറ്റി തൂണിന്മേൽ യോഹന്നാന് എഴുതിയതിൽ നിന്ന്, അക്കാലത്തുതന്നെ ഈ പ്രശ്നം സങ്കീർണമായിരുന്നെന്ന് ഊഹിക്കാനാവും:

(1) അമീദുകാരനായ ഒരു ഇസഹാക്ക് അഞ്ചാം നൂറ്റാണ്ടിൽ അന്ത്യോക്യയിൽ പാർത്തിരുന്നു. അയാളുടെ പേരിൽ 200 മെമ്രാകൾ ആരോപിക്കപ്പെട്ടിരുന്നു. അവയിൽ 70 എണ്ണം പ്രസിദ്ധീകൃതമായിട്ടുണ്ട്. മാർ അപ്രേമിന്റെ ശിഷ്യരിൽ ഒരാളായ സെനോബിയസിന്റെ ശിഷ്യനായിരുന്നു ഈ ഇസഹാക്ക്. റോമിലെ വിനോദങ്ങളെപ്പറ്റി 404-ൽ ഇയാൾ എഴുതിയിട്ടുണ്ട്. അലാറിക് 410-ൽ റോം കവർച്ച ചെയ്തതിനെ പറ്റിയും കോൺസ്റ്റാന്റിനോപ്പിളിനെ പറ്റിയും അന്ത്യോക്യയിലെ ഭൂകമ്പത്തെ പറ്റിയും പരാമർശിക്കുന്നു. അയാൾ 461-ൽ മരിച്ചു.

(2) അന്ത്യോക്യയിലെ മറ്റൊരിസഹാക്ക് ആറാം നൂറ്റാണ്ടിൽ തത്തയെപ്പറ്റി ഒരു ഗീതമെഴുതി. "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ..." എന്നതു ചേർത്ത് ത്രൈശുദ്ധകീർത്തനം പാടാൻ ഈ തത്തയെ പരിശീലിപ്പിച്ചു എന്നു പരാമർശിക്കുന്നു. കാൽസിഡൺ വിരുദ്ധരുടെ പ്രചരണപരിപാടിയുടെ ഭാഗമായിരിക്കാം ഇത്. ഈ ഭാഗം പ്രാർഥനയിൽ കൂട്ടിച്ചേർത്തത് പീറ്റർ ഫുള്ളർ (+488) എന്ന കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസാണ്.

(3) എഡേസ്സയിലെ ഒരിസഹാക്ക് ആറാം നൂറ്റാണ്ടിൽ അസ്ക്ലെപ്പിയുസിന്റെ കാലത്ത് (522-525) കാൽസിഡൺ കൗൺസിലിനുവേണ്ടി നിലകൊണ്ടു.



(4) മറ്റൊരു ഇസഹാക്ക് പല സന്യാസകൃതികളും രചിച്ചു.

(5) ഏഴാം നൂറ്റാണ്ടിൽ പേർഷ്യയിൽ ഒരു ഇസഹാക്ക് ജീവിച്ചിരുന്നു. അദ്ദേഹത്തെപ്പറ്റി പിന്നാലെ ചർച്ച ചെയ്യുന്നതാണ്.

### യോഹന്നാൻ അപ്പമെയാ

ആദ്യകാല സുറിയാനി സഭയിലെ ഒരെഴുത്തുകാരനായിരുന്നു യോഹന്നാൻ. ഏകാന്തവാസിയായ യോഹന്നാൻ (*ഈഹീദായാ*), അപ്പമെയായിലെ യോഹന്നാൻ എന്നൊക്കെ അദ്ദേഹം അറിയപ്പെട്ടിരുന്നു. ലിക്കോപ്പൊളീസിലെ യോഹന്നാൻ എന്ന് ചിലർ അദ്ദേഹത്തെ തെറ്റായി വിളിച്ചിരുന്നു. ഈ യോഹന്നാനെപ്പറ്റി നമുക്ക് വളരെയധികം വിവരങ്ങൾ ലഭിച്ചിട്ടില്ല. ആധ്യാത്മിക ജീവിതത്തിന്റെ വിവിധ വശങ്ങളെ പറ്റിയുള്ള നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഉന്നതവിദ്യാഭ്യാസവും ഉന്നതസാംസ്കാരിക നിലവാരവുമുള്ള ആളായിരുന്നു അദ്ദേഹമെന്ന് കൃതികൾ വ്യക്തമാക്കുന്നു. സംഭാഷണശൈലിയാണ് പല കൃതികൾക്കുമുള്ളത്. അദ്ദേഹം അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് ജീവിച്ചിരുന്നു എന്നാണ് പൊതുധാരണ. ഏകാന്തവാസിയായ ഒരു താപസ്സനായിരുന്നു അദ്ദേഹം. അപ്പമെയാ എന്ന പട്ടണത്തിൽ നിന്നുള്ള ആളായിരുന്നതിനാൽ അപ്പമെയാക്കാരൻ എന്ന് അറിയപ്പെടുന്നു. മാർ അപ്രേമിന്റെ ചിന്തകളോട് സാമ്യമുള്ളവയാണ് ഇയാളുടെ വിചിന്തനങ്ങൾ. ആധ്യാത്മികജീവിതത്തിന്റെ മൂന്നു ഘട്ടങ്ങൾ മനുഷ്യനിലുള്ള ശരീരം, ആത്മാവ്, അരൂപി (*നൂസ്*) എന്നിവയ്ക്ക് അനുസൃതമാണ്. ഉത്ഥാനജീവിതത്തിന്റെ മുന്നാസ്വാദനമാണ് ക്രിസ്തീയജീവിതം. മാമോദീസായിൽ അതിന്റെ അച്ചാരം നമുക്കു ലഭിക്കുന്നു. ഇയാളുടെ വിചിന്തനങ്ങളുടെ കേന്ദ്രബിന്ദു പ്രത്യാശയാണ്. പിൻതലമുറയിൽ ഈ എഴുത്തുകാരൻ ഗണ്യമായ സ്വാധീനം ചെലുത്തി. നിനവെയിലെ ഇസഹാക്ക്, യൗസേപ്പ് ഹസ്സായാ എന്നിവർ യോഹന്നാനെ ആശ്രയിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ചില കൃതികൾ പ്രസിദ്ധീകൃതമായി. അവയെപ്പറ്റി പഠനങ്ങളും നടന്നിട്ടുണ്ട്.

### നഥ്ഫാറിലെ അബ്രഹാം (7-ാം നൂ.)

പേർഷ്യൻ സഭയിലെ ഒരു താപസ്സനായിരുന്ന അബ്രഹാമിന്റെ പേരിൽ നിരവധി കൈയെഴുത്തു പ്രതികൾ കൈവന്നിട്ടുണ്ടെങ്കിലും, വളരെ കുറച്ചു മാത്രമേ പ്രസിദ്ധീകൃതമായിട്ടുള്ളു. പേർഷ്യയിൽ വലിയ സന്യാസനവോത്ഥാനം ഉണ്ടായ കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. ആധുനിക ഇറാക്കിൽ മോസൂളിന്റെ തെക്കുകിഴക്കായി വലിയ സാബ് നദീതീരത്താണ് നഥ്ഫാർ അഥവാ ഗുവയിർ. അത് അബ്രഹാമിന്റെ ജന്മസ്ഥലമോ, വാസസ്ഥലമോ എന്നതിനെപ്പറ്റി ഖണ്ഡിതമായി പറയാൻ സാധ്യമല്ല. അദ്ദേഹ

ത്തിന്റെ ജീവിതത്തെപ്പറ്റി കാര്യമായ വിവരം ലഭിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന കൃതികൾ പൂർണമായും അദ്ദേഹത്തിന്റേതല്ല. സന്യാസ ജീവിതസംബന്ധമായ കൃതികളാണ് അദ്ദേഹം രചിച്ചത്. അബ്രഹാമിനെപ്പറ്റി ഈശോദ്നാഹ് തന്റെ സന്യാസചരിത്രത്തിൽ കുറച്ചു കാര്യങ്ങൾ വിവരിക്കുന്നു (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*,കോട്ടയം,2006, പേ.102,ന.43). പ്രാർഥനയെപ്പറ്റി അദ്ദേഹം എഴുതിയിരിക്കുന്നത് മലയാളത്തിൽ ലഭ്യമാണ്: ജി.ചേടിയത്ത്, *പ്രാർഥന സുറിയാനി സഭയിൽ*, പേ.150–156.

### കശ്കാറിലെ അബ്രഹാം (+588)

മഹാനായ അബ്രഹാം എന്നും സന്യാസികളുടെ തലവൻ എന്നും അദ്ദേഹം വിളിക്കപ്പെടുന്നു. അദ്ദേഹം ഈസ്ലാമലയിലെ വലിയ ആശ്രമം 571-ൽ സ്ഥാപിച്ചു. ആശ്രമനിയമങ്ങൾ എഴുതിയുണ്ടാക്കി. അദ്ദേഹം തന്റെ പ്രാരംഭവിദ്യാഭ്യാസാനന്തരം ഹീറായിൽ പോയി വിജാതിയരോട് സുവിശേഷം പ്രസംഗിച്ചു. ഈജിപ്തിൽ ഷേത് ആശ്രമം, സീനായ് മലയിലെ ആശ്രമം തുടങ്ങിയവ സന്ദർശിച്ച് തിരികെ പേർഷ്യയിലെത്തി. നിസിബിസ് കലാലയാധിപന്മാരായിരുന്ന അബ്രഹാം ദ്ബേത് റബ്ബാൻ, യോഹന്നാൻ ദ്ബേത് റബ്ബാൻ എന്നിവരുടെ സ്നേഹിതനായി. ഹെനാനാ കലാലയാധ്യക്ഷനായപ്പോൾ (571) മാർ അബ്രഹാം ഈസ്ലായിൽ ഏകാന്തവാസം തുടങ്ങി. തുടർന്ന് അവിടെ ഒരാശ്രമം ഉയർന്നു. ഈസ്ലാമലയിലെ വലിയ ആശ്രമം എന്ന് അത് അറിയപ്പെട്ടു. മരിക്കുന്നതുവരെ മാർ അബ്രഹാം അതിന്റെ തലവനായിരുന്നു. പാശ്ചാത്യസന്യാസത്തിന്റെ മാതൃകയിൽ പേർഷ്യയിലും നവീകരണം വരുത്താൻ അദ്ദേഹം യത്നിച്ചു. അദ്ദേഹത്തിന്റെ ആശ്രമത്തിൽ പരിശീലനം കിട്ടിയശേഷം മറ്റിടങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ചവരെപ്പറ്റി ഈശോദ്നാഹ് തന്റെ സന്യാസചരിത്രത്തിൽ വിവരിക്കുന്നു (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, പേ. 19–24;91–92). അദ്ദേഹത്തിന്റെ സന്യാസനിയമങ്ങൾ മലയാളത്തിൽ ലഭ്യമാണ് (*അതേകൃതി*,പേ.19–24).

### ദാദീശോ (+604)

മാർ അബ്രഹാമിന്റെ പിൻഗാമിയായി ഈസ്ലാമലയിലെ വലിയ ആശ്രമത്തിൽ അധ്യക്ഷനായത് മാർ ദാദീശോയാണ് (588–604). അദ്ദേഹം മാർ അബ്രഹാമിന്റെ ശിഷ്യനും നിയമദാതാവുമായിരുന്നു. ബേത് അറമായേ ആണ് അദ്ദേഹത്തിന്റെ ജന്മസ്ഥലം. അദ്ദേഹം നിസിബിസ് കലാലയത്തിൽ അഭ്യസനം നടത്തി. അവിടെ നിന്ന് അദിയബേനേയിൽ പോയി. അർബേലിൽ വച്ച് വിശുദ്ധ ഗ്രന്ഥങ്ങൾ അഭ്യസിച്ചു. അതിനുശേഷം അദിയബേനേ മലയിൽ ഏകാന്തവാസം നയിച്ചു. അബ്രഹാമിന്റെ മരണശേഷം ആശ്രമത്തിന്റെ ചുമതല ഏറ്റെടുത്തു. അധികം വൈകാതെ കുറേ നിയമങ്ങൾ എഴുതിയുണ്ടാക്കി. പ്രായോഗിക കാര്യങ്ങളിലേക്ക് വെളിച്ചം വീശാൻ പര്യാപ്തമായവയാണ് ആ നിയമങ്ങൾ. എഴുപത്തിഅഞ്ചാം വയസ്സിൽ മരിച്ചു. അദ്ദേഹത്തിന്റെ നിയമങ്ങൾ മലയാളത്തിൽ ലഭ്യമാണ് (*അതേ കൃതി,* പേ.25–29;പേ.101. നമ്പർ 38).



### ബാബായ് ബർ നിസിബ്നായാ

ബാബായ് പേർഷ്യൻ കുടുംബത്തിൽ പെട്ട ആളായിരുന്നു. അദ്ദേഹം മെമ്രാകളും ലേഖനങ്ങളും സ്തുതിപ്പുകളും ചരിത്രകൃതികളും നിരവധി ഉപദേശങ്ങളും പ്രസംഗങ്ങളും എഴുതി എന്ന് അബ്ദീശോ പറയുന്നു (*അതേകൃതി*, പേ.77,നമ്പർ 65). ബാബായ് പ്രാർഥനയെപ്പറ്റി കുറിയാക്കോസിനെഴുതിയ കത്ത് കൈവന്നിട്ടുണ്ട്. അത് മലയാളത്തിൽ ലഭ്യമാണ് (*അതേകൃതി*, പേ.114 –138). ഈസ്ലായിൽ മാർ അബ്രഹാമിന്റെ ശിഷ്യനായിരുന്ന ബാബായ്, സന്യാസപരിശീലനത്തിനുശേഷം ഏകാന്തവാസിയായി അദിയബേനേ മലയിൽ കുറേനാൾ പാർത്തു. പിന്നീട് ഈസ്ലാമലയിൽ തിരികെയെത്തി ഒരാശ്രമം സ്ഥാപിച്ചു (*അതേകൃതി*,പേ.93).

### സൈപ്രസിലെ ഗ്രിഗറി (7-ാം നൂ.)

സൈപ്രസിലെ സന്യാസികളുടെ അധ്യക്ഷനായി പേർഷ്യയിൽ നിന്ന് അയയ്ക്കപ്പെട്ട ഒരു സന്യാസിയാണ് ഗ്രിഗറി. ഹെനാനായുടെ സമകാലീനനും മഹാനായ ബാബായിയുടെ സ്നേഹിതനുമായിരുന്നു. ഹെനാനായ്ക്ക് എതിരായി കൃതികളെഴുതി. ഇയാളെ കുറിച്ച് വളരെ കുറച്ചു പഠനങ്ങളേ നടന്നിട്ടുള്ളു.

### ശുബ്ഹാലമാറൻ (7-ാം നൂ.)

കർകാ ദ്ബേത്-സ്ലോക്കിലെ മെത്രാപ്പോലീത്താ ആയിരുന്നു. സന്യാസജീവിതത്തെപ്പറ്റി നിരവധി കൃതികളെഴുതിയെന്ന് ഈശോദ്നാഹ് പറയുന്നു (*അതേകൃതി,* പേ. 109). ഖുസ്രാ രണ്ടാമൻ രാജാവിന്റെ പക്കൽ (+628) സ്വാധീനമുണ്ടായിരുന്ന ശിംഗാറിലെ ഗബ്രിയേലുമായി തർക്കത്തിലേർപ്പെട്ടു. ഗബ്രിയേലിന്റെ പ്രേരണയാൽ രാജാവ് ശുബ്ഹാലമാറനെ നാടുകടത്തി. “ഗ്നോസ്റ്റിക് അധ്യായങ്ങൾ” എന്നൊരു കൃതിയും ‘വിജ്ഞാനശാഖകൾ’ എന്ന പേരിൽ മറ്റൊന്നും പ്രയോജനപ്രദമായ ലേഖനങ്ങളും എഴുതി എന്ന് അബ്ദീശോ പറയുന്നു (*അതേകൃതി*,77). ‘നമ്മുടെ കർത്താവിനു സ്തുതി’ എന്നാണ് പേരിനർത്ഥം.‘ദാനങ്ങളുടെ ഗ്രന്ഥം’ എന്ന കൃതി ഡി. ജെ. ലേയ്ൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### യോഹന്നാൻ ബർ ഫിൻകായേ

അദ്ദേഹം എഴു വാല്യങ്ങളെഴുതി: കുട്ടികളുടെ പരിശീലനം, ശബ്ദപരിശീലനം, ലേഖനങ്ങൾ, അബദ്ധോപദേശകർക്കെതിരെ കർത്താവിന്റെ സപ്തനയനങ്ങളെപ്പറ്റി, മുടക്കുകളെപ്പറ്റി, പരിപൂർണതയെപ്പറ്റി, ഒരു ചോദ്യോത്തരഗ്രന്ഥം എന്നിവ രചിച്ചു എന്ന് അബ്ദീശോ പറയുന്നു (*അതേകൃതി,* 77). ടൈഗ്രീസ് നദീതീരത്ത് തുർ അബ്ദീനു കിഴക്കായി ഫിൻക് എന്ന സ്ഥല

ത്തു നിന്നുള്ള ആളാണ് യോഹന്നാൻ. അദ്ദേഹം ആദ്യം കമൂലിലെ യോഹന്നാന്റെ ആശ്രമത്തിലെ അംഗമായിരുന്നു. പിന്നീട് മാർ ബാസ്സീമായുടെ ആശ്രമത്തിലായിരുന്നു. പിൽക്കാല എഴുത്തുകാർ ഈ യോഹന്നാനെയും യോഹന്നാൻ സാബാ (യോഹന്നാൻ ദലിയാതാ) യെയും ഒരാളായി അവതരിപ്പിച്ചു. പതിനഞ്ചു പുസ്തകങ്ങളിലുള്ള 'ക്സാവാ ദ്റീശ് മെല്ലേ' എന്ന ലോകചരിത്രമാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതി. മുകളിൽ *ക്രോണിക്കിൾ* എന്ന ഭാഗത്ത് ഇതേപ്പറ്റി പരാമർശിച്ചിട്ടുണ്ട്.

### അദിയബേനേയിലെ ഹനാനീശോ (7-ാം നൂ.)

അദിയബേനെക്കാരനായ ഹനാനീശോ തന്റെ സഹോദരനോടുകൂടെ മാർ അബ്രഹാമിന്റെ വലിയ ആശ്രമത്തിൽ ചേർന്നു. കുറേനാൾ കഴിഞ്ഞ് പലസ്തീനാ, ഈജിപ്ത് എന്നിവിടങ്ങളിലെ സന്യാസഭവനങ്ങളിലൂടെ തീർഥാടനം നടത്തി. അതിനുശേഷം ബേത്-ആബേയിൽ ചെന്ന് മാർ ഈശോയാബ് മൂന്നാമനുമായി സഹകരിച്ച് 'ഹുദ്റാപുസ്തകം' പരിഷ്കരിച്ചു. മാർ ഗീവർഗീസ് കാതോലിക്കോസിന്റെ (661-680/1) നിർദേശാനുസൃതം "പിതാക്കന്മാരുടെ പറുദീസാ" എന്ന ഗ്രന്ഥമെഴുതി. പല്ലാഡിയുസിന്റെ ലൗസിയാക് ചരിത്രം, 'ഹിസ്തോറിയാ മൊണാസ്തിക്കാ', സന്യാസപിതാക്കന്മാരുടെ മൊഴികൾ, ജീവചരിത്രം എന്നിവയെല്ലാം കൂട്ടിച്ചേർത്ത് രചിച്ചതാണ് പിതാക്കന്മാരുടെ പറുദീസാ. ഇതൊരു സന്യാസ ചരിത്രമാണ്. അദിയബേനേയിലെ ബേത്-കോക്കേ ആശ്രമത്തിന്റെ അധ്യക്ഷനായിരുന്ന ഒരു ഹനാനീശോയുടെ (7-ാം നൂ.) ഒരു കത്ത് ലഭിച്ചിട്ടുണ്ട് (*അതേകൃതി*, പേ.110). രണ്ടും ഒരാളാണോ എന്നറിയില്ല.

### അബ്രഹാം ബർ ദാശൻദാദ് (8-ാം നൂ.)

ബേത്-സയ്യാദേയിൽ നിന്നുള്ള അബ്രഹാം, ബാഷോഷ് സ്കൂളിന്റെ തലവനായി. പിന്നീട് മാർഗായിലേക്കും മോസൂളിലേക്കും താമസം മാറ്റി. മോസൂളിൽ മാർ ഗബ്രിയേലിന്റെ ആശ്രമാംഗമായി. തിമോതി ഒന്നാമൻ കാതോലിക്കോസും (780) ഈശോ ബർനൂൻ കാതോലിക്കോസും (823) അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. അദ്ദേഹം തന്റെ സഹോദരന് എഴുതിയ കത്തും ഉപദേശങ്ങളും കൈവന്നിട്ടുണ്ട്. "അദ്ദേഹം ഒരു പ്രബോധകഗ്രന്ഥം, ആബാ മർക്കോസിന്റെ കൃതികളുടെ വ്യാഖ്യാനം, യൂദർക്കെതിരെ ഒരു കൃതി, രാജപാത എന്നൊരു കൃതി, അനുതാപത്തിന്റെ മെമ്രാകൾ, വിവിധ വിഷയങ്ങളെ പുരസ്കരിച്ച് നിരവധി കത്തുകൾ എന്നിവയെഴുതി'' എന്ന് അബ്ദീശോ പറയുന്നു (*അതേകൃതി*,പേ. 78).

### നൂഹദ്രായിലെ നെസ്തോറിയുസ് (8-ാം നൂ.)

മാർ യോസാദാക്കിന്റെ ആശ്രമത്തിലെ ഒരു സന്യാസിയായിരുന്നു അദ്ദേഹം. യൗസേപ്പ് ഹസ്സായായുടെ ജീവചരിത്രം എഴുതി. തിമോതി ഒന്നാമൻ



അദ്ദേഹത്തെ മെത്രാനാക്കി. അതിനുമുമ്പ് മെസ്സാലിയൻ ചിന്തകൾ ഉപേക്ഷിക്കുന്നെന്ന് ഏറ്റുപറഞ്ഞു. നെസ്തോറിയുസിന്റെ ഒരു കത്ത് കിട്ടിയിട്ടുണ്ടെങ്കിലും അച്ചടിച്ചിട്ടില്ല. അതുപോലെ കമൂൽ ആശ്രമാംഗമായിരുന്ന ബ്രീക്കീശോയുടെ (8/9 നൂ.) ഏഴുവാല്യത്തിലുള്ള കൃതിയും പ്രസിദ്ധീകൃതമായിട്ടില്ല.

### ദാദീശോ ഖത്രായാ (7-ാം നൂ.)

പേർഷ്യൻ ഉൾക്കടലിലെ ഖത്തറിൽ നിന്നുള്ള ഒരു മിസ്റ്റിക്കൽ എഴുത്തുകാരനായിരുന്ന ദാദീശോ, റാബ്-കിന്നാറെ ആശ്രമാംഗമായിരുന്നു. പിന്നീട് ഖുസിസ്ഥാനിൽ (ബേത്-ഹൂസായേ) റമ്പാൻ ഷപ്പൂറിന്റെ ആശ്രമത്തിൽ പാർത്തു. സന്യാസം പ്രോത്സാഹിപ്പിക്കാൻ അദ്ദേഹം പല കൃതികളും രചിച്ചു. "ഹനാനീശോയുടെ, 'പിതാക്കന്മാരുടെ പറുദീസാ' എന്ന കൃതിക്ക് ഭാഷ്യമെഴുതി. ആബാ ഏശായായുടെ കൃതി വ്യാഖ്യാനിച്ചു. ശരിയായ ജീവിതക്രമത്തെക്കുറിച്ച് ഗ്രന്ഥമെഴുതി. ആശ്രമമുറികളുടെ പവിത്രീകരണത്തിനുവേണ്ടി പ്രബന്ധങ്ങളെഴുതി. ചരമപ്രസംഗങ്ങൾ, നിരവധി ലേഖനങ്ങൾ, ചോദ്യോത്തരകൃതി, ആത്മശരീരങ്ങളുടെ അടക്കത്തെക്കുറിച്ചുള്ള കൃതി എന്നിവയും എഴുതി" എന്ന് അബ്ദീശോ പറയുന്നു (*അതേകൃതി*, പേ.73). ഏകാന്തജീവിതത്തെ പറ്റിയുള്ള കൃതി മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട് (*അതേകൃതി*, പേ.167-230). ഈ കൃതിക്ക് നാലു ഭാഗങ്ങളുണ്ട്. പ്രാചീനകാലത്തെ താപസ്സർ ഏകാന്തതയ്ക്കും നിശ്ശബ്ദതയ്ക്കും സന്യാസത്തിൽ വലിയ വില കൽപിച്ചിരുന്നു. ഏഴ് ആഴ്ചത്തേയും ഏഴ് ദിവസത്തേയും ഏകാന്തതയിൽ പ്രവേശിക്കുന്ന വ്യക്തി അനുഷ്ഠിക്കേണ്ട ആധ്യാത്മിക കർമങ്ങളെപ്പറ്റി ദാദീശോ ചർച്ചചെയ്യുന്നു. അവ അനുഷ്ഠിച്ചാൽ "ശുദ്ധപ്രാർഥനയും" "മിസ്റ്റിക്കൽ പ്രാർഥനയും" താപസ്സന് കൈവരും.

### നിനവെയിലെ ഇസഹാക്ക് (7-ാം നൂ.)

ഇസഹാക്ക് ഖത്തറിൽ ജനിച്ചു. അദ്ദേഹത്തിന്റെ സ്വന്തം നാട്ടിൽ 676 വരെ സന്യാസിയായി ജീവിച്ചു. ഗീവർസീസ് കാതോലിക്കോസ് (661-680/1) അദ്ദേഹത്തെ 676-ൽ കുർദിസ്ഥാനിലെ ബേത്-ആബേ ആശ്രമത്തിൽവച്ച് നിനവെ മെത്രാനായി വാഴിച്ചു. അഞ്ചു മാസങ്ങൾക്കുശേഷം അദ്ദേഹം മെത്രാൻസ്ഥാനം രാജിവച്ച് ഖുസിസ്ഥാൻ മലകളിൽ ഏകാന്തവാസം നയിച്ചു. പ്രായമായപ്പോൾ റമ്പാൻ ഷപ്പൂറിന്റെ ആശ്രമത്തിലേക്ക് താമസം മാറ്റി. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട് അവിടെവച്ച് മരിച്ചു. പൗരസ്ത്യസുറിയാനി സഭയിൽപെട്ട ആളായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കൃതികൾ എല്ലാ സുറിയാനിക്കാരുടെയും ഇടയിൽ പ്രചരിച്ചു. സുറിയാനിയിൽ നിന്ന് ഗ്രീക്ക്, അറബി, ജോർജിയൻ, എത്യോപ്യൻ, സ്ലാവിക് ഭാഷകളിലേക്ക് അവ വിവർത്തനം ചെയ്യപ്പെട്ടു. എവാഗ്രിയസ്, മക്കാരിയുസ് എന്നിവരിൽ നിന്ന് ഇസഹാക്ക് സ്വാധീനം സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ മരണ

ശേഷം സമാഹരിച്ച് രണ്ടു ഭാഗങ്ങളായി ക്രോഡീകരിച്ചിട്ടുണ്ട്. ഒന്നാം ഭാഗമാണ് പരക്കെ പ്രചരിച്ചിരിക്കുന്നത്. 82 പ്രസംഗങ്ങളുടെ സമാഹാരമാണ് ഒന്നാംഭാഗം. ഒൻപതാം നൂറ്റാണ്ടിൽ ഇത് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. വി. സാബാസിന്റെ വലിയ ലൗറായിലെ രണ്ട് സന്യാസികളായ പത്രീക്കിയോസ്, അബ്രാമിയോസ് എന്നിവരാണ് ഈ വിവർത്തനം നടത്തിയത്. വി. തെയോഫാൻ റഷ്യൻ ഭാഷയിലുള്ള തന്റെ ഫീലോകാലിയായിൽ ഇതിൽ നിന്നുള്ള ചില ഭാഗങ്ങൾ ചേർത്തിട്ടുണ്ട്. രണ്ടാംഭാഗം 1983-ൽ കണ്ടുപിടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ 41 അധ്യായങ്ങളുണ്ട്. മൂന്നാം അധ്യായത്തിന് നാല് സെഞ്ചുറികളുണ്ട്. ഇതിനും പുറമേ "കൃപയുടെ ഗ്രന്ഥം" എന്നൊരു കൃതിയും ഇസഹാക്കിന്റേതായി അറിയപ്പെടുന്നു. "ഇസഹാക്ക് ആധ്യാത്മികജീവിതം, വിശുദ്ധ കൂദാശകൾ, ന്യായവിധി, ദൈവപരിപാലന എന്നിവയെ കുറിച്ച് ഏഴു വാല്യങ്ങളെഴുതി" എന്നാണ് അബ്ദീശോയുടെ പരാമർശം (*അതേകൃതി*, പേ.74). ഇസഹാക്കിന്റെ കൃതിയുടെ ചില ഭാഗങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *പ്രാർഥന സുറിയാനിസഭയിൽ*, കോട്ടയം, 1991, പേ.175–223). പ്രാർഥനയെപ്പറ്റി ഇസഹാക്ക് പറഞ്ഞിരിക്കുന്ന ഭാഗങ്ങളാണ് വിവർത്തനം ചെയ്തിരിക്കുന്നത്.

**ശെമയോൻ ദ്തൈബൂസേ (7–ാം നൂ.)**

ശെമയോനെപ്പറ്റി നമുക്ക് വളരെ പരിമിതമായ അറിവേയുള്ളു. അയാൾ ഒരു സന്യാസിയും അക്കാലത്തെ ഏറ്റവും നല്ല വൈദ്യന്മാരിൽ ഒരാളുമായിരുന്നു. അക്കാരണത്താൽ ലൂക്കാ എന്നും അയാൾക്ക് മറുനാമം ഉണ്ടായിരുന്നു. അദ്ദേഹം റമ്പാൻ ഷപ്പൂറിന്റെ ഒരു ശിഷ്യനായിരുന്നു. വൈദ്യശാസ്ത്രസംബന്ധമായും ആധ്യാത്മികപരമായും പല ഗ്രന്ഥങ്ങളും രചിച്ചു: മാർ ഗാനിയുടെ ജീവചരിത്രം, സന്യാസമുറികളെ പറ്റിയുള്ള വിവരണം, റമ്പാൻ ഷപ്പൂറിനെ പറ്റിയുള്ള കഥകൾ, കൃപയുടെ ഗ്രന്ഥം എന്നിവയാണ് പ്രധാന കൃതികൾ. അവസാനത്തെ കൃതിയിൽ നിന്നാകാം കൃപയുടെ ശെമയോൻ (ശെമയോൻ ദ്തൈബൂസേ) എന്ന് അദ്ദേഹം അറിയപ്പെടുന്നത്. ഏഴ് സെഞ്ചുറികളായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. മാതൂത് മലയിൽ താമസിച്ചിരുന്ന താപസ്സരുടെ ഓർമകളാണ് അതിലുള്ളത്. ബേത്-ഹൂസായേയിൽ റമ്പാൻ ഷപ്പൂറുമായി ബന്ധപ്പെട്ടാണ് ശെമയോൻ ജീവിച്ചിരുന്നത്. വളരെ പാണ്ഡിത്യമുള്ള സന്യാസിയായിരുന്നു അയാൾ. സെവുഡോ-ഡയനീഷ്യസിന് ഭാഷ്യമെഴുതി. എവാഗ്രിയസ്, ആബാ മർക്കോസ്, ആബാ ഏശായാ, മക്കാരിയോസ്, ബേസിൽ എന്നിവരുടെ കൃതികൾ ശെമയോന് സുപരിചിതമായിരുന്നു (ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ,*പേ.77.98).

**യോഹന്നാൻ ദല്യാതാ (+790)**

നിനവേ സമതലത്തിലുള്ള ബേത്-നൂഹദ്രായിൽ നിന്നുള്ള ആളായിരുന്നു യോഹന്നാൻ. ചെറുപ്പത്തിൽ അഫ്നീമാറന്റെ ആശ്രമം സന്ദർശിച്ചിരുന്നു.



പിന്നീട് കർദുവിൽ മാർ യൂസാദാക്കിന്റെ ആശ്രമത്തിൽ വച്ച് സന്യാസ വസ്ത്രം സ്വീകരിച്ചു. കുറേനാൾ കഴിഞ്ഞ് കർദുവിന് അപ്പുറത്തുള്ള ബേത്-ദല്യാതാ മലകളിൽ ഏകാന്തവാസം നയിച്ചു. അവിടെവച്ച് കുറേ കൃതികളെഴുതി. വാർധക്യത്തിൽ കർദുവിൽ തിരിച്ചെത്തി. യാക്കോബ് അബിലായുടെ ആശ്രമത്തിൽ വച്ച് മരിച്ചു. 'യോഹന്നാൻ സാബാ' എന്നും ഈ ആധ്യാത്മിക ഗ്രന്ഥകാരൻ അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ 22 പ്രസംഗങ്ങളും 51 കത്തുകളും ലഭിച്ചിട്ടുണ്ട്. ആത്മീയ ഉൾക്കാഴ്ചയുള്ള ആളായിരുന്നു അദ്ദേഹം. ഉത്ഥാനജീവിതത്തിന്റെ മുന്നാസ്വാദനമാണ് സന്യാസജീവിതമെന്ന് അപ്പമെയായിലെ യോഹന്നാനെപ്പോലെ ഈ യോഹന്നാനും കരുതി. മാർ തിമോതി കാതോലിക്കോസിന്റെ സിനഡ് 786/7-ൽ ഇയാളുടെ കൃതികളിലെ ചില അബദ്ധാഭിപ്രായങ്ങളെ മഹറോൻ ചൊല്ലി. "മെസ്സാലിയനിസം" എന്ന അബദ്ധോപദേശം ഗ്രന്ഥങ്ങളിലുണ്ട് എന്ന സങ്കൽപത്തിലാണ് അപ്രകാരം ചെയ്തത്. പ്രസ്തുത ആരോപണത്തിൽ കഴമ്പില്ലെന്ന് പലരും കരുതുന്നു. സിനഡിന്റെ വിലക്കുണ്ടായിട്ടും സിറിയൻ, ഗ്രീക്കു സഭകളിൽ യോഹന്നാന്റെ കൃതികൾ പ്രചരിച്ചു. 'അദ്ദേഹം രണ്ട് കൃതികളും ആശ്രമജീവിതം സംബന്ധിച്ച് അനുതാപം ജനിപ്പിക്കുന്ന ലേഖനങ്ങളും എഴുതി' എന്നാണ് അബ്ദീശോയുടെ പരാമർശം (*അതേകൃതി*,പേ.74). നിനവേയിലെ ഇസഹാക്കിന്റെ പേരിൽ ഇയാളുടെ കൃതികൾ ഗ്രീക്കിൽ പ്രചരിച്ചിരുന്നു. പ്രാർഥനയെപ്പറ്റി അദ്ദേഹം എഴുതിയവ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (ജി.ചേടിയത്ത്, *പ്രാർഥന സുറിയാനിസഭയിൽ*,പേ.166–174).

**യൗസേപ്പ് ഹസ്സായാ (8–ാം നൂ.)**

യൗസേപ്പ് ഹസ്സായാ (ദാർശനികൻ) പേർഷ്യയിലെ ഒരു സൊറൊവാഷ്ട്രിയൻ കുടുംബത്തിൽ നിമ്രോദിൽ 710-നോടടുത്ത് ജനിച്ചു. അദ്ദേഹത്തിന് ഏഴുവയസ്സു മാത്രം പ്രായമുള്ളപ്പോൾ കാലിഫ് ഓമാർ രണ്ടാമന്റെ (717–720) സംഘത്തിൽ പെട്ട കവർച്ചക്കാരായ അറബികൾ യൗസേപ്പിന്റെ ഗ്രാമം കൊള്ളയടിച്ച് ആളുകളെ തട്ടിക്കൊണ്ടുപോയി. അവർ യൗസേപ്പിനെ ഒരറബിക്കു വിറ്റു. അയാൾ അവനെ ഒരു ക്രിസ്ത്യാനിക്ക് മറിച്ചുവിറ്റു. വടക്കൻ ഇറാക്കിലെ കാർദു മലമ്പ്രദേശത്തായിരുന്നു അയാളുടെ ഭവനം. അവിടെയുള്ള സന്യാസികളുടെ പ്രേരണയാൽ യൗസേപ്പ് ക്രിസ്ത്യാനിയായി. അയാളുടെ ഉടമസ്ഥൻ അയാളെ സ്വതന്ത്രനാക്കിയപ്പോൾ അയാൾ സന്യാസം സ്വീകരിച്ചു. ഏകാന്തവാസിയായും കൂട്ടജീവിതക്കാരനായും സന്യാസം അനുഷ്ഠിച്ചു. രണ്ടുപ്രാവശ്യം സന്യാസസമൂഹങ്ങളുടെ അധ്യക്ഷനായിരുന്നു. അദ്ദേഹം നിരവധി കൃതികളെഴുതി. ചില കൃതികൾ അദ്ദേഹത്തിന്റെ സഹോദരനായ അബ്ദീശോയുടെ പേരിലാണ്. 'താത്വികവും പ്രായോഗികവുമായി പ്രയോജനപ്രദമായ വിഷയങ്ങളെ ആധാരമാക്കി അദ്ദേഹം 1900 അധ്യായങ്ങൾ എഴുതി. "നിക്ഷേപം" എന്ന കൃതിയിൽ പ്രയാസമേറിയ നിരവധി പ്രശ്നങ്ങൾ ചർച്ചചെയ്തു. അപകടങ്ങൾ, പ്രതികൂലസാഹചര്യങ്ങൾ എന്നി

വയെ കുറിച്ചും എഴുതി. 'കച്ചവടക്കാരന്റെ ഗ്രന്ഥം' എന്ന കൃതിക്ക് വ്യാഖ്യാനമെഴുതി. 'പൗരസ്ത്യരുടെ പറുദീസാ' എന്നൊരു കൃതി രണ്ടു വാല്യങ്ങളിലായി എഴുതി. അതിൽ നിരവധി ചരിത്രവസ്തുതകൾ കാണാം. എസക്കിയേലിന്റെ ദർശനത്തിന് ഒരു ഭാഷ്യം, പെരുന്നാളുകളുടെ ഉത്ഭവത്തെക്കുറിച്ച് ഒരു കൃതി, വിജ്ഞാനശീർഷകങ്ങൾ ക്കൊരു ഭാഷ്യം, ഡയനീഷ്യസിന്റെ കൃതികൾക്കൊരു ഭാഷ്യം എന്നിവയും എഴുതി. മാർ ഗ്രിഗോറിയോസിന്റെ ദർശനങ്ങൾ വിശദീകരിച്ചു. ഏകാന്തജീവിതക്കാരുടെ ശ്രേഷ്ഠജീവിതം സംബന്ധിച്ച് ലേഖനങ്ങളെഴുതി' എന്ന് അബ്ദീശോ കുറിക്കുന്നു (ജി.ചേടിയത്ത്, *പ്രാചീനസന്യാസനിയമങ്ങൾ*, പേ.73-74;127-128). കാതോലിക്കോസ് തിമോതി 786/7-ലെ സിനഡിൽ യൗസേപ്പിന്റെ ചില പ്രസ്താവനകൾ ശപിച്ചു. തെറ്റിദ്ധാരണ മൂലമാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ് യേശുദ്നാഹ് കരുതുന്നത് (*അതേകൃതി*, പേ.128).

ആധ്യാത്മികജീവിതത്തിലെ മൂന്നു ഘട്ടങ്ങളെപ്പറ്റി അഥവാ അവസ്ഥകളെപ്പറ്റി അദ്ദേഹം ചർച്ച ചെയ്യുന്നു. എവാഗ്രിയസിൽ നിന്നും അപ്പമെയായിലെ യോഹന്നാനിൽ നിന്നും മറ്റ് സന്യാസപിതാക്കന്മാരിൽ നിന്നും അദ്ദേഹം പല കാര്യങ്ങളും സ്വീകരിച്ചിട്ടുണ്ട്. ത്രിമുഖ വിഭജനരീതി താഴെ വിവരിക്കുന്നു:

ഒന്നാംഘട്ടം ശരീരത്തിന്റേതാണ് (*ഫഗ്റാനൂസാ*): ഉപവാസം, ജാഗരണം, വായനയിലും സങ്കീർത്തനങ്ങളിലും കേന്ദ്രീകരിച്ചുള്ള പ്രാർഥന, ബാഹ്യാനുഷ്ഠാനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ളതാണിത്. ഇത് കൂട്ടായ സന്യാസജീവിതത്തിന് സദൃശ്യമാണ്. ഈജിപ്തിൽ നിന്നുള്ള ഇസ്രായേൽക്കാരുടെ പുറപ്പാടും മരുഭൂമിയിലൂടെയുള്ള അവരുടെ യാത്രയും ഇതിന്റെ പ്രതീകമാണ്. കൽപനകൾക്കു വിധേയരായ ദാസരുടെ അവസ്ഥയെ ഇത് പ്രതിനിധീകരിക്കുന്നു. എവാഗ്രിയസ് പറയുന്ന 'പ്രാക്തിക്കേയും' സെവുഡോ-ഡയനീഷ്യസ് പറയുന്ന 'ശുദ്ധീകരണവും' ആണ് ഈ അവസ്ഥയിലെ 'ശുദ്ധത' എന്ന ലക്ഷ്യം.

രണ്ടാംഘട്ടം ആത്മാവിന്റേതാണ് (*നഫ്ശാനൂസാ*): പ്രത്യേകമായി ഏകാന്തജീവിതക്കാരുടേതാണിത്. ആന്തരിക സുകൃതങ്ങളുടെ, പ്രത്യേകിച്ച് എളിമയുടെ പരിശീലനത്തിൽ ഇതടങ്ങിയിരിക്കുന്നു. ഇസ്രായേൽക്കാർ യോർദാൻ കടന്നതിനു തുല്യമാണ് ഒന്നാംഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്കു കടക്കുന്നത്. ഇസ്രായേൽക്കാർക്ക് വാഗ്ദത്തനാട്ടിൽ വച്ച് നാട്ടുകാരായ മനുഷ്യരോട് പോരാടേണ്ടിവന്നതിനു തുല്യമാണ് ദുഷ്ടാരൂപികളുമായുള്ള പോരാട്ടം. തന്റെ ദിവസക്കൂലിക്കായി കാത്തിരിക്കുന്ന വേലക്കാരന്റെ അവസ്ഥയാണിത്. ഇതിന്റെ ലക്ഷ്യം 'സുതാര്യത' അഥവാ 'നൈർമല്യം' (*ശഫ്യൂസാ*)ആണ്. എവാഗ്രിയസ് ഇതിനെ 'സ്വാഭാവികധ്യാനം' എന്നും ഡയനീഷ്യസ് 'പ്രകാശനം' എന്നും വിളിക്കുന്നു.



മൂന്നാംഘട്ടം അരൂപിയുടേതാണ് (*റൂഹാനൂസാ*): പ്രാഥമികമായി മനസ്സിന്റെ പ്രവർത്തനത്തെക്കുറിച്ചാണിത്. പൂർണതയിലേക്ക്, അഥവാ പൂർണപക്വതയിലേക്ക് കടക്കുന്നതിൽ ഇതടങ്ങിയിരിക്കുന്നു. ഇത് 'മഹനീയസീയോനെ' പ്രതിനിധീകരിക്കുന്നു. പുത്രന്റെ അവസ്ഥയാണിത്. ദാസന്റെയോ, വേലക്കാരന്റെയോ അവസ്ഥയല്ല. ഉത്ഥാനം ചെയ്ത മിശിഹായുടെയും തിത്വത്തിന്റെ രൂപരഹിത പ്രകാശത്തിന്റെയും ദർശനമാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. എവാഗ്രിയസ് ഇതിനെ 'തെയളോജിയാ' എന്നും ഡയനീഷ്യസ് 'ഒന്നുചേരൽ' എന്നും വിളിക്കുന്നു.

'ആധ്യാത്മികജീവിതത്തിലെ മൂന്നു ഡിഗ്രികൾ' എന്ന ഗ്രന്ഥം രണ്ടു പതിപ്പുകളിൽ ലഭ്യമാണ്. ഇത് ഫീലൊക്സീനൂസിന്റെ പേരിൽ പ്രചരിച്ചിരുന്നു. അബ്ദീശോ സൂചിപ്പിക്കുന്ന ഗ്രന്ഥങ്ങളെല്ലാം ലഭിച്ചിട്ടില്ല. പലതും ഇപ്പോഴും അച്ചടിച്ചിട്ടില്ല. പ്രാർഥനയെപ്പറ്റി അദ്ദേഹം എഴുതിയിരിക്കുന്നത് മലയാളത്തിൽ ലഭ്യമാണ്: ജി.ചേടിയത്ത്, *പ്രാർഥന സുറിയാനിസഭയിൽ*, പേ.157-165.

## 9. മഹാനായ മാർ ബാബായ് (553-628)

പൗരസ്ത്യ സുറിയാനി സഭയിലെ ഒരുജ്ജ്വലതാരമായിരുന്നു മാർ ബാബായ് റമ്പാ. സന്യാസി, ആശ്രമാധ്യക്ഷൻ, ആശ്രമങ്ങളുടെ വിസിറ്റർ എന്നീ നിലകളിൽ മെസൊപ്പൊട്ടേമിയൻ സഭയിൽ അദ്ദേഹം ഗണ്യമായി സ്വാധീനം ചെലുത്തി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ബാഹുല്യം (83/84) അദ്ദേഹത്തിന്റെ സഭാസ്നേഹവും അശ്രാന്തപരിശ്രമവും അഗാധപാണ്ഡിത്യവും വിളിച്ചറിയിക്കുന്നു. സുറിയാനി സഭയിലെ ക്രിസ്തുശാസ്ത്രത്തിന് അദ്ദേഹം സാരവത്തായ സംഭാവന ചെയ്തു. "നെസ്തോറിയൻ" എന്നു മുമ്പ് വിളിക്കപ്പെട്ടിരുന്ന പൗരസ്ത്യ സുറിയാനി സഭയുടെ ക്രിസ്തുശാസ്ത്രം മാർ ബാബായിയുടെ ക്രിസ്തുദർശനമാണ്. അതിനുമുമ്പും അതിനുശേഷവും ഈ സഭയിൽ ആരും തന്നെ ഇത്ര വിശദമായി ക്രിസ്തുവിജ്ഞാനീയം ചർച്ചചെയ്തിട്ടില്ല.

ഉത്തരഇറാക്കിലെ ബേത്-സബ്ദായ് പ്രദേശത്ത് ബേത്-ഐനാതാ എന്ന സ്ഥലത്ത് 551-ൽ മാർ ബാബായ് ജനിച്ചു. പ്രാരംഭ വിദ്യാഭ്യാസാനന്തരം ഈസ്ലാമലയിൽ (തുർ അബ്ദീൻ) ഉള്ള മാർ അബ്രഹാമിന്റെ വലിയ ആശ്രമത്തിൽ ചേർന്നു. ഈ ആശ്രമം 571 മുതൽ അന്ത്യോക്യൻ-തിയഡോറിയൻ ചിന്താരീതികൾ ന്യായീകരിക്കുകയും വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പിന്നീട് അവിടം വിട്ട് തന്റെ നാട്ടിൽ ഒരാശ്രമവും സ്കൂളും സ്ഥാപിച്ചു. ഈസ്ലായിലെ ആശ്രമത്തിന്റെ മൂന്നാമത്തെ അധ്യക്ഷനായും ദാദീശോയുടെ പിൻഗാമിയായും വിളിക്കപ്പെടുന്നതുവരെ

(604) ബാബായ് അവിടെ താമസിച്ചു. അദ്ദേഹം ആശ്രമജീവിതത്തിൽ ക്രമവും ചിട്ടയും വരുത്തി. വിവാഹിതരായി സന്യസ്തജീവിതം നയിക്കുന്ന ഒരു പ്രത്യേകരീതി അക്കാലത്ത് ഈസ്സായിൽ ഉണ്ടായിരുന്നു. അതിനു വ്യതിയാനം വരുത്താൻ ബാബായ് ശ്രമിച്ചു. അതിൽ അതൃപ്തി തോന്നിയവർ ബാബായിയുടെ ആശ്രമം വിട്ടിറങ്ങി വേറേ ആശ്രമങ്ങൾ തുടങ്ങി.

കാതോലിക്കോസ് ഗ്രിഗറി 608/9-ൽ മരിച്ചപ്പോൾ മറ്റൊരാളെ സഭാധ്യക്ഷനായി വാഴിക്കാൻ പേർഷ്യൻ രാജാവ് ഖുസ്രാ രണ്ടാമൻ (590-628) അനുവദിച്ചില്ല. തദവസരം വടക്കൻ മെസൊപ്പൊട്ടേമിയായിലെ ആശ്രമങ്ങളുടെ സന്ദർശകനായി ബാബായിയെ മെത്രാന്മാർ നിയമിച്ചു. മെസാലിയൻ, എവാഗ്രിയൻ അബദ്ധോപദേശങ്ങളുടെ സ്വാധീനത്തിൽ നിന്ന് ആശ്രമങ്ങളെ സംരക്ഷിക്കാനായിരുന്നു ഈ ക്രമീകരണം. മാർ ബാബായ്, റമ്പാ (മഹാൻ) എന്ന് അറിയപ്പെടുന്നു.

## കൃതികൾ

കഴിവുറ്റ നേതാവും സന്യാസപ്രസ്ഥാനം വളർത്തിയ ആശ്രമാധ്യക്ഷനുമായിരുന്ന അദ്ദേഹം മൊത്തം 84 കൃതികൾ രചിച്ചു. ക്രിസ്തുശാസ്ത്രസംബന്ധമായവയാണ് മഹത്തരം. നമുക്ക് എല്ലാ ഗ്രന്ഥങ്ങളുടെയും പരുകൾ പോലും അറിയില്ല. പലതും നഷ്ടപ്പെട്ടുപോയി.

1. ക്രിസ്തുശാസ്ത്രം സംബന്ധിച്ച്(8).
2. അബദ്ധോപദേശകർക്കെതിരെ(6).
3. സന്യാസകൃതികൾ(6).
4. ജീവചരിത്രങ്ങൾ(11).
5. ആരാധനക്രമസംബന്ധമായവ(5).

അഗാധവിശ്വാസവും ദൈവസ്നേഹവും സഭാസ്നേഹവും നിറഞ്ഞുതുളുമ്പുന്ന സഭാപിതാവിന്റെ ചിത്രമാണ് അദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്രപ്രതിപാദനങ്ങളിൽ നാം ദർശിക്കുക. ''ലീബർ ദെ യൂണിയോണെ'' (ഐക്യഗ്രന്ഥം) എന്ന പേരിലാണ് അദ്ദേഹത്തിന്റെ സുപ്രധാന ക്രിസ്തുശാസ്ത്രകൃതി അറിയപ്പെടുന്നത്. ക്യാനാ, ക്നോമാ, പർസോപാ എന്നീ സാങ്കേതിക പദപ്രയോഗങ്ങൾ ഉപയോഗിച്ചും അല്ലാതെയും യേശുക്രിസ്തുവിന്റെ ഏകവ്യക്തിത്വവും രണ്ടുസ്വഭാവങ്ങളും ബാബായ് വ്യക്തമാക്കുന്നു. രണ്ടു ക്യാനാകൾ, രണ്ടുക്നോമാകൾ, പുത്രത്വത്തിന്റെ ഏക പർസോപ്പാ എന്നതാണ് ബാബായിയുടെ ഫോർമുല. രണ്ട് സ്വഭാവങ്ങളും രണ്ടു ക്നോമാകളും സ്വഭാവത്തിന്റെ തലത്തിൽ ക്രിസ്തുവിനുള്ള ദ്വിത്വത്തെ കുറിക്കുന്നു. 'ഏകത്വം' പുത്രത്വം എന്ന വ്യക്തിത്വത്തിന്റെ തലത്തിലാണ്. എന്നാൽ താത്വികചർച്ചകൾക്കുപരി, വിശ്വാസതീക്ഷ്ണതയാൽ ഈ രഹസ്യങ്ങൾ വിശദീകരിക്കുന്ന ദൈവമനുഷ്യനെയാണ് ബാബായിയിൽ നാം കാണുക.



ദൈവത്തിന്റെ അഗ്രാഹ്യത, സർവാതീശത്വം എന്നിവ അദ്ദേഹം ഊന്നിപ്പറയുന്നു. വിശ്വാസം കൂടാതെ ദിവ്യരഹസ്യങ്ങളെ ഒരിക്കലും സമീപിക്കരുതെന്ന ചിന്ത അദ്ദേഹത്തെ ഭരിച്ചു. ദൈവത്തിന്റെ സർവാതീശത്വവും ചിന്മയത്വവും ഒന്നിച്ചു കൊണ്ടുപോകാൻ അദ്ദേഹത്തിനു കഴിഞ്ഞു. അടിസ്ഥാനപരമായി അന്ത്യോക്യൻ-നിസിബിസ് കലാലയങ്ങളുടെ വചന-മാംസ (ലോഗോസ്-ആൻത്രൊപ്പോസ്) ക്രിസ്തുശാസ്ത്രമാണ് ബാബായിയുടെ ക്രിസ്തുശാസ്ത്രം. ദൈവത്വത്തിനും മനുഷ്യത്വത്തിനും ഒരുപോലെ ഊന്നൽ കൊടുക്കുന്നതാണ് അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം. മൂർത്തങ്ങളും അമൂർത്തങ്ങളുമായ പദങ്ങൾ കൂട്ടിക്കലർത്തി പ്രയോഗിക്കുന്നതും അവരുടെ പതിവാണ്. മനുഷ്യസ്വഭാവത്തെ കുറിക്കാൻ 'മനുഷ്യൻ' എന്നും 'മനുഷ്യത്വം' എന്നും മാറിമാറി ഉപയോഗിക്കുന്നു. അന്ത്യോക്യൻ ചിന്തയും അലക്സാണ്ഡ്രിയൻ ചിന്തയും കോർത്തിണക്കാനുള്ള ഒരു സംരംഭവും കൃതികളിൽ കാണാം. അമ്മാനുവേൽ ഏകനും അവിഭാജ്യനും, ദൈവവും മനുഷ്യനും ആണെന്ന സംഗതി "പർസോപിക് ഐക്യം" (വ്യക്തിത്വത്തിലുള്ള ഐക്യം) എന്ന പദപ്രയോഗത്തിലൂടെ അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

ഇന്ന് മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രം വ്യാപകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു: ''യേശുമിശിഹാ നമ്മുടെ കർത്താവും നമ്മുടെ ദൈവവും നമ്മുടെ ജീവനും നമ്മുടെ രക്ഷയുടെ നാഥനും ആണ്. മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷം മുതൽ മനുഷ്യത്വം ദൈവത്വവുമായി വ്യക്തിത്വതലത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ എന്നേക്കും മനുഷ്യത്വം ദൈവത്വത്തിന്റേതാണ്. കൂടിക്കുഴച്ചിലോ, വേർപാടോ, വിഭജനമോ, വേർതിരിവോ, കൂടിക്കലരലോ കൂടാതെ ദൈവത്വവും മനുഷ്യത്വവും പുത്രനിൽ സ്ഥിതിചെയ്യുന്നു. അങ്ങനെ വചനം മാംസമായി. ദൈവത്തിന്റെ ഏകജാതൻ കന്യകയുടെ ആദ്യജാതനായിത്തീർന്നു. അതുകൊണ്ട് കന്യകമറിയം ന്യായമായും ദൈവമാതാവാണ്'' എന്ന് ബാബായ് തന്റെ കൃതികളിൽ മൂന്നിടത്ത് പറയുന്നു:

"യൽദാസ് ആലാഹാ ദഹ്‌വാത് ലേ മെൻ ഗാവു മർബആ" (ഐക്യഗ്രന്ഥം,100,4-5/70,1-2).

"യൽദാസ് ആലാഹാ ദേൻ മേതുൽ ഹ്ദായൂതാ ദഹ്‌വാത് ലേ അം നാശൂസേ"(വത്തിക്കാൻ രേഖ, 264,27-28/214,26-28).

''യൽദാസ് ആലാഹാ ദേൻ മേതുൽ ദമ്ഹയെദ് ല്ബർനാശേ'' (വത്തിക്കാൻ രേഖ, 271,28-29/219,38-39).

പേർഷ്യൻ സഭയിൽ വികസിച്ച ക്രിസ്തുശാസ്ത്രം സഭയിലെ ഗണനീയമായ ഒരു ദൈവശാസ്ത്രവികസനമാണ്. തന്റെ മുൻഗാമികളുടെ വിവരണങ്ങളിലെ അപാകതകൾ പരിഹരിക്കാനും കുറേക്കൂടി മെച്ചപ്പെട്ട രീതിയിൽ അവതരിപ്പിക്കാനും ബാബായ് പരിശ്രമിക്കുന്നു. അങ്ങനെ, താഴെപ്പറയുന്ന പ്രസ്താവനകൾ സ്പഷ്ടമായി നിരാകരിക്കുന്നു:

"യേശുക്രിസ്തു വെറുമൊരു മനുഷ്യനാണ്. ദത്തെടുക്കൽ വഴിയാണ് പുത്രനായത്. ദൈവപുത്രനും മനുഷ്യപുത്രനും എന്ന് രണ്ട് പുത്രന്മാരുണ്ട്. മറിയത്തെ യേശു എന്ന മനുഷ്യന്റെ അമ്മയായി മാത്രം അവതരിപ്പിച്ചാൽ മതി. ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യം പോലെയാണ്."

ഇവയൊക്കെയായിരുന്നു പേർഷ്യൻ ക്രിസ്ത്യാനികളുടെ മേൽ മറ്റുള്ളവർ ആരോപിച്ചിരുന്നത്. ഇരുസ്വഭാവങ്ങളുടെ ഐക്യത്തെ കുറിക്കാൻ പിതാക്കന്മാർ ഉപയോഗിച്ച നിരവധി പദങ്ങൾ ബാബായ് ചർച്ചചെയ്യുന്നു: "ഐക്യം, സംയോജനം, വാസം, വസ്ത്രം ധരിക്കൽ, എടുക്കൽ". 'മഹോന്നതവും അനന്യവും അവാച്യവുമായ ഈ ഐക്യം ഇതെല്ലാമാണ്, ഇവയ്ക്കെല്ലാം ഉപരിസ്ഥവുമാണ്' എന്ന ബാബായ് പറയുന്നു. ബാബായിയുടെ ഐക്യഗ്രന്ഥത്തിന്റെ മലയാളപരിഭാഷ ലഭ്യമാണ് (ജി.ചേടിയത്ത്, *മാർ ബാബായ്-ക്രിസ്തുശാസ്ത്രം*, കോട്ടയം,2000: സീരി പ്രസിദ്ധീകരണം). സന്യാസം സംബന്ധിച്ച ഒരു കൃതി ആദ്യമായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.[8]

## 10. പാശ്ചാത്യ സുറിയാനി എഴുത്തുകാർ

### മാർ ബാലായ് കോറെപ്പിസ്ക്കോപ്പാ (5-ാം നൂ.)

സിറിയായിലെ ബേറോയാ (അലെപ്പോ) സഭയിലെ ഒരു കോറെപ്പിസ്കോപ്പാ ആയിരുന്നു ബാലായ്. അദ്ദേഹത്തിന്റെ പേരിൽ പല ഗീതങ്ങളും (മദ്റാശേ) അറിയപ്പെടുന്നു. കെന്നെശ്രീനിലെ (കാൽചിസ്) പള്ളികൂദാശയോടനുബന്ധിച്ചു അദ്ദേഹം ഒരു ഗീതമെഴുതി. അത് പ്രസിദ്ധീകൃതമായിട്ടുണ്ട്; അതേപ്പറ്റി പഠനങ്ങളും നടന്നിട്ടുണ്ട്. മാറോനീത്തരും യാക്കോബായക്കാരും ബാലായിയുടെ പേരിലുള്ള ഗീതങ്ങൾ ആരാധനക്രമത്തിൽ ചേർത്തിട്ടുണ്ട്. "അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ,..." എന്ന പ്രാർഥന ബാലായിയുടെ

8. G. Chediath, *The Christology of Mar Babai the Great*, Kottayam, 1982; Idem, *Mar Babai the Great: Some Useful Counsels on the Ascetical Life*, Kottayam, 2001; Idem, "The Theological Contribution of Mar Babai the Great", **in** *Syriac Dialogue-I*, Vienna, 1994,p.155-167;also **in** *Christian Orient*,17/1(1996) 30-41.



പേരിൽ അറിയപ്പെടുന്നു. അഞ്ചു സിലബിളുകളുള്ള 'പെന്റാസിലബിക്' ഗീതങ്ങളാണ് അദ്ദേഹം എഴുതിയിട്ടുള്ളത്.

### സ്രോഗിലെ മാർ യാക്കോബ് (449-521)

മാർ അപ്രേമിനുശേഷം ഉണ്ടായിട്ടുള്ള ഒരു വലിയ അനുഗൃഹീത കവിയാണ് യാക്കോബ്. സുറിയാനി സഭയിലെ ഒരു വലിയ പണ്ഡിതനായിരുന്നു അദ്ദേഹം. എഡേസ്സയ്ക്കടുത്തുള്ള സ്രോഗിലെ ഹൗറാ ഡിസ്ട്രിക്ടിൽ കുർതാമിൽ 449/50-ൽ അദ്ദേഹം ജനിച്ചു. എഡേസ്സയിലെ കലാലയത്തിൽ പഠിച്ചു. ഏകസ്വഭാവവാദികളും ദ്വിസ്വഭാവവാദികളും തമ്മിലുള്ള തർക്കത്തിൽ അദ്ദേഹം ഏകസ്വഭാവപക്ഷത്തു ചേർന്നു. അക്കാലത്ത് ആ സ്കൂളിലെ പ്രബലചിന്താരീതി തിയഡോറിന്റെ അന്ത്യോക്യനായിരുന്നു. യാക്കോബും മറ്റും അലക്സാണ്ട്രിയയിലെ സിറിലിന്റെ ചിന്താധാര സ്വന്തമാക്കി. എഡേസ്സയിൽ നിന്ന് പോയശേഷം അദ്ദേഹത്തെ നാം കാണുന്നത് സ്രോഗിലെ സഭയിലെ കോറെപ്പിസ്കോപ്പാ ആയിട്ടാണ്. പിന്നീട് 518-ൽ അദ്ദേഹം സ്രോഗിലെ ബത്നാനിൽ മെത്രാനായി. അക്കാലത്തെ ക്രിസ്തുശാസ്ത്രതർക്കങ്ങളിൽ നിന്ന് അകന്നു കഴിയാൻ അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹത്തെ തർക്കങ്ങളിലേക്ക് വലിച്ചിഴയ്ക്കാൻ പലരും ശ്രമിച്ചെങ്കിലും അദ്ദേഹം എപ്പോഴും മിതവാദിയായി കഴിഞ്ഞു.

എഡേസ്സയിലെ യാക്കോബ് (+708), യാക്കോബിന്റെ സമകാലീനനായ ഗീവർഗീസ് മെത്രാൻ, മറ്റൊരാൾ എന്നിങ്ങനെ മൂന്നുപേർ യാക്കോബിന്റെ ജീവചരിത്രം എഴുതിയിട്ടുണ്ട്. യാക്കോബ് വളരെ ശാന്തമായ ജീവിതം നയിച്ചു. വായനയിലും പഠനത്തിലും എഴുത്തിലും മുഴുകിയിരുന്നു. അദ്ദേഹം ശാന്തനും വിനയാന്വിതനും ആയിരുന്നു. അദ്ദേഹം വളരെയധികം കൃതികളെഴുതിയെങ്കിലും 225 എണ്ണമേ പ്രസിദ്ധീകൃതമായിട്ടുള്ളു. 12 സിലബിളുകളുള്ള 'ദോദെക്കാ സിലബിക്' മീറ്ററിലാണ് അദ്ദേഹത്തിന്റെ മെമ്രാകൾ. വേദപുസ്തകവിഷയങ്ങളാണ് അദ്ദേഹം മുഖ്യമായും തെരഞ്ഞെടുത്തത്. പല സംഗതികളിലും തിയഡോറിന്റെ സ്വാധീനം ദൃശ്യമാണ്. പരിശുദ്ധ മറിയത്തെ കുറിച്ച് നിരവധി പ്രസംഗങ്ങളുണ്ട്. അതുപോലെ, തൂണിന്മേൽ ശെമയോനെപ്പോലെയുള്ള വിശുദ്ധരെപ്പറ്റിയുമുണ്ട്. താപസ്സപരവും ആരാധനകമപരവുമായ വിഷയങ്ങളും അദ്ദേഹം കൈകാര്യം ചെയ്തിരുന്നു. അദ്ദേഹത്തിൽ നിന്ന് ഗദ്യരൂപത്തിലുള്ള ആറ് ഹോമിലികളും (*തുർഗാമേ*) ലഭിച്ചിട്ടുണ്ട്. ക്രിസ്മസ്, ദനഹാ, വലിയനോമ്പ്, ഓശാന, പീഡാനുഭവം, ഉത്ഥാനം എന്നിവയെ കുറിച്ചാണവ. അദ്ദേഹത്തിന്റെ 43 കത്തുകളും രണ്ട് സമകാലീനവിശുദ്ധരുടെ ജീവചരിത്രവും (ഗാലാശിലെ ദാനിയേൽ, ഹന്നീനാ) പല ഗീതങ്ങളും (*മദ്റാശേ*) ലഭിച്ചിട്ടുണ്ട്. മൂന്ന് അനാഫറകളും മാറോനീത്തരുടെ ഒരു സ്നാനശുശ്രൂഷയും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

അദ്ദേഹത്തിന്റെ കുറേ ഹോമിലികൾ അഞ്ചു വാല്യങ്ങളിലായി പോൾ ബഡ്ജാൻ 1905-1910-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. CSCO 110-ൽ അദ്ദേഹത്തിന്റെ കത്തുകൾ ലഭ്യമാണ്. മൊത്തം ഏതാണ്ട് 763 മെമ്രാകളും കത്തുകളും ഉണ്ടെന്ന് ആർതർ വൂബുസ് പറയുന്നു. എന്നാൽ ആധുനികഭാഷകളിൽ വളരെ കുറച്ചു മാത്രമേ വിവർത്തനം ചെയ്തിട്ടുള്ളു. ഏതാണ്ട് മാർ അപ്രേമിന്റെ പാതയിലൂടെയാണ് യാക്കോബും യാത്ര ചെയ്തത്. എഡേസ്സയിലെ കലാലയത്തിലൂടെ ഗ്രീക്ക് തത്വശാസ്ത്രം അദ്ദേഹത്തിന് ലഭിച്ചു.

## മാബുഗിലെ മാർ ഫീലൊക്സീനുസ് (+523)

പാശ്ചാത്യ സുറിയാനിസഭയിലെ ഒരു പ്രശസ്ത ഗ്രന്ഥകാരനാണ് ഫീലൊക്സീനൂസ്. സിറിയായിലെ മാബുഗിൽ (മെംബിജിൽ) മെത്രാനായിരുന്നു (485-518). കാൽസിഡൺ കൗൺസിലിന്റെ വിശ്വാസനിർവചനത്തെ എതിർക്കുന്നതിൽ മുൻപന്തിയിൽ നിന്നു. അന്ത്യോക്യയിൽ കാൽസിഡൺ വിരുദ്ധനായ സെവേരൂസിനെ 512-ൽ മെത്രാനായി നിയമിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു.

പേർഷ്യൻ സാമ്രാജ്യത്തിലെ ബേത്-ഗർമായ് പ്രോവിൻസിൽ തഹാൽ എന്ന സ്ഥലത്ത് 440-ൽ അദ്ദേഹം ജനിച്ചു. ആധുനിക ഇറാക്കിലെ കിർക്കൂക്കിനടുത്തുള്ള സ്ഥലമാണ് തഹാൽ. അക്സെനായാ എന്നോ യൗസേപ്പെന്നോ ആയിരുന്നു ആദ്യനാമം. എഡേസ്സയിലെ കലാലയത്തിൽ ദൈവശാസ്ത്രപഠനം നടത്തി. അന്ത്യോക്യൻ ദൈവശാസ്ത്രമായിരുന്നു അവിടെ പ്രബലപ്പെട്ടിരുന്നത്. അതിനോട് ഫീലൊക്സീനൂസ് വിപ്രതിപത്തി കാട്ടുകയും അലക്സാന്ദ്രിയായിലെ സിറിലിന്റെ ദൈവശാസ്ത്ര രീതികളോട് അവിടെ വച്ചുതന്നെ ആഭിമുഖ്യം കാണിക്കുകയും ചെയ്തു. ഇക്കാരണത്താൽ എഡേസ്സൻ കലാലയത്തിൽ അഭിപ്രായസംഘട്ടനങ്ങൾ ഉണ്ടായി. സ്രോഗിലെ യാക്കോബ്, ബേത്-അർശാമിലെ ശെമയോൻ എന്നിവരും ഫീലൊക്സീനൂസിന്റെ പക്ഷത്തായിരുന്നു. അഭിപ്രായ സംഘട്ടനഫലമായി ഫീലൊക്സീനൂസ് കലാലയത്തിൽനിന്ന് ബഹിഷ്കൃതനായി. അയാൾ 470-ഓടുകൂടി അന്ത്യോക്യയിൽ പോയി പീറ്റർ ഫുള്ളർ എന്ന കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസിന്റെ സ്നേഹിതനായി. തുടർന്ന് സന്യാസികളുടെ ഇടയിലും മറ്റും അറിയപ്പെട്ട വ്യക്തിയായിത്തീർന്നു.

അക്കാലത്ത് രാജഹിതാനുസൃതം കാൽസിഡൺ അനുഭാവികളും വിരോധികളും മാറിമാറി അന്ത്യോക്യയിൽ പാത്രിയർക്കീസുമാരാകുകയും നാടുകടത്തപ്പെടുകയും ചെയ്തു. പീറ്റർ ഫുള്ളറിനെ അന്ത്യോക്യയിൽ നിന്ന് നാടുകടത്തിയപ്പോൾ (476-84) ഫീലൊക്സീനൂസും നാടുകടത്തപ്പെട്ടു. കലൻദിയോൻ പാത്രിയർക്കീസാണ് (482-4) അയാളെ നാടുകടത്തിയത്. എന്നാൽ സേനോ ചക്രവർത്തിയെ സ്വാധീനിച്ച് കലെൻദിയോനെ സ്ഥാനഭ്രഷ്ടനാക്കുന്നതിൽ ഫീലൊക്സീനൂസ് വിജയിച്ചു. തുടർന്ന് 485-ൽ ഫീലൊക്സീനൂസ് മാബുഗിലെ (എവുഫ്രതേസ്യ) മെത്രാപ്പോലീത്താ ആയി. അന്ത്യോക്യ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ പട്ടണങ്ങളിലും പശ്ചിമ സിറിയായിൽ ഉടനീളവും കാൽസിഡൺ വിരുദ്ധ സമൂഹങ്ങൾ രൂപീകരിക്കാൻ അയാൾ അത്യധ്വാനം ചെയ്തു.



അനസ്താസ്യൂസ് ചക്രവർത്തി മരിച്ചപ്പോൾ (518), പിൻഗാമിയായ ജസ്റ്റിൻ മതസംഗതികളിൽ പുതിയ നയം സ്വീകരിച്ചു. സാമ്രാജ്യത്തിലുള്ള മെത്രാന്മാരെല്ലാം കാൽസിഡൺ വിശ്വാസപ്രഖ്യാപനം അംഗീകരിക്കണമെന്ന് നിർബന്ധിച്ചു. അതിനു വിസമ്മതിച്ചവരെ നാടുകടത്തി. ഫീലൊക്സീനൂസും വിസമ്മതിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. അയാളെ ആദ്യം ഗാംഗ്രയിലേക്കും (പഫ്ലഗോണിയ) പിന്നീട് 520/1-ൽ ത്രേസിലെ ഫിലിപ്പൂപൊളീസിലേക്കും നാടുകടത്തി. അവിടെവച്ച് 523-ൽ ശ്വാസംമുട്ടി മരിച്ചു.

**കൃതികൾ**

അക്കാലത്തെ സഭാചർച്ചകളിലൊക്കെ അദ്ദേഹം സജീവമായി പങ്കെടുത്തു. താർക്കികൻ എന്നതിലുപരി ആധ്യാത്മിക ഗ്രന്ഥകാരൻ കൂടിയായിരുന്നു അദ്ദേഹം. സുറിയാനിക്കാരനായിരുന്ന അദ്ദേഹം സുറിയാനിയും ഗ്രീക്കും കോർത്തിണക്കുന്നതിന് ശ്രമിച്ചു.

1. പുതിയനിയമത്തിന്റെ ഒരു പുതിയ സുറിയാനി വിവർത്തനം ഉണ്ടാക്കാൻ നേതൃത്വം നൽകി. ഗ്രീക്കു ബൈബിളുമായി ഒത്തുപോകുന്നതായിരുന്നു ആ വിവർത്തനം. തന്റെ കോറെപ്പിസ്കോപ്പാ ആയ പോളിക്കാർപ്പിന്റെ സഹായത്തോടുകൂടെ 507/8-ലാണ് ഈ പതിപ്പുണ്ടായത്. അന്ന് നിലവിലിരുന്ന 'വേതുസ് സീറാ' ടെക്സ്റ്റിൽ പരിഷ്കാരങ്ങൾ വരുത്തിയതാണ് ഈ പതിപ്പ്. പ്ശീത്താ ടെക്സ്റ്റിനേക്കാൾ ദൈവശാസ്ത്രപരമായി കുറേക്കൂടി കൃത്യമായ പദപ്രയോഗങ്ങളാണ് ഇതിലുള്ളത്.

2. "സന്യാസജീവിതരീതിയെപ്പറ്റിയുള്ള ഉപദേശം" എന്ന പേരിൽ 13 മെമ്രാകൾ.

3. "ത്രിത്വത്തിലൊരാൾ ജഡം ധരിച്ചു, പീഡയനുഭവിച്ചു" എന്നതിനെ ആധാരമാക്കി 10 മെമ്രാകൾ: 'ഹബീബിനെതിരെയുള്ള മെമ്രാകൾ' എന്നും ഇതറിയപ്പെടുന്നു. ഇത് 482/4-ലേതാണ്. ഇതിന്റെ അവസാനം ഗ്രീക്ക്, സുറിയാനി പിതാക്കന്മാരിൽ നിന്നുള്ള ഉദ്ധരണികളുടെ ഒരു സമാഹാരമുണ്ട്.

4. "ത്രിത്വത്തെപ്പറ്റിയും മനുഷ്യാവതാരത്തെപ്പറ്റിയും" മൂന്നു മെമ്രാകൾ (*ക്സാബാ ദ്റേയാനേ*).

5. യോഹന്നാന്റെ ആമുഖത്തിന്റെ വ്യാഖ്യാനം: യോഹന്നാൻ 1-നെ ആധാരമാക്കി 508-ൽ എഴുതിയ ഒരു ദൈവശാസ്ത്ര കൃതിയാണിത്.

6. മത്തായിയുടെയും ലൂക്കായുടെയും ഭാഷ്യങ്ങൾ; ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

7. മംഗലവാർത്തയെ കുറിച്ചുള്ള മെമ്രാ.

8. പരിശുദ്ധാത്മാവിന്റെ ആവാസത്തെ കുറിച്ചുള്ള മെമ്രാ: പാപം ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് പുറപ്പെട്ടുപോകുമോ എന്ന പ്രശ്നം ഇതിൽ ചർച്ച ചെയ്യുന്നു.

9. കത്തുകൾ: അദ്ദേഹത്തിന്റെ നിരവധി കത്തുകൾ ലഭിച്ചിട്ടുണ്ട്. ചിലത് നീണ്ട ദൈവശാസ്ത്ര കൃതികളാണ്. ചിലതിന്റെ ഭാഗങ്ങളേ ലഭിച്ചിട്ടുള്ളു. വിശ്വാസത്തെ പറ്റിയുള്ള കത്ത് സന്യാസികളെ അഭിസംബോധന ചെയ്തുകൊണ്ടുള്ളതാണ്. വചനമായ ദൈവത്തിന്റെ മനുഷ്യാവതാരം സംബന്ധിച്ച് സേനോ ചക്രവർത്തിക്കുള്ള കത്ത്, ബേത്-ഗൗഗാലിലെ സന്യാസികൾക്കുള്ള കത്തുകൾ(2), ശേനൂനിലെ സന്യാസികൾക്കുള്ള കത്ത്, തെൽ-ആദായിലെ സന്യാസികൾക്കുള്ള കത്ത്, എഡേസ്സയിലെ പട്രീഷ്യസിനുള്ള കത്ത്, സ്റ്റീഫൻ ബർ സുദൈലിയെപ്പറ്റി എഡേസ്സൻ വൈദികരായ അബ്രഹാമിനും ഒറെസ്തെസിനും എഴുതിയ കത്ത്, അബൂ യാഫാറിനുള്ള കത്ത്, പലസ്തീനിയൻ സന്യാസികൾക്കുള്ള കത്ത്, അനസർബായിൽ നിന്നുള്ള വായനക്കാരൻ മാറോനുള്ള കത്ത്, തെൽ ആദാ ആശ്രമത്തിലെ ശെമയോനുള്ള കത്ത്, പൗരസ്ത്യദേശത്തെ ഓർത്തഡോക്സ് സന്യാസികൾക്കുള്ള കത്ത്, ഒരു നോവീസിനുള്ള കത്ത്, യൂദമതത്തിൽ നിന്ന് മാനസ്സാന്തരപ്പെട്ട ഒരാൾക്കുള്ള കത്ത്, പ്രാർഥനയെപ്പറ്റിയുള്ള കത്തിന്റെ ഭാഗങ്ങൾ എന്നിവയാണ് പ്രധാനപ്പെട്ട കത്തുകൾ. പ്രാർഥനയെപ്പറ്റി അദ്ദേഹം പറഞ്ഞിരിക്കുന്നവ മലയാളത്തിൽ ലഭ്യമാണ് (ജി.ചേടിയത്ത്, *പ്രാർഥന സുറിയാനിസഭയിൽ*, പേ.89-113). അലക്സാണ്ഡ്രിയായിലെ സിറിലിന്റെ പദപ്രയോഗങ്ങളിലൂടെ ക്രിസ്തുരഹസ്യം അവതരിപ്പിക്കാൻ അയാൾ പരിശ്രമിച്ചു. അതിൽ നിന്ന് വ്യത്യസ്തമായവയൊക്കെ ത്യാജ്യം എന്ന ചിന്തയായിരുന്നു അയാൾക്ക്. കാൽസിഡൺ വിരുദ്ധമനോഭാവം പ്രചരിപ്പിക്കുന്നതിന് സർവാത്മനാ ശ്രമിച്ചു.

## റേശൈനായിലെ സേർജിയൂസ് (+536)

റേശൈനായിലെ പ്രധാന വൈദ്യനും ഒരുപക്ഷേ വൈദികനുമായിരുന്നു സേർജിയൂസ്. അദ്ദേഹത്തിന്റെ ജനനത്തീയതി, ജനനസ്ഥലം, ബാല്യകാലം എന്നിവയെപ്പറ്റി നമുക്കറിവില്ല. തന്റെ കാലഘട്ടത്തിലെ സുറിയാനി സഭാപണ്ഡിതരിൽ പ്രമുഖനായിരുന്നു അദ്ദേഹം. ഉപരിപഠനം അലക്സാണ്ഡ്രിയായിൽ നടത്തി. അദ്ദേഹം ഗ്രീക്ക് സാഹിത്യത്തിൽ നിപുണനായിരുന്നു. അരിസ്റ്റോട്ടൽ, പൊർഫീരി, ഗാലൻ എന്നിവരുടെ കൃതികൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. പിൽക്കാല അറബിവിവർത്തനങ്ങൾക്ക് അദ്ദേഹത്തിന്റെ ഈ വിവർത്തനം സഹായകമായി. അദ്ദേഹം സെവുഡോ-ഡയനീഷ്യൻ കൃതികൾ സുറിയാനിയിലാക്കി. അവയ്ക്ക് ആമുഖം രചിച്ചു. എവാഗ്രിയസിന്റെ "കെഫാലെയാ ഗ്നോസ്റ്റികാ" ഗ്രീക്കിൽനിന്ന് കൃത്യമായി സുറിയാനിയിലാക്കി. അദ്ദേഹം കാൽസിഡൺ വിരുദ്ധചേരിയിൽ പെട്ട ആളായിരുന്നെങ്കിലും, അദ്ദേഹത്തിന് കാൽസിഡൺ പക്ഷത്തും എതിർചേരിയിലും സ്നേഹിതന്മാരുണ്ടായിരുന്നു. ഡയനീഷ്യൻ കൃതികളുടെ ഈ വിവർത്തനം എഡേസ്സായിലെ ഫോക്കാസ് ഏഴാം നൂറ്റാണ്ടിൽ തിരുത്തുകയുണ്ടായി. അരിസ്റ്റോട്ടലിന്റെയും പൊർഫീരിയുടെയും വിവർത്തനങ്ങളും ആമുഖവും സേർജിയുസിന്റേതല്ല എന്ന് കരുതുന്നവരുമുണ്ട്.



## സ്റ്റീഫൻ ബർ സുദൈലി

എഡേസ്സായിൽ 480-നോടടുത്ത് ജനിച്ച സ്റ്റീഫൻ സന്യാസിയായി. യുഗാന്ത്യം സംബന്ധിച്ച് ഒരിജെനിസ്റ്റ് ചിന്തകൾ പുലർത്തി. സ്രോഗിലെ യാക്കോബിന്റെ ഉപദേശം സ്റ്റീഫനെ പിന്തിരിപ്പിച്ചില്ല. ഫീലൊക്സീനൂസും അയാളെ കുറ്റപ്പെടുത്തി. ഉടനെ അയാൾ പലസ്തീനയിലെ ഒരിജെനിസ്റ്റ് സന്യാസികളുടെ പക്കൽ അഭയം തേടി. ഇയാളുടെ പ്രബോധനങ്ങളെപ്പറ്റി കരുതലുള്ളവരായിരിക്കാൻ ഫീലൊക്സീനൂസ് പലസ്തീനിയൻ സന്യാസികൾക്ക് 521-നുശേഷം ഒരു കത്തയച്ചു. എഡേസ്സയിൽ തിരിച്ചെത്തിയ സ്റ്റീഫൻ "ഹിയെരോതെയോസിന്റെ ഗ്രന്ഥം" എന്ന കൃതി 520-നും 530-നും ഇടയ്ക്ക് രചിച്ചു. സെവുഡോ - ഡയനീഷ്യൻ കൃതികളുടെ കർത്താവ് ഹിയെരോതെയോസിനെ വന്ദ്യഗുരു എന്നു വിളിക്കുന്നു. അക്കാരണത്താൽ സ്റ്റീഫന്റെ കൃതിക്ക് പ്രചാരം ലഭിച്ചു.

## എഡേസ്സയിലെ മാർ യാക്കോബ് (633-708)

അന്ത്യോക്യൻ പ്രദേശത്തുള്ള അയിൻ-ദീബായിൽ യാക്കോബ് ജനിച്ചു. കെന്നെശ്രീൻ ആശ്രമത്തിൽ സെവേരൂസ് സെബോക്ത് മെത്രാന്റെ (+667) കീഴിൽ ഗ്രീക്കും ബൈബിളും പഠിച്ചു. പിന്നീട് അലക്സാണ്ഡ്രിയായിൽ പഠനം പൂർത്തിയാക്കി. പഠനത്തിനും ഏകാന്തതയ്ക്കുമായി എഡേസ്സായിൽ തിരിച്ചെത്തി. അന്ത്യോക്യാ പാത്രിയർക്കീസ് അത്തനാസ്യാസ് രണ്ടാമൻ (684-6) അദ്ദേഹത്തെ എഡേസ്സാ മെത്രാനാക്കി. വൈദികരുടെയും ജനങ്ങളുടെയും സഹകരണക്കുറവിനാൽ നാലുവർഷം കഴിഞ്ഞ് തൽസ്ഥാനം രാജിവച്ചു. ആദ്യം സാമസോട്ടയ്ക്കടുത്തുള്ള കൈശൂം ആശ്രമത്തിലും പിന്നീട് എവുസെബോനാ ആശ്രമത്തിലും പാർത്തു. അവിടെ പതിനൊന്നു വർഷം ഗ്രീക്കും മറ്റുവിഷയങ്ങളും പഠിപ്പിച്ചു. ഗ്രീക്കുപഠനത്തോട് എതിർപ്പു കാണിച്ച സന്യാസികൾ നിമിത്തം അവിടെനിന്ന് തെൽ ആദാ ആശ്രമത്തിൽ പോയി ഒൻപതുവർഷം പഠിപ്പിച്ചു. അവിടെ വച്ച് സുറിയാനി പഴയനിയമത്തിൽ പരിഷ്ക്കാരങ്ങൾ വരുത്തി. എഡേസ്സായിൽ മാർ യാക്കോബിന്റ പിൻഗാമിയായി

രുന്ന ഹബീബ് മരിച്ചപ്പോൾ ഒരിക്കൽകൂടി രൂപതയുടെ ചുമതല ഏറ്റെടുത്തു. എന്നാൽ നാലു മാസങ്ങൾക്കുശേഷം തന്റെ ഗ്രന്ഥങ്ങൾ എടുക്കാൻ തെൽ ആദായിൽ പോയപ്പോൾ അവിടെവച്ച് മരിച്ചു. അക്കാലത്തെ പണ്ഡിതനും പ്രശസ്തനുമായ വ്യക്തിയായിരുന്നു യാക്കോബ്. അനേക തലങ്ങളിൽ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. ദൈവശാസ്ത്രജ്ഞൻ, താത്വികൻ, ഭാഷ്യകാരൻ, ചരിത്രകാരൻ തുടങ്ങി ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം.

**കൃതികൾ:**

1. ആറുദിവസത്തെ സൃഷ്ടിവിവരണത്തിന്റെ വ്യാഖ്യാനം (*ഹെക്സേമെറോൻ ഭാഷ്യം*). ഇത് പൂർത്തിയാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അറബികളുടെ മെത്രാനും സ്നേഹിതനുമായ ഗീവർഗീസ് ഇത് പൂർത്തിയാക്കി.

2. പഴയനിയമസംബന്ധിയായ *സ്കോളിയാ.*

3. ആരാധനക്രമപരിഷ്ക്കാരങ്ങൾ: യാക്കോബിന്റെ അനാഫറ, സെവേരൂസിന്റെ പേരിലുള്ള സ്നാനശുശ്രൂഷക്രമം, ദനഹായ്ക്കുള്ള വെള്ളം വാഴ്ത്തുന്ന ക്രമം എന്നിവ പരിഷ്ക്കരിച്ചു.

4. ആരാധനക്രമത്തിന്റെ വ്യാഖ്യാനം.

5. മൂറോനെപ്പറ്റിയുള്ള പ്രതിപാദനം.

6. ചോദ്യോത്തര രീതിയിലുള്ള കാനോനാകൾ.

7. ക്രോണിക്കിൾ: യാക്കോബ് 691/2 വരെ മാത്രമേ എഴുതിയുള്ളൂ.

8. കത്തുകൾ.

9. താത്വിക *എങ്കിരീദിയോൻ*: താത്വിക പദങ്ങളുടെ വിവരണം.

10. ഒരു വ്യാകരണഗ്രന്ഥം: ഇതിന്റെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

11. ഹാറാനിലെ കാൽസിഡൺ വൈദികർക്കെതിരെ എഴുതിയ അപ്പോളജി.

12.. ഗാനരൂപത്തിലുള്ള ചില കത്തുകൾ.

അതുപോലെ നേരത്തെ സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത പല ഗ്രീക്ക് ടെക്സ്റ്റുകളും തിരുത്തുകയോ, മെച്ചപ്പെട്ട രീതിയിൽ ഒരിക്കൽകൂടി വിവർത്തനം ചെയ്യുകയോ ചെയ്തു: *കർത്താവിന്റെ വിൽപ്പത്രം, കാർത്തേജ് കൗൺസിലിന്റെ (256) നടപടികൾ, റേഹാബ്യരുടെ ചരിത്രം* എന്നിവ വിവർത്തനങ്ങളാണ്. സെവേരൂസിന്റെ *കത്തീഡ്രൽ ഹോമിലികളും ഗീതങ്ങളും* അരിസ്റ്റോട്ടലിന്റെ *കാറ്റഗറീസും* ചില പഴയനിയമഗ്രന്ഥങ്ങളും തിരുത്തിയവയിൽ പെടുന്നു. ചിലർ യാക്കോബിനെ "ഫിലൊപ്പോണുസ്" എന്നും വിളിക്കുന്നു.



## അറബികളുടെ മെത്രാനായ മാർ ഗീവർഗീസ് (640–724)

അന്ത്യോക്യയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ 640–നോടടുത്ത് ഗീവർഗീസ് ജനിച്ചു. ആദ്യഗുരു അന്ത്യോക്യക്കാരനായ ഒരു സന്ദർശകവൈദികൻ (*പെരിയൊദെവുതെസ്*) ആയിരുന്നു. അന്നത്തെ യാക്കോബായാ പഠനകേന്ദ്രമായ കെന്നെശ്രീനിൽ ഉപരിവിദ്യാഭ്യാസം നടത്തി. എഡേസ്സായിലെ യാക്കോബിന്റെ സ്നേഹിതനായിരുന്ന അദ്ദേഹത്തെ അത്തനാസ്യോസ് രണ്ടാമൻ എന്ന യാക്കോബായാ പാത്രിയർക്കീസ് 686/7–ൽ ഹിർതായിലെ അറബി ക്രിസ്ത്യാനികളുടെ മെത്രാനാക്കി. അദ്ദേഹത്തിന്റെ മെത്രാസനം ആക്കോളാ (അൽ-കൂഫാ) എന്ന സ്ഥലത്തായിരുന്നു. കൂദാശകളെപ്പറ്റി അദ്ദേഹം ഒരു കൃതിയെഴുതി. അതിന്റെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *കുർബാനയുടെ വ്യാഖ്യാനങ്ങൾ,* കോട്ടയം,2000, പേ. 9–20. അതിൽ മാമോദീസാ, കുർബാന, മൂറോൻ കൂദാശ എന്നിവ ചർച്ച ചെയ്യുന്നു. സെവുഡോ ഡയനീഷ്യസിന്റെ "സഭാഹയരാർക്കി" മൂന്നാം അധ്യായത്തിൽ നിന്നാണ് അദ്ദേഹം സ്വാധീനം സ്വീകരിച്ചിട്ടുള്ളത് (*അതേകൃതി,* പേ. 180–198). മോശ ബർകേഫാ, ഗീവർഗീസിന്റെ കൃതി സ്വതന്ത്രമായി ഉപയോഗിച്ചു. കുർബാനയുടെ പ്രധാനഭാഗത്തെപ്പറ്റി ഗീവർഗീസ് വളരെ കുറച്ചു മാത്രമേ വിവരിക്കുന്നുള്ളൂ. സ്നാനാർഥികളെ പിരിച്ചയച്ചു കഴിഞ്ഞാലുടൻ കർതൃപ്രാർഥനയിലേക്കു കടക്കുന്നു. ജീവന്റെ പുസ്തകത്തിൽ നിന്നുള്ള വായനയെ പറ്റിയുള്ള പരാമർശം അവസാനത്തിലാണ്. എഡേസ്സായിലെ യാക്കോബിന്റെ "ഹെക്സേമെറോൻ ഭാഷ്യം" (ആറു ദിവസസൃഷ്ടിവിവരണം) ഗീവർഗീസ് പൂർത്തിയാക്കി. അരിസ്റ്റോട്ടലിന്റെ "ഓർഗനോൺ" എന്ന കൃതിയുടെ വിവർത്തനം പരിഷ്ക്കരിച്ചു. ഗ്രിഗറി നസ്യാൻസന്റെ ഹോമിലികൾക്ക് *സ്കോളിയാ* തയാറാക്കി. അതുപോലെ ഒരു ലേഖനസമാഹാരം കൈവന്നിട്ടുണ്ട്. അഫ്രാത്തിനെപ്പറ്റിയുള്ള അവലോകനം, മനുഷ്യാത്മാവിനെയും അരൂപിയെയും പറ്റിയുള്ള വീക്ഷണം, എഡേസ്സായിലെ യാക്കോബിന്റെ കത്തുകളിലെ പ്രയാസമുള്ള ഭാഗങ്ങൾ എന്നിവ ഈ കത്തുകളിൽ കാണാം.

## ശെമയോൻ ദ്ബേത് അർശാം (+548)

തിഗ്രീതിലുള്ള ബേത് അർശാം മെത്രാനായിരുന്ന ശെമയോൻ കാൽസിഡൺ വിരുദ്ധനായിരുന്നു. നജ്രനിലെ ക്രിസ്തീയ രക്തസാക്ഷികളെ പറ്റി പ്രതിപാദിക്കുന്ന രണ്ട് കത്തുകൾ ലഭിച്ചിട്ടുണ്ട്. ശെമയോൻ എഴുതിയത് പിൽക്കാലത്ത് ആരോ വിപുലീകരിച്ചതിന്റെ സൂചനകളുണ്ട്. നിസിബിസിലെ ബർസൗമായെപ്പറ്റിയും നെസ്തോറിയർക്കെതിരെയുമുള്ള ഒരു പ്രതിപാദനവും ലഭിച്ചിട്ടുണ്ട്. *ഹിംയറീത്തരുടെ ഗ്രന്ഥം* എന്ന കൃതി ഇദ്ദേഹത്തിന്റേതാണോ എന്ന് ചിലർ സംശയിക്കുന്നു. മേൽപ്പറഞ്ഞവരുടെ രക്തസാക്ഷിത്വത്തെപ്പറ്റിയുള്ള ഒരു പിൽക്കാല വ്യത്യസ്ത വിവരണമാണിത്. ഈ കൃതി ഭാഗികമായി മാത്രമേ ലഭിച്ചിട്ടുള്ളൂ.

**യോഹന്നാൻ ദ്സെദ്റേ (+648):** കാൽസിഡൺ വിരുദ്ധ സിറിയൻ സമൂഹത്തിന്റെ പാത്രിയർക്കീസായിരുന്നു ജോൺ (630/1-648): സെദ്റാ എന്നറിയപ്പെടുന്ന ആരാധനക്രമ പ്രാർഥനകൾ എഴുതിയുണ്ടാക്കിയതിനാൽ ഈ പേരിൽ അറിയപ്പെടുന്നു. അന്ത്യോക്യൻ പാരമ്പര്യത്തിൽ ഇത്തരം ധാരാളം പ്രാർഥനകളുണ്ട്. അവയുടെ ആരംഭകൻ അദ്ദേഹമാണ്. രണ്ട് താത്വിക-താർക്കിക കൃതികളും (*പ്ലെറോഫോറിയായ്*) അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. ഒന്ന് ഹലികർണാസുസിലെ ജൂലിയന് എതിരായിട്ടും മറ്റത് ഇരുസ്വഭാവ ക്രിസ്തുശാസ്ത്രക്കാർക്ക് എതിരായിട്ടുമാണ്. മൂറോനെപ്പറ്റി ഒരു പ്രതിപാദനം, ഒരു അനാഫറ, 639/44-ൽ നടന്ന മുസ്ലീം-ക്രിസ്ത്യൻ ഡയലോഗിനെപ്പറ്റി ഒരുകത്ത് എന്നിവയും അദ്ദേഹത്തിൽ ആരോപിക്കുന്നു. ഇത്തരത്തിലുള്ള ആദ്യസംവാദമായിരിക്കാം അത്.

## ശെമയോൻ കൂക്കോയോ (6-ാം നൂ.)

ശെമയോന്റെ കവിതാവാസന തിരിച്ചറിഞ്ഞ ഗ്രോഗിലെ യാക്കോബ് ഗീതങ്ങൾ എഴുതാൻ അയാളെ പ്രേരിപ്പിച്ചു. ക്രിസ്മസിനുപയോഗിക്കാൻ ഒൻപത് ചെറിയ ഗീതങ്ങൾ ഇയാളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പാശ്ചാത്യ സുറിയാനി സഭയിൽ ഉപയോഗിക്കുന്ന *കൂക്കോയോ* എന്നറിയപ്പെടുന്ന ഗാനരീതി ഇയാളിൽ നിന്ന് ഉത്ഭവിച്ചു.

## സലാഹിലെ ദാനിയേൽ (6-ാം നൂ)

ദാനിയേൽ തെല്ലായിൽ ജനിച്ചു. സങ്കീർത്തനങ്ങൾക്ക് മൂന്നു വാല്യങ്ങളിലായി 541/2-ൽ ഒരു ഭാഷ്യമെഴുതി. അപ്പമെയായിലെ ആശ്രമാധ്യക്ഷനായ ഒരു യോഹന്നാനാണ് ഇത് സമർപ്പിച്ചിരിക്കുന്നത്. ഈ കൃതി ഭാഗികമായി മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. അക്കാലത്തെ സിറിയൻ കാൽസിഡൺ വിരുദ്ധ ചേരിയിലെ വ്യാഖ്യാനരീതികൾ അറിയാൻ ഈ കൃതി സഹായിക്കും. ഇയാൾ അന്ത്യോക്യൻ ഭാഷ്യരീതികൾ ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ 1887-ലെ ഒരു കൈയെഴുത്തുപ്രതി തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പിന്റെ അരമനയിലെ ഗ്രന്ഥശേഖരത്തിൽ ഉണ്ടെന്ന് ഫാ. വാൻ ദെർ പ്ലൂഗ് രേഖപ്പെടുത്തിയിട്ടുണ്ട്.[9] തെല്ലായിലെ ദാനിയേൽ 542-നു ശേഷം തെല്ലാ ദ് മൗസൽതാ മെത്രാനായി. മെത്രാനാകുന്നതിനു മുമ്പാണ് ദാനിയേൽ ഈ ഭാഷ്യം എഴുതിയത്.

## ഏലിയാസ് (6-ാം നൂ.)

തെല്ലാമെത്രാൻ യോഹന്നാന്റെ ജീവചരിത്രമെഴുതി, തന്റെ ആത്മീയസഹോദരങ്ങളായ മാർ സർഗീസിനും മാർ പൗലോസിനും നൽകി. യാക്കോബായക്കാരനാണ് ഇയാൾ.

11. J.P.M. van der Ploeg, *The Syriac Manuscripts of St.Thomas Christians,* Rome/Bangalore, 1983,p.90-91.



## ആഹൂദെമ്മേ (+575)

പേർഷ്യയിലെ യാക്കോബായക്കാരുടെ മെത്രാനായ ഒരു ആഹുദെമ്മേ ഉണ്ടായിരുന്നു."പൗരസ്ത്യ മെത്രാപ്പോലീത്താ" എന്നായിരുന്നു ഇയാളുടെ സ്ഥാനനാമം. മനുഷ്യനെപ്പറ്റി രണ്ട് കൃതികൾ ഇയാളുടെ പേരിൽ അറിയപ്പെടുന്നു. *മനുഷ്യഘടന, "മൈക്രോകോസം" എന്ന നിലയിൽ മനുഷ്യനെ പറ്റിയുള്ള അപഗ്രഥനം* എന്നിവയാണ് ആ കൃതികൾ. ആഹുദെമ്മേയുടെ ഒരു *ജീവചരിത്രം* ലഭിച്ചിട്ടുണ്ട്.

## മാർ മാരൂഥാ (+649)

യാക്കോബായാ സഭയിൽ പെട്ട മാരൂഥാ ബാലാദിൽ ജനിച്ചു. കല്ലിനിക്കസിൽ മാർ സക്കായ് ആശ്രമത്തിൽ പത്തുവർഷം പഠിച്ചു. പിന്നീട് 628/9-ൽ തഗ്രീതിലെ യാക്കോബായക്കാരുടെ മഫ്രിയാനായി. തഗ്രീത് കേന്ദ്രമാക്കി വാഴിക്കപ്പെട്ട ആദ്യത്തെ മഫ്രിയാനാണ് അദ്ദേഹം. മാർ അത്തനാസോസ് ഗാമാലാ പാത്രിയർക്കീസ് (595-631) തന്റെ സിൻചെല്ലൂസ് യോഹന്നാൻവഴി പേർഷ്യൻ യാക്കോബായക്കാരുമായി ഐക്യം സ്ഥാപിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്ന അവസരമായിരുന്നു അത്. അതുവരെ പേർഷ്യാക്കാർ അന്ത്യോക്യക്കാരുമായി ബന്ധപ്പെടാതെ കഴിഞ്ഞു. പാത്രിയർക്കീസുമായി ധാരണയിലെത്തിയശേഷം മാർ മാരൂഥാ എന്ന സന്ന്യാസിയെ മാർ മത്തായി ആശ്രമമെത്രാപ്പോലീത്താ ക്രിസ്റ്റഫർ, വലിയ മെത്രാപ്പോലീത്താ ആയി വാഴിച്ചു. യാക്കോബായ പാത്രിയർക്കീസ് തദവസരം ആശ്രമവാസികൾക്ക് ഒരു കത്തയച്ചു. പൗരസ്ത്യ യാക്കോബായക്കാരുമായി പാശ്ചാത്യ യാക്കോബായക്കാർ ഐക്യപ്പെട്ട ഉടമ്പടി രേഖയാണിത്. ഔദ്യോഗികമായി മഫ്രിയാനേറ്റ് സ്ഥാപിച്ച രേഖയായും ഇതിനെ ചിലർ കരുതുന്നു. (പ്രസ്തുത കത്തിന്: ജി.ചേടിയത്ത്, ബർ എബ്രായ, സഭാചരിത്രം രണ്ടാം ഭാഗം: പൗരസ്ത്യ മഫ്രിയനാന്മാർ, കോട്ടയം 1990, പേ.238 -244). മാരൂഥായെ തഗ്രീതിന്റെ മെത്രാപ്പോലീത്താ ആയി നിയമിച്ചിട്ട് പേർഷ്യയുടെ തെക്കൻ പ്രദേശങ്ങളിലുള്ള ആറു യാക്കോബായ രൂപതകൾ അദ്ദേഹത്തിന്റെ കീഴിൽ കൊണ്ടുവന്നു. ബാക്കി ആറെണ്ണം മത്തായി ആശ്രമത്തിലെ മെത്രാപ്പോലീത്തായുടെ കീഴിൽ തന്നെ നിലനിർത്തി. അതേത്തുടർന്ന് 628-ൽ മാർ മത്തായി ആശ്രമത്തിൽ വച്ചുകൂടിയ സിനഡ് ആശ്രമമെത്രാപ്പോലീത്തായും തഗ്രീതിലെ വലിയ മെത്രാപ്പോലീത്തായും (മഫ്രിയാനും) തമ്മിലുള്ള ബന്ധം ചർച്ച ചെയ്ത് 24 കാനോനാകൾ പാസാക്കി. മാരൂഥായുടെ പിൻഗാമിയായ ദനഹാ (+660) അയാളുടെ ഒരു ജീവചരിത്രമെഴുതി. അയാളുടേതായി മാർ ദനഹാ സൂചിപ്പിക്കുന്ന കൃതികളിൽ ചിലത് മാത്രമേ നമുക്ക് കൈവന്നിട്ടുള്ളു: ദനഹാപ്പെരുന്നാളിന് വെള്ളം വാഴ്ത്തുന്നതിനെപ്പറ്റിയുള്ള ഹോമിലി, പേർഷ്യൻ സഭയുടെ നെസ്തോറിയനിസം, ഒരു അനാഫറ, ചില പ്രാർഥനകൾ എന്നിവ അയാളുടെ കൃതികളായി അറിയപ്പെടുന്നു.

## തൂണിന്മേൽ സേർജിയുസ് (8-ാം നൂ.)

യാക്കോബായക്കാരനായ ഈ സ്തംഭതാപസ്സൻ യൂദർക്കെതിരെ അപ്പോളജി എഴുതി.

## ഏലിയാ (8-ാം നൂ.)

ഹാറാനിലെ ലെയോയ്ക്ക് ഇയാൾ ഒരു കത്തെഴുതി. കാൽസിഡൺ വിശ്വാസം വിട്ട് കാൽസിഡൺ വിരുദ്ധരായ യാക്കോബായക്കാരുടെ കൂടെ കൂടിയത് എന്തുകൊണ്ടാണെന്ന് അയാൾ ഇതിൽ വിശദമാക്കുന്നു.

## ദാറായിലെ ജോൺ (+825)

ദാറായിലെ (അനസ്താസ്യോപ്പൊളീസ്) സിറിയൻ ഓർത്തഡോക്സ് മെത്രാനായിരുന്ന അദ്ദേഹം തുർ അബ്ദീനിൽ മർദീനടുത്ത് മാർ ഹനാനിയാ ആശ്രമത്തിലെ (ദയർ സഫ്രാൻ) ഒരു സന്യാസിയും അന്ത്യോക്യാ യാക്കോബായാ പാത്രിയർക്കീസ് ഡയനീഷ്യസ് ദ്തെൽമാറേയുടെ (818-845) സ്നേഹിതനുമായിരുന്നു. ഡയനീഷ്യസ് തന്റെ "സഭാചരിത്രഗ്രന്ഥം" ജോണിനാണ് സമർപ്പിച്ചത്. ജോൺ നിരവധി കൃതികൾ രചിച്ചിട്ടുണ്ട്.

**കൃതികൾ**

1. "ആരാധനക്രമത്തിന്റെ ഭാഷ്യം": അദ്ദേഹം എഴുതിയ കുർബാനയുടെ ഭാഷ്യം ഇംഗ്ലീഷിൽ കോട്ടയത്തെ *സീരിയിൽ* നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.
2. ആത്മാവിനെപ്പറ്റി
3. ശരീരങ്ങളുടെ ഉത്ഥാനത്തെപ്പറ്റി
4. പൗരോഹിത്യത്തെപ്പറ്റി
5. സെവുഡോ ഡയനീഷ്യസിന്റെ കൃതികളുടെ വ്യാഖ്യാനം
6. പറുദീസായെപ്പറ്റി
7. സൃഷ്ടിവിവരണത്തെപ്പറ്റി
8. പാഷണ്ഡികൾക്കെതിരെ
9. ക്രിസ്തുവിന്റെ ഉത്ഥാനത്തെപ്പറ്റി
10. പെന്തിക്കോസ്തിയെപ്പറ്റി,
11. കുരിശു കണ്ടെത്തിയതിനെപ്പറ്റി,
12. ദൈവികവ്യാപാരത്തെപ്പറ്റി,
13. പിശാചുക്കളെപ്പറ്റി,
14. ക്രിസ്തീയ പ്രബോധനത്തെപ്പറ്റി.



## നോണ്ണൂസ് (9-ാം നൂ.)

പാശ്ചാത്യസുറിയാനിസഭയിൽ പെട്ടയാളും നിസിബിസുകാരനുമായ ഒരു ഡീക്കനായിരുന്നു അയാൾ. തിയഡോർ അബൂ ഖുറായുടെ കാൽസിഡൺ പ്രബോധനത്തെ അർമേനിയൻ രാജസമക്ഷം അയാൾ എതിർത്തു. യോഹന്നാന്റെ സുവിശേഷത്തിന് ഒരു ഭാഷ്യം, ത്രിത്വത്തെപ്പറ്റിയും മനുഷ്യാവതാരത്തെപ്പറ്റിയും ഒരു അപ്പോളജെറ്റിക് കൃതി, മാർഗായിലെ തോമസിനെതിരെ നാല് പുസ്തകങ്ങളിലായി ഒരു കൃതി, രണ്ടു കത്തുകൾ എന്നിവയാണ് അയാളുടെ കൃതികൾ.

## തഗ്രീതിലെ അന്തോണിയോസ് (9-ാം നൂ.)

അയാൾ പാശ്ചാത്യസുറിയാനി സഭയിൽ പെട്ട യാക്കോബായക്കാരനാണ്. പ്രഭാഷണകലയെപ്പറ്റി അഞ്ചു പുസ്തകങ്ങളിലായി ഒരു കൃതിയെഴുതി. സുറിയാനി സാഹിത്യത്തെ കടന്നാക്രമിച്ചവർക്ക് എതിരെയാണിത്. ദൈവപരിപാലന, മൂറോൻ എന്നിവയെപ്പറ്റിയും അദ്ദേഹം എഴുതി. അദ്ദേഹത്തിന്റെ കുറേ കത്തുകളും പ്രാർഥനകളും ലഭിച്ചിട്ടുണ്ട്.

## മോശ ബർകേഫാ (813-903)

പാശ്ചാത്യ സുറിയാനിസഭയിലെ പണ്ഡിതനായ ഒരു മെത്രാനായിരുന്ന മോശ വടക്കൻ ഇറാക്കിലെ ബാലാദിൽ (മോസൂളിനടുത്ത്) ജനിച്ചു. ബാലാദിന് 15 കി. മീ. വടക്കുകിഴക്ക് വരണ്ട മലയിലുള്ള മാർ സർഗീസിന്റെ ആശ്രമത്തിൽ വിദ്യാഭ്യാസം നടത്തി. ബേത്-റമ്മാൻ (ബാറീമ്മാ), ബേത്-കീയോനായാ, മോസൂൾ എന്നിവിടങ്ങളിലെ മെത്രാനായി 863-ൽ നിയമിതനായി. അതായത്, മോസൂളിനും തഗ്രീതിനും ഇടയ്ക്ക് ടൈഗ്രീസ് നദീതീരത്തുള്ള പ്രദേശമായിരുന്നു അദ്ദേഹത്തിന്റെ രൂപത. ഏതാണ്ട് പത്തുവർഷത്തോളം തഗ്രീത് രൂപതയുടെയും ചുമതല അദ്ദേഹത്തിനുണ്ടായിരുന്നു.

**കൃതികൾ**

നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് മോശ. അദ്ദേഹം പഴയനിയമത്തിനും പുതിയനിയമത്തിനും ഭാഷ്യങ്ങളെഴുതി. ബർ എബ്രായാ തന്റെ *ഔസാർ റാസേ* എന്ന കൃതിയിൽ ഇവയിൽ നിന്ന് കൂടെക്കൂടെ ഉദ്ധരിക്കുന്നു.

1. ഹെക്സേമെറോൻ ഭാഷ്യം (ആറുദിവസ സൃഷ്ടിവിവരണം 5 പുസ്തകങ്ങളിൽ)
2. പറുദീസായെപ്പറ്റി മൂന്നു പുസ്തകങ്ങൾ
3. സങ്കീർത്തനങ്ങളുടെ ആമുഖം
4. മത്തായി, ലൂക്കോസ്, യോഹന്നാൻ, നടപടി, പൗലോസിന്റെ ലേഖനങ്ങൾ എന്നിവയുടെ ഭാഷ്യം

5. ആത്മാവിനെപ്പറ്റി 41 അധ്യായങ്ങൾ.

6. ഉത്ഥാനത്തെപ്പറ്റി 34 അധ്യായങ്ങൾ.

7. മാലാഖമാരുടെ സൃഷ്ടിയേപ്പറ്റി 45 അധ്യായങ്ങൾ.

8. മാലാഖമാരുടെ നിരകളെപ്പറ്റി 16 അധ്യായങ്ങൾ.

9. മുൻനിർണയവും സ്വതന്ത്രേച്ഛയും സംബന്ധിച്ച്.

10. പൗരോഹിത്യത്തെപ്പറ്റി: ചിലർ ഇത് ദാറായിലെ ജോണിൽ ആരോപിക്കുന്നു.

11. സ്നാനശുശ്രൂഷയുടെ വ്യാഖ്യാനം.

12. കുർബാനയുടെ വ്യാഖ്യാനം: ഈ കൃതി ബർസലീബി ഏതാണ്ട് പദാനുപദം തന്റെ കുർബാനഭാഷ്യത്തിൽ ചേർത്തിട്ടുണ്ട്. ഇതിന്റെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *കുർബാനയുടെ വ്യാഖ്യാനങ്ങൾ*, കോട്ടയം, 2000, പേ.21–81. ദിവ്യരഹസ്യങ്ങളുടെ വിവിധ നാമങ്ങൾ കൊണ്ടാണ് അദ്ദേഹം തുടങ്ങുന്നത്. ഇതിൽ അനുഷ്ഠാനവിധികളുടെ വ്യാഖ്യാനവും ദൈവശാസ്ത്ര വിശദീകരണങ്ങളും കാണാം.

13. മൂറോൻകൂദാശയുടെ വ്യാഖ്യാനം

14. തിരുപ്പട്ടശുശ്രൂഷയുടെ വ്യാഖ്യാനം

15. സന്യാസവസ്ത്രധാരണം സംബന്ധിച്ച് ചെയ്ത പ്രസംഗം: ഇത് സീരിയിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

16. പള്ളിക്കൂദാശക്രമത്തിന്റെ വ്യാഖ്യാനം

17. ശവസംസ്കാരശുശ്രൂഷയുടെ വിശദീകരണം

18. സ്വർഗീയവും ഭൗമികവുമായ പൗരോഹിത്യത്തെപ്പറ്റിയുള്ള വിശദീകരണം

19. സഭാംഗങ്ങൾക്കുള്ള പ്രബോധനം

20. ഹോമിലികൾ (38 എണ്ണം)

21. പെരുന്നാളുകളെപ്പറ്റി.

22. നഷ്ടപ്പെട്ടവ: ഗ്രിഗറി നസ്യാൻസന്റെ പ്രസംഗങ്ങളുടെ വ്യാഖ്യാനം, പാഷണ്ഡതകൾക്കെതിരെ, അരിസറ്റോട്ടലിന്റെ *കാറ്റഗറിയുടെ* വ്യാഖ്യാനം.

## ഡയനീഷ്യസ് ബർ സലീബി (+1171)

അമീദിലെ ഡയനീഷ്യസ്, യാക്കോബ് ബർ സലീബി എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെടുന്നു. മലയാളത്തിൽ ദിവന്നാസ്യോസ് എന്നു പറയും. യാക്കോബ് എന്നത് സ്നാനപ്പേരും ഡയനീഷ്യസ് എന്നത് മെത്രാനായപ്പോൾ



എടുത്ത പേരും സലീബി എന്നത് പിതാവിന്റെ പേരുമാണ്. ഡയനീഷ്യസിനെപ്പറ്റി മിഖായേൽ റാബോയും ബർ എബ്രായയും പരാമർശിക്കുന്നു. മിഖായേലും ഡയനീഷ്യസും വലിയ സ്നേഹിതരായിരുന്നു. മിഖായേൽ, ഡയനീഷ്യസിന്റെ ഒരു ജീവചരിത്രം തന്നെ എഴുതിയെങ്കിലും നഷ്ടപ്പെട്ടുപോയി. യാക്കോബ് മെലിറ്റീനിൽ (മലാത്യാ) ജനിച്ചു. മാർ അത്തനാസ്യോസ് പാത്രിയർക്കീസ് 1154-ൽ യാക്കോബിനെ മാറാശിന്റെ (സിലീഷ്യയിലെ ജർമനീഷ്യ) മെത്രാനാക്കി. കുറേനാൾ മാബുഗിന്റെ ചുമതലയും അദ്ദേഹത്തിനുണ്ടായിരുന്നു. അർമേനിയർ 1156-ൽ മാറാശ് ആക്രമിച്ച് കൊലയും കൊള്ളിവയ്പും നടത്തി. ജനങ്ങളെയും മെത്രാനെയും തടവുകാരായി പിടിച്ചുകൊണ്ടുപോയി. ബർസലീബി രക്ഷപെട്ട് കല്ലിസൂറാ ആശ്രമത്തിൽ ഒളിച്ചുപാർത്തു. മിഖായേൽ റാബോയുടെ പാത്രിയാർക്കൽ തെരഞ്ഞെടുപ്പിലും വാഴ്ചയിലും (1165) നിർണായക പങ്കുവഹിച്ചു. തദവസരം ബർസലീബി ഒരു പ്രസംഗം പറഞ്ഞു. പുതിയ പാത്രിയർക്കീസ് മർദീനിൽ താമസമാക്കിയിട്ട് അമീദ് രൂപത ഡയനീഷ്യസിനെ ഏൽപ്പിച്ചു. അവിടെ അദ്ദേഹം അഞ്ചു വർഷം ഭരിച്ചു. അദ്ദേഹം അവിടുത്തെ പള്ളി പുതുക്കുകയും വൈദികപരിശീലനത്തിൽ ശ്രദ്ധിക്കുകയും ചെയ്തു.

### കൃതികൾ

1. ബൈബിൾ ഭാഷ്യകൃതികൾ: പഴയനിയമത്തിലെയും പുതിയനിയമത്തിലെയും എല്ലാ പുസ്തകങ്ങൾക്കും അദ്ദേഹം ഭാഷ്യമെഴുതി. ഗ്രീക്കിലും സുറിയാനിയിലും എഴുതിയ മുൻകാലഗ്രന്ഥകാരന്മാരുടെ കൃതികളെ ആധാരമാക്കിയാണ് ഭാഷ്യങ്ങൾ ചമച്ചത്. വാചികാർഥം (*സൂറാനായിസ്*) നിഗൂഢാർഥം (*റൂഹാനായിസ്*) എന്നിങ്ങനെ രണ്ടുതരം അർഥം മിക്ക പഴയനിയമഗ്രന്ഥങ്ങൾക്കും അദ്ദേഹം നൽകുന്നു.

2. ആരാധനക്രമസംബന്ധമായ കൃതികൾ: യാമപ്രാർഥനകൾ, സ്നാനം, മൂറോൻ, കുർബാന, പട്ടം എന്നിവയുടെ വ്യാഖ്യാനം. കുർബാനയുടെ വ്യാഖ്യാനത്തിന്റെ മലയാളപരിഭാഷയ്ക്ക്: ജി.ചേടിയത്ത്, *കുർബാനയുടെ വ്യാഖ്യാനങ്ങൾ*, കോട്ടയം, 2000, പേ82–179.

3. താർക്കിക കൃതികൾ: യൂദർ, മുസ്ലീങ്ങൾ, അർമേനിയർ എന്നിവർക്കെതിരെ. അർമേനിയരുടെ ആക്രമണത്തിനുശേഷം കൃതികളിലെല്ലാം അവർക്കെതിരെയുള്ള പരാമർശം കാണാം.

4. എവാഗ്രിയസിന്റെ സെഞ്ചുറികളുടെ വ്യാഖ്യാനം

5. താത്വികകൃതികൾ: പൊർഫീരിയുടെ "ഐസഗോഗിന്റെയും" അരിസ്റ്റോട്ടലിന്റെ "ലോജിക്കിന്റെയും ഓർഗനോണിന്റെയും" വ്യാഖ്യാനം.

6. നഷ്ടപ്പെട്ട കൃതികൾ: ക്രോണിക്കിൾ, ദൈവപരിപാലനയെക്കുറിച്ച്, ദൈവ

ശാസ്ത്രനിഘണ്ടു. ഗ്രീക്കുപിതാക്കന്മാരുടെ കൃതികളുടെ വ്യാഖ്യാനം. കത്തുകൾ, ഗീതങ്ങളും പ്രാർഥനകളും സെദ്റാകളും, മർദീനിലെ ജോണിനെതിരെയുള്ള കൃതി. കുമ്പസാരവും പാപമോചനവും സംബന്ധിച്ച കാനോനകൾ.

### മിഖായേൽ റാബോ പാത്രിയർക്കീസ് (+1199)

മിഖായേൽ മെലിറ്റീനിൽ ജനിച്ചു. അവിടെയുള്ള പഠനവും പരിശീലനവും കഴിഞ്ഞ് സന്യാസിയായി മർദീനിലെ ബർസൗമാ ആശ്രമത്തിന്റെ അധ്യക്ഷനായി. യാക്കോബായാ പാത്രിയർക്കീസായി (116-99), മർദീനിൽ താമസിച്ചു ഭരണം നടത്തി. അദ്ദേഹം സിറിയൻ ഓർത്തഡോക്സ് പൊന്തിഫിക്കാൾ പരിഷ്കരിച്ചു. നിഖ്യാമെത്രാൻ അബ്ഹായിയുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചു. സൃഷ്ടി മുതൽ തന്റെ കാലം വരെയുള്ള ഒരു വലിയ ക്രോണിക്കിൾ സുറിയാനിയിൽ എഴുതി. ഡയനീഷ്യസ് ദ്തെൽമാറെയുടെ ചരിത്രഗ്രന്ഥം ധാരാളമായി ഉപയോഗിച്ചാണ് ഇതെഴുതിയത്.

### ഗോസർതായിലെ ദിയൊസ്കോറോസ് (13/14 നൂ.)

ഇയാൾ ബർതേലി ആശ്രമവാസി ആയിരുന്നു. ബർ എബ്രായ ഇയാളെ ഗോസർതാ ദ്കർദുവിലെ മെത്രാനാക്കി. ഇയാൾ ബർ എബ്രായയുടെ ജീവചരിത്രം പദ്യരൂപത്തിലെഴുതി. ഇയാളുടെ പേരിൽ ഒരു അനാഫറ യാക്കോബായാസഭയിൽ അറിയപ്പെടുന്നു.

### യാക്കോബ് സെവേരൂസ് സെബോക്ത് (+1241)

യാക്കോബ് മോസൂളിനടുത്ത് ബർതേലായിൽ ജനിച്ചു. യോഹന്നാൻ ബർ സോബിയുടെ കീഴിൽ ബേത് കോക്കേ ആശ്രമത്തിൽ പ്രാരംഭപഠനവും കമാലുദീൻ മൂസാ എന്ന മുസ്ലീം പണ്ഡിതന്റെ കീഴിൽ തത്വശാസ്ത്രപഠനവും നടത്തി. തുടർന്ന് മാർ മത്തായി ആശ്രമത്തിന്റെ മെത്രാനായി, സെവേരൂസ് എന്ന് പേരെടുത്തു. സിറിയൻ ഓർത്തഡോക്സ് സഭയിൽ പെട്ട ആളാണിദ്ദേഹം.

**കൃതികൾ**

1. "ക്സോബോ ദ് സീമോസോ" (നിക്ഷേപഗ്രന്ഥം) എന്ന പേരിൽ ഒരു ദൈവശാസ്ത്രനിഘണ്ടു രചിച്ചു. മിക്കവാറും എല്ലാ ദൈവശാസ്ത്രവിഷയങ്ങളും അതിൽ ചർച്ചചെയ്യുന്നു.

2. "ക്സോബോ ദ് ദിയലോഗു" (ഡയലോഗ് ഗ്രന്ഥം): താത്വിക വിഷയങ്ങളും മറ്റു വിഷയങ്ങളും ചർച്ച ചെയ്യുന്ന ഗ്രന്ഥം.

3. പദ്യരൂപത്തിലുള്ള രണ്ട് കത്തുകൾ.

4. ഒരു വിശ്വാസപ്രമാണം.



# 11. പിൽക്കാല സുറിയാനി എഴുത്തുകാർ

### ഗബ്രിയേൽ ഖത്രായാ (7-ാം നൂ.)

പൗരസ്ത്യസുറിയാനിസഭയിൽ പെട്ട ആളായിരുന്നു ഗബ്രിയേൽ. പൗരസ്ത്യ സുറിയാനി കുർബാനയെപ്പറ്റി അദ്ദേഹം ഒരു ഭാഷ്യം രചിച്ചു. പല പിൽക്കാല ഭാഷ്യകാരന്മാരും ഇതിനെ പരാമർശിച്ചിട്ടുണ്ട്. അദ്ദേഹം 615 വരെ നിസിബിസിലെ കലാലയത്തിലും പിന്നീട് സെലൂഷ്യൻ കലാലയത്തിലും പഠിപ്പിച്ചു. *ശുശ്രൂഷകളുടെ വ്യാഖ്യാനം* എഴുതിയത് 615-നും 625-നും ഇടയ്ക്കാണ്. ശുശ്രൂഷകളുടെ വ്യാഖ്യാനത്തിന്റെ ഒരു ഭാഗമാണ് കുർബാനയുടെ ഭാഷ്യം. ഇതിന്റെ മലയാളവിവർത്തനത്തിന്, തോമസ് മണ്ണൂരാംപറമ്പിൽ, *പിതാക്കന്മാരുടെ കൂദാശാഭാഷ്യങ്ങൾ,* കോട്ടയം,1992,പേ.1-28.

### അബ്രഹാം ബർ ലീഫേ (7-ാം നൂ.)

ഖത്തറിലെ അബ്രഹാമും ആരാധനക്രമത്തിന് ഒരു വ്യാഖ്യാനമെഴുതി. ഗബ്രിയേലിന്റെ ഭാഷ്യവുമായി താരതമ്യപ്പെടുത്തിയാൽ ഇതിൽ പുതുതായി വളരെയില്ല. ചോദ്യോത്തര രീതിയിൽ ഗബ്രിയേലിന്റെ ആശയങ്ങൾ ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു. അപൂർവമായി സ്വന്തവ്യാഖ്യാനവും നൽകുന്നു. അദ്ദേഹം ഗബ്രിയേലിന്റെ സമകാലീനൻ ആയിരിക്കാം. റാസക്രമത്തിന്റെ ആദ്യരൂപം അബ്രഹാമിന്റെ വിവരണത്തിലാണ്. അദ്ദേഹത്തിന്റെ പ്രതിപാദനം ലളിതമാണ്. നിസ്സാരമെന്നു തോന്നുന്നവ പോലും അദ്ദേഹം ശ്രദ്ധ ചെലുത്തി വിശദീകരിക്കുന്നു. ഇതിന്റെ മലയാള വിവർത്തനത്തിന്, തോമസ് മണ്ണൂരാംപറമ്പിൽ,*പിതാക്കന്മാരുടെ കുർബാനഭാഷ്യങ്ങൾ*, കോട്ടയം, 2000, പേ.131-153.

### ഈശോയാബ് മൂന്നാമൻ കാതോലിക്കാ (+659)

വലിയ സാബ് നദീതീരത്തുള്ള കുപ്ലാനിലെ ബസ്തോമാഗിന്റെ മകനായി ജനിച്ച ഈശോയാബ്, ബേത് ആബേ ആശ്രമത്തിൽ ചേർന്നു. പിന്നീട് നിനവേ മെത്രാനും (627) പത്തുവർഷങ്ങൾക്കുശേഷം അർബേൽ മെത്രാപ്പോലീത്തായും അവസാനം 649-ൽ പൗരസ്ത്യസുറിയാനി സഭയുടെ കാതോലിക്കായുമായി. അദ്ദേഹം ആരാധനക്രമത്തിൽ പല നവീകരണങ്ങൾ വരുത്തി. അനാഫറകളുടെ എണ്ണം മൂന്നായി പരിമിതപ്പെടുത്തി. അതുപോലെ അദ്ദേഹത്തിന്റെ 106 കത്തുകൾ ലഭിച്ചിട്ടുണ്ട്. അവ അക്കാലത്തെ സഭാജീവിതത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. അദ്ദേഹം തന്റെ ഒരു കത്തിൽ ഇൻഡ്യയിലെ സഭയെ പരാമർശിക്കുന്നു. അറബി ആധിപത്യത്തിന്റെ ആദ്യകാലത്താണ് അദ്ദേഹം സഭയെ നയിച്ചത്. ഈശോ സബ്രാൻ എന്ന രക്തസാക്ഷിയുടെ ജീവചരിത്രമെഴുതി.

## അബ്രഹാം ബർ ദാശൻദാദ് (8–ാം നൂ.)

ബേത് സയ്യാദെയിൽ നിന്നുള്ള അബ്രഹാം ബാശോശ് സ്കൂളിലെ പ്രധാനാധ്യാപകനായിരുന്നു. അദ്ദേഹം അവിടെനിന്ന് ആദ്യം മാർഗായിലേക്കും പിന്നീട് മോസൂളിൽ മാർ ഗബ്രിയേൽ ആശ്രമത്തിലേക്കും പോയി. തിമോതി ഒന്നാമന്റെയും ഈശോ ബർനൂന്റെയും ഗുരുവായിരുന്നു അദ്ദേഹം. തന്റെ ഇളയ സഹോദരനായ യോഹന്നാന് എഴുതിയ ഒരു താപസ്സകത്ത് കൈവന്നിട്ടുണ്ട്.

## തിമോതി ഒന്നാമൻ കാതോലിക്കാ (728–823)

പൗരസ്ത്യ സുറിയാനി സഭയിലെ ഒരു വലിയ നേതാവായിരുന്നു മാർ തിമോതി. അദിയബേനേയിലെ എർബേലിൽ നിന്ന് 12 കിലോമീറ്റർ തെക്കുപടിഞ്ഞാറുള്ള ഹസ്സായിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതൃസഹോദരനും ബേത് ബാഗാഷ് മെത്രാനുമായിരുന്ന ഗീവർഗീസിന്റെ നേതൃത്വത്തിലാണ് വിദ്യാഭ്യാസം നടന്നത്. അബ്രഹാം ബർ ദാശെൻദാദിന്റെ ബാശാശിലെ സ്കൂളിൽ പഠനം നടത്തി. അബ്രഹാം മാർഗായിലേക്കും പിന്നീട് മോസൂളിൽ മാർ ഗബ്രിയേലിന്റെ ആശ്രമത്തിലേക്കും നീങ്ങിയപ്പോൾ, തിമോതി അദ്ദേഹത്തെ അനുധാവനം ചെയ്തു. തിമോതി 766–നും 770–നും ഇടയ്ക്ക് ബേത് ബാഗാശ് മെത്രാനായി. കാതോലിക്കോസ് ഹനാനീശോ മരിച്ചപ്പോൾ (778/9) പിൻഗാമിയെപ്പറ്റി തർക്കമുണ്ടായി. അവസാനം തിമോതി തെരഞ്ഞെടുക്കപ്പെടുകയും (779) കാതോലിക്കാ ആയി 780–ൽ സ്ഥാനമേൽക്കുകയും ചെയ്തു. ചിലർ ഇതിനെ എതിർത്തെങ്കിലും 782–ഓടുകൂടി അവരും രമ്യതയിലായി.

തിമോതിയെപ്പറ്റി അബ്ദീശോ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "തിമോതി നക്ഷത്രങ്ങളെപ്പറ്റി ഒരു ഗ്രന്ഥം, അൽ മഹ്ദിയുമായുള്ള ചർച്ച, ഒരു കാനോനികസമാഹാരം, സഭയിലെ വിലക്കുകൾ, രണ്ടു വാല്യങ്ങളിലായി 200 കത്തുകൾ, ചരിത്രം ഉൾപ്പെടെ വിവിധ ശീർഷകങ്ങളിൽ ഒരു വേദോപദേശം എന്നിവ എഴുതി".(ജി. ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, പേ.75). തിമോതിയുടെ നിരവധി കത്തുകളിൽ 59 എണ്ണം ലഭിച്ചിട്ടുണ്ട്. ഭൂരിഭാഗം കത്തുകളും സ്നേഹിതനായ സേർജിയുസിന് എഴുതിയതാണ്. സഭാകാര്യങ്ങളും ഗ്രീക്കുപിതാക്കന്മാരുടെ കൃതികളുടെയും താത്വിക കൃതികളുടെയും വിവർത്തനവും സംബന്ധിച്ചാണ് പല കത്തുകളും. അദ്ദേഹത്തിന്റെ ഒരു കാനോനിക സമാഹാരവുണ്ട്. "സിനോഡിക്കോൺ ഓറിയെന്താലെ" സമാഹരിച്ചത് തിമോതിയാണെന്ന് പറയപ്പെടുന്നു. കാലീഫുമായി മതസംബന്ധമായ സംഗതികൾ ചർച്ച ചെയ്തിട്ടുണ്ട്.



## ഈശോ ബർനൂൻ കാതോലിക്കാ (774–828)

പൗരസ്ത്യ സുറിയാനിസഭയിലെ മറ്റൊരു പ്രഗത്ഭനായ നേതാവായിരുന്നു ഈശോ ബർനൂൻ. ടൈഗ്രീസ് നദീതീരത്ത് മോസൂളിനടുത്ത് ബേത് ഗബ്ബാറെയിൽ ജനിച്ചു. തിമോതിയോടൊത്ത് അബ്രഹാം ബർ ദാശെൻദാദിന്റെ കീഴിൽ പഠനം നടത്തി. കുറേനാൾ സെലൂഷ്യൻ കലാലയത്തിൽ പഠിപ്പിച്ചു. പിന്നീട് ഈസ്ലാ മലയിൽ മാർ അബ്രഹാമിന്റെ വലിയ ആശ്രമത്തിൽ സന്യാസിയായി. അതിനുശേഷം ബാഗ്ദാദിലും ദീർഘകാലം മോസൂളിലും പ്രവർത്തിച്ചു. തിമോതിയുടെ കത്തുകളിൽ പരാമർശിക്കുന്ന റാം ഹൊർമിസ്ദിലെ ഈശോ ബർനൂൻ ഇദ്ദേഹം തന്നെയോ എന്ന് നിശ്ചയമില്ല. ഇദ്ദേഹം 823–ൽ കാതോലിക്കാ ആയി. ഈശോ ബർനൂനെപ്പറ്റി അബ്ദീശോ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "ഈശോ ബർനൂൻ ദൈവശാസ്ത്രം എന്നൊരു കൃതിയും എല്ലാ സൂർതകളെ കുറിച്ചും ചോദ്യോത്തര രൂപത്തിൽ രണ്ട് വാല്യങ്ങളും വിധികളും കാരണങ്ങളും അടങ്ങിയ കൃതിയും മരിച്ചവർക്കുവേണ്ടിയുള്ള സാന്ത്വനകൃതികളും ലേഖനങ്ങളും ശുശ്രൂഷകളുടെ വിഭജനത്തെക്കുറിച്ചുള്ള കൃതികളും ഓനീസാകൾക്ക് വ്യാഖ്യാനങ്ങളും എഴുതി" (*അതേ കൃതി*, പേ. 75). നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് ഈശോ ബർനൂൻ: പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നും തെരഞ്ഞെടുത്ത ചോദ്യങ്ങൾ: നഷ്ടപ്പെട്ട വലിയൊരു ഗ്രന്ഥത്തിന്റെ ചെറിയ ഭാഗമായിരിക്കാമിത്. വിവാഹത്തെപ്പറ്റി, പിന്തുടർച്ചയെപ്പറ്റിയുള്ള നൈയാമിക തീരുമാനങ്ങൾ, ഒരു ഗ്രാമ്മർ ഗ്രന്ഥം, ഹോമിലികൾ, കത്തുകൾ, ഏകാന്തവാസികളുടെ നടപടികളെപ്പറ്റി നാല് ചോദ്യങ്ങൾ എന്നിവ രചിച്ചു.

## എഡേസ്സായിലെ ജോബ് (9–ാം നൂ.)

എഡേസ്സായിൽ ജനിച്ച ജോബ്, തിമോതിയുടെ സമകാലീനനായിരുന്നു. ഗാലന്റെ "മെഡിക്കൽ ഗ്രന്ഥം" ഇയാൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തെന്ന് ഹുനൈൻ ഇബ്ൻ ഇസാക്ക് പറയുന്നു. "നിക്ഷേപഗ്രന്ഥം" എന്ന പേരിലുള്ള കൃതി തത്വശാസ്ത്രം, മനഃശാസ്ത്രം, വാനശാസ്ത്രം എന്നുവേണ്ട അനേക കാര്യങ്ങൾ പ്രതിപാദിക്കുന്നു. ആറു പുസ്തകങ്ങളിലായിട്ടാണത്. ഇയാളും പൗരസ്ത്യസുറിയാനി സഭയിൽപെട്ട ആളായിരുന്നു.

## മേർവിലെ ഈശോദാദ് (9–ാം നൂ.)

മേർവ് (മറു) സ്വദേശിയും ഉത്തരഇറാക്കിലെ ഹദത്താ മെത്രാനും പൗരസ്ത്യ സുറിയാനിസഭയിൽ പെട്ടയാളുമായിരുന്നു ഈശോദാദ്. അദ്ദേഹം ഒരു വലിയ വേദപുസ്തക പണ്ഡിതനായിരുന്നു. കാതോലിക്കോസ് സ്ഥാനാർഥിയായി അബ്രഹാം ബിൻ നോഹ എന്നയാൾ ജനഹിതപ്രകാരം അദ്ദേഹത്തെ 852 –ൽ കാലീഫിന്റെ മുമ്പിൽ നാമനിർദേശം ചെയ്തു. അക്കാലത്ത് കാതോലിക്കാമാരുടെ നിയമനം ബാഗ്ദാദിലെ കാലിഫുമാർ അംഗീകരിക്കണമായിരു

ന്നു. എന്നാൽ തിയഡോഷ്യസ് എന്നയാളുടെ പേര് കാലീഫ് മുതവക്കീലിന്റെ വൈദ്യനായ ബോക്തീശോ നിർദേശിച്ചു. തിയഡോഷ്യസിനെ കാലീഫ് അംഗീകരിച്ചു. പിന്നീട് ചില എതിരാളികളുടെ ദുഷ്പ്രേരണയാൽ ബോക്തീശോയും തിയഡോഷ്യസും കാലീഫിന്റെ അപ്രീതിക്കിരയായി. അതേതുടർന്ന് വലിയ മതപീഡനം ഉണ്ടായി. കാതോലിക്കാ ആകാതിരുന്ന ഈശോദാദ് സ്വസ്തമായിരുന്ന് ഗ്രന്ഥരചന നടത്തി. അങ്ങനെ വേദപുസ്തകത്തിന്റെ ഏതാണ്ട് സമ്പൂർണഭാഷ്യം ഉണ്ടായി. അതിൽ നിരവധി പുരാതന എഴുത്തുകാരെ അദ്ദേഹം ഉദ്ധരിക്കുന്നു. അദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് മാർ അപ്രേമും മൊപ്സുവെസ്ത്യായിലെ തിയഡോറുമാണ്. അക്വിലാ, സിമ്മാക്കുസ്, തിയഡോഷ്യൻ എന്നിവരുടെ പഴയനിയമ ഗ്രീക്കു വിവർത്തനങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. ഈ വിവർത്തനങ്ങൾ ആധാരമാക്കിയുള്ള ആദ്യത്തെ പൗരസ്ത്യ സുറിയാനി വ്യാഖ്യാതാവാണദ്ദേഹം. പ്ശീത്തായും ദിയാതെസ്സറോണും അദ്ദേഹം ആധാരമാക്കുന്നു. പിതാക്കന്മാരുടെ വ്യാഖ്യാന സാഹിത്യത്തെ കൂട്ടിയിണക്കുന്ന കണ്ണിയാണ് അദ്ദേഹം. പിൽക്കാലസുറിയാനി എഴുത്തുകാരെ അദ്ദേഹം സ്വാധീനിച്ചിട്ടുണ്ട്. ബർസലീബി എന്ന പാശ്ചാത്യസുറിയാനി എഴുത്തുകാരൻ ഈശോദാദിന്റെ പേരു പറയാതെ വളരെയധികം ഉദ്ധരിക്കുന്നു. അങ്ങനെ പുരാതന പാരമ്പര്യങ്ങൾ ബർസലീബി വഴി യാക്കോബായാ സഭയിലും പ്രചരിച്ചു. സുറിയാനി, ഗ്രീക്ക് പാരമ്പര്യങ്ങളിൽ ഇന്ന് നഷ്ടപ്പെട്ട പല ഭാഷ്യങ്ങളിൽ നിന്നും ഈശോദാദ് ആശയങ്ങൾ സ്വീകരിച്ച് തന്റെ ഭാഷ്യത്തിൽ ഉൾപ്പെടുത്തി. അദ്ദേഹത്തിന്റെ പുതിയനിയമ ഭാഷ്യത്തിന്റെ മലയാള വിവർത്തനത്തിന്: ജി. ചേടിയത്ത്, *ഈശോദാദ്-സുവിശേഷഭാഷ്യം*, കോട്ടയം, 1997; *ഈശോദാദ്, പുതിയനിയമഭാഷ്യം,* കോട്ടയം, 2002. "അദ്ദേഹം മൗത്വായ്ക്കുവേണ്ടിയുള്ള സ്തുതിപ്പുകൾ ഉൾക്കൊണ്ട ഒരു പുസ്തകം രചിച്ചു"എന്ന് അബ്ദീശോ പറയുന്നു. (*പ്രാചീന സന്യാസനിയമങ്ങൾ*, പേ. 78).

## സെവുഡോ ജോർജ് അർബേൽ (9-ാം നൂ.)

ഒരു ഗീവർഗീസിന്റെ (ജോർജിന്റെ) പേരിൽ "സഭാശുശ്രൂഷകളുടെ വിശദീകരണം" എന്ന കൃതി ആരോപിക്കുന്നു. ഈ കൃതി അബ്രഹാം ബർ ലീഫെയെ (7-ാം നൂ.) ഉദ്ധരിക്കുന്നു. ഈശോദാദ് മൂന്നാമന്റെ ആരാധനക്രമ നവോത്ഥാനങ്ങളുടെ പ്രതിധ്വനിയും ഇതിൽ കാണാം. അതുപോലെ തിമോതിയെ (+823) പരാമർശിക്കുന്നു. അതുകൊണ്ട് ഇവർക്കു ശേഷമുള്ള രേഖയായിരിക്കാം ഇത്. ഇതിന്റെ യഥാർഥ കർത്താവാരാണെന്ന് അറിവില്ല. എന്നാൽ പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മോസൂൾ-അർബേൽ മെത്രാൻ ജോർജല്ല കർത്താവ് എന്നത് തീർച്ച. ഏലിയാസ് ബർ കാനൂസിന്റെ നഷ്ടപ്പെട്ടുപോയ ആരാധനക്രമ വ്യാഖ്യാനമാണിതെന്ന് ഒരിഭിപ്രായമുണ്ട്. ഏഴ് പുസ്തകങ്ങളിലായിട്ടാണ് ഇത് എഴുതിയിരിക്കുന്നത്:



**കൃതികൾ**

1. ആരാധനക്രമവർഷം.
2. ആരാധനാനുഷ്ഠാനങ്ങൾ.
3. രാത്രിപ്രാർഥന.
4. വി.കുർബാന.
5. സ്നാനം.
6. ആരാധനാവർഷത്തിന്റെ ആരംഭത്തിൽ *കൂദോശ് ഈത്തോയുടെ* സ്ഥാനം.
7. ശവസംസ്കാരം, വിവാഹശുശ്രൂഷ.

കുർബാനയുടെ വ്യാഖ്യാനത്തിന് 30 അധ്യായങ്ങളുണ്ട്. ചോദ്യോത്തര രീതിയിലാണ് വിവരണം. കുർബാനയിലെ കർമവിധികളെപ്പറ്റിയുള്ള വിശദീകരണമാണ് കൂടുതലും. ആഴമായ ദൈവശാസ്ത്രവിശകലനത്തിന് അദ്ദേഹം മുതിരുന്നില്ല. ഇതിന്റെ മലയാള വിവർത്തനത്തിന്: തോമസ് മണ്ണൂരാംപറമ്പിൽ, *പിതാക്കന്മാരുടെ കുർബാനഭാഷ്യങ്ങൾ,* കോട്ടയം, 200, പേ.1-130.

## മാർഗാ മെത്രാൻ തോമസ് (9-ാംനൂ.)

ബേത്-ആബേ ആശ്രമത്തിലെ സന്യാസി ആയിരുന്ന തോമസ് പിന്നീട് മാർഗാ മെത്രാനായി. *അധ്യക്ഷന്മാരുടെ ചരിത്രം* എന്ന പേരിൽ ആറു പുസ്തകങ്ങളിലായി അദ്ദേഹം ഒരു സന്യാസചരിത്രം എഴുതി. ബേത് ആബേയിലെ സന്യാസികളെപ്പറ്റിയാണ് കൂടുതൽ വിവരണവും. റമ്പാൻ സിപ്രിയാന്റെ ആശ്രമത്തെപ്പറ്റി പ്രതിപാദിക്കുന്ന ആറാംപുസ്തകം വളരെ നേരത്തെ എഴുതിയതാണ്. അത് പിന്നീട് മറ്റതിന്റെ കൂടെ ചേർത്തു എന്നേയുള്ളു. പൗരസ്ത്യ സുറിയാനിസഭക്കാരനായിരുന്നു അദ്ദേഹം.

## യേശു ദ്നാഹ് (8/9-ാം നൂ.)

പൗരസ്ത്യ സുറിയാനിക്കാരനായ അദ്ദേഹം പേർഷ്യയിൽ പേരാത് മൈശാനിലെ (ബസ്രാ) മെത്രാനായിരുന്നു. അദ്ദേഹം മൂന്നു വാല്യങ്ങളിലായി രചിച്ച സഭാചരിത്രത്തിൽ നിന്ന് ഏലിയാ ബർ സീനായായും (975-1049) ബർ എബ്രായായും (1226-1286) ഉദ്ധരിക്കുന്നു. *ക്സാവാ ദ്നക്പൂസാ* എന്ന പേരിൽ അദ്ദേഹം രചിച്ച *സന്യാസചരിത്രം* ലഭിച്ചിട്ടുണ്ട്. സന്യാസപ്രസ്ഥാനം ആരംഭിച്ചവർ, സന്യാസത്തെപ്പറ്റി എഴുതിയിട്ടുള്ളവർ, പ്രശസ്തരായ സന്യാസികൾ എന്നിവരെപ്പറ്റിയെല്ലാം ചുരുക്കി ചർച്ചചെയ്യുന്നു. പേർഷ്യയിലും അറേബ്യൻ പ്രദേശങ്ങളിലും ജീവിച്ച 140 താപസ്സരെപ്പറ്റി ഇതിൽ വിവരിക്കുന്നു. ഇതിന്റെ മലയാള വിവർത്തനത്തിന്, ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, പേ.87-133. ഈ ഗ്രന്ഥം കേരളത്തിൽ പുരാതനകാലത്ത് സുപരിചിതമായിരുന്നു. ഉദയംപേരൂർ സൂനഹദോസ് ഇതേപ്പറ്റി പരാമർശിക്കുകയും കത്തിച്ചുകളയേണ്ട ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

## അൻബാറിലെ ഏലിയാ (10-ാം നൂ.)

അൻബാറിലെ (പേറോസ് ഷപ്പൂർ) മെത്രാനായിരുന്ന ഏലിയാ, *ക്സാവാ ദ്ദൂറാഷാ* (സെഞ്ചറിഗ്രന്ഥം/പ്രബോധകഗ്രന്ഥം) എന്നപേരിൽ പത്തു മെമ്രാകളും മൂന്നു ഭാഗങ്ങളുമുള്ള ഒരു വലിയ പദ്യകൃതി രചിച്ചു. അദ്ദേഹം സെവുഡോ-ഡയനീഷ്യൻ കൃതികളെ ആശ്രയിച്ചാണ് എഴുതിയിരിക്കുന്നത്. പൗരസ്ത്യ സുറിയാനി സഭാംഗമായിരുന്നു അദ്ദേഹം.

## നിസിബിസിലെ ഏലിയാ (975-1046)

സേനായിൽ ജനിച്ച ഏലിയാ 994-ൽ വൈദികനായി. ഏലിയാ ബർ സീനായാ എന്നും ഇയാൾ അറിയപ്പെടുന്നു. മോസൂളിനടുത്തുള്ള മാർ മിഖായേൽ ആശ്രമത്തിൽ പഠനം നടത്തി. 1002-ൽ ബേത് നൂഹദ്രാ മെത്രാനും 1008-ൽ നിസിബിസ് മെത്രാനുമായി. അദ്ദേഹം മുഖ്യമായും അറബിയിലാണ് എഴുതിയത്. എന്നാൽ ആരാധനക്രമപ്രാർഥനകൾ സുറിയാനിയിലാണ്. അവയിൽ പലതും ഇപ്പോഴും ഉപയോഗത്തിലുണ്ട്. പൗരസ്ത്യ സുറിയാനിസഭയിൽ പെട്ട ആളായിരുന്ന അദ്ദേഹം മുൻകാല രേഖകളിൽ നിന്നുള്ള ഭാഗങ്ങൾ ചേർത്തുവച്ച ഒരു *ക്രോണോഗ്രഫി* സമാഹരിച്ചു. അതുപോലെ സുറിയാനി പഠനം സുഗമമാക്കാൻ ഒരു അറബി-സുറിയാനി *ഗ്ലോസറിയും* ഉണ്ടാക്കി.

## ഏലിയാ III അബൂ ഹലീം കാതോലിക്കാ (+1190)

അദ്ദേഹം ആദ്യം മൈഫർക്കാട്ടും പിന്നെ നിസിബിസിലും മെത്രാനായിരുന്നു. 1176-ൽ കാതോലിക്കാ ആയ അദ്ദേഹം അറബിയിലും സുറിയാനിയിലും എഴുതി. അദ്ദേഹത്തിന്റെ പ്രാർഥനകൾ പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൽ ഉപയോഗിക്കുന്നു.

## യോഹന്നാൻ ബർ സോബി (12/13 നൂ.)

അദിയബേനെയിലെ ബേത്-കോക്കേ ആശ്രമത്തിലെ സന്യാസിയായിരുന്ന ജോൺ അക്കാലത്തെ ഒരു പണ്ഡിത താപസ്സനായിരുന്നു. സ്നാനം, കുർബാന എന്നിവയെപ്പറ്റി പദ്യരൂപത്തിൽ വ്യാഖ്യാനമെഴുതി. ഗബ്രിയേൽ ഖത്രായാ, അബ്രഹാം ബർ ലീഫേ എന്നിവരെ ആശ്രയിച്ചാണ് ജോൺ എഴുതിയിരിക്കുന്നത്. വ്യാകരണം, തത്വശാസ്ത്രം എന്നിവയെക്കുറിച്ചും പദ്യത്തിലും ഗദ്യത്തിലും കൃതികളെഴുതി.

## ബോസ്രായിലെ സോളമൻ (13-ാം നൂ.)

വാൻ തടാകത്തിനടുത്തുള്ള അഖ്ലാതിൽ സോളമൻ ജനിച്ചു. 1222 - ഓടുകൂടി ബസ്രാ മെത്രാപ്പോലീത്താ ആയി. അദ്ദേഹത്തിന്റെ *ബുക്ക് ഓഫ് ബീ* എന്ന ഗ്രന്ഥം പ്രസിദ്ധമാണ്. പൗരസ്ത്യ സുറിയാനിസഭയിൽ പെട്ട അദ്ദേഹം നിരവധി ബൈബിൾ പാരമ്പര്യങ്ങൾ സമാഹരിച്ചു.



## ഗീവർഗീസ് വർദാ (13-ാം നൂ.)

മംഗോളിയൻ ആക്രമണകാലത്ത് അർബേലിൽ നിന്നുള്ള ഒരു കവിയായിരുന്നു ഗീവർഗീസ്. അയാളുടെ ഗീതങ്ങൾ സമകാലീന സംഭവങ്ങൾ ചർച്ച ചെയ്യുന്നു. *വർദാ* എന്ന തലക്കെട്ടിൽ പൗരസ്ത്യ സുറിയാനിസഭയിൽ അയാളുടെ ഗീതങ്ങൾ ഉപയോഗിക്കുന്നു.

## അബ്ദീശോ ബർ ബ്രീക്കോ (+1318)

പേർഷ്യൻസഭയിലെ അവസാനത്തെ പ്രഗത്ഭനായ മെത്രാപ്പോലീത്താ ആയിരുന്നു അബ്ദീശോ. അദ്ദേഹം ആദ്യം ശിംഗാറിലെയും ബേത് അറബായിലെയും പിന്നീട് നിസിബിസിലെയും അർമേനിയായിലെയും മെത്രാനായിരുന്നു. അദ്ദേഹത്തിന് അറബിയിലും സുറിയാനിയിലും പ്രാവീണ്യം ഉണ്ടായിരുന്നു. അദ്ദേഹം തന്നെ തന്റെ സ്വന്തം കൃതികളെപ്പറ്റി *കാറ്റലോഗിന്റെ* അവസാന ഖണ്ഡികയിൽ പറയുന്നു: "സോബായിലെ ബലഹീനനായ ഞാൻ രചിച്ച കൃതികൾ: വേദപുസ്കഭാഗങ്ങളുടെ ഭാഷ്യം, വിസ്മയകരമായ ദിവ്യവ്യാപാരം സംബന്ധിച്ചുള്ള കൃതി, ഏദന്റെ പറുദീസാ എന്നറിയപ്പെടുന്ന കാവ്യം, വിശ്വാസത്തിന്റെ സത്യാവസ്ഥ സംബന്ധിച്ച് മർഗാനീതാ എന്നറിയപ്പെടുന്ന കൃതി, ഒരു ചെറിയ കാനോനിക സമാഹാരം, ഷാമാകറീദിനെപ്പറ്റി അറബിയിൽ എഴുതിയ കൃതി, ഗ്രീക്കുതാത്വികരുടെ രഹസ്യങ്ങളെപ്പറ്റി ഒരു കൃതി, പാഷണ്ഡതകൾക്കെതിരെ സ്കോളാസ്റ്റിക്കോസ് എന്ന പേരിൽ ഒരു കൃതി, സഭാനിയമങ്ങളും സഭാശിക്ഷണങ്ങളും ഉൾക്കൊള്ളുന്ന ഒരു കൃതി, വിവിധ വിജ്ഞാനശാഖകൾ ഉൾക്കൊള്ളുന്ന പന്ത്രണ്ട് മെമ്രാകൾ, ഭാഷ്യങ്ങൾ, സാന്ത്വനകൃതികൾ, വിവിധ വിഷയങ്ങൾ സംബന്ധിച്ച മെമ്രാകൾ, ശ്രേഷ്ഠകലയെ സംബന്ധിച്ച് അരിസ്റ്റോട്ടൽ അലക്സാണ്ടറിനെഴുതിയ കത്തിന്റെ വിശദീകരണം, പ്രയാസമുള്ള വിവിധ പ്രശ്നങ്ങൾക്കുള്ള ഉത്തരം ഉൾക്കൊള്ളുന്ന ഒരു കൃതി, വാദപ്രതിവാദഗ്രന്ഥം, സുഭാഷിതങ്ങൾ, പഴഞ്ചൊല്ലുകൾ ഇത്യാദി." (*പ്രാചീനസന്യാസചരിത്രം*,പേ. 81-82). അദ്ദേഹത്തിന്റെ *നോമോകാനൻ* സുപ്രസിദ്ധമാണ്. വിവിധവിഷയങ്ങളനുസരിച്ച കാനോനാകൾ ക്രോഡീകരിച്ചിരിക്കുന്നു. സഭാകോടതികളുടെ ഉപയോഗത്തിനുള്ള ഒരു സഭാകോടതി നിയമഗ്രന്ഥവും അദ്ദേഹം പ്രസിദ്ധീകരിച്ചു. പൗരസ്ത്യ സുറിയാനിസഭയുടെ ദൈവശാസ്ത്രം ചുരുക്കി വിവരിക്കുന്ന ഗ്രന്ഥമാണ് "മർഗാനീതാ" (1298). "ഏദന്റെ പറുദീസാ" 50 ഗീതങ്ങളുടെ സമാഹാരമാണ്. 1291 -ൽ പ്രസിദ്ധീകരിച്ചു. പിന്നീട് വ്യാഖ്യാനങ്ങളോടുകൂടെ1316-ൽ അദ്ദേഹം തന്നെ വീണ്ടും പ്രസിദ്ധീകരിച്ചു. സുറിയാനി എഴുത്തുകാരെപ്പറ്റി പ്രതിപാദിക്കുന്ന *കാറ്റലോഗ്* ഒരമൂല്യകൃതിയാണ്. നഷ്ടപ്പെട്ട പല കൃതികളെപ്പറ്റിയും അദ്ദേഹം സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരത്തിൽ ഉണ്ടായിരുന്ന ഗ്രന്ഥങ്ങളുടെ കാറ്റലോഗായിരിക്കാം അദ്ദേഹം പ്രസിദ്ധീകരിച്ചത്. അദ്ദേഹം സൂചിപ്പിക്കുന്ന അദ്ദേഹത്തിന്റെ തന്നെ പല കൃതികളും നമുക്ക്

ലഭിച്ചിട്ടില്ല. "ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷയുടെ വിശദീകരണത്തിന്റെ" മലയാളപരിഭാഷയ്ക്ക്, തോമസ് മണ്ണൂരാംപറമ്പിൽ, *പിതാക്കന്മാരുടെ കൂദാശാഭാഷ്യങ്ങൾ*, പേ.29-43.

**തിമോതി രണ്ടാമൻ കാതോലിക്കാ (+1353):** അദ്ദേഹം ആദ്യം മോസൂൾ മെത്രാപ്പോലീത്താ ആയിരുന്നു. പിന്നീട് 1318-ൽ പൗരസ്ത്യ സുറിയാനിസഭയുടെ കാതോലിക്കാ ആയി. "സഭാരഹസ്യങ്ങൾ", എന്ന കൃതി ഏഴധ്യായങ്ങളിൽ അദ്ദേഹം രചിച്ചു. അതിൽ പൗരോഹിത്യം, പള്ളിക്കൂദാശ, സ്നാനം, കുർബാന, സന്യാസവ്രതം, ശവസംസ്കാരക്രമം, വിവാഹം പാപമോചനം എന്നിവ ചർച്ചചെയ്യുന്നു. ഇതിന്റെ മലയാളപരിഭാഷയ്ക്ക്, *അതേ കൃതി,* പേ.44-199.

## 12. ബർ എബ്രായാ (1226-1286)

ബർ എബ്രായാ എന്നറിയപ്പെടുന്ന യാക്കോബായാ മഫ്രിയാൻ സഭാചരിത്രത്തിലെ ഒരുജ്ജ്വലതാരമായിരുന്നു. മലാത്യാ (മെലിറ്റീൻ) എന്ന പട്ടണത്തിൽ ജനിച്ചു. യഹൂദമതത്തിൽ നിന്ന് മാനസ്സാന്തരപ്പെട്ട അഹറോൻ ആയിരുന്നു പിതാവ്. *എബ്രായന്റെ മകൻ* എന്നർഥമുള്ള ബർ എബ്രായാ എന്നറിയപ്പെടാൻ കാരണമിതാണ്. അദ്ദേഹത്തിന്റെ അമ്മ ഒരു അറബിസ്ത്രീ ആയിരുന്നെന്ന് തോന്നുന്നു. ജനനാവസരം പിതാവ് കുട്ടിക്ക് കൊടുത്ത പേര് യോഹന്നാൻ എന്നത്രേ. അഹറോന്റെ പുത്രനായ യോഹന്നാൻ എന്ന അർഥത്തിൽ യോഹന്നാൻ ബർ അഹറോൻ എന്നായിരുന്നു ആദ്യനാമം. മെത്രാനാകുമ്പോൾ പുതിയൊരു നാമം സ്വീകരിക്കുക എന്ന അന്ത്യോക്യൻ രീതി അനുസരിച്ച് ഇരുപതാം വയസ്സിൽ മെത്രാനായപ്പോൾ ഗ്രിഗോറിയോസ് എന്ന പേരെടുത്തു. മാർ ഗ്രിഗോറിയോസ് യോഹന്നാൻ എന്നാണ് മോസൂളിനടുത്തുള്ള എൽപേപ് മലയിൽ സ്ഥിതിചെയ്യുന്ന മാർ മത്തായി ആശ്രമത്തിലെ പള്ളിയിലുള്ള അദ്ദേഹത്തിന്റെ കല്ലറയുടെ മുകളിൽ എഴുതിയിരിക്കുന്നത്. അബുൾ ഫരാജ് എന്ന അറബിനാമവും അദ്ദേഹത്തിനുണ്ടായിരുന്നു. അമ്മ അറബിസ്ത്രീ ആയിരുന്നതിനാൽ ഓമനപ്പേരെന്ന നിലയ്ക്ക് ഈ നാമവും അദ്ദേഹത്തിനു നൽകിയതാകാം. ബർ എബ്രായാ എന്നാണ് അദ്ദേഹം സാധാരണ അറിയപ്പെടുന്നത്.

അദ്ദേഹം ചെറുപ്പത്തിലേ സുറിയാനിയും അറബിയും പഠിച്ചു. ഹീബ്രുവും ഗ്രീക്കും കൂടി അദ്ദേഹം അഭ്യസിച്ചു. പിന്നീട് തത്വശാസ്ത്രവും ദൈവശാസ്ത്രവും താൽപര്യപൂർവം പഠിച്ചു. പിതാവിന്റെ തൊഴിലായ വൈദ്യശാസ്ത്രത്തിലും പ്രാവീണ്യം നേടി. ഹുലാഗു എന്ന മംഗോളിയന്റെ നേതൃത്വത്തിൽ 1243-ൽ മംഗോളിയർ പശ്ചിമേഷ്യയിൽ ഉടനീളം കൊള്ളയും കൊള്ളിവയ്പും നടത്തി പട്ടണങ്ങൾ തകർക്കുന്നു എന്ന വാർത്ത മെലിറ്റീനിലും എത്തി. നഗരവാസികളോടൊപ്പം പട്ടണം വിട്ട് കൂടുതൽ സുരക്ഷിത നഗരമായ അലെപ്പോയിലേക്കു പോകാൻ അഹറോനും കുടുംബവും ക്രമീകരണം ചെയ്തു. എന്നാൽ അവസാനനിമിഷം യാത്ര വേണ്ടെന്നുവച്ചു. ഭയപ്പെട്ടതുപോലെ അവിടെ മംഗോളിയൻ ആക്രമണം ഉണ്ടായില്ല. പിറ്റേ വർഷം മംഗോളിയർ കടന്നുവന്ന് വലിയ നാശനഷ്ടങ്ങൾ വരുത്തി. കൊള്ള മുതലുമായി കടന്നുകളയുന്നതിനു മുമ്പ് മംഗോൾ ജനറൽ ഷാവർ നാവീൻ രോഗഗ്രസ്തനായി. ബർ എബ്രായയുടെ പിതാവിനെ ആരോ അയാളുടെ പക്കൽ കൂട്ടിക്കൊണ്ടുചെന്നു. അഹറോൻ അയാളെ സുഖപ്പെടുത്തി. അതേത്തുടർന്ന് അഹറോനും കുടുംബവും അന്ത്യോക്യയിൽ പോയി താമസ്സമാക്കി. ബർ എബ്രായാ അവിടെ പഠനം തുടർന്നു. പതിനേഴ് വയസ്സായപ്പോൾ അയാൾ സന്യാസജീവിതം ആരംഭിച്ചു.



അന്ത്യോക്യയിൽ നിന്ന് ഫിനീഷ്യയിലെ ട്രിപ്പൊളിയിലെക്ക് അഹറോന്റെ കുടുംബം താമസം മാറ്റിയപ്പോൾ യാക്കൂബ് എന്നയാൾ ബർ എബ്രായയെയും സ്ലീബാ ബർ യാക്കൂബ് വഹീഗ് എന്നയാളിനെയും വൈദ്യശാസ്ത്രവും പ്രഭാഷണകലയും അഭ്യസിപ്പിച്ചു. ഇഗ്നാത്യോസ് രണ്ടാമൻ പാത്രിയർക്കീസ് ഇവരെ രണ്ടുപേരെയും വരുത്തി. ബർ എബ്രായയെ ഗൂബോസിന്റെ മെത്രാനായും മറ്റെയാളെ ആകോയുടെ മെത്രാനായും 1246 സെപ്തംബർ 14-ന് സ്ലീബാപ്പെരുന്നാൾ ദിവസം വാഴിച്ചു. പിറ്റേവർഷം ലക്കബിൻ മെത്രാൻ അഹറോൻ, രൂപത ഉപേക്ഷിച്ച് ജറുസലേമിലേക്കു പോയപ്പോൾ ബർ എബ്രായയെ പാത്രിയർക്കീസ് അവിടേക്ക് സ്ഥലം മാറ്റി. ഗൂബോസിന്റെ ചുമതല മറ്റൊരാളെ ഏൽപ്പിച്ചു. ആറോ ഏഴോ വർഷം ബർ എബ്രായാ ലക്കബിൻ രൂപത ഭരിച്ചു.

ഇഗ്നാത്യോസ് പാത്രിയർക്കീസിന്റെ മരണശേഷം യാക്കോബായാ സഭയിൽ കക്ഷിമത്സരം ഉണ്ടായി. ഒരു വിഭാഗം യോഹന്നാൻ ബർ മാദാനിയെ പാത്രിയർക്കീസാക്കി. മറ്റേവിഭാഗം ദിവന്നാസ്യോസ് അഹറോൻ അൻഗൂറിനെ പിൻതുണച്ചു. ഈ കക്ഷിമത്സരത്തിൽ ബർഎബ്രായ ദിവന്നാസ്യോസിന്റെ പക്ഷംചേർന്നു. ദിവന്നാസ്യോസ് പാത്രിയർക്കീസായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, അദ്ദേഹം ബർഎബ്രായയെ ലക്കബിൻ രൂപതയിൽ നിന്ന് അലെപ്പോ രൂപതയിലേക്ക് 1253-ൽ സ്ഥലം മാറ്റി. എന്നാൽ അവിടെ ദീർഘനാൾ ഭരിക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. കാരണം, അദ്ദേഹം അലെപ്പോയിൽ ആയിരിക്കുമ്പോൾ മഫ്രിയാൻ സ്ലീബാ പൗരസ്ത്യദേശത്തുനിന്ന് അലെപ്പോയിൽവന്ന് തണുപ്പുകാലം മുഴുവൻ അവിടെ കഴിച്ചുകൂട്ടി. ദിവന്നാസ്യോസ് പാത്രിയർക്കീസ് അറബികൾക്ക് കൊടുത്തത്രയും സ്വർണം അറബി നേതാക്കൾക്ക് മഫ്രിയാൻ സ്ലീബാ കൊടുത്ത് ദിവന്നാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതും പകരം ബർ മദാനിയെ അംഗീകരിക്കുന്നതുമായ രേഖ സമ്പാദിച്ചു. മഫ്രിയാൻ അലെപ്പോയിലെ പള്ളിയിൽ താമസ്സമാക്കി.

ബർഎബ്രായാ ആകട്ടെ തന്റെ പിതാവ് അലെപ്പോയിൽ പുതുതായി വാങ്ങിയ ഭവനത്തിലേക്ക് താമസം മാറ്റി. പിന്നീട് ദിവന്നാസ്യോസിന്റെ കൂടെ ആശ്രമത്തിൽ പാർക്കാൻ തുടങ്ങി.

സ്ലീബാ മഫ്രിയാൻ അറബികൾക്ക് കൊടുത്ത പണം മുഴുവൻ ബർ മാദാനി പാത്രിയർക്കീസ് വാഗ്ദാനമനുസരിച്ച് മഫ്രിയാനു നല്കി. ആയിടയ്ക്ക് മംഗോളിയരുടെ പ്രതിനിധിയായ ഒരു നെസ്തോറിയൻ സിറിയായിലേക്കുള്ള യാത്രാമധ്യേ ദിവന്നാസ്യോസ് പാത്രിയർക്കീസിനെ ബർസൗമാ ആശ്രമത്തിൽ ചെന്നുകണ്ട് അധികാരം പുനഃസ്ഥാപിക്കാൻ വേണ്ടത് ചെയ്യാമെന്ന് വാഗ്ദാനം ചെയ്തു. ഇതറിഞ്ഞ ബർ മാദാനി ഭയന്ന് സിലീഷ്യയിലേക്ക് പോയി സിസിൽ ഉള്ള ഒരാശ്രമത്തിൽ താമസിച്ചു. എന്നാൽ നെസ്തോറിയൻ പ്രതിനിധിക്ക് അറബി നേതാവ് മാലിക് അൻ നാസറിനെ സ്വാധീനിച്ച് ദിവന്നാസ്യോസിനെ പുനഃപ്രതിഷ്ഠിക്കാൻ സാധിച്ചില്ല. പിറ്റേവർഷം മിഖായേൽ ബർ ഗബ്രിയേൽ എന്ന വൈദ്യനും ബർ എബ്രായയും കൂടി മേൽപ്പറഞ്ഞ അറബി നേതാവിനെ കണ്ട് ദിവന്നാസ്യോസ് പാത്രിയർക്കീസിനെ പുനഃപ്രതിഷ്ഠിക്കാനുള്ള അധികാരപത്രം സമ്പാദിച്ചു. ഇതറിഞ്ഞ മഫ്രിയാൻ അലെപ്പോയിൽ നിന്ന് ട്രിപ്പൊളിയിലേക്കു കടന്നു. ബർ എബ്രായ അലെപ്പോ രൂപതയിൽ വീണ്ടും പ്രവേശിച്ചു. മഫ്രിയാൻ ആകട്ടെ ഉടനെ വൈദികവൃത്തി ഉപേക്ഷിച്ച് ചികിത്സാവൃത്തിയിൽ പ്രവേശിച്ചെങ്കിലും അധികനാൾ കഴിയുന്നതിനുമുമ്പ് മരിച്ചു.

ബർ എബ്രായ 1264-ൽ തഗ്രീതിന്റെയും കിഴക്കിന്റെയും മഫ്രിയാനായി തെരഞ്ഞെടുക്കപ്പെട്ടു. ബർ മദാനിയും ദിവന്നാസ്യാസും മരിച്ചുകഴിഞ്ഞ് സിലീഷ്യയിലെ സിസിൽ വച്ചാണ് ഈ തെരഞ്ഞെടുപ്പും വാഴ്ചയും നടന്നത്. അതിനുമുമ്പ് പൊതുവായി ഒരു പാത്രിയർക്കീസ് വാഴിക്കപ്പെട്ടിരുന്നു. മെത്രാനില്ലാതെ കിടന്ന പല പൗരസ്ത്യരൂപതകളിലും അദ്ദേഹം മെത്രാന്മാരെ വാഴിച്ചു. പള്ളികളും ആശ്രമങ്ങളും പുതുക്കിപ്പണിതു. 1286-ൽ മരാഗായിൽ വച്ച് അദ്ദേഹം മരിച്ചു. അദ്ദേഹം സുറിയാനിയിൽ എഴുതിയ *ക്രോണോഗ്രഫി* അറബിയിൽ ആക്കുന്നതിന് ചിലർ നിർബന്ധിച്ചതിനാൽ അതു ചെയ്തുകൊണ്ടിരുന്നതിനിടയിലാണ് മരിച്ചത്. അദ്ദേഹത്തിന്റെ ശാരീരിക വേർപാടിനെപ്പറ്റി സഹോദരനായ ബർസൗമായുടെ കുറിപ്പ് ഇപ്രകാരമാണ്: "ഇത്ര വിശിഷ്ട തത്വജ്ഞാനിയും അദ്വിതീയനുമായ മനുഷ്യന്റെ നഷ്ടം സഹിക്കുന്നവരായ യാക്കോബായക്കാരായ വിശിഷ്ട ജനത്തിനുവേണ്ടി കണ്ണീരൊഴുക്കാതിരിക്കാൻ ആർക്കു കഴിയും? സഭയെയോ, ലൗകിക കാര്യങ്ങളെയോ സംബന്ധിച്ച്, എളുപ്പമുള്ളതോ, പ്രയാസമുള്ളതോ ആയ ഏതു പ്രശ്നത്തെക്കുറിച്ചും പുറമെയുള്ളയാളുകൾക്ക് തൃപ്തികരമായ ഉത്തരം കൊടുക്കാൻ അദ്ദേഹം കഴിവുറ്റവനായിരുന്നു. അതുപോലെ ഒരാൾ അവരുടെ ഇടയിൽ ഉണ്ടായിട്ടില്ല. ആ മനുഷ്യൻ എഴുതിയതുപോലെ ആസ്വാദ്യകരവും ക്രമീകൃതവും വിജ്ഞാനപ്രദവുമായ കത്തുകൾ എഴുതാൻ ആർക്കു കഴിയും? സഭാപരവും ലൗകികവുമായ വിജ്ഞാനശാഖകൾ കൊണ്ട് ദൈവം അദ്ദേഹത്തെ അലങ്കരിച്ചു. ഇരുപതാം വയസ്സുമുതൽ മരിക്കുന്നതുവരെ വായനയിലും എഴുത്തിലും നിന്ന് അദ്ദേഹം വിരമിച്ചിട്ടില്ല. അദ്ദേഹം ധാരാളം പുസ്തകങ്ങൾ എഴുതുകയും വിവർത്തനം ചെയ്യുകയും പ്രചരിപ്പിക്കുകയും ചെയ്തു''.



## കൃതികൾ

ബർസൗമാ 31 പുസ്തകങ്ങളുടെ പേരുകൾ നൽകുന്നു:

1. ക്സാവാ ദ് തെഗ്രാത് തെഗ്രാതാ: ലോജിക്, ഭൗതികലോകം, തത്വശാസ്ത്രം എന്നിവ ചർച്ചചെയ്യുന്ന ഒരു ഗ്രന്ഥമാണിത്. *ഹേവാത് ഹേക്കംതാ* എന്ന കൃതിയുടെ ചുരുക്കമാണിത്.

2. ക്സാവാ ദ് ബാബാതാ: (കണ്ണിലെ)കൃഷ്ണമണികളുടെ ഗ്രന്ഥം. ലോജിക്കിന്റെ ചുരുങ്ങിയ ആമുഖമാണിതിൽ.

3. ഇസഗോഗ്, കാറ്റഗറീസ്, പെരി ഹെർമെനിയാ, സോഫിസ്റ്റിക്സ് : ഏഴധ്യായങ്ങളുള്ള ഈ കൃതി പൊർഫീരിയുടെ ഇസഗോഗ്, കാറ്റഗറീസ് ആദിയായവ ചർച്ച ചെയ്യുന്നു.

4. ക്സാവാ ദസ്വാദ് സുഫിയാ: വിജ്ഞാനഭാഷണഗ്രന്ഥം. ലോജിക്, ഭൗതികലോകം, തത്വശാസ്ത്രം എന്നിവ ചർച്ചചെയ്യുന്ന അൽപംകൂടി വലിപ്പമുള്ള ഒരു ഗ്രന്ഥം.

5. ക്സാവാ ദ്സൂലാക്കാ ഹൗനാനായാ: വാനശാസ്ത്രമാണ് വിഷയം. 1279-ൽ രചിച്ചു. ഗ്രഹങ്ങളെ പറ്റിയും നക്ഷത്രങ്ങളുടെ മാറ്റങ്ങളെ പറ്റിയും പ്രതിപാദിക്കുന്ന ഗ്രന്ഥം.

6. ക്സാവാ ദമ്നാറസ് കുദ്ശേ: ''വിശുദ്ധ സ്ഥലത്തെ വിളക്ക്." സഭയുടെ അടിസ്ഥാന തത്വങ്ങൾ, എല്ലാ പാഷണ്ഡതകൾക്കും എതിരെയുള്ള ചർച്ചകൾ: ഇതൊരു ദൈവശാസ്ത്രനിഘണ്ടുവാണ്. 12 പുസ്തകങ്ങളിലായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. 1. വിജ്ഞാനത്തെപ്പറ്റി. 2. പ്രപഞ്ചത്തിന്റെ സ്വഭാവം. 3. ദൈവശാസ്ത്രം (ത്രിത്വം). 4. വചനത്തിന്റെ മനുഷ്യാവതാരം. 5. സ്വർഗീയജീവികളെപ്പറ്റിയുള്ള അറിവ് (മാലാഖമാരെപ്പറ്റി). 6. ഭൗമികപൗരോഹിത്യം. 7. പിശാചുക്കൾ(ദുഷ്ടാരൂപികൾ). 8. ബൗദ്ധികാത്മാവ്. 9. സ്വതന്ത്രേച്ഛയും മനുഷ്യസ്വാതന്ത്ര്യവും. 10. മരിച്ചവരുടെ ഉത്ഥാനം. 11. കാലാന്ത്യം, ന്യായവിധി, നന്മയ്ക്കും തിന്മയ്ക്കുമുള്ള പ്രതിഫലം. 12. ഏദന്റെ പറുദീസാ.

7. ക്സാവാ ദ്സൽഗേ: "കിരണങ്ങളുടെ ഗ്രന്ഥം". ദൈവശാസ്ത്രസംബന്ധമായ (അൽപംകൂടി ചെറിയ) ഒരു നിഘണ്ടു. ഇതിന് 10 ഭാഗങ്ങളുണ്ട്:

1. ആറുദിവസത്തെ സൃഷ്ടിയെപ്പറ്റി. 2. ദൈവശാസ്ത്രം (ത്രിത്വം). 3. മനുഷ്യാവതാരം. 4. മാലാഖമാർ. 5. ദുഷ്ടാരൂപികൾ. 6. ആത്മാവിനെപ്പറ്റി. 7. പൗരോഹിത്യത്തെപ്പറ്റി. 8. സ്വതന്ത്രേച്ഛയും അന്ത്യവും. 9. മനുഷ്യന്റെയും ലോകത്തിന്റെയും അന്ത്യവും പുതിയ ലോകത്തിന്റെ ഉദയവും. 10. പറുദീസായെപ്പറ്റി.

8. ക്സാവാ റമ്പാ ദ്സെമഹേ: "പ്രകാശങ്ങളുടെ ഗ്രന്ഥം". വ്യാകരണ സംബന്ധമായി അദ്ദേഹം രചിച്ചിട്ടുള്ള ഏറ്റവും വലുതും പ്രധാനപ്പെട്ടതുമായ ഗ്രന്ഥമാണിത്. പണ്ഡിതരെ ഉദ്ദേശിച്ചുള്ളതാണിത്.

9. ക്സാവാ സ്ഊറാ ദ്ഗ്രമ്മാത്തിക്കി: മാർ അപ്രേമിന്റെ രാഗത്തിലെഴുതിയ ചെറിയ വ്യാകരണഗ്രന്ഥം. ആരംഭകർക്കായി തയാറാക്കിയത്.

10. ക്സാവാ ദ്ഈതിക്കോൻ:: "എത്തിക്സ്." ബാഹ്യവും ആന്തരികവുമായ പെരുമാറ്റ രീതികളെപ്പറ്റിയുള്ള നാല് പ്രതിപാദനങ്ങളാണിതിൽ. മരുഭൂമിയിലെ പിതാക്കന്മാരെയും മറ്റ് മൽപ്പാന്മാരെയും ആധാരമാക്കി തയാറാക്കിയതാണിതെന്ന് ബർ എബ്രായാ പറയുന്നു. ഒന്നാം പ്രതിപാദനത്തിന് 9 അധ്യായങ്ങളുണ്ട്: യാമപ്രാർഥനകൾ, കായികാധ്വാനം, തിരുലിഖിതവായന, ജാഗരണം, സങ്കീർത്തനാലപനം, ഉപവാസം, തീർഥാടനം എന്നിവ ചർച്ച ചെയ്യുന്നു. രണ്ടാം പ്രതിപാദനത്തിന് 6 അധ്യായങ്ങളുണ്ട്: ആഹാരം, വിവാഹം, ബ്രഹ്മചര്യം, ദേഹശുദ്ധി, മനുഷ്യന്റെ ജീവിതഘട്ടങ്ങൾ, കായികാധ്വാനം, വ്യാപാരം, ദാനധർമം എന്നിവയാണ് പ്രധാന വിഷയങ്ങൾ. മൂന്നാം പ്രതിപാദനത്തിന് 12 അധ്യായങ്ങളുണ്ട്: അധമവികാരങ്ങളിൽ നിന്ന് മനസ്സിനെ ശുദ്ധീകരിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നു നാലാം പ്രതിപാദനത്തിന് 16 അധ്യായങ്ങളുണ്ട്: ശ്രേഷ്ഠഗുണങ്ങൾ കൊണ്ട് ആത്മാവിനെ അലങ്കരിക്കുന്നതിനെപ്പറ്റി. അൽ ഘസ്സലിയുടെ (+1111) "ഇഹ്യാ അൽ ഹുലും അൽ ദിൻ" എന്ന ഗ്രന്ഥമാണ് ബർ എബ്രായയുടെ ഉറവിടവും മാതൃകയും.

11. ക്സാവാ റമ്പാ ദ്ഹേവാത് ഹേക്കംതാ: ''വിജ്ഞാന നെയ്യുടെ ഗ്രന്ഥം". അരിസ്റ്റോട്ടലിന്റെ തത്വശാസ്ത്രത്തിന്റെ ഒരു വലിയ നിഘണ്ടുവാണിത്. ഇതിന് നാല് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗത്തിന് 9 ഭാഗങ്ങളും രണ്ടാം ഭാഗത്തിന് 13 ഭാഗങ്ങളും മൂന്നാം ഭാഗത്തിന് 2 ഭാഗങ്ങളുമുണ്ട്. അവിച്ചെന്നായുടെ "ഷിഫായും'' അൽ തുസിയുടെ ''അഹ്ലഖ് എ-നസീറി'' എന്ന ഗ്രന്ഥവും ഇതിന്റെ രചനയിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ ചുരുക്കമാണ് ഒന്നാമത്തെ കൃതി.

12. ക്സാവാ ദ്റെംസേ വമ്ഈറാൻവാതാ: അബു അലി ബർസീനായുടെ "അടയാളങ്ങളും ലക്ഷണങ്ങളും" എന്ന കൃതിയുടെ അറബിയിൽ നിന്ന് സുറിയാനിയിലേക്കുള്ള വിവർത്തനം.



13. ക്സാവാ ദ്ഹൂദായേ (നോമോകാനൻ/നടപടിക്രമങ്ങൾ). മനുഷ്യസമൂഹത്തിൽ നടപ്പുള്ള കാര്യങ്ങളെ കുറിച്ചുള്ള കാനോനാകളും നിയമങ്ങളും. യാക്കോബായാ വൈദികരെയും അൽമായരെയും സംബന്ധിക്കുന്ന കാര്യങ്ങളുടെ അന്തിമവാക്ക് ഈ നിയമഗ്രന്ഥമാണ്. ഇതിൽ നാൽപത് അധ്യായങ്ങളുണ്ട്. ആദ്യത്തെ പത്തധ്യായങ്ങൾ പാമ്പാക്കുട നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

14. ക്സാവാ ദ്ദിയൊസ്കൊറിദിസ്: "ദിയൊസ്കൊറിദിസിന്റെ ഗ്രന്ഥം". പച്ചമരുന്നുകളുടെ ഗുണങ്ങളും ഉപയോഗങ്ങളും തയാറാക്കുന്ന വിധവും മറ്റും വിവരിക്കുന്നു. ദിയൊസ്കൊറിദിസിന്റെ വലിയ ഗ്രന്ഥത്തിലുള്ള പ്രതിപാദ്യ വിഷയങ്ങളൊന്നും വിട്ടുകളയാതെ ഉണ്ടാക്കിയ ചെറിയഗ്രന്ഥം. ദിയൊസ്കൊറിദിസിന്റെ "പെരി ഹുലേസ് യാത്രിക്കേസ് " (*മതേരിയാ മെഡിക്കാ*) എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം.

15. ക്സാവാ റമ്പാ ദ്ഗാഫീക്കി: ഗാഫീക്കിയുടെ അൽ *അദ്വീയാ അൽ മുഫ്രദാ* എന്ന മൂന്നു വലിയ വാല്യങ്ങളുള്ള അറബി ഗ്രന്ഥത്തിന്റെ ഒറ്റവാല്യത്തിലുള്ള സുറിയാനി ചുരുക്കം. മരുന്നുകളെക്കുറിച്ച് പ്രതിപാദിക്കുന്നു.

16. ക്സാവാ ദ്പൂശാക്കാ ദ്പോസൂക്കേ: ഹിപ്പോക്രാട്ടെസിന്റെ സൂത്ര വാല്യങ്ങളുടെ അറബിവിവർത്തനം.

17. ക്സാവാ റമ്പാ സിഗ്ല്ശർവായേ: ആരംഭകർക്കുള്ള ജ്യോതിശാസ്ത്ര ഗണനപ്പട്ടികകൾ. പ്രയാസം കൂടാതെ തീയതികൾ കണ്ടുപിടിക്കാനുള്ള മാർഗം.

18. ക്സാവാ ദ്സബ്ദസ് അൽ അസ്റാർ: രഹസ്യങ്ങളുടെ സാരാംശം. അറബിയിൽനിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്.

19. ക്സാവാ ദ്മക്സബ്നൂസ് സബ്നേ അറബായാ: അറബിയിൽ എഴുതിയ കാലാനുക്രമണിക. രണ്ടുഭാഗങ്ങളുള്ള ക്രോണിക്കിൾ: ഒന്നാം ഭാഗം ലോകചരിത്രം: ലോകചരിത്രാരംഭം മുതൽ 1286 വരെ. രണ്ടാം ഭാഗം സഭാചരിത്രം. ഇതിന് രണ്ടുഭാഗങ്ങളുണ്ട്. ഒന്നാംഭാഗം അഹറോൻ മുതലുള്ള സഭാചരിത്രം (അന്ത്യോക്യാ പാത്രിയർക്കീസുമാരുടെ ചരിത്രം). രണ്ടാംഭാഗം പൗരസ്ത്യസഭാധ്യക്ഷന്മാരുടെ ചരിത്രം. അതായത് പൗരസ്ത്യ മഫ്രിയാൻമാരുടെ ചരിത്രം. ലോകചരിത്രം 1286-ൽ മരാഗായിൽ വച്ച് ബർ എബ്രായാ അറബിയിലേക്ക് വിവർത്തനം ചെയ്തു. മൂന്നു താളുകൾ മാത്രം അവശേഷിക്കവേ അദ്ദേഹം മരിച്ചു. "അൽ മുക്തസർഹിദ് ദവാൽ'' എന്നാണ് അറബിപ്പേര്.

20. ക്സാവാ ദ്പൂശാക്ക് ഹെൽമേ: "സ്വപ്നവ്യാഖ്യാനഗ്രന്ഥം".

21. ക്സാവാ ദ്തൂനായെ മെഗഹെകാനെ: ദുഃഖിതർക്കുവേണ്ടി

സന്തോഷ കാര്യങ്ങളും തമാശകളും വിവരിക്കുന്ന ഗ്രന്ഥം. മുൻകാലരേഖ കളെ ആധാരമാക്കിയാണിത് തയാറാക്കിയിരിക്കുന്നത്. അബു സയിദ് അൽ അബിയുടെ (+1030) ഗ്രന്ഥം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

22. ക്സാവാ ദ്‌യൗനാ: "പ്രാവിന്റെ പുസ്തകം". ആധ്യാത്മിക നിയ ന്താവില്ലാത്ത താപസ്സരുടെ സന്യാസജീവിതക്രമീകരണം സംബന്ധിച്ചുള്ള ഗ്രന്ഥം. നാലധ്യായങ്ങളുള്ള ഒരു ഗ്രന്ഥമാണിത്.

23. ക്സാവാ ദ്കാനൂനാ റമ്പാ ദ്അബു അലി: അബു അലിയുടെ വലിയ കാനോനഗ്രന്ഥം. അവിച്ചെന്നാ (അബു അലി ബർസീനാ) യുടെ വൈദ്യശാ സ്ത്രഗ്രന്ഥം. അതിന്റെ നാലു ഭാഗങ്ങൾ വിവർത്തനം ചെയ്തു. പൂർത്തി യാക്കുന്നതിനുമുമ്പ് മരിച്ചു.

24. ക്സാവാ ദ്മക്സബ്നൂസാ സബ്നേ: സുറിയാനിയിലുള്ള ക്രോണി ക്കിൾ.

25. ക്സാവാ റമ്പാ..:വൈദ്യന്മാരുടെ അഭിപ്രായങ്ങൾ വിശദമായി നൽകുന്ന വലിയ ഗ്രന്ഥം. വൈദ്യശാസ്ത്രം സംബന്ധിച്ചുള്ള അദ്ദേഹ ത്തിന്റെ ഏറ്റവും വലിയ ഗ്രന്ഥം.

26. ക്സാവാ ദബ്ലേ സുസീതാ ദ് ഗ്രമ്മാതിക്കി: "പ്രകാശഗ്രന്ഥം". ചെറിയ വ്യാകരണഗ്രന്ഥം. അതു മുഴുവനാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

27. ക്സാവാ ദ്പൂശാകാ ദ്ശുവാലേ ദ്ഹുദ് ഹുനൈൻ: ഹുനൈന്റെ "ചോദ്യോത്തരഗ്രന്ഥം". തിര്യക്കുകൾ വരെ വിവർത്തനം ചെയ്തു.

28. ക്സാവാ ദ്മൂശഹാതാ: പാട്ടു രൂപത്തിലുള്ള ഹോമിലികൾ.

29.. ക്സാവാ ദ്ഔസാർ റാസേ: "രഹസ്യങ്ങളുടെ നിക്ഷേപഗ്രന്ഥം". അദ്ദേഹം വിശുദ്ധ ഗ്രന്ഥം മുഴുവന്റെയും ടെക്സ്റ്റ് തിരുത്തുകയും വ്യാഖ്യാ നങ്ങൾ ശേഖരിക്കുകയും ചെയ്തു.

30. ഹിയെരോതെയോസിന്റെ വ്യാഖ്യാനഗ്രന്ഥം ചുരുക്കി പ്രതിപാദിച്ചു.

31. ഒരു അനാഫറാ.

'ആരെങ്കിലും ഈ ഗ്രന്ഥങ്ങൾ വായിക്കുകയും മനസ്സിലാക്കുകയും ആഴ മായി അപഗ്രഥിക്കുകയും ചെയ്താൽ അദ്ദേഹത്തിന്റെ പ്രതിപാദനത്തിന്റെ ശക്തിയും വാഗ്മിത്വവും ശ്രേഷ്ഠതയും ആഴവും പരപ്പും ഗ്രഹിക്കാനാവും' എന്നും സഹോദരനായ ബർസൗമാ കുറിച്ചിരിക്കുന്നു. അദ്ദേഹം തുടരുന്നു: 'ജീവിതകാലം മുഴുവൻ ഗ്രന്ഥപാരായണത്തിൽ മുഴുകിയിരുന്നെങ്കിലും പള്ളി കൾ പണിയുന്നതിലും ജീർണിച്ചവ നവീകരിക്കുന്നതിലും മെത്രാനായ കാലം മുതൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.... അലെപ്പോയ്ക്ക് സമീപം അദ്ദേഹം ഒരാ തുരാലയം പണിതു. നാൽപതു കൊല്ലത്തിനിടയ്ക്ക് അദ്ദേഹം ഏതെങ്കിലും



പണം കൈകാര്യം ചെയ്യുന്നത് ഞാൻ കണ്ടിട്ടില്ല. വിശ്വാസികൾ സ്തോത്ര കാഴ്ചകൾ കൈയിൽ കൊടുക്കാൻ ശ്രമിക്കുമ്പോൾ അദ്ദേഹം അവ നിരസിച്ചിരുന്നു. അപ്പോൾ അവർ അത് അദ്ദേഹത്തിന്റെ മുമ്പാകെ വച്ചിട്ട ുപോകുമായിരുന്നു. ശിഷ്യരിലാരെങ്കിലും വരുന്നതുവരെ അത് അവിടെ കിട ക്കുമായിരുന്നു. ആദ്യം വരുന്ന ശിഷ്യനോട് അത് അവിടെ നിന്ന് എടുത്തു മാറ്റാൻ ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ കൈമുത്തുമ്പോൾ ചിലർ പണ ക്കിഴി പോക്കറ്റിൽ വയ്ക്കുമായിരുന്നു. അദ്ദേഹം ഒരിടത്തുനിന്ന് മറ്റൊരിട ത്തേക്ക് പോകുമ്പോൾ ഇത്തരം പണസഞ്ചികൾ കാണുക പതിവായിരു ന്നു... അദ്ദേഹം കാരുണ്യവും എളിമയും ശാന്തതയും സംസാരമാധുരിയും ഹൃദയവിശാലതയും ഉള്ളയാളായിരുന്നു".

മധ്യകാല യാക്കോബായ ചിന്തകരുടെ കൂട്ടത്തിൽ അദ്വിതീയ സ്ഥാന മാണ് അദ്ദേഹത്തിനുള്ളത്. യാക്കോബായസഭയെ സംബന്ധിച്ച് അദ്ദേഹം അവരുടെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനും കാനൻനിയമം സമാഹ രിച്ചയാളും താത്വികനും ആയിരുന്നു. അദ്ദേഹം അഗാധപണ്ഡിതൻ ആയി രുന്നെന്ന് പാശ്ചാത്യരും പൗരസ്ത്യരും സമ്മതിക്കും. ഭാഷാപഠനത്തിൽ അദ്ദേഹത്തിന് വലിയ കഴിവുണ്ടായിരുന്നു. സുറിയാനിയും അറബിയും ഒരു പോലെ കൈകാര്യം ചെയ്തിരുന്നു. ഗ്രീക്ക്, അർമേനിയൻ, പേർഷ്യൻ, ഹീബ്രു, കോപ്തിക്ക് തുടങ്ങിയ മറ്റുപല ഭാഷകളും അദ്ദേഹത്തിന് വശമാ യിരുന്നു. മരണം വരെ കഠിനാധ്വാനം ചെയ്യാനുള്ള മാനസ്സികവും ശാരീരിക വുമായ ശേഷിയും അദ്ദേഹത്തിനുണ്ടായിരുന്നു. സംഭവങ്ങൾ സ്വന്തമായി വിലയിരുത്താനുള്ള കഴിവും ഉണ്ടായിരുന്നു. മറ്റുള്ളവരുടെ കൃതികൾ ഭംഗി യായി തനതായ ശൈലിയിൽ അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ വലിയ കൃതികളൊക്കെ ഇത്തരത്തിൽ പെട്ടവയാണ്. ഉദാ. അദ്ദേഹത്തിന്റെ വേദപുസ്തകവ്യാഖ്യാനങ്ങൾ ഡയനീഷ്യസ് ബർസലീ ബിയെ ആധാരമാക്കിയുള്ളതാണ്. ഡയനീഷ്യസാകട്ടെ മേർവിലെ ഈശോ ദാദിനെയും മോശ ബർകേഫായെയും ആശ്രയിച്ചു. ചരിത്രരചനയ്ക്ക് മിഖാ യേൽ റാബോയെ ആശ്രയിച്ചു. മിഖായേലാകട്ടെ സെവുഡോ ഡയനീഷ്യസ് ദ്തെൽമാറെയെ ആധാരമാക്കി. വളരെ വേഗത്തിൽ ഗ്രന്ഥരചന നടത്താൻ കഴിവുള്ള ആളായിരുന്നു അദ്ദേഹം. ഗ്രന്ഥങ്ങളുടെ എണ്ണവും വലിപ്പവും ഇത് വിളിച്ചറിയിക്കുന്നു. ഒറ്റമാസം കൊണ്ടാണ് അദ്ദേഹം ചരിത്രഗ്രന്ഥ ത്തിന്റെ ഒന്നാംഭാഗം മരാഗായിൽവച്ച് സുറിയാനിയിൽ നിന്ന് അറബിയിലേക്ക് വിവർത്തനം ചെയ്തത്. അതും നിരവധി കൂട്ടിച്ചേർക്കലുകളോടുകൂടി. അജ പാലക ജോലിക്കിടയിൽ ഇത്രയും എഴുതാൻ എങ്ങനെ സാധിച്ചു എന്നത് പലരെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. കിട്ടുന്ന നിമിഷങ്ങളൊന്നും അദ്ദേഹം പാഴാക്കിയില്ല. ക്ഷീണമെന്തെന്നറിയാത്ത മനസ്സും തളരാത്ത കരങ്ങളുമാ യിരുന്നു അദ്ദേഹത്തിന്റേത്. കാര്യങ്ങൾ വളരെ വേഗം ഗ്രഹിക്കാനുള്ള കഴിവ്

അദ്ദേഹത്തിനുണ്ടായിരുന്നു. ദുർഗ്രഹ തത്വങ്ങളും വിവരണങ്ങളും സാധാര ണക്കാരനു മനസ്സിലാകുന്ന ഭാഷയിൽ എഴുതുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അദ്ദേഹത്തിന്റെ ഓർമശക്തി അപാരമായിരുന്നെങ്കിലും വായിക്കുന്നവ യുടെ നോട്ടുകൾ കുറിച്ചിരുന്നു. അപ്രകാരം കൃത്യമായി കുറിച്ച നോട്ടു കളുടെ സഹായത്താൽ മാത്രമേ ഇത്രവേഗം വലിയ ഗ്രന്ഥങ്ങൾ രചിക്കാൻ സാധിക്കുമായിരുന്നുള്ളു. മനുഷ്യരെ വിലയിരുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. അവരുടെ കുറവുകളും പോയ്മകളും അദ്ദേഹം മൂടിവച്ചില്ല. ഫലി തരൂപത്തിൽ പലതും നോക്കിക്കാണാൻ സാധിച്ചു. അദ്ദേഹം ജ്യോതിഷ ത്തിലും കുറേയൊക്കെ വിശ്വസിച്ചിരുന്നു. മതപരമായി സമഭാവന പുലർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. മറ്റ് ക്രിസ്തീയ വിഭാഗക്കാരോടും മറ്റു മതക്കാരോടും അദ്ദേഹം മൈത്രിയിലായിരുന്നു.

## 13. അജ്ഞാതകർതൃക രേഖകൾ

ഗ്രന്ഥകർത്താവ് ആരെന്നറിയാൻ പാടില്ലാത്ത പല രേഖകളും സുറിയാനിയിൽ ലഭിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ഗീതങ്ങളും ജീവചരിത്രങ്ങളും വിവരണങ്ങളും മറ്റും ഉൾപ്പെടുന്നു.

### ഗീതങ്ങൾ

അഞ്ചും ആറും നൂറ്റാണ്ടുകളിലെ പല ഡയലോഗ് ഗീതങ്ങളും ഈ ഗണ ത്തിൽ പെടുന്നു. അബ്രഹാമും സാറായും ഈജിപ്തിൽ കഴിഞ്ഞതിനെ ആധാരമാക്കിയുള്ള ഗീതങ്ങൾ (ഉത്പത്തി 12,10-20), ഇസഹാക്കിനെ ബലി കഴിക്കുന്നത് (ഉല്പ.22), യൗസേപ്പിനെപ്പറ്റി നാല് മെമ്രാകൾ, ഏലിയായും സാറെപ്തായിലെ വിധവയും (1രാജാ. 17), മറിയത്തെയും യൗസേപ്പിനെയും കുറിച്ചുള്ള മെമ്രാ എന്നിവ അഞ്ചാം നൂറ്റാണ്ടിലേതാണ്. സുറിയാനിക്കാരുടെ ഇടയിൽ ഇത്തരം ഗീതങ്ങൾ ധാരാളമായി പ്രചരിച്ചിരുന്നു. കായേനും ഹാബേലും, മറിയവും മാലാഖയും, മറിയവും മാജികളും, സ്നാപകനും ക്രിസ്തുവും, ക്രോബേയും കള്ളനും, മാസങ്ങൾ തമ്മിലുള്ള തർക്കം എന്നിവ ഇക്കാലത്തേതാണ്. കന്യകമറിയത്തെ പറ്റിയുള്ള *മദ്റാശേ* പോലുള്ള പല *മദ്റാശേകളും* അഞ്ചാം നൂറ്റാണ്ടിലേതാണ്. ദനഹായെപ്പറ്റി മനോഹരമായഒരു *മദ്റാശേ* പദ്യരൂപത്തിൽ ലഭിച്ചിട്ടുണ്ട്.

### ജീവചരിത്രങ്ങൾ

"അബ്രഹാം കീദൂനായുടെയും അദ്ദേഹത്തിന്റെ അനന്തിരവൾ മറിയത്തി ന്റെയും ജീവചരിത്രം" അഞ്ചാം നൂറ്റാണ്ടിലേതാണ്. ഇത് തെറ്റായി അപ്രേ മിൽ ആരോപിച്ചിരിക്കുന്നു. ഈ കൃതി ഗ്രീക്കിലേക്കും ലത്തീനിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.



ഒരു *ദൈവമനുഷ്യന്റെ ജീവചരിത്രം*. ഇത് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്ത പ്പോൾ കഥാപുരുഷന്റെ പേര് അലെക്സിസ് എന്നായി. ഈ ടെക്സ്റ്റ് വീണ്ടും സുറിയാനിയിലേക്കും ലത്തീനിലേക്കും വിവർത്തനം ചെയ്യപ്പെട്ടു.

*എവുഫേമിയായും ഗോത്യരും*: ഒരു എഡേസ്സൻ യുവതിയെ നിർബന്ധിച്ച് ഒരു ഗോത്യനെ കൊണ്ട് വിവാഹം കഴിപ്പിച്ചു. അയാളെ പിന്നെ അവളുടെ അമ്മ വീട്ടിൽ താമസിപ്പിച്ചു.

"തൂണിന്മേൽ ശെമയോന്റെ ജീവചരിത്രം" അദ്ദേഹത്തിന്റെ മരണാനന്തരം (459) അടുത്തു പാർത്തിരുന്ന ഒരു സന്യാസി സുറിയാനിയിൽ എഴുതി. ശെമയോനെ പറ്റിയുള്ള ആധികാരിക വിവരണങ്ങളിൽ ഒന്നാണിത്. മറ്റൊന്ന് തിയഡൊറെറ്റിന്റെ സന്യാസചരിത്രത്തിലുള്ളതാണ്.

*ജൂലിയൻ റോമാൻസ്* എന്ന കൃതി ജൂലിയൻ ചക്രവർത്തിയോടുള്ള പകയും (+363) ജോവിയൻ ചക്രവർത്തിയോടുള്ള ആദരവും പ്രകടിപ്പിക്കുന്നു. ജോവി യനെ വളരെ പ്രകീർത്തിക്കുന്നു. ഇതിന്റെ ആദ്യഭാഗം നഷ്ടപ്പെട്ടു. എഡേ സ്സായിൽ വച്ച് അഞ്ചാം നൂറ്റാണ്ടിൽ ഇത് എഴുതപ്പെട്ടു. റാബുളയെ (411-436) സ്തുതിച്ചുകൊണ്ട് ആരോ അയാളുടെ ജീവചരിത്രം എഴുതി.

അബ്രഹാമിനെയും ഇസഹാക്കിനെയും പറ്റിയുള്ള ഹോമിലിയും ഈ കാലഘട്ടത്തിലേതാണ്. ദനഹായെപ്പറ്റി മൂന്നു ഹോമിലികൾ, പാപിനിയെ പ്പറ്റി മൂന്നു ഹോമിലികൾ, മഹാപുരോഹിതനെപ്പറ്റി ഒരു ഹോമിലി (എബ്രാ.5,7), മാർആബായുടെ ജീവചരിത്രം എന്നിവ ആറാം നൂറ്റാണ്ടിലേതാണ്.

അലക്സാണ്ടർ ചക്രവർത്തിയെപ്പറ്റി പദ്യരൂപത്തിലുള്ള ഒരു ഹോമിലി ഏഴാം നൂറ്റാണ്ടിലേതാണ്. ഇത് പല പതിപ്പുകളിൽ ലഭ്യമാണ്. സ്രോഗിലെ യാക്കോബിൽ ഇത് തെറ്റായി ആരോപിച്ചിരിക്കുന്നു. എന്നാലിത് വടക്കൻ മെസൊപ്പൊട്ടേമിയായിൽവച്ച് 629/30-ൽ എഴുതപ്പെട്ടു. ഹെരാക്ലിയസ് ചക്രവർത്തി പേർഷ്യാക്കാരിൽ നിന്ന് വിശുദ്ധ കുരിശ് തിരിച്ചു പിടിച്ചതിനു ശേഷമാണ് ഇതെഴുപ്പെട്ടത്.

കാതോലിക്കാ സാബാറീശോയുടെ ജീവചരിത്രം (+604), നിസിബിസിലെ ഫെബ്രോണിയായുടെ ജീവചരിത്രം എന്നിവയും ഏഴാം നൂറ്റാണ്ടിലെ കൃതികളാണ്.

റമ്പാൻ ബർ ഈതായുടെ ജീവചരിത്രം (+612) പേർഷ്യാക്കാരൻ യോഹ ന്നാൻ ഏഴാം നൂറ്റാണ്ടിൽ ഗദ്യത്തിലെഴുതി. അതിന്റെ പദ്യരൂപത്തിലുള്ള പതിപ്പു മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളു. അത് പതിനൊന്നാം നൂറ്റാണ്ടിലേ താണ്.

റമ്പാൻ ഹൊർമിസ്ദിന്റെ ജീവചരിത്രം (6/7 നൂ.) ഒരു ശെമയോൻ സന്യാ

സിയുടെ പേരിൽ പ്രചിരിച്ചിരുന്നു. പിൽക്കാലത്തുണ്ടായ രണ്ടു പതിപ്പുകൾ ഇന്ന് ലഭ്യമാണ്.

വിശ്വാസസാക്ഷിയായ മാക്സിമുസിന്റെ ജീവചരിത്രം (+662) അദ്ദേഹത്തിന്റെ മരണാനന്തരം ഏകചിത്തവാദികളാരോ ശത്രുതാമനോഭാവത്തോടുകൂടെ എഴുതി പ്രചരിപ്പിച്ചു. അദ്ദേഹം ഏകചിത്തവാദത്തിന് എതിരായിരുന്നു.

യാബാലാഹാ മൂന്നാമന്റെയും (+1317) റമ്പാൻ സൗമായുടെയും ചരിത്രം ആരോ എഴുതി. ചൈനയിൽ നിന്ന് മംഗോൾഖാന്റെ പ്രതിനിധിയായി പാശ്ചാത്യലോകത്ത് ഇവർ വന്നതിന്റെ വിവരമാണിതിൽ. യാബാലാഹാ കാതോലിക്കാ ആയി. സൗമാ യൂറോപ്പിനു പോയി. യാബാലാഹായുമായി നേരിട്ടും സൗമായുമായി കുറിപ്പുകളിലൂടെയും ഗ്രന്ഥകാരൻ ബന്ധപ്പെട്ടു.

### 3. വിവരണങ്ങൾ

"സെവുഡോ-മെതോഡിയസ് അപ്പൊകലിപ്സ്" ഉത്തര മെസപ്പൊട്ടേമിയായിൽ വച്ച് 691-ൽ ആരോ എഴുതി. അത് ഗ്രീക്കിലേക്കും ലത്തീനിലേക്കും വിവർത്തനം ചെയ്യപ്പെട്ടു. പാശ്ചാത്യലോകത്ത് ഇതിന് വലിയ പ്രചരണം ലഭിച്ചു. ഇത് അനേകരുടെ ചിന്താഗതിയെ സ്വാധീനിച്ചു. കാലാന്ത്യത്തിന്റെ അടയാളമാണ് ഇസ്ലാമിന്റെ ആഗമനമെന്നാണ് ഗ്രന്ഥകാരന്റെ നിഗമനം. "നിക്ഷേപങ്ങളുടെ ഗുഹ", "ജൂലിയൻ റൊമാൻസ്" "അലക്സാണ്ടറിനെ പറ്റിയുള്ള ഗീതം" എന്നു തുടങ്ങിയ മുൻകാലരേഖകൾ ഗ്രന്ഥകാരൻ ഇതിൽ ഉപയോഗിച്ചിട്ടുണ്ട്.

ഉത്പത്തി, പുറപ്പാട് എന്നിവയുടെ എട്ടാം നൂറ്റാണ്ടിലെ ഒരു ഭാഷ്യം കുറേനാൾ മുമ്പ് ദിയാബക്കീറിൽ നിന്ന് കണ്ടെടുക്കുകയുണ്ടായി.

എഡേസ്സാ മെത്രാനെന്നു സ്വയം വിശേഷിപ്പിക്കുന്ന ഒരാൾ "കാരണങ്ങളുടെ കാരണം" എന്ന പേരിൽ ഒരു ഗ്രന്ഥം എഴുതി പ്രചരിപ്പിച്ചു. യഥാർഥജ്ഞാനം നൽകാൻ ആകാശത്തിൻ കീഴുള്ള സർവമനുഷ്യർക്കും വേണ്ടിയാണിത് എന്നു പറഞ്ഞിരിക്കുന്നു. മനുഷ്യനും ദൈവവുമായുള്ള ബന്ധം ചർച്ച ചെയ്യുന്നു. മതാന്തരസംവാദത്തിനുള്ള പരിശ്രമം നടത്തുന്നു. ത്രിത്വപ്രബോധനം യൂദർക്കും മുസ്ലീങ്ങൾക്കും സ്വീകാര്യമാകത്തക്കവിധം അവതരിപ്പിക്കാൻ ശ്രമിക്കുന്നു.

# II

# സിറിയായിൽ നിന്നുള്ള ഗ്രീക്ക് ക്രിസ്തീയ സാഹിത്യം

**ആമുഖം**

അന്ത്യോക്യൻ പാത്രിയർക്കേറ്റിൽ ഗ്രീക്കും സുറിയാനിയും സംസാരിക്കുന്നവരുണ്ടായിരുന്നു. സുറിയാനിക്കാരായ പലരും ഗ്രീക്കിലാണ് കൃതികളെഴുതിയത്. സിറിയാ, ഫിനീഷ്യ, അറേബ്യ, ഒഷ്റേൻ, മെസൊപ്പൊട്ടേമിയാ, ഇസൗറിയാ, സൈപ്രസ് എന്നീ റോമൻ പ്രോവിൻസുകൾ അന്ത്യോക്യാ പാത്രിയർക്കേറ്റിൽ ഉൾപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ നിന്നുള്ള ഗ്രീക്ക് എഴുത്തുകാരെപ്പറ്റി ചുരുക്കമായി ചർച്ച ചെയ്യാം.

സിറിയായിൽ സന്യാസം പുഷ്ടി പ്രാപിച്ചിരുന്നു. തിയഡൊറേറ്റ് സിറിയായിലെ സന്യാസികളുടെ ഒരു ചരിത്രം രചിച്ചു. സ്തംഭതാപസ്സർ തുടങ്ങി മരുഭൂമിയിലും വനപ്രദേശത്തും ഏകാന്തവാസികളായി അലഞ്ഞുനടന്ന സന്യാസികളും അവിടെ ഉണ്ടായിരുന്നു.

സൈപ്രസിന്റെ ശ്ലീഹായായിരുന്നു ബർണബാസ്. അക്കാരണത്താൽ ശ്ലൈഹികസഭയായ സൈപ്രസിലെ സഭ അന്ത്യോക്യയുടെ മേൽക്കോയ്മ ഇഷ്ടപ്പെട്ടില്ല. അന്ത്യോക്യൻ മെത്രാന്മാർ അത്തരം നീക്കം നടത്തിയപ്പോഴൊക്കെ അവർ അതിനെ എതിർക്കുകയും റോമിൽ പരാതിപ്പെടുകയും ചെയ്തു. എഫേസോസ് കൗൺസിൽ (431) അവരുടെ സ്വതന്ത്രനില അംഗീകരിച്ചു. "ക്വിനിസെക്സ്റ്റ് കൗൺസിൽ" (കാനൻ 36) ഇതാവർത്തിച്ചുറപ്പിച്ചു. ഏകഇച്ഛാവാദത്തിനും ഏകമാനസ്സവാദത്തിനും എതിരായ നിലപാട് ഈ സഭ സ്വീകരിച്ചു.

# 1. അഞ്ചും ആറും നൂറ്റാണ്ടുകളിലെ എഴുത്തുകാർ

## അന്ത്യോക്യയിലെ തെയഡോട്ടസ് (420–429)

അലക്സാണ്ടർ മെത്രാന്റെ പിൻഗാമിയായി തെയഡോട്ടസ് അന്ത്യോക്യൻ മെത്രാനായി. ജോൺ ക്രിസൊസ്തോമിനെ സംബന്ധിച്ച തർക്കങ്ങളിൽ അദ്ദേഹം ജോണിന് അനുകൂലമായ നിലപാട് സ്വീകരിച്ചു. തിയഡൊറെറ്റ് തന്റെ സഭാചരിത്രത്തിൽ അദ്ദേഹത്തെ പ്രകീർത്തിച്ച് സംസാരിക്കുന്നു. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ കൂടിയ ഒരു അന്ത്യോക്യൻ സിനഡ് (422) ഉത്ഭവപാപം സംബന്ധിച്ചുള്ള പെലാജിയൻ വീക്ഷണങ്ങൾ തിരസ്കരിച്ചു. അദ്ദേഹത്തിന്റെ ചില കൃതികളുടെ രേഖാശകലങ്ങൾ മാത്രമേ അവശേഷിച്ചിട്ടുള്ളു.

## അന്ത്യോക്യയിലെ യോഹന്നാൻ (429–441/2)

തെയഡോട്ടസിന്റെ പിൻഗാമിയായി യോഹന്നാൻ (ജോൺ) അന്ത്യോക്യൻ മെത്രാനായി. എഫേസോസ് കൗൺസിലുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ യോഹന്നാൻ നിർണായക സ്വാധീനം ചെലുത്തി. അന്ത്യോക്യൻ ചിന്താരീതിയും ഭാഷ്യരീതികളും ദൈവശാസ്ത്രവും യോഹന്നാനും സ്വാംശീകരിച്ചിരുന്നു. അലക്സാണ്ട്രിയയിലെ സിറിലിന്റെ 12 ശാപങ്ങൾക്ക് മറുപടി എഴുതാൻ തിയഡൊറെറ്റിനെയും സാമസോട്ടയിലെ അന്ത്രയോസിനെയും യോഹന്നാൻ പ്രേരിപ്പിച്ചു. യോഹന്നാനും പൗരസ്ത്യമെത്രാന്മാരും 431 ജൂൺ 24-നാണ് എഫേസോസ് കൗൺസിലിന് എത്തിച്ചേർന്നത്. സിറിലിന്റെ അധ്യക്ഷതയിൽ 22-നുതന്നെ കൗൺസിൽ തുടങ്ങി നെസ്തോറിയസിനെതിരെയുള്ള വിധിവാചകം ഉച്ചരിച്ചതായി മനസിലാക്കി. യോഹന്നാന്റെ നേതൃത്വത്തിൽ പൗരസ്ത്യ പ്രവിശ്യയിലെ 50 മെത്രാന്മാർ സിനഡുകൂടി സിറിലിനെയും എഫേസോസിലെ മെമ്നോണെയും ജൂൺ 26-ന് സ്ഥാനഭ്രഷ്ടരാക്കി. സിറിലിന്റെ സിനഡ് ജോണിനെയും 34 മെത്രാന്മാരെയും മുടക്കി. തിയഡോഷ്യസ് ചക്രവർത്തി സിറിലിന്റെയും നെസ്തോറിയസിന്റെയും മുടക്ക് അംഗീകരിച്ചു. ഈ അവസരം ചക്രവർത്തിക്ക് യോഹന്നാൻ ഒരു വിശ്വാസപ്രഖ്യാപനം അയച്ചുകൊടുത്തു. സിറിലും പൗരസ്ത്യരും തമ്മിൽ 433-ൽ ഉണ്ടാക്കിയ ഐക്യഫോർമുലയുടെ (*സിംബോളും യൂണിയോണിസ്*) അടിസ്ഥാനരേഖ ഇതായിരുന്നു എന്ന് ചിലർ കരുതുന്നു. കാൽസിഡൺ കൗൺസിലും (451) യോഹന്നാൻ വരച്ചുകാട്ടിയ പാതയിലൂടെയാണ് നീങ്ങിയത്. യോഹന്നാന്റെ കൃതികളുടെ ചില രേഖാശകലങ്ങൾ മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളു.

## ദിയോചെസാറിയായിലെ സുക്സെൻസുസ് (+440)

ഇസൗറിയായിലെ ദിയോചെസാറിയാ മെത്രാനായിരുന്ന അദ്ദേഹം നെസ്തോറിയൻ തർക്കത്തിൽ സിറിലിന്റെ പക്ഷത്തായിരുന്നു. ഐക്യഫോർമുലയെ



(433) സംശയദൃഷ്ട്യാ വീക്ഷിക്കുകയും സിറിലിന്റെ 12 ശാപങ്ങളിൽ നിന്നുള്ള വ്യതിചലനമായി കാണുകയും ചെയ്തു. അദ്ദേഹത്തിന്റെ കൃതികളുടെ ചില രേഖാശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

## തർസോസിലെ ഹെല്ലാഡിയൂസ് (5-ാം നൂ.)

എഫേസോസ് കൗൺസിലിന്റെ കാലത്ത് (431) തർസോസിലെ (സിലീഷ്യ പ്രീമാ) മെത്രാപ്പോലീത്താ ആയിരുന്നു ഹെല്ലാഡിയൂസ്. തർക്കത്തിൽ പൗരസ്ത്യരുടെ കൂടെ ആയിരുന്ന അദ്ദേഹം അലക്സാണ്ട്രിയൻ പദപ്രയോഗങ്ങളുമായുള്ള ഒത്തുതീർപ്പിന് സന്നദ്ധനല്ലായിരുന്നു. നെസ്തോറിയസിനെ മുടക്കിയത് അംഗീകരിക്കാൻ കൂട്ടാക്കിയതുമില്ല. എന്നാൽ 433-ലെ ഐക്യഫോർമുല അംഗീകരിച്ചു. അദ്ദേഹം 431-നും 434-നും ഇടയ്ക്ക് അയച്ചതും അദ്ദേഹത്തിന് ലഭിച്ചതുമായ കത്തുകൾ ലഭ്യമാണ്.

## സെഫീറിയുമിലെ സെനോബിയൂസ് (5-ാം നൂ.)

എഫേസോസ് കൗൺസിലിന്റെ കാലത്ത് സെഫീറിയം (സിലീഷ്യ പ്രീമാ) മെത്രാനായിരുന്ന സെനോബിയൂസും സിലീഷ്യൻ മെത്രാന്മാരും ഐക്യഫോർമുല (433) അംഗീകരിച്ചില്ല. അക്കാരണത്താൽ 435-ൽ തിബേരിയാസിലേക്ക് നാടുകടത്തപ്പെട്ടു. അദ്ദേഹത്തിന്റെ ഒരു കത്ത് ലഭ്യമാണ്.

## കസ്തബാലായിലെ ഹെസീക്കിയൂസ് (5-ാം നൂ.)

എഫേസോസ് കൗൺസിലിന്റെ കാലത്ത് കസ്തബാലായിലെ (സിലിഷ്യാ സെക്കുൻദാ) മെത്രാനായിരുന്ന ഹെസീക്കിയൂസ് സിറിലിനെതിരെ പൗരസ്ത്യരുടെ പക്ഷത്തായിരുന്നു. ചില കത്തുകൾ മാത്രമേ അദ്ദേഹത്തിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുള്ളു.

## അനസർബസിലെ മാക്സിമിൻ (5-ാം നൂ.)

എഫേസോസ് കൗൺസിലിന്റെ കാലത്ത് അനസർബസ് (സിലീഷ്യാ സെക്കുൻദാ) മെത്രാപ്പോലീത്താ ആയിരുന്നു മാക്സിമിൻ. പൗരസ്ത്യ മെത്രാന്മാർ എത്തിയശേഷം മാത്രം കൗൺസിൽ തുടങ്ങിയാൽ മതിയെന്ന് അദ്ദേഹം വാദിച്ചു. സിറിലിനെ മുടക്കിയ യോഹന്നാന്റെ സിനഡിൽ സംബന്ധിച്ചു. അലക്സാണ്ട്രിയാക്കാരുമായി യാതൊരൊത്തുതീർപ്പിനും അദ്ദേഹം സന്നദ്ധനല്ലായിരുന്നു. അക്കാരണത്താൽ അന്ത്യോക്യയിലെ യോഹന്നാനുമായി തെറ്റിപ്പിരിഞ്ഞു. അതേ ആശയക്കാരൻ ഹിയെരാപ്പൊളീസ് മെത്രാപ്പോലീത്താ (സിലീഷ്യാ പ്രീമാ) അലക്സാണ്ടറുടെ കൂടെക്കൂടി. ഐക്യഫോർമുല അംഗീകരിക്കാതിരുന്ന നാടുകടത്തപ്പെട്ട മെത്രാന്മാരുടെ പട്ടികയിൽ മാക്സിമിൻ ഇല്ലാത്തതിനാൽ 433-നു മുമ്പേ മരിച്ചെന്നു കരുതുന്നു. അദ്ദേഹത്തിന്റെ ചില കത്തുകൾ ലഭിച്ചിട്ടുണ്ട്.

## മൊപ്സുവെസ്ത്യായിലെ മെലേഷ്യസ് (5-ാം നൂ.)

മൊപ്സുവെസ്ത്യായിൽ (സിലീഷ്യാ സെക്കുൻദാ) തിയഡോറിന്റെ പിൻഗാമിയായി 428-ൽ മെലേഷ്യസ് മെത്രാനായി. ഐക്യഫോർമുല (433) അംഗീകരിക്കാൻ തയാറാകാഞ്ഞതിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും അർമേനിയായിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. സിറിലിന്റെ പക്ഷപാതിയായ അകാചിയസ് മെത്രാന്റെ കർക്കശ മേൽനോട്ടത്തിൽ കഴിയേണ്ടിവന്നു. അദ്ദേഹം അയച്ച പല കത്തുകളും ലഭ്യമാണ്. തന്റെ നിലപാട് ന്യായീകരിച്ചു കൊണ്ടുള്ളവയാണ് കത്തുകൾ. അന്ത്യോക്യയിലെ യോഹന്നാൻ ഐക്യഫോർമുല അംഗീകരിച്ചത് മെലേഷ്യസിന് ഇഷ്ടപ്പെട്ടില്ല.

## അപ്പമെയായിലെ അലക്സാണ്ടർ (5-ാം നൂ.)

അപ്പമെയായിലെ (സിറിയാ സെക്കുൻദാ) മെത്രാപ്പോലീത്താ ആയിരുന്നു അലക്സാണ്ടർ. നെസ്തോറിയൻ തർക്കത്തിൽ അദ്ദേഹം സിറിലിനെതിരെ പൗരസ്ത്യരുടെ പക്ഷത്തായിരുന്നു. പൗരസ്ത്യരുടെ സിനഡിൽ പങ്കെടുത്തു. സിറിലിന്റെ സിനഡിലെ അഞ്ചാം സെഷനിൽ അലക്സാണ്ടർ മുടക്കപ്പെട്ടു. അദ്ദേഹത്തിന്റെ ചില കത്തുകൾ ലഭിച്ചിട്ടുണ്ട്.

## എമേസായിലെ പൗലോസ് (5-ാം നൂ.)

എമേസായിൽ (ഫിനീഷ്യാ ലിബനെൻസ്) 410-ൽ പൗലോസ് മെത്രാനായി. എഫേസോസ് കൗൺസിലിൽ പൗരസ്ത്യരുടെ പക്ഷത്തായിരുന്നു. അലക്സാണ്ട്രിയാക്കാരുമായി ഒത്തുതീർപ്പുണ്ടാക്കാൻ അന്ത്യോക്യയിലെ യോഹന്നാൻ 432-ൽ പൗലോസിനെ ഈജിപ്തിലേക്ക് അയച്ചു. ഈ ദൗത്യനിർവഹണാർഥം അദ്ദേഹം രണ്ടു പ്രാവശ്യം സിറിലിനെ സന്ദർശിച്ച് 433-ലെ ഐക്യഫോർമുലയ്ക്ക് അംഗീകാരം നേടി. നെസ്തോറിയസിന്റെ മുടക്ക് അംഗീകരിക്കുകയും മാക്സിമിയനെ പിൻഗാമിയായി സ്വീകരിക്കുകയും ചെയ്തതിനാൽ, സിറിൽ അദ്ദേഹത്തെ കൂട്ടായ്മയിൽ സ്വീകരിക്കുകയും അലക്സാണ്ട്രിയയിലെ കത്തീഡ്രലിൽ പ്രസംഗിക്കാൻ പല പ്രാവശ്യം ക്ഷണിക്കുകയും ചെയ്തു. അദ്ദേഹം 433-നും 435-നും ഇടയ്ക്ക് മരിച്ചു. അദ്ദേഹത്തിന്റെ ചില പ്രസംഗങ്ങൾ ലഭ്യമാണ്. അവയിൽ അന്ത്യോക്യൻ ചിന്താരീതി ദൃശ്യമാണ്. ദൈവമാതാവ് (*തെയോതോക്കോസ്*) എന്ന പദപ്രയോഗവും ഐക്യഫോർമുലയിലെ ശൈലികളും പ്രസംഗത്തിൽ കാണാവുന്നതാണ്.

## ഹിയെരാപ്പൊളീസിലെ അലക്സാണ്ടർ (5-ാം നൂ.)

ഹിയെരാപ്പൊളീസ് (സിറിയാ എവുഫ്രത്തേസ്യാ) മെത്രാപ്പോലീത്താ ആയിരുന്നു അലക്സാണ്ടർ. അന്ത്യോക്യൻ പാത്രിയർക്കേറ്റിൽ ഉടനീളം അദ്ദേഹം ബഹുമാനിക്കപ്പെട്ടിരുന്നു. ഒരു വലിയ അജപാലകനും ആധ്യാത്മികനേതാവുമായി അറിയപ്പെട്ടിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ അപ്പൊളിനാരിസത്തെ എതിർക്കുകയും അന്ത്യോക്യയിലെ മെലേഷ്യസിന്റെ നിർദേശത്താൽ ഒരു ഡലഗേഷനായി 379-ൽ റോമിൽ പോയി ഡമാസുസ് പാപ്പായെ സന്ദർശിക്കുകയും ചെയ്തു. എഫേസോസ് കൗൺസിലിൽ പൗരസ്ത്യരുടെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. എഫേസോസിനു ശേഷവും നെസ്തോറിയസിനെ പിൻതാങ്ങുകയും ഒത്തുതീർപ്പിനു കൂട്ടാക്കാതിരിക്കുകയും ചെയ്തു. പൗരസ്ത്യരുടെ ഇടയിലെ ഒരു ഗ്രൂപ്പിന്റെ നേതാവായി, 433-ലെ ഐക്യഫോർമുല തിരസ്കരിച്ചു. അദ്ദേഹത്തിന്റെ മനസ്സ് മാറ്റാൻ പല സഭാനേതാക്കന്മാരും സിവിൾ അധികാരികളും ശ്രമിച്ചെങ്കിലും അദ്ദേഹം തന്റെ നിലപാടിൽ ഉറച്ചുനിന്നു. 435-ൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ഈജിപ്തിലെ ഫമോതിസ് ഖനിയിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. തന്റെ നിലപാട് ന്യായീകരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ നിരവധി കത്തുകൾ ലഭിച്ചിട്ടുണ്ട്.



## ദോളിക്കെയിലെ ഹബീബ് (5-ാം നൂ.)

എഫേസോസ് കൗൺസിലിന്റെ അവസരം ദോളിക്കെയിലെ (സിറിയാ എവുഫ്രതേസ്യാ) മെത്രാനും ഹിയെരാപ്പൊളീസിലെ അലക്സാണ്ടറുടെ സഹഗനുമായിരുന്നു ഹബീബ് (അബ്ബീബുസ്). അദ്ദേഹം പൗരസ്ത്യമെത്രാന്മാരുടെ പക്ഷത്തായിരുന്നു. ഐക്യഫോർമുലയ്ക്കുശേഷവും (433) തന്റെ മെത്രാപ്പോലീത്തായോടൊപ്പം അന്ത്യോക്യൻ പദപ്രയോഗങ്ങളെ ന്യായീകരിച്ചു. അക്കാരണത്താൽ 434/5-ൽ സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ചില കത്തുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്.

## സാമസോട്ടയിലെ അന്ത്രയോസ് (5-ാം നൂ.)

എഫേസോസിന്റെ അവസരം അന്ത്രയോസ് സാമസോട്ടയിലെ (സിറിയാ എവുഫ്രത്തേസ്യാ) മെത്രാനായിരുന്നു. സിറിലിന്റെ 12 ശാപങ്ങൾക്കെതിരെ പൗരസ്ത്യമെത്രാന്മാരുടെ പേരിൽ മറുപടി എഴുതാൻ അന്ത്യോക്യയിലെ യോഹന്നാൻ അന്ത്രയോസിനെ നിയോഗിച്ചു. അദ്ദേഹം നേരിട്ട് എഫേസോസ് കൗൺസിലിൽ സംബന്ധിച്ചില്ലെങ്കിലും, അന്ത്യോക്യൻ ചിന്താരീതികൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അന്ത്രയോസിന്റെ മറുപടിയെ ഖണ്ഡിച്ചുകൊണ്ട് എഡേസ്സായിലെ റാബുള എഴുതിയപ്പോൾ, അദ്ദേഹം സുറിയാനിയിൽ ഒരു കത്തെഴുതി. അതിൽ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രശൈലികൾ സുസ്പഷ്ടമാണ്. ഐക്യഫോർമുലയെ ആദ്യം എതിർത്തെങ്കിലും പിന്നീട് അംഗീകരിച്ചു. 455-നോടടുത്ത് മരിച്ചു. അദ്ദേഹത്തിന്റെ കത്തുകളിൽനിന്ന് അദ്ദേഹത്തിന്റെ ക്രിസ്തുശാസ്ത്രശൈലി മനസ്സിലാക്കാം.

## മെലിറ്റീനിലെ അകാചിയസ് (+449)

മെലിറ്റീനിലെ (അർമേനിയാ) അകാചിയസ് അവിടുത്തെ പള്ളിയിലെ വായ നക്കാരനും 384-ൽ മഹാനായ എവുതീമിയസിന്റെ (377-473) ഗുരുവുമായിരുന്നു. 430-നു മുമ്പ് മെത്രാനായി. ഗ്രീക്കുസഭ അദ്ദേഹത്തെ വിശുദ്ധനായി പരിഗണിക്കുകയും ഏപ്രിൽ 17-ന് അനുസ്മരിക്കുകയും ചെയ്യുന്നു. അദ്ദേഹം എഫേസോസ് കൗൺസിലിൽ സിറിലിന്റെ പക്ഷപാതി ആയി, നിർണായകസ്വാധീനം ചെലുത്തി. അവിടെവച്ച് ഒരു പ്രസംഗം നടത്തി. അദ്ദേഹത്തിന്റെ ചില കത്തുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. മൊപ്സുവെസ്ത്യായിലെ മെലേഷ്യസിനെ ഇയാളുടെ അടുത്തേക്കാണ് നാടുകടത്തിയത്.

## എഡേസ്സായിലെ റാബുള (+438)

എഫേസോസ് കൗൺസിലിന്റെ കാലത്ത് റാബുള എഡേസ്സാ (ഒഷ്റേൻ) മെത്രാനായിരുന്നു. അദ്ദേഹത്തിന്റെ സുറിയാനിയിലുള്ള ജീവചരിത്രം ലഭ്യമാണ്. അലെപ്പോയ്ക്കടുത്ത് കെന്നെശ്രീനിൽ (കാൽചിസ്) ജനിച്ച റാബുള ഗ്രീക്കും സുറിയാനിയും പഠിച്ചു. അയാളുടെ പിതാവ് പേഗൻ പുരോഹിതനും അമ്മ ക്രിസ്ത്യാനിയുമായിരുന്നു. അലെപ്പോയിലെ അകാചിയസ്, കെന്നെശ്രീനിലെ എവുസേബിയസ്, അബ്രഹാം എന്ന ഏകാന്തവാസി എന്നിവരുടെ സ്വാധീനത്താൽ ക്രിസ്തുമതത്തിലേക്ക് ആകൃഷ്ടനായി. പലസ്തീനയിൽ നടത്തിയ തീർഥാടനാവസരം യോർദാൻ നദിയിൽ വച്ച് സ്നാനമേറ്റ് ക്രിസ്ത്യാനിയായി. അതിനുശേഷം ഭാര്യയേയും മക്കളേയും വിട്ട് സന്യസിക്കാൻ തുടങ്ങി. തനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ഏകാന്തജീവിതം നയിച്ചുവരവേ എഡേസ്സാ മെത്രാൻ ദിയോജനസ് മരിച്ചപ്പോൾ റാബുള പിൻഗാമിയായി. നവീകരണ തൽപരനായിരുന്ന റാബുള തന്റെ രൂപതയിലെ സന്യാസികളെയും വൈദികരെയും ജനങ്ങളെയും നവീകരിക്കാൻ ശ്രമിച്ചു. പാഷണ്ഡർക്കും വിജാതിയർക്കും യൂദർക്കുമെതിരെ നീങ്ങി. സന്യാസച്ചിട്ടകൾ മെത്രാന്റെ ഭവനത്തിലും നടപ്പാക്കി. സന്യാസജീവിതം പരിപുഷ്ടമാക്കാൻ പരിശ്രമിച്ചു. തന്റെ രൂപതയ്ക്ക് പുറത്തുള്ള സന്യാസികളുമായി ബന്ധം പുലർത്തി.

എഫേസോസ് കൗൺസിലിന്റെ കാലത്ത് റാബുള ആദ്യം പൗരസ്ത്യരോടുകൂടെ നിലയുറപ്പിച്ചു. സിറിലിനെതിരെ യോഹന്നാൻ കൈക്കൊണ്ട നടപടികൾ അംഗീകരിച്ചു. എന്നാൽ പിന്നീട് സിറിലിനോട് കൂടുതൽ അടുക്കുകയും അദ്ദേഹത്തിന്റെ ആരാധകനായി തീരുകയും അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ പ്രഖ്യാപിത ശത്രുവായി തീരുകയും ചെയ്തു. തിയഡോറിന്റെ കൃതികൾക്കെതിരെ ശക്തമായ നിലപാടെടുത്തു. അക്കാലത്ത് എഡേസ്സൻ കലാലയത്തിൽ തിയഡോറിയൻ കൃതികൾ പ്രചരിച്ചിരുന്നു. റാബുള തിയഡോറിയൻ വിരുദ്ധ മനഃസ്ഥിതി പുലർത്തി പ്രചരണം നടത്തുകയും സിറിലിന്റെ കൃതികൾ വിവർത്തനം ചെയ്ത് പ്രചരിപ്പിക്കുകയും ചെയ്തു. ഇത് അന്ത്യോക്യൻ പാത്രിയാർക്കേറ്റിൽ വലിയ കോളിളക്കമുണ്ടാക്കി. സിറിലിനെതിരെ സാമസോട്ടിലെ അന്ത്രയോസ് എഴുതിയതിനെ റാബുള വിമർശിക്കുകയും സിറിലിനെ ന്യായീകരിക്കുകയും ചെയ്തു. പരോപകാര തൽപ്പരനായിരുന്നെങ്കിലും, താത്വിക കാര്യങ്ങളിലെ കടുംപിടുത്തം നിമിത്തം റാബുളയെ പലരും എതിർത്തിരുന്നു. എഡേസ്സയിലെ കലാലയാധ്യക്ഷനായിരുന്ന ഈബാസും റാബുളയും ആശയപരമായി യോജിപ്പിലല്ലായിരുന്നു. ഈബാസ് അന്ത്യോക്യൻ ക്രിസ്തുശാസ്ത്ര ചിന്താഗതിയും റാബുള അലക്സാണ്ട്രിയൻ ചിന്താഗതിയും പുലർത്തി. ഈബാസിനെ റാബുള കലാലയത്തിൽ നിന്നും പട്ടണത്തിൽ നിന്നും പുറത്താക്കി. നെസ്തോറിയസിനെതിരെ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് റാബുള ചെയ്ത പ്രസംഗത്തിന്റെ സൂചനകൾ ലഭിച്ചിട്ടുണ്ട്. പല കത്തുകളുടെയും ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. സിറിലിന്റെ "സത്യവിശ്വാസം" എന്ന കൃതി റാബുള ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു.



റാബുളയുടെ പേരിൽ മൂന്നു സന്യാസനിയമങ്ങൾ അറിയപ്പെടുന്നു: 1. സന്യാസികൾക്കുവേണ്ടി. 2. ഉടമ്പടിയുടെ മക്കൾക്കുവേണ്ടി. 3. സന്യാസികൾക്കുവേണ്ടി. സിറിയായിലെ സന്യാസത്തിന്റെ ആദ്യകാലഘട്ടത്തെപ്പറ്റി അറിയാൻ ഈ നിയമങ്ങൾ സഹായകമാണ്. (ഈ സന്യാസ നിയമങ്ങളുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*, പേ. 10-19). നാല് സുവിശേഷങ്ങളും വെവ്വേറെ ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്ത് നടപ്പാക്കാൻ റാബുള നേതൃത്വം നൽകി.

## തൂണിന്മേൽ ശെമയോൻ (+459)

സ്തംഭതാപസ്സ സന്യാസരീതി സിറിയായിലെ സന്യാസത്തിന്റെ പ്രത്യേകതയാണ്. ഒരാൾക്ക് ഇരിക്കാനും കിടക്കാനും സൗകര്യപ്രദമായ രീതിയിൽ കെട്ടിപ്പൊക്കി അതിന്മേൽ തപസ്സുചെയ്യുന്ന രീതിയായിരുന്നിത്. ആവശ്യമുള്ളപ്പോൾ കയറാനും ഇറങ്ങാനും അവർക്ക് ഗോവണി ഉണ്ടായിരുന്നു. സന്ദർശകർ സൗജന്യമായി നൽകുന്ന ഭക്ഷണപദാർഥങ്ങൾ കഴിച്ച് ജീവിച്ചു. ചിലർ മേൽക്കൂരപോലും ഇല്ലാതെ ചൂടും തണുപ്പും സഹിച്ച് ജീവിച്ചു. കഠിനതാപസ്സരായി ഇക്കൂട്ടർ അറിയപ്പെടുകയും അനുഗ്രഹ പ്രാപ്തിക്കായി വിശ്വാസികൾ ഇവരുടെ പക്കലേക്ക് ഓടിക്കൂടുകയും ചെയ്തിരുന്നു. ഈ താപസ്സരീതി സിറിയായിൽ തുടങ്ങിയ മഹാവിശുദ്ധനാണ് ശെമയോൻ. അദ്ദേഹത്തിന്റെ മാതൃക അനുകരിച്ച് മറ്റുപലരും തൂണിന്മേൽ തപസ്സനുഷ്ഠിച്ചിരുന്നു.

സിറിയായുടെയും സിലീഷ്യയുടെയും അതിർത്തിയിൽ നാലാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത് ശെമയോൻ ജനിച്ചു. കുറേക്കാലത്തെ ആടുമേയ്ക്കലി

നുശേഷം അദ്ദേഹം സന്യാസജീവിതത്തിലേക്കു തിരിഞ്ഞു. രണ്ടുവർഷത്തോളം ചില സന്യാസികളുടെ കൂടെയും പത്തുവർഷം തെൽ ആദാ ആശ്രമത്തിലും ചെലവഴിച്ചശേഷം തെൽ നേഷേയിൽ ഏകാന്തജീവിതം തുടങ്ങി. സിറിയായുടെയും തുർക്കിയുടെയും അതിർത്തിയിലുള്ള വിജനമായ "ദയർ ശീമാൻ" എന്ന് ഇപ്പോൾ തെൽ ആദാ അറിയപ്പെടുന്നു. അവിടെ 412 മുതൽ 459-ൽ മരിക്കുന്നതുവരെ ജീവിച്ചു. തന്നെ സന്ദർശിച്ച ജനക്കൂട്ടത്തിന്റെ ശല്യം ഒഴിവാക്കാൻ ഒരു തൂൺ കെട്ടിപ്പൊക്കി അതിന്മേൽ നിന്നുകൊണ്ട് പ്രാർഥിച്ചു. കാലാന്തരത്തിൽ അതിന്റെ ഉയരം അദ്ദേഹം വർദ്ധിപ്പിച്ചു കൊണ്ടിരുന്നു. അവസാനം അതിന് 16 മീറ്റർ ഉയരവും രണ്ടു മീറ്റർ വിസ്തീർണവും ഉണ്ടായിരുന്നു. തൂണിനു സമീപത്ത് അദ്ദേഹത്തെ ശുശ്രൂഷിക്കുന്ന ശിഷ്യരും തീർഥകരും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഖ്യാതി വളരെ ദൂരെസ്ഥലങ്ങളിലും പരന്നു. രാജാക്കന്മാരുൾപ്പെടെയുള്ള ജനക്കൂട്ടം അദ്ദേഹത്തിന്റെ ഉപദേശം തേടിയെത്തിയിരുന്നു. കേസുകൾ തീർക്കാനും അനുഗ്രഹം പ്രാപിക്കാനും മറ്റുമായി അനുദിനം നിരവധി ആളുകൾ അവിടെ എത്തിയിരുന്നു.

അദ്ദേഹം എഫേസോസ്, കാൽസിഡൺ കൗൺസിലുകളെ പിന്തുണച്ചു. അദ്ദേഹത്തിന്റെ മൂന്നു ജീവചരിത്രങ്ങൾ ലഭ്യമാണ്: 1. തിയഡൊറേറ്റിന്റെ സന്യാസചരിത്രത്തിലുള്ളത്. 2. ആന്റണി എന്ന സന്യാസശിഷ്യൻ രചിച്ചത്. 3. സുറിയാനിയിൽ ആരോ രചിച്ചത്. അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് വളരെ കുറച്ചേ നമുക്കു ലഭിച്ചിട്ടുള്ളൂ. രണ്ടുമൂന്ന് കത്തുകളുടെ ചില ഭാഗങ്ങളേ അവശേഷിക്കുന്നുള്ളൂ. ലെയോ ചക്രവർത്തിക്കും കഫ്രാ റഹീമായിലെ യാക്കോബിനും അയച്ചെന്നു പറയപ്പെടുന്ന കത്തുകൾ അദ്ദേഹത്തിന്റേതല്ല.

അദ്ദേഹം പ്രാർഥിച്ചിരുന്നിടം പിൽക്കാലത്ത് ഒരു വലിയ തീർഥാടനകേന്ദ്രമായി. അവിടെ കുരിശാകൃതിയിൽ ഒരു വലിയ ബസിലിക്കാ ഉയർന്നുവന്നു. നാലു വശങ്ങളിലേക്കുമുള്ള നാലു വലിയ പള്ളികളാണവ. നാലും ചേരുന്നിടത്തായിരുന്നു അദ്ദേഹത്തിന്റെ സ്തംഭം. അവിടെ സന്യാസികളുടെ ഒരു വലിയ സമൂഹം ഉടലെടുത്തു. അവർക്ക് താമസിക്കാനുള്ള കെട്ടിടങ്ങളും തീർഥകർക്ക് പാർക്കാനുള്ള മുറികളും സന്യസ്തർ മരിക്കുമ്പോൾ സംസ്കരിക്കാനുള്ള ഇടവും ദീർഘനാൾ നിലനിന്നു. കാലക്രമത്തിൽ പല പല കാരണങ്ങളാൽ അവ തകർന്നടിഞ്ഞ് നഷ്ടക്കൂമ്പാരമായി മാറി. ഇന്നത് സിറിയായിലെ ഒരു വിജനപ്രദേശമാണ്. വല്ലപ്പോഴുമെത്തുന്ന വിദേശികൾ അവിടെ സന്ദർശിച്ച് കടന്നുപോകുന്നു.

## അന്ത്യോക്യയിലെ ദോമ്നുസ് (441/2–449)

വിശുദ്ധ എവുതീമിയസിന്റെ ലൗറായിലെ ഒരു സന്യാസി ആയിരുന്നു ദോമ്നുസ്. യോഹന്നാന്റെ പിൻഗാമിയായി 441/2-ൽ അദ്ദേഹം അന്ത്യോക്യൻ മെത്രാനായി. എവുതീക്കൂസിന്റെ ഏകസ്വഭാവ വാദത്തെ എതിർത്തതിനാൽ, അലക്സാണ്ട്രിയായിലെ ദിയസ്കോറോസ് അദ്ദേഹത്തെ വിമർശിക്കുകയും എഡേസ്സായിലെ ഈബാസിനെ "നെസ്തോറിയൻ" എന്ന് മുദ്രകുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എഫേസോസിലെ തസ്കരസിനഡിൽ (449) അദ്ദേഹം തന്റെ നിലപാടുമാറ്റി. എന്തു കാരണത്താലാണ് അപ്രകാരം ചെയ്തതെന്ന് അറിവില്ല. അവിടെവച്ച് എവുതീക്കെസിനെ പിൻതുണച്ചു. കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ, ഡോറിലേയുമിലെ എവുസേബിയസ്, ഹാറാനിലെ ദാനിയേൽ, ടയറിലെ ഐറേനിയസ്, സൈറസിലെ തിയഡൊറെറ്റ് എന്നിവരെ മുടക്കുന്നതിലും ഒപ്പുവച്ചു. എന്നിട്ടും അദ്ദേഹത്തിന്റെ മുൻകാല പശ്ചാത്തലം പരിഗണിച്ച് തസ്കരസിനഡ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയിട്ട് അന്ത്യോക്യയിൽ മറ്റൊരാളെ നിയമിച്ചു. കാൽസിഡൺ കൗൺസിൽ അദ്ദേഹത്തിന്റെ പ്രശ്നം ചർച്ചചെയ്തു. തസ്കരസിനഡിൽ അദ്ദേഹം സ്വീകരിച്ച നിലപാടിന്റെ പേരിൽ അദ്ദേഹത്തിന് സിനഡ് രൂപതാഭരണം നൽകിയില്ല. അദ്ദേഹത്തിന്റെ ചില കത്തുകളും ചില രേഖാശകലങ്ങളും നമുക്ക് കിട്ടിയിട്ടുണ്ട്.

## ഹിയെരാപ്പൊളീസിലെ സ്റ്റീഫൻ I (5-ാം നൂ.)

ഹിയെരാപ്പൊളീസിലെ യോഹന്നാന്റെ പിൻഗാമിയായി 445-ൽ സ്റ്റീഫൻ മെത്രാനായി. പേറേയിലെ അത്തനാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കാൻ കൂടിയ സിനഡിൽ സ്റ്റീഫൻ സംബന്ധിച്ചു. തസ്കരസിനഡിൽ എവുതീക്കെസിന് അനുകൂലമായും കാൽസിഡൺ കൗൺസിലിൽ പ്രതികൂലമായുമുള്ള നിലപാടെടുത്തു.

## ബെറീത്തൂസിലെ എവുസ്താത്യോസ് (5-ാം നൂ.)

ബെറീത്തൂസിലെ മെത്രാനും സിറിലിന്റെ ചിന്താഗതിക്കാരനുമായിരുന്നു എവുസ്താത്യോസ്. തസ്കരസിനഡിൽ ഈബാസിനും ഫ്ളാവിയനും എതിരായും എവുതീക്കെസിന് അനുകൂലമായുമുള്ള നിലപാട് സ്വീകരിച്ചു. കാൽസിഡൺ കൗൺസിലിൽ തന്റെ പദപ്രയോഗങ്ങൾ മുറുകെപ്പിടിക്കാൻ ശ്രമിച്ചെങ്കിലും, അവസാനം കൗൺസിൽ തീരുമാനങ്ങൾ അംഗീകരിച്ചു. കൗൺസിലിനെ എതിർത്ത തിമോതി ഐലൂറോസിനെതിരെ എഴുതിയ ഒരു കൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളൂ.

## എഡേസ്സായിലെ ഈബാസ് (435–457)

എഡേസ്സായിൽ റാബുളയുടെ പിൻഗാമിയായി 435-ൽ ഈബാസ് മെത്രാനായി. അതിനുമുമ്പ് അദ്ദേഹം എഡേസ്സയിലെ കലാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. അന്ത്യോക്യൻ ചിന്താധാര സ്വായത്തമാക്കിയതിനാൽ, റാബുളയുമായി അഭിപ്രായവ്യത്യാസമുണ്ടായി. റാബുള അദ്ദേഹത്തെ കലാലയത്തിൽ നിന്ന് പുറത്താക്കി. ഈ കാലത്താണ് "മാരിക്കുള്ള കത്ത്"

ഈബാസ് എഴുതിയെന്നു പറയപ്പെടുന്നത്. പിൽക്കാലത്ത് ഈ കത്ത് വലിയ ഒച്ചപ്പാടിന് ഇടയാക്കി. തിയഡോറിന്റെ കൃതികൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യാൻ അദ്ദേഹം നേതൃത്വം നൽകി. റാബുളയുടെ ചിന്താ ധാര പുലർത്തിയ ജനങ്ങൾ ഈബാസിനെതിരെ നീങ്ങി. എന്നാൽ ടയർ-ബെറീത്തൂസ് സിനഡ് അദ്ദേഹത്തെ കുറ്റവിമുക്തനാക്കി. തസ്കരസിനഡ് (449) "മാരിക്കുള്ള കത്ത്" വായിക്കുകയും ഈബാസിനെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു. കാൽസിഡൺ കൗൺസിലിന്റെ രണ്ടാമത്തേതും പത്താമത്തേതും സെഷനുകളിൽ ഈബാസിന്റെ പ്രശ്നം ചർച്ചചെയ്ത് അദ്ദേഹത്തെ രൂപതയിൽ പുനഃപ്രതിഷ്ഠിച്ചു. മരിക്കുന്നതുവരെ അദ്ദേഹം സഭാ ഭരണം നടത്തി.

അദ്ദേഹം സുഭാഷിതങ്ങൾക്ക് ഒരു ഭാഷ്യമെഴുതി. "ഭാഷ്യങ്ങളും പ്രബോധനങ്ങളും അബദ്ധോപദേശകർക്കെതിരെയുള്ള സംവാദങ്ങളും എഴുതി" എന്ന് അബ്ദീശോ തന്റെ *കാറ്റലോഗിൽ* പറയുന്നു. മാരിക്കുള്ള കത്തൊഴിച്ച് രേഖാ ശകലങ്ങൾ മാത്രമേ അദ്ദേഹത്തിൽ നിന്ന് നമുക്ക് കിട്ടിയിട്ടുള്ളു. അഞ്ചാം സാർവത്രിക സിനഡിൽ (553) മാരിക്കുള്ള കത്ത് പാഷണ്ഡതാരേഖയായി ശപിച്ചുതള്ളി. ഏകസ്വഭാവവാദികളെ തൃപ്തിപ്പെടുത്തി കത്തോലിക്കാസഭുടെ ഐക്യത്തിലേക്ക് കൊണ്ടുവരാമെന്നു കരുതിയാണ് ജസ്റ്റീനിയൻ ചക്രവർത്തി ഈ രേഖ ഉൾപ്പെടെ "മൂന്നധ്യായങ്ങളെ" ശപിച്ചത്. മാരിക്കുള്ള കത്തിന്റെ ഇംഗ്ലീഷ് വിവർത്തനത്തിന്: ജി.ചേടിയത്ത്, *സഭാപിതാക്കന്മാർ -3*, കോട്ടയം, 2000,പേ.217-220.

## സെവുഡോ-മർതീരിയൂസ്

വി. ജോൺ ക്രിസൊസ്തോമിന്റെ ഒരു ജീവചരിത്രം ഒരു മർതീരിയുസിന്റെ പേരിൽ അറിയപ്പെടുന്നു. അയാൾ അന്ത്യോക്യൻ മെത്രാൻ മർതീരിയൂസാണെന്ന് (459-471) കരുതപ്പെട്ടിരുന്നു. ക്രിസൊസ്തോമിന്റെ ജീവചരിത്രങ്ങളെ ആധാരമാക്കി ആരോ എഴുതിയ ഒരു ചരമപ്രസംഗമാണിത്. ഇത് ഒരു സാഹിത്യശൈലിയാണ്. പ്രസ്തുത ശൈലി ഉപയോഗിച്ച് പിൽക്കാലത്ത് ആരോ എഴുതിയതാണിത്. എന്നാൽ ഇത് അവതരിപ്പിച്ചിരിക്കുന്നത് 407/8-ൽ നടത്തിയ ചരമപ്രസംഗമായിട്ടത്രേ. അതുകൊണ്ടാണ് സെവുഡോ-മർതീരിയൂസ് എന്നു വിളിക്കുന്നത്.

## പീറ്റർ ഫുള്ളർ

അന്ത്യോക്യയിലെ ആദ്യത്തെ കാൽസിഡൺ വിരുദ്ധ മെത്രാനായിരുന്നു പീറ്റർ. അദ്ദേഹം 471-നും 488-നും ഇടയ്ക്ക് ഒന്നിലേറെ പ്രാവശ്യം അന്ത്യോക്യയിൽ ഭരണം നടത്തി. ഫുള്ളർ എന്നതിനർത്ഥം അലക്കുകാരൻ എന്നാണ്. അദ്ദേഹം കാൽസിഡണിനടുത്തുള്ള ഒരാശ്രമത്തിൽ 465-ഓടുകൂടി സന്യാസിയായിരുന്നു. പ്രസ്തുത ആശ്രമം കാൽസിഡൺ കൗൺസിലിനെ



പിൻതുണച്ചിരുന്നു. അക്കാരണത്താൽ പീറ്റർ അവിടം വിട്ട് അന്ത്യോക്യയിലേക്ക് പോകുകയും കാൽസിഡൺ വിരുദ്ധചിന്താഗതികൾ പ്രചരിപ്പിക്കുകയും സ്ഥലത്തെ മെത്രാനായ മർതീരിയൂസിന്റെ സ്ഥാനത്ത് 471-ൽ മെത്രാനാകുകയും ചെയ്തു. എന്നാൽ അയാൾക്ക് വളരെ കുറച്ചുനാൾ മാത്രമേ മെത്രാസനത്തിൽ കഴിയാൻ സാധിച്ചുള്ളു. രാഷ്ട്രീയ തകിടംമറിച്ചിലുകൾക്കനുസരിച്ച് പീറ്ററിന്റെ കസേരയും ഇളകുകയും ഉറയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. ബസിലിസ്കസ് എന്ന നുഴഞ്ഞുകയറ്റക്കാരൻ ചക്രവർത്തിയായപ്പോൾ പീറ്റർ രണ്ടാമതും (475-77) അന്ത്യോക്യൻ മെത്രാനായി. ബസിലിസ്കസ് നിലംപതിച്ചപ്പോൾ പീറ്ററും നിഷ്കാസിതനായി. എവുക്കായ്തായിലേക്ക് നാടുകടത്തപ്പെട്ടു. സേനോയുടെ "ഹെനോട്ടിക്കോന്റെ" പിൻബലത്തിൽ പീറ്റർ മൂന്നാമതും (485-488)സിംഹാസനാരൂഢനായി.

അലക്സാണ്ട്രിയൻ മെത്രാനായ പീറ്റർ മോൺഗൂസിനയച്ച ഒരു സിനഡൽ ലേഖനം പീറ്ററിൽ നിന്നുള്ള ഒരു രേഖയാണ്. സെവുഡോ-ഡയനീഷ്യസിന്റെ കൃതികൾ ചിലർ പീറ്ററുമായി ബന്ധിക്കുന്നു. ഈ കൃതികളിൽ കാണുന്ന പല ഭാഗങ്ങളും പീറ്ററിന്റെ ആരാധനക്രമനവീകരണങ്ങളുമായി ചേർന്നുപോകുന്നതാണ്. മൂറോൻ കൂദാശ, ദനഹാരാത്രിയിലെ സ്നാനജലത്തിന്മേലുള്ള റൂഹാക്ഷണപ്രാർഥന, എല്ലാ പ്രാർഥനകളുടെയും അവസാനം "തെയൊതോക്കോസിനെ" വിളിച്ചു പ്രാർഥിക്കുന്നത്. ത്രൈശുദ്ധകീർത്തനത്തോടു കൂടെ, "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ" എന്നു ചേർത്ത് അത് ഒരു ക്രിസ്തോന്മുഖ പ്രാർഥനയാക്കിയതാണ് പീറ്ററിന്റെ ഏറ്റവും വലിയ നവീകരണം. അത് കാൽസിഡൺ അനുകൂല സർക്കിളുകളിൽ ശക്തമായ പ്രതികരണം ഉണ്ടാക്കി.

## ബെറീത്തൂസിലെ യോഹന്നാൻ (5-ാം നൂ.)

കാൽസിഡൺ പക്ഷപാതിയായിരുന്നു ബെറീത്തൂസ് മെത്രാൻ യോഹന്നാൻ. സെവേരൂസിന്റെ ജീവചരിത്രത്തിൽ സക്കറിയാസ് സ്കൊളാസ്തിക്കുസ് യോഹന്നാനെപ്പറ്റി പരാമർശിക്കുന്നു. അദ്ദേഹത്തിന്റെ ഒരു "പാസ്കൽ ഹോമിലി" മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

## ഗാബാലായിലെ യോഹന്നാൻ (6-ാം നൂ.)

ഗാബാലാ (സിറിയാ പ്രീമാ) മെത്രാനായിരുന്നു യോഹന്നാൻ. ജസ്റ്റീനിയൻ ചക്രവർത്തി 532-ൽ കാൽസിഡൺ അനുകൂലികളെയും വിരുദ്ധരെയും ഒരൈക്യചർച്ചയ്ക്ക് ക്ഷണിച്ചു. ഈ യോഹന്നാൻ കാൽസിഡൺ വിരുദ്ധരുടെ ഒരു പ്രതിനിധി ആയിരുന്നു. ഇയാൾ രചിച്ച "സെവേരൂസിന്റെ ജീവചരിത്രത്തിന്റെ" ചില ശകലങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

## യോഹന്നാൻ ബർ അഫ്തോണിയാ (+537)

ജസ്റ്റീനിയൻ ചക്രവർത്തി വിളിച്ചുകൂട്ടിയ ഐക്യചർച്ചയിൽ കാൽസിഡൺ വിരുദ്ധരുടെ ഒരു പ്രതിനിധിയായിരുന്നു യോഹന്നാൻ. അദ്ദേഹം യൂഫ്രട്ടീസിന്റെ പടിഞ്ഞാറേ തീരത്തുള്ള കെന്നെശ്രീൻ ആശ്രമാധ്യക്ഷനായിരുന്നു. ഈ ആശ്രമം അദ്ദേഹമാണ് സ്ഥാപിച്ചത്. കാൽസിഡൺ വിരുദ്ധരുടെ വലിയൊരു പഠനകേന്ദ്രമായിരുന്നു ഇത്. ഹെറാക്ലെയായിലെ തോമസ്, എഡേസ്സായിലെ യാക്കോബ് (+708), സെവേരൂസ് സെബോക്ത് (+667) ആദിയായവർ ഈ ആശ്രമത്തിലെ അധ്യാപകരായിരുന്നു. യോഹന്നാന് ഗ്രീക്കും സുറിയാനിയും അറിയാമായിരുന്നു. മേൽപറഞ്ഞ ഐക്യചർച്ചയുടെ ഒരു വിവരണം അയാൾ എഴുതിയിട്ടുണ്ട്. അയാളുടെ കൃതികളുടെ ചില ഭാഗങ്ങളേ നമുക്ക് ലഭിച്ചിട്ടുള്ളു. അയാളുടെ ഒരു ശിഷ്യൻ അയാളുടെ ഒരു ജീവചരിത്രം എഴുതിയിട്ടുണ്ട്. അയാൾ 475-നും 483-നും ഇടയ്ക്ക് ജനിച്ചു. ഒറോന്തസിന്റെ തീരത്തുള്ള സെലൂഷ്യയിലെ ഒരാശ്രമത്തിൽ അംഗമായി. പിന്നീട് ആശ്രമാധ്യക്ഷനായി. അന്ത്യോക്യയിലെ എഫ്രേമിന്റെ കാലത്ത് (526-545) ഈ ആശ്രമത്തിലെ സന്യാസികൾ കാൽസിഡൺ വിരുദ്ധരാകുകയും ആശ്രമം വിട്ടുപോകുകയും ചെയ്തു. അവിടെ നിന്നിറങ്ങിയാണ് ഇയാൾ കെന്നെശ്രീൻ ആശ്രമം സ്ഥാപിച്ചത്. അഫ്തോണിയാ എന്നത് അമ്മയുടെ പേരാണ്. ജനനത്തിനുമുമ്പ് അപ്പൻ മരിച്ചതിനാൽ അമ്മയുടെ പേരിൽ യോഹന്നാൻ ബർ അഫ്തോണിയാ എന്ന് അറിയപ്പെട്ടു.

## സേർജിയൂസ് ഗ്രമ്മാത്തിക്കുസ് (6-ാം നൂ.)

അന്ത്യോക്യയിലെ സെവേരൂസിന്റെ സമകാലീനനായ ഒരു വ്യാകരണകാരനോ താത്വികനോ ആയിരുന്നു സേർജിയൂസ്. സെവേരൂസുമായുള്ള എഴുത്തുകുത്തുകളിലൂടെ ഇയാൾ അറിയപ്പെടുന്നു. ഇയാൾ സെവേരൂസിന് അയച്ചതും സെവേരൂസ് ഇയാൾക്ക് അയച്ചതുമായ ആറ് കത്തുകൾ കല്ലിനിക്കസിലെ പൗലോസ് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. കടുത്ത ഏകസ്വഭാവ ഫോർമുലകളാണ് ഇയാൾ ഉപയോഗിച്ചത്: “ക്രിസ്തുവിലെ അവാച്യമായ ഐക്യത്തിനുശേഷം നമ്മൾ രണ്ട് സ്വഭാവങ്ങളെപ്പറ്റിയും രണ്ട് സവിശേഷതകളെപ്പറ്റിയും സംസാരിക്കുന്നില്ല”. അയാൾ ക്രിസ്തുവിൽ ഏകസത്ത മാത്രം ഏറ്റുപറയുന്നു. ഈ ഏകസത്തയിൽ നിന്ന് നവീനവും അനന്യവുമായ ഒരു സവിശേഷത ഉണ്ടാകുന്നു. ഇത് കന്യകയിൽ നിന്നുള്ള ജനനത്തിലും സ്വാഭാവിക ചാച്ചിലിൽ നിന്നുള്ള സ്വാതന്ത്ര്യത്തിലും പാപരാഹിത്യത്തിലും ഉത്ഥാനത്തിലും പ്രകടമാകുന്നു. അയാളുടെ നവീന പദപ്രയോഗങ്ങൾ നിമിത്തം സെവേരൂസ് തന്നെയും അയാളെ എതിർത്തു.

## ജോബിയൂസ് സന്യാസി (6-ാം നൂ.)

ജോബിയൂസ് എന്ന സന്യാസി “സെവേരൂസിനെതിരെ”, “അവതരിച്ച വചനത്തെപ്പറ്റി” എന്നിങ്ങനെ രണ്ടു കൃതികൾ എഴുതിയതായി ഫോസിയൂസ് സൂചിപ്പിക്കുകയും രണ്ടാമത്തെ കൃതിയിൽ നിന്ന് ഉദ്ധരിക്കുകയും ചെയ്യുന്നു. ഏകസ്വഭാവവാദികൾക്കെതിരെ അദ്ദേഹം കാൽസിഡൺ ക്രിസ്തുശാസ്ത്രം ഉയർത്തിപ്പിടിച്ചു. ബിസാൻസ്യത്തിലെ ലെയോൺഷ്യൂസിന്റെ ശൈലിയിലാണ് അയാളുടെ കൃതി. ഇതിന്റെ ചില രേഖാശകലങ്ങൾ “ലൂക്കൻ കത്തേനകളിൽ” ലഭ്യമാണ്.



## അന്ത്യോക്യയിലെ എഫ്രേം (527-545)

എവുഫ്രാസ്യൂസിനുശേഷം എഫ്രേം അന്ത്യോക്യാ പാത്രിയർക്കീസായി. അദ്ദേഹം നേരത്തെ ഒരു സർക്കാരുദ്യോഗസ്ഥനായിരുന്നു. ഭൂമികുലുക്കത്തിൽ തകർന്ന അന്ത്യോക്യൻ നഗരത്തെ പണിതുയർത്താൻ കാണിച്ച ശുഷ്കാന്തി നിമിത്തം ജനങ്ങൾ അയാളെ മെത്രാനാക്കി. അയാൾ ഏകസ്വഭാവവാദികൾക്കെതിരെ ശക്തിയായി നിലകൊണ്ട കാൽസിഡൺ വാദിയായിരുന്നു. എഫേസോസിലെ യോഹന്നാൻ ഇക്കാര്യം സൂചിപ്പിക്കുന്നു. ക്രിസ്തുശാസ്ത്രത്തിൽ അലക്സാണ്ട്രിയൻ ഭാഷ്യവും ത്രൈശുദ്ധകീർത്തനത്തിൽ പീറ്റർ ഫുള്ളർ നടത്തിയ കൂട്ടിച്ചേർക്കലും അംഗീകരിച്ചില്ല. അയാൾ ഒരിജനിസത്തെയും ശക്തിയായി എതിർത്തു. അയാളുടെ നിരവധി കൃതികളെപ്പറ്റി ഫോസിയസ് സൂചിപ്പിക്കുന്നെങ്കിലും നമുക്ക് ചില രേഖാശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

## ലവദീക്യായിലെ കോൺസ്റ്റൻടൈൻ (+553)

സിറിയായിൽ ലവദീക്യാ മെത്രാനായിരുന്ന കോൺസ്റ്റൻടൈൻ കാൽസിഡൺ വിരുദ്ധ ക്യാമ്പിലായിരുന്നു. സെവേരൂസിനെ മെത്രാനായി 512-ൽ വാഴിച്ചവരിൽ ഒരാളായിരുന്നു അയാളുടെ മുൻഗാമിയായ നിസിയാസ്. കോൺസ്റ്റൻടൈനും മെത്രാനാകുന്നതിനു മുമ്പ് സർക്കാരുദ്യോഗസ്ഥനായിരുന്നു. കാൽസിഡൺ അനുഭാവിയായ ചക്രവർത്തിയുടെ കാലത്ത് (519) അയാൾ നാടുകടത്തപ്പെട്ടു. മറ്റ് അൻപത് സിറിയൻ മെത്രാന്മാരോടൊപ്പം അയാൾ ഈജിപ്തിലേക്ക് കടന്നു. ജസ്റ്റീനിയന്റെ കാലത്തുള്ള കാൽസിഡൺ വിരുദ്ധ മെത്രാന്മാരിൽ പ്രമുഖനായിരുന്നു അയാൾ. സെവേരൂസ് അയാൾക്ക് കത്തുകൾ അയച്ചിരുന്നു. സുറിയാനിയിൽ ചില കൃതികളുടെ രേഖാശകലങ്ങൾ ലഭ്യമാണ്. അയാൾ മരിച്ചപ്പോൾ ദൊമേസ്യൂസ് പിൻഗാമിയായി.

## നിസിബിസിലെ പൗലോസ് (551-571)

പേർഷ്യൻ സഭയിലെ ഒരു വലിയ വേദപുസ്തകവ്യാഖ്യാതാവും ദൈവശാസ്ത്രജ്ഞനും നിസിബിസ് മെത്രാനുമായിരുന്നു പൗലോസ്. അദ്ദേഹം ഹദിയാബിൽ ഒരു ദൈവശാസ്ത്ര കലാലയം ഏതാണ്ട് 30 വർഷത്തോളം നയിച്ചു. അതിനുശേഷം 551-ൽ നിസിബിസ് മെത്രാനായി. ജസ്റ്റീനിയൻ കോൺസ്റ്റാന്റിനോപ്പിളിൽ വിളിച്ചുകൂട്ടിയ ഐക്യചർച്ചയിൽ പേർഷ്യൻ ഡലഗേഷനെ നയിച്ചത് പൗലോസാണ്. അവിടെ വച്ച് അന്ത്യോക്യൻ ക്രിസ്തു

ശാസ്ത്രം അവതരിപ്പിച്ചു. എന്നാൽ പ്രസ്തുത ചർച്ചയ്ക്കും സഭകളെ ഒന്നിപ്പിക്കാൻ കഴിഞ്ഞില്ല. പൗലോസ് തിരുലിഖിതത്തന് ഒരാമുഖം രചിച്ചു. ജുനീലിയുസിന്റെ ഒരു ലത്തീൻ കൃതിയുടെ അടിസ്ഥാനം ഇതായിരുന്നു. ഫ്രാൻസിലും തെക്കൻ ജർമനിയിലും 9-ാം നൂറ്റാണ്ടിൽ ഈ കൃതിക്ക് നല്ല പ്രചരണം ലഭിച്ചു. - 'പേർഷ്യാക്കാരൻ പൗലോസ്' എന്നറിയപ്പെടുന്ന ആളുമായി ചിലർ അദ്ദേഹത്തെ താദാത്മ്യപ്പെടുത്തുന്നു. പേർഷ്യാക്കാരൻ പൗലോസ് അരിസ്റ്റോട്ടലിന്റെ കൃതിക്ക് ഗ്രീക്കിൽ വ്യാഖ്യാനമെഴുതി. അത് സെവേരൂസ് സെബോക്ത് (+667) സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. ഫൊതീനുസ് എന്ന മനിക്കേയനുമായുള്ള തർക്കത്തിൽ പൗലോസ് ക്രിസ്ത്യാനികളെ പ്രതിനിധീകരിച്ചു.

## യാക്കോബ് ബുർദാനാ (+578)

കാൽസിഡൺ വിരുദ്ധർക്ക് ശക്തിയായ അടിത്തറ ഉണ്ടാക്കിക്കൊടുത്തത് യാക്കോബാണ്. കാൽസിഡൺ കാലം മുതൽ നൂറുവർഷം കൊണ്ട് (451 -551) കാൽസിഡൺവിരുദ്ധർ ഏതാണ്ട് ഇരുപതോളം അവാന്തരവിഭാഗങ്ങളായി തീർന്നിരുന്നു. "ത്രിത്തെയിസ്റ്റുകൾ", "അഫ്താർതോ-ഡോസെറ്റിസ്റ്റുകൾ", "കൊറുപ്തിക്കൊളേ", "തെയോപാസ്ക്കീത്തർ", "ക്തിസോലാത്രി", "ഗയ്യാനീത്തർ" എന്നീ വിഭാഗങ്ങൾ അവയിൽ ചിലതാണ്. ഇവരെയൊക്കെ ഒരു തരത്തിൽ ഒന്നിപ്പിച്ചു കൊണ്ടുപോയി ഒരു സമാന്തര കാൽസിഡൺവിരുദ്ധ ഹയരാർക്കി പശ്ചിമേഷ്യയിൽ രൂപീകരിച്ചത് യാക്കോബാണ്. ഈ യാക്കോബിൽ നിന്നാണ് കാൽസിഡൺ വിരുദ്ധർ യാക്കോബായക്കാർ എന്ന് അറിയപ്പെടുന്നത്. യാക്കോബ് ബുർദാനാ (ബുർദായാ) എന്ന് ഇയാൾ അറിയപ്പെടുന്നു. ഒട്ടകജീനി പുതച്ച് വേഷപ്രച്ഛന്നനായിട്ടായിരുന്നു അദ്ദേഹം യാത്ര ചെയ്തിരുന്നത്. രാജസേവകന്മാരുടെ അറസ്റ്റ് ഭയന്നാണ് ഇപ്രകാരം വേഷം മാറി നടന്നത്. അതുകൊണ്ടാണ് "ബുർദാനാ" എന്ന് പേരുണ്ടായത്.

തെല്ലാ ദ്മൗസേലാത് (തുർക്കിയിലെ വെരാൻസെഹീർ) എന്ന പട്ടണത്തിലാണ് യാക്കോബ് ജനിച്ചത്. ഈസ്ലാമലയിലെ പ്ശിൽതാ ആശ്രമത്തിൽ ചേർന്ന് സന്യാസം അഭ്യസിച്ചു. ആ സ്ഥലത്തെ കാൽസിഡൺ വിരുദ്ധരുടെ പ്രതിനിധി എന്ന നിലയിൽ 527/8-ൽ കോൺസ്റ്റാന്റിനോപ്പിളിലേക്ക് വിളിക്കപ്പെട്ടു. തുടർന്നങ്ങോട്ട് ആ കൂട്ടരുടെ ശക്തനായ പോരാളിയായി പ്രവർത്തിച്ചു. ജസ്റ്റീനിയൻ 536-ൽ കാൽസിഡൺവിരുദ്ധ മെത്രാന്മാരെയെല്ലാം കോൺസ്റ്റാന്റിനോപ്പിളിൽ വീട്ടുതടങ്കലിൽ പാർപ്പിച്ചതിനാൽ, അക്കൂട്ടർക്ക് നാട്ടിലുടനീളം മെത്രാന്മാരില്ലാതെ വന്നു. അക്കാലത്ത് അവർ "അസെഫലോയ്" (*തലവനില്ലാത്തവർ*) എന്നാണ് അറിയപ്പെട്ടിരുന്നത്. അതിനുമുമ്പ് കാൽസിഡൺ അംഗീകരിക്കുന്നതിന് ചില നിബന്ധനകളുണ്ടെന്ന് വാദിച്ചവർ എന്ന അർത്ഥത്തിൽ "ദിയാക്രിനോമെനോയ്" എന്ന് കാൽസിഡൺ വിരുദ്ധർ വിളിക്കപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിളിൽ പാർത്തിരുന്ന അലക്സാ



ണ്ട്രിയൻ കാൽസിഡൺവിരുദ്ധ മെത്രാൻ തിയഡോഷ്യസിൽ നിന്ന് യാക്കോബ് 542/3-ൽ രഹസ്യമായി എഡേസ്സാ മെത്രാനായി പട്ടമേറ്റു.

യാക്കോബ് വേഷപ്രച്ഛന്നനായി ചുറ്റിനടന്ന് വൈദികരെയും മെത്രാന്മാരെയും വാഴിച്ച് ഒരു സമാന്തര കാൽസിഡൺവിരുദ്ധ ഹയരാർക്കി സ്ഥാപിച്ചു. സേർജിയുസ് എന്നയാളെ 557-ൽ യാക്കോബ് മെത്രാനാക്കി "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന് പേരു വിളിച്ചു. എന്നാൽ അപ്പോൾ കാൽസിഡൺ അനുകൂലികളുടെ പാത്രിയർക്കീസ് അന്ത്യോക്യയിൽ ഉണ്ടായിരുന്നതിനാൽ സേർജിയൂസും തുടർന്നു വന്നവരും സിറിയായിലെ ആശ്രമങ്ങളിൽ താമസിച്ചു. യാക്കോബ് ഒരു യോഹന്നാനെ 558-ൽ എഫേസോസിന്റെ സ്ഥാനിക മെത്രാനായി വാഴിച്ചു. "എഫേസോസിലെ യോഹന്നാൻ" എന്നും "ഏഷ്യയിലെ യോഹന്നാൻ" എന്നും ഇയാൾ അറിയപ്പെട്ടു. പേർഷ്യയിലെ യാക്കോബായക്കാർക്കുവേണ്ടി യാക്കോബ് 559-ൽ ആഹൂദെമ്മെയെ "പൗരസ്ത്യ മെത്രാപ്പോലീത്താ" എന്ന നാമത്തിൽ വാഴിച്ചു. സേർജിയുസ് പാത്രിയർക്കീസ് മരിച്ചപ്പോൾ (560/1), പൗലോസ് ദ്ബേത് ഊക്കാമാ എന്നയാളെ 564-ൽ "അന്ത്യോക്യാപാത്രിയർക്കീസായി" യാക്കോബ് വാഴിച്ചു. യാക്കോബിനെ മെത്രാനാക്കിയ തിയഡോഷ്യസ് 566-ൽ മരിച്ചു. ഏകസ്വഭാവവാദികളുടെ ഇടയിലെ വിവിധ വിഭാഗക്കാരെ ഒന്നിച്ചുചേർക്കാൻ ജസ്റ്റിൻ ചക്രവർത്തി വിളിച്ചുകൂട്ടിയ യോഗത്തിൽ (566) യാക്കോബും പങ്കെടുത്തു. കാൽസിഡൺ അനുയായികളുമായും ചർച്ച നടന്നെങ്കിലും ഗണ്യമായ ഫലമുണ്ടായില്ല. ഏകസ്വഭാവവാദികളുടെ ഇടയിലെ കലഹങ്ങൾക്ക് അവസാനം ഉണ്ടായില്ല. അന്ത്യോക്യയിലെ പൗലോസും യാക്കോബും തമ്മിലുള്ള കലഹങ്ങൾ പരസ്യമായിരുന്നു. യാക്കോബ് 578-ൽ മരിച്ചു. യാക്കോബിന്റെ പേരിൽ സുറിയാനിയിൽ ചില കൃതികൾ അറിയപ്പെട്ടിരുന്നു. പത്ത് കത്തുകളും ചില കത്തുകളുടെ ഭാഗങ്ങളും ലഭിച്ചിട്ടുണ്ട്. അതുപോലെ യാക്കോബിന്റെ പേരിൽ ഒരു അനാഫറായും പ്രചരിക്കുന്നു.

## പൗലോസ് ദ്ബേത് ഊക്കാമാ (+582)

ആറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പൗലോസ് അലക്സാണ്ട്രിയായിൽ ജനിച്ചു. കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസ് തിയഡോഷ്യസിന്റെ *സിൻചെല്ലുസായി* സഭാസേവനം നടത്തി. "അന്ത്യോക്യാ പാത്രിയർക്കീസ്" സേർജിയുസ് മരിച്ചപ്പോൾ പൗലോസ് "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന പേരിൽ തെല്ലായുടെ മെത്രാനായി. ഏകസ്വഭാവവാദികളുടെ ഇടയിലെ മിതവാദി ആയിരുന്നു അയാൾ. സഭയിൽ ഐക്യമുണ്ടാക്കണമെന്ന് താൽപര്യപ്പെട്ടിരുന്നു. അതിനായി ഒന്നിലേറെ പ്രാവശ്യം കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോകുകയും ചെയ്തു. എന്നാൽ കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ സ്കോളാസ്റ്റിക്കുസ് പാത്രിയർക്കീസിന്റെ ശിക്ഷണനടപടികൾ ഇതിനൊക്കെ മങ്ങലേൽപ്പിച്ചു. ഒരവസരം കോൺ സ്റ്റാന്റിനോപ്പിളിൽ വച്ച് കത്തോലിക്കരുമായി കുർബാനയിൽ സംസർഗം നടത്തിയതിന്റെ പേരിൽ യാക്കോബ്

ഇയാളെ സംശയദൃഷ്ട്യാ വീക്ഷിച്ചിരുന്നു. അലക്സാണ്ട്രിയൻ പാത്രിയാർക്കേറ്റ് തന്റെ സ്വാധീനത്തിൽ കൊണ്ടുവരാനായി പൗലോസ് ഒരു തിയഡോറിനെ അവിടെ 566-ൽ രഹസ്യമായി പാത്രിയർക്കീസായി വാഴിച്ചു. പത്രോസ് എന്ന പേരിൽ ഏകസ്വഭാവവാദികൾക്ക് അവിടെ ഒരു പാത്രിയർക്കീസ് ഉണ്ടായിരുന്നപ്പോഴാണ് പൗലോസ് അപ്രകാരം ചെയ്തത്. ഇതേച്ചൊല്ലിയുള്ള തർക്കത്തിൽ തിയഡോറിന്റെ അവകാശത്തിനു വേണ്ടി പൗലോസ് 575-ൽ വാദിച്ചു. പൗലോസും പത്രോസും പരസ്പരം മുടക്കി. യാക്കോബ് പത്രോസിന്റെ പക്ഷം ചേർന്നു. അപ്പോൾ പൗലോസ് ഈജിപ്ത് വിട്ട് പേർഷ്യൻ-റോമൻ അതിർത്തിയിലുള്ള ഘസ്സനിഡ് എമീർ മുൻദീർ ബർ ഹാരെതിന്റെ പക്കൽ അഭയം തേടി.

ഏകസ്വഭാവവാദികളുടെ ഇടയിലെ കലഹങ്ങൾ ശമിപ്പിക്കാൻ എഫേസോസിലെ യോഹന്നാനോടൊപ്പം അയാൾ പരിശ്രമിച്ചു. യാക്കോബ് 578-ൽ മരിച്ചതിനാൽ ആ ശ്രമം വിജയിച്ചില്ല. ഇതിനിടെ പത്രോസിന്റെ പിൻഗാമിയായി വന്ന ഡാമിയൻ പ്രശ്നം സങ്കീർണമാക്കി. പൗലോസിന്റെ സ്ഥാനത്ത് എതിരാളിയായ ഒരു ഏകസ്വഭാവവാദിയെ നിയമിക്കാൻ ഡാമിയൻ ശ്രമിച്ചു. തിബേരിയസ് ചകവർത്തിയുടെ കാലത്ത് കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് നടന്ന ഒരു യോഗത്തിൽ 580-ൽ ഡാമിയനും പൗലോസും യോജിപ്പിലെത്തിയെങ്കിലും അത് അധികനാൾ നീണ്ടുനിന്നില്ല. പൗലോസിന്റെ എതിരാളികൾ കല്ലിനിക്കസിലെ പത്രോസിനെ 581-ൽ ഏകസ്വഭാവവാദികൾക്കായി "അന്ത്യോക്യാപാത്രിയർക്കീസ്" എന്നപേരിൽ പൗലോസിന്റെ സ്ഥാനത്ത് നിയമിച്ചു. പൗലോസ് 582-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് മരിച്ച ശേഷമേ ഈ പത്രോസ് അധികാരപ്രയോഗത്തിന് മുതിർന്നുള്ളൂ. പൗലോസിന്റെ ചില കൃതികൾ സുറിയാനിയിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അവയിൽ പലതും കത്തുകളാണ്. ചിലതിന്റെ രേഖാംശകലങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂ. പൗലോസിനെ ന്യായീകരിച്ചുകൊണ്ട് ഒരു സേർജിയുസ് സന്യാസി 580/1-ൽ ഒരു ന്യായീകരണം എഴുതി. അക്കാലത്തെ ഏകസ്വഭാവവാദികളുടെ ഇടയിലെ കലഹങ്ങളും മറ്റും അറിയാൻ ഇത് സഹായകമാണ്.

## കല്ലിനിക്കസിലെ പത്രോസ് (+591)

യൂഫ്രട്ടീസ് തീരത്തുള്ള കല്ലിനിക്കസിൽ ജനിച്ച പത്രോസ് കാൽസിഡൺ വിരുദ്ധ ക്യാമ്പിലായിരുന്നു. ത്രിത്തെയിസ്റ്റ് പശ്ചാത്തലത്തിലാണ് അയാളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കേണ്ടത്. ത്രിത്വത്തിൽ മൂന്നു സ്വഭാവങ്ങളും മൂന്ന് സത്തകളും ദൈവത്വങ്ങളുമുണ്ടെന്ന് ഏകസ്വഭാവവാദികളായ ത്രിത്തെയിസ്റ്റുകൾ വാദിച്ചു. അലക്സാണ്ട്രിയൻ പാത്രിയർക്കീസ് തിയഡോഷ്യസ് ഇതിനെ ശപിച്ചു തള്ളിയെങ്കിലും ജോൺ ഫിലൊപ്പോണുസ് എന്ന അലക്സാണ്ട്രിയൻ ഏകസ്വഭാവ താത്വികൻ ഇതിന്റെ വക്താവായി രംഗത്തു



വന്നു. പത്രോസ് 581-ൽ മെത്രാനായി. എന്നാൽ തന്റെ മുൻഗാമിയായ പൗലോസ് ദ്ബേത് ഊക്കാമാ മരിക്കുന്നതുവരെ "അന്ത്യോക്യാപാത്രിയർക്കീസ്" എന്ന സ്ഥാനം ഏറ്റെടുത്തില്ല. പത്രോസ് ആദ്യത്തെ മൂന്നാലു വർഷം അലക്സാണ്ട്രിയായിലെ ഡാമിയനുമായി രമ്യതയിൽ കഴിഞ്ഞു. പിന്നീട് ത്രിത്തെയിസം സംബന്ധിച്ച തർക്കങ്ങളിൽ ഇരുവരും കുടുങ്ങി. അവരുടെ ഇടയിലെ കലഹം 616-ലാണ് അവസാനിച്ചത്. പത്രോസിന്റെ പിൻഗാമിയായ അത്തനാസ്യോസും (594-631) അലക്സാണ്ട്രിയൻ പാത്രിയർക്കീസ് അനസ്താസ്യൂസും (606/7-618/9) മുൻകൈ എടുത്താണ് സിറിയൻ ഈജിപ്ഷ്യൻ ഏകസ്വഭാവവാദികളെ ഒരുതരത്തിൽ രമ്യതയിൽ എത്തിച്ചത്. പത്രോസിന്റെ പല കൃതികളും ലഭിച്ചിട്ടുണ്ട്:

1. ക്രൂശാരോഹണത്തെ പറ്റിയുള്ള കീർത്തനം.
2. ത്രിത്തെയിസ്റ്റുകാർക്കെതിരെ.
3. ഡാമിയനെതിരെ.
4. ജോണിനെതിരെ: പ്രോബാ എന്ന സോഫിസ്റ്റിനും ജോൺ ബർബൂർ എന്ന ആർക്കിമൺഡ്രൈറ്റിനും എതിരെ എഴുതിയതാണിത്. ഇവരിരുവരും പത്രോസിന്റെ അലക്സാണ്ട്രിയൻ യാത്രയിൽ അയാളെ അനുധാവനം ചെയ്തവരാണ്. എന്നാൽ അവർ സ്റ്റീഫൻ എന്ന സോഫിസ്റ്റിന്റെ സ്വാധീനത്തിൽ വരികയും ഏകസ്വഭാവവാദത്തെ എതിർക്കുകയും ചെയ്തു. ഏകസ്വഭാവവാദികളുടെ ഗുബ്ബാ സിനഡ് (584/5) അവരിരുവരെയും മുടക്കി. അവർ കാൽസിഡൺ പക്ഷത്തു ചേർന്നു. അപ്പോൾ പത്രോസ് അവർക്കെതിരെ എഴുതിയതാണിത്.
5. അറബി ലിസ്റ്റിലുള്ള അനാഫറ.
6. സുറിയാനിയിലുള്ള മറ്റു ചില കൃതികളും കത്തുകളും.

## ഹിയെരാപ്പൊളീസിലെ സ്റ്റീഫൻ II (6-ാം നൂ.)

ഹിയെരാപ്പൊളീസ്(മാബുഗ്) മെത്രാൻ സ്റ്റീഫന്റെ പേരിൽ വി. ഗൊളിൻദൂക്കിന്റെ രക്തസാക്ഷിവിവരണം അറിയപ്പെടുന്നു. പേർഷ്യൻ സഭയിലെ അത്ഭുതപ്രവർത്തകയായ വിശുദ്ധയായിരുന്നു ഗൊളിൻദൂക്ക്. വഹ്രമിന്റെ കയ്യേറ്റക്കാലത്ത് (590-591) സൊറൊവാഷ്ട്രർ അവളെ കൊന്നുകളഞ്ഞു. അവളുടെ ഓർമയ്ക്കായി സ്റ്റീഫൻ തയാറാക്കിയതാകാം ഇത്. മറ്റൊരു കൃതിയും അറിയപ്പെടുന്നെങ്കിലും അതിന്റെ ചില ഭാഗങ്ങളേ ലഭിച്ചിട്ടുള്ളൂ.

## തൂണിന്മേൽ ശെമയോൻ II (521-592)

അന്ത്യോക്യയ്ക്കടുത്തുള്ള അത്ഭുതമലയിൽ സ്തംഭതാപസ്സനായി സന്യാസം തുടങ്ങിയ ശെമയോൻ 554-ൽ പൗരോഹിത്യം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രം ആരോ എഴുതിയിട്ടുണ്ട്. കാൽസിഡൺ സർക്കിളുക

ളിൽ അദ്ദേഹം സംപൂജ്യനായി പരിഗണിക്കപ്പെട്ടിരുന്നു. ആരാധനാഗീതങ്ങൾ(3), ഹോമിലികൾ (30), കത്തുകൾ എന്നിവയാണ് അദ്ദേഹത്തിന്റെ സംഭാവനകൾ.

## അന്ത്യോക്യയിലെ അനസ്താസ്യോസ് (558/9-598)

അന്ത്യോക്യയിലെ കാൽസിഡൺ പാത്രിയർക്കീസായിരുന്നു അദ്ദേഹം. പലസ്തീനയിൽ ജനിച്ച അദ്ദേഹം അലക്സാണ്ട്രിയൻ പാത്രിയർക്കീസിന്റെ അന്ത്യോക്യയിലെ പ്രതിനിധി ആയിരുന്നു. അദ്ദേഹം അന്ത്യോക്യയിൽ അധികാരത്തിൽ വന്നപ്പോൾ കാൽസിഡൺ അനുകൂലികളും എതിരാളികളും തമ്മിൽ ചേരിപ്പോരായിരുന്നു. ജസ്റ്റീനിയൻ ചക്രവർത്തിയുടെ "റോമാക്കാർക്കുള്ള ലേഖനം" "അഫ്താർതോ ഡോസെറ്റിസം" പഠിപ്പിക്കുന്നു എന്നു കണ്ട അനസ്താസ്യൂസ് അതിനെ എതിർത്തു. സമാധാനകാംക്ഷിയും ഐക്യത്തിനുവേണ്ടി നിലകൊണ്ട ആളുമായ അദ്ദേഹത്തെ 570-ൽ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കി, കോൺസ്റ്റാന്റിനോപ്പിളിൽ വരുത്തി കനത്ത കാവലിൽ വീട്ടുതടങ്കലിൽ പാർപ്പിച്ചു. ടൈബിരിയസ് ചക്രവർത്തിയുടെ കാലത്ത് (578-582) അദ്ദേഹത്തിന് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചു. മൗരിസ് ചക്രവർത്തി (582-602) തിരികെ അന്ത്യോക്യയിൽ പോകാൻ 593-ൽ അനുവദിച്ചു. മരിക്കുന്നതുവരെ (598) അദ്ദേഹം അവിടെ പാത്രിയർക്കീസായിരുന്നു. അദ്ദേഹം ത്രിതെയിസത്തിനെതിരെ ശക്തമായ നിലപാടെടുത്തു. അദ്ദേഹത്തിന്റെ ചില ഹോമിലികൾ നമുക്ക് ലഭിച്ചിട്ടുണ്ട്. "താത്വിക പ്രതിപാദനങ്ങൾ" എന്ന കൃതി കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് എഴുതിത്തുടങ്ങി.

## ഹഡ്രിയാൻ വ്യാഖ്യാതാവ് (5-ാം നൂ.)

അന്ത്യോക്യൻ കലാലയത്തിലെ ഒരു ഭാഷ്യകാരനായിരുന്നു ഹഡ്രിയാൻ. വിശുദ്ധ നീലൂസ് ഈയാളിനായിരിക്കാം മൂന്നു കത്തുകളയച്ചത്. അദ്ദേഹം അന്ത്യോക്യൻ ഭാഷ്യരീതിയുടെ വക്താവായിരുന്നു. തിരുലിഖിതവ്യാഖ്യാതാവായി മറ്റു ചിലരുടെ കൂട്ടത്തിൽ കസ്സിയദോർ ഇയാളെപ്പറ്റി പരാമർശിക്കുന്നു. "തിരുലിഖിതത്തിന്റെ ആമുഖം" എന്ന ഗ്രീക്കിലുള്ള കൃതി തിരുലിഖിതപഠനത്തിന് ആമുഖമായി പ്രയോജനപ്രദമാണെന്ന് ഫോസിയസ് രേഖപ്പെടുത്തുന്നു. ഇതിന്റെ ലത്തീൻ പരിഭാഷയുമുണ്ട്. ഈ കൃതി പരക്കെ പ്രചരിച്ചിരുന്നു.

## തെയോദുളുസ് വ്യാഖ്യാതാവ് (+492)

ചേളേ സിറിയായിലെ പ്രെസ്ബിറ്ററായിരുന്നു തെയോദുളുസ്. "തിരുലിഖിതത്തിന്റെ പൊരുത്തം" എന്ന ഏകകൃതിയേ അദ്ദേഹത്തിന്റെ നിരവധി കൃതികളിൽ നിന്ന് തനിക്ക് ലഭിച്ചിട്ടുള്ളു എന്ന് ജന്നാഡിയുസ് (5-ാം നൂ.) പറയുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും ഗ്രന്ഥങ്ങളുടെ പൊരുത്തത്തെപ്പറ്റിയാണ് ഈ കൃതി: "രണ്ടിന്റെയും കർത്താവ് ഒരാൾ തന്നെ. അവിടുത്തെ നിശ്ചയമനുസരിച്ചാണ് രണ്ടും നൽകപ്പെട്ടിരിക്കുന്നത്. ഒന്നു മോശവഴിയും മറ്റത് ക്രിസ്തുവിന്റെ സാന്നിധ്യത്തിലൂടെയും നൽകപ്പെട്ടു". "തെയോദുളുസ് രണ്ടു വാല്യങ്ങളിലായി ഏശായാ പ്രവാചകന് ഒരു ഭാഷ്യമെഴുതി. വിവിധ സങ്കീർത്തനങ്ങൾ എഴുതപ്പെട്ട സമയം, അവ ഉപയോഗിക്കേണ്ട അവസരം എന്നിവ സംബന്ധിച്ച് മറ്റൊരു കൃതിയെഴുതി" എന്ന് ഈശോയാബ് സാക്ഷിക്കുന്നു. എന്നാൽ ഈ കൃതികളുടെ രേഖാശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു (ജി.ചേടിയത്ത്, ജറോം-ജന്നാഡിയസ്, *മഹദ്വ്യക്തികൾ*, കോട്ടയം,1992, പേ.129-130; ജി.ചേടിയത്ത്, *പ്രാചീന സന്യാസനിയമങ്ങൾ*,പേ.70).



## അന്ത്യോക്യയിലെ വിക്ടർ പ്രെസ്ബിറ്റർ (5/6-ാം നൂ.)

മർക്കോസിന്റെ സുവിശേഷത്തിന് വിക്ടർ ഒരു വ്യാഖ്യാനമെഴുതി. തന്റെ മുൻഗാമികളുടെ ഭാഷ്യങ്ങൾ അദ്ദേഹം ഉപയോഗിക്കുകയും അവയിൽ നിന്ന് ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ബൈബിൾ കത്തേനകളിലൂടെയാണ് ഈ കൃതി ഭാഗികമായി ലഭിച്ചിട്ടുള്ളത്.

## എക്കുമേനിയുസ് (6-ാം നൂ.)

എക്കുമേനിയുസ് എന്നൊരാൾ വെളിപാടു പുസ്തകത്തിന് ഒരു ഭാഷ്യമെഴുതി. ഇതിൽ നിന്ന് ഏഴാം നൂറ്റാണ്ടിലെ ഒരു സുറിയാനി രേഖ ഉദ്ധരിക്കുന്നു. വെളിപാടുഗ്രന്ഥത്തിന് ഗ്രീക്കിൽ പൂർണമായി ലഭിച്ചിട്ടുള്ള പുരാതന ഭാഷ്യമാണ് എക്കുമേനിയുസിന്റേത്. ഈ ഭാഷ്യത്തിൽ നെയോ-കാൽസിഡൺ ചിന്താരീതി ദൃശ്യമാണ്. എന്നാൽ അയാളെപ്പറ്റിയോ ജീവിച്ച കാലത്തെപ്പറ്റിയോ കൃത്യമായി നമുക്കറിവില്ല.- സെവേരൂസിന്റെ സ്നേഹിതനായ ഒരു എക്കുമേനിയുസ് ഉണ്ട്. അന്ത്യോക്യയിലെ സെവേരൂസ് ഇയാളിന് രണ്ട് കത്തുകൾ അയച്ചു

## ജോൺ ഡ്രുൻഗാരിയുസ് കത്തേനിസ്റ്റ് (6/7-ാം നൂ.)

ഏശായാ, ജറമിയാ, എസക്കിയേൽ, ദാനിയേൽ എന്നീ പ്രവാചകന്മാർക്ക് ജോൺ "കത്തേനാ" സമാഹരിച്ചു. ബൈബിൾ വാക്യങ്ങളെടുത്ത് ഓരോന്നിനും മുൻകാലപിതാക്കന്മാർ നൽകിയ വ്യാഖ്യാനങ്ങൾ ഒന്നിച്ചു നൽകുന്നതിനാണ് കത്തേനാ എന്നു പറയുന്നത്. ഏശായായെ കുറിച്ചുള്ള കത്തേനായുടെ ആരംഭത്തിൽ ഈ സമാഹാരകാരണം അയാൾ വ്യക്തമാക്കുന്നു: "പ്രവാചകവചനം അഗ്രാഹ്യമാകയാൽ പിതാക്കന്മാരിലേക്ക് തിരിയുന്നു". ഒരിജൻ, എവുസേബിയസ്, ഹെറാക്ലെയായിലെ തിയഡോർ, എമേസായിലെ എവുസേബിയസ് , അപ്പോള്ളിനാരീസ്, തിയഡൊറെറ്റ് എന്നിവരിൽ നിന്നാണ് കൂടുതൽ ഉദ്ധരണികളും.

## ജോൺ ദിയോക്രിനോമെനുസ് (6-ാം നൂ.)

കാൽസിഡൺ വിരുദ്ധനായ ജോൺ പത്തു പുസ്തകങ്ങളിലായി ഒരു "സഭാചരിത്രം" എഴുതി. ഇതിന്റെ ചില ഭാഗങ്ങളേ നമുക്ക് ലഭിച്ചിട്ടുള്ളു. ഫോസിയസ് ഇതേപ്പറ്റി പരാമർശിക്കുന്നു. അന്ത്യോക്യയിലും സിറിയായിലും നടന്ന കാര്യങ്ങളിൽ താൽപര്യം കാണിച്ചതിനാൽ ഇയാൾ സിറിയാക്കാരൻ ആയിരിക്കാം. 481-518 കാലഘട്ടത്തിലെ ചരിത്രമാണ് ഇതിലുള്ളത്. തസ്കര സിനഡിനെയും ദിയസ്കോറോസിനെയും പുകഴ്ത്തിപ്പറയുന്നു. തിയഡോർ "ലെക്തോർ" തന്റെ ചരിത്രരചനയ്ക്ക് ഈ ഗ്രന്ഥം ഉപയോഗിച്ചിട്ടുണ്ട്.

## ജോൺ മലാലാസ് (470/480-565)

ആദ്യത്തെ ബിസന്റയിൻ ക്രോണിക്കിൾ സമാഹരിച്ചത് ജോണാണ്. റെതോർ, സ്കൊളാസ്തിക്കുസ് എന്നും ഇയാൾ അറിയപ്പെടുന്നു. അന്ത്യോക്യൻ പ്രദേശങ്ങളിൽ ജനിച്ചുവളർന്ന ജോൺ സുറിയാനിക്കാരനായിരുന്നു. തെസ്സലോനിക്കാ, കേസറിയാ ഫിലിപ്പി എന്നിവിടങ്ങളിൽ യാത്ര ചെയ്ത് അവസാനം കോൺസ്റ്റാന്റിനോപ്പിളിൽ താമസമാക്കി. അവിടെവച്ചാണ് 18 പുസ്തകങ്ങളുള്ള ക്രോണിക്കിളിന്റെ അവസാനഭാഗം പൂർത്തിയാക്കിയത്. അയാൾ ഒരുന്നത സർക്കാരുദ്യോഗസ്ഥനായിരുന്നു. ഗ്രന്ഥാരംഭത്തിൽ ഗ്രന്ഥരചനയുടെ ഉദ്ദേശ്യം വ്യക്തമാക്കുന്നു: "ക്രിസ്ത്യൻ ക്രോണോഗ്രാഫിക് പാരമ്പര്യം വ്യാഖ്യാനിച്ച രീതിയിൽ വിശുദ്ധചരിത്രഗതി വരച്ചുകാട്ടുക. ആദം മുതൽ ജസ്റ്റീനിയൻ വരെയുള്ള കാലഘട്ടത്തിലെ സംഭവങ്ങൾ ചുരുക്കി വിവരിക്കുക". എവാഗ്രിയസ് സ്കോളാസ്റ്റിക്കുസ് 590-ൽ തന്റെ സഭാചരിത്ര വിവരണത്തിന് ഇതുപയോഗിച്ചിട്ടുണ്ട്. ഗ്രന്ഥകാരൻ കാൽസിഡൺ വിരുദ്ധനാണെന്ന് പതിനെട്ടാം പുസ്തകം സൂചന നൽകുന്നു. എന്നാൽ അക്കാലത്തെ ദൈവശാസ്ത്ര തർക്കങ്ങളിലൊന്നും അയാൾ താൽപര്യം കാണിച്ചില്ല. അന്ത്യോക്യൻ ചരിത്രകാരനായ ദൊമ്നീനുസ്, ഒരു നെസ്തോറിയാനുസ്, ഒരു തിമോതി എന്നിവർ ചില കാര്യങ്ങളിൽ പ്രത്യേകമായി ജോണിന്റെ സ്രോതസ്സുകളാണ്. പുസ്തകം 15-18 ൽ വാചികപാരമ്പര്യങ്ങൾ കൂടുതലായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംഭവങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതിലുപരി, ആറാം നൂറ്റാണ്ടിലെ ബിസന്റൈൻ ചിന്താലോകത്തിന്റെ അവതരണമാണിതിൽ. ഈ ചരിത്രം സുറിയാനി, ലത്തീൻ, സ്ലാവോണിക്, എത്യോപിക് ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

## എവാഗ്രിയസ് സ്കൊളാസ്തിക്കുസ് (6-ാം നൂ.)

ജസ്റ്റീനിയന്റെ ഭരണകാലത്ത് (527-565) ഒറോന്തസ് നദീതീരത്തുള്ള എപ്പിഫാനിയായിൽ എവാഗ്രിയസ് ജനിച്ചു. പേർഷ്യാക്കാർ അന്ത്യോക്യാ പിടിച്ചപ്പോൾ (540) അയാൾ നന്നേ ചെറുപ്പമായിരുന്നു. നിയമപഠനത്തിനുശേഷം കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് അനസ്താസ്യൂസ് പാത്രിയർക്കീസിന്റെ



ആദ്യഭരണകാലത്ത് (558-570) അന്ത്യോക്യയിൽ തിരിച്ചെത്തി. ഗ്രിഗറി, പാത്രിയർക്കീസായപ്പോൾ എവാഗ്രിയസും ബന്ധുവായ എപ്പിഫാനിയായിലെ ജോണും അദ്ദേഹത്തിന്റെ നിയമോപദേശകരായി. അങ്ങനെ സ്ഥലത്തെ ജനങ്ങളുടെയും ഭരണാധികാരികളുടെയും ഇടയിൽ എവാഗ്രിയസിന് സമുന്നതസ്ഥാനം ലഭിച്ചു. ടൈബിരിയസ് (578-582), മൗരീസ് (582-602) എന്നീ ചക്രവർത്തിമാർ അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു. അന്നത്തെ രാഷ്ട്രീയവും മതപരവുമായ സംഗതികളൊക്കെ അടുത്തറിയാൻ അയാൾക്കവസരം കിട്ടി. ആറ് പുസ്തകങ്ങളിലായി 428-593/4 കാലഘട്ടങ്ങളിലെ സഭാചരിത്രമെഴുതി. ഗ്രിഗറിയുടെ നിർദേശപ്രകാരമായിരിക്കാം അയാളിതെഴുതിയത്. അയാൾ കാൽസിഡൺ ചിന്താഗതി പുലർത്തി. ജോൺ മലാലാസിന്റെ കൃതി അയാളുടെ ഒരു സ്രോതസ്സായിരുന്നു. കാൽസിഡൺ സിനഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിസ്തരിച്ചു പ്രതിപാദിക്കുന്നു. എപ്പിഫാനിയായിലെ എവുസ്താത്യോസിന്റെ ചരിത്രസംഗ്രഹം, സക്കറിയാസ് റെതോറിന്റെ സഭാചരിത്രം, പ്രൊക്കോപ്പിയുസിന്റെ "യുദ്ധങ്ങൾ" എന്ന കൃതി, എപ്പിഫാനിയായിലെ ജോണിന്റെ ലോകചരിത്രം എന്നിവയും ഇയാളുടെ സ്രോതസ്സുകളാണ്. ബിസന്റൈൻ സഭാചരിത്രകാരനായ നിസേഫോറസ് കല്ലിസ്റ്റസ് സാന്തോപ്പുളുസ് തന്റെ രചനയിൽ ഈ ചരിത്രഗ്രന്ഥം ഉപയോഗിച്ചിട്ടുണ്ട്.

## അന്ത്യോക്യയിലെ മക്കാരിയുസ് (7-ാം നൂ.)

അന്ത്യോക്യയിലെ കാൽസിഡൺ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെട്ട മക്കാരിയുസിന് അറബി മുന്നേറ്റം മൂലം അന്ത്യോക്യയിൽ പ്രവേശിക്കാനായില്ല. അതുകൊണ്ട് കോൺസ്റ്റാൻറിനോപ്പിളിൽ താമസിച്ചുകൊണ്ട് ഏകചിത്തവാദം പ്രചരിപ്പിച്ചു. റോമും കോൺസ്റ്റാന്റിനോപ്പിളും തമ്മിൽ അക്കാലത്തുണ്ടായിരുന്ന (647) അകൽച്ച വർദ്ധിപ്പിക്കാൻ പരിശ്രമിച്ചു എന്നു പറയപ്പെടുന്നു. ആറാം എക്യൂമെനിക്കൽ കൗൺസിൽ അയാളെ പാഷണ്ഡികളുടെ പട്ടികയിൽ പെടുത്തി നീക്കം ചെയ്തു. സിറിയായിലെ കാൽസിഡൺ അനുഭാവികളുടെ ഇടയിൽ അയാളുടെ ആധ്യാത്മികനേതൃത്വം പരക്കെ അംഗീകരിക്കപ്പെട്ടിരുന്നെന്ന് അപ്പമെയായിലെ കോൺസ്റ്റന്റൈൻ, മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ വ്യക്തമാക്കി.

## എവുബോയായിലെ ജോൺ (8-ാം നൂ.)

ജോണിന്റെ ജീവചരിത്രം നമുക്കറിയില്ല. എന്നാൽ വിവിധ വിഷയങ്ങളെ പുരസ്കരിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ഹോമിലികൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ഡമാസ്കസിനടുത്തോ, എവുബോയാ ദ്വീപിലോ പാർത്തിരുന്ന ഒരു സന്യാസി ആയിരുന്നു ജോൺ. കൊലചെയ്യപ്പെട്ട നിഷ്ക്കളങ്ക ശിശുക്കൾ, മറിയത്തിന്റെ ഗർഭധാരണം, ലാസറിനെ ഉയർപ്പിച്ചത്, വി.പരാഷീവിന്റെ രക്തസാക്ഷിത്വം എന്നിവയാണ് അദ്ദേഹത്തിന്റെ അറിയപ്പെടുന്ന ഹോമിലികൾ.

### സലാമിസിലെ റെജീനുസ് (5-ാം നൂ.)

സലാമിസിന്റെ (കോൺസ്റ്റൻസ്യാ) മെത്രാനായിരുന്നു റെജീനുസ്. എഫേസോസ് സൂനഹദോസിൽ അദ്ദേഹം സിറിലിന്റെ പക്ഷത്തായിരുന്നു. സൈപ്രസിന്റെ സ്വതന്ത്രനിലയ്ക്കെതിരെ അന്ത്യോക്യാ പാത്രിയർക്കീസ് പ്രവർത്തിക്കുന്നു എന്നു പറഞ്ഞ് അയാളും സൈപ്രസിലെ മറ്റ് മെത്രാന്മാരും കൂടി (കുരിയോണിലെ സേനോ, സോളിയിലെ എവാഗ്രിയസ്) സിനഡിൽ ഒരു മെമ്മോറാണ്ടം നൽകി. റെജീനുസ് കൗൺസിലിൽ ഒരു പ്രസംഗവും നടത്തി.

### സൈപ്രസിലെ അലക്സാണ്ടർ (6-ാം നൂ.)

സലാമിസിൽ വി. ബർണബാസിന്റെ തീർഥാടനകേന്ദ്രത്തിനടുത്തുള്ള ഒരാശ്രമത്തിലെ അംഗമായിരുന്നു അലക്സാണ്ടർ. കുരിശു കണ്ടെത്തൽ, ബർണബാസിനെപ്പറ്റിയുള്ള സ്തുതിപ്രഭാഷണം എന്നിങ്ങനെ രണ്ടു ഹോമിലികൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ഒന്നാമത്തേതിന് ആരോ ഒരു ചുരുക്കം (*എപ്പിറ്റോം*) ഉണ്ടാക്കി അലക്സാണ്ടറിന്റെ പേരിൽ പ്രചരിപ്പിച്ചിട്ടുണ്ട്. സേനോ ചക്രവർത്തിയുടെ കാലത്ത് (474-491) വി. ബർണബാസിന്റെ തിരുശേഷിപ്പ് കണ്ടെത്തിയ കാര്യവും സൈപ്രസ് സഭയുടെ അപ്പസ്തോലികോത്ഭവവും സ്വതന്ത്രനിലയും ഒക്കെ തന്റെ പ്രസംഗത്തിൽ അദ്ദേഹം ഊന്നിപ്പറയുന്നു.

### സൈപ്രസിലെ അർക്കേഡിയസ് (+640)

അർക്കേഡിയസ് ആർച്ചുബിഷപ്പ് കാൽസിഡൺ കൗൺസിൽ അംഗീകരിച്ച ആളായിരുന്നു. വിശ്വാസസാക്ഷിയായ മാക്സിമുസ്, ജറുസലേമിലെ സൊഫ്രോണിയസ് എന്നിവർ അദ്ദേഹത്തെ പ്രകീർത്തിക്കുകയും കത്തുകൾ വഴി ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. "ക്രിസ്തുവിൽ രണ്ടുതരം പ്രവർത്തനങ്ങൾ ഉണ്ടെന്ന് പറയരുത്" എന്ന് ഹെരാക്ലിയസ് ചക്രവർത്തി അർക്കേഡിയസിനെ വിലക്കി ഡിക്രി പുറപ്പെടുവിച്ചു. സൈപ്രസിലെ വിശുദ്ധരായ സ്പീരീദോൻ, ദാനശീലനായ യോഹന്നാൻ എന്നിവരുടെ ജീവചരിത്രമെഴുതാൻ നെയാപ്പൊളീസിലെ (സൈപ്രസ്) ലെയോൺഷ്യൂസിനെ പ്രേരിപ്പിച്ചു. സ്പീരീദോൻ സൈപ്രസിൽ ത്രെമിത്തുസിലെ ആദ്യമെത്രാനായിരുന്നു. നിഖ്യായിലും (325) സാർദിക്കാ സിനഡിലും (343) അദ്ദേഹം സംബന്ധിച്ചു. വി. ഗീവർഗീസിനെപ്പറ്റി അർക്കേഡിയസ് നടത്തിയ സ്തുതിപ്രഭാഷണം ലഭിച്ചിട്ടുണ്ട്.

### നെയാപ്പൊളീസിലെ ലെയോൺഷ്യൂസ് (7-ാം നൂ.)

ലെയോൺഷ്യൂസിന്റെ ജീവചരിത്രം നമുക്കറിവില്ല. അദ്ദേഹം സൈപ്രസിലെ നെയാപ്പൊളീസ് (ലിമാസ്സോൾ) മെത്രാനായിരുന്നു. അർക്കേഡിയസ് ആർച്ചുബിഷപ്പിന്റെ നിർദേശപ്രകാരം അദ്ദേഹം സൈപ്രസിലെ രണ്ട് വിശുദ്ധരുടെ ജീവചരിത്രം എഴുതി. അതുപോലെ ചില പ്രസംഗങ്ങളും "യൂദർക്കെതിരെയുള്ള ഒരു പ്രതിപാദനവും"എഴുതി. കുരിശിനെയും രൂപങ്ങളെയും ബഹുമാനിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് എഴുതിയതാണിത്. ജോൺ ഡമഷീനും ഏഴാം എക്യുമെനിക്കൽ കൗൺസിലും ഇതിൽ നിന്ന് ഉദ്ധരിക്കുന്നു. ത്രെമിത്തൂസിലെ സ്പീരീദോൻ മെത്രാന്റെ ജീവചരിത്രം നഷ്ടപ്പെട്ടുപോയി. യോഹന്നാന്റെ ജീവചരിത്രം ലഭിച്ചിട്ടുണ്ട്. സൈപ്രസുകാരനായ യോഹന്നാൻ അലക്സാണ്ട്രിയൻ പാത്രിയർക്കീസായി (610-620). ജോൺ മോസ്ക്കൂസും സൊഫ്രോണിയസും ഇയാളുടെ ജീവചരിത്രം രചിച്ചിട്ടുണ്ട്. എഡേസ്സാക്കാരൻ ഒരു ശെമയോൻ താപസ്സന്റെ ജീവചരിത്രവും ലെയോൺഷ്യൂസ് എഴുതി. "ക്രിസ്തുവിനെ പ്രതി ഭോഷനായി ജീവിച്ച" ശെമയോൻ പിൽക്കാല സ്ലാവിക് സഭയിലെ താപസ്സരുടെ മാതൃകയായി. "ഭോഷനായ" അന്ത്രയോസിന്റെ ചരിത്രം ഇതിന്റെ മാതൃകയിൽ സ്ലാവിക് ഭാഷയിൽ എഴുതപ്പെട്ടു. ലെയോൺഷ്യൂസിന്റെ രണ്ട് പ്രസംഗങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്.



### പാഫോസിലെ തിയഡോർ (7-ാം നൂ.)

സൈപ്രസിലെ സന്യാസിയായിരുന്ന തിയഡോർ പാഫോസിലെ മെത്രാനായി. അദ്ദേഹം വി.സ്പീരീദോന്റെ ഒരു ജീവചരിത്രമെഴുതി. നേരത്തേ എഴുതപ്പെട്ട ചില ജീവചരിത്രങ്ങൾ തിയഡോർ ഉപയോഗിച്ചിട്ടുണ്ട്; അതുപോലെ വാചികപാരമ്പര്യങ്ങളും.

### സൈപ്രസിലെ സേർജിയുസ് (7-ാം നൂ.)

സലാമിസ് മെത്രാനായിരുന്ന സേർജിയുസ് 643-ൽ വിളിച്ചുകൂട്ടിയ പ്രൊവിൻഷ്യൽ സിനഡിൽവച്ച് ഏകഇച്ഛാവാദം തള്ളിക്കളഞ്ഞു. തൽസംബന്ധമായി സേർജിയുസ്, തിയഡോർ പാപ്പായ്ക്കയച്ച ഒരു കത്ത് ലഭ്യമാണ്.

### ത്രെമിത്തൂസിലെ തിയഡോർ (7-ാം നൂ.)

സൈപ്രസിലെ തിയഡോറിൽ നിന്ന് ജോൺ ക്രിസൊസ്തോമിന്റെ ഒരു ലഘുജീവചരിത്രം ലഭിച്ചിട്ടുണ്ട്.

## 2. അന്ത്യോക്യയിലെ സെവേരൂസ് (465-538)

കാൽസിഡൺ വിരുദ്ധ സമൂഹത്തിന്റെ ഒരു വലിയ നേതാവായിരുന്നു സെവേരൂസ്. പിസീദിയായിലെ സൊസോപ്പൊളീസിൽ ജനിച്ചു. അലക്സാണ്ട്രിയായിൽ വ്യാകരണവും പ്രഭാഷണകലയും ബെറീത്തൂസിൽ നിയമവും പഠിച്ചു. മയ്യൂമായിലെ പത്രോസിന്റെ ഏകസ്വഭാവവാദ സർക്കിളിൽ സന്യാസിയായി 490 മുതൽ പലസ്തീനായിൽ ജീവിച്ചു. അവിടെ തന്റെ സ്വന്തം ആശ്രമത്തിൽ അധ്യക്ഷനും പുരോഹിതനുമായി. ഏകസ്വഭാവവാദക്കാർക്കെതിരെയുള്ള നെഫാലിയസിന്റെ പ്രവർത്തനങ്ങളെ നേരിടാൻ 508-ൽ അയാൾ

കോൺസ്റ്റാന്റിനോപ്പിളിലേക്കുപോയി. അനസ്താസ്യൂസ് ചക്രവർത്തിയെ സ്വാധീനിച്ച് "ഹെനോട്ടിക്കോൻ" എന്ന രേഖയെ കാൽസിഡൺ വിരുദ്ധ രീതിയിൽ വ്യാഖ്യാനിച്ചു. പലസ്തീനായിൽ തിരിച്ചെത്തി (511); പിന്നീട് അന്ത്യോക്യയിലെ കാൽസിഡൺ പാത്രിയർക്കീസ് ഫ്ളാവിയന്റെ പിൻഗാമിയായി (512-518). ഈ കാലമത്രയും കാൽസിഡൺ വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കാൻ തന്റെ പ്രസംഗങ്ങളും കത്തുകളും അജപാലകകർമങ്ങളും അദ്ദേഹം വിനിയോഗിച്ചു. ജസ്റ്റിൻ ചക്രവർത്തി (518) കാൽസിഡൺ കൗൺസിലിന് അനൂലമായ നിലപാടെടുത്തപ്പോൾ, സെവേരൂസ് സിംഹാസനം ഉപേക്ഷിച്ച് ഈജിപ്തിലേക്ക് കടന്നു. അക്കാലത്ത് ഏകസ്വഭാവവാദികളുടെ ഇടയിലുണ്ടായ പാഷണ്ഡതകൾക്കെതിരെ എഴുതുകയും പ്രചരണം നടത്തുകയും ചെയ്തു. ഹലികർണാസുസിലെ ജൂലിയന്റെ "അഫ്താർതോ-ഡോസെറ്റിസം", സേർജിയുസ് ഗ്രമ്മാത്തിക്കൂസിന്റെ റാഡിക്കൽ വീക്ഷണങ്ങൾ എന്നിവയെ എതിർത്തു. അങ്ങനെ കാൽസിഡൺകാർക്കും റാഡിക്കൽ ഏകസ്വഭാവ വാദികൾക്കുമെതിരെ ശക്തിയായി പോരാടി.

ജസ്റ്റിന്റെ പിൻഗാമിയായി ജസ്റ്റീനിയൻ അധികാരമേറ്റപ്പോൾ (527), സഭൈക്യത്തിനുള്ള തന്റെ സംരംഭങ്ങളെ പിൻതുണയ്ക്കാൻ സെവേരൂസിൽ നിർബന്ധം ചെലുത്തി. തദ്ഫലമായി അദ്ദേഹത്തിന് നിർബാധം കോൺസ്റ്റാന്റിനോപ്പിളിൽ പോകാമെന്നായി (534-5). അദ്ദേഹം അവിടെ തന്റെ വിഭാഗത്തെ ശക്തിപ്പെടുത്താനുള്ള പരിശ്രമം നടത്തി. കാൽസിഡൺ അനുകൂലികളുടെ എതിർപ്പു കാരണം, ഈജിപ്തിലേക്ക് മടങ്ങിപ്പോയി. തുടർന്നു നടന്ന കോൺസ്റ്റാന്റിനോപ്പിൾ സിനഡ് (536) സെവേരൂസിനെ ശപിച്ചുതള്ളി. അയാളുടെ കൃതികൾ കത്തിച്ചു കളയണമെന്ന് ജസ്റ്റീനിയൻ ഇമ്പീരിയൽ ഡിക്രി പ്രസിദ്ധീകരിച്ചു. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ ഗ്രീക്കിലെഴുതിയ കൃതികൾ മിക്കതും നഷ്ടപ്പെട്ടു, എന്നാൽ സുറിയാനി വിവർത്തനത്തിൽ പലതും ലഭിച്ചിട്ടുണ്ട്.

## കൃതികൾ

താർക്കിക കൃതികൾ, കത്തുകൾ, ഗീതങ്ങൾ എന്നിങ്ങനെ കൃതികളെ തിരിക്കാം. കാൽസിഡൺ അനുകൂലികൾക്കും എവുതീക്കിയർക്കുമെതിരെ അദ്ദേഹം രണ്ടുതരം താർക്കിക കൃതികൾ രചിച്ചു:

1. നെഫാലിയസിനുള്ള രണ്ട് കൃതികൾ (508).

2. അഭക്തനായ ഗ്രമ്മാത്തിക്കൂസിനെതിരെ: മൂന്നു പുസ്തകങ്ങളിലായി കേസറിയായിലെ ജോണിന്റെ കാൽസിഡണു വേണ്ടിയുള്ള ന്യായീകരണം എന്ന കൃതിക്കെതിരെ.



3. സത്യത്തിന്റെ സ്നേഹിതൻ (*ഫിലാലെതെസ്*): സിറിലിന്റെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ അടങ്ങുന്ന കൃതി.

4. ജൂലിയനെതിരെ അഞ്ച് കൃതികൾ (518-528)

5. കത്തുകൾ: ഏതാണ്ട് 250-ഓളം കത്തുകൾ സുറിയാനിയിൽ ലഭ്യമാണ്.

6. ഹോമിലികൾ: അദ്ദേഹം കത്തീഡ്രലിൽ ചെയ്ത 125-ഓളം കത്തീഡ്രൽ ഹോമിലികൾ സുറിയാനിയിൽ കിട്ടിയിട്ടുണ്ട്.

7. ഗീതങ്ങൾ

ഇവയിലൂടെയെല്ലാം തന്റെ കാൽസിഡൺ വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. എന്നാൽ ക്രമികൃത ദൈവശാസ്ത്ര കൃതികളൊന്നും എഴുതിയിട്ടില്ല. അന്നത്തെ ക്രിസ്തുശാസ്ത്ര പശ്ചാത്തലത്തിൽ ഉടലെടുത്ത അജപാലകപ്രശ്നങ്ങൾക്ക് പരിഹാരമായി, തന്റെ സമൂഹത്തിനുവേണ്ടി എഴുതപ്പെട്ടവയാണവ.

അലക്സാണ്ട്രിയായിലെ സിറിലിന്റെ വ്യാഖ്യാതാവായിട്ടാണ് അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്. അലക്സാണ്ട്രിയൻ പദപ്രയോഗങ്ങളിലൂടെ ക്രിസ്തുശാസ്ത്രം ആവിഷ്ക്കരിക്കാനുള്ള പരിശ്രമമാണ് കാണുക. അദ്ദേഹം കൃത്യമായി 431-ലെ സിറിലിനെയാണ് പിൻചെല്ലുന്നത്. സിറിൽ 433-ൽ ഐക്യ ഫോർമുല ഉണ്ടാക്കി പൗരസ്ത്യരുമായി ഒത്തുതീർപ്പുണ്ടാക്കാൻ കാണിച്ച വിശാലവീക്ഷണം സെവേരൂസ് കാണിച്ചില്ല. ഇത് മറ്റ് കാൽസിഡൺ വിരുദ്ധരിലും കാണുന്നില്ല. അന്ത്യോക്യൻ ക്രിസ്തുശാസ്ത്ര ഫോർമുലകൾ സെവേരൂസ് തള്ളിക്കളഞ്ഞു: "അവതരിച്ച വചനത്തിന്റെ ഏകസ്വഭാവം" എന്ന സിറില്ലിയൻ ഫോർമുല വ്യാഖ്യാനിച്ച് മറ്റുള്ളവരുടെ മുമ്പിൽ സ്വീകാര്യമായി അവതരിപ്പിക്കാനുള്ള പരിശ്രമം നടത്തി. അയാൾ ഒരു "സംയുക്ത സ്വഭാവത്തെ" പറ്റിയും "സംയുക്ത ഹ്യൂപ്പോസ്റ്റസിസിനെ" പറ്റിയും സംസാരിക്കുന്നു (*ഫ്യൂസിസ് സിൻതെറ്റോസ്, ഹ്യൂപ്പോസ്റ്റസിസ് സിൻതെറ്റോസ്*). വചനത്തിന്റെ "ഏകസ്വഭാവത്തിൽ" (*ഹ്യൂപ്പോസ്റ്റസിസിൽ*) കലർപ്പുകൂടാതെ ദൈവത്വവും മനുഷ്യത്വവും സ്ഥിതിചെയ്യുന്നു എന്നാണ് അതിനർഥം. ഏകസ്വഭാവം (*മിയാ ഫ്യൂസിസ്*) സംയുക്തമാണ് (*സ്യുൻതെറ്റോസ്*). യേശുക്രിസ്തു "രണ്ടു സ്വഭാവങ്ങളിൽ നിന്ന് ഏകസ്വഭാവമാണ്." ഇതിനെ "എൻ ഹ്യപ്പോസ്റ്റസിസ്" എന്നു വിളിക്കുന്നു. വചനമാം ദൈവം തന്റെ ദൈവസ്വഭാവത്തോടുകൂടെ നമ്മുടെ മനുഷ്യസ്വഭാവം തന്റെ ഹ്യൂപ്പോസ്റ്റസിസിൽ എടുത്ത് ഒന്നാക്കി തീർത്തു. അങ്ങനെ വചനം മാംസമായി. വചനം കേവല സ്വഭാവമായിരുന്നു. മനുഷ്യാവതാരത്തോടുകൂടെ ജഡം സംബന്ധിച്ച് സംയുക്തസ്വഭാവമായി. ക്രിസ്തുവിൽ സംയുക്തസ്വഭാവവും സംയുക്തഹ്യൂപ്പോസ്റ്റസിസുമാണ്. എന്നാൽ ഏകയാളിൽ ദൈവത്വവും മനുഷ്യത്വവും കൂട്ടിക്കുഴച്ചിൽ കൂടാതെ സ്ഥിതിചെയ്യുന്നു.

# 3. വി. ജോൺ ഡമഷീൻ (650-750)

സഭാപിതാക്കന്മാരിൽ അവസാനത്തെ ആളായി ജോണിനെ പരിഗണിക്കുന്നു. ഡമാസ്കസിലെ യോഹന്നാൻ എന്നാണ് ജോൺ ഡമഷീൻ എന്നതിന്റെ അർഥം. യാഹാ ഇബ്ന് മൻസൂർ ഇബ്ന് സർഗൂൻ എന്ന് അറബിയിൽ അറിയപ്പെടുന്നു. ജോണിന്റെ ജീവിതത്തിന്റെ ആദ്യഭാഗം ഡമാസ്കസിലാണ് ചെലവഴിച്ചത്. അതിൽ നിന്നാകാം ഡമാസ്കസുകാരൻ എന്നർഥത്തിൽ 'ഡമഷീൻ' എന്ന പേര് സിദ്ധിച്ചത്. അദ്ദേഹത്തെപ്പറ്റി പിൽക്കാലത്ത് രചിച്ച കൃതികളിൽ വളരെയധികം അതിശയോക്തി കലർന്നിട്ടുണ്ടെന്നു പറയപ്പെടുന്നു. മൻസൂർ എന്ന കുടുംബപ്പേര് 'വിജയി' എന്നു വിവർത്തനം ചെയ്യാം.

കാൽസിഡൺ വിശ്വാസികളായ സുറിയാനിക്കാരായിരുന്നു മൻസൂർ കുടുംബക്കാർ. ജോണിന്റെ പിതാമഹന്മാരൊക്കെ ബിസന്റൈൻ സാമ്രാജ്യത്തിൽ ഉന്നതോദ്യോഗങ്ങൾ വഹിച്ചിരുന്നു. അവർ 636 മുതൽ അറബികളെ സേവിച്ചു. അറബി ആക്രമണകാലത്ത് ഡമാസ്കസ് നഗരത്തിന്റെ പ്രീഫെക്ടായിരുന്നു ജോണിന്റെ പിതാമഹൻ. അറബികൾക്ക് 635-ൽ ഡമാസ്കസ് നഗരകവാടം തുറന്നുകൊടുത്തത് അദ്ദേഹമാണ്. ജോണിന്റെ പിതാവായ സേർജിയുസും ഉന്നത സർക്കാരുദ്യോഗസ്ഥനായിരുന്നു. അബ്ദീമെലേക്ക് എന്ന ഒമ്മയിഡ് കാലിഫിന്റെ കീഴിൽ കരംപിരിവിന്റെ ചുമതലയായിരുന്നു സേർജിയുസിന്.

കോൺസ്റ്റാന്റിനോപ്പിളിൽ 650-ൽ ജനിച്ച ജോണിന് ക്ലാസിക്കൽ വിദ്യാഭ്യാസം ലഭിച്ചു. തുടർന്ന് ജോണും അറബികളുടെ കീഴിൽ ജോലിചെയ്തു. ഗ്രീക്ക്, അറബി, ഇസ്ലാം എന്നിവയിൽ നല്ല പ്രാവീണ്യം നേടി. കാലിഫ് അബ്ദ് അൽ മാലിക് (685-705) ക്രൈസ്തവ വിരുദ്ധ നിലപാടുകൾ സ്വീകരിച്ചപ്പോൾ, ജോൺ 700-ാമാണ്ടിൽ ഉദ്യോഗം രാജിവച്ചു. പലസ്തീനായിൽ മാർ സാബാസിന്റെ ആശ്രമത്തിൽ പ്രവേശിച്ചു. യോഹന്നാൻ പാത്രിയർക്കീസ് (705-735) ജോണിനെ വൈദികനാക്കി. അവിടെ ആശ്രമത്തിൽ പഠിപ്പിക്കുകയും ജറുസലേമിൽ പ്രസംഗിക്കുകയും മെത്രാന്മാർക്ക് ഉപദേശം നൽകുകയും ഗ്രന്ഥരചന നടത്തുകയും ചെയ്തു. ജോൺ 749-നോടടുത്ത് മരിച്ചു. മരണശേഷം അദ്ദേഹത്തിന്റെ ഖ്യാതി വർദ്ധിച്ചു. രണ്ടാം നിക്യാ കൗൺസിൽ (787) അദ്ദേഹത്തെ വന്ദ്യൻ എന്നും റോമാസിംഹാസനം (1890) സഭാമൽപ്പാൻ എന്നും വിളിച്ചു. ഡിസംബർ നാലിനാണ് അദ്ദേഹത്തിന്റെ ഓർമ.

**കൃതികൾ**

അദ്ദേഹത്തിന്റെ സുപ്രധാന താത്വിക കൃതി ''വിജ്ഞാനത്തിന്റെ ഉറവിടം"(*പേഗേ തേസ് ഗ്നോസെയോസ്*) എന്ന മഹദ്ഗ്രന്ഥമാണ്. അദ്ദേഹത്തിന്റെ സഹോദരനായ കോസ്മാസിനാണ് ഇത് സമർപ്പിച്ചിരിക്കുന്നത്. മൊത്തം നൂറ് അധ്യായങ്ങളും മൂന്നു ഭാഗങ്ങളുമുള്ള ഒരു ബ്രഹദ്ഗ്രന്ഥമാണിത്:



1. താത്വികഭാഗം (*കാപ്പിതുളാ ഫിലൊസോഫികാ/ഡിയലെക്തിക്കാ*): താത്വികഭാഗത്ത് ഏറ്റവും ഉത്തമമായ താത്വിക തത്വങ്ങൾ അവതരിപ്പിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. പൊർഫീരിയുടെ ഐസഗോഗിന്റെ ചുരുക്കം പട്രിസ്റ്റിക് പാരമ്പര്യത്തിൽ നിന്നെടുത്തു വച്ചിരിക്കുന്നു.

2. പാഷണ്ഡതകളെ പറ്റിയുള്ള വിവരണം: ''പാഷണ്ഡതകളെപ്പറ്റി" എന്ന ഭാഗം ചർച്ച ചെയ്യുന്ന 100 പാഷണ്ഡതകളിൽ 80 എണ്ണം എപ്പിഫാനിയസിൽ നിന്ന് എടുത്തിട്ടുള്ളതാണ്. ഇസ്ലാം ഉൾപ്പെടെ ബാക്കിയുള്ളവ മറ്റുള്ളവരിൽ നിന്നും. "ഡോക്ത്രീനാ പാത്രും" എന്ന കൃതിയിൽ നിന്നാണ് മുഴുവൻ എടുത്തിട്ടുള്ളതെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

3. സത്യവിശ്വാസവിവരണം.: പിൽക്കാലവിവർത്തകർ ഈ മൂന്നാമത്തെ ഭാഗത്തെ നാലായി തിരിച്ചിരിക്കുന്നു. സത്യവിശ്വാസവിവരണത്തിൽ 100 അധ്യായങ്ങളിലായി ത്രിത്വം (1-14), സൃഷ്ടി (15-44), ക്രിസ്തുശാസ്ത്രം (45-81), മറ്റ് പ്രശ്നങ്ങൾ (81-100) എന്നിവ സംബന്ധിച്ചുള്ള സഭാപ്രബോധനം അവതരിപ്പിക്കുന്നു. ലത്തീൻ വിവർത്തനം മൂന്നാം ഭാഗത്തെ നാലായി തിരിച്ചിരിക്കുന്നു. ഈ വലിയ കൃതി രണ്ടു പതിപ്പുകളിലായി ലഭിച്ചിട്ടുണ്ട്.

ഇതിനും പുറമേ താഴെപ്പറയുന്ന കൃതികളും അദ്ദേഹം രചിച്ചു:

**മറ്റ് ഡോഗ്മാറ്റിക് കൃതികൾ**

1. ഇൻസ്തിതൂസ്യോ എലെമെന്താരിസ്
2. ദെ റെക്താ സെന്തെൻസ്യാ
3. നെസ്തോറിയർക്കെതിരെ രണ്ടു കൃതികൾ
4. ഏക സ്വഭാവവാദികൾക്കെതിരെ മൂന്നു കൃതികൾ
5. ഏകചിത്തവാദികൾക്കെതിരെ ഒരു കൃതി.
6. മനിക്കെയർക്കെതിരെ ഒരു കൃതി
7. ഒറാസ്യോണെസ് ദെ ഇമാജിനിബുസ് ത്രെസ്: രൂപവണക്കത്തെ ന്യായീകരിച്ചുകൊണ്ടുള്ളതാണിത്. അക്കാലത്ത് ഉടലെടുത്ത പ്രതിമാഭഞ്ജനം എന്ന അബദ്ധോപദേശത്തിനെതിരെ അദ്ദേഹം ഗ്രന്ഥരചന നടത്തി. തന്റെ മുൻഗാമികളായ ഗ്രീക്കുപിതാക്കന്മാരെ ധാരാളമായി കൃതികളിൽ ഉദ്ധരിക്കുന്നു: സൈറസിലെ തിയഡൊറെറ്റ്, ഗ്രിഗറി നസ്യാൻസൻ, എവുളോഗിയുസ്, നെമേസിയുസ്, സെവുഡോ-ഡയനീഷ്യസ്, ബിസാൻസ്യത്തിലെ ലെയോൺഷ്യൂസ്, മാക്സിമുസ്, അലക്സാണ്ട്രിയായിലെ സിറിൽ, ബേസിൽ, ഗ്രിഗറി

നീസ്സാ, അത്തനാസ്യോസ് ആദിയായവരിൽ നിന്നുള്ള നീണ്ട ഉദ്ധരണികൾ പലപ്പോഴും കാണാനുണ്ട്.

**ധാർമിക-താപസ്സ കൃതികൾ**

8. ദെ സാക്രിസ് യെയൂണിയിസ്

9. സാക്രാ പാരല്ലെലാ

**ഭാഷ്യകൃതികൾ**

10. പൗലോസിന്റെ ലേഖനങ്ങളുടെ ഭാഷ്യം ജോൺ ക്രസൊസ്തോമിനെ ആധാരമാക്കി എഴുതി.

**ജീവചരിത്രങ്ങൾ**

11. വി. ബാർബരാ, വി. ജോൺ ക്രിസൊസ്തോം എന്നിവരെ പറ്റിയുള്ള സ്തുതിപ്രഭാഷണങ്ങൾ

12. അർതേമിയുസിന്റെ രക്തസാക്ഷിവിവരണം (*പാസ്സിയോ*).

13. ഹോമിലികൾ: കർതൃജനനം, സാബത്, കർതൃരൂപാന്തരീകരണം, മാതാവിന്റെ നിദ്ര (മരണം), *ഇൻ ഫികും അരെഫാക്താം.*

14. ഗീതങ്ങൾ: ചില ആരാധനാഗീതങ്ങൾ ജോണിന്റെ പേരിൽ ആരോപിക്കുന്നു.

**അവലോകനം**

ജോണിന്റെ കൃതികളിൽ ഒറിജിനാലിറ്റി കുറവാണ്. അത് ആ കാലഘട്ടത്തിന്റെ പ്രത്യേകത ആയിരുന്നു. എന്നാൽ ആ കാലത്തെ ഏറ്റവും പ്രശസ്തനായ എഴുത്തുകാരൻ അദ്ദേഹം തന്നെ ആയിരുന്നു. ഗ്രീക്കു ദൈവശാസ്ത്ര വളർച്ചയുടെ മകുടമായി അദ്ദേഹത്തെ കാണുന്നവരുണ്ട്. തന്റെ കാലഘട്ടത്തിൽ ഒരു ദൈവശാസ്ത്രസംയോജനം (*സിൻതെസിസ്*) നടത്താൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ പ്രധാന കൃതിയെ ആദ്യത്തെ "ദൈവശാസ്ത്ര സുമ്മാ" എന്നു വിളിക്കാം.

കാൽസിഡൺ ക്രിസ്തുശാസ്ത്രത്തിന്റെ തുടർച്ചയായ നെയോ-കാൽസിഡൺ ചിന്താഗതിയുടെ വക്താവാണ് ജോൺ. ഹ്യുപ്പോസ്റ്റാറ്റിക് ഐക്യം എന്ന കാൽസിഡൺ പദപ്രയോഗം ക്രിസ്തുവിലുള്ള രണ്ട് സ്വഭാവങ്ങളുടെ ഐക്യത്തെ കുറിക്കുന്നു. നെയോ-കാൽസിഡൺകാർ സംയുക്ത ഹ്യുപ്പോസ്റ്റസിസ് (*ഹ്യുപ്പോസ്റ്റസിസ് സ്യുൻതെറ്റോസ്*) എന്ന ഫോർമുല രൂപീകരിച്ചു. വചനത്തിന്റെ ഹ്യുപ്പോസ്റ്റസിസിൽ മനുഷ്യത്വം സ്ഥിതിചെയ്യുന്നു (*എൻ ഹ്യുപ്പോസ്റ്റസിസ്*). അതായത്, ഒരാൾ മാത്രം, അത് വചനത്തിന്റേതാണ്. അതുതന്നെയാണ് നമ്മിൽ നിന്നെടുത്ത മനുഷ്യത്വത്തിന്റേയും



ആളത്തം. എന്നാൽ രണ്ട് സ്വഭാവങ്ങളുടെയും സവിശേഷതകൾ കൂടിക്കലരുന്നില്ല. രണ്ടു ഹ്യുപ്പോസ്റ്റസിസുകൾ തമ്മിൽ കൂടിച്ചേർന്നല്ല സംയുക്ത ഹ്യുപ്പോസ്റ്റസിസ് ആയിത്തീരുന്നത്. അതുപോലെ എടുക്കപ്പെട്ട മനുഷ്യസ്വഭാവം *അൻഹ്യുപ്പസ്റ്റസിസല്ല, എൻഹ്യുപ്പോസ്റ്റസിസാണ്.* അതായത്, അതിന്റെ ഹ്യുപ്പോസ്റ്റസിസ് വചനത്തിന്റെ ഹ്യുപ്പോസ്റ്റസിസ് തന്നെയാണ്. ക്രിസ്തുവിൽ രണ്ട് ഇച്ഛകളും രണ്ട് *എനെർഗെയ്യായും* ഉണ്ടെന്ന് ജോൺ പഠിപ്പിച്ചു. ക്രിസ്തുശാസ്ത്രത്തിൽ അദ്ദേഹം ആശ്രയിക്കുന്നത്"ഡോക്ത്രീനാ പാത്രും" എന്ന കൃതിയും *ദെ സെക്തിസ്* എന്ന രേഖയുമാണ്. അതുപോലെ ബിസാൻസ്യത്തിലെ ലെയോൺഷ്യൂസ്, റൈതുവിലെ തിയഡോർ, അന്ത്യോക്യയിലെ അനസ്താസ്യൂസ്, മാക്സിമുസ് എന്നിവരും അദ്ദേഹത്തിന്റെ സ്രോതസ്സുകളാണ്.

അദ്ദേഹത്തിന്റെ കൃതികളിലെല്ലാം സന്യാസപശ്ചാത്തലം ദൃശ്യമാണ്. അക്കാലത്തെ എഴുത്തുകാരൊക്കെ മുൻകാലപിതാക്കന്മാരുടെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ അവതരിപ്പിച്ച് തങ്ങളുടെ വീക്ഷണങ്ങൾ തെളിയിച്ചിരുന്നു. ജോണും ഈ രീതി സ്വീകരിക്കുന്നു. അതുപോലെ കത്തേനകളും ഫ്ളോറിലേജിയായും വ്യാപകമായി ഉപയോഗിക്കുന്ന രീതിയും അക്കാലത്തെ പ്രത്യേകതയാണ്. ക്രിസ്തീയ പാരമ്പര്യത്തിന്റെ പ്രശസ്ത വക്താവായിരുന്ന അദ്ദേഹത്തിന്റെ കൃതികൾ കിഴക്കും പടിഞ്ഞാറുമുള്ള സഭകളിൽ ഗണ്യമായ സ്വാധീനം ചെലുത്തി. സ്കോളാസ്റ്റിക് ദൈവശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ സ്വാധീനം ദൃശ്യമാണ്. വി.തോമസ് അക്വിനാസ് അദ്ദേഹത്തിന്റെ കൃതികളുടെ ലത്തീൻ വിവർത്തനം ഉപയോഗിച്ചിട്ടുണ്ട്. സത്യവിശ്വാസ വിശകലനത്തിന്റെ മലയാളവിവർത്തനത്തിന്: ജി.ചേടിയത്ത്, *വി. ജോൺ ഡമഷീൻ, സത്യവിശ്വാസം*, കോട്ടയം, 2003.

# III
# പലസ്തീനിയൻ ഗ്രീക്ക് എഴുത്തുകാർ

**ആമുഖം**

റോമാക്കാർ പലസ്തീനിയൻ പ്രോവിൻസ് 358-ൽ പലെസ്തീനാ, പലെസ്തീനാ സലുതാരിസ് എന്നിങ്ങനെ രണ്ടായി വിഭജിച്ചു. അവർ 400-ാമാണ്ടോടുകൂടി പലസ്തീനായെ മൂന്നായി വിഭജിച്ചു. ഈ പ്രദേശങ്ങളിലെ പ്രധാന ഭാഷ ഗ്രീക്കായിരുന്നു. പലസ്തീനായിൽ സന്യാസം പുഷ്ടിപ്പെട്ടിരുന്നു:

1. പലെസ്തീനാ പ്രീമാ: ജറുസലേമായിരുന്നു തലസ്ഥാനം. ചാവുകടലിനും യോർദാൻ നദിക്കും പടിഞ്ഞാറുള്ള പ്രദേശവും ഗാസ്സാ പട്ടണവും ഇതിൽ ഉൾപ്പെട്ടു.

2. പലെസ്തീനാ സെക്കുൻദാ: ഷിതോപ്പൊളീസ് ആയിരുന്നു തലസ്ഥാനം. തിബേരിയാസ് തടാകത്തിനു ചുറ്റുമുള്ള പ്രദേശം ഇതിൽ ഉൾപ്പെട്ടു.

3. പലെസ്തീനാ തേർസ്യാ: പെത്രാ ആയിരുന്നു തലസ്ഥാനം. ഗാസ്സാ, ജറുസലേം, ചാവുകടൽ എന്നിവയ്ക്ക് തെക്കുള്ള പ്രദേശങ്ങൾ, സീനായ് പ്രദേശം, അറേബ്യയുടെ ഭാഗങ്ങൾ എന്നിവ ഇതിൽ ഉൾപ്പെട്ടു.

നാലാം നൂറ്റാണ്ടോടുകൂടി ജറുസലേം അതിന്റെ പ്രാമാണ്യം വീണ്ടെടുത്തു. അതൊരു വലിയ തീർഥാടന കേന്ദ്രമായി മാറി. അതിനു മുമ്പ് കേസറിയാ ആയിരുന്നു ആ പ്രദേശത്തിന്റെ മെത്രോപ്പൊളീസ്. കാൽസിഡൺ കൗൺസിൽ (451) ജറുസലേമിനെ കേസറിയായുടെ സാമന്തരൂപത എന്ന നിലയിൽ നിന്നുമാറ്റി ഒരു പേട്രിയാർക്കേറ്റാക്കി. യുവെനാൽ ആദ്യത്തെ പാത്രിയർക്കീസായി. പേർഷ്യാക്കാർ 614-ൽ ജറുസലേം ആക്രമിച്ച് പിടിക്കുകയും വിശുദ്ധ കുരിശ് പേർഷ്യയിലേക്ക് കൊണ്ടുപോകുകയും ചെയ്തു. റോമാക്കാർ 628-ഓടുകൂടി പേർഷ്യാക്കാരെ തോൽപ്പിച്ച് വിശുദ്ധ കുരിശ് തിരികെ കൊണ്ടുവന്നു. അറബികൾ 637-ൽ ജറുസലേം പിടിച്ചടക്കി. 644-705 കാലഘട്ടത്തിൽ ജറുസലേം പാത്രിയർക്കീസ് റോമിനെ ആശ്രയിച്ചു കഴിഞ്ഞു.



പലസ്തീനിയൻ പ്രദേശത്തെ മറ്റൊരു പ്രധാന നഗരമായിരുന്നു ഗാസ്സാ. ഗാസ്സായിൽ സന്യാസം തുടങ്ങിയത് ഹിലാരിയോനാണ്. വി. ജറോം അദ്ദേഹത്തിന്റെ കഥാരൂപത്തിലുള്ള ഒരു ജീവചരിത്രം രചിച്ചിട്ടുണ്ട്. ഗാസ്സായിലെ രണ്ടു വലിയ വിശുദ്ധ സന്യാസികളാണ് ബർസനൂഫിയുസും ഒരു യോഹന്നാനും. അവർ ഒരിജനിസത്തെ എതിർത്തിരുന്നവരും കാൽസിഡൺ അനുഭാവികളുമായിരുന്നു. അക്കാലത്ത് പലസ്തീനായിലെ പല സന്യാസികളും എവാഗ്രിയൻ കൃതികളിലൂടെ ഒരിജനിസത്തിലേക്ക് ആകർഷിക്കപ്പെട്ടിരുന്നു. അതുപോലെ പലരും കാൽസിഡൺ വിരുദ്ധരുമായിരുന്നു. ലൗറാ സിസ്റ്റം എന്നാണ് പലസ്തീനയിൽ പ്രചരിച്ചിരുന്ന സന്യാസരീതി അറിയപ്പെട്ടിരുന്നത്. ഏകാന്തജീവിതവും കൂട്ടജീവിതവും കൂടിക്കലർന്ന സന്യാസരീതിയായിരുന്നു അത്. ജറുസലേമായിരുന്നു പലസ്തീനിയൻ സന്യാസത്തിന്റെ കേന്ദ്രം. കോൺസ്റ്റന്റൈന്റെ കാലം മുതൽ വിശുദ്ധ നഗരമായ ജറുസലേമിലേക്ക് കൂടുതൽ കൂടുതൽ തീർഥകരുടെ പ്രവാഹമുണ്ടായി. സന്യാസികൾ അവിടെയുള്ള വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷണം ഏറ്റെടുത്തു. അവർക്ക് രാജകുടുംബങ്ങളിൽ നിന്നും പ്രഭുകുടുംബങ്ങളിൽ നിന്നും തീർഥകരിൽനിന്നും നിരവധി സഹായങ്ങളും ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. പലസ്തീനിയൻ സന്യാസത്തെപ്പറ്റിയുള്ള വിലപിടിപ്പുള്ള പല വിവരങ്ങളും ഷിതോപ്പൊളീസിലെ സിറിലിൽ നിന്നാണ് നമുക്ക് ലഭിക്കുന്നത്.

സീനായ് പ്രദേശങ്ങളിലും സന്യാസം പുഷ്ടിപ്രാപിച്ചു. മോശയുടെയും ഏലിയായുടെയും ജീവിതവുമായി ബന്ധപ്പെട്ട പ്രദേശമാകയാൽ ക്രിസ്തീയ സന്യാസികൾ അവിടെ വർദ്ധിച്ചുവന്നു. ആദ്യം ഫാറാൻ, റൈതു എന്നീ താഴ്‌വരകളിലും പിന്നീട് സീനായ് മലയിലും (ഹോറേബ്) അവർ വാസമുറപ്പിച്ചു. കത്തുന്ന മുൾപ്പടർപ്പിന്റെ സ്ഥാനത്ത് (ഗ്രീക്കിൽ *വാതോസ്* എന്നു പറയും) ഹെലേനാ രാജ്ഞി ഒരു ദൈവാലയം പണിതു എന്നാണ് ഐതിഹ്യം. അവർ 326-ലാണ് വിശുദ്ധ നാട്ടിൽ തീർഥാടനം നടത്തിയത്. സ്പാനിഷ് തീർഥകയായ എജറിയാ 380-നോടടുത്തും സീനായ് സന്ദർശിച്ചു. സന്യാസികളെ അലഞ്ഞു നടക്കുന്ന അറബികളുടെ ആക്രമണങ്ങളിൽ നിന്നു രക്ഷിക്കാൻ ജസ്റ്റീനിയൻ ചക്രവർത്തി 550-ൽ സീനായ് മലയിലെ ആശ്രമത്തിന് കോട്ടകെട്ടി. പിൽക്കാലത്ത് അലക്സാണ്ട്രിയായിലെ വി. കാതറൈന്റെ തിരുശേഷിപ്പ് അവിടെ കൊണ്ടുവന്ന് സ്ഥാപിച്ചു. അതിനുശേഷം "വി. കാതറൈന്റെ ആശ്രമം" എന്ന് അത് അറിയപ്പെടുന്നു. സീനായിലെ ജോണാണ് (ക്ലിമാക്കുസ്) അവിടുത്തെ ഏറ്റവും പ്രശസ്തവ്യക്തി. പേർഷ്യൻസൈന്യത്തിന്റെ 614-ലെ ജറുസലേം ആക്രമണവിവരണം സന്യാസ സാഹിത്യഭാഗമാണ്. ക്രിസ്ത്യാനികളുടെ ദാരുണപീഡനങ്ങൾ ഹൃദയസ്പൃക്കായി അതിൽ വിവരിക്കുന്നു. പലസ്തീനിയൻ പ്രദേശത്തുള്ള കുറേ എഴുത്തുകാരെപ്പറ്റി ചുരുക്കി വിവരിക്കാം:

## അമ്മോണിയുസ് സന്യാസി

ഒരു കോപ്റ്റിക് സന്യാസിയായിരുന്ന അമ്മോണിയുസ് (4-ാം നൂ.) കുറേ രക്തസാക്ഷികളുടെ ചരിത്രം എഴുതിയിട്ടുണ്ട്. മറ്റൊന്നും അയാളെപ്പറ്റി അറിയാൻ പാടില്ല. ജറുസലേമിലെ തീർഥാടനം കഴിഞ്ഞ് സീനായ് മരുഭൂമിയിൽ കുറേനാൾ പാർത്തു. റൈത്തുവിലെയും സീനായ് മലയിലെയും സന്യാസികളെ കാട്ടാളന്മാർ കൂട്ടക്കൊല നടത്തിയ വിവരം അവിടെവച്ച് അദ്ദേഹം കേട്ടു. അവരുടെ ചരിത്രം രേഖപ്പെടുത്തി. അലക്സാണ്ട്രിയായിലെ പത്രോസിന്റെ കാലത്താണ് (373-380) ഇതു നടന്നതെന്ന് അയാൾ പറയുന്നു. കോപ്റ്റിക് സഭ ഡിസംബർ 18-നും ഗ്രീക്കുസഭ ജനുവരി 14-നും ഇവരെ അനുസ്മരിക്കുന്നു.

## ജറുസലേമിലെ യുവെനാൽ (422-458)

ജറുസലേം മെത്രാനായിരുന്ന ജുവെനാലാണ് ജറുസലേമിലെ ഒന്നാമത്തെ പാത്രിയർക്കീസ്. അദ്ദേഹം എഫേസോസിലും (431) തസ്കരസിനഡിലും (449) അലക്സാണ്ട്രിയൻ പക്ഷത്തായിരുന്നു. എഫേസോസ് കൗൺസിലിനുശേഷം സിറില്ലിയൻ മെത്രാന്മാർ റോമിലെ സെലസ്റ്റിന് അയച്ച കത്തിലും പലസ്തീനയിലെ സന്യാസികൾക്കും വൈദികർക്കും അയച്ച കത്തിലും ജുവെനാലും ഒപ്പുവച്ചു. എന്നാൽ കാൽസിഡൺ കൗൺസിലിൽ മറ്റ് പലസ്തീനിയൻ മെത്രാന്മാരോടൊപ്പം കാൽസിഡൺ വിശ്വാസനിർവചനം അംഗീകരിച്ചു. ഇതിന്റെ പേരിൽ സന്യാസിയായ തിയഡോഷ്യസിന്റെ (452-3) നേതൃത്വത്തിൽ സന്യാസികൾ ലഹളയുണ്ടാക്കി. യുവെനാൽ കോൺസ്റ്റാന്റിനോപ്പിളിൽ അഭയം തേടി. ഇമ്പീരിയൽ പിൻതുണയോടുകൂടെ 453-ൽ തിരികെയെത്തി, മരിക്കുന്നതുവരെ സഭയെ നയിച്ചു. ജറുസലേം പാത്രിയർക്കീസിന് മൂന്ന് പലസ്തീനിയൻ പ്രദേശങ്ങളുടെമേൽ അധികാരമുണ്ടായിരുന്നു. യുവെനാൽ കെദ്രോൻതാഴ്വരയിൽ ഒരു സന്യാസസമൂഹം തുടങ്ങി. അതുപോലെ യൂദയാ മരുഭൂമിയിൽ സന്യാസം വ്യാപിപ്പിക്കാൻ പിന്തുണ നൽകി. പലസ്തീനിയൻ സന്യാസത്തെ പ്രോത്സാഹിപ്പിച്ചു. പല സന്യാസികളെയും തന്റെ വൈദികഗണത്തിൽ ഉൾപ്പെടുത്തി. അന്നത്തെ ഏറ്റവും പ്രശസ്തനായ വി. എവുതീമിയസ് (+473) വിശ്വാസകാര്യങ്ങളിൽ യുവെനാലിനോടൊപ്പം നിന്ന് കാൽസിഡൺ വിശ്വാസനിർവചനത്തെ അംഗീകരിച്ചു. യുവെനാൽ ആരാധനാകാര്യങ്ങളിലും പരിഷ്ക്കാരങ്ങൾ വരുത്തി. ആഗസ്റ്റ് 15-ന് "തെയൊതോക്കോസിന്റെ പെരുന്നാൾ" നടപ്പാക്കി. ഡിസംബർ 25-ന് ക്രിസ്മസ് ആഘോഷം നടത്തിത്തുടങ്ങി. എഫേസോസിൽ അദ്ദേഹം ചെയ്ത ഒരു പ്രസംഗം നമുക്ക് ലഭിച്ചിട്ടുണ്ട്.

## ജറുസലേമിലെ തിയഡോഷ്യസ് (5-ാം നൂ.)

പലസ്തീനയിലെ ഒരു സന്യാസിയായ തിയഡോഷ്യസ് സിറിലിന്റെ പക്ഷക്കാരനായിരുന്നു. കാൽസിഡൺ കൗൺസിൽ അംഗീകരിക്കാതെ യുവെനാലിനെതിരെ ജനങ്ങളെ സംഘടിപ്പിച്ചു. ഐക്യഫോർമുല (433) അംഗീകരിക്കാതെ 431-ലെ സിറിലിനെ മുറുകെപ്പിടിച്ചു. ഐക്യത്തിനുവേണ്ടി സിറിൽ 433-ൽ കാണിച്ച വിട്ടുവീഴ്ചാമനോഭാവം അയാൾക്കില്ലായിരുന്നു. യുവെനാൽ സത്യവിശ്വാസ ധ്വംസകനായി മാറിയെന്നാരോപിച്ച് അയാൾ പാത്രിയാർക്കീസായി (452-3). കാൽസിഡൺ അംഗീകരിക്കുന്ന മെത്രാന്മാരെ നീക്കിയിട്ട് മറ്റാളുകളെ നിയമിക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ ഗാസ്സായ്ക്കടുത്തുള്ള മയ്യൂമായിൽ മെത്രാനായിരുന്ന ഇബേരിയൻ പീറ്ററിനെയും വാഴിച്ചു (452-489). മാർസ്യൻ ചക്രവർത്തി തിയഡോഷ്യസിനെതിരെ മരണവാറണ്ട് പുറപ്പെടുവിച്ചതിനാൽ, സീനായ് മലയിലെ സന്യാസികളുടെ ഇടയിൽ ഒളിച്ചുപാർത്തു. അവിടെനിന്ന് ഈജിപ്തിലേക്കു കടന്നു. ഏകസ്വഭാവവാദികളുടെ തർക്കങ്ങൾ തീർക്കാൻ അന്ത്യോക്യയിലേക്ക് പോകുന്നവഴി അറസ്റ്റ് ചെയ്യപ്പെട്ടു. മരണം വരെ കോൺസ്റ്റാന്റിനോപ്പിളിൽ വീട്ടുതടങ്കലിൽ കഴിയേണ്ടി വന്നു. അയാളുടെ പേരിൽ രണ്ട് കോപ്റ്റിക് രേഖകൾ അറിയപ്പെടുന്നെങ്കിലും രണ്ടും അയാളുടേതല്ല. വി. വിക്ടറിന്റെ ബഹുമാനാർഥമുള്ള പ്രസംഗം, വി. ഗീവർഗീസ് സഹദായെ കുറിച്ചുള്ള സ്തുതിപ്രഭാഷണം എന്നിവയാണ് ആ രേഖകൾ.

## ബോസ്ത്രായിലെ അന്തിപാതർ (5-ാം നൂ.)

കാൽസിഡൺ കൗൺസിലിന്റെ അവസരം അറേബ്യയിലെ ബോസ്ത്രാ മെത്രാപ്പോലീത്താ ആയിരുന്ന അദ്ദേഹം മഹാനായ എവുതീമിയസിനോടും (+473) പലസ്തീനിയൻ സന്യാസികളോടും ബന്ധപ്പെട്ട് ഒരിജനിസത്തെ ശക്തിയായി എതിർത്തു. ഒരിജനെ ന്യായീകരിച്ചുകൊണ്ട് കേസറിയായിലെ എവുസേബിയസ് എഴുതിയ കൃതിക്ക് അന്തിപാതർ ഒരു ഖണ്ഡനമെഴുതി. "ആത്മാക്കളുടെ പ്രിസ്ഥിതി", "അപ്പൊകതാസ്തസിസ്" എന്നിവയാണ് അയാളെതിർത്തത്. മുൻകാല പിതാക്കന്മാരാരും ഇങ്ങനെ പഠിപ്പിച്ചിട്ടില്ലെന്ന് വ്യക്തമാക്കി. അദ്ദേഹത്തിന്റെ ചില ഹോമിലികൾ ലഭിച്ചിട്ടുണ്ട്.

## ജറുസലേമിലെ ക്രിസിപ്പുസ് (+479)

കപ്പഡോഷ്യാക്കാരനായ ക്രിസിപ്പുസ് സിറിയായിലാണ് വളർന്നത്. അയാൾ എവുതീമിയസിന്റെ ആദ്യകാല ശിഷ്യരിൽ ഒരാളായിരുന്നു. 456-നുശേഷം തിരുവുത്ഥാന ദൈവാലയത്തിലെ വൈദികനായി. ഏതാണ്ട് 466-ൽ വി. കുരിശിന്റെ സംരക്ഷകനായി (*സ്തൗറോഫിലാക്സ്*). പത്തുവർഷം ആ ജോലി നോക്കി. അദ്ദേഹത്തിന്റെ ചില ഹോമിലികൾ ലഭിച്ചിട്ടുണ്ട്. ദൈവമാതാവ്, വി.തിയഡോർ, മുഖ്യദൂതനായ വി.മിഖായേൽ, സ്നാപകയോഹന്നാൻ എന്നിവരെപ്പറ്റി സ്തുതിപ്രഭാഷണങ്ങൾ നടത്തി. അയാളുടെ ശ്രോതാക്കൾ സന്യാസിമാരായിരുന്നെന്നു തോന്നുന്നു.

## ജറുസലേമിലെ മർതീരിയുസ് (478-486)

കപ്പഡോഷ്യാക്കാരനായ മർതീരിയുസ് 457 വരെ നിത്രിയയിൽ സന്യാസിയായിരുന്നു. പ്രൊത്തേരിയുസ് മരിച്ചപ്പോൾ, ഈജിപ്ത് വിട്ട് പലസ്തീനായിലെത്തി മഹാനായ എവുതീമിയസിന്റെ കൂടെ കൂടി. പിന്നീട് കുറേ നാളത്തെ ഏകാന്തവാസത്തിനുശേഷം ജറുസലേമിനടുത്ത് ഒരാശ്രമം തുടങ്ങി. തദവസരം അനസ്താസ്യൂസിന്റെ പിൻഗാമിയായി ജറുസലേം പാത്രിയർക്കീസായി. പലസ്തീനായിലെ സന്യാസികളെ രമ്യതപ്പെടുത്തുന്നതിനും കലഹം ശമിപ്പിക്കുന്നതിനും അദ്ദേഹം പരിശ്രമിച്ചു. കാൽസിഡൺ കൗൺസിലിനുശേഷം പിണങ്ങിക്കഴിഞ്ഞ മിക്ക സന്യാസികളെയും സഭാകൂട്ടായ്മയിലേക്ക് കൊണ്ടുവന്നു. അദ്ദേഹത്തിന്റെ കൃതികളുടെ ചില രേഖാശകലങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

## മർക്കോസ് ഡീക്കൻ

മർക്കോസ് എന്ന ഡീക്കന്റെ പേരിൽ "പൊർഫീരിയുടെ ജീവചരിത്രം" അറിയപ്പെടുന്നു. ഗാസ്സാ മെത്രാനായിരുന്ന (395-420) പൊർഫീരിയുടെ ഡീക്കനായിരുന്നു അയാൾ. ഈ ചരിത്രത്തിൽ പല പൊരുത്തക്കേടുകളും ഉള്ളതിനാൽ, ദൃക്സാക്ഷി വിവരണമെന്ന് ഇതിനെ വിളിക്കാനാവില്ല. മർക്കോസ് രചിച്ചത് പിൽക്കാലത്ത് ആരോ തിരുത്തിയെഴുതി, പൊർഫീരിയെ ഒരിജനിസത്തിന്റെയും പെലാജിയനിസത്തിന്റെയും കരിനിഴലിൽ നിന്ന് വിമുക്തനാക്കാനുള്ള ശ്രമം നടന്നുകാണാൻ ഇടയുണ്ടെന്ന് ജോർജിയൻ ടെക്സ്റ്റിനെ ആധാരമാക്കി ചിലർ കരുതുന്നു. തിയഡൊറെറ്റിന്റെ "സന്യാസചരിത്രത്തെ" ഗ്രന്ഥകാരൻ ആരംഭത്തിൽ ആശ്രയിച്ചതിന്റെ ലക്ഷണം കാണുന്നു. വിവരണത്തിലെ വിശദാംശങ്ങൾ പലതും വസ്തുനിഷ്ഠമാണോ എന്ന് സംശയിക്കുന്നവരുമുണ്ട്: പൊർഫീരി എന്ന സന്യാസിയുടെ രോഗം മർക്കോസ് സുഖമാക്കി, അയാൾ വൈദികനും മെത്രാനുമാകാൻ കാരണക്കാരനായി, അയാളുടെ ഡീക്കനായി, ഗാസ്സായിൽ അവശേഷിച്ച പേഗനിസത്തെ തുടച്ചുനീക്കി, അയാളോടൊപ്പം കോൺസ്റ്റാന്റിനോപ്പിളിലേക്ക് യാത്രചെയ്തു എന്നു പോകുന്നു വിവരണങ്ങൾ.

## ആബാ ഏശായാ (+491)

ഈജിപ്തുകാരനായ ആബാ ഏശായാ ഷേതിൽ സന്യാസം തുടങ്ങി, ഗാസ്സായിൽ അവസാനിപ്പിച്ചു. അതുകൊണ്ട് ഷേതിലെ (ഗാസ്സായിലെ) ആബാ ഏശായാ എന്ന് അറിയപ്പെടുന്നു. അദ്ദേഹം "അസ്സെറ്റിക്കോൺ" എന്ന താപസ്സഗ്രന്ഥം രചിച്ചു. സന്യാസജീവിതത്തെപ്പറ്റിയുള്ള പ്രതിപാദനങ്ങൾ അടങ്ങിയതാണ് ഈ കൃതി. അത് അന്നത്തെ പ്രധാന ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. "പിതൃസൂക്തങ്ങളിൽ" (*അപ്പൊഫ്തെഗ്മാതാ പാത്രും*) കാണുന്ന ആബാ ഏശായായുടെ സൂക്തങ്ങളുടെ അടിസ്ഥാനം ഈ ഗ്രന്ഥമാണ്. ഈ കൃതിക്ക് പല പിൽക്കാല സന്യാസപിതാക്കന്മാരും വ്യാഖ്യാനമെഴുതിയിട്ടുണ്ട്. "സന്യാസജീവിതത്തിന്റെ ഗ്രേഡുകൾ" എന്ന കൃതിയുടെ ചില ഭാഗങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു.



## ജോൺ റൂഫുസ് (5-ാം നൂ.)

അസ്കലോനിൽ (തെക്കൻ പലസ്തീനാ) നിന്നുള്ള ഒരറബി ക്രിസ്ത്യാനി ആയിരുന്നു ജോൺ റൂഫുസ് (ദ്ബേത് റൂഫിൻ). അദ്ദേഹം ബെറീത്തൂസിൽ നിയമം പഠിച്ചു. കാൽസിഡൺ വിരുദ്ധനായ പീറ്റർ ഫുള്ളർ പാത്രിയർക്കീസ് (476-8) ഇയാളെ വൈദികനാക്കി, സിൻചെല്ലുസായി നിയമിച്ചു. പീറ്റർ അന്ത്യോക്യയിൽ നിന്ന് ബഹിഷ്കൃതനായപ്പോൾ, ജോൺ ഗാസ്സായിലേക്ക് പോയി ആബാ ഏശായായെയും മയ്യൂമാ മെത്രാൻ പീറ്ററിനെയും (ഇബേരിയൻ) പരിചയപ്പെട്ടു. പീറ്ററിന്റെ മരണശേഷം ജോൺ മയ്യൂമാ മെത്രാനായി. ജോണിന്റെ കൃതികൾ സുറിയാനി വിവർത്തനത്തിലൂടെ നമുക്ക് കൈവന്നിട്ടുണ്ട്. 1. മയ്യൂമാ മെത്രാൻ പത്രോസിന്റെ ജീവചരിത്രം. 2. ജറുസലേം മെത്രാൻ തിയഡോഷ്യസിന്റെ ജീവചരിത്രം. 3. പ്ലെറോഫോറിയേ: കാൽസിഡൺ കൗൺസിലിൽ വിശ്വാസധ്വംസനം സംഭവിച്ചു എന്ന് തെളിയിക്കുന്ന കുറേ "ദർശനങ്ങളും അത്ഭുതങ്ങളും പ്രവചനങ്ങളും" അടങ്ങുന്ന വലിയൊരു കൃതിയാണിത്. ഏകസ്വഭാവവാദികളുടെ ഇടയിൽ അതിന് വ്യാപകമായ പ്രചരണം ലഭിച്ചു. സക്കറിയാസ് അഡ്വക്കേറ്റ് (*റെതോർ*), സെവുഡോ-ഡയനീഷ്യസ് ദ്തെൽമാറേ, മിഖായേൽ റാബോ എന്നിവർ ഇതുപയോഗിച്ചിട്ടുണ്ട്.

## ഗാസ്സായിലെ ഏനെയാസ് (450-518)

ഏനെയാസ് ഗാസ്സായിൽ കുലീനകുടുംബത്തിൽപെട്ട ആളായിരുന്നു.ആദ്യപഠനം ഗാസ്സായിൽ കഴിഞ്ഞശേഷം പ്രഭാഷണകല അഭ്യസിക്കാൻ അലക്സാണ്ട്രിയായിൽ പോയി. ഹിയെരോക്ലെസ് എന്ന നെയോ പ്ലറ്റോണിസ്റ്റിന്റെ കീഴിൽ താത്വികപഠനം നടത്തി. അവിടെവച്ച് പല പ്രഗത്ഭരെയും കണ്ടുമുട്ടുകയും സഖിത്വം സമ്പാദിക്കുകയും ചെയ്തു. ഗാസ്സായിൽ തിരിച്ചെത്തി പ്രഭാഷകാധ്യാപകനായി. "പണ്ഡിതനായ മഹാസോഫിസ്റ്റ്" എന്നാണ് സക്കറിയാസ് സ്കൊളാസ്റ്റിക്കുസ് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. അദ്ദേഹം ആബാ ഏശായായെ സന്ദർശിച്ച് സംശയങ്ങൾ തീർത്തിരുന്നു. അദ്ദേഹത്തിന് നിരവധി സ്നേഹിതന്മാരുണ്ടായിരുന്നു. ഗാസ്സായിലെ പ്രൊക്കോപ്പിയുസ്, അയാളുടെ സഹോദരനായ മിറ്റിലീനിലെ സക്കറിയാസ് സ്കൊളാസ്റ്റിക്കുസ് എന്നിവർ അടുത്ത സ്നേഹിതരായിരുന്നു. സമൂഹത്തിൽ സുപ്രധാന ഉദ്യോഗങ്ങൾ വഹിച്ച നല്ലൊരൽമായനായ അദ്ദേഹം നിരവധി കത്തുകൾ എഴുതി. "തെയോഫ്രാസ്തസ്" എന്ന ഡയലോഗാണ് ഏറ്റവും പ്രധാന കൃതി. ക്രിസ്തീയ പ്രബോധനങ്ങളുമായി ഒത്തുപോകാത്ത നെയോപ്ലറ്റോണിക് ആശയങ്ങളെ ഇതിൽ ഖണ്ഡിക്കുന്നു. നിരവധി താത്വികരെ

യും ക്രൈസ്തവ സാഹിത്യകാരന്മാരെയും ഉപയോഗിച്ചാണ് ഇതെഴുതിയത്. അക്കാലത്തെ വളരെ പ്രശസ്തനായ ഒരു ക്രൈസ്തവ താത്വികനും നിയമ പണ്ഡിതനുമായിരുന്നു അദ്ദേഹം.

## സക്കറിയാസ് സ്കൊളാസ്റ്റിക്കൂസ് (+536)

സഭാചരിത്രകാരനായ സക്കറിയാസ് ("അഡ്വക്കറ്റ്/റെതോർ") ഗാസ്സായ്ക്കടുത്തുള്ള മയ്യൂമായിൽ 465-നോടടുത്ത് ജനിച്ചു. അദ്ദേഹത്തിന്റെ സഹോദരനായിരുന്നു പ്രൊക്കോപ്പിയുസ്. സക്കറിയാസ് അലക്സാണ്ട്രിയായിലും (485-7) ബെറീത്തൂസിലും(487-492) പഠിച്ച്, കോൺസ്റ്റാന്റിനോപ്പിളിൽ നിയമപണ്ഡിതനായി അഭിഭാഷകവൃത്തി തുടങ്ങി. അതിൽ നിന്നാകാം *റെതോർ* (അഡ്വക്കേറ്റ്) എന്ന പേരുണ്ടായത്. തലസ്ഥാനത്ത് അദ്ദേഹം സുപ്രധാന ഉദ്യോഗങ്ങൾ വഹിച്ചു. അലക്സാണ്ട്രിയായിൽ വച്ച് സെവേരൂസിനെ പരിചയപ്പെട്ടു. അവരിരുവരും ഒന്നിച്ചാണ് നിയമം പഠിക്കാൻ ബെറീത്തൂസിലേക്കു പോയത്. കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോയപ്പോൾ സക്കറിയാസ് കാൽസിഡൺ വിരുദ്ധ ക്യാമ്പിലായിരുന്നു. കാലക്രമത്തിൽ കാൽസിഡൺ വിരുദ്ധത കുറഞ്ഞു. പിന്നീട് അദ്ദേഹം ലെസ്ബോസ് ദ്വീപിലെ മിറ്റിലീൻ മെത്രാപ്പോലീത്താ (527-536) ആയി. ഈ തസ്തികയിൽ 536-ലെ കോൺസ്റ്റന്റിനോപ്പിൾ യോഗത്തിൽ സംബന്ധിച്ചു. ആ യോഗത്തിൽ വച്ചാണ് സെവേരൂസ്, അന്തീമുസ് തുടങ്ങിയ പ്രമുഖ കാൽസിഡൺ വിരുദ്ധർ മുടക്കപ്പെട്ടത്.

**കൃതികൾ**

1. "അമ്മോണിയുസ്" എന്ന കൃതി ഡയലോഗ് രീതിയിൽ ബെറീത്തൂസിൽ വച്ച് എഴുതിയതാണ്. സമയത്തിലുള്ള ലോകസൃഷ്ടിയാണ് ഇതിലെ ചർച്ചാവിഷയം.

2. സെവേരൂസിന്റെ ജീവചരിത്രം: സെവേരൂസിനെ ന്യായീകരിച്ചുകൊണ്ട് 515-ൽ എഴുതിയതാണിത്. സെവേരൂസ് 512-ൽ അന്ത്യോക്യാ പാത്രിയർക്കീസ് ആയപ്പോൾ അദ്ദേഹത്തിന്റെ വിജാതിയ പശ്ചാത്തലത്തെപ്പറ്റി ആരോപണമുയർന്നു. അതിനുള്ള മറുപടിയായിട്ടാണിത്.

3. ആബാ ഏശായായുടെ ജീവചരിത്രം. ഇതിന്റെ സുറിയാനി വിവർത്തനം മാത്രമേ ലഭിച്ചിട്ടുള്ളു. ഏശായായുടെ സുകൃതങ്ങൾ വിവരിക്കുന്ന ഗ്രന്ഥമാണിത്.

4. ഇബേരിയൻ പീറ്ററിന്റെ ജീവചരിത്രം: ഇതിന്റെ സുറിയാനിയിലുള്ള ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

5. മനിക്കെയർക്കെതിരെ രണ്ട് കൃതികൾ.

6. സഭാചരിത്രം: ഇത് സുറിയാനിയിൽ ലഭിച്ചിട്ടുണ്ട്. പന്ത്രണ്ട് പുസ്തകങ്ങളിലായി സൃഷ്ടി മുതൽ 569 വരെയുള്ള ചരിത്രം വിവരിക്കുന്ന സുറിയാനി



പതിപ്പ്, മൂലഗ്രീക്ക് അടിസ്ഥാനമാക്കി ആരോ വിപുലീകരിച്ച് തയാറാക്കിയതാണ്. ഗ്രീക്കുമൂലം 492-ൽ കോൺസ്റ്റാൻറിനോപ്പിളിൽവച്ച് എഴുതി. എന്നാൽ ആ മൂലകൃതി നഷ്ടപ്പെട്ടു. അദ്ദേഹം നേരിൽ കണ്ട പല സംഗതികളും ഇതിൽ സൂചിപ്പിക്കുന്നു. എവാഗ്രിയസ് സ്കൊളാസ്റ്റിക്കുസ് തന്റെ ചരിത്രത്തിന്റെ രണ്ടും മൂന്നും പുസ്തകങ്ങളുടെ രചനയ്ക്ക് ഈ കൃതി ഉപയോഗിച്ചിട്ടുണ്ട്.

## ഗാസ്സായിലെ പ്രൊക്കോപ്പിയുസ് (465-530)

സക്കറിയാസിന്റെ സഹോദരനായ പ്രൊക്കോപ്പിയുസ് ഒരു ക്രിസ്റ്റ്യൻ സോഫിസ്റ്റത്രേ. പലസ്തീനായിലെ ഗാസ്സായിൽ ജനിച്ചു. നാട്ടിലും അലക്സാണ്ട്രിയായിലും പഠിച്ചു. നാട്ടിൽ തിരിച്ചെത്തി അധ്യാപനജോലിയിൽ അവസാനം വരെ നിലനിന്നു. നിരവധി കത്തേനകളുടെ കർത്താവാണ് അദ്ദേഹം. അലക്സാണ്ട്രിയൻ ദൈവശാസ്ത്ര വീക്ഷണങ്ങൾ പുലർത്തി. ഒരിജന്റെ കൃതികൾ ധാരാളമായി ഉപയോഗിച്ചു. വിവിധ ബൈബിൾ ഗ്രന്ഥങ്ങൾക്ക് കത്തേനകളുണ്ടാക്കി. അധ്യാപകൻ എന്ന നിലയിലും കത്തേനകളുടെ കർത്താവ് എന്ന നിലയിലും അദ്ദേഹം പ്രശസ്തനായിരുന്നു.

## സിമ്മാക്കുസ് (5-ാം നൂ.)

സിമ്മാക്കുസ് ഉത്തമഗീതത്തിന് ഗ്രീക്കിൽ ഒരു ഭാഷ്യം രചിച്ചു. അതിന്റെ നല്ലൊരു ഭാഗം സുറിയാനിയിൽ കിട്ടിയിട്ടുണ്ട്. അല്ലെഗോറിക്കൽ, മോറൽ, അസെറ്റിക്കൽ വ്യാഖ്യാന രീതിയാണ് ഇതിൽ കാണുക. ഇതിന്റെ ഒരു ചെറിയ പതിപ്പും ലഭ്യമാണ്. അത് ആരോ പിൽക്കാലത്ത് ചെയ്തതാകാം.

## ഗാസ്സായിലെ കൊറീചിയുസ് (6-ാം നൂ.)

ഗാസ്സായിലെ പ്രൊക്കോപ്പിയുസിന്റെ ശിഷ്യനും പിൻഗാമിയുമായിരുന്നു കൊറീചിയുസ്. ജീവിതകാലം മുഴുവൻ ഗാസ്സായിൽ ചെലവഴിച്ചു. അയാൾ വിവിധ വിഷയങ്ങളെ പറ്റി സ്തുതിപ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. അതിലൊന്നാണ് ഗാസ്സാമെത്രാൻ മാർചിയാനുസിനെ കുറിച്ചുള്ള സ്തുതിപ്രഭാഷണം.

## ബർസനൂഫിയുസും ജോണും (6-ാം നൂ.)

ഇവരിരുവരും ഏകാന്തവാസികളായ സന്യാസികളായിരുന്നു. ആധ്യാത്മികോപദേശാർഥം പലരും ഇവരെ സമീപിച്ചിരുന്നു. പിൽക്കാല പൗരസ്ത്യ സന്യാസത്തിൽ ഇവർ ആഴമായ സ്വാധീനം ചെലുത്തി. ബർസനൂഫിയുസ് ഈജിപ്തിൽ ജനിച്ചു. ഗാസ്സായ്ക്ക് തെക്ക് സെരീദോസ് സ്ഥാപിച്ച തവാതാ ആശ്രമത്തിൽ സന്യാസജീവിതം ആരംഭിച്ചു. പിന്നീട് ഏകാന്തജീവിതം നയിച്ചു. 'പ്രവാചകൻ' എന്നറിയപ്പെട്ട ജോൺ, മെറോസാബാ ആശ്രമാംഗമായിരുന്നു. അയാൾ ബർസനൂഫിയുസിനു സമീപം ഏകാന്തവാസം തുടങ്ങി. അവരെ

കാണാൻ വരുന്നവരെ ആരെയും കാണാൻ അവർ കൂട്ടാക്കിയില്ല. ഉപദേശാർഥം എത്തിയവർ സെരീദോസ് വഴി സമ്പർക്കം പുലർത്തി. സെരീദോസ് മരിക്കുന്നതുവരെ (542) ഈ രീതി തുടർന്നു. അധികം താമസിയാതെ അവരിരുവരും ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷരായി. "ചോദ്യോത്തരങ്ങൾ" എന്ന പേരിൽ അവരുടെ ഉപദേശങ്ങൾ കത്തിന്റെ രൂപത്തിൽ സമാഹരിച്ചിട്ടുണ്ട്. അവയിൽ 850 എണ്ണം ലഭ്യമാണ്. ഒരിജനിസത്തിനെതിരായ നിലപാട് ഇവയിൽ ദൃശ്യമാണ്.

## ഗാസ്സായിലെ ദൊറോതേവൂസ് (6-ാം നൂ.)

ബർസനൂഫിയുസിന്റെയും ജോണിന്റെയും ശിഷ്യനായിരുന്നു അദ്ദേഹം. തവാതായിൽ സെരിദോസിന്റെ ആശ്രമത്തിൽ സന്യാസിയായി, മേൽപറഞ്ഞ രണ്ടുപേരുടെയും ശിഷ്യനായി. അവരുടെ മരണശേഷം അവിടം വിട്ട് തന്റെ സ്വന്തം ആശ്രമം സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന 14 പ്രതിപാദനങ്ങളും നോമ്പുകാലത്തു നൽകിയ മൂന്ന് ഉപദേശങ്ങളും 16 കത്തുകളും ഡയലോഗുകളും മൊഴികളും കൈവന്നിട്ടുണ്ട്. മരുഭൂമിയിലെ താപസ്സർ, ആബാ മർക്കോസ്, ആബാ ഏശായാ, ജോൺ ക്രിസോസ്തോം, കപ്പഡോഷ്യൻ പിതാക്കന്മാർ എന്നിവരാണ് അദ്ദേഹത്തിന്റെ സ്രോതസ്സുകൾ. അക്കാലത്തെ ക്രിസ്തുശാസ്ത്ര തർക്കങ്ങളോ, ഒരിജനിസ്റ്റ് തർക്കങ്ങളോ കൃതികളിൽ സൂചിപ്പിക്കുന്നില്ല. വി. തിയഡോർ സ്റ്റൂഡൈറ്റ് (8/9-ാം നൂ.) ഈ കൃതികൾ ധാരാളമായി ഉപയോഗിച്ചു. ബിസന്റൈൻ, സ്ലാവിക് ആധ്യാത്മികതയിൽ ദൊറോതെവുസ് ഗണ്യമായ സ്വാധീനം ചെലുത്തി.

## ജറുസലേമിലെ തെയോഗ്നിയുസ് പ്രെസ്ബിറ്റർ (+522)

കുരുത്തോലകളെപ്പറ്റി (ഓശാനയെപ്പറ്റി) ഒരു ഹോമിലി അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. അദ്ദേഹം കാൽസിഡൺ പക്ഷപാതി ആയിരുന്നു: "മാറ്റം കൂടാതെ (*അത്രെപ്തോസ്*) ദൈവം മനുഷ്യത്വത്തെ തന്നോടു ചേർത്തു" എന്ന് അതിൽ കാണുന്നു. പുരാതന സഭാസ്ലാവോണിക് ഭാഷയിൽ ഈ ഹോമിലി പൂർണമായി ലഭിച്ചിട്ടുണ്ട്. സന്യാസിയും പിന്നീട് ബെതീലിയോസിന്റെ മെത്രാനുമായിരുന്ന (+522) തെയോഗ്നിയുസായിരിക്കാം മേൽപ്പറഞ്ഞയാൾ. എലൂസായിലെ പൗലോസും ഷിതോപ്പൊളീസിലെ സിറിലും തെയോഗ്നിയുസിന്റെ ജീവചരിത്രം എഴുതിയിട്ടുണ്ട്. അനാറ്റോളിയായിൽ (അർമേനിയാ സെക്കുൻദാ) നിന്നുള്ള ഒരു സന്യാസി ആയിരുന്നു അദ്ദേഹം. ഏതാണ്ട് 454/5-ൽ ജറുസലേമിൽ വന്നു. ഒലിവുമലയിൽ ഫ്ളാവിയാ സ്ഥാപിച്ച ആശ്രമത്തിൽ അംഗമായി. ഫ്ളാവിയായുടെ മരണശേഷം അദ്ദേഹം യൂദയാ മരുഭൂമിയിലേക്ക് പിൻവാങ്ങി. ആദ്യം തിയഡോഷ്യസിന്റെ ശിഷ്യനായും പിന്നീട് തനിച്ചും ജീവിച്ചു. അതിനുശേഷം തന്റെ സ്വന്തം ആശ്രമം സ്ഥാപിച്ചു. ജറുസലേം പാത്രിയർക്കീസ് ഏലിയാസ് (494-516) അദ്ദേഹത്തെ ബെതീലിയോസിന്റെ മെത്രാനായി വാഴിച്ചു. അദ്ദേഹം തന്റെ ഭവനത്തിലും മരുഭൂമിയിലുമായി മാറിമാറി താമസിച്ചു.



## സെവുഡോ-ഗ്രെഗെജൻസ്യൂസ് (6-ാം നൂ.)

ബിസന്റൈൻ സഭ അദ്ദേഹത്തെ വിശുദ്ധനായി കരുതുന്നു (ഡിസംബർ 19). ഹിംയറീത്ത (സൗദി അറേബ്യ-യമൻ) പ്രദേശത്തെ തഫാർ/സഫാർ മെത്രാനായിരുന്നു അദ്ദേഹം. നജ്രാൻ മെത്രാൻ പല്ലാഡിയസ് രചിച്ച ജീവചരിത്രം വസ്തുനിഷ്ഠമല്ല, കഥാരീതിയിലുള്ളതാണ്. മീസിയായിൽ ജനിച്ച് ഇറ്റലി വഴി അലക്സാണ്ട്രിയായിൽ എത്തിയ അദ്ദേഹത്തെ അലക്സാണ്ട്രിയൻ പാത്രിയർക്കീസ് ഹിംയരുടെ നാട്ടിലേക്കയച്ചു. അദ്ദേഹം അവിടെ മെത്രാനായി സഭാശുശ്രൂഷ നടത്തി. എന്നാൽ ഈ വിവരണം അംഗീകരിക്കാത്തവരുമുണ്ട്. അദ്ദേഹം പൗരസ്ത്യനും കാൽസിഡൺ വിരുദ്ധനുമായിരുന്നെന്ന് അവർ കരുതുന്നു. അദ്ദേഹം എഴുതിയ "ഹിംയറീത്തരുടെ നിയമങ്ങൾ", "യൂദനായ ഹെർബാനുമായുള്ള തർക്കം" എന്നിങ്ങനെ രണ്ടു കൃതികളെപ്പറ്റി ജീവചരിത്രത്തിൽ പറയുന്നു:

## സോസിമസ് (6-ാം നൂ.)

ഫിനീഷ്യയിൽ നിന്നുള്ള ഒരു സന്യാസിയായിരുന്ന അയാൾ, യോർദാൻ താഴ്വരയിൽ വി.ജറാസിമുസിന്റെ ലൗറായിലെ സന്യാസിയായി. പിന്നീട് കേസറിയായ്ക്കടുത്ത് താമസമാക്കി. അന്ത്യോക്യയിലെ ഭൂകമ്പത്തെപ്പറ്റി (526) ദൂരെയിരുന്നുകൊണ്ടുതന്നെ അദ്ദേഹം അറിഞ്ഞെന്ന് എവാഗ്രിയസ് പറയുന്നു. അയാളുടെ സൂക്തങ്ങൾ ഡൊറോതെവുസ് ശേഖരിച്ചിട്ടുണ്ട്.

## ജറുസലേമിലെ പത്രോസ് (524-552)

ജസ്റ്റീനിയന്റെ കാലത്ത് പലസ്തീനയിലെ സഭാ-രാഷ്ട്രീയ തലങ്ങളിൽ ഒരു പ്രമുഖവ്യക്തിയായിരുന്നു പത്രോസ്. ക്രിസ്ത്യാനികൾക്കെതിരെ സമറിയാക്കാർ 529-ൽ പലസ്തീനായിൽ ലഹള തുടങ്ങിയപ്പോൾ, ചക്രവർത്തി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സാബാസിന്റെ നേതൃത്വത്തിൽ ഒരു ദൗത്യസംഘത്തെ അദ്ദേഹം കോൺസ്റ്റാന്റിനോപ്പിളിലേക്കയച്ചു. അവിടെ വച്ചു നടന്ന സിനഡിന്റെ (536) ഏകസ്വഭാവവിരുദ്ധ തീരുമാനങ്ങൾ പലസ്തീനിയൻ മെത്രാന്മാരുടെ സിനഡ് അംഗീകരിച്ചു. ജറുസലേം പാത്രിയാർക്കേറ്റ് കാൽസിഡൺ ചേരിയിൽ ശക്തമായി നിലയുറപ്പിച്ചു. ഒരിജനിസത്തെയും അദ്ദേഹം എതിർത്തു. ചക്രവർത്തിയുടെ ആന്റി-ഒരിജനിസ്റ്റ് പ്രഖ്യാപനങ്ങൾക്ക് (543) പത്രോസ് പിന്തുണ നൽകി. എന്നാൽ മൂന്നധ്യായങ്ങളെ ശപിച്ച ഇമ്പീരിയൽ ഡിക്രി (544) ചക്രവർത്തിയെക്കൊണ്ട് പിൻവലിപ്പിക്കാൻ അദ്ദേഹം നേരിട്ട് കോൺസ്റ്റാന്റിനോപ്പിളിൽ പോയി നിവേദനം നൽകിയെങ്കിലും വിജയിച്ചില്ല. എന്നു മാത്രമല്ല, തിയഡോർ അസ്കീദാസിന്റെ ഇടപെടൽ നിമിത്തം അദ്ദേഹത്തിന് പ്രസ്തുത ഡിക്രി അംഗീക

രിക്കേണ്ടതായും വന്നു; അതുപോലെ ഒരിജനിസ്ത്യരുമായി സഹകരിക്കാനും നിർബന്ധിതനായി. "ജനനത്തിരുനാളിനെപ്പറ്റി" "നോമ്പിനെപ്പറ്റി" എന്നിങ്ങനെ രണ്ട് ഹോമിലികൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

## ഷിതോപ്പൊളീസിലെ യോഹന്നാൻ (536–548)

ജോൺ സ്കൊളാസ്തിക്കുസ് ഷിതോപ്പൊളീസിൽ തിയഡോഷ്യസിന്റെ പിൻഗാമിയായി മെത്രാനായി. ഗലീലിയിലെ ബേത് ഷെയാൻ എന്ന് ഷിതോപ്പൊളീസ് ഇന്നറിയപ്പെടുന്നു. മൂന്നധ്യായങ്ങളെ സംബന്ധിച്ചുള്ള തർക്കത്തിനുമുമ്പ് "ഏകസ്വഭാവവാദികൾക്കെതിരെ" എന്നൊരു കൃതി അദ്ദേഹം എഴുതിയതായി ബിസാൻസ്യത്തിലെ ലെയോൺഷ്യൂസ് സൂചിപ്പിക്കുന്നു. അക്കാലത്തെ മറ്റുചില എഴുത്തുകാരും ജോണിനെപ്പറ്റി പറയുന്നു. "സ്കോളിയാ" എന്നൊരു കൃതി ലഭിച്ചിട്ടുണ്ട്. അതിൽ ഒരിജനിസ്ത്യരെ തന്റെ സമകാലീനരെന്നു വിളിക്കുന്നു. സെവുഡോ-ഡയനീഷ്യസിന്റെ കൃതികൾക്ക് സ്കോളിയാകളും മാർജിനിൽ കുറിപ്പുകളും എഴുതിയ ആദ്യത്തെയാൾ ജോണാണ്. ജോൺ സ്കോട്ടുസ് എരിയുജേനാ അവ കൃതിയോടൊപ്പം ലത്തീനിലേക്ക് വിവർത്തനം ചെയ്തു. ജോണിന്റെ ഗ്രീക്കു ടെക്സ്റ്റും സുറിയാനി വിവർത്തനവും ലഭിച്ചിട്ടുണ്ട്. ഏതാണ്ട് 600–ഓളം സ്കോളിയാകളുണ്ട്. ഡയനീഷ്യൻ കൃതികളുടെ ആമുഖമായി എഴുതിയിരിക്കുന്ന "പ്രൊലോഗ്" ഒരു സുപ്രധാന ഭാഗമാണ്. പിൽക്കാല വായനക്കാർക്ക് ജോണിന്റെ കുറിപ്പുകൾ വളരെ സഹായകമായി. എകസ്വഭാവവാദികൾക്കെതിരെ കാൽസിഡൺ ക്രിസ്തുശാസ്ത്ര ഫോർമുലയ്ക്കുവേണ്ടി അയാൾ നിലകൊണ്ടു. ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളെ കൂട്ടിക്കുഴയ്ക്കുന്നവർക്കും ഏകവ്യക്തിത്വത്തെ വിഭജിക്കുന്നവർക്കുമെതിരെ "ഏകവ്യക്തിയിൽ രണ്ടു സ്വഭാവങ്ങൾ" എന്ന തത്വം മുറുകെപ്പിടിച്ചു. "കാൽസിഡന്റെ ന്യായീകരണം" എന്ന കൃതിയിലെ ഒരു ഭാഗത്തെ സെവേരുസ് വിമർശിച്ചു. "സഭയിൽ നിന്ന് മാറിപ്പോയവർക്കെതിരെ" എന്ന കൃതിയെപ്പറ്റി ഫോസിയസ് സൂചിപ്പിക്കുന്നു. മറ്റുചില കൃതികളുടെ ചില ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്. ചിലതിന്റെ പേരുകൾ മാത്രമേ നമുക്കറിയൂ. "സെവേരുസിനെതിരെയും" "നെസ്തോറിയർക്കെതിരെയും" എഴുതിയ കൃതികളുടെ ചില ഉദ്ധരണികൾ ലഭിച്ചിട്ടുണ്ട്.

## ഷിതോപ്പൊളീസിലെ തിയഡോർ (6–ാം നൂ.)

യൂദയാ മരുഭൂമിയിൽ പുതിയ ലൗറായിലെ നേതാവായിരുന്നു തിയഡോർ എന്ന് ഷിതോപ്പൊളീസിലെ സിറിൽ തിയഡോറിന്റെ ജീവചരിത്രത്തിൽ പറയുന്നു. തിയഡോർ ആദ്യം ജറുസലേമിൽ വി. കുരിശിന്റെ സൂക്ഷിപ്പുകാരനായി. പിന്നീട് ഷിതോപ്പൊളീസിലെ മെത്രാപ്പോലീത്താ ആയി. പലസ്തീനിയൻ ഒരിജനിസ്റ്റ് സ്വാധീനത്തിൽ വന്ന തിയോഡോർ, രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിൽ (553) അവ പിൻവലിച്ച് ചക്രവർത്തിക്കും നാല് പൗരസ്ത്യ പാത്രിയർക്കീസുമാർക്കും ഒരു രേഖ എഴുതിക്കൊടുത്തു.



ഒരാമുഖവും 12 ശാപങ്ങളും അടങ്ങുന്നതാണ് ആ രേഖ. "ആത്മാക്കളുടെ പ്രിസ്ഥിതി'', ''അപ്പോകതാസ്തസിസ്'' എന്നിവ തെറ്റുകളാണെന്ന് ബൈബിൾ പഠനങ്ങളും പിതാക്കന്മാരുടെ കൃതികളും തന്നെ പഠിപ്പിച്ചെന്ന് അയാൾ പറയുന്നു. ജസ്റ്റീനിയന്റെ 543–ലെ ഒരിജനിസ്റ്റ് വിരുദ്ധ രേഖയിൽ പറയുന്ന തെറ്റുകൾക്കു പുറമേ, പലസ്തീനിയൻ സന്യാസത്തിലെ ചില ഒരിജനിസ്റ്റ് ആശയങ്ങളും തിയഡോർ നിരാകരിക്കുന്നു. അന്നത്തെ പലസ്തീനിയൻ സന്യാസത്തെപ്പറ്റി അറിയാൻ ഇത് സഹായകമാണ്.

## ഷിതോപ്പൊളീസിലെ സിറിൽ (525–558)

ഷിതോപ്പൊളീസിൽ ഭക്തരായ മാതാപിതാക്കളിൽ നിന്നു ജനിച്ച സിറിൽ പലസ്തീനിയൻ സന്യാസ ചരിത്രമെഴുതി പ്രശസ്തനായി. പിതാവായ ജോൺ സഭാരൂപതാകാര്യങ്ങളിൽ വ്യാപൃതനായിരുന്നു. വി. സാബാസ് 531 –ൽ ഷിതോപ്പൊളീസിൽ കൂടി കടന്നുപോകവേ സിറിലിനെ അനുഗ്രഹിക്കുകയും ഭാവിയിൽ തന്റെ ശുശ്രൂഷയ്ക്ക് പറ്റിയ ആളായിരിക്കുമെന്ന് പ്രവചിക്കുകയു ചെയ്തു. സാബാസ് 532–ൽ മരിച്ചു. സിറിൽ പിന്നീട് വായനക്കാരനായി. ഷിതോപ്പൊളീസിനടുത്തുള്ള ബേഎല്ലാ ആശ്രമാധ്യക്ഷനായ ഗീവർഗീസിൽനിന്ന് സന്യാസവസ്ത്രം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആശീർവാദത്തോടുകൂടെ ഉടൻതന്നെ ജറുസലേമിലേക്ക് തിരിച്ചു. അവിടെ യൂദയാ മരുഭൂമിയിൽ സന്യാസത്തിൽ പ്രവേശിച്ചു. ഏകാന്തജീവിതത്തിന് ഒരുക്കമായി വി.എവുതീമിയസിന്റെ വലിയ ലൗറായിൽ ചേരാൻ അവിടുത്തെ യോഹന്നാൻ എന്ന *ഹെസിക്കാസ്റ്റ്* ഉപദേശിച്ചു. എന്നാൽ സിറിൽ യോർദാൻ മരുഭൂമിയിൽ കലാമോന്റെ ലൗറായിൽ നേരേ ഏകാന്തവാസം തേടി. അവിടെവച്ച് അദ്ദേഹം രോഗിയായി. ആറു മാസത്തിനുശേഷം യോഹന്നാൻ അദ്ദേഹത്തിന് കാണപ്പെട്ട് വി. എവുതീമിയസിന്റെ ആശ്രമത്തിലേക്കു പോകാൻ ആവശ്യപ്പെട്ടു. അപ്പോൾ അവിടെ പോയി പത്തുവർഷം പാർത്തു. ഒരിജനിസ്ത്യരിൽ നിന്ന് പുതിയ ലൗറാ പിടിച്ചെടുക്കാൻ ഒരുകൂട്ടം സന്യാസികളോടൊത്ത് 555–ൽ ഇറങ്ങിത്തിരിച്ചു. രണ്ടുവർഷം പുതിയ ലൗറായിൽ പാർത്തിട്ട് 557–ൽ വലിയ ലൗറായിലേക്ക് മടങ്ങി. മിക്കവാറും 558–ൽ മരിച്ചു. എവുതീമിയസ്, സാബാസ് എന്നീ വലിയ സന്യാസപിതാക്കന്മാരുടെ വിശദമായ ചരിത്രവും ഹെസിക്കാസ്റ്റ് യോഹന്നാൻ, സിറിയാക്കുസ്, തിയഡോഷ്യസ്, തെയോഗ്നിയുസ്, അബ്രാമിയുസ്, ജറാസിമുസ് എന്നിവരുടെ ലഘുചരിത്രവുമെഴുതി. (ഈ ജീവചരിത്രങ്ങളുടെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *വി.എവുതീമിയസിന്റെ ജീവചരിത്രം.* തിരുവനന്തപുരം,1994; ജി.ചേടിയത്ത്, *പലസ്തീനയിലെ സന്യാസികൾ*, തിരുവനന്തപുരം,1994). കാൽസിഡണെ ചൊല്ലിയുള്ള തർക്കം, ഒരിജനിസം എന്നീ രണ്ടു പ്രശ്നങ്ങൾ സഭയെ അലട്ടിക്കൊണ്ടിരുന്ന കാലത്താണ് സിറിൽ ജീവിച്ചിരുന്നത്. അദ്ദേഹം കാൽസിഡൺ പക്ഷക്കാരനും ആന്റി–ഒരിജനിസ്റ്റുമായിരുന്നു. യഥാർഥ സന്യാസികൾ ഏകസ്വഭാവവാദത്തിനും ഒരിജനിസത്തിനും എതിരായിരി

ക്കുമെന്ന് സിറിൽ വാദിച്ചു. വസ്തുനിഷ്ഠമായി ചരിത്രം അവതരിപ്പിക്കുന്നതിലും സത്യവിശ്വാസം പുലർത്തുന്നതിലും നിഷ്ഠയുള്ള ആളായിരുന്നു അദ്ദേഹം.

## പെത്രായിലെ തിയഡോർ

തിയഡോഷ്യസിന്റെ ആശ്രമത്തിലെ സന്യാസി ആയിരുന്നു അദ്ദേഹം. പിന്നീട് പെത്രായിലെ (അറേബ്യ) മെത്രാനായി. അദ്ദേഹം തിയഡോഷ്യസിന്റെ ഒരു ജീവചരിത്രമെഴുതി. ഷിതോപ്പൊളീസിലെ സിറിൽ ഇത് തന്റെ രചനയിൽ ഉപയോഗിച്ചു.

## എലൂസായിലെ പൗലോസ് (6–ാം നൂ.)

ഗ്രീക്കുകാരനായ പൗലോസ്, തെയോഗ്നിയുസ് സ്ഥാപിച്ച ആശ്രമത്തിൽ ചേർന്നു. പിൽക്കാലത്ത് ബെതീലിയോസിന്റെ മെത്രാനായി. അത് ജറുസലേമിൽ നിന്ന് 90 മൈൽ ദൂരത്തിൽ കടൽ തീരത്താണ്. പിന്നീട് ബേർഷേബായ്ക്കടുത്തുള്ള എലൂസായിൽ ഏകാന്തവാസിയായി ജീവിച്ചു. ബെതീലിയോസ് മെത്രാനായിരുന്ന തെയോഗ്നിയൂസിന്റെ ഒരു ജീവചരിത്രമെഴുതി. അത് സിറിൽ തന്റെ രചനയിൽ ഉപയോഗിച്ചു. അതുപോലെ പൗലോസിന്റെ പേരിൽ ഒരു കത്തും അറിയപ്പെടുന്നു.

## കേസറിയായിലെ യോഹന്നാൻ

നെയോ-കാൽസിഡൺ ക്രിസ്തുശാസ്ത്രത്തിന്റെ ആദ്യവക്താക്കളിൽ പ്രമുഖനായിരുന്നു കേസറിയായിലെ (പലസ്തീനാ) യോഹന്നാൻ പ്രെസ്ബിറ്റർ. ജോൺ ഗ്രമ്മാതിക്കുസ് എന്നും അദ്ദേഹം അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി നമുക്ക് വളരെയൊന്നും അറിവില്ല. "കാൽസിഡൺ കൗൺസിലിന്റെ ന്യായീകരണം" (*അപ്പൊളോജിയാ*), "അസെഫലോയ് വിഭാഗത്തിനെതിരെ", "മനിക്കെയർക്കെതിരെ രണ്ട് ഹോമിലികൾ", "ഒരു മനിക്കേയനുമായി സത്യവിശ്വാസി നടത്തിയ ചർച്ച" എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ കൃതിയെ കാൽസിഡൺ വിരുദ്ധനായ സെവേരുസ് ഖണ്ഡിക്കാൻ ശ്രമിച്ചു (*കോന്ത്രാ ഇംപിയും ഗ്രമ്മാതികും*). ജോൺ സമാധാനപ്രിയനായിരുന്നു. താർക്കികരായ വിവിധ വിഭാഗക്കാരെ യോജിപ്പിക്കാനുള്ള പരിശ്രമമായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം. "വചനത്തിന്റെ ഹ്യൂപ്പോസ്റ്റസിസിൽ ക്രിസ്തുവിന്റെ മനുഷ്യത്വം സ്ഥിതിചെയ്യുന്നു (*എൻ ഹ്യൂപ്പോസ്റ്റസിസ്*)" എന്ന നെയോ-കാൽസിഡൺ ആശയം ആദ്യമായി അവതരിപ്പിച്ചത് ജോണാണ്. മറ്റുള്ളവർ ഇത് പിന്നീട് വ്യാപകമായി ചർച്ചചെയ്ത് വിശദീകരിച്ചു എന്നു മാത്രം.

## ബിസാൻസ്യത്തിലെ ലെയോൺഷ്യൂസ് (6–ാം നൂ.)

പലസ്തീനായിലെ പുതിയ ലൗറായിലെ ഒരിജനിസ്ത്യരുടെ നേതാവായിരുന്നു ലെയോൺഷ്യൂസ്. നോണ്ണുസിന്റെ (+547) അടുത്ത അനുയായിയുമായിരുന്നു. സാബാസിന്റെ കൂടെ 531–ൽ കോൺസ്റ്റാന്റിനോപ്പിളിൽ പോയി ഏകസ്വഭാവവാദികൾക്കെതിരെ കാൽസിഡൺ കൗൺസിലിനു വേണ്ടി വാദിച്ചു. ഒരിജനിസ്റ്റ് വീക്ഷണങ്ങൾ പുലർത്തിയതിനാൽ സാബാസിന്റെ അപ്രീതിക്ക് പാത്രമായി. ലെയോൺഷ്യൂസ് കുറേ നാൾ കോൺസ്റ്റാന്റിനോപ്പിളിൽ പാർത്തു. സെവേര്യരുമായി 532–ൽ നടന്ന സംഭാഷണത്തിലും ഏകസ്വഭാവവാദികൾക്കെതിരെ 536–ൽ നടന്ന ചർച്ചയിലും ജറുസലേമിലെയും മരുഭൂമിയിലെയും സന്യാസികളെ പ്രതിനിധീകരിച്ച് പങ്കെടുത്തു. പലസ്തീനായിൽ 537–നും 540–നും ഇടയ്ക്ക് തിരിച്ചെത്തി, ഒരിജെനിസ്റ്റ് അഭിപ്രായങ്ങൾ അവതരിപ്പിച്ചു. അതിന്റെ പേരിലുണ്ടായ പ്രശ്നങ്ങൾ നിമിത്തം അവിടം വിട്ട് കോൺസ്റ്റാന്റിനോപ്പിളിലേക്ക് തിരികെപോയി. ഒരിജനിസ്ത്യർക്കെതിരെയുള്ള ഇമ്പീരിയൽ ഡിക്രി (543) പുറപ്പെടുവിച്ചു കഴിഞ്ഞശേഷം അയാൾ മരിച്ചു.



**കൃതികൾ**

ക്രിസ്തുശാസ്ത്ര സംബന്ധമായി മൂന്നു കൃതികൾ അറിയപ്പെടുന്നു. ഗ്രന്ഥകാരൻ തന്നെ ഒരാമുഖത്തോടുകൂടെ അവ മൂന്നും ഒന്നിച്ചുചേർത്തു:

1. നെസ്തോറിയർക്കും എവുതീക്കിയർക്കുമെതിരെയുള്ള ഡയലോഗ്.

2. അഫ്താർതോ-ഡോസെറ്റിസ്റ്റുകൾക്കെതിരെയുള്ള ഡയലോഗ്. അഫ്താർതോ-ഡോസെറ്റിസം ഏകസ്വഭാവ സർക്കിളുകളിൽ നിന്ന് കാൽസിഡൺ സർക്കിളിലേക്കും കടക്കാൻ തുടങ്ങിയപ്പോൾ അതിനെ എതിർത്തുകൊണ്ട് എഴുതിയതാണിത്.

3. നെസ്തോറിയരെ കണ്ടുപിടിച്ച് കീഴ്പ്പെടുത്തൽ.

4. എപ്പിലൈസിസ്: സെവേരിയൻ സർക്കിളുകളിൽ ആദ്യകൃതിക്കുണ്ടായ പ്രതികരണങ്ങൾക്ക് മറുപടിയായിട്ടാണിതും അടുത്തതും.

5. സെവേരുസിനെതിരെ മുപ്പത് അധ്യായങ്ങൾ അഥവാ "എപ്പപൊറേമോതാ".

അദ്ദേഹം സ്കൊളാസ്റ്റിക്കുസ് എന്നും വിളിക്കപ്പെടുന്നു. സെവേര്യരെ കൂടാതെ അന്ത്യോക്യൻ കലാലയത്തെയും അയാൾ വിമർശിച്ചു. അങ്ങനെ മൂന്നധ്യായങ്ങളെ ശപിക്കാനുള്ള ദൈവശാസ്ത്രാടിത്തറ ഉണ്ടാക്കിക്കൊടുത്തു. എന്നാൽ അടിസ്ഥാനപരമായി അയാൾ കാൽസിഡൺ വിശ്വാസി ആയിരുന്നു. "സത്തയിലുള്ള ഐക്യം (*ഹെനോസിസ് കത്ത് ഉസിയാൻ*)" എന്ന ഫോർമുല കൂടുതലായി ഉപയോഗിച്ചു. "വചനത്തിന്റെ ആളത്തമാണ് (*ഹ്യൂപ്പോസ്തസിസ് തൂ ലോഗൂ*) ക്രിസ്തുവിലുള്ള യോജിപ്പിന് അടിസ്ഥാനം. വചനമാണ് ഐക്യത്തിന്റെ കർത്താവ്. താൻ എടുത്ത മനുഷ്യനെ തന്നിൽ അവിടുന്ന് ഭാഗഭാക്കാക്കി". നെയോ-കാൽസിഡൺ ദൈവശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചു കൊണ്ടുവന്ന *എൻഹ്യൂപ്പോസ്റ്റസിയാ,* ലെയോൺഷ്യൂസ് നിരാകരിക്കുന്നില്ല. എന്നാൽ അതിനെ കൂടുതൽ വ്യക്തമാക്കാൻ

മെനക്കെട്ടുമില്ല. ചരിത്രത്തിൽ ജീവിച്ച ക്രിസ്തുവിന്റെ ഏക വ്യക്തിത്വത്തിലാണ് അയാളുടെ ക്രിസ്തുശാസ്ത്രം പാദമൂന്നിയിരിക്കുന്നത്. ക്രിസ്തു എന്ന അവാച്യരഹസ്യത്തിൽ അന്തർലീനമായിരിക്കുന്നതെല്ലാം അദ്ദേഹം അംഗീകരിക്കുന്നു.

## ജറുസലേമിലെ ലെയോൺഷ്യൂസ് (6-ാം നൂ.)

നെയോ-കാൽസിഡൺ ക്രിസ്തുശാസ്ത്രത്തിന്റെ പ്രശസ്തവക്താവായിരുന്നു സന്യാസിയും താർക്കിക ദൈവശാസ്ത്രജ്ഞനുമായ ലെയോൺഷ്യൂസ്. കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ രണ്ടു സിനഡുകളിലും (532, 536) ഇയാൾ പങ്കെടുത്തോ ഇല്ലയോ എന്നറിവില്ല. നേരത്തെ പറഞ്ഞ ലെയോൺഷ്യൂസായിരിക്കാം പങ്കെടുത്തത്. ഇയാളുടെ ജീവിതത്തെപ്പറ്റി നമുക്ക് കാര്യമായി ഒന്നും അറിവില്ല. "ഏകസ്വഭാവവാദികൾക്കെതിരെ", "നെസ്തോറിയർക്കെതിരെ" എന്നിങ്ങനെ രണ്ട് കൃതികൾ അയാളിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഈ രണ്ട് പാഷണ്ഡതകൾക്കും ഇടയ്ക്കു കൂടിയുള്ള മധ്യമാർഗം സ്വീകരിക്കാനുള്ള സംരംഭമാണ് അയാളുടെ നെയോ-കാൽസിഡോണിസം. മൂന്നധ്യായങ്ങളെ ശപിക്കുന്നതിന് "നെസ്തോറിയർക്കെതിരെ" എന്നകൃതി താത്വികാടിത്തറ ഒരുക്കി.

സിറിലിനെ പൂർണമായി അംഗീകരിച്ചുകൊണ്ട് ഏകസ്വഭാവ വാദികളുടെയും ദ്വിസ്വഭാവ വാദികളുടെയും പദപ്രയോഗങ്ങൾ അദ്ദേഹം സ്വീകരിച്ചു. "തെയോപാസ്ക്കൈറ്റ് ഫോർമുല", "എൻഹ്യുപ്പോസ്റ്റസിയാ" എന്നിവയും ഉൾക്കൊണ്ടു. ആത്മാവും ശരീരവും തമ്മിലുള്ള ഐക്യം ക്രിസ്തുവിലുള്ള ഐക്യത്തിനു മാതൃകയയായി സ്വീകരിച്ചു. ഹ്യുപ്പോസ്റ്റസിസാണ് ഇരുസ്വഭാവങ്ങളെയും താങ്ങിനിർത്തുന്നത്. കാൽസിഡൺ അനുസരിച്ച് അത് ഒന്നു മാത്രം. മനുഷ്യാവതാരത്തിൽ വചനത്തിന്റെ ഹ്യുപ്പോസ്റ്റസിസ് തന്നോട് മനുഷ്യനെ ഐക്യപ്പെടുത്തുന്നു. അങ്ങനെ അത് രണ്ടിന്റെയും പൊതുഹ്യുപ്പോസ്റ്റസിസ് (*ഹ്യുപ്പോസ്റ്റസിസ് കൊയ്നേ*) ആയിത്തീരുന്നു. വചനത്തിന്റെ ഹ്യുപ്പോസ്റ്റസിസ് നിമിത്തം യേശുക്രിസ്തുവിലെ മനുഷ്യന് തന്റെ സ്വന്തം *സബ്സിസ്റ്റെൻസ്* ഉണ്ട്. മനുഷ്യസ്വഭാവത്തിന്റെ *ഫ്യൂസിസ്* അഥവാ *ഹ്യുപ്പോസ്റ്റസിസ് ഇഡിക്കേ* എന്ന് പറയുമ്പോൾ വചനവുമായുള്ള ഐക്യം വഴിയാണിതെന്ന് അയാൾ തറപ്പിച്ചു പറയുന്നു. അതുവഴി യേശുവെന്ന മനുഷ്യൻ അനന്യനായി തീരുന്നു. മനുഷ്യാവതാരത്തിലൂടെ മനുഷ്യന്റെ ദൈവീകരണം നടക്കുന്നു. ചുട്ടുപഴുത്ത ഇരുമ്പിൽ അഗ്നി എന്നപോലെ മനുഷ്യനും ദൈവവും കൂടിച്ചേരുന്നു. ഹ്യുപ്പോസ്റ്റാറ്റിക് ഐക്യത്തിൽ മനുഷ്യത്വം സുസ്ഥിരമായി നിൽക്കുന്നു. അതേസമയം വചനത്തിന്റെ ഹ്യുപ്പോസ്റ്റസിസ് അതിൽ രൂപാന്തരീകരണം വരുത്തുന്നു.

## ലെയോൺഷ്യൂസ് സ്കൊളാസ്റ്റിക്കൂസ് (6/7 നൂ.)

ഒരു ലെയോൺഷ്യൂസിന്റെ പേരുമായി ബന്ധപ്പെടുത്തി "ദെ സെക്തിസ്" എന്ന കൃതി അറിയപ്പെടുന്നു. ഇതിൽ പത്ത് പാഠങ്ങൾ (*പ്രാക്സെയിസ്*) ഉണ്ട്. ആദ്യത്തേത് സത്ത, സ്വഭാവം, ഹ്യുപ്പോസ്റ്റസിസ്, വ്യക്തി, തിയോളജി, ഇക്കോണമി എന്നിവ വിശദീകരിക്കുന്നു. ബൈബിളിന്റെ ചുരുക്കവും മനുഷ്യാവതാരം വരെയുള്ള രക്ഷാകരചരിത്രവും നൽകുന്നു. സബെല്ലിയനിസം, ആരിയനിസം, നെസ്തോറിയനിസം, ഏകസ്വഭാവവാദം എന്നിവയെ നിരാകരിച്ച് സഭാപ്രബോധനം വ്യക്തമാക്കുന്നു. രണ്ടാം പാഠം ബിബ്ലിക്കൽ കാനനും യൂദരുടെയും സമറിയാക്കാരുടെയും ദൈവശാസ്ത്ര തെറ്റുകളും ചർച്ചചെയ്യുന്നു. മൂന്നാം പാഠം ക്രിസ്തുവിന്റെ ജനനം മുതൽ കോൺസ്റ്റൻടൈന്റെ കാലം വരെയുള്ള സഭാപിതാക്കന്മാരെ പറ്റിയും അവരെതിർത്ത പാഷണ്ഡതകളെപ്പറ്റിയും പ്രതിപാദിക്കുന്നു. നാലാം പാഠം മാസിഡോണിയസ്, അപ്പൊള്ളിനാരിസ്, നെസ്തോറിയസ്, എവുതീക്കെസ് എന്നിവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നു. അഞ്ചാം പാഠം കാൽസിഡൺ കൗൺസിലിനു ശേഷമുണ്ടായ പിളർപ്പുകൾ, ത്രിത്തെയിസം എന്നിവ വിവരിക്കുന്നു. ആറുമുതൽ ഒൻപതുവരെ: കാൽസിഡൺ അംഗീകരിക്കാത്തവരുടെ വാദഗതികൾ ഖണ്ഡിക്കുന്നു. പത്താം അധ്യായം: അടുത്ത കാലത്ത് ഉടലെടുത്ത ഗയ്യാനീത്തർ, അഗ്നേത്തേ, ഒരിജനിസ്റ്റ്യർ എന്നിവരെപ്പറ്റി പ്രതിപാദിക്കുന്നു.



## പംഫീലസ് ദൈവശാസ്ത്രജ്ഞൻ (6-ാം നൂ.)

"വിവിധാധ്യായങ്ങൾ അഥവാ സംശയനിവാരണം" എന്ന കൃതി പംഫീലസ് എന്ന പലസ്തീൻകാരന്റെ പേരിൽ അറിയപ്പെടുന്നു. ഇയാളെപ്പറ്റി മറ്റൊന്നും നമുക്കറിവില്ല. ബിസാൻസ്യത്തിലെ ലെയോൺഷ്യൂസിന്റെ നെയോ-കാൽസിഡണിസമാണ് ഇയാളുടേതും. ലെയോൺഷ്യൂസിന്റെ "എപ്പിലൈസിസിൽ" നിന്ന് ഇയാൾ കടമെടുത്തിട്ടുണ്ട്. ജസ്റ്റീനിയന്റെ ലൈനിൽ ഒരു നെയോ-കാൽസിഡൺ ക്രിസ്തുശാസ്ത്രത്തിന് മുതിരുന്നു. അലക്സാണ്ട്രിയാക്കാരുടെ ഉൾക്കാഴ്ച ഉൾക്കൊള്ളാൻ ശ്രമിക്കുന്നു. സൊതേർ എന്ന റോമൻ രക്തസാക്ഷിയുടെ ഒരു സ്തുതിപ്രഭാഷണവും ഇയാളുടെ പേരിൽ അറിയപ്പെടുന്നു. വി. പങ്ക്രാസിയുസിന്റെ കൂട്ടുകാരനായിരുന്ന സൊതേർ ആറാം നൂറ്റാണ്ടിൽ ജറുസലേമിൽ ബഹുമാനിക്കപ്പെട്ടിരുന്നു.

## തിയഡോർ അസ്കീദാസ് (+588)

ജസ്റ്റീനിയൻ ചക്രവർത്തിയുടെ സഭാപരമായ കാര്യങ്ങളിലെ ഉപദേഷ്ടാവായിരുന്നു തിയഡോർ. പലസ്തീനയിൽ നോണ്ണുസിന്റെ (+547) ശിഷ്യനായിരുന്ന അയാൾ അവിടുത്തെ ഒരിജനിസ്റ്റ് സന്യാസികളുടെയും പിന്നീട് മരുഭൂമിയിലെ പുതിയ ലൗറായിലെ ഒരിജനിസ്ത്യരുടെയും വക്താവായി. കോൺസ്റ്റാന്റിനോപ്പിളിൽ വച്ചു നടന്ന സിനഡിൽ (536) അയാൾ പങ്കെടുത്തു. അയാൾ ജസ്റ്റീനിയന്റെ പ്രീതിനേടി കപ്പഡോഷ്യായിലെ കേസറിയാ മെത്രാനായി. ഏതാണ്ട് ഇരുപത് വർഷത്തോളം സാമ്രാജ്യത്തിന്റെ മതപരമായ പോളിസി

നിർണയിക്കുന്നതിൽ അയാൾ സുപ്രധാനപങ്കു വഹിച്ചു. അയാൾ ഒരിജനിസ്റ്റുകളെ സംരക്ഷിക്കാൻ കിണഞ്ഞു പരിശ്രമിച്ചു. റോമൻ ഡീക്കൻ പെലാജിയസും പലസ്തീനയിലെ സന്യാസികളും കൂടി തിയഡോറിന്റെ സ്വാധീനം കുറയ്ക്കാൻ ഒരിജനിസത്തിനെതിരെ ചക്രവർത്തിയുടെ ശ്രദ്ധ തിരിച്ചുവിട്ടു. തദ്ഫലമായി 543-ൽ ചക്രവർത്തി ഒരിജനിസത്തിനെതിരെയുള്ള ആദ്യത്തെ ഇമ്പീരിയൽ ഡിക്രി പുറപ്പെടുവിച്ചു. അതിനു മറുപടിയായി തിയഡോർ അസ്കീദാസ് ചക്രവർത്തിയെ കൊണ്ട് 544-ൽ മൂന്നധ്യായങ്ങൾക്കെതിരെയുള്ള ശാപം പുറപ്പെടുവിച്ചു. അതാണ് 553-ലെ കോൺസ്റ്റാന്റിനോപ്പിൾ സിനഡിൽ കലാശിച്ചത്. തിയഡോർ ദൈവശാസ്ത്രജ്ഞൻ എന്നതിലുപരി സഭാരാഷ്ട്രീയക്കാരൻ ആയിരുന്നു. അയാളുടെ ഒരു ചെറിയ രേഖാശകലം മാത്രമേ ലഭിച്ചിട്ടുള്ളു.

## ബോസ്ത്രായിലെ തിയഡോർ (6-ാം നൂ.)

അലക്സാണ്ട്രിയായിലെ കാൽസിഡൺ വിരുദ്ധ പാത്രിയർക്കീസ് തിയഡോഷ്യസ് കോൺസ്റ്റാന്റിനോപ്പിളിൽ വീട്ടുതടങ്കലിൽ കഴിഞ്ഞ കാലത്ത്, ജസ്റ്റീനിയന്റെ ഭാര്യ തിയഡോറായുടെ നിർദേശപ്രകാരം അറബികൾക്കുവേണ്ടി മെത്രാനായി വാഴിക്കപ്പെട്ട ആളാണ് തിയഡോർ. യാക്കോബ് ബുർദാനായും അയാളോടൊപ്പമാണ് മെത്രാനായത്. ബോസ്ത്രാ തലസ്ഥാനമാക്കി തിയഡോർ കാൽസിഡൺ വിരുദ്ധരെ സംഘടിപ്പിച്ചു. യാക്കോബിനോടൊത്ത് "അന്ത്യോക്യാ പാത്രിയർക്കീസ്" എന്ന പേരിൽ ഒരു കാൽസിഡൺ വിരുദ്ധ മെത്രാനെയും മറ്റ് കുറേ മെത്രാന്മാരെയും വാഴിച്ചു. ജോൺ ഫിലൊപ്പോണുസിന്റെ *അഫ്താർതോ ഡോസെറ്റിസത്തെ* തിയഡോർ എതിർത്തു. ത്രിത്തെയിസത്തിനെതിരെ ഏകസ്വഭാവവാദികളായ സന്യാസികളെ ബോധവൽക്കരിച്ചു. 570-നുശേഷം അയാൾ ചരിത്രത്തിൽ നിന്ന് അപ്രത്യക്ഷനായി.

## റൈതുവിലെ തിയഡോർ (6-ാം നൂ.)

സീനായ് ഉപദ്വീപിലെ റൈതു തുറമുഖത്തിനടുത്തുള്ള ഒരാശ്രമത്തിലെ സന്യാസി ആയിരുന്നു തിയഡോർ. അയാൾ നെയോ-കാൽഡൺ ചിന്താഗതി പുലർത്തി."ഒരുക്കം" എന്നൊരു കൃതി അയാളുടെ പേരിൽ അറിയപ്പെടുന്നു. കാൽസിഡൺ വിശ്വാസവും സിറിലിന്റെ ഫോർമുലകളും സംയോജിപ്പിച്ചു കൊണ്ടുപോകാനുള്ള പരിശ്രമമാണ് നാമതിൽ കാണുക. ഫാറാനിലെ തിയഡോറും (+649) റൈതുവിലെ തിയഡോറും ഒരാളാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. "മോണോ എനെർജിസത്തിന്റെ" ആദ്യകാലത്തെ വക്താവായിരുന്നു ഫാറാനിലെ തിയഡോർ. അയാളുടെ കൃതികളുടെ ചില രേഖാശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. രണ്ടും ഒരാളാണെങ്കിൽ "മോണോഎനെർജിസത്തിന്റെ" ഉത്ഭവം നെയോ-കാൽസിഡൺ സർക്കിളിലാണെന്നു പറയാം.



## അന്ത്യോക്യയിലെ ഗ്രിഗറി (6-ാം നൂ.)

ജറുസലേമിലെ മാർ അബ്രാമിയുസിന്റെ ബിസന്റൈൻ ആശ്രമത്തിൽ ഗ്രിഗറി സന്യാസജീവിതം തുടങ്ങി. അവിടെ അധ്യക്ഷനായി. ജസ്റ്റിൻ രണ്ടാമൻ ചക്രവർത്തി അദ്ദേഹത്തെ സീനായിലേക്കയച്ചു. അവിടെയും അധ്യക്ഷനായി. പിന്നീട് കുറേനാൾ ഫാറാനിലെ ഒരാശ്രമത്തിലും അധ്യക്ഷനായിരുന്നു. അനസ്താസ്യൂസ് I പാത്രിയർക്കീസിനെ 570-ൽ തൽസ്ഥാനത്തുനിന്ന് നീക്കിയിട്ട് ചക്രവർത്തി ഗ്രിഗറിയെ പാത്രിയർക്കീസാക്കി. പല രാഷ്ട്രീയ കാര്യങ്ങൾക്കും അദ്ദേഹം നിയോഗിക്കപ്പെട്ടു. സഭയിലും രാഷ്ട്രീയത്തിലും നല്ല സ്വാധീനമുള്ള മെത്രാനായിരുന്നു അദ്ദേഹം. സേർജിയോപ്പൊളീസിൽ നിന്ന് ഖുസ്രാ ഒന്നാമൻ എന്ന പേർഷ്യൻ രാജാവ് എടുത്തു കൊണ്ടുപോയ കുരിശ് ഗ്രിഗറിയുടെ പരിശ്രമത്താൽ ഖുസ്രാ രണ്ടാമൻ തിരികെ കൊടുത്തു. അതിർത്തി പ്രദേശങ്ങളിലെ ഏകസ്വഭാവവാദികളെ കാൽസിഡൺ വിശ്വാസത്തിലേക്ക് കൊണ്ടുവരാൻ ഗ്രിഗറി ഒരു ദൗത്യയാത്ര നടത്തി. അദ്ദേഹം 593/4-ൽ മരിച്ചു. നിഷ്കാസിതനായ അനസ്താസ്യൂസ് ഉടനെ പാത്രിയർക്കീസായി വീണ്ടും അന്ത്യോക്യയിലെത്തി ഭരണമേറ്റു. ഗ്രിഗറിയുടെ അഞ്ച് ഹോമിലികൾ മറ്റുള്ളവരുടെ പേരിൽ പ്രചരിച്ചിരുന്നു.

## ജറുസലേമിലെ യോഹന്നാൻ IV (574-594)

കോൺസ്റ്റാന്റിനോപ്പിളിലെ ഒരാശ്രമത്തിലെ സന്യാസിയായിരുന്ന ജോൺ പിന്നീട് ജറുസലേം പാത്രിയർക്കീസായി. ആ ആശ്രമം കാൽസിഡണിസത്തിന്റെ കേന്ദ്രമായിരുന്നു. കൗകാസസിലെ കാതോലിക്കോസ് ആബാസിന് (552-596) ജോൺ 574-നും 577-നും ഇടയ്ക്ക് ഒരു കത്തയച്ചു. ഏകസ്വഭാവവാദത്തിനെതിരെ ജാഗരൂകരാകാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കണമെന്ന് കത്തിൽ ആവശ്യപ്പെടുന്നു. അതുപോലെ പീറ്റർ പുള്ളർ ത്രൈശുദ്ധകീർത്തനത്തിൽ കൂട്ടിച്ചേർക്കൽ നടത്തിയതിനെയും അദ്ദേഹം നിരാകരിച്ചു. ജൂലിയന്റെ ''അഫ്താർതോ ഡോസെറ്റിസത്തെയും" വിമർശിച്ചു.

## ജറുസലേമിലെ സക്കറിയാസ് (+630)

ജറുസലേം പാത്രിയർക്കീസ് സക്കറിയാസിന്റെ കാലത്താണ് പേർഷ്യൻ രാജാവ് ജറുസലേം ആക്രമിച്ച് കർത്താവിന്റെ കുരിശ് പേർഷ്യയിലേക്ക് കൊണ്ടുപോയത് (614). കാൽസിഡൺ വിശ്വാസികളായ ജനങ്ങളേയും പാത്രിയർക്കീസിനെയും പിടിച്ചുകൊണ്ടുപോയി. പാത്രിയർക്കീസ് വിപ്രവാസത്തിൽ നിന്ന് ജറുസലേം സഭയ്ക്ക് ഒരു കത്തെഴുതി. സക്കറിയാസിന്റെ സ്ഥാനത്ത് ഒരു മൊദെസ്തുസ് നിയമിതനായി. സക്കറിയാസ് 630 ഫെബ്രുവരി 21-ന് മരിച്ചു. ഹെറാക്ലിയസ് ചക്രവർത്തി 630 മാർച്ച 21-ന് ദുഃഖവെള്ളിയാഴ്ച വിശുദ്ധ കുരിശ് തിരികെ കൊണ്ടുവന്ന് ജറുസലേമിൽ സ്ഥാപിച്ചു. മൊദെസ്തുസിനെ സക്കറിയാസിന്റെ പിൻഗാമിയാക്കി.

## ജറുസലേമിലെ മൊദെസ്തുസ് (+630)

പേർഷ്യാക്കാർ പലസ്തീനാ ആക്രമിച്ചപ്പോൾ (614) മൊദെസ്തുസ് വി. തിയഡോഷ്യസിന്റെ ആശ്രമത്തിലെ സന്യാസിയായിരുന്നു. പേർഷ്യാക്കാർ വലിയ ലൗറായിലെ സന്യാസികളെ കൊന്നു. മൊദെസ്തുസ് മാത്രം രക്ഷപെട്ടു. പേർഷ്യാക്കാർ സക്കറിയാസ് പാത്രിയർക്കീസിനെ നാടുകടത്തിയപ്പോൾ അദ്ദേഹം പാത്രിയാർക്കേറ്റിന്റെ സംരക്ഷകനായി. സക്കറിയാസ് 630-ൽ മരിച്ചപ്പോൾ പാത്രിയർക്കീസായി. എന്നാൽ 630 ഡിസംബർ 17-ന് മൊദെസ്തുസും മരിച്ചു.

## സ്ത്രതേജിയൂസ് (7-ാം നൂ.)

പലസ്തീനായിൽ വി. സാബാസിന്റെ വലിയ ലൗറായിലെ ഒരു സന്യാസിയായിരുന്നു അയാൾ. പേർഷ്യാക്കാരുടെ ജറുസലേം ആക്രമണത്തിന്റെയും കൂട്ടക്കൊലയുടെയും നാടുകടത്തലിന്റെയും കവർച്ചയുടെയും വിവരണം അദ്ദേഹം എഴുതി. തോമസ് എന്നയാൾ ഇതിന്റെ തുടർച്ചയായി ഒരു ചുരുങ്ങിയ വിവരണം നൽകുന്നു. മരിച്ചവരെ തോമസും ഭാര്യയും കൂടി അടക്കിയതും ഹെരാക്ലിയസ് വി. കുരിശ് തിരികെ കൊണ്ടുവന്നതും വിവരിക്കുന്നു.

## സന്യാസിയായ അന്ത്യോക്കുസ് (7-ാം നൂ.)

പലസ്തീനയിൽ വി. സാബാസിന്റെ വലിയ ലൗറായിലെ അധ്യക്ഷനായിരുന്നു അദ്ദേഹം. അൻസീറായിലെ ഒരാശ്രമാധ്യക്ഷനായ ഒസ്താത്യോസിനു വേണ്ടി "തിരുലിഖിതത്തിന്റെ പാൻഡെക്ട്"എന്ന കൃതി രചിച്ചു. ജറുസലേം വീണതിന്റെ ദുഃഖം ഇതിലും നിഴലിക്കുന്നു. ഇതിൽ 130 ഹോമിലികളുണ്ട്. സന്യാസജീവിതത്തെപ്പറ്റിയുള്ള ഒരു സമഗ്രരേഖയാണിത്. ഇത് ബിസന്റൈൻ ലോകത്ത് പരക്കെ പ്രചരിച്ചിരുന്നു. ആക്രമണത്തിൽ ലൗറയിലെ 40 സന്യാസികളെ പേർഷ്യാക്കാർ വധിച്ചതിനെപ്പറ്റി വിവരിക്കുന്നു. "ജറുസലേമിന്റെ മേൽ നിന്ന് ക്രോധം നീക്കിക്കളയണമേ" എന്നപേക്ഷിച്ചുകൊണ്ടുള്ള ഒരു നീണ്ട പ്രാർഥനയും ലഭ്യമാണ്.

## കൊസീബായിലെ ആന്റണി (7-ാം നൂ.)

ജറുസലേമിനും ജറീക്കോയ്ക്കും ഇടയ്ക്കുള്ള സ്ഥലമാണ് കൊസീബാ. ജോർജ് കൊസീബായുടെ ശിഷ്യനായിരുന്ന ഇയാൾ ഗുരുവിന്റെ ജീവചരിത്രം എഴുതി. പലസ്തീനായിലെ അപ്പോഴത്തെ അരക്ഷിതാവസ്ഥയുടെ പശ്ചാത്തലത്തിലാണ് ഇതെഴുതിയിരിക്കുന്നത്. ഹെരാക്ലിയസ് 630-ൽ വി. കുരിശ് തിരിച്ചുപിടിച്ചതും മൊദെസ്തുസ് പാത്രിയർക്കീസായതും വിവരിക്കുന്നു. കൊസീബായിലെ ദൈവമാതാവിന്റെ അത്ഭുതങ്ങൾ ഇതിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.



## ജോൺ മോസ്കൂസ് (6/7-ാം നൂ.)

"ആത്മീയപുൽത്തകിടി" എന്ന കൃതിയുടെ കർത്താവാണ് ജോൺ മോസ്കുസ് (*എവുക്രാതെസ്*). ഈജിപ്തിലും പലസ്തീനായിലുമുള്ള സന്യാസാശ്രമങ്ങളിൽ കൂടി ജോണും സ്നേഹിതനായ സൊഫ്രോണിയുസും കൂടി നടത്തിയ യാത്രയുടെ വിവരണമാണിത്. അവിടെയുള്ള സന്യാസികളെപ്പറ്റി വിവരിക്കുന്നു. കാൽസിഡൺ അനുഭാവികളും എതിരാളികളും ചേരി തിരിഞ്ഞ് പോരടിക്കുന്ന ലോകം ഇതിൽ വരച്ചുകാണിക്കുന്നു. ഈ ഗ്രന്ഥത്തിന് ആരോ രചിച്ച ആമുഖത്തിൽ നിന്നാണ് ജോണിനെ പറ്റിയുള്ള കുറേ വിവരങ്ങൾ നമുക്ക് ലഭിക്കുന്നത്. അദ്ദേഹം ഡമാസ്കസിലോ, സിലീഷ്യയിലോ ആറാം നൂറ്റാണ്ടിന്റെ മധ്യഭാഗത്ത് ജനിച്ചു. വൈദികനായശേഷം ജറുസലേമിനടുത്തുള്ള വി. തിയഡോഷ്യസിന്റെ ആശ്രമത്തിൽ വച്ച് സന്യാസിയായി. അവിടെ നിന്ന് ഫാറാനിലെ ലൗറയിലേക്കു പോയി, പത്തുവർഷം അവിടെ പാർത്തു. പിന്നീട് സൊഫ്രോണിയുസിനോടുകൂടി ടൈബീരിയസ് രണ്ടാമന്റെ കാലത്ത് (578-582) ഈജിപ്തിൽ ഉടനീളം യാത്രചെയ്തു. തിരികെ വന്ന് സീനായ് മലയിലെ ഐലിയോതായ് ആശ്രമത്തിൽ പത്തുവർഷം താമസിച്ചു. അവിടം വിട്ട് വി. സാബാസിന്റെ വലിയ ലൗറായിലെത്തി. ആമോസ് പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ പങ്കെടുത്തു. തുടർന്നും പല യാത്രകൾ ചെയ്ത് ഈജിപ്തിലെത്തി "ദാനശീലനായ" ജോൺ പാത്രിയർക്കീസിനോടുകൂടെ കാൽസിഡൺ വിശ്വാസത്തിനു വേണ്ടി പ്രവർത്തിച്ചു. ജറുസലേം ആക്രമിക്കപ്പെട്ടപ്പോൾ ജോണും സൊഫ്രോണിയുസും കൂടി സൈപ്രസ് വഴി കോൺസ്റ്റാൻറിനോപ്പിളിലേക്ക് കടന്നു. അവിടെവച്ച് "ആത്മീയപുൽത്തകിടി" എഴുതി സൊഫ്രോണിയുസിനെ ഏൽപ്പിച്ചിട്ട് മരിച്ചു. ജോണിന്റെ ആവശ്യപ്രകാരം മൃതദേഹം വി. തിയഡോഷ്യസിന്റെ ആശ്രമസിമിത്തേരിയിൽ കൊണ്ടുവന്നടക്കി. ജോൺ കാൽസിഡൺ വിശ്വാസി ആയിരുന്നു. ജോണും സൊഫ്രോണിയുസും കൂടി ദാനശീലനായ ജോണിന്റെ ജീവചരിത്രം എഴുതിയിട്ടുണ്ട്.

## ജറുസലേമിലെ സൊഫ്രോണിയുസ് (550-638)

ജോൺ മോസ്കുസിന്റെ സഹയാത്രികനായിരുന്ന അദ്ദേഹം 634-ൽ ജറുസലേം പാത്രിയർക്കീസായി. സിറിയൻ മാതാപിതാക്കളിൽനിന്ന് 550-ൽ ഡമാസ്കസിൽ ജനിച്ച സൊഫ്രോണിയുസ് പ്രഭാഷണകലയുടെ അധ്യാപകനായി. പലസ്തീനായിൽ വച്ച് ജോണുമായി പരിചയപ്പെട്ടു, ഒന്നിച്ച് നിരവധി യാത്രകൾ ചെയ്തു. വി. തിയഡോഷ്യസിന്റെ ആശ്രമത്തിൽ സന്യാസിയായി. തുടർന്നുള്ള യാത്രകൾക്കവസാനം വടക്കേ ആഫ്രിക്കയിൽ ഒരാശ്രമം സ്ഥാപിച്ചെന്നും മാക്സിമുസ് അവിടെ പാർത്തിരുന്നെന്നും പറയപ്പെടുന്നു. സൊഫ്രോണിയുസിനെ അദ്ദേഹം ആത്മീയപിതാവായി കരുതി. ജോണിന്റെ മൃതദേഹവുമായി ജറുസലേമിലെത്തിയ സൊഫ്രോണിയുസ്

അവിടെ പാത്രിയർക്കീസായി. ഇക്കാലത്താണ് പൗരസ്ത്യപ്രദേശങ്ങൾ ഒന്നിനുപിറകേ ഒന്നായി അറബികൾക്ക് വിധേയമായത്. സൊഫ്രോണിയുസ് തന്നെ 636 ഫെബ്രുവരിയിൽ അറബികൾക്ക് ജറുസലേമിന്റെ കവാടം തുറന്നുകൊടുത്തു. മാർച്ചിൽ അദ്ദേഹം മരിച്ചു.

**കൃതികൾ**

1. സിനഡിക്കൽ കത്ത്: ഏകചിത്തവാദത്തിനെതിരെ പോരാടാൻ മാക്സിമുസിന് ഇത് സഹായകമായി.
2. സൈപ്രസിലെ അർക്കേഡിയസിനുള്ള കത്ത്.
3. ആരാധനക്രമസംബന്ധമായ ഹോമിലികൾ.
4. സൈറസ്, ജോൺ എന്നിവരെപ്പറ്റിയുള്ള സ്തുതിപ്രഭാഷണം.
5. ദാനശീലനായ ജോണിന്റെ ജീവചരിത്രം.
6. പലതരം ഗീതങ്ങൾ.

## ലീവിയാസ് മെത്രാൻ തെയോതെക്നുസ് (6/7-ാം നൂ.)

മാതാവിന്റെ സ്വർഗാരോഹണം സംബന്ധിച്ച് ഒരു പ്രസംഗം ഇയാളുടെ പേരിൽ അറിയപ്പെടുന്നു. സീനായ് മലയിൽ വി. കാതറൈന്റെ ആശ്രമത്തിലാണ് അതിന്റെ കൈയെഴുത്തുപ്രതി. മാതാവിന്റെ സ്വർഗാരോഹണ സംബന്ധമായ അപ്പോക്രിഫൽ സാഹിത്യത്തിൽ നിന്നും യാക്കോബിന്റെ പ്രാരംഭ സുവിശേഷത്തിൽ നിന്നുമാണ് ഈ പ്രസംഗം തയാറാക്കിയിരിക്കുന്നത്. ജറീക്കോയുടെ എതിർവശത്തായി ജോർദാൻ നദിയുടെ ഇടത്തേ തീരത്താണ് ലീവിയാസ് എന്ന ഗ്രാമം. ഇന്ന് തെൽ എർ-റാം എന്നറിയപ്പെടുന്നു.

## ബോസ്ത്രായിലെ സ്റ്റീഫൻ (7-ാം നൂ.)

രൂപങ്ങളെയും പടങ്ങളെയും ബഹുമാനിക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് സ്റ്റീഫൻ "യൂദർക്കെതിരെ" എഴുതിയ കൃതിയുടെ ശകലങ്ങൾ ലഭിച്ചിട്ടുണ്ട്. വിവിധതരം വണക്കങ്ങളെ പറ്റി (*പ്രോസ്കിനേസിസ്*) അയാൾ സംസാരിക്കുന്നു: "ദൈവത്തെ നാം ആരാധിക്കുന്നു (*ലാത്രേയ് യാ*), വിശുദ്ധരെ നാം ബഹുമാനിക്കുന്നു (*തിമേ*), വി. കുരിശിനെയും വിശുദ്ധരുടെ രൂപങ്ങളെയും പ്രതിച്ഛായകളെയും ബഹുമാനിക്കുന്നതിൽ തെറ്റില്ല". ഏഴാം എക്യുമേനിക്കൽ കൗൺസിൽ ഈ വ്യത്യാസം അംഗീകരിച്ചു. അയാളെപ്പറ്റി മറ്റൊന്നും നമുക്കറിഞ്ഞുകൂടാ.

## ജറുസലേം പ്രെസ്ബിറ്റർ ജറോം (7-ാം നൂ.)

"ത്രിത്വത്തെപ്പറ്റി", "കുരിശിനോടുള്ള വണക്കം" എന്നീ രണ്ടു കൃതികളുടെ ഭാഗങ്ങൾ മാത്രമേ ഇയാളിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. ജോൺ ഡമഷീനും ഹഡ്രിയാൻ പാപ്പായും ഇവയിൽ നിന്ന് ഉദ്ധരിക്കുന്നു.



## ജറുസലേം പ്രെസ്ബിറ്റർ ലെയോൺഷ്യൂസ്

"സമറിയാക്കാരിയെ കുറിച്ച് രണ്ട് പ്രസംഗങ്ങൾ" ഇയാളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. മുമ്പ് ജോൺ ക്രിസൊസ്തോമിന്റെ പേരിലാണ് ഇവ അറിയപ്പെട്ടിരുന്നത്.

## ബിസന്റൈൻ പ്രെസ്ബിറ്റർ പന്തോലെയോൻ (7/8-ാം നൂ.)

"കുരിശിന്റെ പുകഴ്ചയെ കുറിച്ചുള്ള ഒരു പ്രസംഗം" ഇയാളുടെ പേരിൽ അറിയപ്പെടുന്നു. ജറുസലേമിനടുത്തുള്ള ബിസന്റൈൻകാരുടെ ആശ്രമത്തിലെ സന്യാസവൈദികനായിരുന്നു ഇയാൾ. കുരിശിനെപ്പറ്റിയുള്ള മറ്റൊരു പ്രസംഗവും ചിലർ ഇയാളിൽ ആരോപിക്കുന്നു.

## ജറുസലേം പ്രെസ്ബിറ്റർ തിമോതി (7/8-ാം നൂ.)

ഇയാളുടെ പേരിൽ രണ്ട് ഹോമിലികൾ അറിയപ്പെടുന്നു: 1. ശെമയോനെപ്പറ്റി. 2. *ഇൻ ഒക്കൂർസും ദോമിനി.* ഇവയുടെ ശൈലി പരിഗണിച്ചവർ മറ്റ് നാല് പ്രസംഗങ്ങൾ കൂടി ഇയാളിൽ ആരോപിക്കുന്നു. എന്നാൽ എല്ലാവരും അത് സ്വീകരിച്ചിട്ടില്ല. മറിയത്തിന്റെ ശരീരത്തോടുകൂടെയുള്ള സ്വർഗാരോഹണത്തെപ്പറ്റി സൂചിപ്പിക്കുന്ന ഒരു രേഖയാണ് ആദ്യപ്രസംഗം. ദൈവമാതാവ് അമർത്യയാണെന്നും അവൾ സ്വർഗത്തിലേക്ക് വാങ്ങിപ്പോയെന്നും മറ്റും പറയുന്നു.

## ജോൺ ക്ലിമാക്കുസ് (6/7-ാം നൂ.)

"ദിവ്യകരേറ്റത്തിന്റെ ഗോവണി" എന്ന ഒരു കൃതി സീനായിലെ ജോണിന്റെ പേരിൽ അറിയപ്പെടുന്നു. ഈ കൃതി രചിച്ച അവസരം അദ്ദേഹം സീനായ് മലയിലെ വി. കാതറൈന്റെ ആശ്രമത്തിലെ ആബട്ടായിരുന്നു. അവിടെയാണ് അയാൾ സന്യാസം തുടങ്ങി, ആബാ മർതീരിയുസിന്റെ ശിഷ്യത്വം സ്വീകരിച്ചത്. മർതീരിയുസ് മരിച്ചപ്പോൾ ആശ്രമത്തിൽ നിന്ന് അഞ്ചുമൈൽ അകലെയുള്ള തോളാസിൽ ഏകാന്തജീവിതം തുടങ്ങി. ജോൺ ജീവിതത്തിന്റെ മിക്കഭാഗവും സീനായ് മരുഭൂമിയിൽ ചെലവഴിച്ചു. നാൽപതു വർഷത്തെ സന്യാസത്തിനുശേഷം തന്റെ ഇച്ഛയ്ക്കെതിരായി ആബട്ടായിത്തീർന്നു. "ഗോവണിയുടെ വി.ജോൺ" എന്ന് അദ്ദേഹം പിൽക്കാലത്ത് അറിയപ്പെട്ടു. അതിൽ നിന്നാണ് *ക്ലിമാക്കുസ്* എന്നറിയപ്പെടുന്നത്: *ക്ലിമാക്സ്-ക്ലിമാക്കോസ്* എന്നാൽ ഗോവണി എന്നർഥം. "പറുദീസായുടെ ഗോവണി" എന്നും ഈ കൃതി അറിയപ്പെടുന്നു. ബിസന്റൈൻ സന്യാസാധ്യാത്മികതയിൽ ഈ കൃതി സുപ്രസിദ്ധമായി. ഇതിന് 30 അധ്യായങ്ങളുണ്ട്. ആധ്യാത്മിക കയറ്റത്തിന്റെ 30 പടികളായി അവയെ കണക്കാക്കാം. പോരാടേണ്ട വികാരങ്ങളും സമ്പാദിക്കേണ്ട സുകൃതങ്ങളും ഇതിൽ വിവരിക്കുന്നു. എവാഗ്രിയസ്, മരുഭൂമിയിലെ താപസ്സർ, ഗാസ്സാ മരുഭൂമിയിലെ പിതാക്കന്മാർ എന്നിവരിൽ നിന്നൊക്കെ ജോൺ സ്വാധീനം സ്വീകരിച്ചിട്ടുണ്ട്. ക്രിസ്തീയജീവിതത്തിന്റെ പരമകാഷ്ഠ

സ്നേഹമാണെന്ന് അദ്ദേഹം പ്രഘോഷിക്കുന്നു. "യേശുപ്രാർഥനയെപ്പറ്റി" (*യേസു എവുക്കേസ്*) സംസാരിക്കുന്ന ആദ്യകാല ഗ്രന്ഥകാരിൽ ഒരാളാണ് അദ്ദേഹം. ഇതിൽ അയാളുടെ മാതൃക ഫൊതീക്കെയിലെ ഡിയഡോക്കസാണ്. ആധ്യാത്മികതയുടെ പരമലക്ഷ്യമായി "ദൈവീകരണത്തെ"(*തെയോസിസ്*) അയാൾ അവതരിപ്പിക്കുന്നില്ല. - ഈ കൃതി പല പുരാതന ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. "ഇടയൻ" എന്ന മറ്റൊരു കൃതിയും അയാളിൽ നിന്ന് നമുക്ക് കൈവന്നിട്ടുണ്ട്. ഗോവണിയുടെ 31-ാം പടിയായി ചിലർ ഇതിനെ കാണുന്നു. ആധ്യാത്മിക നിയന്താക്കളുടെ കർത്തവ്യം ഇതിൽ ചൂണ്ടിക്കാട്ടുന്നു.

## എഡേസ്സയിലെ മാറോ (6-ാം നൂ.)

സീനായിലെ അനസ്താസ്യോസിന്റെ കൃതിയിൽ (*ഹോഡെഗോസ്*) മാറോയിൽ നിന്ന് രണ്ട് ഉദ്ധരണികളുണ്ട്. ആറാം നൂറ്റാണ്ടിലെ ക്രിസ്തുശാസ്ത്ര തർക്കങ്ങളുമായി ബന്ധപ്പെട്ടവയാണ് അവ. ഏകസ്വഭാവവാദികൾക്കെതിരായിട്ടാണ് അനസ്താസ്യോസ് അവ ഉദ്ധരിക്കുന്നത്.

## സീനായിലെ ഹെസീക്കിയൂസ് (8/9-ാം നൂ.)

വി. കാതറൈന്റെ ആശ്രമത്തിലെ ആബട്ടായിരുന്നു അദ്ദേഹം. "ഉണർവും വിശുദ്ധിയും" എന്ന കൃതി അദ്ദേഹത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതിന് രണ്ടു പതിപ്പുകളുണ്ട്: നീണ്ടപതിപ്പും ചുരുങ്ങിയ പതിപ്പും. നീണ്ടതിന് രണ്ട് സെഞ്ചറികളുണ്ട്; ചെറുതിന് 24 അധ്യായങ്ങളും. യേശുവിന്റെ പാവന നാമത്തോടുള്ള ഭക്തി ഇതിൽ ദൃശ്യമാണ്. *യേശുപ്രാർഥന* അദ്ദേഹം പ്രോത്സാഹിപ്പിക്കുന്നു.

## സീനായിലെ ഫിലോതെവൂസ് (9/10 നൂ.)

ഇയാളുടെ പേരിൽ മൂന്നു കൃതികൾ അറിയപ്പെടുന്നു: 1. ഉണർവിനെപ്പറ്റി. 2. കർതൃകൽപ്പനകൾ. 3. താപസ്സവചനങ്ങൾ. അദ്ദേഹവും *യേശുപ്രാർഥന* പ്രോത്സാഹിപ്പിക്കുന്നു.

## സീനായിലെ അനസ്താസ്യൂസ് (7/8-ാം നൂ.)

വി.കാതറൈന്റെ ആശ്രമത്തിലെ ഏറ്റവും പ്രശസ്തവ്യക്തിയാണ് അദ്ദേഹം. *ഹോഡെഗോസ്* എന്ന കൃതിയും മറ്റുചില കൃതികളും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. "ചൂണ്ടുപലക" അഥവാ "ശരിയായ പാതയിലൂടെ നയിക്കുന്ന ഗൈഡ്" എന്നാണ് അതിന്റെ അർഥം. ബിസന്റൈൻസഭ ക്രിസ്തുശാസ്ത്ര രൂപീകരണത്തിന് ഈ കൃതി ഉപയോഗിച്ചു. നിരവധി കൈയെഴുത്തുപ്രതികളിൽ ഇത് കൈവന്നിട്ടുണ്ട്. ഇത് കാൽസിഡൺ വിശ്വാസനിർവചനത്തെ ന്യായീകരിക്കുന്നു. മുൻകാലകൃതികളെ ആധാരമാക്കിയാണ് ന്യായീകരണം. പ്രതിപാദനങ്ങൾ, ഒരു കത്തിന്റെ ആമുഖം,



പരസ്യചർച്ചകളുടെ വിവരണങ്ങൾ, ചെറിയ രേഖകൾ, അനുബന്ധങ്ങൾ എന്നിവ ഇതിലുണ്ട്. ഏകസ്വഭാവ വാദികൾക്കും മറ്റു പാഷണ്ഡികൾക്കുമെതിരെ സത്യവിശ്വാസ ന്യായീകരണത്തിനു മുതിരുന്നവർക്കുള്ള ഗൈഡായിട്ടാണ് ഇത് തയാറാക്കിയത്. പലയിടങ്ങളിലും മുൻകാല എഴുത്തുകാരെ പദാനുപദം പകർത്തുകയോ, പുതുക്കിയെഴുതുകയോ ചെയ്തിട്ടുണ്ട്. ഇന്നത്തെ രീതിയിൽ ഇത് രൂപീകൃതമായത് 686-നും 689-നും ഇടയ്ക്കാണ്. "ഏകചിത്തവാദികൾക്കെതിരെയുള്ള അധ്യായങ്ങൾ" എന്ന കൃതിയും ഇയാളിൽ നിന്ന ലഭിച്ചിട്ടുണ്ട്.

താൻ കാൽസിഡൺ അംഗീകരിക്കുന്നെങ്കിലും നെസ്തോറിയർ വ്യത്യസ്തരാണെന്ന് കാണിക്കാൻ, "സംയുക്തഹ്യുപ്പസ്റ്റസിസ്" (*ഹ്യുപ്പോസ്റ്റസിസ് സിന്തെറ്റോസ്*) അഥവാ "സംയുക്ത പ്രോസൊപ്പോൺ" എന്നപദപ്രയോഗം അദ്ദേഹം സ്വീകരിക്കുന്നു. അതിൽ ഓരോ സ്വഭാവത്തിന്റെയും സവിശേഷതകൾ കൂടിക്കുഴയാതെയും മാറ്റം കൂടാതെയും വേർതിരിവ് കൂടാതെയും സംരക്ഷിക്കപ്പെടുന്നു. മനുഷ്യനിൽ ആത്മാവും ശരീരവും ചേർന്ന് ഒന്നാകുന്നതുപോലെ, രണ്ടുസ്വഭാവങ്ങൾ ചേർന്ന് ഏക *ഹ്യുപ്പോസ്റ്റസിസ് (മിയാ ഹ്യുപ്പോസ്റ്റസിസ്)* ഉണ്ടാകുന്നു. എന്നാൽ രണ്ട് വ്യത്യസ്ത ഹ്യുപ്പോസ്റ്റസിസുകൾ ചേർന്നല്ല ഹ്യുപ്പോസ്റ്റാറ്റിക് ഐക്യം ഉണ്ടാകുന്നത്. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ ദൈവത്വവും മനുഷ്യത്വവും ചേർന്ന് അവിഭാജ്യവും സംയുക്തവുമായ ഒരു *പ്രോസപ്പോൺ* ഉണ്ടാകുന്നു. വചനവുമായുള്ള ഹ്യുപ്പോസ്റ്റാറ്റിക് ഐക്യത്തിനു മുമ്പ് ക്രിസ്തുവിന്റെ മനുഷ്യസ്വഭാവം-ശരീരവും ആത്മാവും-സ്ഥിതി ചെയ്തിരുന്നില്ല. രണ്ടു സ്വഭാവങ്ങളുടെ സംയുക്തമാണ് ഹ്യുപ്പോസ്റ്റാറ്റിക് ഐക്യം. എന്നാൽ രണ്ട് ഹ്യുപ്പോസ്റ്റസിസുകളുടെ ഐക്യമല്ലത്. ഇങ്ങനെ സിറില്ലിയൻ രീതിയിൽ കാൽസിഡൺ കൗൺസിലിന്റെ ഇരുസ്വഭാവ തത്വങ്ങൾ അവതരിപ്പിക്കുന്നു.

## അജ്ഞാത കർതൃക കൃതികൾ (7-ാം നൂ.)

പേർഷ്യാക്കാർ ജറുസലേം ആക്രമിച്ച കാലത്ത് (610) യൂദർ പേർഷ്യൻ പക്ഷം ചേർന്നെന്ന് ആരോപണമുയർന്നു. അക്കാരണത്താൽ പേർഷ്യാക്കാരുടെ പരാജയത്തിനുശേഷം യൂദർക്കെതിരെ ബിസന്റൈൻ ലോകത്ത് ജനമുന്നേറ്റമുണ്ടായി. നിർബന്ധിച്ചുള്ള മതപരിവർത്തനത്തിന് യൂദരെ വിധേയരാക്കിയെന്നും സിനഗോഗിനെതിരെയുള്ള പ്രചരണപരിപാടികൾ നടന്നെന്നും പറയപ്പെടുന്നു. കുരിശിനെയും രൂപങ്ങളെയും വണങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സാഹിത്യശാഖ ഇക്കാലത്ത് ഉടലെടുത്തു.

# IV
# കോൺസ്റ്റാന്റിനോപ്പിൾ ഏഷ്യാമൈനർ പ്രദേശങ്ങളിലെ ഗ്രീക്ക് എഴുത്തുകാർ

**ആമുഖം**

കോൺസ്റ്റൻടൈൻ ചക്രവർത്തിയാണ് കോൺസ്റ്റാന്റിനോപ്പിൾ പട്ടണം പണിയിച്ചത്. കോൺസ്റ്റാന്റിനോപ്പിൾ സിനഡിന്റെ (381) മൂന്നാംകാനനും കാൽസിഡൺ സിനഡിന്റെ (451) ഇരുപത്തിയെട്ടാം കാനനും നവറോമായായ കോൺസ്റ്റാന്റിനോപ്പിളിന് സഭാതലത്തിൽ പുരാതനറോമാ കഴിഞ്ഞാൽ അടുത്ത സ്ഥാനം നൽകി. ചക്രവർത്തിയും സെനറ്റും ഉള്ളതിനാലാണ് അതിന് ഈ ബഹുമാനം നൽകിയത്. ത്രേസിലെ ഹെരാക്ലെയാ രൂപതയുടെ സാമന്തരൂപതയായിരുന്നു ആദ്യം ബിസാൻസ്യം. പിന്നീടാണ് പേരു മാറി കോൺസ്റ്റാന്റിനോപ്പിൾ എന്നായതും പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായതും പാത്രിയാർക്കൽ ആസ്ഥാനമായതും. ഏഷ്യാ, പോന്തുസ്, ത്രേസ് എന്നീ സിവിൾ രൂപതകൾ ഈ പാത്രിയാർക്കേറ്റിൽ ഉൾപ്പെട്ടിരുന്നു. മാസിഡോണിയാ, ത്രേസ് എന്നീ സിവിൾ രൂപതകൾ ഉൾപ്പെട്ട പൗരസ്ത്യ ഇല്ലീറിയാ പൗരസ്ത്യ റോമാസാമ്രാജ്യത്തിൽ ആയിരുന്നെങ്കിലും റോമിലെ മെത്രാനായിരുന്നു അവയുടെ മേൽനോട്ടം. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തി 421-ൽ അതിനെ കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചെങ്കിലും നടന്നില്ല. പിൽക്കാലത്ത് ലെയോ III ചക്രവർത്തിയാണ് (733) അത് റോമിന്റെ കീഴിൽനിന്നു മാറ്റി കോൺസ്റ്റാന്റിനോപ്പിളിന്റെ കീഴിൽ കൊണ്ടുവന്നത്. കാൽസിഡണോടുകൂടി അന്ത്യോക്യാ പാത്രിയാർക്കേറ്റിന്റെ വിസ്തൃതി കുറഞ്ഞു. മൂന്നു പലസ്തീനിയൻ പ്രദേശങ്ങൾ ചേർത്ത് ജറുസലേം പാത്രിയാർക്കേറ്റ് രൂപീകരിച്ചതായിരുന്നു



അതിനു കാരണം. അലക്സാണ്ട്രിയായുടെ അധ്യക്ഷനായ ദിയസ്കോറോസിൽ പാഷണ്ഡത ആരോപിക്കപ്പെട്ടതിനാൽ അതിനും ഇടിവുതട്ടി. കോൺസ്റ്റാന്റിനോപ്പിൾ പ്രദേശങ്ങളിലെ സന്യാസികൾ സഭാ-രാഷ്ട്രീയ ചരടുവലികളിൽ നിർണായകപങ്കു വഹിച്ചു. ഈ പ്രദേശങ്ങളിലെ പിൽക്കാല എഴുത്തുകാരെ പറ്റിയും കൃതികളെ പറ്റിയുമാണ് ഈ ഭാഗത്തെ ചർച്ച.

## 1. സെവുഡോ-ഡയനീഷ്യസ്

വിശുദ്ധ പൗലോസിന്റെ ശിഷ്യനും അരെയോപാഗസുകാരനുമായ ഡയനീഷ്യസിന്റെ പേരിൽ (നട.17,34) ആറാം നൂറ്റാണ്ടു മുതൽ കുറേ ആധ്യാത്മിക മിസ്റ്റിക്കൽ കൃതികൾ അറിയപ്പെടാൻ തുടങ്ങി. അക്കാലത്തുള്ള പല എഴുത്തുകാരും ഇതിനെ അപ്പസ്തോലിക കൃതിയായി കരുതി ബഹുമാനിച്ചിരുന്നു. കാൽസിഡൺ അനുഭാവികളും കാൽസിഡൺ വിരുദ്ധരും തമ്മിൽ 532-ൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് നടത്തിയ സംവാദത്തിൽ "അവതരിച്ച വചനത്തിന്റെ ഏകസ്വഭാവം" എന്ന പദപ്രയോഗത്തെ ന്യായീകരിക്കാൻ മറ്റു പലരുടെയും ഉദ്ധരണികളുടെ കൂട്ടത്തിൽ ഡയനീഷ്യസിൽ നിന്ന് സെവേരൂസ് ഉദ്ധരിക്കുന്നു. മഹാനായ ബാബായ് റമ്പാ (+628) എവാഗ്രിയസിന്റെ സെഞ്ചുറികളുടെ വ്യാഖ്യാനത്തിൽ ഡയനീഷ്യൻ കൃതികൾ ഉപയോഗിച്ചിട്ടുണ്ട്. യൗസേപ്പ് ഹസ്സായാ ഇവയ്ക്കൊരു ഭാഷ്യമെഴുതി. എഡേസ്സായിലെ യാക്കോബ്, സ്റ്റീഫൻ ബർ സുദൈലി എന്നിവരിലും ഡയനീഷ്യൻ സ്വാധീനം ദൃശ്യമാണ്. ഷിതോപ്പൊളീസിലെ ജോണും വിശ്വാസസാക്ഷിയായ മാക്സിമുസും ഡയനീഷ്യൻ കൃതികൾക്ക് മാർജിനിൽ കുറിപ്പുകളെഴുതി സുഗ്രാഹ്യമാക്കി. ഏകസ്വഭാവവാദികളായ സുറിയാനിക്കാരുടെ ഇടയിലാണ് ഇവ ആദ്യം വ്യാപകമായി പ്രചരിച്ചത്. ഒന്നിലേറെ വ്യത്യസ്ത വിവർത്തനങ്ങൾ സുറിയാനിയിൽ ഉണ്ടായി. ഇവയിൽ ഏതാണ് മെച്ചപ്പെട്ടതെന്ന് ബാഗ്ദാദിലെ തിമോതി കാതോലിക്കാ (+823) ഒരിക്കൽ തിരക്കുകയുണ്ടായി.

പിൽക്കാല പഠനങ്ങളുടെ വെളിച്ചത്തിൽ ഈ കൃതികൾ അപ്പസ്തോലിക വ്യക്തിയായ ഡയനീഷ്യസിൽ ആരും ആരോപിക്കാറില്ല. അതുകൊണ്ടാണ് സെവുഡോ-ഡയനീഷ്യൻ കൃതികളെന്ന് അറിയപ്പെടുന്നത്. ഗ്രന്ഥകാരനെപ്പറ്റി കൃതിയിൽ യാതൊരു സൂചനയുമില്ല. പ്രോക്ലൂസ് എന്ന നെയോപ്ലറ്റോണിക് ഗ്രീക്ക് താത്വികന്റെ (410-485) ചിന്താധാരയുമായി ബന്ധപ്പെട്ട സർക്കിളുകളിൽ രൂപപ്പെട്ടതാണ് ഈ കൃതികൾ. പ്രോക്ലൂസിന്റെയും ഡമാസ്യൂസിന്റെയും തത്വശാസ്ത്രവുമായും അന്ത്യോക്യൻ ആരാധനക്രമ പാരമ്പര്യവുമായും കപ്പഡോഷ്യൻ, അലക്സാണ്ട്രിയൻ ദൈവശാസ്ത്ര ശൈലിയുമായും പരിചയമുള്ള ആരോ ആണ് ഇവയുടെ കർത്താവ്. മാലാഖമാർ, ആരാധനാനുഷ്ഠാനങ്ങൾ, ദൈവത്തിന്റെ വിവിധ നാമങ്ങൾ എന്നിവയിൽ ഗ്രന്ഥകാരൻ ശ്രദ്ധ ചെലുത്തുന്നു. അഗ്രാഹ്യനായ ദൈവത്തെ *അപ്പൊ*

*ഫാറ്റിക്* പാതയിലൂടെ സമീപിക്കുന്നു. ദൈവത്തെപ്പറ്റി പറയാൻ പറ്റുന്നവയൊക്കെ പറഞ്ഞിട്ട്, ഇതൊന്നുമല്ല ദൈവം, ഇതിനപ്പുറമാണ്, എന്നു പറഞ്ഞുവയ്ക്കുന്ന സമീപനം കൃതിയിൽ ദൃശ്യമാണ്.

ഡയനീഷ്യൻ കൃതികൾ സുഗ്രാഹ്യമല്ല. ദുർഗ്രഹമായ പദപ്രയോഗങ്ങളിൽ കോർത്തിണക്കിയ നിഗൂഢാശയങ്ങൾ വായന ദുഷ്കരമാക്കുന്നു. എങ്കിലും പുരാതനർ താൽപര്യത്തോടെ വായിക്കാനും പഠിക്കാനും ഗ്രഹിക്കാനും പരിശ്രമിച്ചിരുന്നു എന്നത് വായിക്കാൻ ആധുനികരെയും പ്രേരിപ്പിക്കേണ്ടതാണ്. അന്ത്യോക്യൻ സുറിയാനിസഭയിലെ ആരാധനാനുഷ്ഠാനങ്ങളുടെയും പദപ്രയോഗങ്ങളുടെയും അടിസ്ഥാനം ഈ കൃതികളിൽ കാണാവുന്നതാണ്. അഞ്ചു കൃതികളാണ് ഈ സമാഹാരത്തിലുള്ളത്.

1. സ്വർഗീയ ഹയരാർക്കി.
2. സഭാഹയരാർക്കി.
3. ദിവ്യനാമങ്ങൾ.
4. മിസ്റ്റിക്കൽ ദൈവശാസ്ത്രം.
5. കത്തുകൾ.

**1. സ്വർഗീയ ഹയരാർക്കി:** പതിനഞ്ച് അധ്യായങ്ങളിലായി വിവിധ സ്വർഗീയ ജീവികളുടെ തിരുലിഖിതാവതരണം വ്യാഖ്യാനിക്കുന്നു. അധ്യായം 1-3 വരെ സ്വർഗീയവും സഭാപരവുമായ ഹയരാർക്കികളെപ്പറ്റി പ്രതിപാദിക്കുന്നു. സിംബോളിസം, ഹയരാർക്കി എന്നിവയെപ്പറ്റി ഗ്രന്ഥകാരന്റെ ആശയങ്ങൾ അവതരിപ്പിക്കുന്നു. ഹിയെരാർക്ക് എന്ന പദത്തിൽ നിന്ന് ഹയരാർക്കി എന്ന പദം അയാൾ ഉണ്ടാക്കി. അധ്യായം 4-9 വരെ മാലാഖമാരുടെ ഹയരാർക്കിയെപ്പറ്റി പറയുന്നു. മുമ്മൂന്ന് ഗണങ്ങളുള്ള ഒൻപതുപറ്റം മാലാഖമാരുണ്ട്: അവർ താഴെപ്പറയുന്നവരാണ്:

1. ക്രോബേന്മാർ, സ്രോപ്പേന്മാർ, സിംഹാസനങ്ങൾ.
2. ആധിപത്യങ്ങൾ, ശക്തികൾ, അധികാരികൾ.
3. പ്രഭുത്വങ്ങൾ, മുഖ്യദൂതന്മാർ, മാലാഖമാർ.

അധ്യായം 11-14 വരെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. അവസാനമായി അധ്യായം 15 മാലാഖമാരെപ്പറ്റിയുള്ള തിരുലിഖിത പരാമർശങ്ങളുടെ ആന്തരാർഥത്തിനുള്ള തത്വങ്ങൾ അവതരിപ്പിക്കുന്നു. മാനുഷിക രീതിയിൽ മാലാഖമാരെപ്പറ്റി പറഞ്ഞിരിക്കുന്നത് ആത്മീയമായി മനസ്സിലാക്കണം. അതിനുള്ള ദൃഷ്ടാന്തങ്ങളും നൽകുന്നു. അതായത് അവയ്ക്ക് *അനഗോഗിക്കൽ* വ്യാഖ്യാനം നൽകുന്നു.



**2. സഭാഹയരാർക്കി:** സ്വർഗീയ ഹയരാർക്കിയുടെ തുടർച്ചയാണ് ഏഴ ധ്യായങ്ങളുള്ള ഈ കൃതി. ക്രിസ്തീയ സമൂഹത്തിന്റെ അനുഷ്ഠാനവിധികളും ക്രമങ്ങളും അപഗ്രഥിക്കുന്നു. ഒന്നാം അധ്യായം ഹിയെരാർക്ക്, ഹയരാർക്കി എന്നിവയുടെ പൊതുവായ അർഥം നൽകുന്നു. അധ്യായം 2-4 വരെ സ്നാനം, കുർബാന, മൂറോൻ കൂദാശ എന്നിവ ചർച്ച ചെയ്യുന്നു. സ്നാനത്തെ *പ്രകാശിപ്പിക്കൽ* എന്നും കുർബാനയെ *സിനാക്സിസ്* എന്നും വിളിക്കുന്നു. കുർബാനയിൽ വിശ്വാസപ്രമാണം ചൊല്ലുന്നതിനെപ്പറ്റി മൂന്നാം അധ്യായത്തിൽ സൂചിപ്പിക്കുന്നു. അധ്യായം അഞ്ച് ഹിയെരാർക്ക് (ബിഷപ്പ്), പ്രെസ്ബിറ്റർ, ഡീക്കൻ എന്നിവരെപ്പറ്റി പറയുന്നു. പട്ടശുശ്രൂഷയുടെ സിംബോളിക് അർഥം നൽകുകയും ചെയ്യുന്നു. അധ്യായം ആറ് അൽമായരെപ്പറ്റിയാണ്. ഇപ്പോഴും ശുദ്ധീകരണം ആവശ്യമുള്ളവർ, പ്രകാശിതരായ വിശ്വാസികൾ, പരിപൂർണരായ സന്യാസികൾ എന്നിങ്ങനെ ജനത്തെ തരംതിരിച്ചിരിക്കുന്നു. ഗ്രന്ഥകാരൻ സന്യാസജീവിതത്തിൽ പ്രത്യേകം തൽപ്പരനാണ്. എന്നാൽ സന്യാസിനികളെപ്പറ്റി പരാമർശിക്കുന്നില്ല. അധ്യായം 6 ഇവയുടെയൊക്കെ സംഗ്രഹം എന്നു പറയാം. അധ്യായം ഏഴ് ശവസംസ്കാര ശുശ്രൂഷയുടെ വിവരണവും വ്യാഖ്യാനവും നൽകി അവസാനിപ്പിക്കുന്നു. സഭാഹയരാർക്കി മൂന്നാം അധ്യായത്തിൽ കുർബാനയെപ്പറ്റി പറഞ്ഞിരിക്കുന്നതിന്റെ മലയാള വിവർത്തനത്തിന്: ജി.ചേടിയത്ത്, *കുർബാനയുടെ വ്യാഖ്യാനങ്ങൾ,* കോട്ടയം, 2000, പേ.180-198.

**3. ദിവ്യനാമങ്ങൾ:** ഡയനീഷ്യൻ കൃതികളിൽ ഏറ്റവും വലുതും പ്രയാസമേറിയതും കൂടുതൽ സ്വാധീനം ചെലുത്തിയതും ഈ കൃതിയാണ്. പ്രോക്ലുസിന്റെയും ഡമാസ്യൂസിന്റെയും നെയോപ്ലറ്റോണിക് പാരമ്പര്യമനുസരിച്ച്, ദൈവത്തിന്റെ തിരുലിഖിതനാമങ്ങളുടെ വ്യാഖ്യാനം നൽകാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു. അധ്യായം 1-3: തിരുലിഖിതങ്ങൾ പല പേരുകൾ കൊണ്ട് ദൈവത്തെ പ്രകീർത്തിക്കുന്നു. ചില പേരുകൾ മറ്റുള്ളവയേക്കാൾ ദൈവത്തിന് കൂടുതൽ ചേരുന്നതാണ്. എന്നാൽ ദൈവം എല്ലാ നാമങ്ങൾക്കും ഉപരിസ്ഥനാണെന്നും അവാച്യനും അഗ്രാഹ്യനുമാണെന്നും അവ നിശ്ശബ്ദമായി പ്രഖ്യാപിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു നാമങ്ങൾ മാത്രമേ വേർതിരിക്കപ്പെട്ടിട്ടുള്ളൂ. ശേഷിച്ച തിരുലിഖിത നാമങ്ങളെല്ലാം ദൈവത്വത്തിനു പൊതുവാണ്. അധ്യായം നാല്: നന്മ, പ്രകാശം, സ്നേഹം, സൗന്ദര്യം എന്നീ നാമങ്ങൾ ചർച്ച ചെയ്യുന്നു. നന്മയെപ്പറ്റിയുള്ള ചർച്ച തിന്മയെപ്പറ്റി ചർച്ച ചെയ്യാൻ അവസരം ഒരുക്കുന്നു. പ്രോക്ലുസിന്റെയും മറ്റ് നെയോപ്ലറ്റോണിസ്റ്റുകളുടെയും പദപ്രയോഗങ്ങൾ ഉപയോഗിച്ച്, നന്മയുടെ അഭാവമാണ് തിന്മ എന്നു സമർഥിക്കുന്നു. അധ്യായം 5-7: യാഥാർഥ്യം, ജീവൻ, വിജ്ഞാനം എന്നിവ ചർച്ച ചെയ്യുന്നു. അധ്യായം 8-12: ശക്തി, നീതി, മഹനീയത എന്നു തുടങ്ങി നിരവധി നാമങ്ങൾ ചർച്ച ചെയ്യുന്നു. അധ്യായം 13 പരിപൂർണത, ഏകൻ എന്നിവ വിവരിക്കുന്നു.

**4. മിസ്റ്റിക്കൽ ദൈവശാസ്ത്രം:** അഞ്ച് ചെറിയ അധ്യായങ്ങളുള്ള വളരെ ചെറിയ കൃതിയാണിത്. എന്നാൽ ഈ കൃതിയും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ദൈവം കാഴ്ചയ്ക്കും ദർശനത്തിനും ഉപരിസ്ഥനാകയാൽ, ഐന്ദ്രികവീക്ഷണങ്ങൾക്ക് അതീതമായി ദൈവത്തെപ്പറ്റി ചിന്തിക്കണം. ദൈവം ഇന്നതാണെന്ന് മാനുഷിക വാക്കുകളിൽ പറയുന്നവ, ദൈവം ഇവയല്ലെന്നു പറയുന്നവയാണ്, അഥവാ ഇവയ്ക്ക് ഉപരിസ്ഥനാണെന്ന് പറയുന്നവയാണ്. ദൈവം ഇന്നതല്ലെന്നു പറയാനേ നമുക്കു കഴിയൂ. നമ്മുടെ അനുഭവത്തിൽ നിന്ന് നാം ഓരോ പേരുനൽകുന്നു എന്നുമാത്രം. എന്നാൽ അതിനൊക്കെ അപ്പുറത്താണ് അവിടുന്നെന്ന് നാം തറപ്പിച്ചു പറയുന്നു. എല്ലാത്തരം പേരുകൾക്കും ആശയങ്ങൾക്കും അപ്പുറത്താണ് ദൈവം.

**5. കത്തുകൾ:** അപ്പസ്തോലിക വ്യക്തികൾക്കയച്ച പത്തു കത്തുകൾ ഈ സമാഹാരത്തിലുണ്ട്. ചില കത്തുകൾ ഒറ്റ ഖണ്ഡിക മാത്രമുള്ളതാണ്.

പ്രോക്ലുസിന്റെ നെയോ പ്ലറ്റോണിക് തത്വശാസ്ത്രവും കപ്പഡോഷ്യൻ ദൈവശാസ്ത്രവും തമ്മിൽ കൂട്ടി യോജിപ്പിക്കാനുള്ള പരിശ്രമമാണ് ഡയനീഷ്യൻ കൃതികൾ. മധ്യകാലഘട്ടത്തിൽ പാശ്ചാത്യലോകത്ത് ഈ കൃതികൾ ഗണ്യമായ സ്വാധീനം ചെലുത്തി.

## 2. ജസ്റ്റീനിയൻ ചക്രവർത്തി (483-565)

ജസ്റ്റീനിയൻ ജനിച്ചത് ഡേഷ്യാ മെഡിറ്ററാനെയായിലെ തൗറേസിയും ഗ്രാമത്തിലാണ്. ആദ്യനാമം പേത്രുസ് സബ്ബാതിയുസ് എന്നായിരുന്നു. മാതൃസഹോദരനായ ജസ്റ്റിൻ ഒന്നാമൻ (518-527) ചക്രവർത്തിയായി അധികാരത്തിൽ വന്നപ്പോൾ 35-ാം വയസ്സിൽ സാമ്രാജ്യഭരണത്തിൽ ജസ്റ്റീനിയനെയും പങ്കുകാരനാക്കി. ജസ്റ്റിന്റെ കാലത്തുതന്നെ ജസ്റ്റീനിയൻ രാഷ്ട്രഭരണത്തിൽ പല സംഗതികളും നിയന്ത്രിച്ചിരുന്നു. ജസ്റ്റിന്റെ മുൻഗാമിയായ അനസ്താസ്യൂസ് ഒന്നാമൻ ചക്രവർത്തി (491-518) ഏകസ്വഭാവ ചിന്താഗതിക്കാരനായിരുന്നു. ജസ്റ്റിൻ അധികാരത്തിൽ വന്നപ്പോൾ, ഏകസ്വഭാവവാദികൾക്കെതിരെ നടപടിയെടുക്കാൻ ജനം അദ്ദേഹത്തെ നിർബന്ധിച്ചു. ജോൺ രണ്ടാമനായിരുന്നു അപ്പോൾ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ്. ഏകസ്വഭാവവാദികളുടെ നേതാവായ സെവേരൂസിനെ മുടക്കണമെന്നും റോമുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിക്കണമെന്നും പരസ്യമായി കാൽസിഡൺ വിശ്വാസപ്രഖ്യാപനം നടത്തണമെന്നും ജനം മുറവിളി കൂട്ടി. അതുപോലെ അനസ്താസ്യൂസ് ചക്രവർത്തി സ്ഥാനഭ്രഷ്ടരാക്കിയ എവുഫേമിയസ് (489-495), മാസിഡോണിയുസ് (495-511) എന്നിവരെയും ഏകസ്വഭാവവാദികൾ നിരാകരിച്ച ലെയോ മാർപാപ്പായെയും (440-461) അനുസ്മരണപ്പട്ടികയിൽ ചേർക്കണമെന്നും അവർ ജസ്റ്റിനോട് ആവശ്യപ്പെട്ടു. കോൺസ്റ്റാന്റിനോപ്പിളിൽ 518-ൽ കൂടിയ സിനഡ് ജനത്തിന്റെ ഡിമാന്റുകളെല്ലാം അംഗീകരിച്ചു.



അതുപോലെ സേനോ ചക്രവർത്തിയുടെ കാലത്തുണ്ടായ (474-491) "അകാചിയൻ ശീശ്മ" അവസാനിപ്പിക്കാനും ജസ്റ്റിനും ജസ്റ്റീനിയനും പാത്രിയർക്കീസും നടപടികളെടുത്തു. ജസ്റ്റിൻ കാൽസിഡണുവേണ്ടി നിലകൊണ്ടു. സെവേരൂസിനെ 518-ൽ തന്നെ അന്ത്യോക്യാ സിംഹാസനത്തിൽ നിന്നു നീക്കി.

ഈ കാലയളവിൽ (519) ഷിതിയൻ സന്യാസികൾ "ത്രിത്വത്തിലൊരാൾ ക്രൂശിക്കപ്പെട്ടു" എന്ന "തെയോപാസ്കൈറ്റ് ഫോർമുല" അവതരിപ്പിച്ചു. അപ്രകാരം പറഞ്ഞെങ്കിൽ മാത്രമേ കാൽസിഡൺ സിനഡ് നെസ്തോറിയനല്ല എന്നു പറയാനാകൂ എന്ന് അവർ വാദിച്ചു. "വചനമാം ദൈവമാണ് പീഡാസഹനത്തിന്റെ കർത്താവ്, സിറിലിന്റെ 12 ശാപങ്ങൾ അപ്പാടെ അംഗീകരിക്കണം, അവയുടെ വെളിച്ചത്തിൽ കാൽസിഡൺ വ്യാഖ്യാനിക്കപ്പെടണം" എന്നൊക്കെ അവർ വാദിച്ചു. ജസ്റ്റീനിയൻ ഇതേപ്പറ്റി 520-ൽ ഹൊർമിസ്ദാസ് മാർപാപ്പായോട് അഭിപ്രായമാരാഞ്ഞു. "ശരീരത്തിൽ പീഡയേറ്റ ക്രിസ്തുവിന്റെ" (*ക്രിസ്തു പത്തോന്തോസ് സാർക്കി)* എന്ന ക്ലാസിക്കൽ ''തെയോപാസ്കൈറ്റ് ഫോർമുല" (1പത്രോ.4,1) ജസ്റ്റീനിയൻ ഇതിൽ ഉദ്ധരിക്കുന്നു. "ത്രിത്വത്തിൽ ഒരാളായ ക്രിസ്തു" (*ക്രിസ്തുസ് ഊണാ പേർസോണാ ദെ ത്രിനിതാത്തെ*) എന്നൊരു ഫോർമുലയും ജസ്റ്റീനിയൻ അവതരിപ്പിച്ചു. ഹൊർമിസ്ദാസ് മാർപാപ്പാ ജസ്റ്റിനയച്ച കത്തിൽ ഷിതിയൻ സന്യാസികളുടെ ഫോർമുല നിരാകരിച്ചു. ജസ്റ്റീനിയന്റെ ഫോർമുലയെപ്പറ്റി മൗനം അവലംബിച്ചു. ജസ്റ്റീനിയന് പാപ്പാ മറുപടി നൽകിയതുമില്ല. എന്നാൽ ജസ്റ്റീനിയൻ ഷിതിയൻ സന്യാസികളുടെ "ത്രിത്വത്തിലൊരാൾ" എന്ന ഫോർമുല സ്വീകരിച്ചു. അവതരിച്ച വചനമായ ക്രിസ്തുവിനെപ്പറ്റിയാണ് വിശ്വാസപ്രഖ്യാപനമെന്ന് കാണിക്കാനാകാം ജസ്റ്റീനിയൻ ഇത് സ്വീകരിച്ചത്.

ജസ്റ്റിൻ 527-ൽ മരിച്ചപ്പോൾ ജസ്റ്റീനിയൻ ചക്രവർത്തിയായി. തുടർന്ന് ഭാര്യ തിയഡോറാ മരിക്കുന്നതുവരെ (548) മതപരമായ കാര്യങ്ങളിൽ അയാൾ ഇരട്ടത്താപ്പുനയം സ്വീകരിച്ചു. അയാൾ കാൽസിഡൺ വിശ്വാസ നിർവചനത്തിനു വേണ്ടിയും തിയഡോറാ ഏകസ്വഭാവവാദികൾക്കു വേണ്ടിയും നിലകൊണ്ടു. അവരിരുവരും പരസ്പരം ആലോചിക്കാതെ യാതൊന്നും ചെയ്തിരുന്നില്ലെന്നു പറയപ്പെടുന്നു.

ജസ്റ്റീനിയൻ 532-ൽ കാൽസിഡൺ അനുഭാവികളുടെയും എതിരാളികളുടെയും ഒരു സംയുക്തയോഗം കോൺസ്റ്റാന്റിനോപ്പിളിൽ വിളിച്ചുകൂട്ടി. ഈ യോഗത്തിന്റെ റിപ്പോർട്ട് ഇരുവിഭാഗക്കാരും എഴുതിയിട്ടുണ്ട്. യോഗത്തിൽ പങ്കെടുത്തവരെ ചക്രവർത്തി മൂന്നാംദിവസം തന്റെ അരമനയിലേക്കു ക്ഷണിച്ചു. ഐക്യമുണ്ടാക്കാൻ അദ്ദേഹം ഒരു ഫോർമുല അവതരിപ്പിച്ചു. അതിൽ ആറ് നിബന്ധനകൾ ഉണ്ടായിരുന്നു:

1. നെസ്തോറിയസിനും എവുതീക്കിയസിനും പുറമേ, ദിയദോറിനെയും തിയഡോറിനെയും തിയഡൊറെറ്റിനെയും ഈബാസിനെയും ശപിക്കുക.

2. കാൽസിഡൺ വിശ്വാസ നിർവചനത്തിന്റെ ശരിയായ വ്യാഖ്യാനമായി നെസ്തോറിയസിനുള്ള സിറിലിന്റെ മൂന്നാംലേഖനം ശാപങ്ങളോടുകൂടെ അംഗീകരിക്കുക.

3. കാൽസിഡൺ കൗൺസിലിന്റെ നെസ്തോറിയൻ വ്യാഖ്യാനം ഒഴിവാക്കാൻ "ഐക്യപ്പെട്ടതും അഭേദ്യവുമായ ഇരുസ്വഭാവങ്ങൾ" എന്നതോടുകൂടെ "അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം" എന്ന സിറില്ലിയൻ പദപ്രയോഗം സ്വീകരിക്കുക.

4. കാൽസിഡൺ വിശ്വാസനിർവചനം അതുപോലെ സ്വീകരിക്കാൻ ഏകസ്വഭാവവാദികളെ നിർബന്ധിക്കാതിരിക്കുക, പിന്നെയോ അതിന്റെ നെസ്തോറിയൻ ഭാഷ്യം മാത്രം നിരസിച്ചാൽ മതി.

5. ലെയോ മാർപാപ്പാ ഫ്ളാവിയനയച്ച കത്തിന്മേൽ ഏകസ്വഭാവവാദികൾ ഉച്ചരിച്ച ശാപം പിൻവലിക്കുക.

6. എവുതീക്കെസിനെ ശപിച്ചു എന്ന നിലയിൽ കാൽസിഡൺ അംഗീകരിക്കുക.

പരസ്പരം അംഗീകരിക്കാനുള്ള അവശ്യസംഗതികൾ എന്ന നിലയിലാണ് ജസ്റ്റീനിയൻ ഇതവതരിപ്പിച്ചത്. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ വക്താക്കളെ ശപിക്കണമെന്നത് ഏകസ്വഭാവവാദികളുടെ നിരന്തരമായ ആവശ്യമായിരുന്നു. എന്നാൽ ഈ നിബന്ധനകൾ ഇരുവിഭാഗക്കാർക്കും സ്വീകാര്യമായില്ല. "ദൈവവചനം ജഡത്തിൽ പീഡയനുഭവിച്ചു" എന്ന പ്രയോഗം കാൽസിഡൺ അനുഭാവികൾ തള്ളിക്കളഞ്ഞു. "ക്രിസ്തുവിന്റെ ആളത്തവും സ്വഭാവങ്ങളും തമ്മിലുള്ള അന്തരം അവർ ചൂണ്ടിക്കാട്ടി. അത്ഭുതങ്ങളും പീഡാനുഭവവും ക്രിസ്തുവിന്റെ ഏകയാളിന് ആരോപിക്കണം, എന്നാൽ സഹനം ദൈവത്വത്തിലല്ല ജഡത്തിലാണ് നടന്നത്." "ത്രിത്വത്തിലൊരാൾ" എന്ന പ്രയോഗം ക്രിസ്തുവിന്റെ ആളത്തത്തിന് ചേർന്നതാണ്. അത് ക്രിസ്തുവിന്റെ ദൈവത്വവുമായി ബന്ധപ്പെട്ടതാണ്. "ത്രിത്വത്തിലൊരാൾ"എന്നത് ദൈവത്വസംബന്ധമാണ്. ഇതിന്റെ വെളിച്ചത്തിൽ മാത്രം ''തെയോപാസ്കൈറ്റ് ഫോർമുല'' അംഗീകരിക്കാം എന്നൊക്കെ അവർ വാദിച്ചു. - ഏതായാലും ആ ചർച്ച അലസിപ്പിരിഞ്ഞു.

"തെയോപാസ്കൈറ്റ് ഫോർമുല" അംഗീകരിപ്പിക്കാൻ ജസ്റ്റീനിയൻ രണ്ട് മെത്രാന്മാരെ ജോൺ രണ്ടാമൻ മാർപാപ്പായുടെ (533-5) പക്കലേക്കയച്ചു. "ത്രിത്വത്തിലൊരാളായ ക്രിസ്തു ക്രൂശിക്കപ്പെട്ടു" എന്നത് ഹ്യപ്പോസ്റ്റാറ്റിക് ഫോർമുല ഉപയോഗിച്ചാണ് ജസ്റ്റീനിയൻ ന്യായീകരിച്ചത്: വചനം



ഒരുവശത്തും ക്രിസ്തു മറുവശത്തും എന്ന് രണ്ടാളുകളായുള്ള നെസ്തോറിയൻ വിഭജനം ഇതുവഴി ഒഴിവാക്കാമെന്ന് അദ്ദേഹം കരുതി. മഹനീയമായവയും ബലഹീനമായവയും ഈ ഐക്യത്തിൽ ഏകയാളിന്റേതാണ്. അതായത്, ഈ ഐക്യത്തിന്റെ അടിസ്ഥാനത്തിലാണ് അവ ആരോപിക്കാൻ കഴിയുന്നത്. നെസ്തോറിയനിസം ആളത്തത്തിലുള്ള ഐക്യം നിഷേധിക്കുന്നതിനാൽ, ത്രിത്വത്തിനു പകരം *ടെട്രാഡാണ്* ഏറ്റുപറയുന്നത്. ഈ ഫോർമുലയിലൂടെ ജസ്റ്റീനിയൻ ഉന്നംവച്ചത് നെസ്തോറിയരെ മാത്രമല്ല, നെസ്തോറിയൻ (അന്ത്യോക്യൻ) പശ്ചാത്തലത്തിൽ കാൽസിഡൺ സ്വീകരിച്ച കോൺസ്റ്റാന്റിനോപ്പിളിലെ ''ആക്കൊയെമൈറ്റ്'' സന്യാസികളെയാണ്. അവരെ 533-ൽ തന്നെ പാത്രിയർക്കീസ് മുടക്കിയിരുന്നു. സിറിലിന്റെ ക്രിസ്തുശാസ്ത്ര ഫോർമുലകളുടെ വെളിച്ചത്തിൽ കാൽസിഡൺ വ്യാഖ്യാനിക്കാൻ അവർ കൂട്ടാക്കിയില്ല. ഏകസ്വഭാവവാദികളുടെയും മറ്റും നിരന്തര പ്രചരണ ഫലമായി മേൽപ്പറഞ്ഞ സന്യാസികളെ ജസ്റ്റീനിയൻ തറപറ്റിച്ചു. വിവിധ വിഭാഗക്കാരുടെ ഐക്യത്തിന് ഈ സന്യാസികൾ തടസ്സമാണെന്ന് ജസ്റ്റീനിയൻ ധരിച്ചുവശായി. ജോൺ രണ്ടാമൻ മാർപാപ്പാ 534-ൽ ജസ്റ്റീനിയന് എഴുതിയ കത്തിലൂടെ ജസ്റ്റീനിയന്റെയും പാത്രിയർക്കീസിന്റെയും ഭാഗംചേർന്ന് ഈ സന്യാസികളെ മുടക്കി. ഇങ്ങനെ പാപ്പാ ഒരു തകിടംമറിച്ചിൽ നടത്തി. ലെയോ മാർപാപ്പായുടെ കത്ത് "തെയോപാസ്കൈറ്റ് ഫോർമുല" ഉൾക്കൊള്ളുന്നെന്ന് സെനറ്റിനയച്ച കത്തിൽ ജോൺ മാർപാപ്പാ വാദിച്ചു.

എന്നാൽ ഏകസ്വഭാവവാദികൾ ഐക്യത്തിന് സന്നദ്ധരല്ലായിരുന്നു. ജസ്റ്റീനിയന്റെ ഈ നവീനഫോർമുലയുടെ ചുവടുപിടിച്ച് സെവേരൂസും ഒളിവിൽ കഴിഞ്ഞ ഏകസ്വഭാവവാദികളായ മെത്രാന്മാരും 534 മുതൽ സ്വൈരവിഹാരം നടത്താൻ തുടങ്ങി. ജസ്റ്റീനിയന്റെ ഈ മലക്കം മറിച്ചിലിന്റെ കാരണം തിയഡോറായുടെ സ്വാധീനമാണെന്ന് പറയപ്പെടുന്നു. ജസ്റ്റീനിയൻ 535/6 ലെ ഒരു കൽപനയിലൂടെ "ദൈവത്തിന്റെ ഏകജാതനായ പുത്രനും വചനവും" ("സ്വഭാവപ്രകാരം" എന്ന ഗീതം/*ഹോ മോണോഗെനേസ് യുയ്യോസ് കായ് ലോഗോസ് തൂ തെവു*) എന്ന ഗീതം നടപ്പാക്കി. ഇത് ബിസന്റൈൻകാരും യാക്കോബായക്കാരും ഒരുപോലെ ഉപയോഗിക്കുന്നു. സെവേരൂസാണ് ഇതിന്റെ കർത്താവെന്ന് യാക്കോബായക്കാർ കരുതുന്നു. തെയോഫാനെസിന്റെ (9-ാം നൂ.) അഭിപ്രായത്തിൽ ഇതുപയോഗിക്കാൻ കൽപിച്ചത് ജസ്റ്റീനിയനത്രേ. ഏകസ്വഭാവവാദികളുമായി എന്നേക്കുമായി പിരിയുന്നതിനുമുമ്പു തന്നേ (536) ഇത് ആരാധനക്രമത്തിൽ ചേർത്തു കാണാനാണിട.

പാത്രിയർക്കീസ് എപ്പിഫാനിയസ് മരിച്ചപ്പോൾ (535) അന്തീമുസിനെ ജസ്റ്റീനിയൻ ചക്രവർത്തി കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായി നിയ

മിച്ചു. അന്തീമുസ് ഏകസ്വഭാവവാദികളുമായി ധാരണയുണ്ടാക്കി സെവേരൂസിനെയും അലക്സാണ്ട്രിയായിലെ തിയഡോഷ്യസിനെയും സഭാകൂട്ടായ്മയിൽ സ്വീകരിച്ചു. സെവേരൂസും മറ്റുമായി അയാൾ കത്തുകൾ വഴി ബന്ധപ്പെട്ടുകൊണ്ടിരുന്നു. ഏകസ്വഭാവവാദികളുടെ നിലപാടാണ് അന്തീമുസ് സ്വീകരിച്ചത്: എഫേസോസ് സിനഡ് (431), സിറിലിന്റെ പന്ത്രണ്ട് ശാപങ്ങൾ എന്നിവ ക്രിസ്തുവിലുള്ള വിശ്വാസപ്രഖ്യാപനത്തിന്റെ മാനദണ്ഡമായി സ്വീകരിക്കണം, സിറിലിന്റെ കൃതികൾ മുഴുവനായി അംഗീകരിക്കണം, സെനോയുടെ ഹെനോട്ടിക്കോൻ അംഗീകരിക്കണം എന്നിവയായിരുന്നു അവരുടെ നിലപാട്. ഇങ്ങനെ കാൽസിഡണ് എതിരായ നിലപാട് സ്വീകരിച്ചതിനാൽ, ചക്രവർത്തി അന്തീമുസിനെ മുടക്കി. ക്രിസ്തുവിൽ ഏകഇച്ഛയും ഏകപ്രവർത്തനവുമാണെന്നും അയാൾ പഠിപ്പിച്ചിരുന്നു. അയാൾ ജസ്റ്റീനിയനയച്ച കത്തിന്റെ ശകലങ്ങൾ ലഭിച്ചിട്ടുണ്ട്.

തുടർന്ന് മെന്നാസ് പാത്രിയർക്കീസായി. ഒരിക്കൽകൂടി (536) ഒരൈക്യചർച്ചയ്ക്ക് അദ്ദേഹം ബന്ധപ്പെട്ടവരെയൊക്കെ കോൺസ്റ്റാന്റിനോപ്പിളിൽ വിളിച്ചുകൂട്ടി. അതും പരാജയപ്പെട്ടു. ഏകസ്വഭാവവാദികളുമായി ഒത്തുതീർപ്പുണ്ടാക്കുക അസാധ്യമാണെന്ന് ജസ്റ്റീനിയന് മനസ്സിലായപ്പോൾ, കാൽസിഡൺ വിശ്വാസനിർവചനം സാമ്രാജ്യത്തിന്റെ വിശ്വാസപ്രമാണമായി വിളംബരം ചെയ്തു. "ത്രിത്വത്തിലൊരുവനും ദൈവത്തിന്റെ ഏകജാതനുമായ ക്രിസ്തു" എന്ന തന്റെ ഫോർമുല വീണ്ടും അവതരിപ്പിച്ചു.

ഏകസ്വഭാവവാദികളിൽ നിന്ന് അകന്നശേഷം (536) അലക്സാണ്ട്രിയൻ പാത്രിയർക്കീസ് തിയഡോഷ്യസിനെ (+566) ജസ്റ്റീനിയൻ കോൺസ്റ്റാന്റിനോപ്പിളിൽ വരുത്തി വീട്ടുതടങ്കലിൽ പാർപ്പിച്ചു. അയാൾക്കു പകരം തബെന്നെസിയിലെ ഒരു സന്യാസിയായ പൗലോസിനെ പാത്രിയർക്കീസാക്കി. എന്നാൽ സിനഡ് 540-ൽ അയാളെ നീക്കിയിട്ട് സോയിലുസ് (540-551) എന്ന ഒരു പലസ്തീൻകാരനെ വാഴിച്ചു. ജസ്റ്റീനിയൻ 540-ൽ സോയിലുസിന് ഒരു ഡോഗ്മാറ്റിക് കത്തയച്ചു. സൈന്യബലത്തിലാണ് അയാളും മുൻഗാമിയും അവിടെ പാർത്തത്. എന്നാൽ 546-ൽ അവിടെ ലഹള ഉണ്ടായപ്പോൾ അയാൾ കോൺസ്റ്റാന്റിനോപ്പിളിൽ അഭയം തേടി. അവിടെ വച്ച് മൂന്നധ്യായങ്ങളെ ശപിക്കാഞ്ഞതിനാൽ സ്ഥാനഭ്രഷ്ടനായി.

എന്നാറ്റോണിലെ സന്യാസികൾക്കുള്ള കത്തിൽ ജസ്റ്റീനിയൻ തന്റെ ദൈവശാസ്ത്ര ചായ്വ് വെളിപ്പെടുത്തുന്നു. സിറിലിന്റെ യഥാർഥ പിൻഗാമികളാണെന്നാണല്ലോ ഏകസ്വഭാവവാദികൾ അവകാശപ്പെട്ടുകൊണ്ടിരുന്നത്. ഏകസ്വഭാവവാദികളല്ല, കാൽസിഡൺ കൗൺസിലാണ് യഥാർഥത്തിൽ സിറിലിനെ പൂർണമായി പിൻചെല്ലുന്നത് എന്നായിരുന്നു ജസ്റ്റീനിയന്റെ വാദം. "അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം" എന്ന ഫോർമുല മാത്രമേ ഏകസ്വഭാവവാദികൾ എടുക്കുന്നുള്ളു. എന്നാൽ സഭയാകട്ടെ,



സിറിൽ പഠിപ്പിച്ചത് പൂർണമായി സ്വീകരിക്കുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സിറിലിന്റെ കൃതികളുമായി കാൽസിഡൺ കൗൺസിൽ ഒത്തുപോകുന്നെന്ന് കാണിക്കാൻ ജസ്റ്റീനിയൻ ശ്രമിച്ചു. ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും *സിന്തെസിസ്* ആയി ക്രിസ്തുവിനെ മനസ്സിലാക്കണം, അവതരിച്ച വചനമായ ക്രിസ്തുവാണ് സിന്തെസിസിന്റെ അനന്തരഫലം, "വചനം ഒരു ഹ്യുപ്പോസ്റ്റസിൽ സ്ഥിതിചെയ്യുന്നു, ഇതിൽ മാംസം അസ്തിത്വം സ്വീകരിക്കുന്നു", അതുകൊണ്ട് അതിനെ "എൻഹ്യുപ്പോസ്റ്റസിസ്" എന്നു വിളിക്കാം. ദൈവികവചനം അതിൽ തനിക്കായി ഒരു മാനുഷിക യാഥാർഥ്യം സൃഷ്ടിച്ചു. അങ്ങനെ അവിടുന്ന് ക്രിസ്തുവായി, അവതരിച്ച വചനമായി, അവിടുന്ന് രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുന്നു, രണ്ടു സ്വഭാവങ്ങളിൽ സ്ഥിതിചെയ്യുന്നു.

കാൽസിഡൺ കൗൺസിൽ അംഗീകരിക്കാൻ ഏകസ്വഭാവവാദികൾ മുന്നോട്ടുവച്ച ഒരു ഡിമാന്റ് അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിന്റെ വക്താക്കളെ ശപിക്കുക എന്നതായിരുന്നു. അതിനവർ ശക്തമായി പ്രചരണം നടത്തി. അതിന്റെ ഫലമായി തിയഡോർ, തിയഡൊറെറ്റ്, ഈബാസ് എന്നീ അന്ത്യോക്യൻ സഭാനേതാക്കന്മാർക്കെതിരെ ജസ്റ്റീനിയൻ 544-ൽ ഒരു ഇമ്പീരിയൽരേഖ പ്രസിദ്ധീകരിച്ചു. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തെ പാടേ നിരാകരിക്കുന്നതായിരുന്നു ആ രേഖ. കാൽസിഡൺ കൗൺസിലിനെ അന്ത്യോക്യൻ ക്രിസ്തുശാസ്ത്ര ചിന്താധാരയിൽനിന്ന് അകറ്റിക്കാണിക്കാനുള്ള ശ്രമമായിരുന്നു അത്. "മൂന്നധ്യായങ്ങളുടെ മേലുള്ള ശാപം" എന്ന് ഇത് അറിയപ്പെടുന്നു.

പാശ്ചാത്യലോകത്ത് ബിസന്റൈൻ സാമ്രാജ്യത്തിന്റെ ഭാഗമായി ധാരാളം ഭൂപ്രദേശങ്ങൾ ഉണ്ടായിരുന്നു. അപരിഷ്കൃതരുടെ ആക്രമണത്തിൽ നിന്ന് അവയെ സംരക്ഷിക്കാൻ ജസ്റ്റീനിയന് പാശ്ചാത്യസഹായം ആവശ്യമായിരുന്നു. കലവറ കൂടാതെ കാൽസിഡൺ കൗൺസിൽ അംഗീകരിച്ചെങ്കിൽ മാത്രമേ പാശ്ചാത്യസഹായം നിർലോഭം ലഭിക്കുകയുള്ളു എന്ന് ജസ്റ്റീനിയൻ മനസ്സിലാക്കി.

അതേസമയം പൗരസ്ത്യ പ്രവിശ്യകളിലെ (ഈജിപ്ത്, സിറിയാ) ജനങ്ങൾ രണ്ടു തട്ടിൽ കഴിയുന്നത് സാമ്രാജ്യത്തിന്റെ ഐക്യത്തിന് ഹാനികരമാണെന്ന് അദ്ദേഹം കണ്ടു. ഏകസ്വഭാവവാദികളെ പ്രീണിപ്പെടുത്തി ഐക്യപ്പെടുത്താമെന്ന ചിന്ത 536-നുശേഷവും അദ്ദേഹം കുറേയൊക്കെ പുലർത്തി. അവരുടെ ഡിമാന്റുകൾ അംഗീകരിച്ചുകൊടുക്കാൻ അദ്ദേഹം നിർബന്ധിതനായി. ഒരു സാമ്രാജ്യം, ഒരു ചക്രവർത്തി, ഒരു വിശ്വാസം എന്നതായിരുന്നു അന്നത്തെ ചിന്ത. അതുപോലെ തിയഡോറാ ഏകസ്വഭാവവാദികളെ അനുകൂലിച്ചിരുന്നു. ഒരു സമാന്തരഹയരാർക്കി ഉണ്ടാക്കാൻ അവരെ അനുവദി

ച്ചതും അവർക്കെതിരെ കടുത്ത നടപടികൾ എടുക്കാതിരിക്കാൻ ജസ്റ്റീനിയനെ പ്രേരിപ്പിച്ചതും അവരായിരുന്നു. തിയഡോറാ മരിക്കുന്നതവരെ ഈ നില തുടർന്നു.

റോമൻ പ്രതിനിധി പെലാജിയുസും (540) ജറുസലേം പാത്രിയർക്കീസ് പത്രോസും (524-552) ഒന്നിച്ച് പലസ്തീനയിലെ ഒരിജനിസ്ത്യരെപ്പറ്റി ജസ്റ്റീനിയനെ ധരിപ്പിച്ചു. പലസ്തീനയിൽ പുതിയ ലൗറായിലെ സന്യാസികളായിരുന്നു ഒരിജനിസത്തിന്റെ പ്രണേതാക്കൾ. അവരുടെ ഇടയിൽ നിന്നുള്ള ആളായിരുന്നു ചക്രവർത്തിയുടെ മേൽ സ്വാധീനമുണ്ടായിരുന്ന തിയഡോർ അസ്കീദാസ് മെത്രാൻ. മേൽപ്പറഞ്ഞ രണ്ടു പേരുടെ ഉപദേശത്താൽ 543 -ലെ ഒരു വിളംബരത്തിലൂടെ ജസ്റ്റീനിയൻ ഒരിജനിസത്തെ ശപിച്ചു. അത് നടപ്പാക്കിയാൽ തന്റെ നില പരുങ്ങലിലാകുമെന്നു കണ്ട്, ജസ്റ്റീനിയന്റെ ചിന്ത നെസ്തോറിയനിസത്തിലേക്ക് തിയഡോർ അസ്കീദാസ് തിരിച്ചുവിട്ടു. അങ്ങനെ ഏകസ്വഭാവവാദികളും ഒരിജനിസ്ത്യരും ഒന്നുചേർന്ന് അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനും അതിന്റെ വക്താക്കൾക്കുമെതിരെ തിരിഞ്ഞു. അതിന്റെ അനന്തരഫലമാണ് "മൂന്നധ്യായങ്ങളുടെ മേലുള്ള ശാപം".

ഒരിജനിസ്ത്യർ 547-നുശേഷം രണ്ടു വിഭാഗങ്ങളായി തിരിഞ്ഞു: വി. ഫിർമീനുസിന്റെ ലൗറായിലുള്ളവർ പുതിയ ലൗറായിലുള്ള സന്യാസികളെ *ഇസോക്രിസ്തോയ്* (ക്രിസ്തുവിനു തുല്യർ) എന്നു വിളിച്ചു. പുതിയ ലൗറായിലുള്ളവർ മറ്റവരെ *പ്രോതോക്തിസ്തോയ്* (ആദ്യസൃഷ്ടികൾ) എന്നും ടെട്രാദിതായ് (ടെട്രാഡിനെ ആരാധിക്കുന്നവർ) എന്നും വിളിച്ചു. തിയഡോർ അസ്കീദാസ് ആദ്യവിഭാഗത്തിൽ ഉൾപ്പെടുന്നു. ചക്രവർത്തിയുടെ പക്കൽ ഇക്കൂട്ടർക്കായിരുന്നു സ്വാധീനം. തങ്ങൾ തഴയപ്പെട്ടു എന്നുകണ്ട് രണ്ടാമത്തെ കൂട്ടർ 551/2-ൽ ആന്റി-ഒരിജനിസ്ത്യരുടെ കൂടെക്കൂടി. വലിയ ലൗറായിലെ സന്യാസികൾ ഇതിനു നേതൃത്വം നൽകി. *ആത്മാക്കളുടെ പ്രീസ്ഥിതി* എന്ന ഒരിജനിസ്റ്റ് ആശയം ഇക്കൂട്ടർ ഉപേക്ഷിച്ചു. ജസ്റ്റീനിയന്റെ പ്രേരണയ്ക്ക് വശംവദനായ പുതിയ ലൗറായിലെ മുൻ അധ്യക്ഷൻ (ഷിതോപ്പൊളീസിലെ തിയഡോർ മെത്രാൻ) 552-ൽ ഒരിജനിസ്റ്റ് തെറ്റുകൾ (12 ശാപങ്ങളായി) തിരസ്കരിച്ചു. ഒരു സിനഡൽ നടപടിയിലൂടെ 551-ൽ തന്നെ ഒരിജനിസത്തെയും ഇസോക്രിസ്തരെയും ശപിച്ചു. എന്നാലിത് 551-ലെ എക്യൂമെനിക്കൽ കൗൺസിലിന്റെ ഒരു നടപടി ആയിരുന്നില്ല.

അഞ്ചാം സാർവത്രിക സിനഡിൽവച്ച് (551) ജസ്റ്റീനിയൻ തന്റെ ഇമ്പീരിയൽ അധികാരം ഉപയോഗിച്ച് മൂന്നധ്യായങ്ങളെ ശപിച്ചു. കോൺസ്റ്റാന്റിനോപ്പിളിൽ സന്നിഹിതനായിരുന്ന റോമൻ മാർപാപ്പായുടെ പ്രതിഷേധങ്ങളെ വകവയ്ക്കാതെയാണ് മൺമറഞ്ഞ പിതാക്കന്മാരെ ജസ്റ്റീനിയൻ ശപിച്ചത്. അതുവഴി 431-ലെ എഫേസോസിന്റെ പദപ്രയോഗങ്ങളിലേക്കുള്ള തിരിച്ചുപോക്കാണ് നടന്നത്. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം പാടേ തള്ളപ്പെട്ടു.



അലക്സാണ്ട്രിയൻ ക്രിസ്തുശാസ്ത്രം സഭയുടെ ഔദ്യോഗിക ഭാഷ്യമായിത്തീർന്നു. കാൽസിഡന്റെ പേരിലാണ് ജസ്റ്റീനിയൻ ഇപ്രകാരം ചെയ്തതെങ്കിലും കാൽസിഡൺ കാണിച്ച സമഭാവന 551-ലെ ശാപങ്ങളിൽ ഇല്ലായിരുന്നു. ജസ്റ്റീനിയൻ ഉദ്ദേശിച്ച നന്മ 551-ലെ സിനഡിൽ നിന്നുണ്ടായില്ല. ഏകസ്വഭാവവാദികൾ സഭയോട് ചേർന്നുമില്ല. അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തെ എന്നെന്നേക്കുമായി കുഴിച്ചുമൂടി എന്നതു മാത്രമായിരുന്നു നേട്ടം. അതോടൊപ്പം അന്ത്യോക്യൻ സഭയുടെ പ്രശസ്ത വക്താക്കളെയും ശപിച്ചു. യേശുക്രിസ്തു ഒരു "സംയുക്ത ഹ്യുപ്പോസ്റ്റസിസാണ്" എന്ന ഫോർമുല (*മിയാ സ്യൻതെറ്റോസ് ഹ്യുപ്പോസ്റ്റസിസ്*) പൊതുവേ പ്രചരിക്കാൻ തുടങ്ങി.

ഇറ്റലിയിലെ ബിസന്റൈൻ ഭൂപ്രദേശങ്ങൾ 552-ൽ ഗോത്യരിൽ നിന്നു തിരികെ പിടിച്ചതും പേർഷ്യാക്കാരുമായി അതിർത്തിയിൽ 561-ൽ സമാധാനസന്ധി ഉണ്ടാക്കിയതും ജസ്റ്റീനിയന്റെ നേട്ടങ്ങളായിരുന്നു. അദ്ദേഹം 561 -ൽ പേർഷ്യൻ ക്രിസ്ത്യാനികളെ ഒരൈക്യചർച്ചയ്ക്ക് ക്ഷണിച്ചു. നിസിബിസിലെ പൗലോസ് പേർഷ്യൻ ഡലഗേഷനെ നയിച്ചു. ജസ്റ്റീനിയൻ "എൻഹ്യുപ്പോസ്റ്റസിസ്" അവതരിപ്പിച്ചു. എന്നാൽ അന്ത്യോക്യൻ പദപ്രയോഗങ്ങൾ പാടേ തിരസ്കരിച്ചതിനാൽ, പേർഷ്യൻ ഡലഗേഷന്റെ അവതരണരീതി ജസ്റ്റീനിയന് മനസ്സിലായില്ല. കാൽസിഡൺ കൗൺസിലിനെ അലക്സാണ്ട്രിയൻ ശൈലിയിൽ മാത്രം കണ്ട ജസ്റ്റീനിയന് അന്ത്യോക്യൻഭാഷ്യം അന്യമായിരുന്നു. അതുകൊണ്ട് ചർച്ച ഫലം പുറപ്പെടുവിച്ചില്ല.

തന്റെ ജീവിതാവസാനം ജസ്റ്റീനിയൻ *അഫ്താർതോ ഡോസെറ്റിസം* പഠിപ്പിച്ചു. റോമാക്കാർക്ക് അദ്ദേഹം എഴുതിയ രേഖയിലാണിതു കാണുക. "ക്രിസ്തുവിന്റെ ശരീരം അഴിവിന് അതീതമായിരുന്നു. അതുകൊണ്ട് യാതൊരു തരത്തിലുമുള്ള പീഡനത്തിനും വിധേയമല്ല". ഹലികർണാസുസിലെ ജൂലിയന്റെ പ്രബോധനം തന്നെയാണിത്. പലസ്തീനയിലെ യോപ്പാ മെത്രാനിൽ നിന്നാണ് ജസ്റ്റീനിയന് ഈ തീയറി ലഭിച്ചതെന്ന് മിഖായേൽ റാബോ പറയുന്നു. അന്ത്യോക്യാ പാത്രിയർക്കീസ് അനസ്താസ്യൂസും (559-570;591 -8) കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് എവുതീക്കിയസും (552-565) ഇതംഗീകരിച്ചില്ല. പൊതുവേ മെത്രാന്മാരെല്ലാം ഇതിനെ എതിർത്തു.

## 3. അഞ്ചാം നൂറ്റാണ്ടിലെ ഗ്രീക്ക് സഭാനേതാക്കന്മാർ

### എവുഡോക്സ്യാ രാജ്ഞി (+404)

വലന്റീനിയൻ ചക്രവർത്തിയുടെ (364-375) കീഴിലുള്ള ഫ്രാങ്കിഷ് ജനറൽ ബൗതോയുടെ മകളായി ജനിച്ചു. സുന്ദരിയായ അവളെ 395-ൽ അർക്കേഡിയസ് ചക്രവർത്തി (395-408) വിവാഹം കഴിച്ചു. പുൾക്കറിയാ രാജ്ഞിയും തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയും (408-450) ഉൾപ്പെടെ അവർക്ക്

അഞ്ച് മക്കളുണ്ടായി. അവൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെട്ടിരുന്നു. എവുത്രോപ്പിയുസ് എന്ന പ്രീഫെക്ട് മരിച്ചപ്പോൾ (400), എവുഡോക്സിയാ തൽസ്ഥാനം കരസ്ഥമാക്കി. "അഗുസ്താ" എന്ന പേരെടുത്തു. അവൾ ആരിയനിസത്തെ എതിർക്കുകയും സത്യവിശ്വാസത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്തു. വി. ജോൺ ക്രിസൊസ്തോമിനോട് ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞു. എവുഡോക്സിയാ അദ്ദേഹത്തെ 402-ൽ നാടുകടത്തിയെങ്കിലും ജനങ്ങളുടെ പ്രതിഷേധം നിമിത്തം ഉടനെ തിരികെവിളിച്ചു. എന്നാൽ 404-ൽ രണ്ടാമതും നാടുകടത്തി. പ്രസ്തുത വർഷം ഒക്ടോബർ 6-ന് അവൾ മരിച്ചു. ജോണിനോടു കാണിച്ച ക്രൂരതയുടെ ഫലമാണിതെന്ന് സാധാരണക്കാർ വ്യാഖ്യാനിച്ചു.

## കോൺസ്റ്റാന്റിനോപ്പിളിലെ അറ്റിക്കുസ് (406-425)

അർമേനിയായിലെ സെബസ്തെയിൽ ജനിച്ച അറ്റിക്കുസ് ചെറുപ്പത്തിൽ ഒരു സന്യാസിയായി. കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് വൈദികനും പിന്നീട് അവിടുത്തെ പാത്രിയർക്കീസുമായി. ജോണിനെ നാടുകടത്തിയതിന്റെ പേരിൽ വഷളായിരുന്ന റോമൻബന്ധം അദ്ദേഹം പുനഃസ്ഥാപിക്കുകയും ജോണിന്റെ നാമം അനുസ്മരണപ്പട്ടികയിൽ ചേർക്കാൻ അലക്സാണ്ട്രിയായിലെ സിറിലിനെ പ്രേരിപ്പിക്കുകയും ചെയ്തു. വി. അഗസ്റ്റിൻ (354-430), സെലസ്റ്റിൻ പാപ്പാ (422-432), ലെയോ പാപ്പാ (440-461), സിറിൽ (+444) എന്നിവരുമായി നല്ല ബന്ധത്തിൽ കഴിഞ്ഞു. അദ്ദേഹം നെസ്തോറിയൻ-പെലാജിയൻ വിരുദ്ധ മനോഭാവം പുലർത്തി. ദൈവശാസ്ത്ര തലത്തിലെന്നതിനേക്കാൾ രാഷ്ട്രീയതലത്തിലാണ് അദ്ദേഹം കൂടുതലായി ശോഭിച്ചത്. തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയുമായി നല്ല ബന്ധത്തിലായിരുന്നു. അദ്ദേഹത്തിന്റെ ചില കത്തുകളുടെ രേഖാശകലങ്ങൾ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു. യേശുക്രിസ്തുവിന്റെ ദൈവത്വം സംബന്ധിച്ച് എവുപ്സിക്കിയുസിനുള്ള കത്ത്, സിറിൽ, കല്ലിയോപ്സിയുസ് എന്നിവർക്കും കാർത്തേജ് സിനഡിനുമുള്ള കത്തുകളുടെ രേഖാശകലങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## നീസ്സായിലെ ഹെരാക്ലിദെസ് (5-ാം നൂ.)

നീസ്സാ മെത്രാനായിരിക്കാം ഹെരാക്ലിദെസ് എന്ന് ചിലർ കരുതുന്നു (431 -440). മെസ്സാലിയർക്കെതിരെയുള്ള കൃതിയും ഒളിംപിയാസിന്റെ ജീവചരിത്രവും എഴുതിയത് ഇയാളായിരിക്കാം. ലൗസിയാക് ചരിത്രത്തിന്റെ ഒരു പാഠഭേദം ഇയാളുടെ സംഭാവനയാണെന്ന് കരുതുന്നവരും ഉണ്ട്. എന്നാൽ ഇവ ഖണ്ഡിതമായ അഭിപ്രായങ്ങളല്ല.

## കോൺസ്റ്റാന്റിനോപ്പിളിലെ മാക്സിമിയൻ (+434)

കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായ മാക്സിമിയൻ (431-434) റോമാക്കാരനും സെലസ്റ്റിൻ പാപ്പായുടെ സഹപാഠിയുമായിരുന്നു. ജോൺ ക്രിസൊസ്തോമിന്റെ കാലത്ത് (+407) കോൺസ്റ്റാന്റിനോപ്പിൾ സഭയിൽ അംഗമാകുകയും എഫേസോസ് കൗൺസിലിനു ശേഷം (431) അവിടുത്തെ പാത്രിയർക്കീസായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അദ്ദേഹം പാവപ്പെട്ടവരോട് പ്രത്യേക പരിഗണന കാട്ടിയിരുന്നു. അതുപോലെ സത്യവിശ്വാസത്തിന്റെ വലിയ വക്താവായിരുന്നു. നെസ്തോറിയൻ പാഷണ്ഡതയെ ശക്തിയായി എതിർത്തിരുന്നു. സിറിലും പൗരസ്ത്യരും തമ്മിൽ സമാധാനം പുനഃസ്ഥാപിക്കാൻ മുൻകൈ എടുത്തവരിൽ ഒരാളായിരുന്നു അദ്ദേഹം.



## അലീപ്പിയുസ് പ്രെസ്ബിറ്റർ (5-ാം നൂ.)

കോൺസ്റ്റാന്റിനോപ്പിളിൽ വി. ശ്ലീഹന്മാരുടെ പള്ളിയിലെ ഒരു പ്രെസ്ബിറ്ററായിരുന്നു അദ്ദേഹം. എഫേസോസ് കൗൺസിലിന്റെ കാലത്ത് സിറിലിന്റെ പക്ഷപാതി ആയിരുന്നു. കൗൺസിൽ കാലഘട്ടത്തിൽ സിറിലിനയച്ച ഒരു കത്ത് ലഭിച്ചിട്ടുണ്ട്.

## കോൺസ്റ്റാന്റിനോപ്പിളിലെ പർതേനിയുസ് (5-ാം നൂ.)

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു പ്രെസ്ബിറ്ററും ആർക്കിമൺഡ്രൈറ്റുമായിരുന്നു അയാൾ. നെസ്തോറിയസിന്റെ പക്ഷത്തായിരുന്ന പർതേനിയുസ് അയാൾക്കനുകൂലമായി ഹിയെരാപ്പൊളീസിലെ (സിറിയാ) അലക്സാണ്ടറിനയച്ച ഒരുകത്ത് ലഭ്യമാണ്. പ്രസ്തുത കത്ത് നെസ്തോറിയസിനെ പുകഴ്ത്തുന്നു.

## മാർസിയാനോപ്പൊളീസിലെ ദൊറോതെവുസ് (5-ാം നൂ.)

മാർസിയാനോപ്പൊളീസിലെ (മേസിയാ) മെത്രാനായിരുന്ന അദ്ദേഹം നെസ്തോറിയൻ പക്ഷത്തായിരുന്നു. അക്കാരണത്താൽ മുടക്കപ്പെട്ട് കപ്പഡോഷ്യയിലേക്ക് നാടുകടത്തപ്പെട്ടു. തർസോസിലെ ഹെല്ലാഡിയുസ്, തിയാനായിലെ എവുതേരിയുസ്, നിക്കോമേദിയായിലെ ഹിമേരിയുസ് എന്നിവരും അക്കാരണത്താൽ മുടക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. നെസ്തോറിയൻ തർക്കം സംബന്ധിച്ച അദ്ദേഹത്തിന്റെ ചില കത്തുകൾ ലഭിച്ചിട്ടുണ്ട്.

## ബേസിൽ ആർക്കിമൺഡ്രൈറ്റ് (5-ാം നൂ.)

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ഡീക്കനും പിന്നീട് ആർക്കിമൺഡ്രൈറ്റുമായ ബേസിൽ അന്ത്യോക്യക്കാരൻ ആയിരുന്നെങ്കിലും അലക്സാണ്ട്രിയായിലെ സിറിലിനെ പിൻതാങ്ങി. ബേസിലും ഒരു തലാസ്സിയുസും കൂടിയാണ് തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയുടെ മുമ്പാകെ നെസ്തോറിയസിൽ പാഷണ്ഡത ആരോപിച്ചത്. പ്രോക്കുളുസിന്റെ കാലത്ത് (434-446) തിയഡോറിനെതിരെ ബേസിൽ ഒരു രേഖ (*ലിബെല്ലുസ്*) തയാറാക്കി. രണ്ടാമതൊരെണ്ണത്തെപ്പറ്റിയും "ദിയദോറിനും തിയഡോറിനും എതിരെയുള്ള" കൃതിയെപ്പറ്റിയും ലിബെരാത്തുസ് സൂചിപ്പിക്കുന്നു.

## സീദിലെ ആംഫിലോക്കിയുസ് (5-ാം നൂ.)

മെസ്സാലിയൻ അബദ്ധോപദേശത്തിന്റെ ബദ്ധശത്രുവായിരുന്ന ആംഫിലോക്കിയുസ്, സീദിലെ (പംഫീലിയ) മെത്രാനായിരുന്നു. എഫേസോസ് കൗൺസിലിനെ കൊണ്ട് ഈ പാഷണ്ഡതയ്ക്കെതിരെ ഒരു ഡിക്രി പുറപ്പെടുവിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. കൗൺസിലിൽ അയാൾ സിറിലിന്റെ പക്ഷത്തായിരുന്നു. തസ്കരസിനഡിൽ (449) എവുതീക്കെസിനെ പിൻതാങ്ങി. കാൽസിഡൺ കൗൺസിലിൽ (451) സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. ലെയോ ചക്രവർത്തിക്കെഴുതിയ കത്തിന്റെ ചില ഭാഗങ്ങൾ മാത്രം അവശേഷിക്കുന്നു.

## ദൽമേഷ്യസ് ആർക്കിമൺഡ്രൈറ്റ് (+440)

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു ആർക്കിമൺഡ്രൈറ്റായിരുന്ന ദൽമെഷ്യസ്, സന്യാസി ആകുന്നതിനു മുമ്പ് ഒരു സൈനികോദ്യോഗസ്ഥനായിരുന്നു. എഫേസോസിൽ സിറിലിന്റെ പക്ഷത്തായിരുന്നു. വളരെ മാതൃകാപരമായ സന്യാസജീവിതം നയിച്ചതിനാൽ പിൽക്കാലസഭ അദ്ദേഹത്തെ ആഗസ്റ്റ് മൂന്നിന് അനുസ്മരിക്കുന്നു. എഫേസോസ് കൗൺസിലിലേക്കയച്ച രണ്ട് കത്തുകളും സത്യവിശ്വാസത്തിനു വേണ്ടിയുള്ള ഒരപ്പോളജിയും അദ്ദേഹത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

## സാർദിക്കായിലെ ജൂലിയൻ (5-ാം നൂ.)

സാർദിക്കാ (ബൾഗേറിയായിലെ സോഫിയാ) മെത്രാപ്പോലീത്താ ആയിരുന്ന ജൂലിയൻ, എഫേസോസ് കൗൺസിലിൽ അന്ത്യോക്യയിലെ ജോണിന്റെ പക്ഷത്തായിരുന്നു. ഹിയെരാപ്പൊളീസിലെ സഭയ്ക്കയച്ച കത്തിൽ ജോണിനോടൊപ്പം ജൂലിയനും ഒപ്പുവച്ചു.

## സിന്നാദായിലെ സെവേരൂസ് (5-ാം നൂ.)

സിന്നാദാ (ഫ്രീജിയാ സലുത്താരിസ്) മെത്രാനായിരുന്ന സെവേരൂസ്, എഫേസോസിൽ സിറിലിന്റെ പക്ഷത്തായിരുന്നു. അദ്ദേഹം നെസ്തോറിയസിനെതിരെ സിനഡിൽ നടത്തിയ ലഘുപ്രസംഗം എത്യോപ്യൻ ഭാഷയിൽ ലഭ്യമാണ്.

## ഹെരാക്ലെയായിലെ എവുസേബിയസ് (5-ാം നൂ.)

ബിതീനിയായിലെ ഹെരാക്ലെയാ മെത്രാനായ എവുസേബിയസ്, എഫേസോസിൽ സിറിലിന്റെ പക്ഷത്തായിരുന്നു. അദ്ദേഹത്തിന്റേതായി അറിയപ്പെടുന്ന ഒരു ഹോമിലി എത്യോപ്യൻ ഭാഷയിൽ ലഭ്യമാണ്.

## എഫേസോസിലെ മെമ്നോൺ (428-440)

മെമ്നോൺ എഫേസോസ് ആർച്ചുബിഷപ്പായിരുന്ന കാലത്താണ് സിനഡ് (431) നടന്നത്. കോൺസ്റ്റാന്റിനോപ്പിളിന്റെ മേൽക്കോയ്മയ്ക്കെതിരെ



അലക്സാണ്ട്രിയയുമായി മെമ്നോൺ ധാരണയുണ്ടാക്കിയെന്നു പറയപ്പെടുന്നു. അദ്ദേഹം സിറിലിന്റെ പക്ഷത്തായിരുന്നു. സിനഡിന്റെ രണ്ടാം സെഷൻ അദ്ദേഹത്തിന്റെ അരമനയിൽ വച്ചാണ് കൂടിയത്. നെസ്തോറിയസിനെ സ്ഥാനഭ്രഷ്ടനാക്കിയശേഷം മെമ്നോൺ കോൺസ്റ്റാന്റിനോപ്പിളിലെ വൈദിക സമൂഹത്തിനയച്ച കത്ത് ലഭ്യമാണ്. ബിസന്റൈൻ സഭ ഡിസംബർ 16-ന് അദ്ദേഹത്തെ അനുസ്മരിക്കുന്നു.

## ഡോറിലേവുമിലെ എവുസേബിയസ് (5-ാം നൂ.)

നെസ്തോറിയസിനെതിരെ 430-ൽ ആദ്യമായി ആരോപണമുന്നയിച്ചത് അൽമായനായിരുന്ന എവുസേബിയസാണ്. കോൺസ്റ്റാന്റിനോപ്പിളിലെ ഒരഭിഭാഷകനായിരുന്ന അയാൾ പിന്നീട് ഡോറിലേവുമിലെ (ഫ്രീജിയാ) മെത്രാനായി. എവുതീക്കെസിനെതിരെയും (378-454) ആരോപണമുന്നയിച്ചത് ഇയാൾ തന്നെയാണ്. എഫേസോസിലെ തസ്കരസംഘം (449) ഇയാളെ സ്ഥാനഭ്രഷ്ടനാക്കി ജയിലിൽ അടച്ചെങ്കിലും, അവിടെനിന്ന് രക്ഷപെട്ട് റോമിലെത്തി. കാൽസിഡൺ കൗൺസിൽ അയാളെ പുനഃപ്രതിഷ്ഠിച്ചു.

## അൻസീറായിലെ തെയഡോട്ടസ് (+446)

ഗലാത്യയിലെ അൻസീറാ മെത്രാനായിരുന്ന തെയഡോട്ടസ്, ആദ്യം നെസ്തോറിയസിനെ പിൻതാങ്ങി. പിന്നീട് സിറിലിന്റെ പക്ഷംചേർന്നു. അന്ത്യോക്യയിലെ ജോണിന്റെ (+441/2) നേതൃത്വത്തിൽ കൂടിയ സിനഡിനെപ്പറ്റി തിയഡോഷ്യസ് രണ്ടാമൻ ചക്രവർത്തിയെ അറിയിച്ച ഡെലഗേഷനിൽ തെയഡോട്ടസും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഏഴ് ഹോമിലികൾ അറിയപ്പെടുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ ദൈവമാതൃത്വവും നിത്യകന്യത്വവും അവയിൽ അദ്ദേഹം പ്രഘോഷിക്കുന്നു. അതുപോലെ നെസ്തോറിയസിനെതിരെ മൂന്നു കൃതികളും നിഖ്യാ വിശ്വാസപ്രമാണത്തിന്റെ വ്യാഖ്യാനവും വിതാലിസ് എന്ന സന്യാസിക്ക് ഒരു കത്തും രചിച്ചു.

## ത്രാജാനാപ്പൊളീസിലെ പീറ്റർ (5-ാം നൂ.)

ത്രേസിലെ ത്രാജാനാപ്പൊളീസിലെ മെത്രാനായിരുന്ന പീറ്റർ, എഫേസോസ് കൗൺസിലിൽ അന്ത്യോക്യയിലെ ജോണിന്റെ പക്ഷത്തായിരുന്നു. അക്കാരണത്താൽ സിറിലിന്റെ സിനഡ് പീറ്ററിനെയും മുടക്കി. അപ്പോൾ തന്റെ സത്യവിശ്വാസം വ്യക്തമാക്കിക്കൊണ്ടും നെസ്തോറിയൻ വീക്ഷണങ്ങൾ തിരസ്കരിച്ചുകൊണ്ടും അദ്ദേഹം ഒരു ലേഖനം (*ലിബെല്ലുസ്*) എഴുതി.

## കേസറിയായിലെ ഫിർമുസ് (+439)

കപ്പഡോഷ്യയിലെ കേസറിയാ മെത്രാനായിരുന്നു ഫിർമുസ്. സിറിലിന്റെ പക്ഷക്കാരനായിരുന്നതിനാൽ, അന്ത്യോക്യയിലെ ജോൺ എഫേസോസ് കൗൺസിലിനുമുമ്പ് അദ്ദേഹത്തിന് ഒരു കത്തെഴുതി. എന്നാൽ ഫിർമുസ്

സിറിലിന്റെ പക്ഷത്ത് ഉറച്ചു നിൽക്കുകയും നെസ്തോറിയസിനെ തരംതാഴ്ത്താൻ സജീവമായി പ്രവർത്തിക്കുകയും ചെയ്തു. അയാളുടെ 45 കത്തുകൾ ലഭ്യമാണ്. 1709-ൽ എൽ.ഏ. മൂറത്തോറി എന്ന പണ്ഡിതൻ മിലാനിലെ അംബ്രോസിയൻ ലൈബ്രറിയിൽ നിന്ന് ഇവയുടെ പത്താം നൂറ്റാണ്ടിലെ ഒരു കയ്യെഴുത്തുപ്രതി കണ്ടെടുത്ത് പ്രസിദ്ധീകരിച്ചു. കേസറിയാ പട്ടണത്തിലും രൂപതയിലുമുള്ള അയാളുടെ പ്രവർത്തനങ്ങളെപ്പറ്റി അറിയാൻ അവ സഹായകമാണ്. അവയ്ക്ക് ദൈവശാസ്ത്രപ്രാധാന്യം കുറവാണ്. എഫേസോസിൽ അയാൾ ചെയ്ത ഒരു ലഘുപ്രഭാഷണം എത്യോപ്യൻ ഭാഷയിൽ ലഭ്യമാണ്.

## അന്ത്യോക്യയിലെ എറെക്തിയൂസ് (5-ാം നൂ.)

പിസീദിയായിലെ അന്ത്യോക്യയിൽ 440-നോടടുത്ത് അയാൾ മെത്രാനായിരുന്നു. അയാളുടെ രണ്ടു പ്രസംഗങ്ങൾ കൈവന്നിട്ടുണ്ട്. ഒന്ന് പ്രോക്ലൂസിന്റെ മുമ്പാകെ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് ദനഹായ്ക്കും മറ്റത് ക്രിസ്മസിനും നടത്തിയ പ്രസംഗങ്ങളാണ്.

## പനോപ്പൊളീസിലെ സൈറസ് (+457)

പനോപ്പൊളീസിലെ സൈറസ് പൗരസ്ത്യറോമാസാമ്രാജ്യത്തിലെ ഒരുന്നതോദ്യോഗസ്ഥനും ഗ്രന്ഥകാരനുമായിരുന്നു. അദ്ദേഹം കോൺസ്റ്റാന്റിനോപ്പിൾ പട്ടണത്തിന്റെ പ്രീഫെക്ടായി 435-ൽ നിയമിക്കപ്പെട്ടു. പിന്നീട് പൗരസ്ത്യപ്രവിശ്യയുടെ പ്രീഫെക്ടും 444-ൽ കോൺസുളുമായി. ലത്തീൻ, ഗ്രീക്ക് എന്നീ രണ്ടു ഭാഷകളിലുമായി രേഖകൾ പ്രസിദ്ധീകരിച്ച ആദ്യപ്രീഫെക്ടാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ഹിതത്തിനെതിരായി ഫ്രീജിയാ സളുത്താരിസിലെ കൊട്ടിയേവും പട്ടണത്തിലെ മെത്രാനായി നിയമിതനായെങ്കിലും ചില ആരോപണങ്ങളുടെ പേരിൽ രാജിവച്ച് രഹസ്യജീവിതം നയിച്ചു. ദാനിയേൽ എന്ന സ്തംഭതാപസ്സനെപ്പറ്റി ഒരു "എപ്പിഗ്രാമും" ജനനപ്പെരുനാളിനെപ്പറ്റി ഒരു ഹോമിലിയും ലഭിച്ചിട്ടുണ്ട്.

## എവുതീക്കെസ് (378-454)

സന്യാസിയായ എവുതീക്കെസ് പ്രെസ്ബിറ്ററും 410-ൽ കോൺസ്റ്റാന്റിനോപ്പിളിൽ ആർക്കിമൺഡ്രൈറ്റും ആയി. അയാൾ സിറിലിന്റെ പക്ഷക്കാരനും ദിയസ്കോറോസിന്റെ (+454) സ്നേഹിതനുമായിരുന്നു. സഭാതലത്തിലും രാഷ്ട്രീയതലത്തിലും അയാൾക്ക് നല്ല സ്വാധീനമുണ്ടായിരുന്നു. മനുഷ്യാവതാരത്തിനുശേഷം ക്രിസ്തുവിന് ഏകസ്വഭാവമാണെന്ന് അയാൾ വാദിച്ചു. വലിയ പാണ്ഡിത്യമില്ലാത്തവനും വിവേകരഹിതനുമായ വ്യക്തിയെന്ന് പല സ്രോതസ്സുകളും അയാളെപ്പറ്റി പറയുന്നു. ഡോറിലേവുമിലെ എവുസേബിയസ്, കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസിന്റെ



മുമ്പാകെ എവുതീക്കെസിനെതിരെ ആരോപണമുന്നയിച്ചു. കോൺസ്റ്റാന്റിനോപ്പിളിൽ 448 നവംബർ 22-ന് കൂടിയ സ്ഥിരസിനഡ് അയാളെ കുറ്റക്കാരനായി വിധിച്ചെങ്കിലും തസ്കരസിനഡ് (449) കുറ്റവിമുക്തനാക്കി. കാൽസിഡൺ സിനഡ് അയാളെ മുടക്കി നാടുകടത്തി. ഏകസ്വഭാവവാദം എന്ന പാഷണ്ഡതയുടെ ഉത്ഭവം എവുതീക്കെസിലാണ് പലരും കാണുന്നത്.

## കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ (446-449)

പ്രോക്ലൂസിന്റെ പിൻഗാമിയായി കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർക്കീസായത് ഫ്ളാവിയനാണ്. എവുതീക്കെസിനെതിരെ 448 നവംബറിൽ അദ്ദേഹം സിനഡു കൂടി നടപടിയെടുത്തു. യേശുക്രിസ്തുവിന് രണ്ടുസ്വഭാവങ്ങളും ഏക പ്രോസൊപ്പോണും/ഹ്യൂപ്പോസ്തസിസും ഉണ്ടെന്ന് സിനഡ് പ്രഖ്യാപിച്ചു. എന്നാൽ തസ്കരസിനഡ് എവുതീക്കെസിന് അനുകൂലമായ നിലപാടെടുത്തു. ഈ പശ്ചാത്തലത്തിൽ ലെയോ മാർപാപ്പാ (440-461) ഫ്ളാവിയന് ഒരു താത്വിക കത്തയച്ചു. (അതിന്റെ മലയാള പരിഭാഷയ്ക്ക്: ജി.ചേടിയത്ത്, *ലത്തീൻ സഭാപിതാക്കന്മാർ*, കോട്ടയം, 1992, പേ.134-147). തസ്കരസിനഡിന് നേതൃത്വം കൊടുത്ത ദിയസ്കോറോസ്, ഫ്ളാവിയനിൽ കുറ്റമാരോപിച്ച് വിധിക്കുകയും സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തുകയും ചെയ്തു. യാത്രയ്ക്കിടയിൽ (449/450) അദ്ദേഹം മരിച്ചു. കാൽസിഡൺ സിനഡ് ഫ്ളാവിയനെ കുറ്റവിമുക്തനാക്കി. അദ്ദേഹത്തിന്റെ വിശ്വാസപ്രഖ്യാപനം സത്യവിശ്വാസമായി അംഗീകരിച്ചു. മാർസ്യൻ ചക്രവർത്തി (450-7) അദ്ദേഹത്തിന്റെ ശരീരം കോൺസ്റ്റാന്റിനോപ്പിളിൽ വിശുദ്ധശ്ലീഹന്മാരുടെ പള്ളിയിൽ കൊണ്ടുവന്ന് സംസ്കരിച്ചു. തസ്ക്കരസിനഡിലെ രക്തസാക്ഷിയായി ലെയോ ചക്രവർത്തി (457-474) അദ്ദേഹത്തെ പ്രകീർത്തിച്ചു.

## കോൺസ്റ്റാന്റിനോപ്പിളിലെ അനാറ്റോളിയൂസ് (+458)

അലക്സാണ്ട്രിയായിലെ സിറിൽ തന്റെ പ്രതിപുരുഷനായി കോൺസ്റ്റാന്റിനോപ്പിളിലേക്കയച്ച ഡീക്കനായിരുന്നു അനാറ്റോളിയൂസ്. ഫ്ളാവിയൻ മരിച്ചപ്പോൾ (449) അയാൾ അവിടെ പാത്രിയർക്കീസായി. അയാൾ സത്യവിശ്വാസത്തിനുവേണ്ടി നിലകൊള്ളുകയും ലെയോ മാർപാപ്പായുടെ ലേഖനം അംഗീകരിക്കുകയും കാൽസിഡൺ കൗൺസിലിൽ ദിയസ്കോറോസിന് എതിരായ നിലപാട് അംഗീകരിക്കുകയും ചെയ്തു. കാൽസിഡൺ കൗൺസിലിന്റെ 28-ാം കാനൻ അംഗീകരിപ്പിക്കാൻ അദ്ദേഹം വളരെ താൽപര്യം കാട്ടി. റോം കഴിഞ്ഞാൽ സഭാതലത്തിൽ അടുത്ത ബഹുമാനസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ സിംഹാസനത്തിനായിരിക്കണം എന്നതായിരുന്നു കാനന്റെ ചുരുക്കം. അനാറ്റോളിയൂസ് നിരവധി കത്തുകൾ എഴുതിയിട്ടുണ്ട്. എന്നാൽ അവയിൽ ചിലതിന്റെ രേഖാശകലങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ.

## തബിയായിലെ ജൂലിയൻ (5-ാം നൂ.)

ഗലാത്യാ പ്രീമായിലെ തബിയാ മെത്രാനായിരുന്നു ജൂലിയൻ. തസ്കര സിനഡിൽ അയാൾ എവുതീക്കെസിന്റെ പക്ഷത്തായിരുന്നു. ഫ്ളാവിയനെ മുടക്കുന്നതിൽ മുഖ്യപങ്കു വഹിച്ചു. പിന്നീട് കാൽസിഡൺ കൗൺസിലിൽ സംബന്ധിച്ചു. ജൂലിയന്റെ പല ഹോമിലികളും ജോർജിയൻ, പുരാതന റഷ്യൻ ഭാഷകളിൽ കാണാം. അവയിലൊന്നാണ് "ക്രിസ്തുവിന്റെ സ്നാനത്തെ" പറ്റിയുള്ള ഹോമിലി.

## മീറായിലെ പീറ്റർ (5-ാം നൂ.)

മീറായിലെ (പംഫീലിയാ-ലീസിയാ) മെത്രാനായിരുന്നു പീറ്ററർ. "അപ്പൊള്ളിനാരിസിനെതിരെ" എന്ന അപൂർണകൃതിയും ലെയോ ചക്രവർത്തിക്കുള്ള കത്തും ലഭിച്ചിട്ടുണ്ട്. കാൽസിഡൺ കൗൺസിലിനുശേഷം ഈജിപ്തിൽ ഉടലെടുത്ത അസ്വസ്തത പറഞ്ഞൊതുക്കാൻ ലെയോ ചക്രവർത്തി ഇയാളെയാണ് അയച്ചത്.

## കല്ലിനിക്കസ് (5-ാം നൂ.)

സിറിയാക്കാരനായിരുന്ന കല്ലിനിക്കസ് കാൽസിഡണടുത്തുള്ള ഓക് എന്ന സ്ഥലത്തെ റുഫീനിയാനി ആശ്രമത്തിലെ അംഗമായിരുന്നു. ഹിപ്പാസ്യൂസ് എന്ന ആശ്രമാധ്യക്ഷനു ശേഷം (+446) കല്ലിനിക്കസ് അധ്യക്ഷനായി. അയാൾ ഈജിപ്തിലെ അന്തോണിയോസിന്റെ ജീവചരിത്രത്തിന്റെ മാതൃകയിൽ ഹിപ്പാസ്യൂസിന്റെ ജീവചരിത്രമെഴുതി.

## കോൺസ്റ്റാന്റിനോപ്പിളിലെ അകാചിയസ് (472-488)

ജന്നാഡിയുസിന്റെ പിൻഗാമിയായി കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയർക്കീസായി. കാൽസിഡൺ അംഗീകരിക്കുന്നവരെയും തിരസ്കരിക്കുന്നവരെയും യോജിപ്പിക്കാൻ 482-ൽ സേനോ ചക്രവർത്തിയും അകാചിയുസും കൂടി *ഹെനോട്ടിക്കോൻ* എന്ന രേഖ പ്രസിദ്ധീകരിച്ചു. അലക്സാണ്ട്രിയായിലെ പീറ്റർ മോംഗുസ്, അന്ത്യോക്യയിലെ പീറ്റർ ഫുള്ളർ എന്നീ പാത്രിയർക്കീസുമാർ ഈ രേഖ അംഗീകരിച്ചു. കാൽസിഡൺ വിശ്വാസനിർവചനത്തെ പരോക്ഷമായി തള്ളിപ്പറയുന്ന ഒരു രേഖയായിരുന്നിത്. ആദ്യസിനഡുകളിലെ വിശ്വാസപ്രമാണം മാത്രം സ്വീകരിച്ചാൽ മതി എന്ന നിലപാടാണ് അതിനുണ്ടായിരുന്നത്. കാൽസിഡൺ വിരുദ്ധരെ തൃപ്തിപ്പെടുത്താൻ അതിനു കഴിയുമെന്ന് സേനോ ചക്രവർത്തി കരുതി. അത് ഏകസ്വഭാവചായ്‌വുള്ള രേഖ ആയിരുന്നതിനാൽ, ഫേലിക്സ് മൂന്നാമൻ പാപ്പാ അകാചിയസിനെയും പീറ്റർ മോംഗുസിനെയും 484-ൽ മുടക്കി. ഇതാണ് "അകാചിയൻ ശീശ്മ" എന്നറിയപ്പെടുന്നത്. ജസ്റ്റിൻ ചക്രവർത്തി അധികാരത്തിൽ വന്നശേഷം (518) മാത്രമാണ് ഈ ശീശ്മ അവസാനിച്ചത്. ജസ്റ്റിൻ ഹെനോട്ടിക്കോൻ പിൻവലിക്കുകയും കാൽസിഡൺ കൗൺസിലിനെ പിന്തുണയ്ക്കുകയും ചെയ്തു. തുടർന്ന് അനുസ്മരണപ്പട്ടികയിൽ നിന്ന് അകാചിയസിന്റെ പേര് നീക്കം ചെയ്യാൻ ഹൊർമിസ്ദാസ് പാപ്പാ ജസ്റ്റിനെ പ്രേരിപ്പിച്ചു. സിംപ്ലിച്ചിയുസ് പാപ്പായ്ക്ക്, പീറ്റർ മോംഗുസിന്, പീറ്റർ ഫുള്ളറിന് എന്നിങ്ങനെ അകാചിയസിന്റെ മൂന്ന് കത്തുകൾ ലഭിച്ചിട്ടുണ്ട്.



## സേനോ ചക്രവർത്തി (474.476-491)

*ഹെനോട്ടിക്കോൻ* എന്ന രേഖയ്ക്ക് രൂപം നൽകി നടപ്പാക്കാൻ സേനോയും അകാചിയസ് പാത്രിയർക്കീസും ശ്രമിച്ചു. സാമ്രാജ്യത്തിന്റെ രാഷ്ട്രീയൈക്യത്തിന് മതപരമായ ഐകരൂപ്യം അവശ്യാവശ്യമാണെന്ന് ബിസന്റൈൻ ചക്രവർത്തിമാർ കരുതിയിരുന്നു. അതുകൊണ്ട് വിവിധ ചിന്താഗതിക്കാരെ തൃപ്തിപ്പെടുത്തി ഒന്നിച്ചു കൊണ്ടുപോകാനുള്ള വഴികൾ ചക്രവർത്തിമാർ തേടി. അത്തരമൊരു രേഖയായിരുന്നു ഹെനോട്ടിക്കോൻ. കാൽസിഡൺ അനുകൂലികളെ തൃപ്തിപ്പെടുത്താൻ ഈ രേഖ പര്യാപ്തമായില്ല. കാൽസിഡണെ പരോക്ഷമായി തള്ളിപ്പറയുന്നതായിരുന്നു ഇത്. ഇതിന്റെ പേരിൽ റോമിലെ മാർപാപ്പാമാർ ഇതിനു രൂപം നൽകിയ പാത്രിയർക്കീസുമായുള്ള കൂട്ടായ്മ വിച്ഛേദിച്ചു. ഇത് *അകാചിയൻ ശീശ്മ* എന്നറിയപ്പെടുന്നു. അകാചിയസ് പാത്രിയർക്കീസായിരുന്നു ഇതിന്റെ സൂത്രധാരകൻ. ഏതാണ്ട് 35 വർഷത്തോളം അകാചിയൻ ശീശ്മ നിലനിന്നു. കാൽസിഡൺ വിരുദ്ധ ചിന്താഗതിക്കാർ ഇതിനെ സ്വാഗതംചെയ്തു.

## ബസിലിസ്കസ് ചക്രവർത്തി (475/6)

സേനോ ചക്രവർത്തി ഭരിച്ചുകൊണ്ടിരുന്നപ്പോൾ (475/6) ബസിലിസ്കസ് എന്ന പട്ടാളക്കാരൻ ഭരണം പിടിച്ചെടുത്തു. അയാൾ കാൽസിഡൺ വിരുദ്ധ മെത്രാന്മാരെയെല്ലാം തിരികെ വിളിച്ചു. *എൻസിക്ലിയോൻ* എന്ന ഒരു രേഖ പുറപ്പെടുവിച്ചു. ഈ രേഖ കാൽസിഡൺ കൗൺസിലിന്റെ തീരുമാനങ്ങളെയും ലെയോ മാർപാപ്പായുടെ ലേഖനത്തെയും നിശ്ശിതമായി വിമർശിക്കുന്നതായിരുന്നു. ഏകസ്വഭാവവാദികളെ തൃപ്തിപ്പെടുത്താൻ രൂപീകരിച്ച ഈ രേഖയ്ക്ക് വളരെ ഭാഗികവും താൽക്കാലികവുമായ ഫലമേ ഉണ്ടായുള്ളു. തുടർന്ന് (476) സേനോ അധികാരം തിരിച്ചുപിടിച്ചപ്പോൾ, എൻസിക്ലിയോൻ തള്ളിക്കളഞ്ഞു. ബസിലിസ്കസ് തന്റെ പതനത്തിന് തൊട്ടുമുമ്പ് എൻസിക്ലിയോൻ പിൻവലിച്ച് *ഔതെൻസിക്ലിയോൻ* എന്ന രേഖ പുറപ്പെടുവിച്ചെങ്കിലും അയാൾക്ക് പിടിച്ചുനിൽക്കാനായില്ല.

## സിസിക്കുസിലെ ജലാസിയുസ് (5-ാം നൂ.)

സഭാചരിത്രകാരനായ ജലാസിയുസിനെ നാമറിയുന്നത് ഫോസിയസ് വഴിയാണ്. സിസിക്കുസിലെ ഒരു പ്രെസ്ബിറ്ററിന്റെ മകനായി ജനിച്ചു. സേനോയ്ക്കെതിരെ ബസിലിസ്കസ് കലാപം ഉയർത്തിയ കാലത്താണ് ജലാസി

യുസ് തന്റെ സഭാചരിത്രം ബിഥീനിയായിൽ വച്ചെഴുതിയത്. എവുസേബിയസ്, സൊക്രാട്ടസ്, തിയഡൊറെറ്റ്, റുഫീനസ് എന്നിവരെ പലയിടത്തും പദാനുപദം ഉദ്ധരിക്കുന്നു. അതിനും പുറമേ കേസറിയായിലെ ജലാസിയുസ്, ഒരു ജോൺ എന്നിവരുടെ ചരിത്രഗ്രന്ഥങ്ങളും ഉപയോഗിച്ചു. കോൺസ്റ്റൻടൈന്റെ മരണം വരെയുള്ള സംഭവങ്ങളേ അദ്ദേഹം എഴുതിയുള്ളു. നിഖ്യായിൽ സംബന്ധിച്ച പിതാക്കന്മാരുടെ പട്ടികയും അദ്ദേഹം നൽകുന്നു.

### കോൺസ്റ്റാന്റിനോപ്പിളിലെ ഫ്രവീത (488-9)

അകാചിയസിന്റെ പിൻഗാമിയായി കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയർക്കീസായ ഫ്രവീത, ഐക്യപുനഃസ്ഥാപനാർഥം ഫേലിക്സ് മൂന്നാമൻ പാപ്പായ്ക്കും പീറ്റർ മോംഗുസിനും കത്തുകളച്ചു. എന്നാൽ "അകാചിയൻ ശീശ്മ" അവസാനിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഫ്രവീത്തയുടെ പെട്ടെന്നുള്ള മരണം തുടർനടപടികൾ തടസ്സപ്പെടാനിടയായി. പീറ്ററിനുള്ള കത്ത് ലഭിച്ചിട്ടുണ്ട്.

### തിയഡോർ വായനക്കാരൻ (5-ാം നൂ.)

അനസ്താസ്യൂസ് ഒന്നാമൻ ചക്രവർത്തിയുടെ കാലത്ത് (491-518) കോൺസ്റ്റാന്റിനോപ്പിളിൽ വലിയ പള്ളിയിലെ വായനക്കാരൻ ആയിരുന്നു തിയഡോർ. അദ്ദേഹം "ഹിസ്തോറിയാ ത്രിപാർതിതാ", "ഹിസ്തോറിയാ എക്ലേസിയാസ്തിക്കാ" എന്നിങ്ങനെ രണ്ട് ചരിത്രഗ്രന്ഥങ്ങൾ രചിച്ചു. എന്നാൽ അവയുടെ ചില ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. സൊക്രാട്ടസ്, സൊസൊമൻ, തിയഡൊറെറ്റ് എന്നിവരുടെ ചരിത്രഗ്രന്ഥങ്ങളുടെ സംഗ്രഹം നാല് പുസ്തകങ്ങളിലായി എഴുതിയതാണ് ആദ്യഗ്രന്ഥം. 305-439 കാലഘട്ടത്തിലെ ചരിത്രമാണ് ഇതിലുള്ളത്. ഈ കൃതിക്ക് മാതൃകയായി അയാൾ സ്വീകരിച്ചത് കസ്സിയദോറിന്റെ "ഹിസ്തോറിയാ ത്രിപാർതിതാ" ആണ്. കോൺസ്റ്റാന്റിനോപ്പിളുമായി ബന്ധപ്പെട്ട കാര്യങ്ങളിലാണ് അയാൾ കൂടുതൽ ശ്രദ്ധിച്ചത്. അയാൾ കാൽസിഡൺ പക്ഷപാതി ആയിരുന്നു.

## 4. ആറാം നൂറ്റാണ്ടിലെ ഗ്രീക്ക് സഭാനേതാക്കന്മാർ

### തിയാനായിലെ സൈറസ് (6-ാം നൂ.)

കപ്പഡോഷ്യാ സെക്കുൻദായിലെ തിയാനാ മെത്രാനായിരുന്നു സൈറസ്. "ദോക്ത്രീനാ പാത്രും" എന്ന *ഗ്രീക്ക് ഫ്ളോറിലേജിയും* (7-ാം നൂ.) സൈറസിന്റേതായി ഒരു ലേഖനത്തിന്റെ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ ജൂലിയനും സെവേരൂസിനും എഴുതിയ കത്തുകളിൽ സൈറസ് കാൽസിഡൺ വിരുദ്ധമനോഭാവം പ്രദർശിപ്പിക്കുന്നു.



പിൽക്കാലത്ത് അദ്ദേഹം തന്റെ മനോഭാവത്തിൽ മാറ്റം വരുത്തി എന്നു തോന്നുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ II പാത്രിയർക്കീസിന് 518-ൽ അയച്ചുകൊടുത്ത അനാഥറയിൽ ഒപ്പിട്ടിരിക്കുന്ന തിയാനായിലെ സിറിയാക്കുസ് ഇയാൾ തന്നെ എന്നു കരുതുന്നവരുണ്ട്.

### ഹർപാസോസിലെ ഐറേനിയസ് (6-ാം നൂ.)

ഇയാളുടെ ഒരു കാൽസിഡൺ വിരുദ്ധരേഖ "ഡോക്ത്രീനാ പാത്രും" പരാമർശിക്കുന്നു. തിയാനായിലെ സൈറസിന്റെ ലേഖനഭാഗം ഉദ്ധരിക്കുന്നതിനു മുമ്പാണിത്. ഒരേ കാലഘട്ടത്തിലാകാം (508-511) രണ്ടും എഴുതപ്പെട്ടത്.

### കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ II (518-520)

ജോൺ ഒരു പ്രെസ്ബിറ്ററും തിമോതി പാത്രിയർക്കീസിന്റെ ഉപദേഷ്ടാവും (*സിൻചെല്ലുസ്*) ആയിരുന്നു. തിമോതി മരിച്ചപ്പോൾ (518) ജോൺ പാത്രിയർക്കീസായി. അനസ്താസ്യൂസ് ചക്രവർത്തിയുടെ നിർബന്ധത്താൽ *ഹെനോട്ടിക്കോൻ* അംഗീകരിച്ചു. ജസ്റ്റിൻ ഭരണമേറ്റപ്പോൾ (518) കാൽസിഡൺ അംഗീകരിക്കുകയും അനുസ്മരണപ്പട്ടികയിൽ ലെയോ (+461), ഹൊർമിസ്ദാസ് (514-523) എന്നിവരുടെ പേരുകൾ ചേർക്കുകയും ചെയ്തു. അദ്ദേഹം 518 ജൂലൈ 20-ന് ഒരു സിനഡ് കൂടി "അകാചിയൻ ശീശ്മ" അവസാനിപ്പിച്ചു. പാപ്പാ അയച്ചുകൊടുത്ത വിശ്വാസപ്രഖ്യാപനം അംഗീകരിച്ചു. മേൽപ്പറഞ്ഞ സിനഡിൽ വച്ചാണ് ആദ്യമായി *എക്യുമെനിക്കൽ പാത്രിയർക്കീസ്* എന്ന സംജ്ഞ കോൺസ്റ്റാന്റിനോപ്പിൾ മെത്രാൻ ഉപയോഗിക്കുന്നത്. ജോണിന്റെ പല കത്തുകളും ലഭ്യമാണ്.

### എപ്പിഫാനിയസ് പാത്രിയർക്കീസ് (520-535)

അദ്ദേഹം കാൽസിഡൺ അനുകൂലി ആയിരുന്നു. "ത്രിത്വത്തിലൊരാൾ പീഡയനുഭവിച്ചു" എന്ന ഫോർമുല ആരംഭം മുതൽ അംഗീകരിച്ചു. റോമിലേക്ക് ഒരു കൂട്ടായ്മക്കത്തും കാൽസിഡൺ കൗൺസിലിനോടുള്ള യോജിപ്പ് അറിയിച്ചു കൊണ്ടുള്ള കത്തും 520-ൽ അയച്ചു. അതുപോലെ നിരവധി കത്തുകളയച്ചു. ജോൺ ഒന്നാമൻ പാപ്പാ (523-6) കോൺസ്റ്റാന്റിനോപ്പിളിൽ താമസിച്ച കാലത്ത്, ക്രിസ്മസിനും ഉയർപ്പിനും കുർബാനയ്ക്ക് നേതൃത്വം നൽകാൻ പാപ്പായെ എപ്പിഫാനിയസ് ക്ഷണിച്ചു. അതേസമയം പാപ്പായുടെ ഭരണത്തിൻ കീഴിലിരുന്ന തെസ്സലോനിക്കൻ പ്രദേശങ്ങൾ തന്റെ കീഴിൽ കൊണ്ടുവരാൻ (531) ശ്രമിച്ചു. ബോനിഫസ് രണ്ടാമൻ പാപ്പായുടെ (530-2) നേതൃത്വത്തിൽ കൂടിയ സിനഡ് ഇല്ലീറിക്കും പ്രദേശത്തിന്മേൽ റോമിനുള്ള അവകാശവാദം ആവർത്തിച്ചുറപ്പിച്ചു. താത്വിക കാര്യങ്ങളിൽ എപ്പിഫാനിയസ് ജസ്റ്റീനിയനോട് ചേർന്ന് സത്യവിശ്വാസത്തിനുവേണ്ടി നിലകൊണ്ടു. അയാൾ പൊതുവേ റോമിനോട് നല്ല ബന്ധം പുലർത്തി.

## ഹലികർണാസുസിലെ ജൂലിയൻ (6-ാം നൂ.)

കാറിയാ പ്രോവിൻസിൽ ഹലികർണാസുസിലെ മെത്രാനായിരുന്നു ജൂലിയൻ. ഏകസ്വഭാവവാദികളുടെ ഇടയിൽ ഉടലെടുത്ത *അഫ്താർതോ ഡോസെറ്റിസം* എന്ന അബദ്ധോപദേശത്തിന്റെ വക്താവായിരുന്നു അയാൾ. ജസ്റ്റിൻ ചക്രവർത്തി അധികാരമേറ്റപ്പോൾ (518) ജൂലിയനും സെവേരൂസും ഈജിപ്തിലേക്ക് ഒളിച്ചോടിപ്പോയി. അവിടെ വച്ചാണ് ജൂലിയൻ തന്റെ അബദ്ധോപദേശം ഗ്രന്ഥരൂപത്തിലാക്കി പ്രചരിപ്പിച്ചത്. ഉത്ഥാനത്തിനു മുമ്പും പിമ്പും ക്രിസ്തുവിന്റെ ശരീരം അഴിവിന് അതീതമാണ് (*അഫ്താർതോൺ*). *അഫ്താർസിയായ്ക്ക്* അനുകൂലമായി സഭാപിതാക്കന്മാരുടെ കുറേ ടെക്സ്റ്റുകൾ ഉദ്ധരിച്ചുകൊണ്ട് ജൂലിയൻ തന്റെ ഗ്രന്ഥം സെവേരൂസിന് അയച്ചുകൊടുത്തു. എന്നാൽ ജൂലിയന്റെ ആശയത്തോട് സെവേരൂസ് യോജിച്ചില്ല. തുടർന്ന് അവരിരുവരും ഏർപ്പെട്ട താത്വികചർച്ച ജൂലിയന്റെ മരണത്തോടുകൂടി മാത്രമേ (527) അവസാനിച്ചുള്ളു:"പാപത്തിനു മുമ്പുള്ള ആദത്തിന്റെ അവസ്ഥയായിരുന്നു ക്രിസ്തുവിന്. അതുകൊണ്ട് അവിടുത്തെ ശരീരം വ്യതിയാനാതീതവും സഹനാതീതവും അമർത്യവുമായിരിക്കണം" എന്ന് ജൂലിയൻ പഠിപ്പിച്ചു. ക്രിസ്തുവിന്റെ ഉത്ഥാനം ചെയ്ത ശരീരത്തിനു മാത്രമേ ഈ സവിശേഷതകൾ ഉള്ളെന്ന് സെവേരൂസ് പഠിപ്പിച്ചു. എന്നാൽ ഈ സവിശേഷതകൾ ആദത്തിന്റെ ശരീരത്തിന് ഉണ്ടെന്ന് സെവേരൂസ് അംഗീകരിച്ചില്ല. ക്രിസ്തുവിന്റെ പീഡാസഹനം ജൂലിയനിസ്റ്റ്യർ നിഷേധിക്കുന്നതായി സെവേര്യർ കുറ്റപ്പെടുത്തി. അതിനവർ ഉപയോഗിച്ച പദമാണ് "അഫ്താർതോ ഡോസെറ്റിസം". ഈജിപ്തിൽ തിമോതി പാത്രിയർക്കീസ് മരിച്ചപ്പോൾ 535-ൽ തങ്ങളുടെ ഒരു സ്ഥാനാർഥിയായ ഗയ്യാനുസിനെ പിൻഗാമി ആക്കുന്നതിൽ ജൂലിയനിസ്റ്റ്യർ വിജയിച്ചു. അയാളിൽ നിന്ന് *ഗയ്യാനിസം* എന്നും ഇതറിപ്പെടുന്നു. ഏഴും എട്ടും നൂറ്റാണ്ടുകളിലും ജൂലിയനിസ്റ്റ്യർ പൗരസ്ത്യ ദേശങ്ങളിൽ ഉണ്ടായിരുന്നു. കാലക്രമത്തിൽ ഇക്കൂട്ടർ മറ്റ് ഏകസ്വഭാവ വിഭാഗങ്ങളിൽ ലയിച്ചു. സെവേരൂസുമായുള്ള കത്തിടപാടുകളാണ് ജൂലിയനിൽ നിന്ന് ലഭിച്ച രേഖകൾ. മറ്റുള്ളവയുടെ ചില ഭാഗങ്ങളും തലക്കെട്ടുകളുമേ ലഭിച്ചിട്ടുള്ളു.

## അഗാപീറ്റസ് ഡീക്കൻ (6-ാം നൂ.)

കോൺസ്റ്റാന്റിനോപ്പിളിൽ ഹാഗിയാ സോഫിയാ ദൈവാലത്തിലെ ഡീക്കനായിരുന്നു അഗാപീറ്റസ്. ജസ്റ്റീനിയന്റെ സ്ഥാനാരോഹണാവസരം (527) "ക്രിസ്തീയ രാജാവിന്റെ കടമകളുടെ അവതരണം" എന്ന പേരിൽ 72 ചെറിയ വാചകങ്ങൾ ഉൾക്കൊള്ളുന്ന ഒരുപദേശസമാഹാരം അദ്ദേഹത്തിനു സമർപ്പിച്ചു. "പ്രാർഥനയാൽ പ്രകാശിതമായ ബുദ്ധി" എന്നയാശയം ഒന്നിൽ കൂടുതൽ പ്രാവശ്യം കാണാം. "ചക്രവർത്തി ദൈവദാസനാണ്" (68), "തന്റെ സൃഷ്ടികളിൽ ദൈവത്തെ തിരിച്ചറിയാനുള്ള കടമ അദ്ദേഹത്തിനുണ്ട്" (61), "അവൻ ദൈവത്തെപ്പോലെ ക്ഷമിക്കണം" (64), "യഥാർഥ നിക്ഷേപങ്ങളിൽ തൽപരനായിരിക്കണം" (67) എന്നു തുടങ്ങിയ ആശയങ്ങൾ അതിൽ കാണാം. സ്കൊളാസ്റ്റിക് കാലഘട്ടത്തിൽ ഇതൊരു പാഠപുസ്തകമായിരുന്നു.



## മറോനിയായിലെ ഇന്നസെന്റ് (6-ാം നൂ.)

കോൺസ്റ്റാന്റിനോപ്പിളിൽ ഹൊർമിസ്ദാസിന്റെ അരമനയിൽ വച്ച് 532-ൽ നടന്ന സഭൈക്യസംഭാഷണത്തിൽ ജസ്റ്റീനിയന്റെ നിർദേശപ്രകാരം കാൽസിഡൺ ഭാഷ്യം അവതരിപ്പിച്ചത് മറോനിയാ മെത്രാൻ ഇന്നസെന്റാണ്. തെസലോനിക്കയിലെ തോമസ് പ്രെസ്ബിറ്ററിനുള്ള കത്തിന്റെ രൂപത്തിലാണ് ഈ രേഖ. മൂന്നുദിവസത്തെ ചർച്ചയിൽ കാൽസിഡൺ അനുഭാവികളും വിരുദ്ധരുമായ ആറാറുപേർ ഇരുഭാഗത്തുനിന്നും പങ്കെടുത്തു. ജോൺ ബർ അഫ്തോണിയാ എന്ന കാൽസിഡൺ വിരുദ്ധ ആബട്ട് ഈ യോഗത്തിന്റെ ഒരു കാൽസിഡൺ വിരുദ്ധഭാഷ്യം നൽകുന്നു. സെവുഡോ ഡയനീഷ്യസിനെ സ്പഷ്ടമായി സൂചിപ്പിക്കുന്ന ആദ്യരേഖയാണിത്. മറ്റൊരു രേഖയും ഇന്നസെന്റിന്റെ പേരിൽ അറിയപ്പെടുന്നു.

## കാൽസിഡണിലെ ഹെരാക്ലിയൻ (6-ാം നൂ.)

കാൽസിഡൺ മെത്രാനായ ഹെരാക്ലിയന്റെ പേരിൽ "ദോക്ത്രീനാ പാത്രും" എന്ന രേഖയിൽ ക്രിസ്തുശാസ്ത്ര സംബന്ധമായി നിരവധി രേഖാശകലങ്ങളുണ്ട്. അദ്ദേഹം 536-നും 553-നും ഇടയ്ക്ക് മെത്രാനായിരുന്നു. സെവേര്യരുമായുള്ള ഐക്യചർച്ചയിൽ (532) അയാൾ പങ്കെടുത്തു. റോമിലേക്ക് 520-നും 535-നും ഇടയ്ക്ക് അദ്ദേഹം രണ്ട് ദൗത്യയാത്രകൾ നടത്തി.

## എഫേസോസിലെ ഹിപ്പാസ്യൂസ് (6-ാം നൂ.)

സഭൈക്യചർച്ചയിൽ (532) കാൽസിഡൺ വിഭാഗത്തിന്റെ തലവനായിരുന്നു എഫേസോസ് മെത്രാൻ ഹിപ്പാസ്യൂസ്. ജസ്റ്റീനിയൻ അദ്ദേഹത്തെ ഒരു ഡലഗേഷനായി 534-ൽ റോമിലേക്കയച്ചു. രണ്ടാം ഐക്യചർച്ചാവസാനം ഏകസ്വഭാവവാദത്തെ നിരാകരിച്ച യോഗത്തിലും (536) അദ്ദേഹം സംബന്ധിച്ചു. ഈ യോഗാനന്തരമാണ് സെവേരൂസിനെ പിന്താങ്ങിയതിനാൽ കോൺസ്റ്റാന്റിനോപ്പിൾ മെത്രാനായിരുന്ന അന്തീമുസിനെ സ്ഥാനഭ്രഷ്ടനാക്കിയത്. ഗാസ്സായിൽ 540-ൽ കൂടിയ സിനഡിൽ വച്ച് തബെന്നെസിയിലെ പൗലോസിനെ അലക്സാണ്ട്രിയായിൽ നിന്ന് നീക്കാനും ചക്രവർത്തി ഹിപ്പാസ്യൂസിനെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ ചില കൃതികളുടെ ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു.

## എവുസ്താത്യോസ് സന്യാസി (6-ാം നൂ.)

കാൽസിഡൺ പക്ഷപാതിയായിരുന്ന ഈ സന്യാസി സെവേരൂസിന്റെ വീക്ഷണങ്ങളെ എതിർത്തിരുന്നു."ക്രിസ്തുവിന്റെ ഇരുസ്വഭാവങ്ങളെപ്പറ്റി" എന്ന

ലഘുലേഖ ഒരു തിമോതിയെ അഭിസംബോധന ചെയ്തിരിക്കുന്നു. സെവേരൂസിന്റെ വീക്ഷണങ്ങൾ പിതാക്കന്മാരുടെ പ്രബോധനങ്ങളുമായി ഒത്തുപോകുന്നതല്ല എന്നു ചൂണ്ടിക്കാണിക്കയാണ് രേഖയുടെ ലക്ഷ്യം. അയാൾ സെവേരൂസിന്റെ പല കൃതികളിൽ നിന്നും ഉദ്ധരിക്കുന്നു. ബിസാൻസ്യത്തിലെ ലെയോൺഷ്യൂസിന്റെ ക്രിസ്തുശാസ്ത്രത്തോടാണ് അയാൾക്ക് അടുപ്പം.

## കോൺസ്റ്റാന്റിനോപ്പിളിലെ അന്തീമൂസ് (535-536)

പാത്രിയർക്കീസ് ആകുന്നതിനുമുമ്പ് ത്രെബിസോണ്ടിലെ മെത്രാനായിരുന്നു. കുറേ നാൾ മെത്രാൻസ്ഥാനം രാജിവച്ച് സന്യാസിയായി കഴിഞ്ഞു. ജസ്റ്റീനിയൻ അയാളെ 535-ൽ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസാക്കി. അന്ന് അയാൾ കാൽസിഡൺ അംഗീകരിച്ചിരുന്നു. ജസ്റ്റീനിയന്റെ ഭാര്യ തിയഡോറാ അയാളെ സെവേരൂസുമായി ബന്ധപ്പെടുത്തി. അങ്ങനെ അയാൾ കാൽസിഡൺ വിരുദ്ധക്യാമ്പിൽ ചേർന്ന് ഏകചിത്തവാദം പഠിപ്പിച്ചു. അക്കാരണങ്ങളാൽ ചക്രവർത്തി അയാളെ സ്ഥാനത്തുനിന്ന് നീക്കി. അയാളുടെ ചില കത്തുകളുടെ ഭാഗങ്ങൾ മാത്രമേ നമുക്ക് ലഭിച്ചിട്ടുള്ളു.

## കോൺസ്റ്റാന്റിനോപ്പിളിലെ മെന്നാസ് (536-552)

അലക്സാണ്ട്രിയാക്കാരനായ മെന്നാസ് കോൺസ്റ്റാന്റിനോപ്പിളിൽ 536-ൽ മെത്രാനായി. അഗാപീറ്റസ് മാർപാപ്പായാണ് (+536) പട്ടം കൊടുത്തത്. കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ സിനഡിൽ (536) അന്തീമൂസിനെയും സെവേരൂസിനെയും മറ്റ് കാൽസിഡൺ വിരുദ്ധരെയും മുടക്കി. പുനർനിർമാണം നടന്ന ഹാഗിയാ സോഫിയാ ദൈവാലയം 538 ഡിസംബർ 22-ന് കൂദാശ ചെയ്തു. ഒരിജനിസ്ത്യർക്കെതിരെയും (543) മൂന്നധ്യായങ്ങൾക്കെതിരെയും (547) ചക്രവർത്തി പുറപ്പെടുവിച്ച ഡിക്രികൾ മെന്നാസ് അംഗീകരിച്ചു. മൂന്നധ്യായങ്ങൾക്കെതിരെ എടുത്ത നടപടി നിമിത്തം വിജീലിയുസ് പാപ്പായുമായി അഭിപ്രായഭിന്നതയ്ക്ക് ഇടയായി. 550 ജൂൺ 28-ന് വി.ശ്ലീഹന്മാരുടെ നാമത്തിലുള്ള പുതിയ പള്ളിയും കൂദാശ ചെയ്തു. കാൽസിഡണിൽ വി. എവുഫേമിയായുടെ പള്ളിയിൽവച്ച് മെന്നാസും വിജീലിയുസും രമ്യതയിലായി. അവിടെ വച്ച് മെന്നാസ് നാല് എക്യുമെനിക്കൽ കൗൺസിലുകളും അംഗീകരിച്ചു. വിജീലിയൂസിനെതിരെ നടന്ന ബലാൽക്കാരങ്ങൾക്ക് പരസ്യമായി മാപ്പുചോദിച്ചു. 552 ആഗസ്റ്റ് 24-ന് മരിച്ചു. അധികംവൈകാതെ ബിസന്റൈൻ സിനക്സാറിയായിലും റോമൻ രക്തസാക്ഷി വിവരണത്തിലും മെന്നാസിന്റെ പേര് ചേർത്തു.

## അൻസീറായിലെ ഡൊമീഷ്യൻ (6-ാം നൂ.)

ഒരിജനിസത്തിന്റെ ശക്തികേന്ദ്രമായിരുന്ന വി. ഫിർമീനുസിന്റെ പുതിയ ലൗറായുടെ അധ്യക്ഷനായിരുന്നു (*ഹെഗുമെൻ*) അദ്ദേഹം. മെന്നാസ് വിളിച്ചുകൂട്ടിയ യോഗത്തിൽ (536) പങ്കെടുത്തു. ബിസാൻസ്യത്തിലെ



ലെയോൺഷ്യൂസ് അയാളെ എവുസേബിയസ് എന്ന 'ഹാഗിയാ സോഫിയാ ട്രഷററെ' പരിചയപ്പെടുത്തി. ഈ എവുസേബിയസിന് ചക്രവർത്തിയുടെ പക്കൽ ഉണ്ടായിരുന്ന സ്വാധീനം ഉപയോഗിച്ച് ഡൊമീഷ്യനെ 540-ൽ ഗലാത്യയിലെ അൻസീറാ മെത്രാനാക്കി. ഒരിജനിസത്തിനെതിരെ വാളോങ്ങിയവരെ അമർച്ച ചെയ്യാൻ, ചക്രവർത്തിയുടെ ഉപദേശകനായിരുന്ന തിയഡോർ അസ്കീദാസുമായി ചേർന്ന് നീക്കങ്ങളാരംഭിച്ചു. അന്ത്യോക്യയിലെ എഫ്രേം പാത്രിയർക്കീസ് 542-ൽ ഒരിജനിസത്തെ ശപിച്ചിരുന്നു. അയാളുമായുള്ള കൂട്ടായ്മ വിച്ഛേദിക്കാൻ ജറുസലേം പാത്രിയർക്കീസായ പത്രോസിനെ പ്രേരിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. എന്നു മാത്രമല്ല, ഒരിജനിസ്ത്യർക്കെതിരെ ഒരു ഡിക്രി പ്രസിദ്ധീകരിക്കാൻ ജസ്റ്റീനിയനെ പ്രേരിപ്പിക്കുന്നതിൽ പത്രോസ് വിജയിക്കുകയും ചെയ്തു. അങ്ങനെയാണ് 543-ലെ ഡിക്രി. എന്നാൽ തിയഡോറും ഡൊമിഷ്യനും അന്ത്യോക്യൻ ക്രിസ്തുശാസ്ത്രത്തിനെതിരെ തിരിയാൻ ജസ്റ്റീനിയനെ ഉപദേശിച്ചുകൊണ്ടിരുന്നു. അങ്ങനെ ജസ്റ്റീനിയന്റെ ശ്രദ്ധ ഒരിജനിസത്തിൽനിന്ന് തിരിച്ചുവിടാൻ കഴിയുമെന്ന് അവർ കരുതി. അങ്ങനെയാണ് മൂന്നധ്യായങ്ങൾക്കെതിരെയുള്ള ആദ്യഡിക്രി 544-ൽ പ്രസിദ്ധീകൃതമായത്. ഈ തർക്കങ്ങളുമായി ബന്ധപ്പെട്ട ചില രേഖകളുടെ ശകലങ്ങൾ മാത്രമേ ഡൊമീഷ്യനിൽ നിന്ന് ലഭിച്ചിട്ടുള്ളു.

## അൻസീറായിലെ നിക്കോളാസ് (5/6-ാം നൂ.)

ഗലാത്യയിലെ അൻസീറായിൽ ഒരു വൈദികനോ, സന്യാസിയോ ആയിരുന്നു അയാൾ. *കത്തേനകളിൽ* അയാളുടെ ലിഖിതങ്ങളുടെ ശകലങ്ങൾ കാണാം. നിക്കോളാസിന് ആബാ മർക്കോസ് ഒരു കൃതിയെഴുതി. അതിന് നിക്കോളാസ് ഒരു മറുപടിയും അയച്ചതായി കാണുന്നു. പല തിരുലിഖിത ഗ്രന്ഥങ്ങൾക്കും നിക്കോളാസ് ഭാഷ്യമെഴുതിയതായി സൂചനയുണ്ട്.

## സെവുഡോ-ചെസാറിയുസ് (6-ാം നൂ.)

"ചോദ്യോത്തരങ്ങൾ" എന്ന പേരിൽ 550-നു മുമ്പ് പ്രത്യക്ഷപ്പെട്ട ഒരു രേഖ ചെസാറിയുസിന്റെ പേരിൽ പ്രസിദ്ധീകൃതമായി. കൂടുതൽ ആധികാരികത്വം ലഭിക്കാൻ ഗ്രിഗറി നസ്യാൻസന്റെ സഹോദരൻ ചെസാറിയുസിന്റെ (+368/9) പേരിലാണ് പ്രചരിപ്പിച്ചത്. നാല് പുസ്തകങ്ങളായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. ബൈബിൾ, ദൈവശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം എന്നീ സംഗതികളിൽ ചെസാറിയുസ് തൽപ്പരനായിരുന്നു. അതുപോലെ ചക്രവർത്തിയുടെ അരമനയിലെ നടപടിക്രമങ്ങളും വിവരിക്കുന്നു. യൂദർ, ആരിയർ, ഒരിജെനിസ്ത്യർ എന്നിവർക്കെതിരെയുള്ള നിലപാടെടുത്തിരിക്കുന്നു. ക്രിസ്തുവിന്റെ അജ്ഞത, സ്വഭാവങ്ങൾ എന്നീ പ്രശ്നങ്ങളും ചർച്ചചെയ്യുന്നു. ഏകസ്വഭാവമെന്നോ, ദ്വിസ്വഭാവമെന്നോ പറയുന്നില്ല. അലെക്സാണ്ഡ്രിയായിലെ ക്ലെമെന്റ് മുതൽ കോൺസ്റ്റാന്റിനോപ്പിളിലെ പ്രോക്ലുസ് വരെയുള്ള മുൻപിതാക്കന്മാരിൽ നിന്നുള്ള ഉദ്ധരണികളും ചുരുങ്ങിയ വിവരണങ്ങളും നൽകുന്നു.

## റൊമാനുസ് (+555/6)

സിറിയായിലെ ഹോംസിൽ ജനിച്ച റൊമാനുസ്, ബെറീത്തൂസിലെ തിരുവുത്ഥാന ദൈവാലയത്തിൽ ഡീക്കനായി. പിന്നീട് കോൺസ്റ്റാന്റിനോപ്പിളിൽ പോയി കീറോസിലെ ദൈവമാതാവിന്റെ നാമത്തിലുള്ള ദൈവാലയത്തോട് ബന്ധപ്പെട്ട് ജീവിച്ചു. ഗാനരൂപത്തിലുള്ള പ്രസംഗങ്ങൾ (*കൊൻടാക്കിയാ*) എഴുതിയ ഏറ്റവും പ്രഗത്ഭനായ വ്യക്തിയെന്ന് അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പേരിൽ 89 എണ്ണം അറിയപ്പെടുന്നെങ്കിലും 60 എണ്ണം നിശ്ചയമായും അദ്ദേഹത്തിന്റേതാണ്. അനേകം സ്റ്റാൻസാകളുള്ള പ്രസംഗമാണ് കൊൻടാക്കിയോസ്. സാധാരണയായി 20 സ്റ്റാൻസാകൾ കാണും. എല്ലാറ്റിന്റെയും അവസാനത്തെ വരി ഒരുപോലെ ആയിരിക്കും. *ഒയ്കോയ്* എന്നാണ് ഈ സ്റ്റാൻസാകളുടെ പേര്. പ്രുമിയോൻ അഥവാ കുക്കിലിയോൻ എന്ന പേരിൽ ഇവയ്ക്ക് ഒരാമുഖം ഉണ്ടായിരിക്കും. സുവിശേഷ വായനാനന്തരം ബേമായിൽ നിന്നാണ് ഇവ പാടിയിരുന്നത്. ഗായകസംഘവും സമൂഹം മുഴുവനും ഒന്നിച്ച് പ്രതിവാക്യം ചൊല്ലിയിരുന്നു. സുറിയാനി സഭയിലാണ് ഇതിന്റെ ആരംഭം. മദ്റാശാ, സൂഗീസാ എന്നീ ഗാനരീതികളിൽ മാർ അപ്രേം ഈ ശൈലി ഉപയോഗിച്ചിരുന്നു. ഞായറാഴ്ചകളിലും പെരുന്നാളുകളിലുമുള്ള തിരുലിഖിത വായനകളെ ആധാരമാക്കി ക്രിസ്തുവിനെപ്പറ്റിയാണ് മിക്കതും. ദൈവമാതാവ്, പഴയനിയമ വ്യക്തികൾ, രക്തസാക്ഷികൾ, താപസ്സർ, സെബസ്തയിലെ 40 രക്തസാക്ഷികൾ എന്നിവരെപ്പറ്റിയും അദ്ദേഹം രചിച്ചിട്ടുണ്ട്. സുവിശേഷത്തിൽ പരാമർശിക്കുന്ന വ്യക്തികളുടെ ജീവിതത്തിലേക്കു കടന്നുചെന്ന് നാടകീയമായി അവതരിപ്പിക്കാനുള്ള അസാമാന്യകഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു; അതുപോലെ താത്വികസംഗതികൾ അവതരിപ്പിക്കുന്നതിനും. അദ്ദേഹം കാൽസിഡൺ കൗൺസിൽ പക്ഷപാതിയായിരുന്നു. - ഗ്രീക്കുസഭയിൽ ഇപ്പോഴുള്ള കൊൻടാക്കിയോൻ വ്യത്യസ്തമാണ്. പുരാതന കൊൻടാക്കിയോന്റെ ആമുഖവുമായി ഒത്തുപോകുന്നതാണിത്.

## പൗലോസ് സിലെൻസിയാരിയുസ് (6-ാം നൂ.)

ജസ്റ്റീനിയൻ ചക്രവർത്തിയുടെ (527-65) കീഴിൽ കൊട്ടാരത്തിലെ ഒരു പ്രധാനപ്പെട്ട ഉദ്യോഗസ്ഥനായിരുന്നു പൗലോസ്. ഹാഗിയാ സോഫിയായെയും അതിലെ ബേമായെയും കുറിച്ച് ഹെക്സാമീറ്ററിൽ രണ്ട് കൃതികളെഴുതി. അതുപോലെ 78 എപ്പിഗ്രാമുകളും കിട്ടിയിട്ടുണ്ട്. തിയഡോഷ്യസ് ചക്രവർത്തി പണിത ഹാഗിയാ സോഫിയാപള്ളി 532-ലെ നിക്കാ ലഹളയിൽ തകർക്കപ്പെട്ടു. അതിന്റെ പുനർനിർമാണം 537-ൽ പൂർത്തിയായി. എന്നാൽ 558-ലെ ഭൂമികുലുക്കത്തിൽ അതിന്റെ മേൽക്കൂര (ഡോം) തകർന്നുവീണു. പിന്നെ പണിത വലിയ പള്ളിയുടെ കൂദാശ 562/3-ൽ നടന്നു. തദവസരം വായിച്ചതാണ് പൗലോസിന്റെ രചനകൾ. മൊത്തം 887 ഹെക്സാമീറ്ററുകളുണ്ട്. ഹാഗിയാ സോഫിയായുടെ പണിയെപ്പറ്റിയുള്ള വിശദാംശങ്ങൾ ഇതിൽ കാണാം.



## എഫേസോസിലെ അബ്രാമിയുസ് (6-ാം നൂ.)

എഫേസോസിലെ ആർച്ചുബിഷപ്പായിരുന്നു അബ്രാമിയുസ്. അദ്ദേഹമായിരിക്കാം ജോൺ മോസ്കുസ് പറയുന്ന ആബട്ട് അബ്രാമിയുസ്. അയാൾ ജറുസലേമിലും കോൺസ്റ്റാന്റിനോപ്പിളിലും ആശ്രമങ്ങൾ സ്ഥാപിച്ചു. മംഗലവാർത്തയെക്കുറിച്ചും യേശുവിനെ ദൈവാലയത്തിൽ കാഴ്ച വച്ചതിനെക്കുറിച്ചും രണ്ട് പ്രസംഗങ്ങൾ അയാളുടെ പേരിൽ അറിയപ്പെടുന്നു. അടുത്ത കാലത്താണ് മംഗലവാർത്തയുടെ അനുസ്മരണ മാർച്ച് 25-ലേക്ക് മാറ്റിയതെന്ന് സൂചിപ്പിക്കുന്നു. എന്നാൽ എല്ലായിടത്തും ഈ തീയതി സ്വീകാര്യമായിട്ടില്ലെന്നും പരാമർശിക്കുന്നു.

## കോൺസ്റ്റാന്റിനോപ്പിളിലെ എവുതീക്കിയുസ് (552-582)

ഫ്രീജിയായിലെ തെയ്യുമിൽ ജനിച്ച എവുതീക്കിയുസ് അമാസെയായിൽ സന്യാസിയും ആർക്കിമൺഡ്രൈറ്റുമായി. സ്ഥലത്തെ മെത്രാൻ തന്റെ പ്രതിനിധിയായി 552-ൽ അയാളെ കോൺസ്റ്റാന്റിനോപ്പിളിലെ ഒരു സിനഡിലേക്കയച്ചു. മൂന്നധ്യായങ്ങളുടെ മേലുള്ള ശാപത്തിന് തന്റെ സഹപ്രവർത്തകനായി ജസ്റ്റീനിയൻ അയാളെ കണ്ടു. മെന്നാസിന്റെ പിൻഗാമിയായി 552-ൽ അയാളെ പാത്രിയർക്കീസാക്കി. ഒരു കത്തിലൂടെ അപ്പസ്തോലിക സിംഹാസനവുമായുള്ള തന്റെ യോജിപ്പറിയിച്ചു. 553 മെയ്-ജൂൺ മാസങ്ങളിലെ സിനഡിൽ അയാളായിരുന്നു അധ്യക്ഷൻ. എന്നാൽ 565-ൽ ജസ്റ്റീനിയൻ തന്നെ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി. ജസ്റ്റീനിയന്റെ "അഫ്താർതോഡോസെറ്റിസത്തെ" എവുതീക്കിയുസ് വിമർശിച്ചതായിരുന്നു കാരണം. അദ്ദേഹം തന്റെ പഴയ ആശ്രമത്തിലേക്ക് തിരിച്ചുപോയി. തുടർന്നു ഭരിച്ച ജസ്റ്റിൻ രണ്ടാമൻ (565-78), ജോൺ മൂന്നാമൻ പാത്രിയർക്കീസ് മരിച്ചപ്പോൾ (577) അദ്ദേഹത്തെ തിരികെ വിളിച്ച് പുനഃപ്രതിഷ്ഠിച്ചു. മരിക്കുന്നതുവരെ അവിടെ ഭരണം നടത്തി. ത്രൈശുദ്ധകീർത്തനത്തിൽ "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ," എന്ന് കാൽസിഡൺ വിരുദ്ധർ കൂട്ടിച്ചേർത്തതിനെ അദ്ദേഹം വിമർശിച്ചു. ക്രിസ്തുവിന്റെ ഉത്ഥാനം സംബന്ധിച്ച് ഗ്രിഗറി എന്ന പേപ്പൽ പ്രതിനിധിയുമായി അഭിപ്രായവ്യത്യാസമുണ്ടായി. എന്നാൽ എവുതീക്കിയെസ് മരിക്കുന്നതിനുമുമ്പ് തന്റെ വീക്ഷണങ്ങൾ പിൻവലിച്ചെന്ന് ഗ്രിഗറിയുടെ ജീവചരിത്രം സാക്ഷിക്കുന്നു. ബിസന്റൈൻ സഭ ഏപ്രിൽ 6/20 അദ്ദേഹത്തിന്റെ അനുസ്മരണ നടത്തുന്നു. അദ്ദേഹം കാൽസിഡൺ വിശ്വാസി ആയിരുന്നു. സ്വഭാവവും ഹ്യൂപ്പോസ്റ്റസിസും തമ്മിലുള്ള വ്യത്യാസം വിശദമാക്കുന്ന ഒരു ക്രിസ്തുശാസ്ത്രകൃതി അദ്ദേഹം രചിച്ചു. കപ്പഡോഷ്യൻ പിതാക്കന്മാരെ, പ്രത്യേകിച്ച് ബേസിലിന്റെ ലേഖനം 38-നെ, ആധാരമാക്കിയാണ് വിവരണം. അക്കാലത്തെ നെയോ-കാൽസിഡൺ ക്രിസ്തുശാസ്ത്രശൈലി അദ്ദേഹം കുറേയൊക്കെ പിൻചെന്നു.

## കോൺസ്റ്റാന്റിനോപ്പിളിലെ എവുസ്ത്രാത്തിയുസ് (6-ാം നൂ.)

അദ്ദേഹം എവുതീക്കിയുസിന്റെ (+582) ശിഷ്യനും കോൺസ്റ്റാന്റിനോപ്പിൾ ഹാഗിയാ സോഫിയായിൽ പ്രെസ്ബിറ്ററുമായിരുന്നു. അദ്ദേഹത്തോടൊപ്പം വിപ്രവാസത്തിൽ പോകുകയും (565-577) അദ്ദേഹത്തിന്റെ ജീവചരിത്രം രചിക്കുകയും ചെയ്തു. അതുപോലെ പേർഷ്യൻ രക്തസാക്ഷിണിയായ ഗൊളിൻദുക്കിന്റെ ജീവചരിത്രവും രചിച്ചു. "മരണാനന്തരം ആത്മാക്കളുടെ അവസ്ഥ", "ആത്മാവും മാലാഖമാരും" എന്നീ രണ്ടു കൃതികളും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു.

## കോൺസ്റ്റാന്റിനോപ്പിളിലെ ലെയോൺഷ്യൂസ് (6-ാം നൂ.)

ബിസാൻസ്യത്തിലെ ലെയോൺഷ്യൂസ്, ജറുസലേമിലെ പ്രെസ്ബിറ്റർ ലെയോൺഷ്യൂസ് എന്നിവരിൽ നിന്ന് വ്യത്യസ്തനാണ് കോൺസ്റ്റാന്റിനോപ്പിളിലെ പ്രെസ്ബിറ്ററായ ലെയോൺഷ്യൂസ്. ഇയാളുടെ പേരിൽ 14 ഹോമിലികൾ അറിയപ്പെടുന്നു. സ്നാപകയോഹന്നാന്റെ ജനനം (1), ഓശാന (2-3), ജോബ് (4-5), ജോബിന്റെ ഭാര്യയും യൂദാസിന്റെ ഒറ്റിക്കൊടുക്കലും (6), ദുഃഖവെള്ളി (7), ഉയർപ്പ് (8-9), പെന്തിക്കോസ്തി (10-11.13), ക്രിസ്തുവിന്റെ ജനനം (12), രൂപാന്തരീകരണം (14) എന്നിവ ചർച്ചചെയ്യുന്നു. ഹോമിലി 4-7 ഹാശാ ആഴ്ചയിൽ ചെയ്ത പ്രസംഗങ്ങളാണ്. അന്നത്തെ പ്രസംഗകരും ശ്രോതാക്കളും നാടകീയാവതരണത്തിൽ തൽപ്പരരായിരുന്നു.

## ജോൺ III സ്കൊളാസ്തിക്കുസ് (565-577)

ജോൺ അന്ത്യോക്യയ്ക്കടുത്തുള്ള സെറേമിസിൽ ജനിച്ചു. അന്ത്യോക്യാ പാത്രിയർക്കീസ് ദൊമ്നീനുസ് III (545-59) ജോണിനെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് തന്റെ പ്രതിനിധിയായി അയച്ചു. തൂണിന്മേൽ ശെമയോൻ രണ്ടാമനെ കണ്ട് ജോൺ അഭിപ്രായമാരാഞ്ഞു. ജോൺ പാത്രിയർക്കീസാകുമെന്നും ജസ്റ്റീനിയന്റെ പിൻഗാമിയായി ജസ്റ്റിൻ രണ്ടാമൻ അധികാരത്തിൽ വരുമെന്നും ശെമയോൻ പ്രവചിച്ചു. എവുതീക്കിയുസിനെ സ്ഥാനഭ്രഷ്ടനാക്കിയിട്ട്, ജസ്റ്റീനിയൻ ജോണിനെ പാത്രിയർക്കീസാക്കി. പാത്രിയർക്കീസായ ശേഷം അദ്ദേഹം കാൽസിഡണുവേണ്ടി നിലകൊണ്ടു. ആദ്യമാദ്യം ത്രിതെയിസ്റ്റ് വിഭാഗക്കാരുമായി ലോഹ്യത്തിൽ കഴിഞ്ഞെങ്കിലും 567/8-ൽ അവർക്കെതിരെ ഒരു കൃതിയെഴുതി. യാക്കോബായക്കാരെയും ത്രിതെയിസ്റ്റുകളെയും യോജിപ്പിക്കാൻ ജോണിന്റെ നേതൃത്വത്തിൽ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് 570-ൽ ചർച്ച നടന്നെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് കാൽസിഡൺ വിരുദ്ധർക്കെതിരെ കർക്കശ നിലപാടെടുത്തു. അദ്ദേഹം തന്റെ കാനോനിക സമാഹാരങ്ങളിലൂടെയാണ് കൂടുതലായി അറിയപ്പെടുന്നത്. അൻപത് തലക്കെട്ടുകളിൽ *സിനഗോഗ* എന്ന പേരിൽ, അന്ന് നിലവിലിരുന്ന കാനോനികസമാഹാരം അദ്ദേഹം ക്രമീകരിച്ചു. 87 അധ്യായങ്ങളുള്ള മറ്റൊരു



സമാഹാരവും അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു. "മതാധ്യാപന പ്രസംഗം" എന്ന പേരിൽ ത്രിത്വത്തെപ്പറ്റി ത്രിതെയിസ്റ്റുകൾക്കെതിരെ ഒരു കൃതി രചിച്ചു. ത്രിതെയിസ്റ്റ് ജോൺ ഫിലൊപ്പോണുസ് ഇതിനെ വിമർശിച്ച് ഖണ്ഡനമെഴുതി..

## തർസോസിലെ കോനോൻ, എവുജേനിയസ്, തെയോനാസ്

യാക്കോബ് ബുർദാന ആദ്യം വാഴിച്ച രണ്ടു മെത്രാന്മാരാണ് തർസോസിലെ കോനോൻ, സെലൂഷ്യയിലെ (ഇസൗരിയാ) എവുജേനിയസ് (6-ാം നൂ.) എന്നിവർ. കാൽസിഡൺ വിരുദ്ധർക്കുവേണ്ടി സിറിയായിലും പൗരസ്ത്യദേശങ്ങളിലും മെത്രാന്മാരെ വാഴിക്കാൻ ഇവർ ഇരുവരുമാണ് യാക്കോബിന്റെ സഹകാർമികരായിരുന്നത്. അലക്സാണ്ട്രിയായിലെ തിയഡോഷ്യസിന്റെ മരണത്തിനുശേഷം (566) കോനോനും എവുജേനിയസും ത്രിതെയിസം സ്വീകരിച്ചു. ത്രിതെയിസത്തിനെതിരെ തിയഡോഷ്യസ് രചിച്ച കൃതിയുടെ സ്വാധീനം അദ്ദേഹത്തിന്റെ മരണത്തോടുകൂടി കുറഞ്ഞപ്പോൾ, ഇവരുടെ സ്വാധീനം വർദ്ധിച്ചു. തിയഡോറാ രാജ്ഞിയുടെ (+548) ചെറുമകനും ജസ്റ്റിന്റെ ഭാര്യയായ സോഫിയായുടെ അനന്തരവനുമായ അത്തനാസ്യോസ് എന്ന സന്യാസി ഇവർക്കു വേണ്ട ധനസഹായം ചെയ്തുകൊടുത്തു. അങ്ങനെ ത്രിതെയിസം വളരെ വേഗം വ്യാപിക്കുകയും കാൽസിഡൺ വിരുദ്ധ ക്യാമ്പിൽ പിളർപ്പ് വർദ്ധിക്കുകയും ചെയ്തു. യാക്കോബിന്റെ പക്ഷക്കാരും ത്രിതെയിസ്റ്റുകളും കൂടി 567-ലും 568-ലും രണ്ടു ധാരണകൾ ഉണ്ടാക്കിയെങ്കിലും നിലനിന്നില്ല. കോൺസ്റ്റാന്റിനോപ്പിളിൽ 569-ൽ കൂടിയ യാക്കോബായാ മെത്രാന്മാരുടെ യോഗം കോനോനെയും എവുജേനിയസിനെയും മുടക്കി സ്ഥാനഭ്രഷ്ടരാക്കി. അത്തനാസ്യോസ് സന്യാസിയുടെ സ്വാധീനത്താൽ കാൽസിഡൺ പക്ഷപാതിയായ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് ജോൺ മൂന്നാമനെ (565-577) മധ്യസ്ഥനായി ജസ്റ്റിൻ നിയമിച്ചു. 569/70-ൽ നടന്ന ചർച്ചയിൽ ത്രിതെയിസ്റ്റ് പക്ഷത്തുനിന്ന് കോനോനും എവുജേനിയസും യാക്കോബിന്റെ പക്ഷത്തുനിന്ന് അന്ത്യോക്യയിലെ പൗലോസും സൈപ്രസിലെ സ്റ്റീഫനും പങ്കെടുത്തു. പരസ്പരം കുറ്റാരോപണം നടത്തിയതല്ലാതെ, കാൽസിഡൺ വിരുദ്ധക്യാമ്പിൽ ഐക്യം ഉണ്ടാക്കാൻ ഈ യോഗത്തിനു കഴിഞ്ഞില്ല. കോനോനും എവുജേനിയസും കൂടി, തെയോനാസ് എന്ന നിഷ്കാസിത കാൽസിഡൺ വിരുദ്ധ മെത്രാന്റെ സഹായത്തോടെ ത്രിതെയിസം പൗരസ്ത്യദേശങ്ങളിലും ആഥൻസിലും കോറിന്തിലും ആഫ്രിക്കയിലും പ്രചരിപ്പിച്ചു. ജോൺ ഫിലൊപ്പോണുസ് രചിച്ച *ഉത്ഥാനത്തെപ്പറ്റി* എന്ന കൃതിയിലെ ആശയങ്ങളെ ചൊല്ലി ത്രിതെയിസ്റ്റുകളുടെ ഇടയിൽ പിന്നെയും വിഭജനമുണ്ടായി. കോനോന്റെ അനുയായികൾ ഒരുവശത്തും അത്തനാസ്യോസിന്റെ അനുയായികൾ മറുവശത്തുമായി അവർ പോരടിച്ചു.

ജസ്റ്റിൻ രണ്ടാമൻ 571-നു ശേഷം കാൽസിഡൺ വിരുദ്ധർക്കെതിരെ പീഡനങ്ങൾ അഴിച്ചുവിട്ടു. കോനോനെയും എവുജേനിയസിനെയും ജറുസലേമിലെ പുതിയ ലൗറായിലേക്കയച്ചു. തെയോനാസ് ഒളിവിൽ പോയി. മൂന്നു വർഷങ്ങൾക്കുശേഷം കോനോനെയും എവുജേനിയസിനെയും സ്വതന്ത്രരാക്കി സിലീഷ്യയിലേക്കയച്ചു. അവർ പംഫീലിയായിലേക്കു കടന്നു. അവിടെവച്ച് എവുജേനിയസ് മരിച്ചു. കോനോൻ കോൺസ്റ്റാന്റിനോപ്പിളിൽ ചെന്ന് അത്തനാസ്യോസ് അയാൾക്ക് നീക്കിവച്ചിരുന്ന സമ്പാദ്യം വാങ്ങിക്കൊണ്ട് സിലീഷ്യയിലേക്കു മടങ്ങി. – ഇവരുടെ കൃതികളുടെ ചില ശകലങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു.

### ജോൺ IV പാത്രിയർക്കീസ് (582–595)

*ഉപവാസകൻ* എന്നറിയപ്പെടുന്ന ജോൺ, കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്നു. ആ നാട്ടുകാരനായിരുന്ന അയാൾ ജസ്റ്റിൻ ഒന്നാമന്റെ കാലത്ത് (518–527) ഹാഗിയാ സോഫിയാ ദൈവാലയത്തിലെ വൈദികഗണത്തിൽ ചേർന്നു. പിന്നീട് സന്യാസിയായി. അവിടെ നിന്നാണ് പാത്രിയർക്കീസായത്. അദ്ദേഹം അരമനയിലും താപസ്സജീവിതം തുടർന്നു. പാവപ്പെട്ടവരോട് വളരെ അനുകമ്പ കാട്ടി. ചക്രവർത്തിമാരോട് നല്ല ബന്ധംപുലർത്തി. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ 587-ൽ കൂടിയ ഒരു സിനഡ് *എക്യൂമെനിക്കൽ പാത്രിയർക്കീസ്* എന്ന സംജ്ഞ ഉപയോഗിക്കാൻ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിന് അധികാരം നൽകി. ഫൊതീനുസ് എന്ന വൈദികൻ ജോണിന്റെ ഒരു ജീവചരിത്രമെഴുതി. എന്നാൽ അത് നഷ്ടപ്പെട്ടു. ഗ്രീക്കുസഭ ഫെബ്രുവരി 18-നും സെപ്തംബർ 2-നുമാണ് ജോണിന്റെ അനുസ്മരണ നടത്തുന്നത്. അദ്ദേഹത്തിന്റെ പേരിൽ ഒരു സന്യാസകൃതിയും കാനോനികസമാഹാരങ്ങളും അറിയപ്പെടുന്നെങ്കിലും അവ അദ്ദേഹത്തിന്റേതല്ല എന്നാണ് പണ്ഡിതമതം.

### കോൺസ്റ്റാന്റിനോപ്പിളിലെ ഫൊതീനുസ് (6-ാം നൂ.)

ഇയാളാണ് ജോണിന്റെ ജീവചരിത്രമെഴുതിയത്. "എക്യൂമെനിക്കൽ പാത്രിയർക്കീസ്" എന്ന സംജ്ഞയെ ന്യായീകരിക്കാൻ ഈ പ്രെസ്ബിറ്റർ ശ്രമിച്ചിരിക്കാം.

### കോൺസ്റ്റൻടൈൻ ഡീക്കൻ (550–560)

കോൺസ്റ്റാന്റിനോപ്പിളിലെ ആർക്കിവിസ്റ്റായിരുന്നു അയാൾ. "സകല രക്തസാക്ഷികളെയും കുറിച്ചുള്ള സ്തുതിപ്പ്" എന്ന പേരിൽ വലിയൊരു സ്തുതിപ്രഭാഷണം ഇയാളുടെ പേരിൽ അറിയപ്പെടുന്നു. ഛായാചിത്രങ്ങളുടെ വണക്കത്തിന് അനുകൂലമായി ഇതിൽനിന്ന് രണ്ടാം നിഖ്യാസിനഡ് ഉദ്ധരിക്കുന്നു. സകല വിശുദ്ധരുടെയും പെരുന്നാളിനുള്ള വായനയ്ക്ക് ഗ്രീക്കുസഭ ഇത് നിശ്ചയിച്ചിട്ടുണ്ട്.



## 5. വിശ്വാസസാക്ഷിയായ മാക്സിമുസ് (580–662)

മാക്സിമുസ് കോൺസ്റ്റാന്റിനോപ്പിളിൽ ധനിക മാതാപിതാക്കളിൽ നിന്നു ജനിച്ചു. അദ്ദേഹത്തിന് നല്ല വിദ്യാഭ്യാസം ലഭിച്ചു. കുറേനാൾ രാജ്യസേവനം നടത്തിയശേഷം സന്യാസിയായി. ആദ്യം ക്രിസോപ്പൊളീസിലും പിന്നീട് സിസിക്കൂസിലുമുള്ള ആശ്രമങ്ങളിൽ പാർത്തു. മാക്സിമുസിന് 618-ൽ അനസ്താസ്യൂസ് എന്ന ശിഷ്യനെ കിട്ടി. അയാൾ മരണംവരെ മാക്സിമുസിന്റെ കൂടെ പാർത്തു. പേർഷ്യൻ ആക്രമണകാലത്ത് (626) ക്രീറ്റ്, സൈപ്രസ് വഴി വടക്കേ ആഫ്രിക്കയിലെത്തി പതിനഞ്ചുവർഷം അവിടെ താമസിച്ചു. മിക്ക കൃതികളും അവിടെ വച്ചാണ് എഴുതിയത്. കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസും ഏകചിത്തവാദം പഠിപ്പിച്ച ആളുമായ പീറൂസ് "മോണോഎനർജിസ്റ്റ് തർക്കം" സംബന്ധിച്ച് മാക്സിമുസിന്റെ അഭിപ്രായം ആരാഞ്ഞെങ്കിലും *എക്തെസിസ്* എന്ന ഏകചിത്തവാദ ഇമ്പീരിയൽരേഖ പുറപ്പെടുവിക്കുന്നതുവരെ (638) മാക്സിമുസ് തന്റെ നിലപാട് വ്യക്തമാക്കിയില്ല. ഏകചിത്തവാദത്തെ എതിർത്തുകൊണ്ട് 640-ൽ മാക്സിമുസ് നിരവധി ലേഖനങ്ങൾ എഴുതി. പീറൂസ് കോൺസ്റ്റാന്റിനോപ്പിളിൽനിന്ന് 645-ൽ നിഷ്കാസിതനായപ്പോൾ, വടക്കേ ആഫ്രിക്കയിലെത്തി മാക്സിമുസുമായി ക്രിസ്തുശാസ്ത്രചർച്ച നടത്തി സത്യവിശ്വാസം സ്വീകരിച്ചു. അയാളും മാക്സിമുസും അവിടെനിന്ന് റോമിൽ പോയി ലാതറൻ സിനഡിൽ സംബന്ധിച്ചു. ഏകചിത്തവാദത്തെയും മോണോ എനർജിസത്തെയും ശപിച്ചു. ഇതിൽ മാക്സിമുസിന്റെ സ്വാധീനം ഉണ്ടെന്നറിഞ്ഞ ചക്രവർത്തി അദ്ദേഹത്തെ 655-ൽ വിസ്തരിച്ച് ത്രേസിലെ ബിസ്യായിലേക്കും പിന്നീട് പെബേരിസിലേക്കും നാടുകടത്തി. ആറുവർഷങ്ങൾക്കുശേഷം മാക്സിമുസിനെയും രണ്ട് ശിഷ്യന്മാരെയും കോൺസ്റ്റാന്റിനോപ്പിളിൽ വരുത്തി വിസ്തരിച്ച് നാക്കും വലത്തുകൈയും ഛേദിച്ച് കരിങ്കടൽ തീരത്തുള്ള ലാസിക്കായിലേക്ക് നാടുകടത്തി. അവിടെവച്ച് 662-ൽ മരിച്ചു. ആറാം എക്യുമേനിക്കൽ കൗൺസിൽ (681) മാക്സിമുസ് പഠിപ്പിച്ചത് അംഗീകരിച്ചു.

**കൃതികൾ**

മാക്സിമുസ് 90-ഓളം കൃതികളെഴുതി. ചില കൃതികൾ സിസിക്കൂസിൽ വച്ചും (624/5-നു മുമ്പ്) മിക്കതും ആഫ്രിക്കയിൽ വച്ചും. മറ്റുള്ളവരുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരമായിട്ടാണ് പല കൃതികളും രചിച്ചിട്ടുള്ളത്.

1. സന്യാസജീവിതം: ഒരു സഹോദരനും ഒരു വൃദ്ധനും തമ്മിലുള്ള സംഭാഷണരീതിയിലാണ് ഇതെഴുതിയിരിക്കുന്നത്. മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യമെന്തെന്നുള്ള സഹോദരന്റെ ചോദ്യത്തോടുകൂടെ ഇതാരംഭിക്കുന്നു.

മനുഷ്യാവതാരത്തിൽ ദൈവം കാട്ടിയ സ്നേഹത്തിനുള്ള പ്രതികരണമായി സന്യാസജീവിതം അവതരിപ്പിക്കുന്നു.

2. സ്നേഹത്തെപ്പറ്റി നാല് സെഞ്ചറികൾ: മാക്സിമുസിന്റെ ഏറ്റവും വിശിഷ്ട കൃതിയാണിത്. സ്നേഹത്തിന്റെ ശുദ്ധീകരണമായി ആധ്യാത്മികജീവിതം അവതരിപ്പിക്കുന്നു. എവാഗ്രിയസാണ് അദ്ദേഹത്തിന്റെ അടിസ്ഥാനം. സെവുഡോ-ഡയനീഷ്യസിന്റെയും സ്വാധീനം ദൃശ്യമാണ്. ദൈവവുമായുള്ള ഐക്യത്തിൽ സമഗ്രമനുഷ്യൻ ഉൾക്കൊള്ളുന്നു.

3. സംശയങ്ങളും ചോദ്യങ്ങളും: ഈ തലക്കെട്ട് നൽകിയത് ആധുനിക പ്രസാധകരാണ്. ചോദ്യോത്തരങ്ങൾ എന്നാണ് യഥാർഥപേര്. ബൈബിൾ സംബന്ധമായും പിതാക്കന്മാരുടെ കൃതികൾ സംബന്ധമായുമുള്ള ചോദ്യങ്ങളും ഉത്തരങ്ങളുമാണിതിൽ.

4. പ്രശ്നാവലി (അംബിഗ്വാ): അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഒരു ഡോഗ്മാറ്റിക് കൃതിയാണിത്. ഗ്രിഗറി നസ്യാൻസന്റെ കൃതികളിലെ പ്രയാസമുള്ള ഭാഗങ്ങളുടെ ചർച്ചയാണിതിൽ.

5. തലാസ്യൂസിനുള്ള കൃതി: ബൈബിൾ വിഷയങ്ങൾ സംബന്ധിച്ചുള്ള ചോദ്യോത്തരങ്ങളാണിതിൽ. *അംബിഗ്വാ* കഴിഞ്ഞാൽ മാക്സിമുസിന്റെ ദൈവശാസ്ത്ര വീക്ഷണമറിയാൻ ഇത് ഏറ്റവും സഹായകമാണ്.

6. ദൈവശാസ്ത്ര സംബന്ധമായും ദൈവപുത്രന്റെ ദിവ്യാവതാരവ്യാപാര സംബന്ധമായുമുള്ള രണ്ട് സെഞ്ചറികൾ. മാക്സിമുസിന്റെ ദൈവശാസ്ത്രത്തിന്റെ ചുരുക്കം ഇതിൽ കാണാം.

7. പതിനഞ്ച് അധ്യായങ്ങൾ: മനുഷ്യന്റെ വീഴ്ചയും മനുഷ്യാവതാരവും സംബന്ധിച്ച വിചിന്തനങ്ങളും മാക്സിമുസിന്റെ മെറ്റാഫിസിക്സും ഇതിൽ അവതരിപ്പിക്കുന്നു.

8. തെയോപെംപ്തോസിനുള്ള ചോദ്യങ്ങൾ: തലാസിയുസിനുള്ള കൃതിയുടെ അനുബന്ധമായി മൂന്നു തിരുലിഖിത ഭാഗങ്ങളുടെ (ലൂ.18,6; 6,29; യോഹ. 20,27) വിശദീകരണം നൽകുന്നു.

9. പിൽക്കാലപ്രശ്നാവലി: ത്രിത്വസംബന്ധമായും ക്രിസ്തുശാസ്ത്ര സംബന്ധമായും ഗ്രിഗറി നസ്യാൻസനിൽ നിന്നുള്ള ഭാഗങ്ങൾ വിശദീകരിക്കുന്നു (അധ്യാ.1-4). ഡയനീഷ്യസിന്റെ കത്തിന്റെ വിശദീകരണമാണ് അടുത്തത് (5).

10. പീറൂസുമായുള്ള ചർച്ച: പീറൂസുമായി ഏകചിത്തവാദം സംബന്ധിച്ച് വടക്കേ ആഫ്രിക്കയിൽ വച്ച് 645-ൽ നടന്ന സംവാദമാണിത്. പീറൂസ് ഇതു കഴിഞ്ഞ് മാനസ്സാന്തരപ്പെട്ട് റോമിലേക്കുപോയി.



11. ദൈവശാസ്ത്രപരവും താർക്കികവുമായ ചെറിയ കൃതികൾ: അത്തരത്തിലുള്ള 27 എണ്ണം പ്രസിദ്ധീകൃതമായിട്ടുണ്ട്. ഏകചിത്തവാദവും മോണോഎനർജിസവും ഇളക്കിവിട്ട ചർച്ചകളുടെ വ്യക്തതയ്ക്കുവേണ്ടി താത്വികവും ദൈവശാസ്ത്രപരവുമായ പദങ്ങൾ സംബന്ധിച്ചുള്ള *ഫ്ളോറിലേജിയ* ആണ് പലതും.

12. സങ്കീർത്തനം 59-ന്റെ വിശദീകരണം. ഇതൊരാദ്യകാല കൃതിയാണ്.

13. കർതൃപ്രാർഥനയെപ്പറ്റി: പ്രാർഥനയെക്കുറിച്ചുള്ള ഒരു പ്രതിപാദനമാണിത്. ഒരിജൻ, ഗ്രിഗറി നീസ്സാ എന്നിവരുടെ കൃതികളെ ആധാരമാക്കിയാണ് ഇത് എഴുതിയിരിക്കുന്നത്.

14. മിസ്റ്റഗോഗിയാ: കുർബാനയിലെ കർമാനുഷ്ഠാനങ്ങളുടെ സിംബോളിക് വ്യാഖ്യാനമാണിത്.

15. സഭാകലണ്ടർ: ഉയർപ്പുതിരുനാൾ കണക്കു കൂട്ടുന്നതു സംബന്ധിച്ചാണിത്.

16. ലേഖനങ്ങൾ: 45 ലേഖനങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്.

17. ഡയനീഷ്യൻ കൃതികൾക്കുള്ള സ്കോളിയാ: ഇതിൽ മാക്സിമുസ് തയാറാക്കിയതും ഷിതോപ്പൊളീസിലെ ജോൺ തയാറാക്കിയതുമുണ്ട്. മാക്സിമുസിൽ നിന്ന് എത്രമാത്രം ഉണ്ടെന്ന് വ്യക്തമല്ല.

18. കന്യകമറിയത്തിന്റെ ജീവചരിത്രം: മറിയം ദൈവമാതാവാണെന്ന് തറപ്പിച്ചു പറയുന്ന കൃതിയാണിത്.

## ദൈവശാസ്ത്രം

അദ്ദേഹം വളരെ ക്രമീകൃതമായി ദൈവശാസ്ത്രം എഴുതിയിട്ടില്ല. ചോദ്യോത്തര രീതിയിലാണ് മിക്ക കൃതികളും. തന്റെ സന്യാസ പശ്ചാത്തലത്തിലാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. ചോദ്യോത്തരരീതിയും സെഞ്ചറി രീതിയും അദ്ദേഹത്തിന് പ്രിയംകരമായിരുന്നു. സന്യാസ സർക്കിളുകളിൽ രണ്ടാമത്തെ രീതി വ്യാപകമായി പ്രചരിച്ചിരുന്നു. ഏകഇച്ഛാവാദവും മോണോ എനർജിസവും ശക്തിയായി ആഞ്ഞടിക്കാൻ തുടങ്ങിയപ്പോൾ മാത്രമാണ് അദ്ദേഹം സത്യവിശ്വാസം ഉയർത്തിപ്പിടിക്കാൻ ക്രിസ്തുശാസ്ത്ര തർക്കങ്ങളിലേക്ക് ഇറങ്ങിയത്. ചക്രവർത്തിമാർ ഐക്യമുണ്ടാക്കാൻ കടുത്ത വിട്ടുവീഴ്ചയ്ക്ക് മുതിന്നപ്പോൾ അദ്ദേഹത്തിന് അവരെയും എതിർക്കേണ്ടിവന്നു. അതിന് അദ്ദേഹം കനത്തവില നൽകേണ്ടിയും വന്നു. കാൽസിഡൺ ക്രിസ്തുശാസ്ത്ര ഫോർമുലയുടെ ഒരു പ്രശസ്ത വക്താവായിരുന്നു അദ്ദേഹം. അദ്ദേഹത്തിൽ പ്ലറ്റോണിക് സ്വാധീനം ദൃശ്യമാണ്. അദ്ദേഹത്തിന്റെ ഒരു സുപ്രധാന സ്രോതസ്സ് എവാഗ്രിയസാണ്. താപസ്സജീവിതത്തിന്റെ

പരമലക്ഷ്യം *വികാരരാഹിത്യം (അപതെയ്യാ)* ആണെന്ന് എവാഗ്രിയസിനോടൊപ്പം അദ്ദേഹം പഠിപ്പിച്ചു. എന്നാൽ ചില കാര്യങ്ങളിൽ എവാഗ്രിയസിൽ നിന്ന് വ്യത്യസ്തമായി ചിന്തിച്ചിരുന്നു. അതുപോലെ മക്കാരിയൻ ഹോമിലികളും ഫൊതീക്കിലെ ഡിയഡോക്കുസിന്റെ കൃതികളും അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ട്. എവാഗ്രിയസിന്റെ ബൗദ്ധികാധ്യാത്മികതയും മക്കാരിയുസിന്റെ ഹൃദയത്തിന്റെ ആധ്യാത്മികതയും കൂട്ടിയിണക്കുന്ന ആധ്യാത്മികതയാണ് അദ്ദേഹം അവതരിപ്പിച്ചത്. അക്കാലത്ത് പരക്കെ പ്രചരിച്ചിരുന്ന ഒരിജനിസം ശുദ്ധീകരിച്ച് ഓർത്തഡോക്സ് രീതിയിൽ അവതരിപ്പിക്കാൻ മാക്സിമുസ് ശ്രമിച്ചു.

# 6. പിൽക്കാല എഴുത്തുകാർ

## അനസ്താസ്യൂസ് (7-ാം നൂ.)

മാക്സിമുസിന്റെ സഹപ്രവർത്തകരും സ്നേഹിതരുമായി രണ്ടുപേർ അറിയപ്പെടുന്നു. അവരിൽ ഒരാളാണ് അനസ്താസ്യൂസ്. ആഫ്രിക്കയിൽ ജനിച്ച അനസ്താസ്യൂസ് 618 മുതൽ അദ്ദേഹത്തിന്റെ ശിഷ്യനും സന്തതസഹചാരിയുമായി. അദ്ദേഹത്തോടൊപ്പം സത്യവിശ്വാസം ഉയർത്തിപ്പിടിച്ചുകൊണ്ട് ഏകചിത്തവാദത്തിനെതിരെ നിലകൊണ്ടു. സത്യവിശ്വാസത്തിനു വേണ്ടി കോൺസ്റ്റാന്റിനോപ്പിളിൽവച്ച് അദ്ദേഹത്തോടൊപ്പം വിസ്തരിക്കപ്പെടുകയും വലത്തുകൈയും നാക്കും ഛേദിക്കപ്പെടുകയും ചെയ്തു. അതിനുശേഷം നാടുകടത്തപ്പെട്ടു. മാക്സിമുസിന്റെ മരണത്തിനുമുമ്പ് (662) കരിങ്കടലിന്റെ തെക്കുകിഴക്കൻ തീരത്തുള്ള ലാസിക്കായിൽവച്ച് വിപ്രവാസത്തിൽ മരിച്ചു.

## അനസ്താസ്യൂസ് അപ്പൊക്രിസാരിയുസ് (7-ാം നൂ.)

മാക്സിമുസിന്റെ മറ്റൊരു ശിഷ്യനായിരുന്നു അദ്ദേഹം. അയാൾ പേപ്പൽ പ്രതിനിധി ആയിരിക്കാം. അദ്ദേഹത്തോടൊപ്പം ശിക്ഷിക്കപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. *ഡോക്ത്രീനാ പാത്രും* എന്ന "ഫ്ളോറിലേജ്" അയാളുടെ പേരിൽ അറിയപ്പെടുന്നു. അദ്ദേഹത്തിന്റേതായി ചില കൃതികൾ അറിയപ്പെടുന്നു:

1. ഗാംഗ്രായിലെ തിയഡോറിനുള്ള കത്ത് മാക്സിമുസിന്റെ മരണത്തിലേക്കു നയിച്ച സംഭവങ്ങൾ വിവരിക്കുന്നു. 2. അശ്കലോനിലെ സന്യാസികൾക്കുള്ള കത്ത്. 3. മാക്സിമുസിന്റെ ആദ്യനാടുകടത്തലിനെപ്പറ്റിയും ആദ്യവിസ്താരത്തെപ്പറ്റിയുമുള്ള വിവരണം. 4. കോൺസ്റ്റാന്റിനോപ്പിളിലെ ജനങ്ങൾക്കെതിരെയുള്ള കൃതി.



## തിയഡോർ സ്പുദേവുസ്

അനസ്താസ്യൂസ് അപ്പൊക്രിസാരിയുസിന്റെ സ്നേഹിതനായിരുന്നു തിയഡോർ. കോൺസ്റ്റാന്റിനോപ്പിളിലോ, പലസ്തീനായിലോ ഉള്ള ആശ്രമാംഗമായിരുന്നു. ഏകചിത്തവാദികളിൽ നിന്ന് പീഡനം ഏൽക്കേണ്ടിവന്ന മാർട്ടിൻ പാപ്പാ, മാക്സിമുസ്, അവരുടെ സഹപ്രവർത്തകർ എന്നിവരെപ്പറ്റി വിവരിക്കുന്ന ഒരുകൃതി അദ്ദേഹത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. അതുപോലെ മാർട്ടിൻ പാപ്പായുടെ സഹനങ്ങളെ കുറിച്ച് ഉത്തര ആഫ്രിക്കാ, റോം എന്നിവിടങ്ങളിലെ ജനങ്ങൾക്ക് ഒരനുസ്മരണം എഴുതി.

## തെസ്സലോനിക്കയിലെ ജോൺ (7-ാം നൂ.)

തെസ്സലോനിക്കക്കാരനായ ജോൺ 603/6-നു ശേഷം അവിടുത്തെ മെത്രാനായി. 620-ൽ ഉണ്ടായ ഭൂമികുലുക്കത്തിനു മുമ്പ് മരിച്ചു. സ്ലാവുകൾ, അവാർസ് തുടങ്ങിയ ആക്രമണകാരികളുടെ ഒന്നിലേറെ കടന്നാക്രമണങ്ങളെ ചെറുത്തുനിൽക്കാൻ ജോൺ നേതൃത്വം നൽകി. തെസ്സലോനിക്കയുടെ മധ്യസ്ഥനായ വി. ദെമിത്രിയോസിന്റെ അത്ഭുതങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥം 610-നുശേഷം രചിച്ചു. അതിൽ 15 അത്ഭുതങ്ങൾ വിവരിക്കുന്നു. ദെമെത്രിയോസാണ് നഗരത്തെ രക്ഷിച്ചതെന്ന് സാക്ഷിക്കുന്നു. അതുപോലെ അദ്ദേഹം പല ഹോമിലികളും രചിച്ചു. മറിയത്തിന്റെ സ്വർഗാരോപണം ആഗസ്റ്റ് 15-ന് നിശ്ചയിച്ചുകൊണ്ട് തെസ്സലോനിക്കയിൽ നടപ്പാക്കുന്നതു സംബന്ധിച്ചാണ് "മാതാവിന്റെ നിദ്ര" എന്ന ഹോമിലി. സുഗന്ധദ്രവ്യ വാഹിനിയായ സ്ത്രീ, ക്രിസ്തുവിന്റെ പരീക്ഷകൾ, ദെമിത്രിയോസ്, സ്നാപകന്റെ ശിരച്ഛേദനം എന്നിവയും ഹോമിലികളുടെ വിഷയങ്ങളാണ്. അദ്ദേഹത്തിന്റെ പേരിൽ ഒരു പ്രാർഥനയും അറിയപ്പെടുന്നു.

## കേസറിയായിലെ അന്ത്രയോസ് (6/7 ാം നൂ.)

കപ്പഡോഷ്യയിലെ കേസറിയാ മെത്രാൻ അന്ത്രയോസിൽ നിന്ന് "മരണാനന്തരം ആത്മാവിന്റെ അവസ്ഥ", "ഉത്ഥാനരീതിയും സമയവും" എന്നിവ സംബന്ധിച്ച് ചില രേഖാശകലങ്ങൾ ലഭിച്ചിട്ടുണ്ട്. അയാൾ വെളിപാടുപുസ്തകത്തിന് ഒരു ഭാഷ്യം രചിച്ചു. അതിൽ എക്യുമേനിയുസിനെ പേരുപറയാതെ ഉടനീളം ഉദ്ധരിച്ചിട്ടുണ്ട്. ജറുസലേം ബിസന്റൈൻ ഭരണത്തിൻ കീഴിൽ ആയിരുന്നപ്പോഴാണ് (614-നു മുമ്പ്) ഇതെഴുതിയത്. ജറുസലേം 614-627 കാലഘട്ടത്തിൽ പേർഷ്യൻ ഭരണത്തിലും 638 മുതൽ സ്ഥിരമായി അറബികളുടെ കീഴിലുമായിരുന്നു. ഈ ഭാഷ്യം 24 പുസ്തകങ്ങളായും 72 അധ്യായങ്ങളായും തിരിച്ചിരിക്കുന്നു. വെളിപാട് 5,8-ലെ 24 മൂപ്പന്മാരെ അനുസ്മരിച്ചുകൊണ്ടാണ് 24 പുസ്തകങ്ങൾ. ഓരോന്നിനും ശരീരം, ആത്മാവ്, അരൂപി എന്നിങ്ങനെ മൂന്നു കാര്യങ്ങൾ ഉള്ളതിനാൽ 24-നെ മൂന്നുകൊണ്ട് ഗുണിക്കുമ്പോൾ 72 കിട്ടും. വെളിപാടിലെ രണ്ടോ മൂന്നോ വാചകങ്ങൾ ഒന്നി

ച്ചെടുത്ത് മുൻകാല എഴുത്തുകാർ കൊടുത്ത വ്യാഖ്യാനം നൽകുകയാണ് പതിവ്. *കത്തേന* രചയിതാക്കളുടെ രീതിയാണ് അയാൾ അവലംബിച്ചിരിക്കുന്നത്. പപ്പിയാസ്, ജസ്റ്റിൻ, ഐറേനിയസ്, ഹിപ്പോളിറ്റസ്, മെതോഡിയസ് എന്നിവരെ ഉദ്ധരിക്കുന്നു. തന്റെ സ്വന്തം അഭിപ്രായം അധികമൊന്നും അവതരിപ്പിക്കുന്നില്ല.

## സിക്കെയോനിലെ ജോർജ് (7-ാം നൂ.)

ഗലാത്യയിലെ ഒരു ഗ്രാമത്തിൽ ജനിച്ച്, എലൈവുസിയോസ് എന്ന് പേരുള്ള ഒരു യുവാവ്, സിക്കെയോനിൽ വി. ഗീവർഗീസിന്റെ ആശ്രമത്തിൽ ചേർന്നു. അപ്പോൾ തിയഡോറായിരുന്നു (+613) അധ്യക്ഷൻ . അവിടെവച്ച് ഗീവർഗീസ് (ജോർജ്) എന്ന് പേരുമാറ്റി. അയാൾ പിന്നീട് അവിടുത്തെ അധ്യക്ഷനായി. തിയഡോറിനെ പറ്റിയുള്ള കഥകൾ ശേഖരിച്ച് "സിക്കെയോനിലെ വി. തിയഡോറിന്റെ ജീവചരിത്രം" എന്നപേരിൽ ഒരു ജീവചരിത്രമെഴുതി.

## കോൺസ്റ്റാന്റിനോപ്പിളിലെ സേർജിയുസ് (610-638)

കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന ഇയാൾ കാൽസിഡൺ വിരുദ്ധ പശ്ചാത്തലത്തിൽ നിന്നാണ് വന്നത്. വിവിധ വിഭാഗക്കാരെ യോജിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം ഭക്തനും സമാധാനപ്രിയനുമായിരുന്നു. കാൽസിഡൺ വിശ്വാസം അലക്സാണ്ട്രിയൻ പശ്ചാത്തലത്തിൽ മനസ്സിലാക്കുകയും വചനത്തിന്റെ ഹ്യൂപ്പോസ്റ്റാറ്റിക് ഐക്യത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്ത ആളായിരുന്നു അദ്ദേഹം. ആദ്യം ഹാഗിയാ സോഫിയാ ദൈവാലയത്തിലെ ഡീക്കനും പിന്നീട് 610-ൽ ഫോക്കാസിന്റെ പതനത്തിനുമുമ്പ് പാത്രിയർക്കീസുമായി. ഹെരാക്ലിയസ് ചക്രവർത്തിയുമായി അടുത്തു സഹകരിച്ചു പ്രവർത്തിച്ചു. അവാർസ് 626-ൽ കോൺസ്റ്റാന്റിനോപ്പിൾ ആക്രമിച്ചപ്പോൾ, സേർജിയുസാണ് രക്ഷിച്ചതെന്നു പറയപ്പെടുന്നു. ഈ അവസരമാണ് സുപ്രസിദ്ധമായ *അകാതിസ്തോസ്* അദ്ദേഹം രചിച്ചത്. എന്നാൽ അതിന്റെ ആമുഖവാക്യങ്ങളെഴുതി പ്രചരിപ്പിച്ചതേയുള്ളു എന്നും ഒരഭിപ്രായമുണ്ട്. കാൽസിഡൺ വിരോധികളായ യാക്കോബായക്കാരുമായി യോജിപ്പിലെത്താൻ മോണെനെർജിസം എന്ന തത്വം അവതരിപ്പിച്ചു. ഏകസ്വഭാവത്തിൽ നിന്നല്ല, ഏകയാളിൽ നിന്നാണ് *മോണെനെർജിസം*. അതിന്റെ തുടർച്ചയായി ഏകഇച്ഛാവാദവും അവതരിപ്പിച്ചു.

ഫാറാനിലെ തിയഡോർ മെത്രാനുമായി 615-നോടടുത്ത് ബന്ധപ്പെട്ടു. വിജീലിയുസ് പാപ്പായ്ക്ക് മെന്നാസെഴുതിയ രേഖ (*ലിബെല്ലുസ്*) തിയഡോറിന് സേർജിയുസ് അയച്ചുകൊടുത്തു. സേർജിയുസിന്റെ അഭിപ്രായം തിയഡോർ അംഗീകരിച്ചു. സേർജിയുസ് തന്റെ അഭിപ്രായങ്ങൾ 621/2-ൽ ഹെരാക്ലിയസ് ചക്രവർത്തിയെ ധരിപ്പിച്ചു. സേർജിയുസിന്റെ ഉപദേശാനുസൃതം, ചക്രവർത്തി 630-ൽ അർമേനിയൻ, സിറിയൻ സഭകളുമായി ധാരണയിലായി.



ഫാസിസിലെ സൈറസുമായി സേർജിയുസ് 626-ൽ ദൈവശാസ്ത്ര ചർച്ചയിൽ ഏർപ്പെട്ടു. സൈറസ് 631-ൽ അലക്സാണ്ട്രിയൻ പാത്രിയർക്കീസായി നിയമിതനായി. *തിയഡോഷ്യർ* എന്നറിയപ്പെട്ട അലക്സാണ്ട്രിയൻ കാൽസിഡൺ വിരുദ്ധരുമായി രണ്ടു വർഷത്തിനുശേഷം ഐക്യധാരണ ഉണ്ടാക്കി. ഐക്യത്തിനുള്ള നിബന്ധനകൾ ഒൻപത് ഖണ്ഡികകളിലായി നൽകി. ഏഴാം ഖണ്ഡിക ഇരുസ്വഭാവങ്ങളെപ്പറ്റി പറയുന്നു. എന്നാൽ സിറിൽ പഠിപ്പിച്ച *മിയാ ഫ്യൂസിസും* ഡയനീഷ്യസിന്റെ "ഏക ദൈവിക-മാനുഷിക എനെർജിയും" അതിന്റെ കൂടെ സൂചിപ്പിച്ചു. ഇതിന്റെ കോപ്പി ഹൊണോറിയുസ് പാപ്പായ്ക്ക് അയച്ചുകൊടുക്കാൻ സൊഫ്രോണിയുസിനോട് സൈറസ് നിർദേശിച്ചു. ഐക്യം യാഥാർഥ്യമായി കഴിഞ്ഞതിനാൽ ആളുകൾ ഏകപ്രവൃത്തി എന്നോ ഇരുപ്രവൃത്തികൾ എന്നോ പറയാതെ, ക്രിസ്തു ദൈവിക-മാനുഷിക കർമങ്ങളിൽ ഏകയാളാണെന്ന് മാത്രം പറഞ്ഞാൽ മതിയെന്ന് സിനഡിന്റെ പിൻതുണയോടുകൂടി സൈറസിന് സേർജിയുസ് എഴുതി.

യാക്കോബായാ പക്ഷത്തേക്കുള്ള ചാച്ചിലായി ഈജിപ്തിൽ അത് വ്യാഖ്യാനിക്കപ്പെട്ടു. ചക്രവർത്തിയും സേർജിയുസും സൈറസും കൂടി പുതിയ വിശ്വാസപ്രഖ്യാപനം പ്രസിദ്ധീകരിച്ചു. സൊഫ്രോണിയുസിന്റെ എതിർപ്പുണ്ടായപ്പോൾ, സേർജിസുസ് 634-ൽ ഹൊണോറിയുസ് പാപ്പായ്ക്ക് എഴുതി, പശ്ചാത്തലം വിശദീകരിച്ചു. എന്നാൽ കാൽസിഡൺ അംഗീകരിക്കണമെന്ന കാര്യം ഐക്യഫോർമുലയിൽ ചേർത്തില്ലെന്നു പറയാൻ സേർജിയുസ് മറന്നുപോയി. ഹോണോറിയുസ് തന്റെ മറുപടിയിൽ സേർജിയുസിന്റെ നിലപാട് അംഗീകരിച്ചു. ക്രിസ്തുവിൽ ഏകഇച്ഛയാണെന്ന് പറയുകയും ചെയ്തു. ക്രിസ്തു എന്ന ഏകയാളാണ് പ്രവർത്തിക്കുന്നതെന്ന തീസിസ്, സൊഫ്രോണിയുസിന്റെ ഇടപെടൽ നിമിത്തം സേർജിയുസ് സിനഡിൽ അംഗീകരിച്ചു. ഇതിനോടകം ജറുസലേം പാത്രിയർക്കീസായിത്തീർന്ന സോഫ്രോണിയുസ് ഈ ഒത്തുതീർപ്പിൽ നിന്ന് അകന്നുനിന്നു. "എനെർഗെയ്യാ തെയാൻഡ്രിക്കെ" എന്ന ഡയനീഷ്യൻ ഫോർമുലയെ ആധാരമാക്കി ക്രിസ്തുവിൽ രണ്ട് സ്വാഭാവിക പ്രവർത്തനങ്ങളുണ്ടെന്ന് ഒരു ചാക്രികലേഖനത്തിൽ അദ്ദേഹം തറപ്പിച്ചുപറഞ്ഞു. എന്നാൽ സേർജിയുസ് ഈ ചാക്രികലേഖനം അംഗീകരിച്ചില്ല. അയാൾ അതിൽ നെസ്തോറിയനിസം ദർശിച്ചു. ക്രിസ്തുവിൽ ഏകയാളാണ് എല്ലാം ചെയ്യുന്നത് എന്ന സംഗതിയിൽ ഉറച്ചുനിന്നു. സംഗതികളുടെ നിജസ്ഥിതി അയാൾ ഹൊണോറിയുസിനെ അറിയിച്ചു. രണ്ട് "എനെർജി"എന്നത് നവീനപ്രബോധനമായി പോപ്പിനു തോന്നി. ക്രിസ്തുവിൽ ഏകഇച്ഛയാണെന്നു പറയുന്ന ശൈലിക്ക് അദ്ദേഹം മുൻതൂക്കം കൊടുത്തു. സേർജിയുസ് തയാറാക്കിയ *എക്ഥെസിസ്* എന്ന രേഖ ഹെരാക്ലിയസ് ചക്രവർത്തി 638-ൽ ഒരു ഇമ്പീരിയൽ ഡിക്രിവഴി പ്രസിദ്ധീകരിച്ചു. ത്രിത്വസംബന്ധമായ സത്യവിശ്വാസവും ക്രിസ്തുശാസ്ത്ര സംബന്ധമായ കാൽസിഡൺ പ്രബോധനവും ഇതിലൂടെ അവതരിപ്പിച്ചു. ക്രിസ്തുവിൽ ഒരെനെർജി

യാണോ രണ്ടാണോ എന്ന് ചർച്ച നടത്തരുതെന്നും കൽപിച്ചു. അതേസമയം ഏകഇച്ഛയാണെന്ന് പഠിപ്പിക്കുകയും ചെയ്തു. സിനഡിന്റെ പിന്തുണയോടുകൂടെ ഇതംഗീകരിക്കാൻ സേർജിയുസ് കൽപിച്ചു. അതിന്റെ കോപ്പി റോമിലേക്കയച്ചുകൊടുത്തു. അധികം താമസിയാതെ 638 ഡിസംബർ 9-ന് സേർജിയുസ് മരിച്ചു.

അതിനുശേഷം പാത്രിയർക്കീസായ പീറൂസ് (639) സിനഡുകൂടി *എക്ഥെസിസ്* അംഗീകരിക്കാൻ എല്ലാവരെയും നിർബന്ധിച്ചു. പിന്നെ അധികാരത്തിൽ വന്ന കോൺസ്റ്റൻസ് ചക്രവർത്തി 648-ൽ *ത്യൂപോസ്* എന്നരേഖ പ്രസിദ്ധീകരിച്ചു. അതിൽ വിശ്വാസപ്രഖ്യാപനം ഒന്നുമില്ലായിരുന്നു. ഏക ഇച്ഛാവാദത്തിന്റെയും ഇരുഇച്ഛാവാദത്തിന്റെയും പേരിൽ ആരെയും കുറ്റം വിധിക്കരുതെന്ന് കൽപിച്ചു. എന്നാൽ 649-ലെ ലാതറൻ സിനഡ് (റോം) യേശുക്രിസ്തുവിൽ രണ്ട് ഇച്ഛകളും രണ്ട് സ്വാഭാവിക പ്രവർത്തനങ്ങളുമുണ്ട് എന്ന ഫോർമുല അംഗീകരിച്ചു. പിന്നെ നടന്ന പൊതുസിനഡ് (680/1) ഈ ഫോർമുല അംഗീകരിച്ചു. ഇതിനു ചുക്കാൻ പിടിച്ചത് വിശ്വാസസാക്ഷിയായ മാക്സിമുസായിരുന്നു. ഏകസ്വഭാവവാദികളുമായുള്ള ഒത്തുതീർപ്പിനുവേണ്ടി സത്യവിശ്വാസത്തിൽ നിന്നകന്നു എന്ന ചിന്തയാൽ ലാതറൻ സിനഡും (649) പൊതുസിനഡും(680/1) സേർജിയുസിനെ പാഷണ്ഡിയായി മുദ്രകുത്തി. മോണോതെലിറ്റിസത്തിന്റെ ആരംഭകനായി ഈ സിനഡുകൾ അയാളെ കണ്ടു. സമകാലീനരേഖകളും സേർജിയുസിന് അനുകൂലമായിരുന്നില്ല. എന്നാൽ ആധുനിക കാലത്തുള്ള അഭിപ്രായം വ്യത്യസ്തമാണ്.

## പിസീദിയായിലെ ജോർജ് (7-ാം നൂ.)

പിസീദിയായിലെ അന്ത്യോക്യയിൽ ജനിച്ച ജോർജ്, ഹാഗിയാ സോഫിയായിൽ ഡീക്കനായി. സേർജിയുസിന്റെ കാലത്ത് (610-638) കോൺസ്റ്റാന്റിനോപ്പിളിൽ പല ഉദ്യോഗങ്ങൾ വഹിച്ചു. ചക്രവർത്തിയുടെ അരമനയിൽ പാത്രിയർക്കീസിന്റെ പ്രതിനിധിയായി വർത്തിച്ചു. ഹെരാക്ലിയസിന്റെ പേർഷ്യൻ യുദ്ധത്തിൽ (622-3) അദ്ദേഹത്തെ അനുഗമിച്ചു. ചരിത്രപരവും ദൈവശാസ്ത്രപരവുമായ കാവ്യങ്ങൾ, രക്തസാക്ഷിയായ വി. അനസ്താസൂസിന്റെ ജീവചരിത്രം എന്നിവ രചിച്ചു.

## തിമോതി പ്രെസ്ബിറ്റർ

ഹാഗിയാ സോഫിയായിലെ ട്രഷറാർ ആയിരുന്നു തിമോതി. വിവിധയിനം പാഷണ്ഡികളെ കുറിച്ചും അവരെ സഭയിൽ സ്വീകരിക്കുന്നതിനെ കുറിച്ചും അദ്ദഹം ഒരു കൃതിയെഴുതി. ചിലർക്ക് സ്നാനം മുതൽ നൽകണം, മറ്റുചിലർക്ക് മൂറോനഭിഷേകം നൽകിയാൽ മതി. മൂന്നാംവിഭാഗക്കാർ തങ്ങളുടെ പാഷണ്ഡത തള്ളിപ്പറഞ്ഞാൽ മതി. ആറാം നൂറ്റാണ്ടിലെ വിവിധ ഏകസ്വഭാവ വിഭാഗങ്ങളെപ്പറ്റി ഗ്രഹിക്കാൻ ഈ കൃതി സഹായകമാണ്.



## തിയഡോർ സിൻചെല്ലൂസ്

സേർജിയുസ് പാത്രിയർക്കീസിന്റെ സഹപ്രവർത്തകനും ഹാഗിയാ സോഫിയായിലെ വൈദികനുമായിരുന്നു തിയഡോർ. അദ്ദേഹത്തിന്റെ രണ്ട് ഹോമിലികൾ ലഭിച്ചിട്ടുണ്ട്. പരിശുദ്ധ മറിയത്തിന്റെ തിരുവസ്ത്രം ബ്ലാക്കെർണെയിൽ തിരികെ കൊണ്ടുവന്ന് സ്ഥാപിച്ചതോടനുബന്ധിച്ചാണ് ഒന്നാമത്തേത്. അവാർ ആക്രമണം ഭയന്ന് (619) അത് ഒളിച്ചുവച്ചിരുന്നു. ലെയോ ചക്രവർത്തിയുടെ കാലം മുതൽ (457-474) ഇതിന്റെ പെരുന്നാളാഘോഷം അവിടെ ഉണ്ടായിരുന്നെന്ന് പറയുന്നു. രണ്ടാമത്തേത് 626-ൽ അവാർസ് കോൺസ്റ്റാന്റിനോപ്പിൾ ആക്രമിക്കാൻ മുതിർന്നതിനെ പറ്റിയാണ്.

## സന്യാസിയായ ജോർജ്

സന്യാസവൈദികനായിരുന്ന ജോർജിന്റെ രണ്ട് കൃതികൾ ലഭിച്ചിട്ടുണ്ട്. ഒന്ന് വിവിധ പാഷണ്ഡതകളെപ്പറ്റിയാണ്: മനിക്കെയിസം മുതൽ അക്കാലം വരെയുള്ള വിവിധ അബദ്ധോപദേശങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നു. ഏകസ്വഭാവവാദികളുടെ വിവിധ വിഭാഗക്കാരെപ്പറ്റിയുള്ള അറിവ് നൽകുന്നു.ഒരിജനിസത്തെപ്പറ്റി വ്യാപകമായി വിവരിക്കുന്നു. എപ്പിഫാനിയസിന്റെ *പനാരിയോൻ*, മറ്റു സ്രോതസ്സുകൾ എന്നിവ അയാൾ ഉപയോഗിച്ചിട്ടുണ്ട്. രണ്ട്, ഈസ്റ്റർതീയതി സംബന്ധിച്ചുള്ള രേഖ. ബിസന്റൈൻ കാലഘട്ടത്തെപ്പറ്റി പരാമർശിക്കുന്ന ആദ്യത്തെ കാലഗണനരേഖ ആണിത്. ഹെരാക്ലിയസിന്റെ *എക്ഥെസിസ്* പ്രസിദ്ധീകരിച്ച വർഷമാകാം (638) ഇതെഴുതിയത്.

## സേർജിയാ

സേർജിയുസ് പാത്രിയർക്കീസിന്റെ കാലത്ത് കോൺസ്റ്റാന്റിനോപ്പിളിലെ ഒരു മഠത്തിന്റെ അധ്യക്ഷ ആയിരുന്നു സേർജിയാ. ഒളിംപിയാസ് (5-ാം നൂ.) സ്ഥാപിച്ചതായിരുന്നു ആ മഠം. വിശുദ്ധ ഒളിംപിയാസിന്റെ തിരുശേഷിപ്പ് തങ്ങളുടെ മഠത്തിന് ലഭിച്ചതിനെപ്പറ്റി സേർജിയാ ഒരു വിവരണം എഴുതിയിട്ടുണ്ട്. പേർഷ്യാക്കാരുടെ ആക്രമണത്തിൽ (626) തകർന്ന ബ്രോക്കോയിസിലെ ആശ്രമത്തിൽ നിന്നാണ് തങ്ങളുടെ മഠത്തിലേക്ക് ഈ തിരുശേഷിപ്പ് മാറ്റിയതെന്ന് അവർ പറയുന്നു.

## ലിസ്ത്രായിലെ എയോബുളുസ്

കാൽസിഡൺ വിരുദ്ധരെ ഐക്യപ്പെടുത്താനും രമ്യതപ്പെടുത്താനുമുള്ള ഹെരാക്ലിയസ് ചക്രവർത്തിയുടെ പരിശ്രമത്തിന്റെ പരിണിതഫലമായിരുന്നു *മോണോതെലിറ്റിസം* എന്ന ചിന്താധാര. അദ്ദേഹം യാക്കോബായാ പാത്രിയർക്കീസുമായി ചർച്ചകളിൽ ഏർപ്പെടുകയും അവർക്ക് സ്വീകാര്യമായ മോണോതെലിറ്റിസം പ്രചരിപ്പിക്കുകയും ചെയ്തു. പേർഷ്യാക്കാരുമായുള്ള യുദ്ധത്തിൽ അതിർത്തി പ്രദേശങ്ങളിലെ യാക്കോബായക്കാരുടെ സൗഹൃദം

ചക്രവർത്തിക്ക് ആവശ്യമായിരുന്നു. യാക്കോബായക്കാരെ പ്രീതിപ്പെടുത്താൻ സത്യവിശ്വാസത്തിൽ ചക്രവർത്തി വെള്ളം ചേർത്തു എന്ന് പല കാൽസിഡൺ പക്ഷക്കാരും കരുതി. അവരിൽ ഒരാളായിരുന്നു എയോബുലുസ്. കെന്നെശ്രീനിലെ അത്തനാസ്യോസ് എന്ന യാക്കോബായാ മെത്രാനെതിരെ എയോബുലുസ് എഴുതിയ കൃതിയുടെ ചില ഭാഗങ്ങൾ ലഭ്യമാണ്. ലിക്കൊവോനിയായിലെ ലിസ്ത്രാ മെത്രാനായിരുന്നു എയോബുലുസ്. കാൽസിഡൺ വിരുദ്ധരുടെ ക്രിസ്തുശാസ്ത്ര വിശദീകരണങ്ങളെ ന്യായീകരിക്കുന്ന നടപടികൾക്കുള്ള മറുപടിയായിരുന്നു അയാളുടെ കൃതി.

## കോൺസ്റ്റാന്റിനോപ്പിളിലെ പീറൂസ് (638-654)

ഹാഗിയാ സോഫിയായിലെ ഒരു പ്രെസ്ബിറ്ററും സന്യാസിയുമായിരുന്നു പീറൂസ്. സേർജിയുസിന്റെ പിൻഗാമിയായി 638-ൽ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായി. ഹെറാക്ലിയസ് ചക്രവർത്തിയുടെ *എക്തെസിസ്* അംഗീകരിച്ചു. കോൺസ്റ്റൻസ് രണ്ടാമൻ സ്ഥാനമേറ്റപ്പോൾ, ഏകചിത്തവാദിയായ പീറൂസ് പാത്രിയർക്കാസ്ഥാനം രാജിവച്ച് (641) ആഫ്രിക്കയിൽ പോയി താമസിച്ചു. അവിടെയും ഏകചിത്തവാദം പ്രചരിപ്പിക്കാൻ ശ്രമിച്ചു. അവിടെവച്ച് മാക്സിമുസുമായി സംവാദത്തിലേർപ്പെട്ടു. മാക്സിമുസിന്റെ സ്വാധീനത്താൽ 646-ൽ മാനസ്സാന്തരപ്പെട്ട് റോമിലേക്കു പോയി. എന്നാൽ തുടർന്നും ഏകചിത്ത ചിന്താഗതിക്കടിപ്പെട്ടതിനാൽ, 649-ലെ ലാതറൻ സിനഡ് അയാളെ കുറ്റക്കാരനായി വിധിച്ചു. ചക്രവർത്തി 649-ൽ പുറപ്പെടുവിച്ച ത്യൂപ്പോസ് അംഗീകരിച്ചതിനാൽ കുറച്ചുനാൾ കോൺസ്റ്റാന്റിനോപ്പിളിൽ തുടർന്ന് ഭരിച്ചു. പീറൂസിന്റെ മിക്ക കൃതികളും നഷ്ടപ്പെട്ടു.

## കോൺസ്റ്റാന്റിനോപ്പിളിലെ പൗലോസ് II (641-653)

ഹാഗിയാ സോഫിയായിലെ ഇക്കോണമുസ് ആയിരുന്ന പൗലോസ്, പീറൂസിന്റെ പിൻഗാമിയായി 641-ൽ കോൺസ്റ്റാന്റിനോപ്പിളിൽ പാത്രിയർക്കീസായി. തന്റെ തെരഞ്ഞെടുപ്പിനെപ്പറ്റി അറിയിച്ചുകൊണ്ടും തന്റെ വിശ്വാസപ്രഖ്യാപനം പ്രസ്പഷ്ടമാക്കിക്കൊണ്ടും അദ്ദേഹം തിയഡോർ മാർപാപ്പായ്ക്ക് കത്തയച്ചു. എന്നാൽ മുൻഗാമിയായ പീറൂസിനെ പാഷണ്ഡിയായി സിനഡ് വിധിക്കണമെന്ന് തിയഡോർ പാപ്പാ നിർബന്ധിച്ചു. അതിനു മറുപടിയായി ഏകചിത്തവാദത്തെ ന്യായീകരിക്കുന്ന ഒരു രേഖ പൗലോസ് റോമിലേക്ക് അയച്ചുകൊടുത്തു. തന്റെ വിശ്വാസം റോമൻവിശ്വാസത്തിൽ നിന്ന് വ്യത്യസ്തമല്ലെന്നും പൗലോസ് വാദിച്ചു. അതിന് ഉപോദ്ബലകമായി ചില സഭാപിതാക്കന്മാരുടെ കൃതികളിൽ നിന്നുള്ള ഉദ്ധരണികളും പൗലോസ് ചേർത്തിരുന്നു. അപ്പോൾ തിയഡോർ പാപ്പാ പൗലോസിനെ സ്ഥാനഭ്രഷ്ടനാക്കി. അതിന്റെ ഫലമായി ഒരു റോമൻവിരുദ്ധനീക്കം കോൺസ്റ്റാന്റിനോപ്പിളിൽ ഉണ്ടായി. കോൺസ്റ്റൻസ് രണ്ടാമന്റെ *ത്യൂപ്പോസ്* എന്ന രേഖ (648) മാർട്ടിൻ ഒന്നാമൻപാപ്പാ (649) തള്ളിക്കളയുകയും പീറൂസിനെതിരെയുള്ള മഹറോൻ പുതുക്കുകയും ചെയ്തു. ആറാമത്തെ എക്യൂമെനിക്കൽ കൗൺസിൽ പീറൂസിനോടൊപ്പം പൗലോസിനെയും ശപിച്ചു.



## തിയഡോർ ഡീക്കൻ

പൗലോസ് രണ്ടാമൻ പാത്രിയർക്കീസിന്റെ സെക്രട്ടറിയും പ്രസംഗകനുമായ ഒരു ഡീക്കനായിരുന്നു തിയഡോർ. ഏകചിത്തവാദത്തിന്റെ എതിരാളികൾക്കെതിരെ 642-ൽ അയാൾ രണ്ട് പ്രശ്നങ്ങൾ (*അപ്പോറിയേ*) അവതരിപ്പിച്ചു. ഒന്നാമത്തേത്, ക്രിസ്തുവിൽ അജ്ഞതയും ഇച്ഛയും ഒരേ തട്ടിലാണ്. രണ്ടാമത്തേത്, സ്വഭാവത്തിന് അനുസൃതമാണ് ഇച്ഛ എന്നത് നവീന പ്രബോധനമാണ്. ഇതിനു രണ്ടിനും വിശ്വാസസാക്ഷിയായ മാക്സിമുസ് മറുപടി നല്കി. തിയോഡോറിന്റെ *അപ്പോറിയാ* തെറ്റാണെന്ന് സമർഥിച്ചു. വാചക ക്രമസർത്തിൽ അധിഷ്ഠിതമായിരുന്നു ''ചിത്തം'', "അജ്ഞത" എന്നിവ സംബന്ധിച്ച വാദകോലാഹലങ്ങൾ എന്ന് മാക്സിമുസ് തെളിയിച്ചു.

## തലാസ്യൂസ് ആശ്രമാധ്യക്ഷൻ (7-ാം നൂ.)

ലിബിയായിലെ ഒരാശ്രമാംഗവും വൈദികനും മാക്സിമുസിന്റെ സ്നേഹിതനുമായിരുന്നു അദ്ദേഹം. മാക്സിമുസ് അദ്ദേഹത്തിന് കത്തുകളയയ്ക്കുകയും തന്റെ മൂന്നു കൃതികൾ അദ്ദേഹത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്നേഹം, സ്വയംനിഗ്രഹം എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നു ഒരു കൃതി നാല് സെഞ്ചുറികൾ എന്ന പേരിൽ ലഭിച്ചിട്ടുണ്ട്. 630-നോടടുത്ത് മരിച്ചു.

## ഗ്രിഗറി പ്രെസ്ബിറ്റർ (6/7-ാം നൂ.)

ഗ്രിഗറി നസ്യാൻസനെ പ്രകീർത്തിച്ചു കൊണ്ടുള്ള ഒരു സ്തുതിപ്രഭാഷണം ഇയാളുടെ പേരിൽ അറിയപ്പെടുന്നു. ഗ്രിഗറിയെ "ദൈവശാസ്ത്രജ്ഞൻ" എന്നു വിളിക്കുന്ന ഒരാദ്യരേഖയാണിത്. ഇയാളെപ്പറ്റി മറ്റൊന്നും നമുക്കറിവില്ല.

## ഗ്രിഗറി അഗ്രിജെന്തോ

ഈ പേരിൽ രണ്ടുപേർ അറിയപ്പെടുന്നു. ഒരാൾ ഗ്രിഗറി മാർപാപ്പായുടെ കാലത്ത് 591-ൽ റോമിൽ പോയി ചില കാര്യങ്ങളെ സംബന്ധിച്ച് തന്റെ നിലപാട് വ്യക്തമാക്കി, നിഷ്ക്കളങ്കത തെളിയിച്ചു. മറ്റൊരു ഗ്രിഗറി, ജസ്റ്റീനിയൻ രണ്ടാമന്റെ കാലത്ത് (685-95;705-711) ജീവിച്ചിരുന്നു. അവരിൽ ഒരാൾ, മിക്കവാറും രണ്ടാമത് പറഞ്ഞയാൾ, സഭാപ്രസംഗകന് ഒരു വ്യാഖ്യാനമെഴുതി. തന്റെ മുൻഗാമികളെഴുതിയ വ്യാഖ്യാനങ്ങൾ അയാൾ ഉപയോഗിച്ചിട്ടുണ്ട്. പിതാക്കന്മാരുടെ കാലത്ത് ഈ ഗ്രന്ഥത്തിനെഴുതിയ ഏറ്റവും നല്ല വ്യാഖ്യാനമാണിത്. ലെയോൺഷ്യൂസ് എന്ന റോമൻസന്യാസി 750-നും 830-നും ഇടയ്ക്ക് അഗ്രിജെന്തോയിലെ ഗ്രിഗറിയുടെ ഒരു ജീവചരിത്രമെഴുതി. മുകളിൽ പറഞ്ഞ രണ്ടുപേരിൽ ആരുടേതാണ് ഇതെന്ന് വ്യക്തമല്ല.

## കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ VI (712–715)

ജസ്റ്റീനിയൻ രണ്ടാമൻ ചക്രവർത്തിയെ കൊന്നിട്ട് ബർദാനെസ് എന്നയാൾ ഫിലിപ്പിക്കുസ് എന്ന് പേരെടുത്ത് ചക്രവർത്തിയായി. അയാൾ ഏകചിത്ത വാദിയായിരുന്നു. അയാൾ 680/1-ലെ സിനഡിന്റെ നടപടികൾ റദ്ദാക്കാനും സത്യവിശ്വാസികളായ മെത്രാന്മാരെ നാടുകടത്താനും തുടങ്ങി. കോൺസ്റ്റാന്റി നോപ്പിളിലെ സൈറസിനെ സ്ഥാനഭ്രഷ്ടനാക്കിയിട്ട് 712-ൽ ജോണിനെ തൽസ്ഥാനത്ത് നിയമിച്ചു. അപ്പോൾ അയാൾ ഒരു ഡീക്കനും പാത്രി യാർക്കൽ ഗ്രന്ഥശേഖരത്തിന്റെ ചുമതലക്കാരനുമായിരുന്നു. ചക്രവർത്തി യുടെ ഇച്ഛാനുസരണം പ്രവർത്തിച്ച ജോൺ ഒരു പാവയെപ്പോലെ പെരു മാറി. അയാൾ 680/1-ലെ സിനഡ് റദ്ദാക്കി, ഏകചിത്തവാദത്തെ അനുകൂലി ച്ചുകൊണ്ട് കോൺസ്റ്റൻടൈൻ പാപ്പായ്ക്കെഴുതി. പാപ്പാ ചക്രവർത്തിയെ അംഗീകരിച്ചിരുന്നില്ല. അപ്പോഴേക്കും സത്യവിശ്വാസിയായ അനസ്താസ്യൂസ് രണ്ടാമൻ ഫിലിപ്പൂസിനെ പരാജയപ്പെടുത്തി ചക്രവർത്തിയായി (713). ഉട നെ ജോൺ തന്റെ ആശയങ്ങൾ മാറ്റി ഏകചിത്തവാദത്തിന് എതിരായ നില പാടെടുത്തു. ചക്രവർത്തിയുടെ നിർബന്ധത്താലാണ് താൻ ഏകചിത്തവാ ദത്തെ അനുകൂലിച്ചതെന്ന് പിന്നീടുള്ള എഴുത്തുകുത്തുകളിൽ റോമിനെ അറിയിച്ചു. മരിക്കുന്നതുവരെ (715) സത്യവിശ്വാസിയായി സഭയെ നയിച്ചു. ഗ്രീക്കുസഭ അദ്ദേഹത്തെ വിശുദ്ധനായി കരുതുന്നു.

## കോൺസ്റ്റാന്റിനോപ്പിളിലെ ജർമാനുസ് (715–730)

ജോണിന്റെ പിൻഗാമിയായത് സിസിക്കുസ് മെത്രാനായിരുന്ന ജർമാനുസാ ണ്. അയാൾ ഒരുന്നതോദ്യോഗസ്ഥന്റെ മകനായിരുന്നു. തന്റെ പിതാവിന്റെ മരണശേഷം ഹാഗിയാ സോഫിയായിലെ വൈദികഗണത്തിൽ ചേർന്നു. ജസ്റ്റിൻ രണ്ടാമൻ ചക്രവർത്തി (705) അയാളെ സിസിക്കുസിലെ മെത്രാനാ ക്കി. ഫിലിപ്പിക്കുസ് ചക്രവർത്തിയുടെ സിനഡിൽ പങ്കെടുത്ത് 680/1-ലെ തീരു മാനങ്ങൾ റദ്ദാക്കുകയും ഏകചിത്തവാദത്തെ അനുകൂലിക്കുകയും ചെയ്തു. ഫിലിപ്പിക്കുസിന്റെ മരണശേഷം സത്യവിശ്വാസത്തിലേക്കു തിരിഞ്ഞു. 715-ൽ പാത്രിയർക്കീസായി. ലെയോ മൂന്നാമനെ 717-ൽ ചക്രവർത്തിയായി വാഴിച്ചു. അക്കാലത്തുടലെടുത്ത *ഐക്കണോക്ലാസം* എന്ന പാഷണ്ഡതയെ അമർച്ച ചെയ്യാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഛായാചിത്രങ്ങൾ തകർക്കലിനെ അദ്ദേഹം എതിർത്തു. രൂപങ്ങൾ തകർക്കുന്ന ഡിക്രിയിൽ ഒപ്പുവയ്ക്കാൻ ചക്രവർത്തി നിർബന്ധിച്ചപ്പോൾ (730) അദ്ദേഹം രാജിവച്ച് വിശ്രമജീവിതം നയിച്ചു. 733-ൽ മരിച്ചു. അദ്ദേഹത്തിന്റേതായി രണ്ട് കൃതികൾ അറിയപ്പെടുന്നു.

## ക്രീറ്റിലെ അന്ത്രയോസ് (660–740)

അക്കാലത്തെ ഒരു പ്രശസ്തകവിയും പ്രസംഗകനുമായിരുന്നു അന്ത്രയോ സ്. ഡമാസ്കസിലെ ഒരുന്നത ക്രൈസ്തവകുടുംബത്തിൽ 660-ൽ ജനിച്ച



അന്ത്രയോസ്, ജറുസലേമിൽ തിരുക്കല്ലറ ദൈവാലയാശ്രമത്തിലെ സന്യാ സിയായി. കോൺസ്റ്റാന്റിനോപ്പിളിലേക്ക് 685-ൽ ഡലഗേഷനായി പോയ അദ്ദേഹം തുടർന്ന് അവിടെ താമസിച്ചു. അവിടെ വച്ച് ഡീക്കനായി, വൃദ്ധരു ടെയും അനാഥരുടെയും സംരക്ഷണച്ചുമതല ഏറ്റെടുത്തു. ചക്രവർത്തി 700 -ാമാണ്ടോടുകൂടി അന്ത്രയോസിനെ ക്രീറ്റിലെ ഗൊർതീനാ മെത്രാനായി നിയ മിച്ചു. ഫിലിപ്പിക്കുസിന്റെ കാലത്ത് ഏകചിത്തവാദം അംഗീകരിച്ചെങ്കിലും, പിന്നീട് സത്യവിശ്വാസം ഏറ്റുപറഞ്ഞു. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നുള്ള ഒരു മടക്കയാത്രയിൽ ലെസ്ബോസ് ദ്വീപിൽ വച്ച് മരിച്ചു. പ്രതിമാഭഞ്ജന ലഹളയുടെ ആദ്യഘട്ടം അക്കാലത്ത് തുടങ്ങിയിരുന്നെങ്കിലും അദ്ദേഹം തർക്ക ങ്ങളിൽ ഇടപെട്ടില്ല. അക്കാലത്തെ അറിയപ്പെട്ട പ്രസംഗകനായിരുന്നു അദ്ദേഹം. അമ്പതിലധികം പ്രസംഗങ്ങളിൽ എട്ടെണ്ണം മറിയത്തെപ്പറ്റിയാണ്. ആരാധനക്രമവർഷത്തിലെ പ്രധാനപ്പെട്ട കർതൃസംഭവങ്ങളെപ്പറ്റി അദ്ദേഹം പ്രസംഗങ്ങൾ നടത്തി. അതുപോലെ പല ഗീതങ്ങളും രചിച്ചു.

## കോസ്മാസ് വെസ്തിതോർ (730–850)

ഒരു ഇമ്പീരിയൽ ജോലിക്കാരനായിരുന്ന കോസ്മാസിന്റെ പേരിൽ ചില കൃതി കൾ അറിയപ്പെടുന്നു. ജോൺ ക്രിസൊസ്തോമിന്റെ തിരുശേഷിപ്പ് തിരികെ കൊണ്ടുവന്നതിനെപ്പറ്റി അഞ്ച് പ്രസംഗങ്ങൾ, ജോണിന്റെ ജീവചരിത്രം, സ ക്കറിയാസ്, ബാർബറാ, യൊവാക്കിം, ഹന്ന എന്നിവരെപ്പറ്റിയുള്ള സ്തുതി പ്രഭാഷണം എന്നിവയാണവ.

## ഏസ്യൂസ് പ്രെസ്ബിറ്റർ

കോൺസ്റ്റാന്റിനോപ്പിളിലെ ഒരു പ്രെസ്ബിറ്ററായ ഏസ്യൂസ് സ്നാപകയോ ഹന്നാനെപ്പറ്റി ഒരു സ്തുതിപ്രഭാഷണം നടത്തി.

## ജോർജ് ഗ്രമ്മാത്തിക്കുസ്

വി. ബർണബാസിനെക്കുറിച്ച് രണ്ട് സ്തുതിപ്രഭാഷണങ്ങൾ ജോർജിന്റെ പേരിൽ അറിയപ്പെടുന്നു.

## ജോൺ കർപാതിയൻ

കർപാതോസ് ദ്വീപിൽ നിന്നുള്ള ജോണിന്റെ പേരിൽ രണ്ടു കൃതികൾ അറി യപ്പെടുന്നു. ഫോസിയസ് തന്റെ കൃതിയിൽ ജോണിനെ പരാമർശിക്കുന്നു. ഇൻഡ്യയിലെ സന്യാസികൾക്കുള്ള സെഞ്ചറി, രണ്ടാം സെഞ്ചറി എന്നിവ യാണ് അയാളുടെ കൃതികൾ. അയാളുടെ പേരിൽ അറിയപ്പെടുന്ന മറ്റു ചില കൃതികൾ അയാളുടേതല്ല.

# 7. മൂന്ന് സമാഹാരങ്ങൾ

## പാസ്കൽ ക്രോണിക്കിൾ (630)

ഉയർപ്പുതിരുനാൾ കൃത്യമായി കണക്കു കൂട്ടുന്നതിനുള്ള സംരംഭമാണ് ഇതിൽ കാണുന്നത്. സൃഷ്ടി മുതൽ 629 വരെയുള്ള സംഗതികൾ ഇതിൽ വിവരിക്കുന്നു. സേർജിയുസ് പാത്രിയർക്കീസിന്റെ (610-638) സഹപ്രവർത്തകനായ വൈദികസ്ഥാനിയായിരിക്കാം ഇതിനു രൂപം നൽകിയത്.

### ഫോളോറിലേജിയാ

ക്രിസ്തുശാസ്ത്ര തർക്കങ്ങൾ ഉടലെടുത്തപ്പോൾ ഓരോ വിഭാഗവും തങ്ങളുടെ നിലപാട് ന്യായീകരിക്കാൻ തങ്ങളുടെ മുൻഗാമികളുടെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ സമാഹരിക്കാൻ തുടങ്ങി. അവ "ഡോഗ്മാറ്റിക് ഫ്ളോറിലേജ്" എന്ന് അറിയപ്പെടുന്നു. അലക്സാണ്ട്രിയായിലെ സിറിൽ നെസ്തോറിയൻ തർക്കത്തിനിടയിൽ ഇതുപോലെ അഞ്ചെണ്ണം സമാഹരിച്ചു. നാലെണ്ണം ലഭ്യമാണ്. നെസ്തോറിയസിന്റെ പ്രബോധനരീതി പിതാക്കന്മാരടെ പ്രബോധന രീതിയുമായി ഒത്തുപോകുന്നതല്ലെന്നു കാണിക്കാൻ എഫേസോസ് സിനഡിൽ അദ്ദേഹം ഒരു സമാഹാരം സമർപ്പിച്ചു. ഏകസ്വഭാവവാദികളുടെ പിൽക്കാല സമാഹാരങ്ങളുടെയെല്ലാം അടിസ്ഥാനമിതാണ്. അവയിൽ തിമോതി ഐലൂറോസിന്റേതാണ് (458-77) ഏറ്റവും വലുത്. സിറിലിന്റെ എതിരാളികളും ഈ രീതി തന്നെ സ്വീകരിച്ചു. തിയഡൊറെറ്റ് തന്റെ പെന്റാലോഗോസ്, എരാനിസ്തെസ് എന്നീ കൃതികളിൽ ഇപ്രകാരമുള്ള സമാഹാരങ്ങൾ ചേർത്ത് അന്ത്യോക്യൻ ക്രിസ്തുശാസ്ത്ര ഫോർമുലകളെ ന്യായീകരിച്ചു. സാമസോട്ടയിലെ അന്ത്രയോസും അതുപോലെ ഒന്ന് തയാറാക്കി. അന്ത്യോക്യൻ ചിന്താഗതിക്കാരുടെ ഫ്ളോറിലേജുകളുടെ അടിസ്ഥാനം തിയഡൊറെറ്റിന്റെ ശേഖരമാണ്. കാൽസിഡൺ കൗൺസിലിൽ ലെയോയുടെ ഫ്ളോറിലേജിനോടൊപ്പം ഇതും അവതരിപ്പിച്ചു. ഇത് പിൽക്കാലത്ത് കാൽസിഡൺ കൗൺസിലിനെ പിൻതാങ്ങിക്കൊണ്ടുള്ള രേഖയായിത്തീർന്നു. അതുപോലെ സിറിലിന്റെ സമാഹാരത്തിൽ നിന്നും എടുത്ത് പ്രസിദ്ധീകരിച്ചു. കാൽസിഡൺ കൗൺസിലിനെ ന്യായീകരിച്ചുകൊണ്ട് പ്രസിദ്ധീകരിച്ചവയ്ക്ക് എതിരായി അന്ത്യോക്യയിലെ സെവേരൂസ് എഴുതുകയുണ്ടായി.

സേനോ ചക്രവർത്തിയുടെ ഹെനോട്ടിക്കോൻ എന്ന രേഖയ്ക്ക് ശേഷം ഇരുപക്ഷക്കാരും തങ്ങളുടെ നിലപാട് ന്യായീകരിക്കാൻ ഈ രീതി അവലംബിച്ചു. ബിസാൻസ്യത്തിലെ ലെയോൺഷ്യൂസും ജസ്റ്റീനിയനും 520-നു ശേഷം തങ്ങളുടെ സ്വന്തമായ സമാഹാരങ്ങൾ ഉണ്ടാക്കി. "നെസ്തോറിയർക്കും എവുതീക്കിയർക്കുമെതിരെ" എന്ന തന്റെ കൃതിയുടെ മൂന്നു ഭാഗത്തും ലെയോൺഷ്യൂസ് ഇത്തരം സമാഹാരങ്ങൾ ചേർത്തിട്ടുണ്ട്. സെവേരൂസിന്റെ സമാഹരമാണ് കാൽസിഡൺ വിരുദ്ധചേരിയിലെ പ്രധാനപ്പെട്ട ഫ്ളോറിലേജ്. അത് സുറിയാനിയിലാണ് ലഭിച്ചിരിക്കുന്നത്. "പിതാക്കന്മാരുടെ ഉദ്ധരണികൾ" എന്നു പറഞ്ഞ് ഓരോ സമാഹാരകനും ഉദ്ധരിച്ച ടെക്സ്റ്റുകൾ വിമർശനബുദ്ധ്യാ പരിശോധിക്കുന്ന പ്രവണത പിന്നീട് ഉടലെടുത്തു. തദ്ഫലമായി, പല ഉദ്ധരണികളും വസ്തുനിഷ്ഠമല്ലെന്ന് കണ്ടെത്താൻ തുടങ്ങി.



ഏകചിത്തവാദികൾക്കെതിരെ ഏഴാം നൂറ്റാണ്ടിൽ പുതിയ സമാഹാരങ്ങൾ ഉടലെടുത്തു. മാക്സിമുസിന്റേതാണ് (646) ഇവയിൽ ഏറ്റവും വലുത്. സഭാനേതാക്കന്മാർ ലാതറൻ സിനഡിലും (646) കോൺസ്റ്റാന്റിനോപ്പിൾ സിനഡിലും (680/1) ഇത്തരം സമാഹരങ്ങൾ ഉപയോഗപ്പെടുത്തി. പ്രതിമാഭഞ്ജനതർക്കം ഉടലെടുത്തപ്പോൾ രൂപങ്ങളെ വണങ്ങുന്നത് ന്യായീകരിച്ചു കൊണ്ടുള്ള സമാഹാരങ്ങളുണ്ടായി. വി. ജോൺ ഡമഷീൻ തന്റെ കൃതികളിൽ വണക്കത്തെ ന്യായീകരിച്ചുകൊണ്ട് പിതാക്കന്മാരിൽ നിന്നുള്ള ഉദ്ധരണികളുടെ സമാഹാരം നൽകി. എല്ലാ വിശ്വാസസത്യങ്ങളുടെയും തെളിവിനായി ഫ്ളോറിലേജുകൾ ഉണ്ടാക്കുന്ന പ്രവണത ഏഴാം നൂറ്റാണ്ടു മുതൽ ഉണ്ടായി. "ഡോക്ത്രീനാ പാത്രും" എന്ന സമാഹാരം 660-നും 685-നും ഇടയ്ക്ക് ഇപ്രകാരം ഉണ്ടായതാണ്. മാക്സിമുസിന്റെ സർക്കിളിലാണ് അതുണ്ടായത്. അതുപയോഗിച്ചാണ് ജോൺ ഡമഷീൻ തന്റെ സമാഹാരം മോടിപിടിപ്പിച്ചത്. മറ്റു തരത്തിലുള്ള ഫ്ളോറിലേജുകൾ എട്ടാം നൂറ്റാണ്ടിനുശേഷം ഉടലെടുത്തു.

## ഗ്രീക്ക് ഭാഷ്യകത്തേനകൾ

കത്തേനാ-കത്തേനേ എന്നത് ഒരു ലത്തീൻ വാക്കാണ്. ശൃംഖല, ചങ്ങല, തുടൽ. തത്തുല്യമായ ഗ്രീക്കുവാക്ക് സെയ്റാ എന്നാണ്. വേദപുസ്തകഭാഷ്യങ്ങൾക്ക് അഞ്ചാം നൂറ്റാണ്ടു മുതൽ ഈ പദം ഉപയോഗിച്ചുവരുന്നു. വേദപുസ്തകം വാക്യാനുവാക്യമെടുത്ത് മുൻകാല ഭാഷ്യകാരന്മാരുടെ വ്യാഖ്യാനങ്ങൾ ചേർത്തുചേർത്തു വച്ച് വിശദീകരിക്കുകയാണ് രീതി. ചിലപ്പോഴൊക്കെ മൂലത്തിൽ നിന്ന് ചുരുക്കി നൽകാറുണ്ട്. എവിടെ നിന്നുദ്ധരിക്കുന്നെന്ന് ചുരുക്കിക്കൊടുത്തിരുന്നു. പകർത്തിയെഴുത്തിൽ വന്ന പിശകുകൊണ്ടും മറ്റും പലപ്പോഴും പേരുകൾ മാറിപ്പോകാറുണ്ട്. സമ്പൂർണഭാഷ്യം ലഭ്യമായ സാഹചര്യങ്ങളിലൊക്കെ തെറ്റുതിരുത്താൻ സാധിക്കും. കത്തേനേ എന്ന പദം ആധുനികമാണ്. പ്രാചീനർ വിളിച്ചിരുന്നത് "എക്സേഗേതികായ് എക്ളോഗായ് "എന്നാണ്. പ്രൊക്കോപ്പിയസിന്റെ കത്തേനയും (*സ്യുനഗോഗേ തോൺ എക്സേഗേതി കോൺ എക്ളോഗോൺ*) പലസ്തീനയിൽ നിന്നുള്ള സങ്കീർത്തന കത്തേനയും (*സ്യുനഗോഗേ എക്സേഗേസെയോൻ*) ഇപ്രകാരമാണ് അറിയപ്പെട്ടിരുന്നത്. ബൈബിളിലെ മിക്ക ഗ്രന്ഥങ്ങൾക്കും കത്തേനകൾ ഉണ്ടായിട്ടുണ്ട്. ഇന്ന് നഷ്ടപ്പെട്ട പല ഗ്രന്ഥങ്ങളുടെയും ഭാഗങ്ങൾ ഈ കത്തേനകളിൽ കാണാം. ചില സമാഹാരങ്ങളിൽ പിതാക്കന്മാരുടെ വാചകങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ചിലപ്പോഴൊക്കെ പേരുകൾ മാറ്റി പറഞ്ഞിട്ടുമുണ്ട്.

# V
# ഈജിപ്തിലെ സഭാനേതാക്കന്മാരും കൃതികളും

**ആമുഖം**

ഈജിപ്തിലെ സഭ അലക്സാണ്ട്രിയൻ സഭയെന്നും കോപ്തിക്ക് സഭയെന്നും അറിയപ്പെടുന്നു. റോമൻ സാമ്രാജ്യത്തിലെ രണ്ടാമത്തെ പ്രമുഖ നഗരമായിരുന്നു റോമൻ ഈജിപ്തിന്റെ തലസ്ഥാനമായ അലക്സാണ്ട്രിയ. എന്നാൽ കോൺസ്റ്റാന്റിനോപ്പിൾ പൗരസ്ത്യ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായതോടെ അലക്സാണ്ട്രിയാ മൂന്നാംസ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടു. അറബികൾ കെയ്റോ അവരുടെ തലസ്ഥാനമാക്കുന്നതുവരെ അലക്സാണ്ട്രിയായ്ക്ക് പ്രമുഖസ്ഥാനം ഉണ്ടായിരുന്നു. അലക്സാണ്ട്രിയൻ മെത്രാനും സഭയിൽ രണ്ടാം സ്ഥാനമായിരുന്നു. തേബായിസ് രണ്ട് പ്രോവിൻസുകൾ, ഈജിപ്ത് രണ്ട് പ്രോവിൻസുകൾ, അർക്കേഡിയാ, അഗുസ്താംനിക്കാ, ലിബിയായിലെ രണ്ടു പ്രോവിൻസുകൾ എന്നീ പ്രദേശങ്ങളിന്മേൽ അലക്സാണ്ട്രിയൻ മെത്രാന് അധികാരമുണ്ടായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ മെത്രാന്റെ ഉയർച്ച അലക്സാണ്ട്രിയൻ മെത്രാനെ മൂന്നാം സ്ഥാനത്താക്കി. കാൽസിഡൺ കൗൺസിലിൽ (451) അലക്സാണ്ട്രിയൻ പാത്രിയർക്കീസ് ദിയസ്കോറോസിനെ മുടക്കി സ്ഥാനഭ്രഷ്ടനാക്കിയത് അലക്സാണ്ട്രിയായുടെ വിലയിടിച്ചു. അത് ഈജിപ്തുകാരെ ചൊടിപ്പിച്ചു. കാൽസിഡൺ കഴിഞ്ഞപ്പോൾ ഈജിപ്തിലെ മഹാഭൂരിപക്ഷം ജനങ്ങളും കാൽസിഡൺ വിരുദ്ധചേരിയിലേക്ക് നീങ്ങി. കാൽസിഡൺ അനുകൂലികൾ രാജപക്ഷക്കാർ എന്നറിയപ്പെട്ടു. അവർ ഒരു ന്യൂനപക്ഷമായിത്തീർന്നു. അന്നുമുതൽ അറബി ആക്രമണംവരെ ഈജിപ്തിലെ സഭാന്തരീക്ഷം കുഴഞ്ഞുമറിഞ്ഞതായിരുന്നു. അറബി ആക്രമണം വിമോചനമായി കണ്ടവരുണ്ട് അവരുടെ ഇടയിൽ. ഈജിപ്ഷ്യൻ സഭയിലെ ചില എഴുത്തുകാർ ഗ്രീക്കിലും സന്യാസികളും



മറ്റും കോപ്തിക്കിലുമാണ് കൃതികളെഴുതിയത്. അറബി ആക്രമണത്തിനു ശേഷവും ഗ്രീക്കിൽ എഴുതിയവരുണ്ടായിരുന്നു.

## 1. ഗ്രീക്കിലെഴുതിയ എഴുത്തുകാർ

### ചരിത്രകാരനായ ഫീലോ

സീനായിലെ അനസ്താസ്യൂസിന്റെ പേരിൽ അറിയപ്പെടുന്ന "ദൈവദൂഷണത്തെപ്പറ്റി" എന്ന കൃതിയിലും "പൗരോഹിത്യത്തിന്റെ മഹനീയതയെപ്പറ്റി" എന്ന കൃതിയിലും സഭാചരിത്രകാരനും താത്വികനുമായ ഒരു ഫീലോയെപ്പറ്റി പരാമർശിക്കുന്നതായി രേഖാശകലങ്ങളിൽ കാണുന്നു. നാലാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനും ഇടയ്ക്കായിരിക്കാം അയാൾ ജീവിച്ചിരുന്നത്.

### മർക്കോസ് ദിയദോക്കുസ്

"ആരിയർക്കെതിരെയുള്ള പ്രസംഗം" എന്ന അപ്പോളജെറ്റിക്കൽ കൃതി മർക്കോസിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പിതാവും പുത്രനും ഒരേ സത്തയാണെന്ന് ആരിയർക്കെതിരെ അയാൾ വാദിക്കുന്നു.

### പനൊദോറുസ് (4/5-ാം നൂ.)

അലക്സാണ്ട്രിയൻ കാലാനുക്രമണിക സ്കൂളിന്റെ പിതാവാണദ്ദേഹം. ആഫ്രിക്കാനുസിന്റെയും എവുസേബിയസിന്റെയും പാതയിലൂടെയാണ് കാലാനുക്രമണിക തയാറാക്കിയത്. അലക്സാണ്ട്രിയയിലെ തെയോഫിലസിന്റെയും (+412) അർക്കേഡിയസ് ചക്രവർത്തിയുടെയും കാലത്താണ് സന്യാസിയായ അദ്ദേഹം ജീവിച്ചിരുന്നത്. അന്നിയാനുസ് എന്ന സന്യാസി പനൊദോറുസിന്റെ തുടർച്ചയായി 412 വരെയുള്ളത് രചിച്ചു. ഈ കാലാനുക്രമണിക ഇന്നു ലഭ്യമല്ല. എന്നാൽ ഇതുപയോഗിച്ച് ജോർജ് സിൻചെല്ലൂസ് എന്ന ബിസന്റൈൻകാരൻ (9-ാം നൂ.) ഒരു ഗ്രന്ഥം തയാറാക്കി. ഈജിപ്ഷ്യൻ ചരിത്രസംഗതികളിലാണ് പനൊദോറുസ് കൂടുതൽ ശ്രദ്ധിച്ചത്. ഈജിപ്തിലെ നെയോ-പ്ലറ്റോണിക് പശ്ചാത്തലം അദ്ദേഹത്തെ കുറെയൊക്കെ സ്വാധീനിച്ചിട്ടുണ്ട്. പനൊദോറുസ് 5493-ൽ ക്രിസ്തുവിന്റെ ജനനവും 5526-ൽ ക്രൂശാരോഹണവും കണക്കാക്കി. അയാൾ ആദം മുതലാണ് കണക്കു കൂട്ടിയത്.

### അന്നിയാനുസ്

പനൊദോറുസിന്റെ സമകാലീനനായിരുന്നു അയാൾ. പനൊദോറുസിന്റെ ക്രോണിക്കിളിന്റെ തുടർച്ച 412 വരെ പൂർത്തിയാക്കിയെങ്കിലും നഷ്ടപ്പെട്ടു പോയി. ജോർജ് സിൻചെല്ലൂസ് ഇതും ഉപയോഗിച്ചിട്ടുണ്ട്. അയാളുടെ കണക്കുകൂട്ടൽ അനുസരിച്ച് 5501 മാർച്ച് 25-നാണ് മനുഷ്യാവതാരം നടന്നത്. പീഡാനുഭവം 5534 മാർച്ച് 23-നും ഉത്ഥാനം മാർച്ച് 25-നും അത്രേ.

## തർസോസിലെ സെവുഡോ അഗതോണിക്കുസ്

ഗ്രീക്കിൽ നിന്ന് കോപ്തിക് ഭാഷയിലേക്ക് വിവർത്തനം ചെയ്തിരിക്കുന്ന കുറേ ടെക്സ്റ്റുകൾ ഒരു അഗത്തോണിക്കുസിൽ ആരോപിച്ചിരിക്കുന്നു: "വിശ്വാസത്തെപ്പറ്റി", "ഉത്ഥാനത്തെപ്പറ്റി ജസ്റ്റിനുമായുള്ള ചർച്ച", "സ്ത്രതോണിക്കുസുമായുള്ള സംഭാഷണം", "വിശ്വാസരാഹിത്യത്തെപ്പറ്റി" എന്നിവയാണ് ആ രേഖകൾ. "കാൽസിഡണെതിരെ" എന്ന രേഖ പിൽക്കാലത്ത് ആരോ കൂട്ടിച്ചേർത്തതാകാം. ഈജിപ്തിലെ ഒരിജനിസ്റ്റ്-എവാഗ്രിയൻ സന്യാസികളുടെ ഇടയിലായിരിക്കാം ഇതിന്റെ രൂപീകരണം.

## ഹെർമോഗെനെസ് (5-ാം നൂ.)

റിനോകൊറൂറാ (ഫാർമ) മെത്രാനായിരുന്നു അയാൾ. കിഴക്കൻ ഈജിപ്തിൽ പലസ്തീനാ മൂന്നിന്റെ അതിർത്തിയിൽ അഗുസ്താംനിക്കാ ഒന്നിലെ ഒരു പട്ടണമായിരുന്നു റിനോകൊറൂറാ. ഹെർമോഗെനെസ് എഫേസോസ് സിനഡിൽ (431) സിറിലിന്റെ പക്ഷത്തായിരുന്നു. കൗൺസിലിനുശേഷം ലംപേസ്യൂസിനോടൊപ്പം റോമിൽ സെലസ്റ്റിൻ പാപ്പായുടെ പക്കലേക്ക് സിറില്ല്യൻ മെത്രാന്മാർ അയാളെ അയച്ചു. സെലസ്റ്റിന്റെ മരണശേഷമാണ് (432 ജൂലൈ 27) അവർ റോമിലെത്തിയത്. അടുത്ത പാപ്പായായ സിക്സ്റ്റസിന്റെ അഭിഷേകത്തിൽ പങ്കെടുക്കുകയും തങ്ങൾക്കനുകൂലമായ കത്തുകൾ സമ്പാദിക്കുകയും ചെയ്തു. ഹെർമോഗെനെസിന്റെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്. പെലൂസിയത്തിലെ ഇസിദോർ അദ്ദേഹത്തിന് പല കത്തുകളും അയച്ചിട്ടുണ്ട്.

## എപ്പിഫാനിയസ് ആർച്ചുഡീക്കൻ (5-ാം നൂ.)

സിറിലിന്റെ സിൻചെല്ലൂസും ആർച്ചുഡീക്കനുമായ എപ്പിഫാനിയസ്, സിറിലും നെസ്തോറിയുസും തമ്മിലുള്ള തർക്കം സംബന്ധിച്ച് കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസ് മാക്സിമിയന് (431-4) ഒരു കത്തയച്ചു. സിറിലിനെതിരെ ചക്രവർത്തി പുറപ്പെടുവിച്ച ഡിക്രികളുടെ കാഠിന്യം കുറയ്ക്കാൻ ചക്രവർത്തിയുടെ അരമനയിലേക്ക് സിറിൽ സമ്മാനങ്ങൾ കൊടുത്തയച്ചതായി ഇയാൾ ഒരു രേഖയിൽ പറയുന്നു.

## അലക്സാണ്ട്രിയായിലെ എവുസേബിയസ് (5/6-ാം നൂ.)

ഇയാളുടെ പേരിൽ 22 ഹോമിലികൾ അറിയപ്പെടുന്നു. അവയുടെ ലത്തീൻ വിവർത്തനത്തിന് പാശ്ചാത്യലോകത്ത് നല്ല പ്രചരണം ലഭിച്ചു. "എവുസേബിയസ് ഗള്ളിക്കാനുസ്" എന്ന് ഇതറിയപ്പെടുന്നു. എന്നാൽ സെവുഡോ-എവുസേബിയസ് എന്നു പറയുന്നതാകും ശരി. ഇത് പൗരസ്ത്യസഭകളിലും വ്യാപകമായി പ്രചരിച്ചിരുന്നു.



## അലക്സാണ്ട്രിയായിലെ ദിയസ്കോറോസ് (444-451)

അലക്സാണ്ട്രിയായിൽ സിറിലിന്റെ പിൻഗാമിയായത് ഇയാളാണ്. സിറിൽ 433-ലെ ഐക്യഫോർമുലയിൽ കാണിച്ച വിട്ടുവീഴ്ചകൾ കണക്കിലെടുക്കാതെ 431-ലെ എഫേസോസ് കൗൺസിലിനെ വളരെ കൃത്യമായി പിൻചെന്ന ആളായിരുന്നു ദിയസ്കോറോസ്. സ്വഭാവം, ഹ്യുപ്പോസ്റ്റസിസ്, പ്രോസൊപ്പോൺ എന്നിവയെല്ലാം ഒരേ അർഥത്തിൽ കണ്ട പാരമ്പര്യം മുറുകെപ്പിടിച്ച്, അലക്സാണ്ട്രിയൻ ഭാഷ്യം മാത്രമാണ് സത്യവിശ്വാസഫോർമുല എന്നു കരുതിയ അദ്ദേഹം, 433-ൽ ഉണ്ടാക്കിയ യോജിപ്പ് തകർത്തുകളഞ്ഞു. അന്ത്യോക്യൻ ചിന്താരീതി അൽപംപോലും മനസ്സിലാക്കാനുള്ള സന്മനസ്സ് കാട്ടിയില്ലെന്നു മാത്രമല്ല, അകൽച്ചയ്ക്ക് ആക്കം കൂട്ടുകയും ചെയ്തു. തിയഡൊറെറ്റ് ആദിയായ മെത്രാന്മാരെ നിയന്ത്രിക്കണമെന്ന് അന്ത്യോക്യൻ മെത്രാൻ ദോമ്നൂസിനെ നിർബന്ധിച്ചു. എഫേസോസിലെ തസ്കരസംഘത്തിൽ (449) അധ്യക്ഷനായിരുന്നുകൊണ്ട്, ഫ്ളാവിയന്റെ സിനഡിന്റെ (448) നടപടികൾ തകിടം മറിച്ചു. ഫ്ളാവിയൻ, ദോമ്നുസ് II, തിയഡൊറെറ്റ് എന്നിവരെ സ്ഥാനഭ്രഷ്ടരാക്കി. എവുതീക്കെസിനെ പുനഃപ്രതിഷ്ഠിച്ചു. കാൽസിഡൺ സിനഡിൽ (451) ഇതിനെല്ലാം തിരിച്ചടി ഉണ്ടായി. പഫ്ലഗോണിയായിലെ ഗാംഗ്രായിലേക്ക് അയാൾ നാടുകടത്തപ്പെട്ടു. അവിടെവച്ച് 454-ൽ മരിച്ചു. ഒരിജനിസ്റ്റ് പാരമ്പര്യങ്ങളുമായി അയാൾ മമത പുലർത്തിയെന്ന് വിശ്വാസസാക്ഷിയായ തെയോഫാനെസിന്റെ ക്രോണോഗ്രഫി സൂചിപ്പിക്കുന്നു. ദിയസ്കോറോസിന്റെ ചില കത്തുകളും കത്തുകളുടെ ഭാഗങ്ങളും മാത്രമേ ലഭിച്ചിട്ടുള്ളൂ. തന്റെ നിലപാട് ന്യായീകരിച്ചുകൊണ്ട് വിപ്രവാസത്തിൽ നിന്ന് അദ്ദേഹം കത്തുകളെഴുതി. സെക്കുൻദീനുസിനുള്ള കത്ത്, എന്നാറ്റോണിലെ സന്യാസികൾക്കുള്ള കത്ത് എന്നിവ അത്തരത്തിൽ പെട്ടവയാണ്.

## അലക്സാണ്ട്രിയായിലെ പ്രൊതേരിയുസ് (+457)

ദിയസ്കോറോസിന്റെ പിൻഗാമിയായി അലക്സാണ്ട്രിയായിൽ പാത്രിയർക്കീസായി (451). ചക്രവർത്തിയുടെ പിന്തുണ ഉണ്ടായിരുന്നെങ്കിലും ജനങ്ങളും വൈദികരും സന്യാസികളും നിയമനത്തെ എതിർത്തു. മാർസ്യൻ ചക്രവർത്തി മരിച്ചപ്പോൾ (457) ഏകസ്വഭാവവാദികൾ തിമോതി ഐലൂറോസ് എന്നയാളെ ബദൽ മെത്രാനായി വാഴിക്കുകയും പ്രൊതേരിയുസിനെ കടന്നാക്രമിച്ച് നിഷ്ഠൂരം കൊലപ്പെടുത്തുകയും ചെയ്തു (457). ഈസ്റ്റർ തീയതി സംബന്ധിച്ചുള്ള ഒരു കത്ത് പ്രൊതേരിയുസിന്റെ പേരിൽ അറിയപ്പെടുന്നു.

## തിമോതി ഐലൂറോസ്

പൂച്ച അഥവാ കീരി എന്നാണ് ഐലൂറോസ് എന്ന വാക്കിന്റെ അർഥം. എന്തുകൊണ്ട് അങ്ങനെ ഒരിരട്ടപ്പേര് ലഭിച്ചു എന്നറിവില്ല. പ്രൊത്തേരിയുസ് ജീവിച്ചിരിക്കുമ്പോൾ തന്നെ (457) ഏകസ്വഭാവവാദികൾക്കായി ബദൽ മെത്രാ

നായി അയാൾ വാഴിക്കപ്പെട്ടു. അയാൾ ദിയസ്കോറോസിന്റെ ചിന്താരീതികളും വീക്ഷണങ്ങളും പുലർത്തി. എഫേസോസിലെ (431) സിറിലിന്റെ കൃത്യ പിൻഗാമിയായി രംഗപ്രവേശനം നടത്തി. പ്രൊത്തേരിയുസിന്റെ കൊലയിലുള്ള പങ്ക് ആസ്പദമാക്കിയും മറ്റും ലെയൊ ഒന്നാമൻ ചക്രവർത്തി (457 -474) മെത്രാന്മാരോടാലോചിച്ച് അയാളെ ഗാംഗ്രയിലേക്കും (460) പിന്നീട് ക്രീമിയായിലേക്കും (464) നാടുകടത്തി. ബസിലിസ്കസ് അധികാരത്തിൽ വന്നപ്പോൾ (475) അയാളെ തിരകെ വിളിച്ചു. ആ അവസരം ഉപയോഗിച്ച് കാൽസിഡൺ വിരുദ്ധപ്രചരണം ശക്തമാക്കി. തുടർന്ന് അധികാരം പിടിച്ചെടുത്ത സേനോ ചക്രവർത്തി അയാളെ നാടുകടത്തിയില്ല. അധികം താമസിയാതെ (477) മരിച്ചു. ബിസന്റൈൻ ഇമ്പീരിയൽ സഭയിൽ നിന്ന് ഈജിപ്തിലെ സഭയെ അകറ്റി, വേർപെട്ട ഹയരാർക്കി ഉണ്ടാക്കുന്നതിൽ തിമോതി തന്റെ പങ്കു വഹിച്ചു. വിപ്രവാസത്തിൽ ഇരുന്നുകൊണ്ട് കാൽസിഡൺ വിരുദ്ധ കൃതികളെഴുതി ഏകസ്വഭാവചിന്താരീതി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. കാൽസിഡൺ വിശ്വാസനിർവചനത്തിനും ലെയോയുടെ ലേഖനത്തിനും മറുപടിയെഴുതി സിറിലിന്റെ (431) യഥാർഥ അനുയായി ആയി പ്രത്യക്ഷപ്പെടാൻ അയാൾക്കു കഴിഞ്ഞു. സിറിൽ 433-ൽ കാണിച്ച വിട്ടുവീഴ്ചയും വിശാലമനോഭാവവും തിമോതി കാട്ടിയില്ല. ക്രിസ്തു എന്ന മഹാരഹസ്യത്തെ ഈജിപ്ഷ്യൻ ചിന്താരീതിയിൽ കൂടി മാത്രം കാണണമെന്നും മറ്റെല്ലാ ചിന്താരീതികളും തെറ്റാണെന്നും തെളിയിക്കാൻ അയാൾ അഹോരാത്രം അധ്വാനിച്ചു. അതിനു പറ്റിയ തെളിവുകൾ പിതാക്കന്മാരിൽ നിന്ന് സമാഹരിക്കുകയും ചെയ്തു."കാൽസിഡൺ കൗൺസിലിന്റെ ഖണ്ഡനം"(ക്രിസ്തുവിലുള്ള ഐക്യത്തെപ്പറ്റി), "കാൽസിഡൺ കൗൺസിലിന്റെ നിർവചനത്തിനെതിരെ" എന്നിവയാണ് അയാളുടെ രണ്ട് താർക്കിക കൃതികൾ. അയാൾ എവുതീക്കെസിനെ എതിർത്തിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലേക്കയച്ച കത്ത്, അലക്സാന്ദ്രിയാക്കാർക്കുള്ള കത്ത്, ഫൗസ്തീനുസിനുള്ള കത്ത് എന്നിവ ഈ ഗണത്തിൽ പെടുന്നു.

## പീറ്റർ മോങ്ഗുസ്

മോങ്ഗുസ് എന്നാൽ പരുക്കൻ എന്നർഥം. തിമോതിയുടെ പിൻഗാമിയായി പീറ്റർ മൂന്നാമൻ അലക്സാന്ദ്രിയൻ മെത്രാനായി (477-490). എഫേസോസിലെ സിറിലിന്റെ (431) പദപ്രയോഗങ്ങൾക്കും നെസ്തോറിയൻ വിരുദ്ധതയ്ക്കും വേണ്ടി നിലകൊണ്ടു. കാൽസിഡൺ കൗൺസിലിന്റെ എതിർചേരിയിൽ നിന്നുകൊണ്ട് അന്ത്യോക്യൻ ചിന്താരീതികളെ എതിർത്തു. സേനോ ചക്രവർത്തിയുടെ ഹെനോട്ടിക്കോൻ (482) അംഗീകരിച്ചു. എന്നാൽ ഫേലിക്സ് മൂന്നാമൻ പാപ്പാ ഹെനോട്ടിക്കോൻ നിരാകരിക്കുകയും അതിന്റെ പിന്നിൽ പ്രവർത്തിച്ച അകാചിയുസിനെ 484-ൽ മുടക്കുകയും ചെയ്തു. അങ്ങനെ അകാചിയൻ ശീശ്മ ഉടലെടുത്തു. അപ്പോൾ പീറ്റർ, അകാചിയുസിന്റെ പക്ഷത്തായിരുന്നു. പീറ്റർ അൽപം മിതവാദി ആയിരുന്നതിനാൽ റാഡിക്കൽ ഏകസ്വഭാവവാദികൾ അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കാതെ വിഘടിച്ചുനിന്നു. അവർ "അസെഫലോയ്" (*തലവനില്ലാത്തവർ*) എന്നറിയപ്പെട്ടു. പീറ്ററിന്റെ രണ്ട് കത്തുകൾ ലഭിച്ചിട്ടുണ്ട്. അകാചിയസിനുള്ളത് ഒന്ന്, തന്റെ പിൻഗാമിയായ ഫ്രവിതായ്ക്കുള്ളത് മറ്റൊന്ന്.



## നെഫാലിയുസ് (6-ാം നൂ.)

ഏകസ്വഭാവവാദികൾക്കെതിരെ പലസ്തീനായിൽ ആറാം നൂറ്റാണ്ടിൽ ശക്തിയായി പ്രവർത്തിച്ച നൂബിയാക്കാരനായ ഒരു ഈജിപ്ഷ്യൻ സന്യാസിയാണ് നെഫാലിയുസ്. ഹെനോട്ടിക്കോൻ കൂടുതൽ കാൽസിഡൺ വിരുദ്ധരീതിയിൽ പീറ്റർ മോൻഗുസ് പരസ്യമായി വ്യാഖ്യാനിച്ചതിനാൽ അയാൾക്കെതിരെ ജനത്തെ ഇളക്കി വിടാൻ നെഫാലിയുസ് ഈജിപ്തിലായിരിക്കുമ്പോൾ പരിശ്രമിച്ചു. അയാൾ തന്റെ ആശയങ്ങൾ സേനോ ചക്രവർത്തിയുടെ മുമ്പിൽ അവതരിപ്പിച്ചു. ഗാസ്സാ പ്രദേശത്ത് അവശേഷിച്ച ഏകസ്വഭാവ വാദികൾക്കെതിരെ ഏലിയാസ് പാത്രിയർക്കീസിന്റെയും (494-516) വൈദികരുടെയും സഹായത്തോടെ ശക്തമായ പ്രചരണം നടത്താൻ അയാൾക്കു കഴിഞ്ഞു. സെവേരൂസുമായി പരസ്യചർച്ച നടത്തി. കാൽസിഡൺ സിനഡിനു വേണ്ടി ന്യായീകരണമെഴുതി. നെയോ-കാൽസിഡണിസം ആദ്യമായി കാണപ്പെടുന്നത് ഈ രേഖയിലാണ്. നെഫാലിയുസിനെതിരെ സെവേരൂസെഴുതിയ രണ്ട് പ്രസംഗങ്ങളിലൂടെ ഇത് ലഭിച്ചിട്ടുണ്ട്. കാൽസിഡൺ അനുഭാവകൾക്കും എതിരാളികൾക്കും സ്വീകാര്യമായ ദൈവശാസ്ത്രപരമായ മധ്യമാർഗമാണ് നെഫാലിയുസ് അവതരിപ്പിച്ചത്.

## ഒളിംപിയൊദോറുസ് ഡീക്കൻ

അലക്സാന്ദ്രിയൻ മെത്രാൻ ജോൺ രണ്ടാമൻ നിസിയോട്ടായുടെ കാലത്ത് (505-515/6) ഈജിപ്ഷ്യൻ സഭയിലെ ഒരു ഡീക്കനായിരുന്നു ഒളിംപിയൊദോറുസ്. ഒരു താത്വികനായ അയാൾ പല ബൈബിൾ ഗ്രന്ഥങ്ങൾക്കും ഭാഷ്യമെഴുതിയിട്ടുണ്ട്. അലക്സാന്ദ്രിയായിൽ അറിയപ്പെട്ട ആളായിരുന്നു എന്ന് സീനായിലെ അനസ്താസ്യൂസ് പറയുന്നു. കത്തേനകളിൽ അയാളുടെ ഭാഷ്യങ്ങളുടെ ശകലങ്ങൾ ധാരാളമായി കാണാനുണ്ട്. ജോബ്, സഭാപ്രസംഗകൻ, വിലാപങ്ങൾ, ജറമിയാ, ബാറൂക്, സങ്കീർത്തനങ്ങൾ എന്നിവയ്ക്ക് ഭാഷ്യങ്ങൾ രചിച്ചു. അന്ത്യോക്യയിലെ സെവേരൂസിനെതിരെ ഒരു ഗ്രന്ഥം രചിച്ചെന്ന് അനസ്താസ്യൂസ് സൂചിപ്പിക്കുന്നു.

## അലക്സാന്ദ്രിയായിലെ തിമോതി IV (517-535)

ഏകസ്വഭാവവാദികളുടെ മെത്രാനായിരുന്ന തിമോതി (517) കാൽസിഡൺ വിശ്വാസനിർവചനവും ലെയോയുടെ ലേഖനവും പരസ്യമായി തള്ളിക്കളഞ്ഞു. ഇയാളുടെ കാലത്താണ് സെവേരൂസും ഹലികർണാസുസിലെ ജൂലി

യനും തമ്മിൽ ക്രിസ്തുവിന്റെ ശരീരം സംബന്ധിച്ച് തർക്കമുണ്ടായത്. തിമോതി ഇതിൽ മാറിമാറി കക്ഷിചേർന്നെന്ന് പറയപ്പെടുന്നു. അക്കാലത്തും ക്രിസ്തുമതം എത്തിച്ചേരാതിരുന്ന ഈജിപ്ഷ്യൻ പ്രദേശങ്ങളിൽ സുവിശേഷം പ്രചരിപ്പിക്കാൻ നടപടികളെടുത്തു. തിയഡോർ എന്ന മെത്രാനെ ഫീലേയിൽ 526-ൽ വാഴിച്ചു. ഈ തിയഡോർ തിമോതിയുടെ പിൻഗാമിയായിത്തീർന്നു. അതിനെ എതിർത്തവർ ഒരു ഗയ്യാനുസിന്റെ നേതൃത്വം സ്വീകരിച്ച് പിളർന്നുമാറി. ഈജിപ്തിലെ ഏകസ്വഭാവവാദികളുടെ ഇടയിൽ ദീർഘനാൾ ഈ പിളർപ്പ് നിലനിന്നു. തിമോതിയുടെ പേരിൽ ചില ഹോമിലികൾ അറിയപ്പെടുന്നു. അതിലൊന്ന് യോഹ. 4,6-നെ ആസ്പദമാക്കിയാണ്.

## അലക്സാണ്ട്രിയായിലെ തെമിസ്തിയുസ് ഡീക്കൻ

ഹലികർണാസുസിലെ ജൂലിയന്റെ എതിരാളിയും സെവേരൂസിന്റെ അനുയായിയുമായ ഒരു ഏകസ്വഭാവവാദിയായിരുന്നു തെമിസ്തിയുസ്. യേശുവിന്റെ ശരീരം അഴിവിന് വിധേയമാണെങ്കിൽ, ചില സംഗതികളെപ്പറ്റി അവിടുന്ന് അജ്ഞനായിരുന്നെന്ന് പറയേണ്ടിവരുമെന്ന് തിമോതിയുടെ കാലത്ത് (517-535) ഇയാൾ പറഞ്ഞതായി ലിബെരാത്തുസ് രേഖപ്പെടുത്തുന്നു. തിമോതി ഇതിനെ എതിർത്തപ്പോൾ അയാൾ മാറി ഒരു ശീശ്മസമൂഹം രൂപീകരിച്ചു. *അഗ്നേതായ്* എന്ന് അവർ വിളിക്കപ്പെടുന്നു. "അറിയാൻ പാടില്ലാത്തവർ" എന്നർഥം. തെമിസ്തിയുസിനെതിരെ അലക്സാണ്ട്രിയായിലെ തിയഡോഷ്യസ് 536-ൽ തിയഡോറാ രാജ്ഞിക്ക് ഒരു പരാതി നൽകി. അതിന് തെമിസ്തിയുസ് രണ്ട് മറുപടികൾ നൽകി. അഗ്നേറ്റിക് പാഷണ്ഡത സംബന്ധിച്ച മറ്റു മൂന്നു കൃതികളെപ്പറ്റി 649-ലെ സിനഡ് പരാമർശിക്കുന്നു. പലയാളുകളും ഇയാളുടെ തെറ്റിനെതിരെ എഴുതി. അയാൾ അവയ്ക്കൊക്കെ മറുപടികളുമെഴുതി. ഏകസ്വഭാവചിന്താഗതിക്കാരും കാൽസിഡൺ ചിന്താഗതിക്കാരുമായ മെത്രാന്മാർ ഇയാൾക്കെതിരെ ജനങ്ങളെ ബോധവാന്മാരാക്കി. രണ്ടുവിഭാഗത്തിലും ഇയാൾക്ക് കുറേ അനുയായികളുണ്ടായിരുന്നു. അയാളുടെ ചില ലേഖനങ്ങൾ അറിയപ്പെടുന്നു.

## സന്യാസിയായ തിയഡോർ (6-ാം നൂ.)

അലക്സാണ്ട്രിയാക്കാരനായ ഈ സന്യാസി തെമിസ്തിയുസുമായി തർക്കത്തിലേർപ്പെട്ടു. ഇരുവരും ഏകസ്വഭാവവിഭാഗത്തിൽ പെട്ടവരായിരുന്നു. ഈ തർക്കത്തിന്റെ വിവരണം ഭാഗികമായി ലഭ്യമാണ്. ഇവർ നടത്തിയ എഴുത്തുകുത്തുകൾ തെമെസ്തിയുസിന്റെ ആശയങ്ങൾ അറിയാൻ സഹായകമാണ്. "ചുരുങ്ങിയ ഖണ്ഡനം" എന്ന കൃതിയിൽ തിയഡോർ ഈ ആശയങ്ങൾ കൊടുക്കുന്നു. ഇതിന്റെ ചില ഭാഗങ്ങൾ കിട്ടിയിട്ടുണ്ട്. ഇയാൾ മരിച്ചത് 566-ലായിരിക്കാം.



## കൊള്ളുത്തുസ്

"തിയഡോഷ്യസിനു വേണ്ടിയുള്ള അപ്പോളജി" എന്ന പേരിൽ തെമിസ്തിയുസിനെതിരെ കൊള്ളുത്തുസ് എഴുതിയ രേഖയുടെ ചില ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്. ലാതറൻ സിനഡും "ഡോക്ത്രീനാ പാത്രും" എന്ന കൃതിയും ഇത് ഉദ്ധരിക്കുന്നു. "കൊള്ളുത്തുസിനെതിരെ" എന്ന രേഖയിലൂടെ തെമിസ്തിയുസ് ഇതിന് മറുപടി നൽകി. അതിന്റെ അഞ്ച് രേഖാശകലങ്ങൾ ലഭിച്ചിട്ടുണ്ട്.

## ജോൺ ഫിലൊപ്പോണുസ് (5/6 നൂ.)

ജോണിന്റെ ജന്മദേശത്തെപ്പറ്റിയോ, ജനിച്ച കാലത്തെപ്പറ്റിയോ, ജീവിതത്തെപ്പറ്റിയോ നമുക്കറിവില്ല. അയാൾ അലക്സാണ്ട്രിയായിൽ താത്വികപഠനം നടത്തി. ഏകസ്വഭാവവാദിയായിരുന്നു. ഇത്തരക്കാരായ മറ്റുള്ളവരുമായി ബന്ധം പുലർത്തി. സെവേരൂസ് എതിർത്ത ജോൺ ഗ്രമ്മാതിക്കുസ് (*ഇംപിയുസ് ഗ്രമ്മാതിക്കുസ്*) ഇയാളല്ല എന്നാണ് ഒരഭിപ്രായം. ആ ജോൺ കാൽസിഡൺ പക്ഷപാതി ആയിരുന്നു. സെവേരൂസും ഫിലൊപ്പോണുസും തമ്മിൽ തർക്കം ഉണ്ടായിരുന്നെന്ന അഭിപ്രായം നിലനിൽക്കുന്നില്ല എന്നു കരുതുന്നവരുണ്ട്. അയാൾ ഒരു ത്രിതെയിസ്റ്റ് വിശ്വാസി ആയിരുന്നെന്ന് കൃതികൾ വെളിപ്പെടുത്തുന്നു.

### കൃതികൾ

ജോൺ മൊത്തം 44 കൃതികൾ രചിച്ചു:

അരിസ്റ്റോട്ടൽ, പൊർഫീരി, പ്ലേറ്റോ എന്നിവരുടെ പല കൃതികൾക്കുമായി 11 ഭാഷ്യകൃതികൾ എഴുതി.

മെഡിക്കൽ, മാതെമാറ്റിക്കൽ, അസ്ട്രണോമിക്കൽ കൃതികൾ അഞ്ചെണ്ണം രചിച്ചു.

വ്യാകരണസംബന്ധമായി 3 പുസ്തകങ്ങൾ,.

കോസ്മോളജി അഞ്ച്.

താത്വികകൃതികൾ രണ്ട്.

ഏകസ്വഭാവവാദ ദൈവശാസ്ത്രകൃതികൾ ഏഴ്.

ത്രിതെയിസ്റ്റ് കൃതികൾ നാല്.

ഉത്ഥാനത്തെപ്പറ്റി രണ്ട്.

ആരിയൻവിരുദ്ധ കൃതികൾ രണ്ട്.

മറ്റ് ദൈവശാസ്ത്ര കൃതികൾ അഞ്ച്.

ചില കൃതികളുടെ രേഖാംശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. വൈവിധ്യമാർന്ന തലങ്ങളിൽ താൽപര്യമുള്ള ഒരു താത്വികനായിരുന്നു അയാൾ. ആധുനിക കാലത്ത് അയാളുടെ കൃതികളെപ്പറ്റി വളരെയധികം പഠനങ്ങൾ നടന്നിട്ടുണ്ട്. പല കാര്യങ്ങളിലും അരിസ്റ്റോട്ടലിൽ നിന്ന് അയാൾ വ്യത്യസ്തവീക്ഷണങ്ങൾ പുലർത്തി. ക്രിസ്തുശാസ്ത്രത്തിൽ ഫ്യൂസിസും ഹ്യുപ്പോസ്റ്റസിസും പ്രോസൊപ്പോണും താദാത്മ്യപ്പെടുത്തി. അക്കാരണത്താൽ കാൽസിഡൺ വിശ്വാസനിർവചനം അയാൾ പാടേ തിരസ്കരിച്ചു. ക്രിസ്തുവിന്റെ ഏകസ്വഭാവം സംയുക്തസ്വഭാവം ആണ്. “രണ്ടു സ്വഭാവങ്ങളിൽ” എന്നതിനു പകരം “രണ്ടു സ്വഭാവങ്ങളിൽ നിന്ന്” എന്ന പ്രയോഗം അയാൾ ന്യായീകരിക്കുന്നു.“അവതരിച്ച വചനമായ ദൈവത്തിന്റെ ഏകസ്വഭാവം” എന്ന പ്രയോഗം സ്വീകരിക്കുന്നു. ആത്മാവും ശരീരവും തമ്മിലുള്ള ഐക്യമാണ് വചനവും മാംസവും തമ്മിലുള്ള ഐക്യത്തിന് ദൃഷ്ടാന്തമായി നൽകുന്നത്. എന്നാൽ ദൈവസ്വഭാവത്തിന് മാറ്റം കൂടാതെയാണ് ഈ ഐക്യം. എവുതീക്കെസിനെയും അപ്പൊള്ളിനാരിസിനെയും അയാൾ എതിർക്കുന്നു. സിറിലിന്റെ ഫോർമുലകൾക്ക് പൊർഫീരിയിൽ നിന്നും മറ്റും താത്വികാടിത്തറ നൽകുന്നു. അയാൾ ഉസിയായും ഹ്യുപ്പോസ്റ്റസിസും താദാത്മ്യപ്പെടുത്തി. കപ്പഡോഷ്യൻ പിതാക്കന്മാർ ഇവ രണ്ടും രണ്ടായി കണ്ടു. അവരിൽ നിന്ന് വളരെ വ്യത്യസ്തമായ നിലപാടാണ് ഇയാളെടുത്തത്. നെയോപ്ലറ്റോണിസ്റ്റ്-പ്ലൊതീനിയൻ ചിന്തയുടെ വെളിച്ചത്തിലാണ് അയാൾ ത്രിതെയിസം വികസിപ്പിച്ചെടുത്തത്.

## സ്റ്റീഫൻ ഗോബാർ

ജോൺ ഫിലൊപ്പോണുസ് പ്രചരിപ്പിച്ച ഒരു ഫ്ളോറിലേജ് തയാറാക്കിയത് സ്റ്റീഫൻ ഗോബാറാണെന്ന് ഫോസിയുസ് പറയുന്നു. ഇതിന് 54 അധ്യായങ്ങളും ഒരനുബന്ധവുമുണ്ട്. അയാൾ ജസ്റ്റിൻ രണ്ടാമന്റെ കാലത്ത് (565 –578) ഈജിപ്തിലോ, സിറിയായിലോ ജീവിച്ചിരുന്നു.

## കോസ്മാസ് ഇൻഡിക്കൊപ്ലെവുസ്റ്റെസ്

കോസ്മാസ് 547-ൽ “ക്രിസ്തീയ ടോപ്പോഗ്രഫി” എന്ന ഗ്രന്ഥം രചിച്ചു. ഇൻഡ്യയെപ്പറ്റിയും തപ്രൊബേനെയെപ്പറ്റിയും (സിലോൺ) അവിടെയുള്ള ക്രിസ്ത്യാനികളെപ്പറ്റിയും അതിൽ പ്രതിപാദിക്കുന്നു. അയാളുടെ മറ്റു ചില കൃതികളുടെയും പേരുകൾ നമുക്കറിയാം. കോസ്മാസിന്റെ കൃതിയെ ജോൺ ഫിലൊപ്പോണുസ് വിമർശിച്ചിട്ടുണ്ട്. പ്രാചീനരുടെ പ്രപഞ്ചദർശനമാണ് കോസ്മാസ് അവതരിപ്പിക്കുന്നത്.

## അലക്സാണ്ട്രിയായിലെ തിയഡോഷ്യസ് I (535–566)

തിമോതിയുടെ (519–535) പിൻഗാമിയായി തിയഡോഷ്യസ് അലക്സാണ്ട്രിയായിലെ ഏകസ്വഭാവവാദികളുടെ മെത്രാനായി. സാമ്രാജ്യത്തിന്റെ മറ്റിടങ്ങളിൽ പീഡിപ്പിക്കപ്പെട്ട ഏകസ്വഭാവവാദികൾ ഈജിപ്തിൽ അഭയം തേടിയിരുന്നു. എന്നാൽ അവരുടെ ഇടയിൽ പല കലഹങ്ങളും ഉടലെടുത്തു. ഹലികർണാസുസിലെ ജൂലിയനും സെവേരൂസും തമ്മിലുള്ള കലഹം അവയിലൊന്നാണ്. സെവേരൂസിന്റെ സ്നേഹിതനായ തിയഡോഷ്യസ് 535-ൽ മെത്രാനായപ്പോൾ, ജൂലിയന്റെ അനുയായികൾ ഗയ്യാനുസ് എന്നൊരാളെ തങ്ങളുടെ മെത്രാനാക്കി. *ഗയ്യാനീത്തർ* എന്ന വിഭാഗം ഇങ്ങനെ ഉടലെടുത്തു. എന്നാൽ ഇമ്പീരിയൽ ഇടപെടൽമൂലം ഗയ്യാനുസ് നാടുകടത്തപ്പെടുകയും തിയഡോഷ്യസ് അംഗീകരിക്കപ്പെടുകയും ചെയ്തു. തിയഡോറായുടെ പിൻതുണയാലാണ് ഇത് നടന്നത്. ആ പിൻബലത്തിൽ സെവേരൂസിന്റെ സ്നേഹിതനായ അന്തീമുസിനെ കോൺസ്റ്റാന്റിനോപ്പിളിൽ മെത്രാനാക്കി. എന്നാൽ കാൽസിഡൺ വിഭാഗത്തിന്റെ എതിർപ്പുമൂലം 536-ൽ സെവേരൂസിനെ കോൺസ്റ്റാന്റിനോപ്പിളിൽ നിന്ന് പുറത്താക്കി, അന്തീമുസിനെ സ്ഥാനഭ്രഷ്ടനാക്കി, തിയഡോഷ്യസിനെ കോൺസ്റ്റാന്റിനോപ്പിളിൽ വരുത്തി വീട്ടുതടങ്കലിൽ പാർപ്പിച്ചു. ഏതാണ്ട് മുപ്പതുവർഷം അവിടെ താമസിച്ചുകൊണ്ട് ഏകസ്വഭാവ സമൂഹങ്ങൾ രൂപീകരിക്കാൻ അയാൾ അധ്വാനിച്ചു. അയാൾ യാക്കോബ് ബുർദാനായെ 542/3-ൽ അവിടെ വച്ച് മെത്രാനാക്കി. തിയഡോഷ്യസിന്റെ മൂന്നു ഹോമിലികളിൽ നിന്നുള്ള ഉദ്ധരണികൾ കോസ്മാസിൽ കാണാം. സുറിയാനിയിൽ ചില കത്തുകളുടെയും പ്രസംഗങ്ങളുടെയും ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്.



## ഈജിപ്തുകാരൻ ജോൺ (6-ാം നൂ.)

ഗാസ്സായിൽ നിന്നുള്ള ജോൺ, പീറ്റർ ഇബേരിയന്റെ ആശ്രമത്തിൽ കുറേനാൾ പാർത്തു. ഈജിപ്തിൽ ഹെഫൈസ്തോസിന്റെ മെത്രാനായി 534/6-ൽ വാഴിക്കപ്പെട്ടു. സെവേരൂസിന്റെയും തിയഡോഷ്യസിന്റെയും സ്നേഹിതനായിരുന്നു. അവരോടൊപ്പം 536-ൽ നാടുകടത്തപ്പെട്ടു. വേഷപ്രച്ഛന്നനായി ഏഷ്യാമൈനറിൽ ഉടനീളം സഞ്ചരിച്ച് ഏകസ്വഭാവവാദികളെ സംഘടിപ്പിച്ചു. റോദസിൽവച്ച് എഫേസോസിലെ യോഹന്നാനെ കണ്ടുമുട്ടി. ജോണിന്റെ സുറിയാനിയിലുള്ള ഒരു കത്തു മാത്രമേ അവശേഷിച്ചിട്ടുള്ളൂ.

## ചെള്ളിയായിലെ ജോൺ

യാക്കോബ് ബുർദാനാ വാഴിച്ച ആദ്യമെത്രാന്മാരിൽ ഒരാളാണ് ജോൺ. ഷേതിസിനടുത്തുള്ള ചെള്ളിയായുടെ മെത്രാനായിട്ടാണ് വാഴിക്കപ്പെട്ടത്.
ജോൺ ഫിലൊപ്പോണുസിന്റെ ത്രിതെയിസത്തിനെതിരെ ഇയാൾ നടത്തിയ ശാപങ്ങളും നൊബാഡെ മെത്രാനായ ലൊൻഗീനുസിനുള്ള ഒരു കത്തിന്റെ ഭാഗങ്ങളും സുറിയാനിയിൽ ലഭിച്ചിട്ടുണ്ട്. അയാളെ എല്ലാ കാര്യങ്ങളിലും പിൻതുണയ്ക്കാമെന്ന് 569-ൽ ഈ കത്തിൽ സൂചിപ്പിക്കുന്നു. എന്നാൽ 575 -ൽ ഈ സൗഹൃദത്തിനു മങ്ങലേറ്റു. അലക്സാണ്ട്രിയായിൽ തിയഡോർ

എന്ന സിറിയൻ ആർക്കിമൺഡ്രൈറ്റിനെ മെത്രാനാക്കാൻ പൗലോസ് ദ്ബേത് ഊക്കാമാ ഇട്ട പദ്ധതിയെ ലൊൻഗീനുസ് പിൻതാങ്ങിയതായിരുന്നു കാരണം. ജോണിന്റെ സ്ഥാനാർഥി ഒരു പീറ്ററായിരുന്നു. അയാൾ തിയഡോഷ്യസിന്റെ സ്നേഹിതനും ഈജിപ്തുകാരനുമായിരുന്നു. എതിരാളികളെ അമർച്ചചെയ്തുകൊണ്ട് ജോൺ തന്റെ പദ്ധതി വിജയിപ്പിച്ചു. ഇതിന്റെ പേരിലും ഏകസ്വഭാവവാദികളുടെ ഇടയിൽ കലഹവും പിളർപ്പുമുണ്ടായി.

## നൂബിയായിലെ ലൊൻഗീനുസ് (+580)

നൂബിയായിലെ നൊബാഡേ വർഗക്കാർ 536-നും 545-നും ഇടയ്ക്ക് ക്രിസ്ത്യാനികളായി. ഏകസ്വഭാവവാദികളാണ് അവരെ മാനസ്സാന്തരപ്പെടുത്തിയത്. ഫീലേ ദ്വീപിലെ മെത്രാൻ തിയഡോറാണ് ആദ്യം അവരുടെ ആത്മീയകാര്യങ്ങൾക്ക് നേതൃത്വം കൊടുത്തത്. പിന്നീട് തിയഡോഷ്യസിന്റെ അനുയായിയായ അലക്സാണ്ട്രിയാക്കാരൻ ലൊൻഗീനുസിനെ കോൺസ്റ്റാന്റിനോപ്പിളിൽ വച്ച് അവർക്കുവേണ്ടി 566-ൽ മെത്രാനാക്കി അയച്ചു. അയാൾ നൂബിയായിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ, 575-ൽ തിയഡോർ എന്നയാളെ അലക്സാണ്ട്രിയൻ മെത്രാനായി മരെയോട്ടിസിൽവച്ച് വാഴിച്ചു. എന്നാൽ അയാൾക്ക് ജോൺ വാഴിച്ച പീറ്റർ നാലാമനുമായി ഏറ്റുമുട്ടേണ്ടിവന്നു. ഏകസ്വഭാവവാദികളുടെ ഇടയിൽ ലഹളയും പിളർപ്പും ഉണ്ടാക്കാൻ ഈ വാഴിക്കൽ വഴിതെളിച്ചു. ജൂലിയന്റെ "ഫന്റാസിയാസിസ്റ്റ് പാഷണ്ഡത" അമർച്ച ചെയ്യാൻ ലൊൻഗീനുസ് ജീവിതാവസാനം കഠിനാധ്വാനം ചെയ്തെന്ന് എഫേസോസിലെ യോഹന്നാൻ പറയുന്നു. ലൊൻഗീനുസിന്റെ ചില രേഖകൾ സുറിയാനിയിൽ ലഭ്യമാണ്.

## അലക്സാണ്ട്രിയയിലെ തിയഡോഷ്യസ് (6-ാം നൂ.)

തിയഡോറിനെ അലക്സാണ്ട്രിയൻ മെത്രാനാക്കാൻ 575-ൽ ലൊൻഗീനുസിനെ പ്രേരിപ്പിച്ച ഒരാളാണ് തിയഡോഷ്യസ് പ്രെസ്ബിറ്റർ എന്ന് എഫേസോസിലെ യോഹന്നാൻ പറയുന്നു. "ലൊൻഗീനുസിനുള്ള കത്ത്" എന്ന ഇയാളുടെ ഒരുരേഖ സുറിയാനിയിൽ ലഭ്യമാണ്.

## കൊപ്രീസിലെ തിയഡോർ (6-ാം നൂ.)

തിയഡോറിനെ മെത്രാനാക്കാൻ പ്രേരിപ്പിച്ച മറ്റൊരാളാണ് കൊപ്രീസിലെ ആർച്ചുഡീക്കനായിരുന്ന തിയഡോർ. മേൽപ്പറഞ്ഞ തിയഡോഷ്യസിന്റെ അനന്തിരവനായിരുന്നു അയാൾ എന്നും പറയപ്പെടുന്നു. ലൊൻഗീനുസിനുള്ള കത്തിന്റെ സുറിയാനിയിലുള്ള ചില ഭാഗങ്ങൾ ലഭിച്ചിട്ടുണ്ട്.

## ഫീലേയിലെ തിയഡോർ (6-ാം നൂ.)

നൂബിയായുടെ അതിർത്തിയിൽ തെക്കൻ ഈജിപ്തിൽ നൈൽ നദിയിലെ ഒരു ദ്വീപാണ് ഫീലേ. നാലാം നൂറ്റാണ്ടു മുതൽ അവിടെ മെത്രാന്മാരുണ്ടായിരുന്നു. അവിടെ 536 വരെ ഈജിപ്ഷ്യൻ ദേവിയായ ഈസിസിന്റെ ഒരമ്പലം ഉണ്ടായിരുന്നു. ചുറ്റുമുള്ള നിരവധി അക്രൈസ്തവർ അവിടെ തടിച്ചുകൂടിയിരുന്നു. നർസെസ് എന്ന ബിസന്റൈൻ സൈന്യാധിപൻ അത് തകർത്ത് അവിടെ ഒരു പള്ളിസ്ഥാപിച്ചു. ഈസിസിന്റെ രൂപം കോൺസ്റ്റാന്റിനോപ്പിൾ മ്യൂസിയത്തിലേക്ക് മാറ്റി. അവിടെയും ചുറ്റുമുള്ള സ്ഥലങ്ങളിലുമുള്ള മനുഷ്യരെ ക്രിസ്ത്യാനികളാക്കാൻ തിയഡോർ പരിശ്രമിച്ചു. അവരും നൂബിയായിലെ നൊബാഡേ പ്രഭുക്കന്മാരും ക്രിസ്ത്യാനികളായി. അവരുടെ ഇടയിൽ പ്രവർത്തിച്ചവർ ഏകസ്വഭാവവാദികൾ ആയിരുന്നതിനാൽ, അവരെല്ലാം ഏകസ്വഭാവവാദികളായി. ലൊൻഗീനുസ്, നൂബിയൻ മെത്രാനായപ്പോൾ (569), തിയഡോറിനോട് സഹകരിച്ച് പ്രവർത്തിക്കുകയും തിയഡോർ എന്ന മറ്റൊരാളെ അലക്സാണ്ട്രിയൻ മെത്രാനാക്കുകയും ചെയ്തു. എന്നാൽ ആ മെത്രാഭിഷേകത്തിൽ ഫീലേയിലെ തിയഡോർ പങ്കെടുത്തില്ല.



## അലക്സാണ്ട്രിയായിലെ തിയഡോർ

ഈജിപ്തിലെ തിയഡോഷ്യസ് പാത്രിയർക്കീസ് മരിച്ചുകഴിഞ്ഞ് (566) ഏകസ്വഭാവവാദികൾക്ക് തലവനില്ലാത്ത അവസ്ഥയായി. അന്ത്യോക്യൻ ഏകസ്വഭാവ പാത്രിയർക്കീസ് പൗലോസ് ദ്ബേത് ഊക്കാമാ (+582) ഈജിപ്തിലേക്ക് നാടു കടത്തപ്പെട്ടപ്പോൾ (575), തിയഡോറിന്റെയും തിയഡോഷ്യസിന്റെയും പിൻതുണയോടുകൂടി ലൊൻഗീനുസുമായി ബന്ധപ്പെടുകയും തിയഡോർ എന്ന സിറിയൻ സന്യാസിയെ അലക്സാണ്ട്രിയൻ പാത്രിയർക്കീസാക്കുകയും ചെയ്തു. എന്നാൽ യാക്കോബ് ബുർദാനായും മറ്റ് ഏകസ്വഭാവവാദികളും കൂടി പത്രോസ് നാലാമൻ എന്നയാളെ പാത്രിയർക്കീസാക്കി. ചെള്ളിയായിലെ ജോൺ അതിന് നേതൃത്വം നൽകി. തുടർന്നുണ്ടായ തർക്കം നിമിത്തം തിയഡോർ സഭാകാര്യങ്ങളിൽ ഇടപെടാതെ സന്യാസിയായി കഴിഞ്ഞു. അതുകൊണ്ട് അയാൾക്ക് ശാന്തമായി ആശ്രമത്തിൽ പാർക്കാൻ കഴിഞ്ഞു. അയാൾ പിൻഗാമിയെ വാഴിച്ചില്ല. പീറ്റർ മരിച്ചപ്പോൾ (578) ഡാമിയൻ പാത്രിയർക്കീസാകുകയും തന്റെ അധികാരം എല്ലാവരെയും കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്തു. പൗലോസ് ദ് ബേത് ഊക്കാമായ്ക്ക് തിയഡോർ അയച്ച *സിനോഡിക്കാ* സുറിയാനിയിൽ ലഭ്യമാണ്.

## അലക്സാണ്ട്രിയായിലെ പത്രോസ് IV (575-577)

ചെള്ളിയായിലെ ജോണിന്റെ പരിശ്രമത്താൽ പീറ്റർ അലക്സാണ്ട്രിയായിൽ 575-ൽ പാത്രിയർക്കീസായി. അപ്പോൾ ഈജിപ്തിൽ നാല് ഏകസ്വഭാവവാദികളായ മെത്രാന്മാരേ ഉണ്ടായിരുന്നുള്ളു. അവരുടെ സ്ഥാനത്ത് ഈജിപ്തിലുടനീളം എഴുപതോളം മെത്രാന്മാരെ വാഴിച്ച്, അയാൾ ഏകസ്വഭാവ ഹയരാർക്കി സ്ഥാപിച്ചു എന്ന് എഫേസോസിലെ യോഹന്നാൻ പറയുന്നു. പൗലോസ് ദ് ബേത് ഊക്കാമായുമായി 576-ൽ നടന്ന കൂടിക്കാഴ്ച പരസ്പര

മുടക്കിൽ കലാശിച്ചു. യാക്കോബ് ബുർദാനാ പീറ്ററിനെ പിന്താങ്ങി. എന്നാൽ അയാൾക്ക് എഫേസോസിലെ ജോണിന്റെ പിന്തുണ ലഭിച്ചില്ല. പീറ്റർ ചില സുറിയാനി ആശ്രമങ്ങളിലേക്കും തന്റെ സ്വാധീനം വ്യാപിപ്പിച്ചു. അയാൾ 577 –ൽ മരിച്ചു.പിൻഗാമിയായ ഡാമിയൻ വാഴിക്കപ്പെട്ടത് ഒരു വർഷം കഴിഞ്ഞാണ്. പീറ്ററിൽ നിന്ന് യാക്കോബ് ബുർദാനായെ അഭിനന്ദിച്ചു കൊണ്ടുള്ള ഒരു രേഖയുടെ ചില ഭാഗങ്ങൾ സുറിയാനിയിൽ ലഭിച്ചിട്ടുണ്ട്.

## അലക്സാണ്ട്രിയായിലെ ഡാമിയൻ (578–606/7)

ഈജിപ്തിലെ കാൽസിഡൺ വിരുദ്ധപാത്രിയർക്കീസ് ഡാമിയൻ, ഒഷ്റേനിൽ നിന്നുള്ള ഒരു സുറിയാനിക്കാരൻ ആയിരുന്നു. ഷേതിലുള്ള ഒരാശ്രമത്തിലും (17 വർഷം) എന്നാറ്റോൻ ആശ്രമത്തിലും ദീർഘകാലം ചെലവഴിച്ചു. പിന്നീട് പീറ്റർ നാലാമന്റെ സെക്രട്ടറിയും പിൻഗാമിയുമായി. പത്രോസ് കല്ലിനിക്കസിന്റെ പട്ടത്തിനു മുമ്പ് പൗലോസ് ദ്ബേത് ഊക്കാമായെ (579/80) മുടക്കാൻ അയാൾ ഒരുശ്രമം നടത്തി. അതു പരാജയപ്പെട്ടപ്പോൾ കോൺസ്റ്റാന്റിനോപ്പിളിൽ പോയി വിവിധ ഏകസ്വഭാവവാദികളെ ഐക്യപ്പെടുത്താനുള്ള യോഗത്തിൽ (580) പങ്കെടുക്കുകയും മെത്രാന്മാരെ വാഴിക്കുകയും ചെയ്തു. അവിടെ വച്ച് അന്ത്യോക്യക്കാരുമായി ധാരണയിൽ എത്തിയെങ്കിലും നാട്ടിൽ തിരിച്ചെത്തിയപ്പോൾ അത് നിരാകരിച്ചു. പൗലോസ് ദ് ബേത് ഊക്കാമായെ മുടക്കിക്കൊണ്ട് ഈജിപ്തിലും പൗരസ്ത്യനാടുകളിലും കത്തുകളയച്ചു. പിന്നീട് പീറ്റർ കല്ലിനിക്കസിനെ 581–ൽ മെത്രാനാക്കുന്നതിന് അനുഭാവം പ്രകടിപ്പിച്ചു. ആദ്യത്തെ നാലുവർഷം ഡാമിയനും പീറ്ററും ധാരണയിൽ മുമ്പോട്ടുപോയി. അതു കഴിഞ്ഞ് ത്രിതെയിസം സംബന്ധിച്ചുള്ള തർക്കത്തിൽ അവർ പിണങ്ങി. പരസ്പരം കുറ്റാരോപണം നടത്തിക്കൊണ്ടുള്ള കൃതികളെഴുതി. 588–ൽ പരസ്പര കൂട്ടായ്മയും വിച്ഛേദിച്ചു. ഈ ശീശ്മ 616–ലാണ് അവസാനിച്ചത്. അന്നത്തെ അന്ത്യോക്യാ പാത്രിയർക്കീസ് അത്തനാസ്യോസ് ഒന്നാമനും (594–631) അലക്സാണ്ട്രിയാ പാത്രിയർക്കീസ് അനസ്താസ്യൂസും (606/7–618/9) ധാരണയിലായി. ഡാമിയന്റെ പല കത്തുകളും ഹോമിലികളും ഭാഗികമായോ പൂർണമായോ ലഭിച്ചിട്ടുണ്ട്. ത്രിതെയിസ്റ്റുകാർക്കെതിരെയുള്ള കൃതി നഷ്ടപ്പെട്ടുപോയി. എന്നാൽ പീറ്റർ കല്ലിനിക്കസിന്റെ ഖണ്ഡനകൃതികളിൽ നിന്ന് പലതും വീണ്ടെടുക്കാനാകും. തന്റെ മെത്രാഭിഷേകത്തിനുശേഷം (578) യാക്കോബ് ബുർദാനയ്ക്കും പൗരസ്ത്യസന്യാസികൾക്കും വൈദികർക്കും ഒരു സിനഡിക്കൽ ലേഖനം അയച്ചു. യാക്കോബ് മരിച്ചപ്പോൾ ആശ്വാസവചനങ്ങളുമായി ഒരു ലേഖനമെഴുതി(578). കാൽസിഡൺ, ലെയോയുടെ ലേഖനം എന്നിവയേയും ജൂലിയൻ, ത്രിതെയിസ്തർ, അഗേതായ് എന്നിവരേയും ഇതിലും സിനഡിക്കൽ ലേഖനത്തിലും നിരാകരിക്കുന്നു. പീറ്റർ കല്ലിനിക്കസിന് മൂന്നു കത്തുകളയച്ചു. അതുപോലെ മറ്റു പലർക്കും അയച്ച ലേഖനങ്ങളുടെ ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. പല വിവരങ്ങളും പീറ്ററിന്റെ മറുപടിയിൽ നിന്നാണ് നാം ഗ്രഹിക്കുക. പീറ്ററിന്റെ പക്ഷക്കാർ ഡാമിയന്റെ പക്ഷക്കാരെ "സബെല്ലിയർ" എന്നും "ടെട്രാഡിറ്റെസ്" എന്നും വിളിച്ചു. ഡാമിയന്റെ പക്ഷക്കാർ എതിരാളികളെ "ത്രിതെയിസ്റ്റുകൾ" എന്നും വിളിച്ചു. ജോൺ ഫിലൊപ്പോണുസ്, ഹലികർണാസുസിലെ ജൂലിയൻ, ഗയ്യാനീത്തർ, അഗേതായ്, സോഫിസ്റ്റ് സ്റ്റീഫന്റെ അനുയായികൾ, സോഫിസ്റ്റ് പ്രോബാ എന്നിവരായിരുന്നു ഏകസ്വഭാവവാദികളുടെ ഇടയിലെ എതിരാളികൾ. ഡാമിയന്റെ അനുയായികളെ മറ്റുള്ളവർ "ഏൻജലീത്തർ" എന്നു വിളിച്ചു. കാൽസിഡൺ പാത്രിയർക്കീസ് എവുളോഗിയസിനു ശേഷം (580–607) ഡാമിയന്റെ പക്ഷക്കാർ ഒന്നിച്ചുകൂടിയിരുന്നത് അവരുടെ ഏകപള്ളിയായ അൻജെലിക്കോണിൽ ആയിരുന്നു. അതുകൊണ്ടാണ് അവർക്ക് ആ പേര് ലഭിച്ചത്. – ഇക്കാലത്ത് ഉയർന്നു വന്ന കോപ്തിക് എഴുത്തുകാരാണ് അസ്യൂതിലെ കോൺസ്റ്റൻടൈൻ, അഷ്മുനൈനിലെ ജോൺ, ഷോട്ടെപ്പിലെ റൂഫുസ്, പരാളോസിലെ ജോൺ എന്നിവർ.



## അലക്സാണ്ട്രിയായിലെ എവുളോഗിയൂസ് (580–608)

കാൽസിഡൺ അനുഭാവികളുടെ പാത്രിയർക്കീസായിരുന്നു എവുളോഗിയൂസ്. ഗ്രീക്കു സംസാരിച്ച ഒരു സുറിയാനിക്കാരനായിരുന്ന അദ്ദേഹം കുറേനാൾ കോൺസ്റ്റാന്റിനോപ്പിളിൽ താമസിച്ചു. പല പുതിയ പള്ളികളും മെൽക്കീത്തർക്കുവേണ്ടി പണിയിച്ചു. സാധാരണക്കാരും സന്യാസികളും ഏകസ്വഭാവ ചിന്താഗതിക്കാരായിരുന്നതിനാൽ അദ്ദേഹത്തിന്റെ അധികാരം വളരെ പരിമിതമായിരുന്നു. എന്നാൽ ഡാമിയന്റെ അനുയായികളെ അലക്സാണ്ട്രിയായിൽ ഒരൊറ്റ പള്ളിയിൽ ഒതുക്കി. അയാൾ ധാരാളം കൃതികൾ എഴുതിയെങ്കിലും ചില രേഖാശകലങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു.

## ദാനശീലനായ ജോൺ (610–620)

സൈപ്രസിലെ അമാതുസിൽ ധനിക കുടുംബത്തിൽ ജനിച്ച ജോൺ ആദ്യം കുടുംബജീവിതം നയിച്ചു. ഭാര്യയും മക്കളും മരിച്ചശേഷം സ്വത്ത് ദാനം ചെയ്തിട്ട് സഭാസേവനത്തിന് ഇറങ്ങിത്തിരിച്ചു. ഹെരാക്ലിയസ് ചക്രവർത്തി അയാളെ 610–ൽ ഈജിപ്തിലെ കാൽസിഡൺ അനുഭാവികളുടെ പാത്രിയർക്കീസാക്കി. കാൽസിഡൺ അനുഭാവികൾ ന്യൂനപക്ഷമായിരുന്നതിനാൽ, അവിടുത്തെ ജീവിതം എളുപ്പമായിരുന്നില്ല. അദ്ദേഹം ഈജിപ്തിലും മറ്റിടങ്ങളിലും ധാരാളം ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി. അതുവഴി ദാനശീലൻ അഥവാ ധർമിഷ്ഠൻ എന്നു പേരായി. ജോൺ മോസ്കുസ്, സൊഫ്രോണിയുസ് എന്നിവർ അദ്ദേഹത്തെ സഹായിച്ചു. അക്കാലത്ത് കാൽസിഡൺ അനുയായികളുടെ പള്ളികൾ എഴുപതായി വർദ്ധിച്ചു. കോൺസ്റ്റാന്റിനോപ്പിളിലേക്ക് പോകുന്ന വഴി അമാതുസിൽ വച്ച് മരിച്ചു. അദ്ദേഹം വി. തിക്കോൺ എന്ന അമാതുസ് മെത്രാന്റെ ജീവചരിത്രം രചിച്ചിട്ടുണ്ട്.

## അലക്സാണ്ട്രിയായിലെ ജോർജ്

ജോണിന്റെ പിൻഗാമിയായി പാത്രിയർക്കീസായത് ജോർജാണ് (620). പല്ലാഡിയുസിനെ ആധാരമാക്കി അയാൾ ജോൺ ക്രിസൊസ്തോമിന്റെ ഒരു ജീവചരിത്രമെഴുതി. അത് കൈവന്നിട്ടുണ്ട്.

## അലക്സാണ്ട്രിയായിലെ സൈറസ്

സൈറസ് ആദ്യം ഫാസിസിലെ (സെബെസ്തോപ്പൊളീസിലെ) മെത്രാനായിരുന്നു. അയാൾ കോൺസ്റ്റാന്റിനോപ്പിളിലെ സേർജിയുസിന്റെ (610–628) ക്രിസ്തുശാസ്ത്രം 626-ൽ സ്വീകരിച്ചു. ചക്രവർത്തി അയാളെ പിന്നീട് അലക്സാണ്ട്രിയയിലെ പാത്രിയർക്കീസായി നിയമിച്ചു. അതോടൊപ്പം ഈജിപ്തിന്റെ പ്രീഫെക്ടും മിലിറ്ററി ഗവർണ്ണറുമാക്കി. അയാൾ 633-ൽ അലക്സാണ്ട്രിയായിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. മോണോഎനർജിസത്തിന്റെ അടിസ്ഥാനത്തിൽ ഒൻപത് ഖണ്ഡികകളിലായി വിവിധവിഭാഗക്കാരെ യോജിപ്പിക്കാൻ ഒരൈക്യഫോർമുല ഉണ്ടാക്കി. കാൽസിഡന്റെ "രണ്ടു സ്വഭാവങ്ങളിൽ" എന്നതും സിറിലിന്റെ "ഏകസ്വഭാവവും (മിയാ ഫ്യൂസിസ്)" അഥവാ സെവുഡോ-ഡയനീഷ്യസിന്റെ "എനെർഗെയ്യാ തെയാൻഡ്രിക്കേയും" എങ്ങനെ ചേർന്നുപോകുമെന്ന് ഏഴാമത്തെ ഖണ്ഡിക വ്യക്തമാക്കി. രാജകീയ പിന്തുണ ഉണ്ടായിരുന്നെങ്കിലും ഏകസ്വഭാവവാദികളുമായി ഉണ്ടാക്കിയ ഈ ഐക്യം നിലനിന്നില്ല. അറബി മുന്നേറ്റകാലത്ത് (640) സൈറസ് ഒറ്റിക്കൊടുത്തെന്ന് ആരോപിക്കപ്പെടുകയും സ്ഥാനഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു. എന്നാൽ 614-ൽ തിരികെ വന്നു. ഈ കാലത്താണ് അറബികൾ അലക്സാണ്ട്രിയാ കീഴടക്കിയത്. 642-ൽ മരിച്ചു. സൈറസിന്റെ മൂന്നു കൃതികൾ അവശേഷിക്കുന്നു.

## ഹിപ്പെറെക്കിയുസ്

"സന്യാസികൾക്കുള്ള ഉപദേശം" എന്ന ചെറിയൊരു പ്രസംഗത്തിന്റെ കർത്താവാണയാൾ. "പിതൃസൂക്തങ്ങളിൽ" ഹിപ്പെറെക്കിയുസിന്റെ പേരിലുള്ള മൊഴികളുടെ ഉറവിടം ഇതാണ്.

## ഷേതിലെ ദാനിയേൽ

സന്യാസികളെയും താപസരെയും കുറിച്ചുള്ള പല കഥകളിലും പിതൃസൂക്തങ്ങളിലെ കഥകളിലും ഷേതിലെ സന്യാസിയായ ദാനിയേൽ പ്രത്യക്ഷപ്പെടുന്നു. ജനപ്രീതി നേടിയ കഥകളായിരുന്നതിനാൽ അവ പല പൗരസ്ത്യ ഭാഷകളിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

## നിക്കിയുവിലെ ജോൺ (7-ാം നൂ.)

അലക്സാണ്ട്രിയായ്ക്കടുത്തുള്ള നിക്കിയുവിലെ കോപ്തിക് മെത്രാനായിരുന്ന ജോൺ, അതിനുമുമ്പ് സന്യാസികളുടെ അഡ്മിനിസ്ട്രേറ്റർ തുടങ്ങി



സഭയിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. അധികാരപ്രമത്തത കാട്ടിയെന്ന ആരോപണത്താൽ പിന്നീട് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അയാൾ ഒരു ക്രോണിക്കിൾ എഴുതിയിട്ടുണ്ട് (690). അതിൽ ആദം മുതൽ 644 വരെയുള്ള കാര്യങ്ങൾ കൊടുത്തിരിക്കുന്നു. 122 അധ്യായങ്ങളായിട്ടാണ് മൂലകൃതിയെങ്കിലും പലതും നഷ്ടപ്പെട്ട രീതിയിൽ വിവർത്തനത്തിലൂടെ മാത്രമേ ലഭിച്ചിട്ടുള്ളൂ. കോപ്തിക്കിൽ നിന്ന് അറബിയിലേക്കും അറബിയിൽനിന്ന് എത്യോപ്യനിലേക്കും വിവർത്തനം നടന്നു. ഇപ്പോഴുള്ളത് എത്യോപ്യൻ പദാനുപദ തർജമയാണ്. പല ഭാഗങ്ങളും നഷ്ടപ്പെട്ട രീതിയിലാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്. സൊക്രാട്ടസ്, ജോൺ മലാലാസ്, പാസ്കൽ ക്രോണിക്കിൾ എന്നിവയെ ജോൺ ആധാരമാക്കിയിട്ടുണ്ട്. അയാൾ കാൽസിഡൺവിരുദ്ധ ചേരിയിലായിരുന്നു. ക്രിസ്ത്യാനികളുടെ ഇടയിലെ വിഭജനമാണ് മുസ്ലീം മുന്നേറ്റത്തെ സഹായിച്ചതെന്ന് അദ്ദേഹം പറയുന്നു.

## അലക്സാണ്ട്രിയായിലെ അമ്മോണിയുസ്

ഒരു വ്യാഖ്യാതാവായിരുന്നു അയാൾ. സീനായിലെ അനസ്താസ്യൂസ് *ഹോഡെഗോസിൽ* പരാമർശിക്കുന്ന അമ്മോണിയുസ് ഇയാളല്ല എന്നാണ് പണ്ഡിതമതം. "എവുതീക്കെസിന്റെയും ദിയസ്കോറോസിന്റെയും പാഷണ്ഡതകൾക്കെതിരെയുള്ള കൃതിയിൽ" നിന്ന് അനസ്താസ്യൂസ് ഉദ്ധരിക്കുന്നു.

മറ്റൊരു **അമ്മോണിയൂസ്,** ദാനിയേൽ, യോഹന്നാന്റെ സുവിശേഷം എന്നിവയ്ക്ക് ഭാഷ്യമെഴുതി. ഇയാൾ അലക്സാണ്ട്രിയൻ സഭയിലെ വൈദികനും ഇക്കോണമുസുമായിരുന്നു. തിമോതി ഐലൂറോസിനെതിരെ കാൽസിഡൺ കൗൺസിലിനെ ന്യായീകരിച്ചു കൊണ്ടുള്ള ലെയോ ചക്രവർത്തിയുടെ കത്ത് അയാൾ അംഗീകരിച്ചു. കത്തേനകളിൽ ഇയാളുടെ വ്യാഖ്യാനങ്ങൾ കാണാം. സങ്കീർത്തനങ്ങൾ, ലൂക്കാ, നടപടികൾ, 1കൊറി., 1പത്രോ. എന്നിവയുടെ ഭാഷ്യശകലങ്ങൾ ലഭിച്ചിട്ടുണ്ട്.

## ബാർബാരുസ് സ്കലിഗേറിയും അജ്ഞാത കാലാനുക്രമണികയും (ക്രോണോഗ്രാഫുസ് അനോണിമുസ്)

ഒരലക്സാണ്ട്രിയൻ ഗ്രീക്ക് കാലാനുക്രമണികയുടെ പേരാണ് ബാർബാരുസ് സ്കലിഗേറി. ഇത് 700-ാമാണ്ടോടുകൂടി ലത്തീനിലേക്ക് വിവർത്തനം ചെയ്തു. ജോസഫ് യുസ്തുസ് സ്കലിഗേർ (1540–1609) എന്നയാളാണ് ഇത് ലത്തീനിൽ പ്രസിദ്ധീകരിച്ചത്. "ക്രോണോഗ്രാഫുസ് അനോമിമുസ്" എന്നതുമായി (5-ാം നൂ.) ഇതിന് ബന്ധമുണ്ട്. ആദം മുതലുള്ള കാലാനുക്രമണിക ബാർബാരുസ് നൽകുന്നു. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്: 1. ആദിമുതൽ ക്ലേയോപാട്രാ വരെ (31 ബി.സി). 2. പേർഷ്യൻ, അസ്സീറിയൻ രാജാക്കന്മാരുടെ ഭാഗികപട്ടികകൾ, ജൂലിയസ് സീസർ മുതൽ വലന്റീനിയൻ രണ്ടാമൻ വരെയുള്ള പട്ടിക

(387). 3. അനസ്താസ്യൂസ് രണ്ടാമൻ വരെയുള്ള പട്ടിക (512). ആഫ്രിക്കാനുസ്, ഹിപ്പോളിറ്റസ്, എവുസേബിയസ് എന്നിവരെ ആധാരമാക്കിയാണ് ഇത് തയാറാക്കിയിരിക്കുന്നത്.

## 2. കോപ്തിക് ഭാഷയിലെഴുതിയ കൃതികൾ

പുരാതന ഈജിപ്തിലെ ഭാഷയാണ് കോപ്തിക്. ക്രിസ്ത്യാനികൾ 3-9 നൂറ്റാണ്ടുകൾ ഈ ഭാഷ ഉപയോഗിച്ചിരുന്നു. ഏഴാം നൂറ്റാണ്ടുവരെ ഈജിപ്തിൽ ഗ്രീക്കും നിലനിന്നു. അറബി ആധിപത്യത്തോടുകൂടി അറബിഭാഷ സാർവത്രികമായി. ഡെമോട്ടിക് എന്നറിയപ്പെടുന്ന ഈജിപ്ഷ്യൻ ഭാഷ അഞ്ചാം നൂറ്റാണ്ടു വരെ നിലനിന്നു. യൂദന്മാർ അറമായ ഭാഷയും ഉപയോഗിച്ചു. പുരാതന ഈജിപ്ഷ്യൻ ഭാഷയുടെ അക്ഷരമാലയോടുകൂടെ ഗ്രീക്ക് അക്ഷരങ്ങൾ കൂട്ടിച്ചേർത്താണ് കോപ്തിക് അക്ഷരമാല ഉണ്ടാക്കിയിരിക്കുന്നത്. കോപ്തിക്കിൽ സഹിദിക്, ബൊഹൈറിക്, അക്മിമിക്, സബ് അക്മിമിക്, ഓക്സിറിങ്കൈറ്റ് എന്നീ അവാന്തരവിഭാഗങ്ങളുണ്ട്. എന്നാൽ എട്ടാം നൂറ്റാണ്ടുവരെ സാഹിത്യഭാഷ സഹിദിക്കായിരുന്നു; ബൊഹൈറിക് ഒൻപതാം നൂറ്റാണ്ടു മുതലും. ഈജിപ്തിലെ കോപ്തിക് ക്രിസ്ത്യാനികളുടെ ഇടയിലെ ടെക്സ്റ്റുകളെല്ലാം കോപ്തിക് ഭാഷയിലാണ്. മേലേക്കിടയിലുള്ളവരാകട്ടെ ഗ്രീക്കിലെഴുതി. സന്യാസകൃതികൾ മിക്കവയും കോപ്തിക്കിലാണ്. ഗ്രീക്കിൽ നിന്നുള്ള ധാരാളം വിവർത്തനങ്ങളും കോപ്തിക് ഭാഷയിലുണ്ടായി.

കാൽസിഡൺ സിനഡുവരെ (451) ഈജിപ്തിലെ സഭ ഗ്രേക്കോ-റോമൻ പ്രദേശങ്ങളിലെ സഭയുടെ മുഖ്യധാരയിൽ ഇഴുകിച്ചേർന്ന് കത്തോലിക്കാസഭയായി കഴിഞ്ഞു. കാൽസിഡണിനുശേഷം കോപ്തിക് ക്രിസ്ത്യാനികൾ കാൽസിഡൺവിരുദ്ധ ചേരിയിലേക്കു തിരിഞ്ഞ്, കാതോലികകൂട്ടായ്മ നഷ്ടപ്പെടുത്തി. കോപ്തിക് ക്രിസ്തുമതം അതിനുശേഷം അതിന്റേതായ രീതിയിൽ വളരാൻ തുടങ്ങി.

### ആദ്യകാല കൃതികൾ

ബൈബിൾ ഗ്രന്ഥങ്ങൾക്കു പുറമേ അപ്പോക്രിഫൽ കൃതികൾ കോപ്തിക് ഭാഷയിൽ വ്യാപകമായി പ്രചരിച്ചിരുന്നു. ഏലിയാവിന്റെ വെളിപാട്, ഏശായായുടെ ദർശനം എന്നീ രണ്ട് പഴയനിയമ അപ്പോക്രീഫാകളാണ് ആദ്യം (3/4-നൂ.) കോപ്തിക്കിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. സൊഫോണിയായുടെ വെളിപാട് എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിന്റെ ചില ഭാഗങ്ങളേ ലഭിച്ചിട്ടുള്ളൂ. പൗലോസിന്റെ നടപടികൾ, ശ്ലീഹന്മാരുടെ ലേഖനം, പത്രോസിന്റെ നടപടികൾ എന്നീ പുതിയനിയമ അപ്പോക്രീഫാകളുടെയും കോപ്തിക് പതിപ്പുകൾ ഉണ്ടായി. മെലിറ്റോയുടെ പെരിപാസ്ക, ആത്മാവിനെയും ശരീരത്തെയും കുറിച്ച് എന്നീ ഹോമിലികളും ബേസിലിന്റെ പേരിൽ അറിയപ്പെട്ടിരുന്ന "സോളമന്റെ ആലയത്തെക്കുറിച്ച്" എന്ന ഹോമിലിയും കോപ്തിക്കിൽ 3/4 നൂറ്റാണ്ടുകളിൽ പ്രത്യക്ഷപ്പെട്ടു.



### സന്യാസകൃതികൾ

ഈജിപ്തിലെ അന്തോണിയോസിന്റെയും പക്കോമിയോസിന്റെയും പേരിൽ അറിയപ്പെടുന്ന രേഖകൾ ആദ്യം കോപ്തിക്കിലായിരിക്കാം പ്രത്യക്ഷപ്പെട്ടത്. അന്തോണിയോസിന്റെ കത്തുകൾ കോപ്തിക്കിൽ പ്രചരിച്ചിരുന്നു. പക്കോമിയോസിന്റെ ജീവചരിത്രം, സന്യാസനിയമങ്ങൾ, കത്തുകൾ എന്നിവ നാലാം നൂറ്റാണ്ടിൽ കോപ്തിക്കിൽ എഴുതപ്പെട്ടു. പക്കോമിയോസിന്റെ പേരിൽ അറിയപ്പെടുന്ന ഒരു നീണ്ട ഉപദേശം അദ്ദേഹത്തിന്റേതല്ല. സന്യാസത്തിന്റെ വിവിധ വശങ്ങളെ പരാമർശിച്ചുകൊണ്ട് ഒരു സന്യാസിക്ക് നൽകുന്ന നീണ്ട ഉപദേശമാണ് ഉള്ളടക്കം. പക്കോമിയോസിന്റെ പേരിൽ അറിയപ്പെടുന്ന പല മൊഴികളെപ്പറ്റിയും ഇതേ അഭിപ്രായമാണുള്ളത്. തിയഡോറിന്റെ പേരിലുള്ള ഒരു കത്ത് അദ്ദേഹത്തിന്റേതാണ്. എന്നാൽ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന പ്രസംഗങ്ങളുടെ ഭാഗങ്ങൾ അദ്ദേഹത്തിന്റേതല്ല. ഹോർസിയെസിയുടെ രണ്ടു കത്തുകളും ചില കത്തുകളുടെ ഭാഗങ്ങളും അദ്ദേഹത്തിന്റേതാണ്. എന്നാൽ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന നിയമങ്ങളും പ്രസംഗവും മറ്റു ചില കൃതികളുടെ ഭാഗങ്ങളും അദ്ദേഹത്തിന്റേതല്ല.

### ഗ്നോസ്റ്റിക് സാഹിത്യം

കോപ്തിക് ഭാഷയിൽ ധാരാളം ഗ്നോസ്റ്റിക് കൃതികൾ ഉണ്ടായി. ഗ്രീക്കിൽ നിന്നുള്ള കോപ്തിക് പരിഭാഷ ചില പക്കോമിയൻ സന്യാസ സമൂഹങ്ങളിലാണോ ഉണ്ടായതെന്ന് സംശയിക്കുന്നവരുണ്ട്. നാഗ് ഹമ്മദിയിൽ നിന്ന് 1945-ൽ കോപ്തിക് ഭാഷയിലുള്ള പതിമൂന്ന് ഗ്നോസ്റ്റിക് വാല്യങ്ങൾ ലഭിച്ചു. അവയെപ്പറ്റി പഠിച്ചവർ ഈ ഗ്നോസ്റ്റിക് കൃതികളെ പല വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്:

(1) *വലന്റീനിയൻ ഗ്നോസ്റ്റിക് കൃതികൾ:* സത്യസുവിശേഷം, ഫിലിപ്പിന്റെ സുവിശേഷം, ഉത്ഥാനത്തെപ്പറ്റി, *ത്രക്താതുസ് ത്രിപാർതിതുസ്* എന്നീ കൃതികൾ ഈ ഗണത്തിൽ പെടുന്നു. അവസാനം പറഞ്ഞത് ഗ്നോസ്റ്റിക് ദൈവശാസ്ത്ര സംഗ്രഹമാണ്. ഇതിന് മൂന്നു ഭാഗങ്ങളുള്ളതിനാലാണ് മേൽപ്പറഞ്ഞ തലക്കെട്ട്. വലന്റീനിയൻ ഗ്നോസ്റ്റിസിസത്തിന്റെ പ്രധാനാശയങ്ങൾ ഇതിൽ കാണാം. ഉന്നതലോകം, ഭൗമിക ലോകത്തിന്റെയും മനുഷ്യന്റെയും സൃഷ്ടി, മനുഷ്യചരിത്രവും രക്ഷയും എന്നിങ്ങനെയാണ് ത്രിവിധ വിഭജനം. ശരീരം, ആത്മാവ്, അരൂപി എന്നിങ്ങനെ മനുഷ്യനെ മൂന്നായി തിരിക്കുന്നു.

(2) *ശേതിയൻ ഗ്നോസ്റ്റിക് കൃതികൾ:* ഗ്നോസ്റ്റിസിസത്തിൽ ശേത് ഒരു പ്രധാന കഥാപാത്രമാണ്. യോഹന്നാന്റെ അപ്പോക്രീഫാ (യേശു യോഹന്നാനു നൽകിയ വെളിപാടുകളാണ് ഉള്ളടക്കം), ഈജിപ്തുകാരുടെ സുവിശേഷം, ശേതിന്റെ ശിലാഫലകം (ശേത് എഴുതിയ മൂന്നു ഗീതങ്ങൾ), "പ്രോതേന്നൊയ്യാ ത്രിമോർഫോസ്," "ഹ്യുപ്പോസ്റ്റസിസ് ആർക്കോൻതോൻ", ലോകോൽപ്പത്തിയെപ്പറ്റി, ആദത്തിന്റെ വെളിപാട്, മൽക്കീസദേക്ക്, മഹാനായ ശേതിന്റെ കൃതി, നോറെയാ എന്നീ കൃതികൾ ഈ വിഭാഗത്തിൽ പെടുന്നു.

(3) *ഇറേനിയൻ ഗ്നോസ്റ്റിക് കൃതികൾ:* സൊസ്ത്രിയാനോസ്, അല്ലോഗെനെസ് എന്നീ രണ്ടെണ്ണം ഇതിൽ ഉൾപ്പെടുന്നു. നാഗ് ഹമ്മദിയിലെ രേഖകളിൽ ഏറ്റവും വലുതാണാദ്യത്തേത്.

(4) *ഏഷ്യാറ്റിക് ഗ്നോസ്റ്റിക് കൃതികൾ:* തോമസിന്റെ സുവിശേഷം: യേശുവിന്റെ വാക്കുകളുടെ സമാഹാരമാണിത് (*ലോഗിയാ*); സംസാര ശൈലിയാണ് ഇതിന്. നാഗ് ഹമ്മദി രേഖകളിൽ ഇതാണ് ഏറ്റവും കൂടുതൽ പഠന വിഷയമായത്. *മറ്റുള്ളവ: ലീബർ തോമേ അത്‌ലേതേ*, പത്രോസിന്റെയും 12 ശ്ലീഹന്മാരുടെയും നടപടികൾ, യാക്കോബിന്റെ ലേഖനം, യാക്കോബിന്റെ രണ്ടു വെളിപാടുകൾ, മറിയത്തിന്റെ സുവിശേഷം, പൗലോസിന്റെ വെളിപാട്, പത്രോസിന്റെ വെളിപാട്, ഫിലിപ്പിന് പത്രോസിന്റെ ലേഖനം, രക്ഷകന്റെ ഡയലോഗ്.

(5) *ഹെർമെറ്റിക് കൃതികൾ:* ഈജിപ്ഷ്യൻ സംസ്കാരവും ഹെല്ലെനിസവും കൂടിച്ചേർന്നപ്പോൾ ഉടലെടുത്ത ഒരു മതാത്മക പ്രസ്ഥാനമാണ് ഹെർമെറ്റിസം. "എക്സ്ചേർപ്തും അപ്പോകലിപ്തിക്കും എക്സ് അസ്ക്ലേപ്പിയോ", "ഒഗ്ദൊആദിനെയും എന്നെയഡിനെയും പറ്റി ഹെർമെസും തോറ്റും തമ്മിലുള്ള സംഭാഷണം", പ്ലേറ്റോയുംട റിപ്പബ്ലിക്കിൽ നിന്നുള്ള ഭാഗങ്ങൾ.

(6) *ധാർമിക ടെക്സ്റ്റുകൾ:* സെക്സ്റ്റസിന്റെ മൊഴികൾ, സിൽവാനുസ് എന്ന കൃതി.

(7) *താത്വികവും താർക്കികവുമായ ടെക്സ്റ്റുകൾ:* "ഒതെന്റിക്കോസ് ലോഗോസ്," "നൊയേമാ മാഗേ", "പൊതെൻസ്യേ ബ്രോൻതേ", ആത്മാവിനെ കുറിച്ചുള്ള ഭാഷ്യം, എവുഗ്നോസ്റ്റസിന്റെ ലേഖനം, യേശുക്രിസ്തുവിന്റെ വിജ്ഞാനം.

(8) *പലവക ടെക്സ്റ്റുകൾ*: "പാരഫ്രാസിസ് ശേം", മർസാനെസ്. – ഈ കൃതികളെപ്പറ്റിയൊക്കെ വളരെയധികം പഠനങ്ങൾ നടന്നിട്ടുണ്ട്. സഭാപിതാക്കന്മാർ പോലും കണ്ടിട്ടില്ലാത്ത പല ഗ്നോസ്റ്റിക് കൃതികളും നാഗ് ഹമ്മദിയിൽ നന്നു ലഭിച്ചു. യേശുവിന്റെ സുവിശേഷം വളച്ചൊടിച്ച് തങ്ങളുടെ ഗ്നോസ്റ്റിക് ആശയങ്ങളുമായി ചേർന്നുപോകുന്ന ഒരുതരം ക്രിസ്തുമതം ഇക്കൂട്ടർ അവതരിപ്പിച്ചു. തങ്ങളാണ് യഥാർഥ ക്രിസ്ത്യാനികൾ എന്ന് പ്രചരിപ്പിക്കുകയും ചെയ്തു. അന്നത്തെ സഭാപിതാക്കന്മാർ ഇത്തരക്കാരുടെ കപട ക്രൈസ്തവസ്വഭാവം തുറന്നുകാട്ടി, ശ്ലൈഹികപ്രബോധനം ഉറപ്പിച്ചു.



## മനിക്കേയൻ ടെക്സ്റ്റുകൾ

കോപ്റ്റിക് ഭാഷയിലുള്ള കുറേ മനിക്കെയൻ ടെക്സ്റ്റുകൾ 1929–30 കളിൽ ഈജിപ്തിൽ നിന്ന് കണ്ടെടുത്തു. പലതും പൊട്ടിപ്പൊളിഞ്ഞ് വായിക്കാൻ പറ്റാത്ത രീതിയിലാണ്. അവയിൽ വളരെ കുറച്ചു മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. ഡബ്ലിൻ, ബർലിൻ, വിയന്നാ, കൊളോൺ എന്നിവിടങ്ങളിലായി ഈ കയ്യെഴുത്തു പ്രതികൾ സൂക്ഷിക്കുന്നു. മനിക്കേയൻ സങ്കീർത്തനങ്ങൾ ഉൾക്കൊള്ളുന്ന രേഖയ്ക്ക് 500–ഓളം പേജുകൾ വരും. അത് ഡബ്ലിനിലാണ്. മാനി തന്റെ ശിഷ്യർക്കു നൽകുന്ന ഉപദേശങ്ങൾ *കെഫാലയാ* എന്നപേരിൽ രണ്ട് വാല്യങ്ങളുണ്ട്. അവ ബർലിനിലും വിയന്നായിലുമാണ്. ക്രിസ്തീയ സഭയ്ക്ക് സമാന്തരമായി വളർന്ന ഒരു പ്രസ്ഥാനമായിരുന്നു മനിക്കെയിസം. തങ്ങളുടേതാണ് യഥാർഥ ക്രിസ്തുമതമെന്നു തെളിയിക്കാൻ ഇക്കൂട്ടർ വളരെ പാടുപെട്ടു. മെത്രാന്മാരും വൈദികരും ഡീക്കന്മാരും ഉൾപ്പെട്ട ഒരു ഹയരാർക്കി തന്നെ അവർക്കുണ്ടായിരുന്നു. ഈജിപ്തിലും വടക്കൻ ആഫ്രിക്കയിലും പശ്ചിമേഷ്യയിലും അവർക്ക് കുറെയൊക്കെ പ്രചരണം ലഭിച്ചു.

## ഒരിജനിസം

ചില പക്കോമിയൻ ആശ്രമങ്ങൾ ഒരിജനിസ്റ്റ് ചായ്‌വുള്ളവ ആയിരുന്നു. എന്നാൽ അലക്സാണ്ട്രിയായിലെ വി. തെയോഫിലസ് (+412) ഒരിജൻ വിരുദ്ധ ചേരിയിലേക്ക് നീങ്ങുകയും "ആൻത്രപ്പൊമോർഫിക്" ആശയങ്ങൾ പുലർത്തുകയും ചെയ്തപ്പോൾ, സന്യാസികളുമായി സംഘട്ടനമുണ്ടായി. ഈ സാഹചര്യം വ്യക്തമാക്കുന്നതാണ് *ഹോർസിയെസിയുടെ ജീവചരിത്രം.* കോപ്തിക് സാഹിത്യം ഒരിജനിസ്റ്റ് തർക്കങ്ങളിലേക്ക് കടന്നുവന്നതിലേക്ക് വെളിച്ചം വീശുന്നതാണ് തർസോസ് മെത്രാൻ അഗതോണിക്കൂസുമായി ബന്ധപ്പെട്ട നാലു കൃതികൾ. അഗതോണിക്കൂസ് എന്നത് ഒരു സാഹിത്യ സൃഷ്ടിയാണെന്ന് കരുതുന്നവരുണ്ട്. എവാഗ്രിയൻ സർക്കിളുകൾ ഒരിജനിസത്തിലേക്ക് ചായ്‌വുള്ളവയും ഷെനൂദായുടെ സർക്കിളുകൾ ആന്റി ഒരിജനിസ്റ്റുമായിരുന്നു. ഈജിപ്ഷ്യൻ സഭാനേതൃത്വവും സന്യാസികളും തമ്മിൽ ഒരിജനിസത്തിന്റെ പേരിൽ അഭിപ്രായഭിന്നത ഉണ്ടായിരുന്നു. സന്യാസികളുടെ വീക്ഷണം വിശദമാക്കുന്ന ഗ്രന്ഥമാണ് *അഫുവിന്റെ ജീവചരിത്രം.* അഫു (4/5 നൂ.) ഓക്സിങ്കുറിസിൽ മെത്രാനായിരുന്നു. "തമ്മായിലെ പൗലോസ് സന്യാസിയുടെ ജീവചരിത്രത്തിലും" അഫുവിനെപ്പറ്റി പരാമർശമുണ്ട്. കടുത്ത താപസസ്സനായിരുന്ന അഫുവിനെ വി. തെയോഫിലസ്, മെത്രാനാക്കി.

ഒരു പൗലോസിന്റെ ഒരു ചെറിയ കത്തും സന്യാസത്തെപ്പറ്റി ഒരു കൃതിയും മറ്റ് ചില കൃതികളുടെ ശകലങ്ങളും കോപ്തിക്കിൽ ലഭിച്ചിട്ടുണ്ട്. മറ്റൊരു താപസനായ "ബാവിതിന്റെ (അപ്പോളയുടെ) ജീവചരിത്രം" പാപ്പോഹ് എന്ന സന്യാസി എഴുതി. "സന്യാസികളുടെ ചരിത്രം" എന്ന പേരിൽ അറിയപ്പെടുന്ന ചില കൃതികൾ കോപ്റ്റിക് ഭാഷയിലുണ്ട്. നൈൽ താഴ്‌വരയിലുള്ള സന്യാസഭവനങ്ങൾ സന്ദർശിച്ച് എഴുതിയവയാണവ. "അറോനീസിന്റെ ജീവചരിത്രം", "ഒണോഫ്രിയുസിന്റെ ജീവചരിത്രം" എന്നിവ (4-ാം നൂ.) ഇത്തരത്തിൽ പെട്ടവയാണ്.

നിഖ്യായുടെ പേരിൽ അറിയപ്പെടുന്ന ചില കാനോനാകൾ കോപ്തിക്കിലുണ്ട്. അതുപോലെ നിഖ്യായിലെ പിതാക്കന്മാരുടെ പ്രബോധനം (ഡിഡസ്കാലിയ) എന്ന കൃതിയുടെ ഗ്രീക്കിൽ നിന്നുള്ള കോപ്തിക് വിവർത്തനവുമുണ്ട്.

## ഷെനൂദായുടെ കൃതികൾ

ഉത്തര ഈജിപ്തിൽ സോഹാഗിൽ അത്രിപ്പേ ആശ്രമാധ്യക്ഷനായിരുന്നു ഷെനൂദാ (+466). "അപ്പ ഷെനൂദായുടെ ആശ്രമം" എന്നും "വെളുത്ത ആശ്രമം" എന്നും അത് വിളിക്കപ്പെട്ടിരുന്നു. "ദയർ എൽ അബിയദ്"എന്ന് ഇന്നത് അറിയപ്പെടുന്നു. മുമ്പൊരിക്കൽ ഷെനൂദായെപ്പറ്റി ചുരുക്കി ഒരിടത്ത് പറഞ്ഞിട്ടുണ്ട് (ജി.ചേടിയത്ത്, *പട്രോളജി-2*, കോട്ടയം, 2006, പേ.245). ഷെനൂദാ എഫേസോസ് സിനഡിൽ (431) വി.സിറിലിനോടൊപ്പം സംബന്ധിച്ചു. സിനഡിന്റെ ഏതോ ഒരു സെഷനിൽ ഒരു പ്രസംഗം പറഞ്ഞു. അദ്ദേഹം വളരെ പ്രശസ്തനും അറിയപ്പെട്ടവനുമായിരുന്നു. അനേകം വിശിഷ്ട വ്യക്തികൾ അദ്ദേഹവുമായി ബന്ധം പുലർത്തി. അദ്ദേഹം വളരെ ദീനാനുകമ്പയുള്ള ആളായിരുന്നു. ചുറ്റുമുള്ള ദരിദ്രരെയും നിസ്സഹായരെയും വിവിധ രീതികളിൽ സഹായിച്ചു. അദ്ദേഹത്തിന്റെ ശിഷ്യരായി നിരവധി സ്ത്രീപുരുഷന്മാരുണ്ടായിരുന്നു. കോപ്തിക് ഭാഷയിൽ ഒറിജിനൽ കൃതികളെഴുതിയവരിൽ അദ്ദേഹം മുൻപന്തിയിൽ നിൽക്കുന്നു. അദ്ദേഹം ഗ്രീക്കിൽ നിന്ന് പലതും എടുത്തിട്ടുണ്ട്. പല ടെക്സ്റ്റുകളും ഇപ്പോഴും പ്രസിദ്ധീകരിച്ചിട്ടില്ല. താഴെ പറയുന്ന കൃതികൾ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നു:

1. ക്രിസ്റ്റൊളോജിക്കൽ കാറ്റക്കെസിസ്.
2. ഒരിജനിസ്ത്യർക്കെതിരെ
3. മെലീഷ്യർക്കെതിരെ.
4. മനിക്കേയർക്കെതിരെ.
5. ഗ്രീക്കുകാർക്കും പാഷണ്ഡികൾക്കുമെതിരെ.



സന്യാസികൾക്ക് ഉപദേശം നൽകുക ആയിരുന്നു അദ്ദേഹത്തിന്റെ പ്രധാന ജോലി. ബേശാ എന്ന ശിഷ്യൻ ഷെനൂദായുടെ ജീവചരിത്രം എഴുതിയിട്ടുണ്ട്. താഴെപ്പറയുന്നവയാണ് അദ്ദേഹത്തിന്റെ പ്രസംഗവിഷയങ്ങളിൽ ചിലത്: പിശാചിനെതിരെ, ശുദ്ധതയെപ്പറ്റി, ജനനത്തിരുനാളിനെപ്പറ്റി, അനുസരണക്കേടിനെപ്പറ്റി - ഉപദേശം സ്വീകരിക്കാൻ ന്യായാധിപന്മാർ പോലും അദ്ദേഹത്തെ സമീപിച്ചിരുന്നു. ഈജിപ്തിലെ ആ പ്രദേശങ്ങളിൽ അപ്പോഴും അവശേഷിച്ചിരുന്ന വിജാതിയരെ മാനസ്സാന്തരപ്പെടുത്താൻ അദ്ദേഹം എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. അവരുടെ വിഗ്രഹാരാധനയുടെ പൊള്ളത്തരം വെളിച്ചത്തു കൊണ്ടുവന്നു. അദ്ദേഹം ഒരിജനിസ്റ്റ് വിരുദ്ധ ചിന്തകൾ പുലർത്തി.

## ഹോമിലി വിവർത്തനങ്ങൾ

കോപ്തിക് ഭാഷയിലേക്ക് ഗ്രീക്കുപിതാക്കന്മാരുടെ പല ഹോമിലികളും വിവിധ കാലഘട്ടങ്ങളിൽ വിവർത്തനം ചെയ്തിട്ടുണ്ട്. താത്വിക കൃതികളേക്കാൾ പ്രായോഗിക കൃതികളായ ഹോമിലി സമാഹാരങ്ങളിലാണ് വിവർത്തകർ താൽപര്യം കാണിച്ചത്. പലപ്പോഴും പല ഭാഗങ്ങളും വിട്ടുകളഞ്ഞും പേരു മാറ്റിയുമൊക്കെയാണ് അവ കോപ്തിക്കിൽ പ്രചരിച്ചത്. വിവർത്തകരുടെ പേരുകൾ കൊടുക്കുന്ന രീതി ഇല്ലായിരുന്നു. ഇങ്ങനെയുള്ള ഹോമിലികളുടെ കൈയെഴുത്തുപ്രതികൾ ഷെനൂദായുടെ ആശ്രമത്തിലാണ് കാണപ്പെട്ടത്. സ്വതന്ത്രമായി എഴുതപ്പെട്ട ഹോമിലികൾ ചിലപ്പോൾ പ്രശസ്തരായ പിതാക്കന്മാരുടെ പേരിൽ പ്രചരിപ്പിച്ചിട്ടുണ്ട്. വി. അത്തനാസ്യോസ്, സിറിൽ, ജോൺ ക്രിസൊസ്തോം, ബേസിൽ, ഗ്രിഗറി നസ്യാൻസൻ, ഗ്രിഗറി നീസ്സാ എന്നിവരുടെ പേരിലാണ് കോപ്തിക്കിലെ ഹോമിലി സമാഹാരങ്ങൾ. അത്തനാസ്യോസ് എഴുതിയ വി. അന്തോണിയോസിന്റെ ജീവചരിത്രം, സങ്കീർത്തനഭാഷ്യം എന്നിവ കോപ്തിക്കിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഹോമിലികളായി കോപ്തിക്കിൽ പ്രചരിച്ച പലതും ഗ്രീക്ക് ടെക്സ്റ്റുമായി ഒത്തുപോകുന്നവയല്ല. ജോൺ ക്രിസൊസ്തോമിന്റെ ചില ഗ്രീക്ക് ഹോമിലികൾ കോപ്തിക്കിൽ കൃത്യമായി വിവർത്തനം ചെയ്തിട്ടുണ്ട്. മറ്റുചിലത് അദ്ദേഹത്തിന്റേതല്ല. ബേസിലിന്റെ ചില ഹോമിലികൾ മറ്റുചിലരുടെ പേരിലാണ്. ഗ്രിഗറി നസ്യാൻസന്റെ മൂന്ന് ഹോമിലികൾ കോപ്തിക്കിലുണ്ട്. ചില വിവർത്തനങ്ങളുടെ ഭാഗങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. ഈ വിവർത്തനങ്ങളെല്ലാം പഠനവിധേയമാക്കിയിട്ടില്ല.

## പ്ലേറോഫോറിയേ

ഏതെങ്കിലും വിഭാഗത്തിന്റെ താത്വികവീക്ഷണത്തിന് തെളിവായി അത്ഭുതങ്ങളും അടയാളങ്ങളും നിരത്തിവച്ച് എഴുതുന്ന ശൈലിക്കാണ് *പ്ലേറോഫോറിയ* എന്നു പറയുന്നത്. കാൽസിഡൺ സിനഡിനുശേഷം (451)

ഈജിപ്തിലെ സഭ രണ്ടായി പിളർന്നു. കോപ്തിക് സംസാരിക്കുന്നവരും ഗ്രാമവാസികളും സന്യാസികളും കാൽസിഡൺ വിരുദ്ധരായി. അവരുടെ ഇടയിൽ തന്നെ പല അവാന്തരവിഭാഗങ്ങളുണ്ടായി (അസെഫലോയ്, സെവേര്യർ, ജൂലിയനീത്തർ, ത്രിതെയിസ്റ്റുകൾ, ഗയ്യാനീത്തർ). കാൽസിഡൺ അംഗീകരിക്കുന്ന ഇമ്പീരിയൽ സഭയിൽ നിന്നകന്നുമാറി ഈജിപ്തിൽ ഒരു സമാന്തര ഹയരാർക്കി കെട്ടിപ്പടുക്കാൻ കാൽസിഡൺ വിരുദ്ധർ പരിശ്രമിച്ചു. അതിനു സഹായകമായി കോപ്തിക്കിലുള്ള കൃതികളും പ്രത്യക്ഷപ്പടാൻ തുടങ്ങി. അത്തരത്തിൽ പെട്ടവയാണ് താഴെപ്പറയുന്ന കൃതികൾ:

1. *സഭാചരിത്രം:* കോപിറ്റിക് സഭയുടെ കാൽസിഡൺ വിരുദ്ധപശ്ചാത്തലത്തിൽ എഴുതിയ ചരിത്രമാണിത്. അവരുടെ ഔദ്യോഗിക സഭാചരിത്രഗ്രന്ഥമാണിത്. പിൽക്കാലചരിത്രങ്ങളുടെയെല്ലാം സ്രോതസ്സും ഇതാണ്. ഇതിനെ ആധാരമാക്കിയാണ് “പാത്രിയർക്കീസുമാരുടെ ചരിത്രം” എന്ന അറബിയിലുള്ള ചരിത്രം എഴുതിയിരിക്കുന്നത്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്. ആദ്യഭാഗം എവുസേബിയസിന്റെ സഭാചരിത്രത്തിന്റെ ആദ്യത്തെ ഏഴ് പുസ്തകങ്ങളുടെ വിവർത്തനമാണ്. അൽപസ്വൽപം വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നു മാത്രം. മാനിയെപ്പറ്റിയുള്ള ചില സംഗതികൾ കൂട്ടിച്ചേർത്തിട്ടുണ്ട്. രണ്ടാംഭാഗത്തിന് അഞ്ച് പുസ്തകങ്ങളുണ്ട്. എവുസേബിയസിന്റെ തുടർച്ചയായി തിമോതി ഐലൂറോസ് (477)വരെയുള്ള സംഭവവികാസങ്ങൾ വിവരിക്കുന്നു. സിറിലിനെയും എഫേസോസിനെയും സംബന്ധിച്ചും കാൽസിഡൺ സിനഡിനെയും ദിയസ്കോറോസിനെയും സംബന്ധിച്ചും കോപ്തിക് ഭാഷ്യമാണ് നൽകിയിരിക്കുന്നത്.

2. ത്കു മെത്രാൻ മക്കാരിയോസിന്റെ ചരിത്രം: ദിയസ്കോറോസ് എഴുതിയതായി അവതരിപ്പിച്ചിരിക്കുന്നു. നേരത്തെ ഉണ്ടായിരുന്ന കൃതികൾ ഉപയോഗിച്ച് കഥകളും അത്ഭുതങ്ങളും ചേർത്ത് എഴുതിയിരിക്കുന്നു.

3. അലക്സാണ്ട്രിയൻ മെത്രാൻ ദിയസ്കോറോസിന്റെ ജീവചരിത്രം. ഡീക്കൻ തെയോപിസ്തുസാണ് ഇതെഴുതിയത്.

4. അത്തനാസ്യോസിന്റെ ജീവചരിത്രം. കോപ്തിക് സഭാസ്ഥാപകനായി അത്തനാസ്യോസിനെ അവതരിപ്പിച്ചിരിക്കുന്നു. കഥയും കാര്യവും കൂട്ടിയിണക്കി രചിച്ചിരിക്കുന്നു. ചരിത്രവസ്തുതകൾ തന്നെ വളച്ചൊടിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

5. അലക്സാണ്ട്രിയായിലെ തിയഡോഷ്യസിന്റെ കൃതികൾ: പല സ്രോതസ്സുകൾ തിയഡോഷ്യസിനെപ്പറ്റി സംസാരിക്കുന്നു. ഏകസ്വഭാവ വാദികൾക്ക് വളരെ പ്രധാനപ്പെട്ട ആളാണ് അയാൾ. അയാളുടെ മൂന്നാല് കൃതികളെപ്പറ്റി മറ്റുള്ളവർ പരാമർശിക്കുന്നു.



**മറ്റ് കോപ്തിക് പ്ലേറോഫോറിക്ക് ടെക്സ്റ്റുകൾ:**

6. ബേശാ രചിച്ച, ഷെനൂദായുടെ ജീവചരിത്രം.

7. സ്റ്റീഫൻ രചിച്ച, അപ്പൊളോ ആർക്കിമൺഡ്രൈറ്റിനെപ്പറ്റിയുള്ള സ്തുതിപ്രഭാഷണം.

8. അബ്രഹാം ആർക്കിമൺഡ്രൈറ്റിന്റെ ജീവചരിത്രം.

9. ലൊൻഗീനുസിന്റെ ജീവചരിത്രം.

10. ദരിദ്രനായ മത്തായിയുടെ ജീവചരിത്രം.

11. മോശ ആർക്കിമൺഡ്രൈറ്റിന്റെ ജീവചരിത്രം.

12. ലിക്കോപ്പൊളീസിലെ യോഹന്നാന്റെ ജീവചരിത്രം.

13. ദാനിയേൽ ആർക്കിമൺഡ്രൈറ്റിന്റെ ജീവചരിത്രം.

14. ഷേതിലെ പാംബോ രചിച്ച ഹിലരിയുടെ ജീവചരിത്രം.

കഥകളും ഐതിഹ്യങ്ങളും ചേർത്ത് കോപ്തിക് സന്യാസനേതാക്കന്മാരെ പ്രകീർത്തിക്കുകയും അവരുടെ അത്ഭുതങ്ങൾ വർണിക്കുകയും ചെയ്യുന്ന സാഹിത്യരീതിയാണ് ഈ കൃതികൾ അവലംബിച്ചിട്ടുള്ളത്. ഒരു കോപ്തിക് സംസ്ക്കാരം കെട്ടിപ്പടുക്കാനുള്ള പരിശ്രമമാണ് ഇത്തരം കൃതികളിൽ കാണുക. ഇവയിൽ ഒരുപക്ഷേ സത്യത്തിന്റെ അംശം കണ്ടേക്കാം.

# VI
# അർമേനിയൻ പട്രിസ്റ്റിക് ടെക്സ്റ്റുകൾ

**ആമുഖം**

വി. മെസ്റോപ്പ് (+439) അർമേനിയൻ ഭാഷയ്ക്ക് അക്ഷരമാല ഉണ്ടാക്കി. അഞ്ചാം നൂറ്റാണ്ടുവരെ അർമേനിയായുടെ ഔദ്യോഗികഭാഷ സുറിയാനിയും ഗ്രീക്കുമായിരുന്നു. ആരംഭകാലത്ത് അർമേനിയൻ സാഹിത്യം മുഴുവൻ ക്രൈസ്തവമായിരുന്നു. അങ്ങനെ വി. ഗ്രന്ഥം, ഗ്രീക്ക്-സുറിയാനി പിതാക്കന്മാരുടെ കൃതികൾ എന്നിവ അർമേനിയൻ സഭയിലുണ്ടായി. എഡേസ്സയിലെ അഹത്തള്ള, അഫ്രാത്, അപ്പൊള്ളിനാരിസ്, അത്തനാസ്യോസ്, ബേസിൽ, അലക്സാണ്ട്രിയായിലെ സിറിൽ, സെവുഡോ ഡയനീഷ്യസ്, മാർ അപ്രേം, എപ്പിഫാനിയസ്, അലക്സാണ്ട്രിയായിലെ സെവുഡോ-എവുസേബിയസ്, കേസറിയായിലെ എവുസേബിയസ്, എമേസായിലെ എവുസേബിയസ്, എവുതാലിയുസ് ഡീക്കൻ, കോൺസ്റ്റാന്റിനോപ്പിളിലെ എവുതീക്കിയുസ് പാത്രിയർക്കീസ്, എവാഗ്രിയസ്, ഗ്രിഗറി നസ്യാൻസൻ, ഗ്രിഗറി നീസ്സാ, ജറുസലേമിലെ ഹെസീക്കിയുസ്, ഹിപ്പോളിറ്റസ്, അന്ത്യോക്യയിലെ ഇഗ്നേഷ്യസ്, ലയൺസിലെ ഐറേനിയസ്, ജോൺ ക്രിസൊസ്തോം, ജറുസലേമിലെ ജോൺ, എമേസായിലെ നെമേസിയുസ്, അൻസീറായിലെ നീലുസ്, ഫീലോ, ഫിസിയൊളോഗുസ്, പ്രോക്ലൂസ്, ഗാബാലായിലെ സെവേരിയൻ, സെക്സ്റ്റസ്, സൊക്രാട്ടസ്, തിയഡൊറെറ്റ്, അലക്സാണ്ട്രിയായിലെ തെയോഫിലസ്, തിമോതി ഐലൂറോസ് എന്നീ എഴുത്തുകാരുടെ കൃതികൾ വിവിധ കാലഘട്ടങ്ങളിലായി അർമേനിയൻ വിവർത്തനത്തിലുണ്ടായി. അതുപോലെ പിതൃസൂക്തങ്ങളും ഹെർമെറ്റിക് സാഹിത്യവും അപ്പോക്രിഫൽ ഗ്രന്ഥങ്ങളും ജീവചരിത്ര ഗ്രന്ഥങ്ങളും മറ്റ് സന്യാസകൃതികളും അർമേനിയൻ വിവർത്തനത്തിലൂടെ പ്രചാരത്തിലായി. മൂലഗ്രന്ഥം നഷ്ടപ്പെട്ട ചില കൃതികളുടെ അർമേനിയൻ വിവർത്തനം മാത്രമാണ് അവശേഷിച്ചിരിക്കുന്നത്.



## 1. അർമേനിയൻ എഴുത്തുകാർ

***മെസ്റോപ്പ്*** **(361/2-439/40):** സന്യാസിയായ മെസ്റോപ് അർമേനിയൻ അക്ഷരമാല കണ്ടുപിടിച്ചു. അക്കാലത്ത് ബൈബിളും ആരാധനക്രമവും സുറിയാനിയിലായിരുന്നു. കാതോലിക്കോസ് ഇസഹാക്കിന്റെ പിൻതുണയോടെ അർമേനിയൻ വിവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. സുഭാഷിതങ്ങൾ മാത്രമേ അദ്ദേഹം വിവർത്തനം ചെയ്തുള്ളു. പ്രോക്ലൂസിനുള്ള കത്ത് അദ്ദേഹം രചിച്ചതാണ്. അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന മറ്റു കൃതികൾ അദ്ദേഹത്തിന്റേതല്ല.

***എസ്നിക്*** **(5-ാം നൂ.):** മെസ്റോപ്പിന്റെ ശിഷ്യനും വിവർത്തകനുമായിരുന്നു എസ്നിക്. "പാഷണ്ഡതകൾക്കെതിരെ" എന്ന ഗ്രന്ഥത്തിൽ വിജാതിയരെയും ഗ്രീക്കു താത്വികരെയും മസ്ദെയിസം, മാർസിയനിസം എന്നിവയെയും അദ്ദേഹം എതിർക്കുന്നു. അരിസ്തിദെസ്, ബേസിൽ, എപ്പിഫാനിയസ്, ഹിപ്പോളിറ്റസ്, മെതോഡിയസ് തുടങ്ങിയ ഗ്രീക്കുപിതാക്കന്മാരെ ആശ്രയിച്ചാണ് അദ്ദേഹം ഇതെഴുതിയത്. അതുപോലെ മാർ അപ്രേം ഉൾപ്പെടെയുള്ള ചില സുറിയാനി എഴുത്തുകാരെയും ആശ്രയിച്ചിട്ടുണ്ട്.

***ഇസഹാക്ക് കാതോലിക്കാ*** **(+438):** ഇദ്ദേഹം മെസ്റോപ്പിന്റെ വിവർത്തന പരിപാടിയെ പ്രോത്സാഹിപ്പിച്ചു. ഇസഹാക്കിന്റെ രണ്ടു കത്തുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. പ്രോക്ലൂസിനുള്ള ഒന്ന്, മെലിറ്റീനിലെ അകാചിയസിനുള്ള മറ്റൊന്ന്.

***കൊറിയൂൻ*** **(+447):** മെസ്റോപ്പിന്റെ ഒരു വിവർത്തന സഹായി ആയിരുന്ന അയാൾ മെസ്റോപ്പിന്റെ ജീവചരിത്രമെഴുതി.

***ജോൺ മണ്ടക്കുണി കാതോലിക്കാ*** **(484/5-499):** വിശുദ്ധ ഗ്രന്ഥവിവർത്തകനായും ആരാധനക്രമ പരിഷ്കർത്താവായും പാരമ്പര്യം അദ്ദേഹത്തെ പരിഗണിക്കുന്നു. അദ്ദേഹത്തിന്റെ പേരിൽ പല കൃതികളും അറിയപ്പെടുന്നെങ്കിലും അവ അദ്ദേഹത്തിന്റേതല്ല.

***ജോൺ കാതോലിക്കാ*** **(578-9):** "കത്തുകളുടെ സമാഹാരം" എന്ന ഗ്രന്ഥത്തിലെ ഒരു കത്ത് ജോണിന്റെ പേരിൽ പ്രചരിച്ചു.

***എലിവാർഡിലെ മോശ മെത്രാൻ*** **(6-ാം നൂ.):** ക്രിസ്തുശാസ്ത്ര സംബന്ധമായ ഒരു കത്തിന്റെ കർത്താവ് മോശയാണ്. മേൽപ്പറഞ്ഞ സമാഹാരത്തിൽ അത് ഖൊറേനെയിലെ മോശയുടെ പേരിലാണ്.

***വർതാനെസ് ഗ്രമ്മാതിക്കുസ്*** **(550-617):** ഇയാൾ കാൽസിഡൺ സിന

ഡിനെതിരായും രൂപങ്ങൾ തകർക്കുന്നവർക്കെതിരായും രണ്ട് ചെറിയ കൃതികളെഴുതി.

***കൊമിതാസ് കാതോലിക്കാ* (611-628):** മേൽപ്പറഞ്ഞ കത്തുകളുടെ സമാഹാരത്തിൽ ഒരു ഗീതവും ഒരു വിശ്വാസപ്രഖ്യാപനവും ഇദ്ദേഹത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

***അജയ്യനായ ദാവീദ്* (7-ാം നൂ.):** ഇയാളുടെ പേരിൽ പല താത്വിക കൃതികളും ഭാഷ്യകൃതികളും അറിയപ്പെടുന്നു. ഇവയെല്ലാം ഒരാളിൽ നിന്നാണോ ഇതേ പേരുള്ള പലരിൽ നിന്നാണോ എന്നു വ്യക്തമല്ല.

***ജോൺ മയ്രാഗം* (7-ാം നൂ.):** "വിശ്വാസത്തിന്റെ മുദ്ര" എന്ന ഗ്രന്ഥത്തിലെ ചില ഉദ്ധരണികളനുസരിച്ച് ഇയാൾ ഹലികർണാസുസിലെ ജൂലിയന്റെ ഏകസ്വഭാവവാദം പഠിപ്പിച്ചു എന്ന് കരുതുന്നവരുണ്ട്.

***അനനിയാസ് സിറാക്* (+685):** നിരവധി ചെറിയ ഗ്രന്ഥങ്ങൾ ഇയാളുടെ പേരിൽ അറിയപ്പെടുന്നു.

***മാംബ്രേ വെർകാനോൽ വായനക്കാരൻ* (7-ാം നൂ.):** ഇയാളുടെ പേരിൽ അറിയപ്പെടുന്ന കൃതികൾ ഇയാളുടേതല്ല എന്ന് പലരും കരുതുന്നു.

## 2. അർമേനിയൻ ചരിത്രകൃതികൾ

***അഗതാൻജെലോസിന്റെ ചരിത്രം* (460):** തിരിദാതെസ് മൂന്നാമൻ രാജാവിന്റെയും ജനങ്ങളുടെയും മാനസ്സാന്തരചരിത്രം വിവരിക്കുന്നു. അത്ഭുത പ്രവർത്തകനായ ഗ്രിഗറി ഇവരെ 320-നോടടുത്ത് ക്രിസ്ത്യാനികളാക്കിയ ചരിത്രമാണിതിൽ.

***അർമേനിയായുടെ ചരിത്രം*:** ഖൊറേനെയിലെ മോശയാണ് ഇതെഴുതിയത്. ആദം മുതൽ മെസ്റോപ്പിന്റെ മരണം വരെയുള്ള (5-ാം നൂ.) കാര്യങ്ങൾ അവതരിപ്പിക്കുനനു.

***"എപ്പിക് ചരിത്രങ്ങൾ"*** എന്ന ഗ്രന്ഥം ഒരു ഫൗസ്തുസിന്റെ പേരിൽ (470) അറിയപ്പെടുന്നു. അതിൽ 330-387 കാലത്തെ ചരിത്രം ഉൾക്കൊള്ളുന്നു. ഇത് ഭാഗികമായേ കൈവന്നിട്ടുള്ളു.

***"അർമേനിയായുടെ ചരിത്രം"*** എന്ന പേരിൽ പാർപ്പിലെ ലാസർ (5-ാം നൂ.) 385-485 കാലഘട്ടത്തിലെ ചരിത്രമെഴുതി. അദ്ദേഹം ഇതിന്റെ രചനയിൽ മുൻകാലചരിത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

***അർമേനിയൻ യുദ്ധചരിത്രം*** ഒരു എലിസേവുസ് (660) എഴുതി. പേർഷ്യാക്കാർക്കെതിരെ 451-ൽ വർദാൻ മമിക്കൊണിയാൻ നടത്തിയ പോരാട്ടത്തിന്റെ ചരിത്രമാണിത്.



***സൊക്രാട്ടസിന്റെ സഭാചരിത്രം*** ത്രേസുകാരൻ ഒരു ഫീലോ (7-ാം നൂ.) വിവർത്തനം ചെയ്തു.

***അർമേനിയരുടെ ചരിത്രം*** ഒരു ലെയോൺഷ്യൂസ് (8-ാം നൂ.) എഴുതി. അറബികൾ 635-789 കാലഘട്ടത്തിൽ അർമേനിയാ കയ്യേറിയത് വിവരിക്കുന്നു.

***അർമേനിയൻ കാര്യങ്ങളുടെ വിവരണം* :** കാൽസിഡൺ വീക്ഷണത്തിൽ നിന്നുകൊണ്ട് ഗ്രിഗറിയുടെ കാലം മുതൽ 690 വരെയുള്ള അർമേനിയൻ ചരിത്രം വിവരിക്കുന്നു. അർമേനിയനിൽ ഇത് ഭാഗികമായും ഗ്രീക്കിൽ പൂർണമായും ലഭിച്ചിട്ടുണ്ട്.

## 3. അർമേനിയൻ ഫ്ളോറിലേജിയാ

വിശ്വാസത്തിന്റെ മുദ്ര, വിശ്വാസത്തിന്റെ വേര്, ഗലാതാ ഫ്ളോറിലേജിയും, കത്തുകളുടെ സമാഹാരം എന്നിവയാണ് അർമേനിയനിലുള്ള ഫ്ളോറിലേജിയാ. ലിറ്റർജി, നിയമം എന്നിവയിൽ സിറിയൻ-ഗ്രീക്ക് സഭകൾ അർമേനിയൻ സഭയെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്.

# മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ

ഡിഡാക്കെ
റോമിലെ വി.ക്ലെമെന്റ്, കോറിന്തോസുകാർക്കെഴുതിയ ലേഖനം
അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ ഏഴു ലേഖനങ്ങൾ
ഹിയെരാപ്പൊളീസിലെ പപ്പിയാസിന്റെ രേഖാശകലങ്ങൾ
വി. പോളിക്കാർപ്പ് ഫിലിപ്പിയർക്കെഴുതിയ ലെഖനം
വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം
ബർണബാസിന്റെ ലേഖനം
ഡയഗ്നേറ്റസിനുള്ള ലേഖനം
ഹെർമാസിന്റെ ഇടയൻ
റോമിലെ വി. ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന “രണ്ടാം ലേഖനം”
ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന “കന്യകകൾക്കുള്ള രണ്ടു കത്തുകൾ”
ഡിഡസ്കാലിയാ
സാർദിസിലെ മെലിറ്റോയുടെ പെസഹാപ്രസംഗം
വി. ഗ്രിഗറി നസ്യാൻസൻ, പെസഹാപ്രസംഗം
വി. സിപ്രിയാൻ, കത്തോലിക്കാ സഭയുടെ ഐക്യം
വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ
വി. സിപ്രിയാൻ, പ്രാർഥനയെപ്പറ്റി
സോളമന്റെ ഗീതകങ്ങൾ
ഹിപ്പോളിറ്റസ്, അപ്പസ്തോലികപാരമ്പര്യം
എവാഗ്രിയസ്, പ്രാക്തിക്കോസ്
എവാഗ്രിയസ്, പ്രാർഥനയെപ്പറ്റി
എവാഗ്രിയസ്, പ്രാർഥിക്കാനുള്ള ഉപദേശം
ആദായിയുടെ പ്രബോധനം
സെറാപിയോൻ, പ്രാർഥനക്രമം (എവുക്കൊലോഗിയോൻ)
മർക്കോസിന്റെ അനാഫറ
ദെർ ബലീസെ പപ്പീറസ്
ഈബാസ് മാരിക്കയച്ചകത്ത് (ഇംഗ്ലീഷിൽ)
ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്
മാർ തോമായുടെ നടപടികൾ
പെക്തോറിയുസിന്റെ ശിലാലിഖിതം



അബേർചിയുസിന്റെ ശിലാലിഖിതം
വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം
ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ
തെർത്തുല്യൻ, പ്രാർഥനയെപ്പറ്റി
ഒരിജൻ, പ്രാർഥനയെപ്പറ്റി
ഒരിജൻ, ഉത്തമഗീതഭാഷ്യം
ഒരിജൻ, ലൂക്കാഭാഷ്യം
യോഹന്നാന്റെ സുവിശേഷം, ഒരിജന്റെ ഭാഷ്യം
അലക്സാണ്ട്രിയയിലെ ക്ലെമെന്റ്, പ്രാർഥനയെപ്പറ്റി
ജറുസലേമിലെ വി. സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ
വി. ജോൺ ക്രിസൊസ്തോം, പ്രാർഥനയെപ്പറ്റി
വി. ജോൺ ക്രിസൊസ്തോം, ക്രിസ്തുശാസ്ത്രം
വി. ജോൺ ക്രിസൊസ്തോം, ബാബിലാസിന്റെ ചരിത്രം
വി. ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ
വി. ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന
വി. ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം
വി. അഗസ്റ്റിൻ, പ്രാർഥനയെപ്പറ്റി
വി. അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ
വി. ബേസിൽ, പ്രാർഥനയെപ്പറ്റി
വി. ജറോം, പ്രാർഥനയെപ്പറ്റി
വി.ജറോം, മഹദ്വ്യക്തികൾ
ജന്നാഡിയുസ്, മഹദ്വ്യക്തികൾ
വി. ജോൺ ഡമഷീൻ, സത്യവിശ്വാസം
ബർ എബ്രായാ, പ്രാർഥനയെപ്പറ്റി
ബർ എബ്രായാ, സഭാചരിത്രം രണ്ടാം ഭാഗം (പൗരസ്ത്യ മഫ്രിയാന്മാരെപ്പറ്റി)
മാർ അഫ്രാത്, പ്രാർഥനയെപ്പറ്റി
മാർ അപ്രേം, പ്രാർഥനയെപ്പറ്റി
മാർ അപ്രേം, പറുദീസാ ഗീതങ്ങൾ
മാർ അപ്രേം, ഉത്പത്തിഭാഷ്യം
മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ
മാർ അപ്രേം, കന്യാത്വഗീതങ്ങൾ
മാർ അപ്രേം, വിശ്വാസഗീതങ്ങൾ
മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സാറോൺ ഭാഷ്യം)

സോപാനഗ്രന്ഥം (ലീബർ ഗ്രാദൂം), പ്രാർഥനയെപ്പറ്റി
അപ്പമെയായിലെ യോഹന്നാൻ, പ്രാർഥനയെപ്പറ്റി ഹെസിക്കിയസിനുള്ള കത്ത്
മാർ ഫീലൊക്സീനുസ്, പരിശുദ്ധാത്മാവിന്റെ ആവാസത്തെക്കുറിച്ച്,
മാർ ഫീലൊക്സീനുസ്, പ്രാർഥനയെ കുറിച്ച് മൂന്നു രേഖകൾ
മാർ ബാബായ്, പ്രാർഥനയെക്കുറിച്ച് കുറിയാക്കോസിനുള്ള കത്ത്
അജ്ഞാതഗ്രന്ഥകാരൻ, പ്രാർഥനയെപ്പറ്റി (രണ്ടു രേഖകൾ 6/7നൂ.)
നഥ്ഫാറിലെ അബ്രഹാം, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
യൗസേപ്പ് ഹസ്സായാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
യോഹന്നാൻ ദല്യാതാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
നിനവേയിലെ ഇസഹാക്ക്, പ്രാർഥനയെപ്പറ്റി നാല് രേഖകൾ
സഹ്ദോണാ, പ്രാർഥനയെക്കുറിച്ച്
മൂറത്തോറിയൻ രേഖാശകലം
എവുസേബിയസ്, സഭാചരിത്രം
സൊക്രാട്ടസ്, സഭാചരിത്രം
മൊപ്സുവെസ്ത്യായിലെ തിയഡോർ, മതാധ്യാപന പ്രസംഗങ്ങൾ
തിയഡോർ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം
സൈറസിലെ തിയഡൊറേറ്റ്, ക്രിസ്തുശാസ്ത്രം (എരാനിസ്തെസ്)
വി. അത്തനേഷ്യസ്, വി.അന്തോണിയോസിന്റെ ജീവചരിത്രം
വി. ലെയോ, ഫ്ളാവിയന് അയച്ച കത്ത്
അൻസീറാ, നെയോ ചെസാറിയാ, ഗാംഗ്ര സിനഡുകൾ
മാർ മാറൂഥായുടെ കാനോനകൾ
സിനോഡിക്കോൻ ഓറിയെന്താലെ
ആദ്യത്തെ ഏഴ് എക്യുമേനിക്കൽ സൂനഹദോസുകൾ
ഈശോദാദ്, പുതിയനിയമഭാഷ്യം
ഈശോദാദ്, സുവിശേഷഭാഷ്യം
പ്രാചീനസന്യാസചരിത്രം (പല്ലാഡിയുസിന്റെ ലൗസിയാക് ചരിത്രം)
ഷിതോപൊളീസിലെ സിറിൽ, വി.എവുതീമിയസിന്റെ ജീവചരിത്രം
ഷിതോപൊളീസിലെ സിറിൽ, പലസ്തീനയിലെ സന്യാസികൾ
മാർ ബാബായ്, ക്രിസ്തുശാസ്ത്രം (*ലീബർ ദെ യൂണിയോണെ*)
അറബികളുടെ മെത്രാനായ ഗീവർഗീസ്, കൂദാശാഭാഷ്യം
മോശബർകേഫാ, കൂദാശാഭാഷ്യം
ഡയനീഷ്യസ് ബർ സലീബി, കൂദാശാഭാഷ്യം



സെവുഡോ ഡയനീഷ്യസ്, കൂദാശാഭാഷ്യം
ഗബ്രിയേൽ ഖത്രായാ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കാറ്റലോഗ്
മാർ യേശുദ്നാഹ്, സന്യാസചരിത്രം
മാർ തിമോതി രണ്ടാമൻ, കൂദാശാഭാഷ്യം
അർബേലിലെ ജോർജ് (ഗീവർഗീസ്), കൂദാശാഭാഷ്യം
അബ്രഹാം ബർലീഫേ, കൂദാശാഭാഷ്യം
അപ്പസ്തോലികകാനോനകൾ
മാർ ദാദീശോ ഖത്രായാ, ഏകാന്തജീവിതത്തെപ്പറ്റി (അഞ്ചു ഭാഗങ്ങൾ)
മാർ റാബ്ബൂളയുടെ സന്യാസനിയമങ്ങൾ
മാർ അബ്രഹാമിന്റെ സന്യാസനിയമങ്ങൾ
മാർ ദാദീശോയുടെ സന്യാസനിയമങ്ങൾ
മാർ ബാബായിയുടെ സന്യാസനിയമങ്ങൾ
മാർ ഫീലൊക്സീനൂസിന്റെ സന്യാസനിയമങ്ങൾ
മാർ യാക്കോബിന്റെ സന്യാസനിയമങ്ങൾ
മാർ കുറിയാക്കോസിന്റെ സന്യാസനിയമങ്ങൾ
മാർ അപ്രേമിന്റെ സന്യാസനിയമങ്ങൾ
വി. അഗസ്റ്റിൻ, ഗിരിപ്രഭാഷണം (ഗിരിപ്രഭാഷണം, ആഗസ്തീനോസിന്റെ ഭാഷ്യം)
വി. അഗസ്റ്റിൻ, യോഹന്നാന്റെ സുവിശേഷഭാഷ്യം (വി. യോഹന്നാന്റെ സുവിശേഷം ആഗസ്തീനോസിന്റെ ഭാഷ്യം).
വി. ജോൺ ക്രിസൊസ്തോം, ശ്ലീഹന്മാരുടെ നടപടികൾ (ശ്ലീഹന്മാരുടെ നടപടികൾ, ജോൺ ക്രിസൊസ്തോമിന്റെ ഭാഷ്യം)

## ഫാദർ ഗീവർഗീസ് ചേടിയത്ത്

മലങ്കര കത്തോലിക്കാസഭയിലെ തിരുവനന്തപുരം അതിരൂപതയിൽ അതിരുങ്കൽ ഇടവകയിൽ പെട്ട ഒരു വൈദികനാണ് ഗീവർഗീസ് ചേടിയത്ത് അച്ചൻ (ജനനം 1945). സി.ജി.ദാനിയേലും(+2004) സാറാമ്മയുമാണ് മാതാപിതാക്കൾ. മാതാപിതാക്കളുടെ പത്തു മക്കളിൽ മൂത്തയാളാണ് അച്ചൻ. ഇളയ ഒരു സഹോദരനായ ഫാദർ തോമസ് ചേടിയത്ത് കൂടി വൈദികനാണ്. വടവാതൂർ സെമിനരിയിലെ പരിശീലനത്തിനു ശേഷം 1969 ഡിസംബർ 20-ന് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിൽ നിന്ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ബ. മാത്യു കയ്യാലയ്ക്കൽ അച്ചനോടൊപ്പം വൈദികപട്ടം സ്വീകരിച്ചു. കുറേനാൾ അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയായിരുന്നു. പിന്നീട് പട്ടത്തുള്ള സെന്റ് അലോഷ്യസ് മൈനർ സെമിനരിയിൽ ബ. ജോസഫ് ഞായല്ലൂർ അച്ചനോടൊപ്പം വൈസ് റക്ടറായി ജോലി ചെയ്തു (1970-1973). തുടർന്ന് ഉപരിപഠനത്തിന് റോമിൽ പോയി. അവിടെ അഗസ്റ്റീനിയൻ പട്രിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചു (1973-1978). 1978-ൽ ഡോക്ടറേറ്റ് എടുത്തു. മാർ ബാബായ് (+628) എന്ന പേർഷ്യൻ സന്യാസാധ്യക്ഷന്റെ ക്രിസ്തുശാസ്ത്രം എന്ന വിഷയത്തെക്കുറിച്ചായിരുന്നു പ്രബന്ധം. തിരികെ എത്തിയശേഷം കുറേനാൾ അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറിയായിരുന്നു. പിന്നീട് ദീർഘകാലം വടവാതൂർ സെമിനാരിയിൽ പഠിപ്പിച്ചു(1978-1993). 1993-ൽ നാലാഞ്ചിറ സെമിനരിയിലേക്കും അതേവർഷം പട്ടത്തുള്ള മൈനർ സെമിനരിയിലേക്കും നിയമനം കിട്ടി. പട്ടത്ത് മൂന്നു വർഷം റെക്ടറായിരുന്നു(1993-1996). 1996-ൽ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവ് ആർച്ചുബിഷപ്പായപ്പോൾ വീണ്ടും നാലാഞ്ചിറയിലുള്ള മേജർ സെമിനരിയിലേക്കു മാറ്റി. ഇപ്പോൾ അവിടെ പഠിപ്പിക്കുന്നു. വടവാതൂർ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും പഠിപ്പിക്കുന്നു. ക്രിസ്തുശാസ്ത്രത്തിലാണ് പ്രാവീണ്യം സമ്പാദിച്ചിരിക്കുന്നത്. പട്രോളജി, ക്രിസ്റ്റോളജി, എക്യൂമെനിസം, സഭാചരിത്രം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു. പൗലോസ് ആറാമൻ മാർപാപ്പാ, ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, ബനഡിക്ട് 16-ാമൻ മാർപാപ്പാ



എന്നിവരെ സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കാൻ അച്ചന് അവസരം ലഭിച്ചു. നിരവധി വിദേശരാജ്യങ്ങൾ സന്ദർശിക്കാനും സാധിച്ചിട്ടുണ്ട്.

ഓക്സ്ഫോർഡ്, ലുവെയ്ൻ എന്നിവിടങ്ങളിൽ വച്ചു നടന്ന അന്തർദേശീയ യോഗങ്ങളിൽ പേപ്പറുകൾ സമർപ്പിച്ചിട്ടുണ്ട്. വിയന്നാ കേന്ദ്രമാക്കിയുള്ള *പ്രോ ഓറിയെന്തേ സിറിയക് കമ്മീഷനിൽ* 1994 മുതൽ മലങ്കര കത്തോലിക്കാ സഭയെ പ്രതിനിധീകരിക്കുന്നു. പ്രോ ഓറിയെന്തെയുടെ *ഫോറും സിറിയകും* എന്ന കമ്മീഷനിലും അച്ചൻ അംഗമാണ്. മിക്കവാറും എല്ലാ വർഷവും ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നു. കത്തോലിക്കാസഭയും അസ്സീറിയൻ സഭയും തമ്മിലുണ്ടാക്കിയ ക്രിസ്തുശാസ്ത്ര സംബന്ധമായ സംയുക്തപ്രസ്താവനയ്ക്ക് അച്ചന്റെ പഠനം വളരെ സഹായകമായിരുന്നു. പ്രോ ഓറിയെന്തേ യോഗങ്ങളിൽ ഒന്നിലേറെ പേപ്പറുകൾ അവതരിപ്പിക്കാൻ അച്ചന് അവസരം ലഭിച്ചു. ഇപ്പോഴത്തെ അസ്സീറിയൻ (പേർഷ്യൻ) സഭയിൽ നെസ്തോറിയൻ പാഷണ്ഡത ഇല്ല എന്ന കണ്ടെത്തലിന് ബാബായിയുടെ ക്രിസ്തുശാസ്ത്രത്തെ സംബന്ധിച്ചുള്ള പഠനം വളരെ സഹായിച്ചു. നൂറ്റാണ്ടുകളായി പാഷണ്ഡർ എന്ന് മുദ്ര കുത്തപ്പെട്ടു കിടന്ന അസ്സീറിയൻ സഭക്കാരെ കുറ്റവിമുക്തരാക്കുന്നതിനും അവരെയും സഭൈക്യചർച്ചകളിൽ പങ്കെടുപ്പിക്കുന്നതിനും അച്ചൻ തന്റെ തീസിസിൽ ചെയ്ത ആഹ്വാനം ഫലമണിഞ്ഞു കാണുന്നതിൽ അച്ചന് അഭിമാനിക്കാൻ വകയുണ്ട്.

അതുപോലെ കേരളത്തിലെ കാത്തലിക്-മലങ്കര ഓർത്തഡോക്സ് ഡയോലോഗിലും കാതലിക്-യാക്കോബായാ ഡയലോഗിലും 1989 മുതൽ അടുത്തകാലം വരെയും അച്ചൻ പങ്കെടുത്തു. അച്ചൻ തൊണ്ണൂറോളം പുസ്തകങ്ങളും നൂറ്റമ്പതോളം ലേഖനങ്ങളും രചിച്ചിട്ടുണ്ട്. ചിലതൊക്കെ ജർമൻ, ഫ്രഞ്ച്, ഡച്ച് ഭാഷകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. *ക്രിസ്ത്യൻ ഓറിയന്റ്* എന്ന പ്രസിദ്ധീകരണത്തിന്റെ എക്യൂമെനിസം സെക്ഷൻ കൈകാര്യം ചെയ്യുന്നു. *സ്തൂദിയാ എക്യൂമെനിക്കാ (പോളണ്ട്)*, *ക്രിസ്ത്യൻ ഓറിയന്റ്* (കോട്ടയം), *ഐക്യസമീക്ഷ* (തിരുവനന്തപുരം), എന്നീ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ വരാറുണ്ട്. വടവാതൂർ സെമിനരിയിലെ പ്രസിദ്ധീകരണ വിഭാഗത്തിലാണ് മിക്ക ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിരിക്കുന്നത്. സീരി പ്രസിദ്ധീകരണം (കോട്ടയം), ബഥനി സിസ്റ്റേഴ്സ് പ്രസിദ്ധീകരണം (കോട്ടയം), മലങ്കര സെമിനരിയിലെ എം.എസ്. പ്രസിദ്ധീകരണം (തിരുവനന്തപുരം), എന്നിവയിലും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല പുസ്തകങ്ങളുടേയും ഒന്നിലേറെ പതിപ്പുകൾ ഉണ്ടായിട്ടുണ്ട്. വടവാതൂർ സെമിനരി, ഇഗ്നേഷ്യസ് സെന്റർ (പട്ടം), നാലാഞ്ചിറ മേജർ സെമിനരി എന്നിവിടങ്ങളിൽ അച്ചന്റെ പുസ്തകങ്ങൾ ലഭിക്കുന്നതാണ്.

## മലയാളം പുസ്തകങ്ങൾ

1. പൈതൃകപ്രബോധനം, അഞ്ചൽ, 1973.
2. പെരുന്നാളുകളും വേദവായനക്കുറിപ്പും, തിരുവനന്തപുരം, 1973.
3. കൂദോശീത്തോ ഞായർ, തിരുവനന്തപുരം, 1973.
4. സഭാപിതാക്കന്മാർ, കോട്ടയം, 1980.
5. മലങ്കരഗീതങ്ങൾ, കോട്ടയം, 1981.
6. ക്രൈസ്തവഗീതങ്ങൾ, കോട്ടയം, 1982.
7. സുറിയാനി സഭാപിതാക്കന്മാർ, കോട്ടയം,1982.
8. വി.ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം,(എഡി.), തിരുവനന്തപുരം, 1982.
9. ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന (എഡിറ്റഡ്),കോട്ടയം,1982.
10. മോശെ ബർ കേഫായുടെ കൂദാശാഭാഷ്യം, കോട്ടയം, 1982.
11. ബൈബിൾ ഗീതങ്ങൾ,കോട്ടയം,1983.
12. മാർ തോമായുടെ ദുക്റാനാ, കോട്ടയം,1984.
13. മാർ തോമായുടെ ഇൻഡ്യൻ അനാഫറാ,കോട്ടയം,1984.
14. തിയഡോർ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 1986.
15. അന്ത്യോക്യൻസഭ-ഉത്ഭവവും വളർച്ചയും, കോട്ടയം, 1986.
16. ഒരിജൻ, ഉത്തമഗീതഭാഷ്യം,കോട്ടയം,1986.
17. സഭാപിതാക്കന്മാർ-1, കോട്ടയം,1987.
18. ഡിഡസ്കാലിയ, കോട്ടയം,1987.
19. മാതൃകീർത്തനങ്ങൾ,1988.
20. സഭാപിതാക്കന്മാർ,-2, കോട്ടയം,1988.
21. മാർ മാരൂഥാ-കാനോനകൾ, കോട്ടയം,1989.
22. സൊക്രാട്ടസ്, സഭാചരിത്രം,കോട്ടയം, 1990.
23. ബർ എബ്രായാ,സഭാചരിത്രം,കോട്ടയം,1990.
24. ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ അബ്രഹാം,കോട്ടയം, 1990.
25. സന്യാസത്തിന്റെ അന്തർധാര, കോട്ടയം,1992.
26. ലത്തീൻ സഭാപിതാക്കന്മാർ, കോട്ടയം,1992.
27. ജറോം-ജന്നാഡിയസ്, മഹദ്വ്യക്തികൾ, കോട്ടയം,1992.
28. ഹെർമാസിന്റെ ഇടയൻ, കോട്ടയം,1992.
29. പ്രാർഥന സഭയിൽ, കോട്ടയം 1993.
30. പ്രാർഥന സുറിയാനിസഭയിൽ, കോട്ടയം, 1993.
31. യഹോവാസാക്ഷികൾ,1993 (5-ാം പതിപ്പ്).
32. പ്രാചീന സന്യാസചരിത്രം, കോട്ടയം, 1993.



33. ആദിമസഭാപിതാക്കന്മാർ, കോട്ടയം, 1993.
34. ത്രിയേകദൈവം, കോട്ടയം, 1993.
35. ആദിമസഭയുടെ സന്ദേശം, കോട്ടയം, 1994.
36. പലസ്തീനയിലെ സന്യാസികൾ, തിരുവനന്തപുരം, 1994.
37. വിശുദ്ധ എവുതീമിയസിന്റെ ജീവചരിത്രം, തിരുവനന്തപുരം, 1994.
38. സത്യദൈവവും സത്യാരാധനയും, കോട്ടയം, 1995.
39. അപ്പസ്തോലിക പിതാക്കന്മാർ, കോട്ടയം, 1996 (2-ാം പതിപ്പ്).
40. സഭാചരിത്രപഠനങ്ങൾ, കോട്ടയം,1996 (3-ാം പതിപ്പ്).
41. സൂനഹദോസുകൾ, കോട്ടയം, 1996.
42. സിനോഡിക്കോൺ ഓറിയെന്താലെ, കോട്ടയം, 1996.
43. മാർ ഈശോദാദ്, സുവിശേഷഭാഷ്യം, കോട്ടയം,1997.
44. മാർ തോമായുടെ നടപടികൾ, കോട്ടയം,1998 (2-ാം പതിപ്പ്).
45. മലങ്കരസഭാചരിത്രം-1, തിരുവനന്തപുരം, 1998 (2-ാം പതിപ്പ്)
46. എവുസേബിയസ്, തിരുസഭാചരിത്രം, കോട്ടയം,1998 (2-ാം പതിപ്പ്).
47. എക്യൂമെനിസം, കോട്ടയം, 1998.
48. കേരളത്തിലെ ക്രൈസ്തവസഭകൾ, കോട്ടയം,1998 (4-ാം പതിപ്പ്).
49. ശിശുസ്നാനം വേദാനുസൃതം,കോട്ടയം,.1998.
50. പൗരസ്ത്യകാതോലിക്കോസ്, കോട്ടയം,1999.
51. സഭാചരിത്രം-മലങ്കരസഭ, (ആത്മബോധനം-6)തിരുവല്ല, 2000
52. സഭാപിതാക്കന്മാർ-3, കോട്ടയം, 2000.
53. ജറുസലേമിലെ സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2000.
54. കുർബാനയുടെ വ്യാഖ്യാനങ്ങൾ, കോട്ടയം, 2000.
55. മാർ ബാബായ്, ക്രിസ്തുശാസ്ത്രം, കോട്ടയം, 2000.
56. മധ്യകാലസഭാചരിത്രം, കോട്ടയം, 2000.
57. പട്രിസ്റ്റിക് ക്വിസ്, കോട്ടയം, 2001.
58. മാർതോമാശ്ലീഹായുടെ ഇൻഡ്യൻസഭ, കോട്ടയം, 2001 (3-ാം പതിപ്പ്).
59. മാർ അപ്രേം, ഉൽപത്തിഭാഷ്യം, കോട്ടയം, 2001.
60. മാർ അപ്രേം, പറുദീസാഗീതങ്ങൾ, കോട്ടയം, 2001.
61. മാർ അപ്രേം, കന്യാത്വഗീതങ്ങൾ, കോട്ടയം, 2001.
62. മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ, കോട്ടയം, 2001.
63. മാർ അപ്രേം, സുവിശേഷഭാഷ്യം, കോട്ടയം, 2002.
64. മാർ ഈശോദാദ്, പുതിയനിയമഭാഷ്യം,കോട്ടയം, 2002.
65. മാത്യൂസ് മാർ അത്തനാസ്യോസിന്റെ കാനോനാകൾ, കോട്ടയം, 2002.

66. വിശുദ്ധ ജോൺ ക്രിസോസ്തോം, മതാധ്യാപനപ്രസംഗങ്ങൾ, കോട്ടയം, 2003.
67. വിശുദ്ധ ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്, കോട്ടയം,2003.
68. വിശുദ്ധ ജോൺ ഡമഷീൻ, സത്യവിശ്വാസം, കോട്ടയം, 2003.
69. വിശുദ്ധ അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ, കോട്ടയം,2003.
70. ഒരിജൻ, ലൂക്കാഭാഷ്യം, കോട്ടയം, 2005.
71. യോഹന്നാന്റെ സുവിശേഷം-ഒരിജന്റെ ഭാഷ്യം, കോട്ടയം, 2005.
72. കത്തോലിക്കാവിശ്വാസവും പെന്തക്കോസ്ത് വീക്ഷണങ്ങളും, കോട്ടയം, 2005 (5-ാം പതിപ്പ്).
73. യോഹന്നാന്റെ സുവിശേഷം-തിയഡോറിന്റെ ഭാഷ്യം, തിരുവനന്തപുരം, 2006.
74. പ്രാചീന സന്യാസനിയമങ്ങൾ, കോട്ടയം, 2006.
75. വി. ജോൺ ക്രിസൊസ്തോം-ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, കോട്ടയം, 2006.
76. പട്രോളജി, വാല്യം,1, കോട്ടയം, 2006.
77. പട്രോളജി, വാല്യം-2, കോട്ടയം, 2006. .
78. മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്,തിരുവനന്തപുരം,2006.
79. സൈറസിലെ തിയഡൊറെറ്റ്, ക്രിസ്തുശാസ്ത്രം (എരാനിസ്തെസ്), കോട്ടയം, 2007.
80. കമ്മൂണിയോ ഇൻ ക്രിസ്തോ - നിയമാവലി, തിരുവനന്തപുരം, 2007.
81. പട്രോളജി, വാല്യം-3, കോട്ടയം, 2008.
82. മാർ അപ്രേം, വിശ്വാസഗീതങ്ങൾ, കോട്ടയം, 2008.

## ഇംഗ്ലീഷ് പുസ്തകങ്ങൾ

83. *The Christology of Mar Babai the Great*, 1982.
84. *Bibliographical Survey* (co-ed.), 1983.
85. *Ecumenism in Danger* (co-ed.), 1986.
86. *St.Thomas the Apostle of India*, by +Martin Gielen, (ed.), 1991.
87. *Mar Babai, Some Useful Counsels on the Ascetical Life*, Kottayam, 2001 .
88. *Christology*, 2002.



89. *The Malankara Catholic Church*, Kottayam, 2003.
90. *Archbishop Mar Ivanios in his Thoughts*,(ed. with alii) Trivandrum 2004.
91. *The Catholicos of the East*,(tr by A .J. Joy Angemadathil) Trivandrum, 2005.

## ലേഖനങ്ങൾ

**1970**

1. "മലങ്കരസഭയുടെ പ്രാർഥനക്രമം", ***in*** *ക്രൈസ്തവകാഹളം*, 29/1(1970)15-18; 29/5(1970)129-131.

**1976**

2. "ഇന്നലയെ പിരിയുക" ***in*** *ക്രൈസ്തവകാഹളം,* 35/1 (1976)17 മുതൽ
3. "മലങ്കരസഭയുടെ രക്ഷ", ***in*** *ക്രൈസ്തവകാഹളം,* 35/3(1976)27-29.

**1979**

4. "മലങ്കരകത്തോലിക്കാ സഭാസൂനഹദോസ്," ***in*** *ക്രൈസ്തവകാഹളം*, 38/8 (1979) പേ. 25-28; 38/9,പേ..31-33; 38/10,പേ..4346; 38/12,പേ.25-28.

**1980**

5. "മലങ്കരസഭ പതിനാറാം നൂറ്റാണ്ടുവരെ" ***in*** *മലങ്കരസഭാ പുനരൈക്യ സുവർണജൂബിലി സുവനീർ*,1980,പേജ് 23-25.
6. "മലങ്കര കുർബാന ആരംഭിക്കുമ്പോൾ മറയിടുന്നത് എന്തിന്?" ***in*** *ക്രൈസ്തവകാഹളം* 39/3 (1980)19-21.
7. "കൽദായ സഭയുടെ ചരിത്ര-സഭാവിജ്ഞാനീയങ്ങളുടെ വികാസം" ***in*** *ജീവധാര* 10/58 (1980 ജൂലൈ-ആഗസ്റ്റ്) 274-294.
8. "A Historico-Ecclesiological Development of the Chaldean Church" : in *Jeevadhara* 10/58 (1980)269-285.

**1981**

9. "Unity versus Uniformity: An Ecumenical Question": ***in*** *Christian Orient* 2/4(1981)141-164.
10. "Unity versus Uniformity: An Ecumenical Question" also ***in*** E*cumenism in Dange*r, Kottayam, 1986,17-40; See the German translation in 1982.
11. "സഭാപിതാക്കന്മാരുടെ പ്രസക്തി" ***in*** *മതവും ചിന്തയും* 61/6 (1981) 525-534.
12. "മലങ്കര കത്തോലിക്കാ സഭാസൂനഹദോസും മലങ്കരസഭയ്ക്കൊരു

പാത്രിയർക്കീസും" ***in*** *ക്രൈസ്തവകാഹളം* 40/2 (1981) 3-5.

13. "വീണ്ടും ഏകറീത്തുവാദം" ***in*** *ക്രൈസ്തവകാഹളം* 40/2 (1981) 9-10.
14. "മലങ്കരസഭയിലെ കുർബാനക്രമം-മാർ യാക്കോബിന്റെ അനാഫറ-പുരാതനമായ ഒരു കുർബാനക്രമത്തിന്റെ സവിശേഷതകൾ" ***in*** *ദുക്റാന* 1/2 (1981) 10-15.
15. "അൻപതുനോമ്പ് മലങ്കരസഭയിൽ" ***in*** *ദുക്റാന* 1/4 (1981) 30-33.
16. "പതിനഞ്ചുനോമ്പ് സീറോ-മലങ്കരസഭയിൽ" ***in*** *ദുക്റാന* 1/8 (1981) 117.
17. "കുരിശടയാളം" ***in*** *ദുക്റാന* 1/9 (1981) 11-14.
18. "എട്ടാംദിവസം - ഒന്നാംദിവസം" ***in*** *ദുക്റാന* 1/12 (1981) 11-15.
19. Book Review: J.Madey, Der von dir Vater und von deinem Sohne nimmt, Paderborn,1980, ***in*** *Christian* Orient, 2/2 (1981)

**1982**

20. "മലങ്കരസഭയിലെ വലിയാഴ്ച ആചരണം" ***in*** *ദുക്റാന* 2/4(1982)19-23.
21. "ഉത്ഥാനത്തിന്റെ സന്ദേശം" ***in*** *മലങ്കരവിളക്ക്*(തമിഴ്) ഏപ്രിൽ, 1982.
22. "പാതാളം മാർ അപ്രേമിന്റെ ദർശനത്തിൽ" ***in*** *യുവചേതന* 1982.
23. "കത്തോലിക്കാസഭ സഭകളുടെ കൂട്ടായ്മ- മലങ്കര കത്തോലിക്കാസഭ", തിരുവനന്തപുരം, 1982 (ലഘുലേഖ).
24. "കിഴക്കിന്റെ കാതോലിക്കോസ്" ***in*** *കതിരൊളി* 21/7 (1982) 227-230.
25. "എക്യൂമെനിസം ഇന്ന്" ***in*** *സിൽവർ ജൂബിലി സുവനീർ*, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെല്ലിക്കുന്ന്, 1982,പേ.127-130.
26. "ഐക്യം ഇന്നിന്റെ ആവശ്യം" ***in*** *ദീപിക* സെപ്തംബർ 11-13,1982.
27. "Einheit im Wiederspruch zur Einfoermigkeit-Ein oekumenisches Problem aus indisch-orientalischer Sicht", ***in*** *Der Christliche Osten*, 37/3-4 (1982) 93-103; also ***in*** *Ut Omnes Unum* 45 (1982 March-April ) 60-64; May - June 1982 p.89-96, July - August,p.120-127.
28. "Communion of Churches is no riddle in the Catholic Church" ***in*** *Saar News* 2/40(1982 Sept.18)10-11.
29. Book Review: Francis Acharya, Prayer with the Harp of the Spirit, II, : ***in*** *Christian Orient*, 3/4(1982).

**1983**

30. "മഹാനായ മാർ ഈവാനിയോസ്" ***in*** *മലങ്കരബാലൻ* ഏപ്രിൽ 1983, പേ. 51-52.



31. "മതബോധനം മലങ്കര കത്തോലിക്കാസഭയിൽ" ***in*** *മതബോധന ഡിറക്ടറി*, ചങ്ങനാശ്ശേരി, 1983, പേ. 3-4.
32. "പൗരസ്ത്യസഭകളെപ്പറ്റി രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ" ***in*** *ജീവധാര* 13/76(1983)234-244
33. "ദനഹാ മലങ്കരസഭയിൽ" ***in*** ദുക്റാന 3/2(1983)17-18.
34. "സഭയിൽ ഐക്യമോ ഐകരൂപ്യമോ വേണ്ടത്?" ***in*** കതിരൊളി നവംബർ 1983, പേ. 325 മുതൽ.
35. "One Territory one bishop, one jurisdiction-Solution to the Problem?" ***in*** *Christian Orient*, 4/1(1983)14-30 (With T.Vellilamthadom);also ***in*** *Ecumenism in Danger*, p.41-70.
36. "A Time to Act" ***in*** *Christian Orient,* 4/2(1983)100-102 (with Vellilamthadom).
37. "Problems and Prospects of Evangelisation in India-An Ecumenical Perspective": ***in*** *Jeevadhara* 13/76 (1983) 253-265 (with Vellilamthadom).
38. Book Review: X.Koodapuzha, Faith and Communion of the Indian Church of the St.Thomas Christians, Kottayam,1982 : ***in*** *Christian Orient* 4/1(1983)
39. Book Review: T.Vellilamthadom,The Spectre of Being-A Short Note on the Planetarian Domination, Kottayam,1982: ***in*** *Christian Orient* 4/2 (1983)

**1985**

40. "The List of Bishops of the Thomas Christians", ***in*** *Christian Orient*, 6/1(1985)1-4; 6/2(1985)68-71; 6/3(1985)131-134; 6/4(1985)180-183. 8/1(1987)47-48; 9/1(1988)39-44;10/4(1989)165-169.

**1986**

41. "കാതോലിക്കോസ്," ***in*** *മാർപാപ്പാ സന്ദർശന സ്മരണിക*, കോട്ടയം,1986,പേ. 173-181 (കത്തോലിക്കാ കോൺഗ്രസ് പ്രസിദ്ധീകരണം).
42. "റോമാസാമ്രാജ്യവും തെക്കേ ഇൻഡ്യയും" ***in*** *മാർപാപ്പായുടെ തിരുവനന്തപുരം സന്ദർശനസ്മരണിക*,തിരുവനന്തപുരം, 1986,പേ.24.
43. "The Anomalous Situation in the Indian Church": ***in*** *The Freedom Fighters of the Thomas Christians*, ed. T.Vellilamthadom-Kurianal, Kottayam 1986,p.75-82.

44. Editorial: “Ecumenical Scandal” ***in*** *Christian Orient*, 7/4(1986)153-155.
Section Editor of *Christian Orient*: Ecumenism (1986-1990)

**1987**

45. Editorial: “Ecumenism in Practice” ***in*** *Christian Orient* 8/4(1987)151-152.
46. “The Thomas Christians - Judaeo Budhist Hindu Christians?”: ***in*** *Christian Orient* 8/4(1987)189-190

**1988**

47. Editorial: *Christian Orient/*Ecumenism 9/4(1988) 153-154.

**1989**

48. “Fr.Placid and the Malankara Catholic Church" ***in*** *Christian Orient*,10/4(1989)141-142.

**1990**

49. “The Syriac Manuscripts burned by the order of the Synod of Diamper(1599)" ***in*** *Orientalia Christiana Analecta*, 236, Rome, 1990.p.409-422 (Paper read at the 6th Symposium Syriacum at Louvain on 29-31, August 1988).
50. Editorial *Christian Orient/Ecumenism*, 11/4 (1990)149-150.

**1992**

51. “എന്റെ ധ്യാനാനുഭവം” ***in*** *വചനോത്സവം* 6/9 (1992 ജൂലൈ)21-22.

**1993**

52. “കേരളത്തിലെ ക്രൈസ്തവസഭകൾ” ***in*** *ക്രൈസ്തവകേരളം,* (എഡി.) പോളി കണ്ണൂക്കാടൻ, ആളൂർ, 1993, പേ.9-18
1993-1996-മൈനർ സെമിനരി റെക്ടർ.
53. “Ms.Vat.Syr. 592,fol.8v-26v: Some Useful Counsels on the Ascetical Life by Mar Babai the Great-An Introduction: ***in*** *Studia Patristica* 25/1993,p.253-257 (Paper presented at the 11th International Conference on Patristic Studies,held at Oxford,1990).

**1994**

54. “അനുപമമായ ആധ്യാത്മികനേതൃത്വം” ***in*** *ധന്യജീവിതം* (എഡി.) തോമസ് വട്ടപ്പറമ്പിൽ, 1994,പേ. 127-130 (മാർ ഗ്രിഗോറിയോസ് പിതാവിനെപ്പറ്റി).
“ബഥനി സന്യാസസമൂഹം”: ***in*** *സ്മരണിക-ബഥനി സന്യാസസമൂഹം പ്ലാറ്റിനം ജൂബിലി* (1919-1994), തിരുവനന്തപുരം, 1994.



55. “The Theological Contribution of Mar Babai the Great” ***in*** *Syriac Dialgoue I*,Vienna 1994,p.155-167: See the French translation ***in*** 1995 (Paper read at the Syriac Consultation on 24-29 June 1994 in Vienna)

**1995**

56. “സമുദായക്കേസുകൾക്കു വിട” ***in*** *ഐക്യദീപം* 20/12 (1995)40-41 ( തൃശൂരെ സൂറായികളുടെ ഐക്യത്തെപ്പറ്റി).
57. “കത്തോലിക്കാസഭയും അസ്സീറിയൻ സഭയും സമ്പൂർണ ഐക്യത്തിലേക്ക്” ***in*** *ഐക്യദീപം* 20/10(1995) 25-26.30.
58. “വിളവിന്റെ നാഥനോടു പ്രാർഥിക്കുക” ***in*** ക്രൈസ്തവകാഹളം 9/5 (മെയ് 1995)5-7.13 (ദൈവവിളിപ്പതിപ്പ്).
59. “എക്യൂമെനിസം” ***in*** *ക്രൈസ്തവകാഹളം* 9/9-10 (1995 സെപ്തംബർ -ഒക്റ്റോബർ) 27-29. 9/11 (1995 നവംബർ) 8-10 (*ഉത് ഊണും സിന്ത്* എന്ന രേഖയെപ്പറ്റി).
60. “La Contribution theologique de Mar Babai le Grand", ***in*** *La Tradition Syriaque I* , Paris, 1995,p.83-94; also ***in*** *Istina*, 40(1995)83-94.

**1996**

61. “എക്യൂമെനിസം” ***in*** *ക്രൈസ്തവകാഹളം* 9/12 (1996)16-18.
62. “The Ecumenical Dimension of the Malankara Seminary” ***in*** *The Consecration-Ordination Souvenir* Trivandrum,1996, p.39-40 (A Publication of the Malankara Major Seminary).
63. “The Three Chapters Controversy” ***in*** *Syriac Dialgoue II*,Vienna 1996,p.113-125; also French tr. in 1998 (Paper read at the *Pro Oriente Syriac Consultation*,Feb. 1996 at Vienna).
64. “The Theological Contribution of Mar Babai the Great” ***in*** *Christian Orient*, 17/1(1996)30-41.

**1997**

65. ‘‘മലങ്കരസഭാചരിത്രം” ***in*** *മാർത്താണ്ഡം രൂപതാസ്ഥാപനം-ബിഷപ്പ് ലോറൻസ് മാർ അപ്രേം സ്ഥാനാരോഹണ സപ്ലിമെന്റ്* (കേരളാടൈംസ് 1997 ജനുവരി 23,വ്യാഴം) പേ. 3-4.10.
66. “മലങ്കര കത്തോലിക്കാ സഭയുടെ എക്യുമേനിക്കൽ ദൗത്യം”-***in*** *മെത്രാഭിഷേക സ്മരണിക* 1997, ബത്തേരി 1997,പേ.19-20.
67. “യാക്കോബായാ, ഓർത്തഡോക്സ്, മലങ്കര കത്തോലിക്കാ സഭാസ

മൂഹങ്ങൾക്ക് ഒരു തുറന്ന കത്ത്," ***in*** *ഐക്യദീപം*, 23/9 (1997 സെപ്തംബർ)17-20.

68. "സഭൈക്യത്തിന്റെ പാതയിൽ തുറന്ന മനസ്സോടെ" ***in*** *ക്രൈസ്തവകാഹളം* 10/1(1997 ജനുവരി)25-28.
"പ്രോ ഓറിയെന്തെ സുറിയാനി കമ്മീഷനും പൗരസ്ത്യ അസ്സീറിയൻ സഭയുമായുള്ള സഭൈക്യ സംവാദവും", ***in*** *ദുക്റാന* 17/10(1997 ഒക്ടോബർ)29-38.
69. "The Pro-Oriente Syriac Commission and Ecumenical Dialogue with the Assyrian Church of the East", ***in*** *Christian Orient*, 18/4(1997)175-184.

**1998**

70. "ബഥനിയും മലങ്കരസഭയും" ***in*** *ഐക്യദീപം* 24/3(1998 ഏപ്രിൽ)8-9.
71. "കത്തോലിക്കാ സഭയുടെ എക്യുമേനിക്കൽ പ്രവർത്തനങ്ങൾ" ***in*** *ഐക്യദീപം* 25/8(1998 സെപ്തംബർ)38-40.
72. "മറിയം രണ്ടാമത്തെ ഹവ്വാ" ***in*** *ജീവരക്ഷാന്യൂസ്* 1/9(1998) 24-25.
73. "പെറ്റമ്മയെ മറന്നാലും അന്ത്യോക്യയെ മറക്കൂല" ***in*** *മലങ്കരസഭാദീപം* 4/14(1998 മെയ് 16-31)5-6.
74. "ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ" ***in*** *ദുക്റാന* 18/2(1998 ഫെബ്രുവരി)14-16.
75. "A Voice in the Wilderness", ***in*** *Christian Orient*, 19/1(1998)13-25; See also the Dutch translation in 1999.
76. "La Controverse des Trois Chapitre-Histoire de la controverse" ***in*** *La Tradition Syriaque- II,*Paris,1998; also *Istina* 43(1998) 75-110, Paris 1998.
77. "The Catholic-Malankara Orthodox Dialogue" ***in*** *Christian Orient*, 19/4(1998)153-159.
78. "Syriac Churches in Dialogue" ***in*** *Harp* XI-XII(1998-9) 87-98, Kottayam,1999.

**1999**

79. "ക്രൈസ്തവസഭകൾ" ***in*** *പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടിമെത്രാൻ (1663-1687)സ്മരണിക*, കുറവിലങ്ങാട്, 1999,പേ.58-96.
80. "ആ സ്ത്രീ ആരാണ്?" ***in*** *ജീവരക്ഷാന്യൂസ്* 2/6(1999)19-20.
81. "കാതലിക്-മലങ്കര ഓർത്തഡോക്സ് ദൈവശാസ്ത്രചർച്ച" ***in*** *ഐക്യദീപം* 23/1(1999)2325.



82. "എക്യുമേനിസം കിഴക്കൻ യൂറോപ്പിൽ" ***in*** *ഐക്യദീപം* 23/7(1999 സെപ്തംബർ) 30-31.
83. "കാതലിക്-മലങ്കര ഓർത്തഡോക്സ് ദൈവശാസ്ത്രചർച്ച" ***in*** *ക്രൈസ്തവകാഹളം* (1999 മെയ്)21-24.
അതേലേഖനം ***in*** ദുക്റാന 19/6(1999 ജൂൺ)21-27.
84. "ദൈവം മനുഷ്യനായത് ക്രിസ്ത്യാനിക്കു വേണ്ടി മാത്രമോ?" ***in*** *പ്രവാസി*(ആഗസ്റ്റ് 1999)13-15.
85. "The Church as the Communion of Churches: Inter Ecclesial Existence in India" ***in*** *Syro-Malabar Catholic Covention of North America,* 1999 Souvenir, p.109.
86. "Ein Stem in de Woestijn..De Situatie van de Oosters-katholieke Kerken in India", ***in*** *Het Christelijk Oosten* 51/1-2(1999)83-98.
87. Editorial *Christian Orient/Ecumenism*, 20/4(1999)184.
Section Editor of Ecumenism/*Christian Orient,* 1999-2007.

**2000**

88. "സഭയുടെ വളർച്ച നൂറ്റാണ്ടുകളിലൂടെ" ***in*** *മഹാജൂബിലി പുനരൈക്യസപ്തതി സ്മരണിക*, മലങ്കര കത്തോലിക്കാസഭ, 2000, പേ.58-62.
89. "ഇരുപതാം നൂറ്റാണ്ടിലെ ഐക്യസംരംഭങ്ങളും പിളർപ്പുകളും" ***in*** *ക്രൈസ്തവകാഹളം,* ജനുവരി 2000,പേ.16-18.
90. "അന്ത്യോക്യൻ പാത്രിയാർക്കേറ്റുകൾ" ***in*** *ക്രൈസ്തവകാഹളം,* ജനുവരി 2000,പേ.22-24.
91. "മാമോദീസാ ആദിമസഭയിൽ" ***in*** *ക്രൈസ്തവകാഹളം,* (ആഗസ്റ്റ് 2000) 10-12.
92. "Eastern Christian Churches" ***in*** *Indian Christian Directory*, Kottayam 2000,p.51-53. (Deepika Publication).
93. "The Catholic - Malankara Orthodox Dialogue" ***in*** *Het Christelijk Oosten,* 52,1-2 (2000)145-152.
94. "Some Reflections on the Mystery of Incarnation" ***in*** *Christian Orient*, 21/4(2000)153-163.
95. Editorial *Christian Orient*/Ecumenism) 21/4 (2000)151.

**2001**

96. "സഭൈക്യവീക്ഷണം" ***in*** *വൈദികരുടെ വൈദികൻ* (എഡി.) ഇ.ജെ. വർഗീസ്, കോന്നി, 2001, പേ.60-62 (വി.സി.സാമുവൽ അച്ചനേക്കുറിച്ച്).

97. “അലക്സാണ്ഡ്രിയായിലെ മാർ ക്ലീമീസ്” ***in*** *ക്രൈസ്തവകാഹളം* 60/8(2001 ആഗസ്റ്റ്-സെപ്തം.)56-59.
98. “Ecumenism in India” ***in*** *Studia Oecumenica I,* Opole,2001, p.143-152 (on the Reunion Movement of 1930).
99. Dominus Deus” ***in*** *Christian Orient*, 22/1(2001)37-41.

**2002**

100. “മലങ്കരസഭയുടെ അന്ത്യോക്യൻ ബന്ധവും സഭയിലുണ്ടായ പിളർപ്പുകളും” ***in*** *ഐക്യദീപം* 30/8 (2002 നവം.) പേ. 27-30.
101. “വിവാഹം” ***in*** *ലിറ്റർജി പ്രസംഗവേദിയിൽ* (എഡി.) ഫിലിപ്പ് ചെമ്പകശ്ശേരി,തിരുവനന്തപുരം 2002,പേ.152-15.
102. “Pro Oriente Syriac Dialogue” ***in*** *Studia Oecumenica II* (2002) 27-42.
103. “The Week of Prayer for Christian Unity” ***in*** *Mother Calls,*1/3 (2002 January)14-16.
104. “Archbishop Mar Ivanios and Ecumenism” ***in*** *Studia Oecumenica II* (2002) 243-258.
105. “Crisis in a Sister Church: Painful Story of an Apostolic Church” ***in*** *Christian Orient*, 23/4(2002) 151-173.
106. Editorial *Christian Orient/Ecumenism*, 23/4,(2002) p.150.
107. “The Three Crucial Terms in Syriac Theology: Kyana,Qnoma and Parsopa”, ***in*** *Harp* 15 (2002) 59-65 ( Festschrift Mar Aprem).

**2003**

108. കുരിശടയാളം” ***in*** *ആരാധനക്രമ വിജ്ഞാനകോശം* ,(എഡി.)ജേക്കബ് വെള്ളിയാൻ, കോട്ടയം, 2003, പേ. 268-269.
109. “ഞായറാഴ്ച-എട്ടാംദിവസം, ഒന്നാംദിവസം”, ***in*** *ആരാധനക്രമ വിജ്ഞാനകോശം,* (എഡി.) വെള്ളിയാൻ പേ.371-373.
110. “Ecumenism and Reunion;Two Basic Issues” ***in*** *Malankara Voice* 3/4 (2003) 6-7.29
111. “Fiftieth Death Anniversary of Archbishop Mar Ivanios (1882-1953)”: Editorial *Christian Orient*, 24/4 (2003)142-144.
112. “Fiftieth Anniversary of the visit of Cardinal Eugene Tisserant (1953-2003)” ***in*** *Christian Orient*, 24/4 (2003)144-146.
113. Editorial: “Forty Years after the Vatican Council”: ***in*** *Christian Orient,* 24/4(2003)146-148.



114. Editorial: “Identity and Communion” ***in*** *Christian Orient,* 24/4(2003)148-150.
115. “Reflections on the Ecumenical Movement: The Ecumenical Vocation of the Malankara Catholic Church in the New Millennium”, ***in*** *Christian Orient*, 24/4 (2003)185-195.
116. “Common Christological Declaration between the Catholic Church and the Assyrian Church of the East-An Evaluation”, ***in*** *Harp* 16(2003), p.271-278 (Festschrift Fr.Geevarghese Panicker).

**2004**

117. “*മാർ ബസേലിയോസ് പിതാവ് ഐക്യത്തിന്റെ പ്രവാചകൻ*” ***in*** *പ്രണാമം* (എഡി.) വിൽസൺ തട്ടാരുതുണ്ടിൽ, തിരുവനന്തപുരം, 2004, പേ.107-111.
118. “വിശുദ്ധരുടെ മാധ്യസ്ഥ്യസഹായം” ***in*** ഐക്യദീപം 32/6(2004 ജൂലൈ) 15-16.
119. “എക്യൂമെനിസവും മലങ്കരസഭകളുടെ ഐക്യവും” ***in*** *സെന്റ് സേവ്യേഴ്സ് മലങ്കരകത്തോലിക്കാസഭ, കൂടൽ സുവർണജൂബിലി സ്മരണിക,*2004, കൂടൽ, പേ.100-102.
120. “Mar Ivanios and the Background of the Reunion Movement” ***in*** *Archbishop Mar Ivanios in his Thoughts,* Trivandrum, 2004.
121. “The Ecumenical Vision of Mar Ivanios”: ***in*** *Archbishop Mar Ivanios in his Thoughts*, p.63-75.
122. “Syriac Churches in Dialogue” ***in*** *Christian Orient*, 25/4(2004)

**2005**

123. “കാതോലിക്കേറ്റും കാതോലിക്കോസും ഒരു ചരിത്രാവലോകനം” ***in*** *മലങ്കരബാലൻ* പുസ്തകം 77 (2005 മാർച്ച്) 11-15
124. “The Malankara Catholic Catholicate and the Catholicos” ***in*** *Aikya Samiksha* 2/2(2005)21-30.
125. On the Catholicate: ***in*** Malankara Voice 5/2 (2005 March-April) 23-25
126. A Review of my Book: *The Malankara Catholic Church* by Rajmund Poroda,Opole ***in*** *Studia Oecumenica, 4* (2005) 251-155 (in Polish)
127. “The Churches of the Syriac Tradition in Dialogue”, ***in*** *Studia Oecumenica,5* (2005)271-290.

128. "The Malankara Catholic Catholicos and the Catholicate" ***in*** *Studia Oecumenica 5* (2005)87-96.
129. "Syriac Dialogue 4-5" ***in*** *Harp* 18 (2005)83-89.
130. "Preface" to *Moran Etho -27:* Bestellung eines Bischofssitzen Sede Vacante..by Prof.J.Madey.
131. "The Malankara Catholic Church and its new Status in the Catholic Communion" ***in*** *Christian Orient*, 26/4(2005)5-13.
132. Editorial *Christian Orient/Ecumenism,*26/4(2005), p.2-4.
133. "The Malankara Catholic Catholicos and the Catholicate", ***in*** *Ostkirchlilchen Studien* Band 54.Heft 3-4, 2005

**2006**

134. "മാർ അപ്രേം", ***in*** *ദുക്റാന* 25/10 (2006) 57.
135. "നമ്മുടെ കർത്താവിന്റെ കുരിശ്-വി.ജോൺ ക്രിസൊസ്തോമിന്റെ വീക്ഷണത്തിൽ", ***in*** *ദുക്റാന* 26/11 (2006 ജൂലൈ) 30-33.
136. കേരളസഭാപ്രതിഭകൾ ഒന്നാംഭാഗം എന്ന ഗ്രന്ഥത്തിൽ (എഡി.) ജോൺ കച്ചിറമറ്റം, "റവ.ഡോ.ഗീവർഗീസ് ചേടിയത്ത്" എന്ന ലേഖനം, പിഴക്/കോട്ടയം, പേ.1218-1222 (എന്റെ ജീവചരിത്രവും ഗ്രന്ഥങ്ങളുടെ പേരുകളും കൊടുത്തിട്ടുണ്ട്.
137. "ക്രിസ്തുമതം കേരളത്തിൽ" ***in*** *കേരളവിജ്ഞാനദീപിക*, തിരുവനന്തപുരം, 2006, പേ.73-78.
138. "Ecumenism in India in the 20th Century", ***in*** *Malankara Catholic Convention Souvenir*, New York, 2006, p.74-76.
139. Book Review : Metropolitan Bishop of Damiette, A Documentary on the Nestorian Assyrian Church of the East, Its History, Present Condition and Doctrines ***in*** *Studia Oecumenica 5* (2005) 404-408.
140. A book review by George Nedungatt of my book, *The Malankara Catholic Church* ***in*** *Orientalia Christiana Periodica,* 71/1(2005)222.
141. "The Malankara Catholic Church and Ecumenism" ***in*** *Harp* 19(2006)137-148 (Festschrift Prof. Madey)
142. "The Malankara Catholic Catholicos and the Catholicate", ***in*** *Harp* 20 (2006) 195-208 (Festschrift Thekkeparambil)
143. "Syriac Dialogue-6": ***in*** *Harp* 21(2006) 337-342. (Festschrift Emmanuel Telly)



144. "Commitment to Visible Communion": Editorial ***in*** *Christian Orient/Ecumenism*, 27/4(2006)130-131.
145. "Pulikkottil Joseph Mar Dionysius (1865-1909) and Ecumenism" ***in*** *Christian Orient*, 27/4(2006)147-152.
146. "The Pro Oriente Forum Syriacum" in *Christian Orient*, 27/4(2006)178-180; also in *Studia Oecumenica* 6( 2006).

**2007**

147. "The Christology of Mar Babai the Great" ***in*** *Inculturation des Christentum im Sassanidenreich* ed.by Arafa Mustafa et alii,Wiesbaden 2007, p.205-214.
148. "കത്തോലിക്കാസഭ വിവിധ സഭകളുടെ കൂട്ടയ്മ" ***in*** *ദൈവാലയകൂദാശ സ്മരണിക*, സെന്റ് ജോർജ് മലങ്കര കത്തോലിക്കാ തീർഥാടന ദൈവാലയം. ക്രൈസ്റ്റ്നഗർ, ചാരോട്ടുകോണം,കുളത്തൂർ, 2007, പേജ്.63-64.
149. "മലങ്കരസഭയുടെ എക്യുമെനിസ ചിന്തകൾ" ***in*** *ഐക്യദീപം*,34/9,സെപ്തംബർ 2007,പേ.32-34.
150. "The Ecumenical Vision of Moran Mor Baselios Cyril Catholicos" ***in*** സ്മൃതിപഥം, ബത്തേരി, 2008, പേ.123-126.

---

*ക്രൈസ്തവസമൂഹത്തിലെ എഴുത്തുകാർ*: മലയാളത്തിലെ ക്രൈസ്തവ സാഹിത്യകാരന്മാരുടെ ഡിറക്ടറി, പി.ഓ.സി പ്രസിദ്ധീകരണം, പാലാരിവട്ടം,1989, പേ.397-398.

*പ്രാചീനസന്യാസ നിയമങ്ങൾ* (മദ്റോശോ-6)സീരി പ്രസിദ്ധീകരണം, പേ. 240-244.

ജോൺ കച്ചിറമറ്റം, *കേരളസഭാപ്രതിഭകൾ*, പിഴക്/കോട്ടയം,2006,പേ.1218-1222.

*Bibliographical Survey,* ed.T.Vellillamthadom & G.. Chediath,OIRSI 71,Kottayam1983.p.9-13.

G.Chediath, Malankara Major Seminary, Nalanchira,Trivandrum,695015.
email: gchediath@hotmail.com
Tel.0471-2543832

# INDEX OF NAMES


Aba Antony 51
Aba I Catholicos of Persia 44.48
Aba Isaiah 51.**130-13**1.132.134
Aba Marcos 51.56.134.175
Abas Catholicos of Caucasian Albania 143
Abda Martyr 42
Abdisho of Nisibis 3.47.55.57.60.61.81.**85-86**.106
Abdisho, brother of Joseph Hazzaya 59
Abgar Monk 42
Abgar V King of Edessa 38
Abgar VIII King of Edessa 40
Abimelek of Qardu 52
Abraamius hegumen of Kratea 137.143
Abraham & Orestes of Edessa 68
Abraham bar Dashandad **56.**80
Abraham bar Liphe 79.84
Abraham bin Noha 81
Abraham d'Beth Rabban 44.47**-48**.49.54.55
Abraham of Beh Kavad 50
Abraham of Nathpar 53**-54**
Abraham of Nisibis 8
Abraham Pachomian monk 219
Abraham the Great of Kashkar 44.45.51.**54**.56.61.81
Abramios of Sabas' Laura 58
Abramius of Ephesus **177**
Acacius Catholicos 47
Acacius of Constantinople **168-169**.170.200
Acacius of Melitene 100.**102**
Addai & Mari anaphora 39
Addai 38.39
Adrian exegete **114**
Aeneas of Gaza, Sophist 131
Aetius presbyter of Constantinople **193**
Agapetus Deacon 172
Agapetus I pope 174
Agathonicus of Tarsus, pseudo **198**.215
Ahudemmeh 73
Al Mahdi Caliph 80
Al Muthavakil Caliph 82
Alexander of Antioch 98
Alexander of Apamea **100**





Alexander of Cyprus, monk **118**
Alexander of Hierapolis 99.**100**.101.163
Alypius presbyter 163
Antonios of Tagrit **75**
Antony the Monk 104
Aphnimaran 58
Aprem Mar 2.**8-32**.43.45.65.82
Arthur Voobus 66
Babai of Singar 44
Balai **64**
Bar Sahde of Karka d'Beth Slok 42
Bar Sahde, father of Abraham d'Beth Rabban 47
Bar Samya 41
Bar Sauma of Qardu 44
Bauto father of Eudoxia 16
Bedjan 66
Besa, hegumen of Atripe 217.219
Bokthisho physician 82
Boniface II Pope 171
Caesarius brother of Gregory Nazianzen 175
Caesarius, Pseudo **175**
Calandion of Antioch 66
Callinicus, biographer of Hypatius **168**
Calliopius correspondent of Atticus 162
Candida 42
Catherine of Alexandria (Sinai) 127.146.148
Celestine I pope 128.162.198
Chabot J.B. 34
Choricius of Gaza, sophist **133**
Chosroes I, King of Persia 42.44.143
Chosroes II, King of Persia 55.143
Chronicle of John of Ephesus 32
Chronicon Paschale **194**
Chrysippus of Jerusalem **129**
Clement of Alexandria 175
Cleopatra 211
Colluthus 203
Conon of Tarsus **179-180**
Constans II Emperor 190
Constantine the deacon **180**
Constantine I the great, Emperor 150
Constantine I, Pope 192
Constantine of Assiut 209

Constantine of Laodicea **109**
Cosmas Indicopleustes **204**.205
Cosmas Vestitor **193**
Cyriacus of Tyana 171
Cyriacus Palestinian monk 137
Cyril of Alexandria 68.98-103.118.121l128.129.140.155-159.162-166.187.194.198-200. 216-218
Cyril of Scythopolis 134.136.**137-138**
Cyrillona **45**
Cyrus of Constantinople 192
Cyrus of Edessa 43.46
Cyrus of Panopolis **166**
Cyrus of Phasis, Patriarch of Alexandria 187.210
Cyrus of Tyana 170-171
Dadisho of Bet Aramaye 45.54.62
Dadisho Qatraya **57**
Dalmatius Archimandrite **164**
Damascius Neo-Platonist 151
Damasus Pope 101
Damian of Alexandria 73.112.113.208**-209**
Daniel of Galash 65
Daniel of Harran 105
Daniel of Salah 72
Daniel of Scete **210**
Daniel the Archimandrite 219
Daniel the Indian 37
Daniel the Stylite 3.166
David the Invincible **222**
Deacon Elisha 52
Denha Maphrian 73
Diadochus of Photike 184
Diodore of Tarsus 44.46.156.163
Diogenes of Edessa 102
Dionysius bar Salibi **76-78**.82
Dionysius d'Tel-Mahre **74**
Dionysius d'Tel-Mahre, Pseudo 32.33.34.78.131
Dionysius the Areopagite, Pseudo 60.69.74.84.107.136.151**-154**.173. 182.183.187.
Dioscoros of Alexandria 105.116.151.166.167.196.199.200.218
Dioscoros of Gosarta **78**
Domitian of Ancyra **174-175**
Domninus historian of Antioch 116
Domnus (Domninus) II of Antioch **104-105**.199



Domnus (Domninus) III of Antioch 178
Dorotheus of Gaza 134
Dorotheus of Marcianopolis **163**
Du Nuwas 43
Edmund Beck 10-11.
Egeria 127
Eliah bar Kanus 82
Eliah bar Sinaya 83
Eliah III Abu Halim Catholicos **84**
Eliah Jacobite **74**
Eliah of Anbar 84
Elias Jacobite *72*
Elias of Jerusalem 134.200
Elias of Nisibis, chronicler 34.42.**84**
Eliseus the Armenian 222
Elisha bar Qusbaye **47**
Emmanuel Shahare **51**
Eobulus of Lystra **189-190**
Ephrem of Antioch **109**.175
Epiphanius Archdeacon of Alexandria **198**
Epiphanius of Constantinople 157.171
Erecthius of Antioch in Pisidia **166**
Eudoxia, Empress 161
Eugenius of Seleucia **179-180**
Eulogius of Alexandria **209**
Euphemius of Constantinople 154
Euphrasius of Antioch 109
Eupsychius 162
Eusebius of Alexandria, Pseudo **198**
Eusebius of Caesarea 38.115.129.170.197
Eusebius of Doryleum 105.**165**.166
Eusebius of Emesa 115
Eusebius of Heraclea **164**
Eusebius treasurer of Hagia Sophia 175
Eustathios monachus **173-174**
Eustathios of Ancyra 144
Eustathios of Berytus **105**
Eustathios of Epiphania, historian 117
Eutherius of Tyana 163
Euthymius the Great 102.104.128.129.137
Eutropius, prefect 162
Eutyches 105.156.164-167.199
Eutychius of Constantinople 161.177.178

Evagrius of Pontus 51.57.60.147.182.184
Evagrius of Soli, Cypriot bishop 118
Evagrius Scholasticus **116-117**.133.135
Eznik of Kolb 221
Faustus monk 226
Felix III Pope 168.170.200
Firmus of Caesarea in Cappadocia **165-166**
Flavian of Constantinople 105.166.**167**.168.199
Fravita of Constantinople **170**
Gabriel of Singar physician 55
Gabriel Qatraya **79**.84
Gaianus Julianist bishop of Alexandria 172.202.205
Galen 68.81
Geevarghese of Bagash 80
Geevarghese Warda **85**
Gelasius of Cyzicus **169-170**
Gennandius of Constantinople 168
Gennadius of Marseilles 119
George (Geevarghese) I of Seleucia Ctesiphon 56-57
George Arbel (Pseudo) **82-83**
George Grammaticus **193**
George Martyr of Persia 42
George of Alexandria **210**
George of Sykeon **186**
George of the Arabs 65.70.**71**
George St. Martyr 118.129
George Syncellus197
George the Chozibite 144
George the monk **189**
Gerasimus hegumen 135.137
Germanus I of Constantinople **192**
Golinduch, St. 113
Gregentius, Pseudo **135**
Gregory (Piragushnasp) Martyr 42
Gregory Catholicos 56
Gregory Nazianzen 175.182.191.217
Gregory Nyssa 72.183.217
Gregory of Agrigento **191**
Gregory of Antioch 117.143
Gregory of Cyprus 55
Gregory the Great Pope 177.191
Gregory the Illuminator 223
Gregory the presbyter **191**



Guria 41.43
Habib 41.43
Habib bishop of Edessa 70
Habib of Doliche **101**
Hananisho Catholicos 80
Hananisho of Adiabene **56**
Hanneena 65
Helena, Empress 127
Helladius of Tarsus 99.163
Henana of Adiabene 44.**49-50**.51.55.
Heraclian of Chalcedon **173**
Heraclides of Nyssa 162
Heraclius Emperor 33.118.143.144.186-190.209
Hermogenes of Rhinocorura **198**
Hesychius of Castabala **99**
Hesychius of Sinai **148**
Hierocles, Neo - Platonist 131
Hilarion of Thavatha, monk 127
Himerius bishop of Nicomedia 163
Hippolytus of Rome 186
Honorius I pope 187
Hormisdas pope 155.169.171
Horsiesi 213
Hunain ibn Isaac 81
Hypatius of Ephesus **173**
Hyperechius **210**
Ibas of Edessa 43.46.103.**105-106**.159.
Iesudnah 3.54.55.**83**
Innnocent of Maronea 173
Irenaeus of Harpasos **171**
Irenaeus of Lyons 186
Irenaeus of Tyre 105
Isaac Armenian Catholicos 221
Isaac of Antioch **52-53**
Isaac of Nineveh 53.**57-58**
Isai exegete 44.**48**
Isaiah of Tahal 49
Ishobarnun, Catholicos of Persia 56.80.81
Ishodad of Merv 37.47.**81-82**
Ishoyahb II Catholicos of Persia **50**
Ishoyahb III Catholicos of Persia 49.56.**79**
Isidore of Pelusium 198
Isobarnun of Ram Hormizd 81

Isosabran, Martyr 79
Isoyahb d'Beth Arbaye 48
Isoyahb of Arzun 44
Jacob Abila 59
Jacob Burdana **110-111**. 112. 142.179.205.208
Jacob Martyr 42
Jacob of Beth Abe 49.52
Jacob of Edessa 2.33.52.65.69**-70**.71
Jacob of Kaphra Rahima 104
Jacob of Nisibis 8
Jacob of Sarug 2.**65-66**.72
Jerome St. 127
Jerome of Jerusalem **146**
Job of Edessa 81
Jobius monk **108-109**
John bar Aphthonia **108**
John bar Phinkaye 33.**55-56**
John bar Sobi 78.**84**
John Barbur 73.113
John Carpathian **193**
John Chrysostom 98.134.162.210.217
John Climacus 127.147
John d'Beth Rabban 48.54
John Dalyata **58**
John Damascene 119.**122-125**.195
John Diacrinomenus **116**
John Drungarius, Catenist **115**
John Egyptian, bishop of Hephaistos 205
John Grammaticus of Caesarea **138**.203
John Hesychast 137
John I of Antioch **98**-102.164.165
John I Pope 171
John II of Constantinople 154.171
John II Pope 156.157
John III of Constantinople 111.177.**178**.179
John IV of Jerusalem **143**
John IV the Faster, Patriarch of Constantinople **180**
John Malalas chronicler 116.117.211
John Mandukuni, Catholicos of Armenia **221**
John Moschus 119.145.209
John of Apamea 53.59.60.72.173
John of Ashmunain 209
John of Berytus **107**
John of Cellia **205-206**.207



John of Dara **74**
John of Ephesus, historian 32.33.109.111.205-208
John of Epiphania, historian 117
John of Euboia **117**
John of Gabala 107
John of Gaza, recluse 127.133.134
John of Hierapolis 105
John of Lycopolis 219
John of Mayragom 222
John of Nikiu chronicler **210-211**
John of Paralos 209
John of Scythopolis **136**.151.183
John of Sedre **72**
John of Thessalonica 185
John Philoponus 112.142.179.**203-204**.205.209
John Rufus, bishop of Maiuma 131
John Scotus Eriugena 136
John V Almsgiver, Patriarch of Alexandria 118.145.146.209
John VI of Constantinople **192**
John father of Cyril of Scythopolis 137
Joseph Assemanus 10
Joseph d'Beth Huzaye 48
Joseph Hazzaya 50.53.59**-61.**151
Joshua the Stylite 32
Jovian Emperor 8
Julian of Halicarnassus 120.121.161.172.201.205.206.209
Julian of Sardica **164**
Julian of Tabia **168**
Julian Emperor 8.19
Julius Africanus 197
Julius Caesar 32.211
Justin I Emperor 32.111.120.154.155.168.169.171.172
Justin II Emperor 32.177-179
Justin Martyr 186
Justinian I Emperor 32.44.107.109.110.116.120.127.135.137
Justinian II Emperor 143.191.192
Juvenal of Jerusalem **128**.129
Kamaluddin Mussa 78
Kawad King 47
Komitas Catholicos of Armenia **222**
Koriun 221
Lampetius of Cassium 198
Lamy 10
Lazar of Parp 222

Leo I the Great, Pope 154.156.157.162.167-169.171.200
Leo I the Thracian, Emperor 164.200
Leo III the Isaurian, Emperor 150.192
Leo of Haran 74
Leontius hegumen of St. Sabas Rome 191
Leontius of Byzantium 136.138.140.174.175.178.194
Leontius of Constantinople **178**
Leontius of Jerusalem **140**.178
Leontius of Neapolis **118**
Leontius Presbyter of Jerusalem 147
Leontius Scholasticus **140-141**
Leontius the Armenian 223
Liberatus of Carthage 163.202
Longinus hegumen of Ennaton 219
Longinus of Nubia 205.206
Macarius 57
Macarius of Antioch **117**
Macarius of Tkou 218
Macedonius I of Constantinople 154
Mambre Vercanol 222
Mani 13.16.21.214.218
Mara bar Sarapion 40-41
Marcian Emperor 129.167
Marcian heretic 13.16.21
Marcianus of Gaza 133
Mari bishop of Balad 44
Mari the Persian 105.106
Mark Diodochus 147
Mark the Deacon 130
Maro of Edessa **148**
Maron lector 68
Martha 42
Martin I Pope 185.191
Martyrius of Antioch 107
Martyrius of Jerusalem **130**
Martyrius Sahdona **49**.50
Martyrius Pseudo **106**
Martyrius teacher of John Climacus 147
Marutha Maphrian 73
Marutha of Maipherqat 42
Mathew the Pauper 219
Maurice emperor 117
Maximian (Maximinus) of Anazarbus 99



Maximian of Constantinople 100.**162**.198
Maximus the Confessor 118.145.151.181**-184**.185.190.191.195
Meletius of Antioch 101
Meletius of Mopsuestia **100**.102
Melito of Sardis 212
Melito the Philosopher 40
Melkite Chronicle **33**
Memnon of Ephesus 98.**164-165**
Menander 41
Menas of Constantinople 158.**174**.177
Mesrop 220**.221**.222
Methodius of Olympus 186
Michael Malpana 49
Michael the Archangel 129
Michael the Syrian 34.77.**78**.131.161
Mihrshabur 42
Miles 42
Modestus of Jerusalem 143.**144**
Moses bar Kepha 35 **75-76**
Moses of Elivard **221**
Moses of Khorene 222
Mundhir bar Hareth, Ghassanid emir 112
Muratori L.A. 166
Nadan nephew of Abikar 41
Narsai 2.**45-47**.48
Narsai another teacher 48
Narsai Martyr 42
Necephorus Callistus, historian 117
Nephalius, Neo-Chalcedonian 120.**201**
Nestorianus historian 116
Nestorius of Constantinople 44.46.48.99-101.103.156.165.194.198
Nestorius of Nuhadra **56-57**
Nicholas of Ancyra **175**
Nicias 109
Nonnus Deacon **75**
Nonnus of Harran 34
Nonnus, Origenist monk 138.141
Oecumenius **115**
Olympias 162.189
Olympiodorus the deacon & exegete **201**
Omar II Caliph 59
Origen 115.129.183
Overbeck 10
Pachomius 213

Palladius 56
Pambo of Scete 219
Pamphilus Theologus 141
Panodorus chronography 197
Pantoleon Byzantine Presbyter **186**
Papa Catholicos 42
Parasceve St. 117
Parthenius presbyter of Constantinople 163
Pathrikios 58
Patricius of Edessa 68
Paul d'Beth Ukkama **111-112**.113.179.206-208
Paul II of Constantinople **190-191**
Paul of Elusa 134.**138**
Paul of Emesa **100**
Paul of Nisibis 44.**109-110**
Paul of Tabennesi, bishop of Alexandria 158.173
Paul of Tamma 215
Paul of Tella 35
Paul Silentiarius **176**
Pelagius I Pope 160
Peroz Martyr 42
Peter Fuller 66.**106-107**.131.143.168.169
Peter I of Alexandria, Jacobite Patriarch 112
Peter III Mongus 107.168-170.**200-201**
Peter IV of Alexandria 206-207.
Peter Moberek 10
Peter of Callinicus, Jacobite Patriarch of Antioch 73.112-**113**.208.209
Peter of Jerusalem 135-136.160.175
Peter of Myra **168**
Peter of Traianopolis 165
Peter the Iberian, bishop of Maiuma 129.131.138.205
Pethion 42
Philip disciple of Bardaisan 40
Philippicus Bardanes Emperor 192.193
Philo the historian **197**
Philotheus of Sinai **148**
Philoxenus of Mabbug 2.37.51.60.61.**66-68**.69
Phocas Emperor 186
Phocas of Edessa 69
Photinus biographer of John the Faster **180**
Photius of Constantinople 114.204
Polycarp translator 37.67
Porphyry Neo-Platonist 68.77



Proba sophist 73.113
Proclus of Constantinople 163.166.167.175
Proclus Neo-Platonist 151.153.154
Procopius of Caesarea, historian 117
Procopius of Gaza, catenist 131.132.133.195
Proterius of Alexandria **199**
Pulcheria Empress 161
Pusai 42
Pyrrhus I of Constantinople 181.182.**190**
Qamish bar Qardahe **51**
Qasha 50
Qiyore teacher 43.46.**48**.
Qumi 37.44
Rabbula of Edessa 36.46.101.**102-103**.105
Ramban Shapur 57
Ramisho teacher 48
Reginus of Constantia 118
Romanus Melodus **176**
Rufinus of Aquileia 170
Rufus of Shotep 209
Sabas St. 58.122.135.137.139
Sargis & Paulose 73
Serapion 40
Sergia abbes **189**
Sergius Grammaticus **108**.120
Sergius I of Constantinople **186-188**.189.190.194.210
Sergius of Constantia **119**
Sergius of Reshaina **68-69**
Sergius of Tella 111
Sergius Stylite **74**
Seridos hegumen of Tavatha 134
Severus of Antioch 66.107-109.115.**119-121**.132.139.151.154-158.172-174.194.201-205
Severus of Synnada **164**
Severus Sebokt 69.**78**
Severus nephew of David of Harran 34
Shapur I King of Persia 42
Shapur II King of Persia 8
Sharbel 41
Shenute of Atripe 215.**216-217**
Shubhalamaran **55**
Simplicius Pope 169
Sirin 42

Smone 41.43
Socrates historian 170.211.223
Solomon of Bostra **84**
Sophia 179
Sophronius of Jerusalem 118.119.**145**.187.209
Sozomen 170
Spyridon St. 118.119
Stephen Assemanus 10
Stephen bar Sudaili 68.**69.**151
Stephen biographer of Apollo 219
Stephen Gobar **204**
Stephen I of Hierapolis **105**
Stephen II of Hierapolis **113**
Stephen of Bostra **146**
Stephen of Cyprus 179
Stephen Sophist 113
Succensus of Diocaesarea 98**-99**
Symeon bar Saba 42
Symeon d'Thaibuthe **58**
Symeon Kepha 24
Symeon of Bet Arsham 43.**71**
Symeon of Gabala 43
Symeon Quqoyo **72**
Symeon Stylite I, 3.**103-104**
Symeon Stylite II, 113**-114**.178
Symeon the Fool, St. 119
Symmachus 133
Symmachus Jew 82
Tathak 42
Tatian 11.35
Thalassius the Libyan 182.191
Thalassius accuser of Nestorius 163
Themistius of Alexandria, Agnoete **202**
Theodocian Jew 82
Theodora empress 142.155.156.161.179.202.
Theodore Abu Qura 75
Theodore Ascidas 135.**141-142**.160.175
Theodore bar Koni **50**
Theodore Deacon **191**
Theodore I Pope 119.196
Theodore Lector **170**
Theodore monk **202**
Theodore Monophysites Patriarch of Alexandria 205.**207**
Theodore of Bostra 142



Theodore of Copris 206
Theodore of Gangra 184
Theodore of Heraclea 115
Theodore of Mopsuestia 43-47.65.82.102.106.156.159.163
Theodore of Paphos **119**
Theodore of Petra **138**
Theodore of Pharan 142.186
Theodore of Philae 202.206
Theodore of Raithou **142**
Theodore of Salamis 170
Theodore of Scythopolis **136-137**.160
Theodore of Sykeon 186
Theodore of Tremithus 119
Theodore Patriarch of Alexandria 112
Theodore Spudaeus **185**
Theodore St. & Martyr 129
Theodore Studite 134
Theodore Synchellus **189**
Theodoret of Cyrus 42.98.104.105.115.156.159.170.199.
Theodosius Alexandrian Presbyter 206
Theodosius Catholicos 82
Theodosius I of Alexandria 111.112.158.179.203.206.218
Theodosius II Emperor 98.150.161-163.165
Theodosius of Jerusalem **128-129**.131
Theodosius of Scythopolis 136
Theodosius the Coenobiarch 137.145
Theodotus of Ancyra **165**
Theodotus of Antioch **98**
Theodulus exegete **114-115**
Theognius of Betylios 137.138
Theognius presbyter of Jerusalem **134**
Theonas Tritheist **179-180**
Theopemptos Scholasticus 182
Theophan Russian 58
Theophilus of Alexandria 197.215
Theotecnus of Livias 146
Thomas Aquinas 125
Thomas of Edessa **48**
Thomas of Harqel bishop of Mabbug 37
Thomas of Marga 52.75.**83**.
Thomas Presbyter of Thessalonica 173
Thomas Christian of Jerusalem 144
Tiberius II Emperor 112.117.145
Timothy Historian 116

Timothy I Catholicos of Persia 56.59.60.**80**.151
Timothy I of Alexandria 172
Timothy II Aelurus, Patriarch of Alexandria 105.194.**199-200**.204.211.218
Timothy II Catholicos **86**
Timothy IV Patriarch of Alexandria **201-202**
Timothy of Constantinople 171
Timothy presbyter of Constantinople **158**
Tiridates III King of Armenia 222
Trajan Emperor 41
Tychon St. Bishop of Amathus 209
Vahram V King of Persia 42
Valentinian I Emperor 161
Valentinian II Emperor 211
Vardan Mamikonian 223
Victor of Antioch exegete **115**
Victor St. 129
Vigilius Pope 174.186
Vologese of Nisibis 8
Yazidpaneh Martyr 42
Yusodok 59
Zacharias Scholasticus 32.107.117.131.**132-133**.194
Zacharias Patriarch of Jerusalem **143**.144
Zeno of Kurion Cypriot bishop 118
Zeno the Isaurian, Emperor 46.66.68.107.118.158.168.**169**.201
Zenobius of Zephyrium **99**
Zoilus of Alexandria 158
Zosimas Palestinian monk **135**
Zuqnin Chronicle **33**


## സഹായകഗ്രന്ഥങ്ങൾ


Angelo di Berardino (Editor)*,Patrologia,Vol.V Dal Concilio di Calcedonia (451) a Giovanni di Damasceno (+750) I Padri Orientali* (Institutum Patristicum Augustinianum, Roma, 2000) Casa Editrice Marietti S.p.A.-Genova-Milano. Also the English translation of this Italian edition: *Patrology,* by Adrian Walford, Cambridge, 2006.

S.Brock, *A Brief Outline of Syriac Literature*, Kottayam,1997(SEERI Publication: Moran Etho-9).





## OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 280. | Mar Abraham Mattam, | The Church of St. Thomas Christians' Missionary Enterprises before the 16th Century, 2004, p.98, Rs.35.00. |
| 281. | Charles Payngott, | നിധീരിയച്ചൻ ചരിത്രരേഖകളിൽ, 2004, p.160, Rs.80.00 |
| 282. | T. Mannooramparambil, | സീറോ-മലബാർ സഭയുടെ കുർബാന ഒരു പഠനം വാല്യം 1. 2004², p.514, Rs. 200.00 |
| 283. | T. Mannooramparambil, | Theological Dimensions of Christian Orient, 2005, p.256, Rs. 175.00 |
| 284. | Scaria Kanniyakonil, | Living Organ Donation and Transplantation: A Medical, Legal and Moral Theological Appraisal, 2005, p. 408, Rs. 250.00 |
| 285. | Paul Pallath | The Provincial Councils of Goa and the Church of St.Thomas Christians, 2006, p. 206, Rs. 100.00 |
| 288. | G. Chediath | പട്രോളജി - വാല്യം 1, 2006, p.308, Rs.150.00 |
| 289. | G. Chediath | പട്രോളജി - വാല്യം 2, 2006, p.286, Rs.125.00 |
| 290. | G. Chediath | ജോൺ ക്രിസോസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |
| 291. | S. Kanniyakonil | The fundementals of Bio-Ethics, 2007, p.366, Rs. 250.00 |
| 292. | M.Manakatt - J. Puthenveettil | Syro - Malabar Theology in context, 2007, p.340, Rs. 200.00 |
| 293. | M. Vellanickal | ബൈബിൾ വിജ്ഞാനകോശം, 2007, p.1388 Rs. 1450.00 |
| 294. | P. Vadakeoram | Heidegger's Vision of Human Existence in the expression and appropriation of Being 2007, p.417, Rs.300 |
| 295. | J. Kattackal | Gita - A Christian Commentary, 2008, p.250, Rs.100.00 |
| 296. | J. Kattackal | Three Hundred Verses of Bhartrhari: Text, Translation and Christian Commentary, 2008, p.220, Rs.100. |
| 300. | G. Chediath | പട്രോളജി-III, 2008, p.276, Rs.80.00 |

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010

ജി. ചേടിയത്ത്

# പട്രോളജി - വാല്യം 3

## കാൽസിഡൺ കൗൺസിൽ (451) മുതലുള്ള പൗരസ്ത്യസഭാനേതാക്കന്മാർ

OIRSI
No. 300

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2008

**G.CHEDIATH, PATROLOGY - III**

*Eastern Ecclesiastical Writers from the Council of Chalcedon(451).*

A Publication of the Oriental Institute of Religious studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

This is an adapted and abridged version from the Italian edition *Patrologia Vol.V: I Padri Orientali secoli V-VIII* published by the publishing company Marietti, Genova-Milano,Italy, 2000.

Published with the permission of the publishing company Marietti and of Rev. Prof. Dr. Angelo di Berardino, the Editor of the book.

© G.Chediath, 2008

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 80/-

ISBN : 81 - 88456-37-3

# വിഷയവിവരം

ആമുഖം XV

**I. സുറിയാനി സഭാസാഹിത്യം 1**

**1. മാർ അഫ്രാത് 4**

**2. മാർ അപ്രേം 8**

**കൃതികൾ 9**

1. വേദപുസ്തകവ്യാഖ്യാനങ്ങൾ 11: ഉത്പത്തിയുടെയും പുറപ്പാടിന്റെയും വ്യാഖ്യാനങ്ങൾ 11. ദിയാതെസ്സറോൺ ഭാഷ്യം 11. നടപടി പുസ്തകത്തിന്റെ വ്യാഖ്യാനം 13. വി.പൗലോസിന്റെ ലേഖനങ്ങളുടെ വ്യാഖ്യാനം 13.

2. പാഷണ്ഡതകൾക്കെതിരെ 13.

3. ഗദ്യപദ്യമിശ്രിതം 13: നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രതിപാദനം 13. യോഹന്നാന്റെ സുവിശേഷത്തിന്റെ ആമുഖത്തെപ്പറ്റി 14. പുബ്ലിയുസിനുള്ള കത്ത് 14. മോശ ചെയ്ത അടയാളങ്ങളെ കുറിച്ച് 15.

4. ധാർമികപ്രഭാഷണങ്ങൾ 15: വിശ്വാസത്തെക്കുറിച്ചുള്ള ഹോമിലികൾ (6) 15. നിക്കൊമേദിയായെക്കുറിച്ചുള്ള ഹോമിലികൾ 15. ബർദൈസാനെതിരെയുള്ള ഹോമിലികൾ 15. നാക്ട്രാഗേ 16.

5. കീർത്തനങ്ങൾ 16: വിശ്വാസഗീതങ്ങൾ 16. നിസിബിയൻ ഗാനങ്ങൾ 16. പാഷണ്ഡതകൾക്കെതിരെയുള്ള ഗാനങ്ങൾ 16. കന്യാത്വഗീതങ്ങൾ 16. തിരുസഭയെക്കുറിച്ച് 17. മനുഷ്യാവതാരഗീതങ്ങൾ 17. പെസഹാഗീതങ്ങൾ 18: പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്, ക്രൂശിക്കലിനെക്കുറിച്ച്, ഉത്ഥാനത്തെക്കുറിച്ച് 18. പറുദീസാഗീതങ്ങൾ 18. ഉപവാസത്തെക്കുറിച്ച് 19. ജൂലിയനെതിരെ 19. ദനഹായെക്കുറിച്ച് 19. സോഗിയാസാ 19.

**ദൈവശാസ്ത്രം 20**

തിരുലിഖിതവ്യാഖ്യാനശൈലി 23

മനുഷ്യാവതാരദൈവശാസ്ത്രം 25

സത്യപെസഹാക്കുഞ്ഞാട് 27

ക്രിസ്തുവിലുള്ള നവീകരണം 29

**3. സുറിയാനി ക്രോണിക്കിൾചരിത്രം 32**

ജോഷ്വായുടെ ക്രോണിക്കിൾ 32

എഡേസ്സൻ ക്രോണിക്കിൾ 32

| | |
|---|---|
| അർബേൽ ക്രോണിക്കിൾ | 32 |
| അമീദ് ക്രോണിക്കിൾ | 32 |
| അമീദിലെ (എഫേസോസിലെ) യോഹന്നാന്റെ ക്രോണിക്കിൾ | 32 |
| ബർ ഹാദ്ബ്ശാബാ അർബായായുടെ സഭാചരിത്രം | 33 |
| മെൽക്കൈറ്റ് ക്രോണിക്കിൾ | 33 |
| ഗ്വീദി ക്രോണിക്കിൾ | 33 |
| യോഹന്നാൻ ബർ ഫിൻകായേയുടെ ലോകചരിത്രസംഗ്രഹം | 33 |
| എഡേസ്സയിലെ യാക്കോബിന്റെ ക്രോണിക്കിൾ | 33 |
| സുഖ്നിൻ (സെവുഡോ-ഡയനീഷ്യസ് ദ് തെൽമാറേയുടെ) ക്രോണിക്കിൾ | 33 |
| ക്രി.വ. 813-ലെ ക്രോണിക്കിൾ | 34 |
| ക്രി.വ. 819-ലെ ക്രോണിക്കിൾ | 34 |
| ക്രി.വ. 846-ലെ ക്രോണിക്കിൾ | 34 |
| നിസിബിസിലെ ഏലിയാസിന്റെ ക്രോണോഗ്രഫി | 34 |
| മിഖായേൽ റാബോയുടെ ക്രോണിക്കിൾ | 34 |
| ക്രി.വ. 1234-ലെ ക്രോണിക്കിൾ | 34 |
| ബർ എബ്രായയുടെ ക്രോണിക്കിൾ | 34 |
| **4. ബൈബിൾ വിവർത്തനങ്ങൾ** | **35** |
| പഴയനിയമ പ്ശീത്താ | 35 |
| പഴയനിയമ അപ്പോക്രീഫാ | 35 |
| ദിയാതെസ്സറോൺ | 35 |
| പുരാതന സുറിയാനിസുവിശേഷങ്ങൾ (വേതൂസ് സീറാ) | 36 |
| പുതിയനിയമ പ്ശീത്താ | 36 |
| ഫീലൊക്സീനിയൻ പതിപ്പ് | 37 |
| ഹാർക്ലെയൻ വിവർത്തനം | 37 |
| പലസ്തീനിയൻ സുറിയാനി പതിപ്പ് | 37 |
| **5. ആദ്യകാല കൃതികൾ** | **38** |
| സോളമന്റെ ഗീതകങ്ങൾ | 38 |
| യൂദാതോമസിന്റെ നടപടികൾ | 38 |
| ആദായിയുടെ പ്രബോധനം | 38 |
| സോപാനഗ്രന്ഥം (ലീബർ ഗ്രാദൂം) | 39 |
| നിക്ഷേപങ്ങളുടെ ഗുഹ | 39 |
| രാജ്യനിയമങ്ങളുടെ ഗ്രന്ഥം | 40 |
| മെലിറ്റോയുടെ അപ്പോളജി | 40 |
| മെനാൻഡറുടെ മൊഴികൾ | 41 |
| മാറായുടെ കത്ത് | 41 |
| അഹീക്കാറിന്റെ ചരിത്രം | 41 |
| **6. സുറിയാനി രക്തസാക്ഷിവിവരണങ്ങൾ** | **41** |
| **7. കലാലയാധ്യാപകർ** | **43** |
| സിറില്ലോണാ | 45 |
| മാർ നർസൈ | 45 |
| ഏലീശാ ബർ ഖുസ്ബായേ | 47 |
| അബ്രഹാം ദ്ബേത് റബ്ബാൻ | 47 |
| എഡേസ്സയിലെ തോമസ് | 48 |
| ഈശായ് | 48 |
| എഡേസ്സയിലെ കീയോറേ (സൈറസ്) | 48 |
| മർതീരിയൂസ് (സഹ്ദോണാ) | 49 |
| ഹെനാനാ | 49 |
| ബർഹാദ്ബ്ശാബാ അർബായാ | 50 |
| ഈശോയാബ് II കാതോലിക്കാ | 50 |
| തിയഡോർ ബർ കോണി | 50 |
| എമ്മാനുവേൽ ഷഹാറേ | 51 |
| കാമീശ് ബർകർദാഹേ | 51 |
| **8. സന്യാസപിതാക്കന്മാർ** | **51** |
| അന്ത്യോക്യയിലെ ഇസഹാക്ക് | 52 |
| യോഹന്നാൻ അപ്പമേയ | 53 |
| നഥ്ഫാറിലെ അബ്രഹാം | 53 |
| കശ്കാറിലെ അബ്രഹാം | 54 |
| ദാദീശോ | 54 |
| ബാബായ് ബർ നിസിബ്നായാ | 55 |
| സൈപ്രസിലെ ഗ്രിഗറി | 55 |
| ശുബ്ഹാലമാറൻ | 55 |
| യോഹന്നാൻ ബർ ഫിൻകായേ | 55 |
| അദിയബേനേയിലെ ഹനാനീശോ | 56 |
| അബ്രഹാം ബർ ദാശെൻദാദ് | 56 |
| നൂഹദ്രായിലെ നെസ്തോറിയൂസ് | 56 |
| ദാദീശോ ഖത്രായാ | 57 |
| നിനവെയിലെ ഇസഹാക്ക് | 57 |
| ശെമയോൻ ദ്തൈബൂസേ | 58 |
| യോഹന്നാൻ ദലിയാതാ | 58 |
| യൗസേപ്പ് ഹസ്സായാ | 59 |
| **9. മഹാനായ മാർ ബാബായ്** | **61** |
| **10. പാശ്ചാത്യസുറിയാനി എഴുത്തുകാർ** | **64** |
| മാർ ബാലായ് കോറെപ്പിസ്കോപ്പാ | 64 |
| സ്രോഗിലെ മാർ യാക്കോബ് | 65 |
| മാബുഗിലെ മാർ ഫീലൊക്സീനൂസ് | 66 |
| റേശൈനായിലെ സേർജിയുസ് | 68 |
| സ്റ്റീഫൻ ബർസുദൈലി | 69 |

എഡേസ്സിലെ മാർ യാക്കോബ് 69
അറബികളുടെ മെത്രാനായ മാർ ഗീവർഗീസ് 71
ശെമയോൻ ദ്ബേത് അർശാം 71
യോഹന്നാൻ ദ്സെദ്റേ 72
ശെമയോൻ കൂക്കോയോ 72
സലാഹിലെ ദാനിയേൽ 72
ഏലിയാസ് 72
ആഹൂദെമ്മേ 73
മാർ മാരൂഥാ 73
തൂണിന്മേൽ സേർജിയുസ് 74
ഏലിയാ 74
ദാറായിലെ ജോൺ 74
നോണ്ണുസ് 75
തഗ്രീതിലെ അന്തോണിയോസ് 75
മോശ ബർ കേഫാ 75
ഡയനീഷ്യസ് ബർ സലീബി 76
മിഖായേൽ റാബോ പാത്രിയർക്കീസ് 78
ഗോസർതായിലെ ദിയൊസ്കോറോസ് 78
യാക്കോബ് സെവേരൂസ് സെബോക്ത് 78

**11. പിൽക്കാല സുറിയാനി എഴുത്തുകാർ 79**
ഗബ്രിയേൽ ഖത്രായാ 79
അബ്രഹാം ബർലീഫേ 79
ഈശോയാബ് III കാതോലിക്കാ 79
അബ്രഹാം ബർ ദാശെൻദാദ് 80
തിമോതി I കാതോലിക്കാ 80
ഈശോ ബർനൂൻ കാതോലിക്കാ 81
എഡേസ്സയിലെ ജോബ് 81
മേർവിലെ ഈശോദാദ് 81
സെവുഡോ ജോർജ് അർബേൽ 82
മാർഗാ മെത്രാൻ തോമസ് 83
യേശു ദ്നാഹ് 83
അൻബാറിലെ ഏലിയാ 84
നിസിബിസിലെ ഏലിയാ 84
ഏലിയാ III അബൂ ഹലീം കാതോലിക്കാ 84
യോഹന്നാൻ ബർ സോബി 84
ബോസ്രായിലെ സോളമൻ 84
ഗീവർഗീസ് വർദാ 85
അബ്ദീശോ ബർ ബ്രീക്കോ 85
തിമോതി II കാതോലിക്കാ 86



**12. ബർ എബ്രായാ 86**

**13. അജ്ഞാതകർതൃകരേഖകൾ 94**
ഗീതങ്ങൾ 94
ജീവചരിത്രങ്ങൾ 94
വിവരണങ്ങൾ 96

## II. സിറിയായിൽ നിന്നുള്ള ഗ്രീക്ക് ക്രിസ്തീയസാഹിത്യം 97
ആമുഖം 97

**1. അഞ്ചും ആറും നൂറ്റാണ്ടുകളിലെ എഴുത്തുകാർ 98**
അന്ത്യോക്യയിലെ തെയഡോട്ടസ് 98
അന്ത്യോക്യയിലെ യോഹന്നാൻ 98
ദിയോചെസാറിയായിലെ സുക്സെൻസുസ് 98
തർസോസിലെ ഹെല്ലാഡിയുസ് 99
സെഫീറിയുമിലെ സെനോബിയുസ് 99
കസ്തബാലായിലെ ഹെസീക്കിയുസ് 99
അനസർബസിലെ മാക്സിമിൻ 99
മൊപ്സുവെസ്ത്യായിലെ മെലേഷ്യസ് 100
അപ്പമെയായിലെ അലക്സാണ്ഡർ 100
എമേസായിലെ പൗലോസ് 100
ഹിയെരാപ്പൊളീസിലെ അലക്സാണ്ഡർ 100
ദോളിക്കിയിലെ ഹബീബ് 101
സാമസോട്ടയിലെ അന്ത്രയോസ് 101
മെലിറ്റീനിലെ അകാചിയസ് 102
എഡേസ്സയിലെ റാബുള 102
തൂണിന്മേൽ ശെമയോൻ 103
അന്ത്യോക്യയിലെ ദോമ്നുസ് 104
ഹിയെരാപ്പൊളീസിലെ സ്റ്റീഫൻ I 105
ബെറീത്തൂസിലെ എവുസ്താത്യോസ് 105
എഡേസ്സയിലെ ഈബാസ് 105
സെവുഡോ മർതീരിയുസ് 106
പീറ്റർ ഫുള്ളർ 106
ബെറീത്തൂസിലെ യോഹന്നാൻ 107
ഗാബാലായിലെ യോഹന്നാൻ 107
യോഹന്നാൻ ബർ അഫ്തോണിയാ 108
സേർജിയുസ് ഗ്രമ്മാതിക്കുസ് 108
ജോബിയുസ് സന്യാസി 108
അന്ത്യോക്യയിലെ എഫ്രേം 109
ലവദീക്യയിലെ കോൺസ്റ്റൻടൈൻ 109
നിസിബിസിലെ പൗലോസ് 109

യാക്കോബ് ബുർദാനാ 110
പൗലോസ് ദ്ബേത് ഊക്കാമാ 111
കല്ലിനിക്കസിലെ പത്രോസ് 112
ഹിയെരാപ്പൊളീസിലെ സ്റ്റീഫൻ II 113
തൂണിന്മേൽ ശെമയോൻ II 113
അന്ത്യോകൃയിലെ അനസ്താസ്യോസ് 114
ഹഡ്രിയാൻ വ്യാഖ്യാതാവ് 114
തെയോദുളുസ് വ്യാഖ്യാതാവ് 114
അന്ത്യോകൃയിലെ വിക്ടർ പ്രെസ്ബിറ്റർ 115
എക്കുമേനിയുസ് 115
ജോൺ ഡ്രുൻഗാരിയുസ് കത്തേനിസ്റ്റ് 115
ജോൺ ദിയോക്രിനോമെനുസ് 116
ജോൺ മാലാലാസ് 116
എവാഗ്രിയുസ് സ്കൊളാസ്തിക്കുസ് 116
അന്ത്യോകൃയിലെ മക്കാരിയുസ് 117
എവുബോയായിലെ ജോൺ 117
സലാമിസിലെ റെജീനുസ് 118
സൈപ്രസിലെ അലക്സാണ്ടർ 118
സൈപ്രസിലെ അർക്കേഡിയസ് 118
നെയാപ്പൊളീസിലെ ലെയോൺഷ്യൂസ് 118
പാഫോസിലെ തിയഡോർ 119
സൈപ്രസിലെ സേർജിയുസ് 119
ത്രെമിത്തൂസിലെ തിയഡോർ 119

**2. അന്ത്യോകൃയിലെ സെവേരൂസ് 119**

**3. വി. ജോൺ ഡമഷീൻ 122**

## III. പലസ്തീനിയൻ ഗ്രീക്ക് എഴുത്തുകാർ 126

ആമുഖം 126
അമ്മോണിയുസ് സന്യാസി 128
ജറുസലേമിലെ യുവെനാൽ 128
ജറുസലേമിലെ തിയഡോഷ്യസ് 128
ബോസ്ത്രായിലെ അന്തിപാതർ 129
ജറുസലേമിലെ ക്രിസിപ്പൂസ് 129
ജറുസലേമിലെ മർതീരിയുസ് 130
മർക്കോസ് ഡീക്കൻ 130
ആബാ ഏശായാ 130
ജോൺ റൂഫുസ് 131
ഗാസ്സായിലെ ഏനെയാസ് 131
സക്കറിയാസ് സ്കോളാസ്തിക്കുസ് 132





ഗാസ്സായിലെ പ്രൊക്കോപ്പിയുസ് 133
സിമ്മാക്കുസ് 133
ഗാസ്സായിലെ കൊറീചിയുസ് 133
ബർസനൂഫിയുസും ജോണും 133
ഗാസ്സായിലെ ദൊറോതേവൂസ് 134
ജറുസലേമിലെ തെയോഗ്നിയുസ് പ്രെസ്ബിറ്റർ 134
സെവുഡോ ഗ്രേജെൻസ്യൂസ് 135
സോസിമസ് 135
ജറുസലേമിലെ പത്രോസ് 135
ഷിതോപ്പൊളീസിലെ യോഹന്നാൻ 136
ഷിതോപ്പൊളീസിലെ തിയഡോർ 136
ഷിതോപ്പൊളീസിലെ സിറിൽ 137
പെത്രായിലെ തിയഡോർ 138
എലൂസായിലെ പൗലോസ് 138
കേസറിയായിലെ യോഹന്നാൻ 138
ബിസാൻസ്യത്തിലെ ലെയോൺഷ്യൂസ് 138
ജറുസലേമിലെ ലെയോൺഷ്യൂസ് 140
ലെയോൺഷ്യൂസ് സ്കൊളാസ്റ്റിക്കുസ് 140
പംഫീലസ് ദൈവശാസ്ത്രജ്ഞൻ 141
തിയഡോർ അസ്കീദാസ് 141
ബോസ്ത്രായിലെ തിയഡോർ 142
റൈതുവിലെ തിയഡോർ 142
അന്ത്യോകൃയിലെ ഗ്രിഗറി 143
ജറുസലേമിലെ യോഹന്നാൻ IV 143
ജറുസലേമിലെ സക്കറിയാസ് 143
ജറുസലേമിലെ മൊദെസ്തുസ് 144
സ്ത്രതേജിയുസ് 144
സന്യാസിയായ അന്ത്യോക്കുസ് 144
കൊസീബായിലെ ആന്റണി 144
ജോൺ മോസ്കുസ് 145
ജറുസലേമിലെ സൊഫ്രോണിയുസ് 145
ലീവിയാസ് മെത്രാൻ തെയോതെക്നുസ് 146
ബോസ്ത്രായിലെ സ്റ്റീഫൻ 146
ജറുസലേം പ്രെസ്ബിറ്റർ ജറോം 146
ജറുസലേം പ്രെസ്ബിറ്റർ ലെയോൺഷ്യൂസ് 147
ബിസന്റൈൻ പ്രെസ്ബിറ്റർ പന്തോലെയോൺ 147
ജറുസലേം പ്രെസ്ബിറ്റർ തിമോതി 147
ജോൺ ക്ലിമാക്കുസ് 147
എഡേസ്സയിലെ മാറോ 148
സീനായിലെ ഹെസീക്കിയുസ് 148

സീനായിലെ ഫിലോതെവുസ് 148
സീനായിലെ അനസ്താസ്യൂസ് 148
അജ്ഞാതകർതൃക കൃതികൾ 149

**IV. കോൺസ്റ്റാന്റിനോപ്പിൾ ഏഷ്യാമൈനർ പ്രദേശങ്ങളിലെ ഗ്രീക്ക് എഴുത്തുകാർ 150**

ആമുഖം 150

**1. സെവുഡോ-ഡയനീഷ്യസ് 151**

**2. ജസ്റ്റീനിയൻ ചക്രവർത്തി 154**

**3. അഞ്ചാം നൂറ്റാണ്ടിലെ ഗ്രീക്ക് സഭാനേതാക്കന്മാർ 161**

എവുഡോക്സ്യാ രാജ്ഞി 161
കോൺസ്റ്റാന്റിനോപ്പിളിലെ അറ്റിക്കുസ് 162
നീസ്സായിലെ ഹെരാക്ലിദെസ് 162
കോൺസ്റ്റാന്റിനോപ്പിളിലെ മാക്സിമിയൻ 162
അലീപ്പിയുസ് പ്രെസ്ബിറ്റർ 163
കോൺസ്റ്റാന്റിനോപ്പിളിലെ പർതേനിയുസ് 163
മാർസിയാനോപ്പൊളീസിലെ ദൊറോതെവുസ് 163
ബേസിൽ ആർക്കിമൺഡ്രൈറ്റ് 163
സീദിലെ ആംഫിലോക്കിയുസ് 164
ദൽമേഷ്യസ് ആർക്കിമൺഡ്രൈറ്റ് 164
സാർദിക്കായിലെ ജൂലിയൻ 164
സിന്നാദായിലെ സെവേരൂസ് 164
ഹെരാക്ലെയായിലെ എവുസേബിയസ് 164
എഫേസോസിലെ മെമ്നോൺ 164
ഡോറിലേവുമിലെ എവുസേബിയസ് 165
അൻസീറായിലെ തെയഡോട്ടസ് 165
ത്രാജാനാപ്പൊളീസിലെ പീറ്റർ 165
കേസറിയായിലെ ഫിർമുസ് 165
അന്ത്യോക്യയിലെ എറെക്തിയുസ് 166
പനോപ്പൊളീസിലെ സൈറസ് 166
എവുതീക്കെസ് 166
കോൺസ്റ്റാന്റിനോപ്പിളിലെ ഫ്ളാവിയൻ 167
കോൺസ്റ്റാന്റിനോപ്പിളിലെ അനാറ്റോളിയുസ് 167
തബിയായിലെ ജൂലിയൻ 168
മീറായിലെ പീറ്റർ 168
കല്ലിനിക്കസ് 168
കോൺസ്റ്റാന്റിനോപ്പിളിലെ അകാചിയസ് 168
സേനോ ചക്രവർത്തി 169
ബസിലിസ്കസ് ചക്രവർത്തി 169
സിസിക്കുസിലെ ജലാസിയുസ് 169
കോൺസ്റ്റാന്റിനോപ്പിളിലെ ഫ്രവീത 170
തിയഡോർ വായനക്കാരൻ 170

**4. ആറാം നൂറ്റാണ്ടിലെ ഗ്രീക്ക് സഭാനേതാക്കന്മാർ 170**

തിയാനായിലെ സൈറസ് 170
ഹർപാസോസിലെ ഐറേനിയസ് 171
കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ II 171
എപ്പിഫാനിയസ് പാത്രിയർക്കീസ് 171
ഹലികർണാസുസിലെ ജൂലിയൻ 172
അഗാപീറ്റസ് ഡീക്കൻ 172
മാറോനിയായിലെ ഇന്നസെന്റ് 173
കാൽസിഡണിലെ ഹെരാക്ലിയൻ 173
എഫേസോസിലെ ഹിപ്പാസ്യൂസ് 173
എവുസ്താത്യോസ് സന്യാസി 173
കോൺസ്റ്റാന്റിനോപ്പിളിലെ അന്തീമുസ് 174
കോൺസ്റ്റാന്റിനോപ്പിളിലെ മെന്നാസ് 174
അൻസീറായിലെ ഡൊമീഷ്യൻ 174
അൻസീറായിലെ നിക്കോളാസ് 175
സെവുഡോ-ചെസാരിയുസ് 175
റൊമാനുസ് 176
പൗലോസ് സിലെൻസിയാരിയുസ് 176
എഫേസോസിലെ അബ്രാമിയുസ് 177
കോൺസ്റ്റാന്റിനോപ്പിളിലെ എവുതീക്കിയുസ് 177
കോൺസ്റ്റാന്റിനോപ്പിളിലെ എവുസ്ത്രാത്തിയുസ് 178
കോൺസ്റ്റാന്റിനോപ്പിളിലെ ലെയോൺഷ്യൂസ് 178
ജോൺ III സ്കൊളാസ്തിക്കുസ് 178
തർസോസിലെ കോനോൻ, എവുജേനിയസ്, തെയോനാസ് 179
ജോൺ IV പാത്രിയർക്കീസ് 180
കോൺസ്റ്റാന്റിനോപ്പിളിലെ ഫൊതീനുസ് 180
കോൺസ്റ്റൻടൈൻ ഡീക്കൻ 180

**5. വിശ്വാസസാക്ഷിയായ മാക്സിമുസ് 181**

**6. പിൽക്കാല എഴുത്തുകാർ 184**

അനസ്താസ്യൂസ് 184
അനസ്താസ്യൂസ് അപ്പൊക്രിസാരിയുസ് 184
തിയഡോർ സ്പുദേവുസ് 185
തെസ്സലോനിക്കയിലെ ജോൺ 185
കേസറിയായിലെ അന്ത്രയോസ് 185
സിക്കെയോനിലെ ജോർജ് 186

കോൺസ്റ്റാന്റിനോപ്പിളിലെ സേർജിയുസ് 186
പിസീദിയായിലെ ജോർജ് 188
തിമോതി പ്രെസ്ബിറ്റർ 188
തിയഡോർ സിൻചെല്ലൂസ് 189
സന്യാസിയായ ജോർജ് 189
സേർജിയാ 189
ലിസ്ത്രായിലെ എയോബുളുസ് 189
കോൺസ്റ്റാന്റിനോപ്പിളിലെ പീറുസ് 190
കോൺസ്റ്റാന്റിനോപ്പിളിലെ പൗലോസ് II 190
തിയഡോർ ഡീക്കൻ 191
തലാസ്യൂസ് ആശ്രമാധ്യക്ഷൻ 191
ഗ്രിഗറി പ്രെസ്ബിറ്റർ 191
ഗ്രിഗറി അഗ്രിജെന്തോ 191
കോൺസ്റ്റാന്റിനോപ്പിളിലെ ജോൺ VI 192
കോൺസ്റ്റാന്റിനോപ്പിളിലെ ജെർമാനുസ് 192
ക്രീറ്റിലെ അന്ത്രയോസ് 192
കോസ്മാസ് വേസ്തിതോർ 193
ഏസ്യൂസ് പ്രെസ്ബിറ്റർ 193
ജോർജ് ഗ്രമ്മാതിക്കുസ് 193
ജോൺ കർപാതിയൻ 193

**7. മൂന്നു സമാഹാരങ്ങൾ 194**
പാസ്കൽ ക്രോണിക്കിൾ 194
ഫ്ളോറിലേജിയാ 194
ഗ്രീക്ക് ഭാഷ്യകത്തേനകൾ 195

## V. ഈജിപ്തിലെ സഭാനേതാക്കന്മാരും കൃതികളും 196
ആമുഖം 196

**1. ഗ്രീക്കിലെഴുതിയ എഴുത്തുകാർ 197**
ചരിത്രകാരനായ ഫീലോ 197
മർക്കോസ് ദിയദോക്കുസ് 197
പനൊദോറുസ് 197
അന്നിയാനുസ് 197
തർസോസിലെ സെവുഡോ അഗതോണിക്കുസ് 198
ഹെർമോഗെനെസ് 198
എപ്പിഫാനിയസ് ആർച്ചുഡീക്കൻ 198
അലക്സാണ്ട്രിയായിലെ എവുസേബിയസ് 198
അലക്സാണ്ട്രിയായിലെ ദിയസ്കോറോസ് 199
അലക്സാണ്ട്രിയായിലെ പ്രൊതേരിയുസ് 199
തിമോതി ഐലൂറോസ് 199
പീറ്റർ മോൻഗുസ് 200





നെഫാലിയുസ് 201
ഒളിംപിയൊദോറുസ് ഡീക്കൻ 201
അലക്സാണ്ട്രിയായിലെ തിമോതി IV 201
അലക്സാണ്ട്രിയായിലെ തെമിസ്തിയുസ് ഡീക്കൻ 202
സന്യാസിയായ തിയഡോർ 202
കൊള്ളുത്തുസ് 203
ജോൺ ഫിലൊപ്പോണുസ് 203
സ്റ്റീഫൻ ഗോബാർ 204
കോസ്മാസ് ഇൻഡിക്കൊപ്ലെവുസ്റ്റെസ് 204
അലക്സാണ്ട്രിയായിലെ തിയഡോഷ്യസ് I 204
ഈജിപ്തുകാരൻ ജോൺ 205
ചെള്ളിയായിലെ ജോൺ 205
നൂബിയായിലെ ലൊൻഗീനുസ് 206
അലക്സാണ്ട്രിയായിലെ തിയഡോഷ്യസ് 206
കൊപ്രീസിലെ തിയഡോർ 206
ഫീലേയിലെ തിയഡോർ 206
അലക്സാണ്ട്രിയായിലെ തിയഡോർ 207
അലക്സാണ്ട്രിയായിലെ പത്രോസ് IV 207
അലക്സാണ്ട്രിയായിലെ ഡാമിയൻ 208
അലക്സാണ്ട്രിയായിലെ എവുളോഗിയുസ് 209
ദാനശീലനായ ജോൺ 209
അലക്സാണ്ട്രിയായിലെ ജോർജ് 210
അലക്സാണ്ട്രിയായിലെ സൈറസ് 210
ഹിപ്പെറെക്കിയുസ് 210
ഷേതിലെ ദാനിയേൽ 210
നിക്കിയുവിലെ ജോൺ 210
അലക്സാണ്ട്രിയായിലെ അമ്മോണിയുസ് 211
മറ്റൊരു അമ്മോണിയുസ് 211
ബാർബാരുസ് സ്കലിഗേറിയും അജ്ഞാത കാലാനുക്രമണികയും 211

**2. കോപ്തിക് ഭാഷയിലെഴുതിയ കൃതികൾ 212**
ആദ്യകാലകൃതികൾ 212
സന്യാസകൃതികൾ 213
ഗ്നോസ്റ്റിക് സാഹിത്യം 213
മനിക്കേയൻ ടെക്സ്റ്റുകൾ 215
ഒരിജനിസം 215
ഷെനൂദായുടെ കൃതികൾ 216
ഹോമിലി വിവർത്തനങ്ങൾ 217
പ്ലേറോഫോറിയേ 217
മറ്റ് കോപ്തിക് പ്ലേറോഫോറിക് ടെക്സ്റ്റുകൾ 219

**VI. അർമേനിയൻ പട്രിസ്റ്റിക് ടെക്സ്റ്റുകൾ** **220**
ആമുഖം 220
**1. അർമേനിയൻ എഴുത്തുകാർ** **221**
മെസ്റോപ് 221
എസ്നിക് 221
ഇസഹാക്ക് കാതോലിക്കാ 221
കൊറിയൂൻ 221
ജോൺ മണ്ടക്കുണി കാതോലിക്കാ 221
ജോൺ കാതോലിക്കാ 221
എലിവാർഡിലെ മോശമെത്രാൻ 221
വർതാനെസ് ഗ്രമ്മാതിക്കുസ് 221
കൊമിതാസ് കാതോലിക്കാ 222
അജയ്യനായ ദാവീദ് 222
ജോൺ മയ്രാഗം 222
അനനിയാസ് സിറാക് 222
മാംബ്രേ വെർകാനാൽ വായനക്കാരൻ 222
**2. അർമേനിയൻ ചരിത്രകൃതികൾ** **222**
അഗതാൻജെലോസിന്റെ ചരിത്രം 222
അർമെനിയയുടെചരിത്രം 222
എപ്പിക് ചരിത്രങ്ങൾ 222
അർമേനിയായുടെ ചരിത്രം 222
അർമേനിയൻ യുദ്ധചരിത്രം 222
സൊക്രാട്ടസിന്റെ സഭാചരിത്രം 223
അർമേനിയരുടെ ചരിത്രം 223
അർമേനിയൻ കാര്യങ്ങളുടെ വിവരണം 223
**3. അർമേനിയൻ ഫ്ളോറിലേജിയാ** **223**

മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ 224
ഫാദർ ഗീവർഗീസ് ചേടിയത്ത് : ജീവചരിത്രവും കൃതികളും 228
സഹായകഗ്രന്ഥങ്ങൾ 258
Index of Names 244
OIRSI Publications Recent Books 259

# ആമുഖം

ആദിമക്രൈസ്തവ സഭയിലെ ചിന്തകരെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം പട്രോളജി എന്നറിയപ്പെടുന്നു. രക്ഷാസന്ദേശം അവികലമായ രീതിയിൽ മനസ്സിലാക്കുകയും സ്വായത്തമാക്കുകയും പകർന്നു കൊടുക്കുകയും ചെയ്തവരുണ്ട് അക്കൂട്ടത്തിൽ. ഭാഗികമായി മാത്രം ആ സന്ദേശം ഗ്രഹിച്ചവരുണ്ട്, വികലമായി പകർന്നുകൊടുത്തവരുണ്ട്, സത്യത്തിൽ മായം ചേർത്തവരുമുണ്ട്. പട്രോളജി ഇവരെപ്പറ്റിയെല്ലാം ചർച്ച ചെയ്യുന്നെങ്കിലും ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നവരാണ് പ്രധാനമായി പ്രസ്തുത ദൈവശാസ്ത്രശാഖയുടെ കീഴിൽ വരുന്നവർ.

അഞ്ചാം നൂറ്റാണ്ടുവരെയുള്ള സഭാപിതാക്കന്മാരെപ്പറ്റിയും മറ്റ് എഴുത്തുകാരെപ്പറ്റിയും ഇതിനോടകം മൂന്നു കൃതികൾ രചിച്ചിട്ടുണ്ട് (പട്രോളജി -വാല്യം 1–2, കോട്ടയം, 2006; ലത്തീൻ സഭാപിതാക്കന്മാർ, കോട്ടയം, 1992). കാൽസിഡൺ കൗൺസിൽ (451) മുതലുള്ള സുറിയാനി, ഗ്രീക്ക്, കോപ്തിക്, അർമേനിയൻ ഭാഷകളിലുള്ള കൃതികളും ഗ്രന്ഥകാരന്മാരുമാണ് ഇവിടെ പരാമർശിക്കപ്പെടുക. സഭാപിതാക്കന്മാരുടെ കാലം എട്ടാം നൂറ്റാണ്ടുകൊണ്ട് അവസാനിക്കുന്നെങ്കിലും തുടർന്നുള്ള നൂറ്റാണ്ടുകളിൽ സുറിയാനിസഭയിൽ ജീവിച്ച ചില പ്രതിഭാശാലികളെപ്പറ്റിയും ഇതിൽ പ്രതിപാദിക്കുന്നു. ആദ്യകാലപിതാക്കന്മാരുടെ കൃതികളും ദൈവശാസ്ത്രവും സാമാന്യം വിപുലമായി മേൽപ്പറഞ്ഞ വാല്യങ്ങളിൽ ചർച്ചചെയ്തിട്ടുണ്ട്. അത്തരമൊരു സമീപനം ഈ വാല്യത്തിൽ നടന്നിട്ടില്ല. കാൽസിഡൺ കൗൺസിൽ മുതലുള്ളവരുടെ കൃതികൾ പലതും അച്ചടിച്ചു വരുന്നതേയുള്ളു. അവരെപ്പറ്റിയുള്ള പഠനങ്ങളും കാര്യമായി നടന്നിട്ടില്ല. അപൂർവം ചിലരൊഴിച്ചാൽ മിക്കവരും മൈനർ എഴുത്തുകാരാണ്. പലരുടെയും കൃതികളുടെ ശേഖാശകലങ്ങൾ മാത്രമേ ലഭിച്ചിട്ടുള്ളു. സുറിയാനിസഭാസാഹിത്യം സാമാന്യം വിപുലമായി ചർച്ച ചെയ്തിട്ടുണ്ട്. കോപ്തിക്, അർമേനിയൻ സാഹിത്യം വളരെ ചുരുക്കമായി നൽകിയിരിക്കുന്നു.

കാൽസിഡൺ കൗൺസിലോടുകൂടി സിറിയായിലേയും ഈജിപ്തിലേയും ക്രിസ്ത്യാനികളുടെ ഇടയിൽ പിളർപ്പുണ്ടായി. അവർ വ്യത്യസ്ത

ക്യാമ്പുകളിലേക്കു നീങ്ങി. കാൽസിഡൺ വിരുദ്ധർ തന്നെയും പല അവാന്തരവിഭാഗങ്ങളായി ചിന്നിച്ചിതറി. ഈ പശ്ചാത്തലത്തിൽ ഉയർന്നുവന്ന പല എഴുത്തുകാരും തങ്ങളുടെ വിഭാഗത്തിന്റെ നിലപാടുകൾ ന്യായീകരിക്കാൻ ശ്രമിച്ചവരാണ്. സമഗ്ര ക്രൈസ്തവദർശനം നഷ്ടപ്പെട്ട്, ഭാഗികാവതരണം മാത്രമാണ് പലരും കാഴ്ചവച്ചിട്ടുള്ളത്. കാൽസിഡൺ കൗൺസിലിനു ശേഷമുള്ള ക്രൈസ്തവ കലഹപശ്ചാത്തലം ഇസ്ലാമിന്റെ കുത്തൊഴുക്കിനാക്കം കൂട്ടി. ഏഴാം നൂറ്റാണ്ടുമുതൽ അറബികൾ ഈ വിഭജിത ക്രൈസ്തവലോകത്തേക്ക് നടന്നുകയറുകയായിരുന്നു. തത്കാല കാര്യസാധ്യത്തിനുവേണ്ടി വിവിധ വിഭാഗക്കാർ അറബികളെ സ്വാഗതം ചെയ്തു. എന്നാൽ അറബിമുന്നേറ്റം പശ്ചിമേഷ്യൻ സഭയെ തകർത്തുകളഞ്ഞു.

ഈ വാല്യത്തോടുകൂടെ പട്രോളജി സീരീസ് അവസാനിക്കുന്നു. കാൽസിഡൺ കൗൺസിലിനെ ചൊല്ലിയുള്ള തർക്കങ്ങൾ നൂറ്റാണ്ടുകൾ നിലനിന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ കാൽസിഡൺ കൗൺസിലിനെ സംബന്ധിച്ചു നടന്ന എക്യുമേനിക്കൽ ചർച്ചകളുടെ ഫലമായി വിവിധ സഭകൾക്കിടയിൽ ധാരണ ഉണ്ടായിട്ടുണ്ട്. പരസ്പരം അകന്നുനിൽക്കാൻ കാൽസിഡൺ കൗൺസിൽ ഇന്ന് പ്രതിബന്ധമല്ല. ഇന്ന് സഭകൾക്കിടയിൽ ക്രിസ്തുശാസ്ത്രം സംബന്ധിച്ച് ധാരണകൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. അതുകൊണ്ട് വിഭാഗീയ പശ്ചാത്തലത്തിൽ ഉടലെടുത്ത കൃതികൾക്ക് ആദിമസഭാപിതാക്കന്മാരുടെ കാലത്തുണ്ടായ കൃതികളുമായി താരതമ്യപ്പെടുത്തുമ്പോൾ മൂല്യം കുറവാണ്.

മരിയേറ്റി പ്രസാധകർ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ വളരെ ചെറിയ വിവർത്തനപ്പതിപ്പാണിത്. ഇതിന് അനുവാദം തന്ന പ്രസാധകരെയും ഗ്രന്ഥത്തിന്റെ എഡിറ്ററും എന്റെ പ്രൊഫസറുമായ ഡോ. ആൻജെലോ ദി ബെർദീനോയെയും നന്ദിപൂർവം സ്മരിക്കുന്നു. ഈ കൃതിക്ക് രൂപം നൽകാൻ സഹായിച്ച എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നു. ഈ കൃതി പൗരസ്ത്യ വിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണവിഭാഗം ഡയറക്ടർ ബ.തോമസ് മണ്ണൂരാംപറമ്പിലച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനിപ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

സെന്റ് മേരീസ് മലങ്കര മേജർ സെമിനരി,
നാലാഞ്ചിറ,
തിരുവനന്തപുരം,695015.
മെയ് 29, 2008.